
പ്രൊ.കെ.രാഘവൻനായർ

സംസ്കാര ലോചനം

SAHITYA PRAVARTHAKA C.S.S.
KOTTAYAM

സംസ്കാരലോചനം



Digitized by Kerala Sahitya Akademi

(Malayalam)

Samskaralochanam

Essays

By Dr. K. BHASKARAN NAIR

First Published July 1958
Reprinted February 1982

PRINTED AT INDIA PRESS, KOTTAYAM

Price Rs. 16·00

Copyright
Dr. K. Bhaskaran Nair

Publishers
Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department
NATIONAL BOOK STALL
KOTTAYAM – TRIVANDRUM – ERNAKULAM – CANNANORE
TRICHUR – PALGHAT – QUILON – KOZHIKODE – ALLEPPEY

Digitized by Kerala Sahitya Akademi

സംസ്കാരലോചനം

(ഉപന്യാസങ്ങൾ)

ഡോ. കെ. ഭാസ്കരൻനായർ

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 16.00

Digitized by Kerala Sahitya Akademi

ഡോ. കെ. ഭാസ്കരൻനായരുടെ കൃതികൾ

സംസ്കാരലോചനം
ഉപഹാരം
പുണ്യഭൂമി
പ്രകൃതിപാഠങ്ങൾ (രണ്ടു ഭാഗങ്ങൾ)
ജീവശാസ്ത്രവും ഗോളവിദ്യയും
ആധുനികശാസ്ത്രം
പരിണാമം
കലയും കാലവും
ശാസ്ത്രത്തിന്റെ ഗതി
ധന്യവാദം
ഏതു മാർഗ്ഗം
പുരുഷയുടെ ലോകം
ദൈവനീതിക്കു ദാക്ഷിണ്യമില്ല
താരാപഥം
ഔഫ് വീഡെർസേഹൻ
ചിന്താതീർത്ഥം
ശാസ്ത്രദീപിക
മാനത്തുകണ്ണി
ജനം ജനം
വിചിന്തനങ്ങൾ
അട്ട ആകാശത്തേക്ക്
ഇട്ട്യാതിയും ഇടവപ്പാതിയും
ഭാവിയുടെ ഭീഷണി
ആധുനികശാസ്ത്രവും ആത്മജ്ഞാനവും

S4199 B2740 119/81-82 2-1500

Digitized by Kerala Sahitya Akademi

പ്രസ്താവന

ഭാരതീയരായ നമുക്കു് 1947-ൽ രാഷ്ട്രീയസ്വാതന്ത്ര്യം കിട്ടിയെങ്കിലും നമ്മുടെ ആത്മാവു് ഇന്നും അടിമത്തം അനുഭവിക്കുകയാണു്. ദേശീയമോ സാംസ്കാരികമോ ആയ അഭിമാനബോധം നമ്മുടെ ജീവിതത്തിൽ ഇനിയും പുഷ്ടിപ്പെട്ടിട്ടില്ല. അങ്കുരിച്ചിട്ടുണ്ടോ എന്നുപോലും ചിലപ്പോഴും സംശയം തോന്നാറുണ്ടു്. ആശയങ്ങളുടെയും ആദർശങ്ങളുടെയും കാര്യത്തിൽ നാം ഇന്നും അന്യരാജ്യക്കാരുടെ അടിമകളായി, പാശ്ചാത്യസംസ്കാരത്തിനു കടപ്പെട്ടു് കഴിയുകയാണു്. ഇന്നത്തെ പ്രശ്നങ്ങളും നൂറുശതമാനവും സാമ്പത്തികമാണെന്നാണു് സാധാരണ ധാരണ. വരുമാനം വർദ്ധിക്കുകയും ജീവിതസൗകര്യങ്ങളും മെച്ചമാവുകയും ചെയ്താൽ നമ്മുടെ ദുഃഖങ്ങളും നീങ്ങിപ്പോകുമെന്നും ഈ രാജ്യത്തു് ആനന്ദവും സംതൃപ്തിയും കളിയാടുമെന്നും എല്ലാവരും വിശ്വസിക്കുന്നു. ദാരിദ്ര്യം നീങ്ങേണ്ടതും സാമ്പത്തികമായ അഭ്യുദയം ഉണ്ടാകേണ്ടതും അത്യാവശ്യമാണെന്നതന്നെയാണു് എന്റെയും അഭിപ്രായമെങ്കിലും, നമ്മുടെ ദുഃഖങ്ങളെ ദൂരീകരിക്കുന്നതിൽ സംസ്കാരത്തിനാണു് ഏറ്റവും വലിയ പങ്കു വഹിക്കാനുള്ളതെന്നും, അതിൽ ആത്മാത്ഥവും അടിയന്തരവുമായ ശ്രദ്ധപതിപ്പിക്കേണ്ടതു് ഓരോ ഭാരതീയന്റെയും കടമയാണെന്നും ഞാൻ കരുതുന്നു. എന്നു മാത്രമല്ല, നമ്മെ ഇന്നു് അഭിമുഖീകരിക്കുന്ന പ്രശ്നം പ്രധാനമായും സാംസ്കാരികമാണെന്നുകൂടി എനിക്കു് അഭിപ്രായമുണ്ടു്. ഈ പ്രമേയത്തിന്റെ പ്രതിപാദനത്തിനാണു് ഈ പുസ്തകത്തിൽ യഥാശക്തി യത്നിച്ചിട്ടുള്ളതു്.

തിരുവനന്തപുരം
സെപ്റ്റംബർ 25, 1957

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

ഉള്ളടക്കം

സംസ്കാരത്തിന്റെ മാതൃകകൾ	9
ഇന്നത്തെ ആദർശങ്ങൾ	42
സ്വാതന്ത്ര്യം ജനപ്രഭുത്വം സമത്വം	72
വിദ്യാഭ്യാസവും പാരമ്പര്യവും	101
നമുക്കു വേണ്ടതു നവോത്ഥാനം	138
മനുഷ്യവർഗ്ഗത്തിന്റെ പരിണാമം	178
അർത്ഥവും സത്യവും	213

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

സംസ്കാരത്തിന്റെ മാതൃകകൾ

"നടരാജൻ ശ്രീകൃഷ്ണന്റെ ഭാര്യയാണ്, അല്ലേ?" 1947 ആഗസ്റ്റ് മാസത്തിൽ ഒരു ദിവസം തിരുവനന്തപുരത്തെ മാസ്കോട്ട് ഹോട്ടലിൽവെച്ച് കേരളീയനായ ഒരു എൻജിനീയർ എന്നോട് ചോദിച്ചതാണ്. ആ സമയത്തു ഞങ്ങളുടെകൂടെ രണ്ടു സായിപ്പന്മാരും ഉണ്ടായിരുന്നു. ഒന്ന് ഒരു ഡെന്മാക്കുകാരൻ; മറ്റത് അമേരിക്കൻ. ഡെന്മാക്കുകാരൻ എവിടെയൊക്കെയോ പോയി ശേഖരിച്ചുകൊണ്ടുവന്ന ഓട്ടുവിളക്കുകളും വിഗ്രഹങ്ങളും ഞങ്ങളെ കാണിക്കുകയായിരുന്നു. ഒരു ചെറിയ നടരാജവിഗ്രഹം മേശപ്പുറത്തു വെച്ച് അല്പം പിൻവാങ്ങിനിന്ന് അതിന്റെ ഭംഗി നോക്കി രസിച്ചുകൊണ്ട് അയാൾ ഒരു പ്രസംഗം നടത്തി. അതൊരു അപൂർവകലാവസ്തുവാണെന്നും അതു കിട്ടിയതു മഹാഭാഗ്യമാണെന്നും പറഞ്ഞു. അമേരിക്കക്കാരൻ ആ അഭിപ്രായം ശരിവെക്കുകയും അയാളെ അനുമോദിക്കുകയും ചെയ്തു. ആ സന്ദർഭത്തിലാണ് നമ്മുടെ എൻജിനീയർ തന്റെ പാണ്ഡിത്യം പ്രകടിപ്പിച്ചതു. ഇംഗ്ലീഷിൽ പോദിച്ചതുകൊണ്ട് സായിപ്പന്മാർക്കും മനസ്സിലായി. ഡെന്മാക്കുകാരൻ നിശിതമായ ആക്ഷേപം നിറഞ്ഞ ഒരു ചിരി ചിരിച്ചു. സ്വന്തം ഭാഷയിൽ അതിനിഷ്ടമായ എന്തോ ചിലതു പറയുകയും ചെയ്തു. അതു മനസ്സിലാകാഞ്ഞതു ഭാഗ്യമായെന്ന് എനിക്കു തോന്നി. അമേരിക്കക്കാരൻ വിഗ്രഹത്തിൽ ഒന്നുകൂടി നോക്കിയശേഷം: "ഇതൊരു പുരുഷരൂപമാണല്ലോ." എന്നു പറഞ്ഞു. എൻജിനീയർക്ക് അല്പം വിഷമം തോന്നി.

Digitized by Kerala Sahitya Akademi

"അതെയതെ. നമ്മുടെ നടരാജപിള്ളയുടെ കാര്യം ഞാൻ മറന്നുപോയി." എന്നു പറഞ്ഞു് അദ്ദേഹം സമാധാനപ്പെട്ടു.

നമുക്കു സ്വാതന്ത്ര്യംകിട്ടിയ കാലത്തു് ഭാരതീയ സംസ്കാരത്തിന്റെ നില എന്തായിരുന്നു എന്നു കാണിക്കുവാനാണു് ഞാൻ ഈ സംഭവം വിവരിച്ചതു്. ആധുനിക വിദ്യാഭ്യാസം ഭാരതീയരിൽ വരുത്തിയ ഏറ്റവും വലിയ മാറ്റം അവരെ ഭാരതീയരല്ലാതാക്കി എന്നതാണു്. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിലും ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലും നമ്മുടെ ജീവിതത്തിലെ ഈ പരദേശിച്ചുവ ഉന്മേഹമായ തോതിൽ വളരുകയുണ്ടായി. സ്വാതന്ത്ര്യസമരം ഗാന്ധിജിയുടെ നേതൃത്വത്തിൽ നാടാകെ പടർന്നുപിടിച്ചതോടെ അതിനു് അല്പമൊരു കുറവുവന്നു. ഭാരതീയനെന്നു പറയുന്നതിലും ഭാരതീയമൂല്യങ്ങളെ മുൻനിർത്തി ജീവിക്കുന്നതിലും ജനങ്ങൾ അഭിമാനംകൊണ്ടു. പക്ഷേ, സ്വാതന്ത്ര്യപ്രാപ്തിയും ഗാന്ധിജിയുടെ തിരോധാനവും നമ്മെ വീണ്ടും സാംസ്കാരികമായ അധഃപതനത്തിലേക്കു നയിക്കുവാനാണു് ഇടയാക്കിയതെന്നു പറയാതെ തരമില്ല. സ്വാതന്ത്ര്യത്തിന്റെ ഈ പതിനൊന്നാം വർഷത്തിൽ നമ്മുടെ ഇടയിൽ കാണുന്ന സംസ്കാരപ്രവണതകളെ എന്തെന്നു നോക്കാം. ഒരു സ്ഥാലീപുലാകത്തിനു മാത്രമേ യത്നിക്കുന്നുള്ളൂ.

പത്തിരുപതു കൊല്ലം മുമ്പുവരെ ഭാരതീയമായ സകലതും നീചവും നിഷിദ്ധവുമാണെന്നു് ആത്മാർത്ഥമായി വിശ്വസിച്ച ധാരാളമാളുകൾ നമ്മുടെ ഇടയിലുണ്ടായിരുന്നു. വിദേശീയർക്കു വിചിത്രമെന്നു തോന്നുമെങ്കിലും, ഇവരായിരുന്നു അന്നത്തെ ഭാരതീയരിൽ ഏറ്റവും വിദ്യാസമ്പന്നരെന്നു കരുതപ്പെട്ട ആളുകൾ. ഏറിയകൂറും വിദേശീയർ നടത്തുന്ന സ്കൂളുകളിൽ പഠിച്ചു്, നാടൻമൂല്യങ്ങളുടെ കളങ്കമേശാതെ പ്രത്യേകം പരിരക്ഷിക്കപ്പെട്ടു്, വകതിരിവു വരുന്ന കാലമാകുമ്പോഴേക്കു് ഓക്സ്ഫോർഡിലും കേംബ്രിഡ്ജിലും എഡിൻബറോവിലും പോയി മൂന്നും നാലും കൊല്ലം ഉപരിവിദ്യാഭ്യാസം നടത്തി തിരിച്ചു

Digitized by Kerala Sahitya Akademi

വന്ന വലിയ ഉദ്യോഗങ്ങളിൽ പ്രവേശിച്ചു്, നാട്ടിലും ധനിസ്സായിപ്പന്മാരായി ജീവിച്ചുപോന്ന ഭാഗ്യശാലികൾ ഭരണാധിപന്മാരായ സായിപ്പന്മാരോടും, ചില പ്പോഴൊക്കെ നാട്ടുകാരായ മഹാരാജാക്കന്മാരോടും ജമീന്ദാരന്മാരോടും മാത്രമേ അവർ ഇടപഴകിയിരുന്നുള്ളൂ. മറാട്ടിയും വെണ്ണയും, കത്തിയും മുള്ളും, സൂട്ടും തൊപ്പിയും ശീമമദ്യങ്ങളും, ടെന്നീസു്, ക്രിക്കറ്റു്, പോളോ, കുതിരപ്പന്തയം, ശിക്കാർ, വില്ലാശിപായി, ബട്ലർ, ആയ, മാലി (തോട്ടക്കാരൻ) എന്നിവയും എല്ലാം അവക്കു് അത്യാവശ്യമായിരുന്നു. സായിപ്പന്മാർ തങ്ങൾക്കു മാത്രമായി നടത്തുന്ന ക്ലബ്ബുകളിൽ പ്രവേശനംകിട്ടുന്നതു വലിയ ബഹുമതിയും മഹാഭാഗ്യവുമായിട്ടാണു് അവർ കരുതിവന്നതു്. നവവത്സരം, തിരുനാൾ, എന്നീ സന്ദർഭങ്ങളിൽ ബ്രിട്ടീഷ് രാജാവു് നല്കിവന്ന ബഹുമതികൾ നേടുന്നതു ജീവിതസാഫല്യമായിത്തന്നെ ഗണിക്കപ്പെട്ടിരുന്നു. ഇംഗ്ലീഷു് മാത്രമല്ല, സ്വന്തം മാതൃഭാഷയും സായിപ്പു പറയുന്നതുപോലെ പറയുവാനാണു് ഇവർ ശ്രമിച്ചതു്. ക്ലൈവിന്റെയുള്ള വിദേശപര്യടനങ്ങൾ, ആരോഗ്യവും അതിവിശിഷ്ടമായിക്കരുതിവന്ന ആ പ്രത്യേക സംസ്കാരവും പരിരക്ഷിക്കുന്നതിനു് അവക്കു് അത്യാവശ്യമായിരുന്നു. ഇന്ത്യാരാജ്യത്തിന്റെ ഭരണഭാരത്തിൽ ഒരു വലിയ പങ്കു് ഇവരാണു വഹിച്ചതു്. "ബേലിയോളം ലോകം ഭരിക്കുന്നു"; "ബ്രിട്ടാനിയാ തിരമാലകളെ ഭരിക്കുന്നു"; "ബ്രിട്ടീഷ് സാമ്രാജ്യത്തിൽ സൂര്യൻ അസ്തമിക്കുകയില്ല." എന്നിത്യാദി പ്രസ്താവനകൾ അനുക്തസിദ്ധങ്ങളായ പ്രപഞ്ചസത്യങ്ങളായി അവർ അംഗീകരിച്ചുവന്നു. ഈ ഭരണഭാരത്തിന്റെ സഹധർമ്മിണികളും സാംസ്കാരികമായ അഭിമാനവും ഔദ്ധത്യവും പാലിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സാരിയുടുക്കുന്നതു സൗന്ദര്യത്തിനു ഹാനികരമല്ലെന്നു് സായിപ്പും മദാമ്മയും കൂടെക്കൂടെ പറഞ്ഞതുകൊണ്ടു് അവർ (അതൊക്കെ ഇന്ത്യയിലെങ്കിലും) യൂറോപ്യൻസ്ത്രീകളുടെ വസ്ത്രധാരണരീതി സ്വീകരിക്കുകയുണ്ടായില്ല. മുടിയും മുറിച്ചില്ല എങ്കിലും ചിലരൊ

Digitized by Kerala Sahitya Akademi

മക്ക ഈ 'തൊന്തരവു'കളെല്ലാം ഉപേക്ഷിച്ചു് "കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവു"മായ പാശ്ചാത്യരീതി സ്വീകരിക്കാതെയുമിരുന്നില്ല.

അന്നത്തെ പതിവനുസരിച്ചു് ഔദ്യോഗികസമുദായത്തിൽ ഭാര്യയ്ക്കും അതിപ്രധാനമായ സ്ഥാനമുണ്ടായിരുന്നു. നിയമനം നടത്തുമ്പോഴത്തന്നെ ഭാര്യയുടെ യോഗ്യതകൂടി പരിഗണിച്ചിരുന്നു എന്നാണു കരുതേണ്ടതു്. ഔദ്യോഗികപടങ്ങുകളിൽ വൈസ്രോയിയുടെ സമീപത്തു് അയാളുടെ ഭാര്യയ്ക്കും സ്ഥാനമുണ്ടായിരുന്നു. കീഴ്സിൽബന്ധികളും ആശ്രിതന്മാരും, മഹാരാജാക്കന്മാർപോലും, രണ്ടുപേരെയും വണങ്ങണമെന്നായിരുന്നു നിയമം. എത്ര അകലെനിന്നു് എങ്ങനെ അഭിവാദ്യംചെയ്യണമെന്നുകൂടി നിശ്ചയിച്ചിരുന്നു. ഈ പടങ്ങുകളെല്ലാം താഴെയുള്ളവരും പകർത്തുകയുണ്ടായി. സാഹെബ്ബും മെംസാഹെബ്ബും ഔദ്യോഗികപരിപാടികളുടെയും സാമൂഹികപരിപാടികളുടെയും അവിഭാജ്യഘടകങ്ങളായിരുന്നു. സായിപ്പിന്റെ സാംസ്കാരികരീതികളും ചിട്ടകളും അറിഞ്ഞുകൂടാത്ത കിഴങ്ങന്മാർ ഇതു കണ്ടു് "അവളുടെ ജോലിക്കു ശമ്പളമുണ്ടോ?" എന്നു പോദിച്ചതായി കേട്ടിട്ടുണ്ടു്. സമ്മാനദാനത്തിലാണു് മെംസാഹെബ്ബുകൾ കീർത്തിനേടിയതു്. കായികമത്സരത്തിലും കുതിരപ്പന്തയത്തിലും എല്ലാം വിജയികളാകുന്നവർക്കു് സമ്മാനം കൊടുക്കേണ്ടതു് അവരുടെ തൃക്കൈകൊണ്ടാണെന്നു നിബ്ബന്ധമുണ്ടായിരുന്നു. ഒരു വലിയ സമ്മേളനത്തിൽ പ്രസ്തുതകൃത്യം നിർവ്വഹിക്കുവാൻ ക്ഷണിക്കപ്പെട്ട ഒരു മലയാളി ഉദ്യോഗസ്ഥന്റെ ഭാര്യ ഇംഗ്ലീഷു് നിശ്ചയമില്ലാഞ്ഞിട്ടായാൽ കാര്യം മനസ്സിലാകാതെ കുഴങ്ങിയതായും, ഭർത്താവു് "അതെല്ലാം എടുത്തു് അങ്ങോട്ടു കൊടുക്കെടീ" എന്നു പറഞ്ഞു് തനിക്കു മാനഹാനിയും, ഒരുപക്ഷേ, ഉദ്യോഗഹാനിയും വരാതെ രക്ഷിച്ചതായും കഥയുണ്ടു്.

സമ്മാനദാനത്തിനു പുറമെ വിശ്രമവേളകളിൽ മെംസാഹെബ്ബുമാർ സാമൂഹികസേവനത്തിനും ഇറങ്ങാറുണ്ടായിരുന്നു. സാധുക്കളും ജീവിക്കുന്ന കുടിയിടകളിൽ

Digitized by Kerala Sahitya Akademi

പെണ്ണ് ആരോഗ്യം സംരക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച നിർദ്ദേശങ്ങൾ നല്കുക, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം മുതലായവമൂലം കഷ്ടപ്പെടുന്നവർക്ക സഹായം വിതരണംചെയ്യുക, മുതലായ ജോലികൾ അവർ ചെയ്യുവന്നു. പല്ലുതേയ്ക്കുന്നതിന് ഉമിക്കരിയേക്കാൾ നല്ലത് പേസ്റ്റാണെന്നും, കുളിക്കുമ്പോൾ നല്ലയിനം സോപ്പ് ഉപയോഗിക്കണമെന്നും, പാല് പാസ്ചറൈസ് ചെയ്തേ ഉപയോഗിക്കാവൂ എന്നും, സുഖക്കേട് വന്നാൽ കഷായം കുടിക്കാതെ ഇംഗ്ലീഷ് മരുന്നുകൾ സേവിക്കണമെന്നും മറ്റുമുള്ള 'വിലയേറിയ' ഉപദേശങ്ങൾ അവരുടെ ദിനാനുകമ്പയ്ക്കു നിദർശനങ്ങളായിരുന്നു. ഈ സേവനങ്ങൾ ചെയ്തതിനുശേഷം എത്ര വെള്ളത്തിൽ കുളിച്ചാണ് അവർ ദേഹശുദ്ധി വരുത്തിയതെന്ന് ബംഗ്ലാവുകളിലെ 'തണ്ണീക്കാർ' മാത്രമേ അറിഞ്ഞുള്ളൂ. തോവു സ്ഥലം മാറിപ്പോകുമ്പോൾ യാത്രയയയ്ക്കുവാൻ കൂടുന്ന യോഗങ്ങളിൽ ഭാര്യയുടെ വിലയേറിയ സേവനങ്ങൾക്കു നന്ദി പറയേണ്ടതു പുരുഷന്മാരുടെ കടമയായിരുന്നു.

തക്കേ ഇന്ത്യക്കാരായ ചില ബ്രാഹ്മണർ മാത്രമാണ്, വെള്ളത്തിലെ താമരയിലപോലെ, ഈ ആധുനികത്വങ്ങളിൽ അകപ്പെട്ടിട്ടും സ്വന്തം സംസ്കാരവും ആചാരങ്ങളും കൈവിടാതെ ജീവിച്ചുപോരുന്നു. അവരുടെ സ്ത്രീകൾക്ക് ഇക്കാര്യത്തിൽ ഒരു വാശിതന്നെ ഉണ്ടായിരുന്നു എന്നു തോന്നുന്നു. അന്യപുരുഷന്മാർക്ക് ഹസ്തദാനം ചെയ്യുന്നതിലും മറ്റുള്ളവർ പാകംചെയ്ത ഭക്ഷണം കഴിക്കുന്നതിലും മറ്റും അവർ അങ്ങേയറ്റത്തെ വൈമുഖ്യം കാണിച്ചു. ഈ യാഥാസ്ഥിതികത്വം നാട്ടുകാരുടെയിടയിൽപ്പോലും പരിഹാസത്തിനു വിഷയമായി. പക്ഷേ, ബുദ്ധിശക്തിയിലും കാര്യക്ഷമതയിലും അവരെ മാറ്റിനിർത്തുവാൻ കഴിയാഞ്ഞതുകൊണ്ട് അവർക്ക് ദോഷമൊന്നും സംഭവിച്ചില്ല. വാശിയും ഫലിതവുമുള്ള ചിലയാളുകൾ ഒരു കൃത്രിമയാഥാസ്ഥിതികത്വം അഭിനയിച്ച് വിദേശികൾക്കും നാടൻ ധർമമാക്കും എന്തെന്നില്ലാത്ത അസുഖത്തിനുകൂടി കാരണമുണ്ടാക്കി. ഒരു മഹാരാജാവ്, സാന്റിനെ തൊ

Digitized by Kerala Sahitya Akademi

ട്ടാൽ താൻ കളിക്കുമെന്ന വസ്തുത പ്രചരിപ്പിച്ചതായി കേട്ടിട്ടുണ്ട്. ഒരുദിവസം വൈസ്രോയിയുടെ സന്ദർശനം പ്രമാണിച്ച് രാത്രിയിൽ വളരെനേരം നീണ്ടുനിന്ന പടങ്ങളിൽ പങ്കെടുത്തശേഷം അടുത്ത ദിവസം തനിക്കു സുഖമില്ലെന്നും അന്നത്തെ പരിപാടികളിൽ സംബന്ധിക്കുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു എന്നും അദ്ദേഹം എഴുതിയയച്ചു. വൈസ്രോയി ഔപചാരികമായ ഉൽക്കണ്ഠയോടെ സുഖക്കേടിന്റെ വിവരം അന്വേഷിച്ചപ്പോൾ, തലേദിവസം അർദ്ധരാത്രിയിൽ മുങ്ങിക്കുളിക്കേണ്ടിവന്നതുമൂലം ഉണ്ടായ ജലദോഷമാണു"; സാരമില്ല, എന്നായിരുന്നു മറുപടി. തനിക്കും തീണ്ടലുണ്ടല്ലോ എന്നോർത്തു സായിപ്പു് വിഷമിച്ചിരിക്കണം. പക്ഷേ, ഇതെല്ലാം അപൂർവ്വസംഭവങ്ങളായിരുന്നു.

അഭിജ്ഞന്മാർ ഭൂരിപക്ഷവും സായിപ്പിന്റെ സംസ്കാരത്തിൽ അത്യുത്സാഹത്തോടെ ആമഗ്നരാവുകയാണു ചെയ്തതു്. അവരാണു് കഴിഞ്ഞ തലമുറയിൽ ഭാരതീയ സമുദായത്തിന്റെയും സംസ്കാരത്തിന്റെയും നേതൃത്വം വഹിച്ചതു്. തിലകനും ഗാന്ധിയും സ്വാതന്ത്ര്യസമരവും സത്യഗ്രഹവും എല്ലാം ഇവർക്കു തികതകമായിരുന്നു. സ്വദേശാഭിമാനികളെന്നു പറയുന്ന ഈ വിനാശകാരികളുടെ ഉപദ്രവം അധികകാലം നിലനില്ക്കുകയില്ലെന്നും, സായിപ്പു് ഈ 'കേമദ്രു'കളെയെല്ലാം നല്ലപാഠം പഠിപ്പിച്ചു് ക്ഷണേന നിർമ്മാർജ്ജനംചെയ്യുമെന്നും അവർ വിശ്വസിച്ചു. അതിനുവേണ്ടി തങ്ങളാൽ കഴിവുള്ളതു സർവ്വം, പല സാഹസങ്ങളുംതന്നെയും, അവർ അനുഷ്ഠിക്കുകയും ചെയ്തു. പക്ഷേ, അവർ ഏറെവുമധികം വിശ്വസിച്ച ഇംഗ്ലീഷുകാരൻതന്നെയാണു് അവരെ ചതിച്ചതു്. ആഭിജാത്യമുള്ളവർ—എത്രയോ നൂറ്റാണ്ടുകളായി പ്രഭുകുലപാരമ്പര്യം പുലർത്തിയ മഹാരഥന്മാർ—അലങ്കരിച്ചുപോന്ന ബ്രിട്ടീഷു് മന്ത്രിപീഠങ്ങളിൽ കല്ലുരി വെട്ടുന്നവന്റെയും ചുമട്ടുകാരന്റെയും മക്കളും കയറിക്കൂടുവാൻ സംഗതിയാവുകയും, ആ മനുഷ്യകെട്ടവന്മാർ ബ്രിട്ടീഷു് കിരീടത്തിലെ ഏറ്റവും വിശിഷ്ടമായ ഈ രത്നത്തെ ഇളക്കിയെടുത്തു്

Digitized by Kerala Sahitya Akademi

ഇവിടത്തെ നാടൻ പരിഷ്കൃതി കൊട്ടിക്കുകയും ചെയ്ത വാസ്തവത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയിൽ വിൻസ്റ്റൺ ചർച്ചിലിനുപോലും ഉണ്ടാകാത്ത വേദനയും വിരോധവും അനുഭവിച്ച ഭാരതീയർ ധാരാളമുണ്ടായിരുന്നു. ഇന്നും ഇല്ലാതില്ല. തീരെ സഹിക്കാതെവന്ന ചിലർ നാടുവിട്ടുപോയിരിക്കാം. പക്ഷേ, അധികംപേരും തിക്തകം കടിക്കുകതന്നെ എന്നു നിശ്ചയിച്ചു. അല്ലാതെ എവിടെപ്പോകുവാനാണു്? ഇംഗ്ലണ്ടിലെ കഥ ഇതിലും കഷ്ടമായില്ലെ?

പക്ഷേ, അവരുടെ ഭീതിയും പരിഭ്രമവും അസ്ഥാനത്തായിരുന്നു. അവർ തിക്തകം സേവിക്കേണ്ടിവന്നു എന്നതു വാസ്തവംതന്നെ. എങ്കിലും അതൊരു അത്ഭുത ചികിത്സയായിട്ടാണു പരിണമിച്ചതു്. ഇന്നിതാ, വെറും പത്തു കൊല്ലത്തിനുള്ളിൽ, അവർക്കു പണ്ടത്തെ ആരോഗ്യം വീണ്ടുകിട്ടിയിരിക്കുന്നു. ആയുസ്സിനെക്കുറിച്ചുള്ള ആപച്ചങ്കകളും അകന്നുപോയിരിക്കുന്നു. അവർ വീണ്ടും സമുദായത്തിന്റെയും സംസ്കാരത്തിന്റെയും നേതൃസ്ഥാനത്തു് എത്തിയിരിക്കുകയാണു്. എന്നല്ല, ഇന്നത്തെ നിലപണ്ടത്തേതിലും എത്രയോ മെച്ചപ്പെട്ടിട്ടുമുണ്ടു്. പണ്ടു സായിപ്പായി ഭാവിക്കുകയും ജീവിക്കുകയും ചെയ്തെങ്കിലും സാക്ഷാൽ സായിപ്പിനെ പേടിക്കണമായിരുന്നു. അവന്റെ പുച്ഛരസത്തിലുള്ള നോട്ടം സഹിക്കണമായിരുന്നു. ഇന്നിപ്പോഴാ ആ ക്ഷീണവും നീങ്ങിയിരിക്കുകയാണു്. നാടൻ പരിഷയുടെ മാത്രമല്ല, ഈ രാജ്യത്തു് ഇന്നും ധാരാളമുള്ള സായിപ്പിന്റെയും മുകളിൽത്തന്നെ സ്ഥാനം ലഭിച്ചിരിക്കുന്നു. ലോകഗതി വിചിത്രമെന്നല്ലാതെ എന്തു പറയട്ടെ! ഈ മഹാത്ഭുതം സംഭവിക്കുമെന്നു് ഇക്കൂട്ടർ സ്വപ്നത്തിൽപ്പോലും വിചാരിച്ചതല്ല. ഇംഗ്ലണ്ടിൽ ചെന്നാലും ഇവർക്കു് ഇന്നു പണ്ടത്തേതിലും കൂടുതൽ അന്തസ്സുണ്ടു്; ഒരു സ്വതന്ത്രരാജ്യത്തെ പ്രമാണികളാണല്ലോ!

ഖദർകുപ്പായമണിഞ്ഞ മഹാന്മാരായ കുറെ മന്ത്രിമാർ മാത്രമേ ഈ രാജ്യത്തു് ഇന്നു് പ്രമാണിത്തം വഹിക്കുന്ന അഭിജ്ഞന്മാരുടെ മുകളിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള അതത്ര കാര്യമാക്കാനില്ല. വെറുമൊരു സങ്കല്പമല്ലാതെ മറെറ

Digitized by Kerala Sahitya Akademi

ന്താണു്? "ആടറിയുമോ അങ്ങാടിവാണിഭം?" ആരാണു് യഥാർത്ഥത്തിൽ ഭാരതീയസമുദായത്തെ ഭരിക്കുന്നതു്? നയിക്കുന്നതു്? മന്ത്രിമാർ ഒപ്പിടുകയും ചുമതലയേല്ക്കുകയും അല്ലാതെ എന്തെങ്കിലും ചെയ്യുന്നുണ്ടോ? അവർ ഭരിക്കുകയാണോ, അവരെക്കൊണ്ടു ഭരിപ്പിക്കുകയാണോ എന്നുള്ളതു വിവരമുള്ളവരെക്കൊണ്ടെല്ലാം അറിയാവുന്ന കാര്യമാണു്. സക്കാരിലായാലും സമുദായത്തിലായാലും കാര്യങ്ങളുടെ ചരടെല്ലാം കായ്കല്പം കഴിഞ്ഞു് രണ്ടാം യൗവനം തുടങ്ങിവന്നിരിക്കുന്ന പഴയ അഭിജ്ഞലോകത്തിന്റെ കൈയിൽത്തന്നെ കിട്ടിയിരിക്കുന്നു. അവരുടെ ദൃഷ്ടിയിൽ ഒരാളൊഴിച്ചു ബാക്കിയെല്ലാം വെറും മൂഢലക്ഷങ്ങൾ! ആ ഒരാളെമാത്രം പേടിക്കണം—പരസ്യമായല്ല രഹസ്യമായും ബഹുമാനിക്കണം—ജവാഹർലാൽ നെഹ്റുവിനെ. അതിൽ കുറവാനുമില്ല. അഥവാ ഉണ്ടായിരുന്നെങ്കിൽത്തന്നെ അതങ്ങു തേഞ്ഞുമാഞ്ഞുപോയ്ക്കഴിഞ്ഞു. അല്ലെങ്കിലോ അദ്ദേഹമാരു്? ഈ പെറ്റകളും പീറകളും എവിടെ, അദ്ദേഹമെവിടെ? കുലം, ധനം, വിദ്യാഭ്യാസം എന്നല്ല നിറം, പെരുമാറ്റം, സംഭാഷണം, ഉച്ചാരണം ഇതൊക്കെ ഓർത്താൽ എന്താണു് കുറവു്? അദ്ദേഹം ഇടയ്ക്കു കുറെക്കാലം ഈ ഗാന്ധിയുടെയും പട്ടേലിന്റെയും മറ്റും കൂടെ കൂടിയെന്നല്ലാതെ, അതുകൊണ്ടു് ഒരു കളങ്കവും പറ്റിയിട്ടില്ല. ഇന്നിപ്പോഴും ഏതുവിധത്തിൽ നോക്കിയാലും നമ്മുടെ ആളുതന്നെ.

ഇതാണു് ഇന്നു് ഇന്ത്യയിലെ സാമൂഹികരാഷ്ട്രീയരംഗങ്ങളിൽ പ്രാമാണികഭാവത്തിൽ കാണപ്പെടുന്ന പ്രവണത. പണ്ടത്തെ തുറന്ന കോട്ടിനു പകരം അടഞ്ഞ കോട്ടും, വൈസ്രോയിയുടെ സ്ഥാനത്തു് പ്രധാനമന്ത്രിയും, "ഗോഡ് സേവ് ദി കിങ്ങി"നു പകരം 'ജനഗണമന'യും ആണെന്നുള്ള വ്യത്യാസമേയുള്ളൂ. വർഗ്ഗവർണ്ണരഹിതവും സമത്വസുന്ദരവുമായ ഒരു വ്യവസ്ഥിതിയെ സ്വപ്നം കണ്ടുകൊണ്ടു മരണത്തിന്റെ ഇരുണ്ട താഴ്വരയിലൂടെ കടന്നുവന്ന സ്വാതന്ത്ര്യം പ്രാപിച്ച ഭാരതീയജനത ഇന്നു് അന്യോന്യം തൊട്ടുതിന്നാത്ത രണ്ടു ജാതികളായി വേർ

Digitized by Kerala Sahitya Akademi

തിരിഞ്ഞുപോയിരിക്കുന്നു. ഒരു വശത്തു് അധികാരത്തിന്റെ പടത്തിൽ ശോഭിക്കുന്ന ധനികന്മാരും അഭിജ്ഞന്മാരും ഉദ്യോഗസ്ഥന്മാരും; മറുവശത്തു് വോട്ടന്നു പറയുന്ന പെതിയാത്തെങ്ങ കിട്ടിയവരെന്നു വാഴ്ത്തപ്പെടുന്ന മൂഢരായ നാടൻ പരിഷ. പണ്ടൊക്കെ ആഢ്യന്റെയും പറയന്റെയും ഇടയ്ക്കു് അറുപത്തിനാലു് അന്തരാളജാതികളുണ്ടായിരുന്നു. ഇന്നാകട്ടെ അങ്ങനെ വ്യത്യാസങ്ങളെ മയപ്പെടുത്തുവാൻ സഹായിക്കുന്ന ഇടപ്പടികൾ ഒന്നുമില്ല; ആഢ്യനും പറയനും മാത്രമേയുള്ളു. ഈ ആഢ്യന്മാർ പണ്ടു സായിപ്പു നിന്ന സ്ഥാനത്തു് അതേ രൂപത്തിലും ഭാവത്തിലും വേഷത്തിലും ഭാഷയിലുംതന്നെയാണു് നില്ക്കുന്നതു്. സായിപ്പു കാണിച്ചതിനേക്കാൾ നൂറിരട്ടി ഭള്ളുമുണ്ടു്. അക്രമിയായി വന്ന അന്യരാജ്യക്കാരന്റെ ഭള്ളു് സഹിക്കാം. ഇതു ദുസ്സഹമാണു്.

സ്വാതന്ത്ര്യസമരത്തിൽ മനസ്സുകൊണ്ടുപോലും പങ്കെടുക്കാത്തവരും അതിനെ ആദ്യംമുതല്ക്കുതന്നെ പുച്ഛിച്ചുവന്നവരും ഇന്നു് സ്വാതന്ത്ര്യപ്രാപ്തിയുടെ ഗുണഭോക്താക്കളിൽ പ്രമാണികളായിത്തീർന്നിരിക്കുകയാണു്. ഗുണഫലങ്ങളിൽ പങ്കെടുക്കുക മാത്രമല്ല, അതിന്റെ കുത്തകതന്നെ അവർ കരസ്ഥമാക്കിയിരിക്കുന്നതായി തോന്നിപ്പോകുന്നു. ഇക്കൂട്ടരാണു് ഇന്നു് അധികാരതോരണത്തിന്റെ ആണിക്കല്ലുകളായിത്തീർന്നിരിക്കുന്നതു്. അധികാരവും ധനവും പ്രമാണിത്തവും കൈയിലായതുകൊണ്ടു് സാംസ്കാരികനേതൃത്വവും അവരിൽ വന്നുചേർന്നിരിക്കുന്നു. ഇങ്ങനെ സംഭവിക്കുന്നതു സ്വാഭാവികമാണു്. വിശേഷിച്ചും ഭൂരിപക്ഷം ജനങ്ങളും ദരിദ്രരായ സമുദായങ്ങളിൽ. ഇതിന്റെ ഫലമായി ഇന്നു തലസ്ഥാനനഗരങ്ങളിൽ നിലവിൽവന്നിരിക്കുന്നതും മറ്റു ഭാഗങ്ങളിലേക്കു പ്രചരിച്ചുതുടങ്ങിയിട്ടുള്ളതുമായ ആ പുതിയ സംസ്കാരത്തെ നമുക്കൊന്നു പരിശോധിക്കാം.

വീട്ടുപേരുകൾക്കാണു് ആദ്യം മാറ്റം വന്നുതുടങ്ങിയതു്. ബെൽവെഡിയർ, ലവ്ഡേൽ, ബക്കിങ്ഹാം, ലേക്ക്വ്യൂ എന്നതെല്ലാം മായ്ച്ചുകളഞ്ഞു് തൽസ്ഥാനത്തു ദാര

Digitized by Kerala Sahitya Akademi

ക, ദിൽക്കുഷ്, പഞ്ചവടി, സോമനാഥ് തുടങ്ങിയ പേ
രുകളും എഴുതിയിരിക്കുന്നതു കാണാം. ഈ പുതുമകളും
അധികവും ചായവും ബ്രഷ്ഷുംകൊണ്ടു് ഉപജീവനം
കഴിക്കുന്ന തൊഴിലാളികളുടെയാണു് കണ്ടുപിടിക്കു
ന്നതു്. അതിനാൽ തെറ്റുകളും സുലഭമാണു്. പേരു് ഭാര
തീയമാണെങ്കിലും എഴുത്തു് ഇംഗ്ലീഷിൽത്തന്നെയാണു്.
എങ്കിലല്ലേ സായിപ്പിനു മനസ്സിലാവുകയുള്ളു. വീടി
ന്റെ രൂപവും ഭാവവും അതിനുള്ളിലെ അന്തരീക്ഷവും
തെല്ലും മാറിയിട്ടില്ല. ഭാരതീയത്വമെല്ലാം നേരിയ ഒരു
പുറംപൂച്ചാണു്. സ്വീകരണമുറിയിൽ ബുദ്ധന്റെയും നട
രാജന്റെയും വിഗ്രഹങ്ങൾ കണ്ടേക്കാം. ബംഗാളിരീതി
യിലുള്ള ചിത്രങ്ങളും ഗാന്ധിജിയുടെയും നെഹ്റുവിന്റെ
യും ഫോട്ടോകളും തൂക്കിയിട്ടുണ്ടാവും. വീണയും സിത്താ
റും തുടച്ചുമിനുക്കി വെച്ചിരിക്കും. കസേരകൾക്കുപകരം
പുലിത്തോൽ വിരിച്ച കട്ടിലും കിന്നരിവെച്ച മട്ടുത്തല
യണയും കാണാം. പക്ഷേ, ഇതൊന്നും ആത്മപ്രീതിക്കു
വേണ്ടിയുള്ള സജ്ജീകരണങ്ങളല്ല. സന്ദർശകരെ, വിശേ
ഷിച്ചും അന്യരാജ്യക്കാരായ സന്ദർശകരെ, കാണിക്കു
വാൻവേണ്ടിയുള്ളവയാണു്. പിയാനോ, കസേര, പാ
ശ്ചാത്യരീതിയിലുള്ള അലങ്കാരസാധനങ്ങൾ, പാരീ
സ്സിൽനിന്നു വാങ്ങിയ ചിത്രങ്ങൾ, എന്നിതെല്ലാം അക
ത്തു വെച്ചിട്ടുണ്ടു്. സന്ദർശകരില്ലാത്ത സമയത്തു് ഉപയോ
ഗിക്കുന്നതും, സഹജമായി ഇഷ്ടപ്പെടുന്നതും ഈ സാധന
ങ്ങളാണു്. അപ്പോഴത്തെ സംഭാഷണവിഷയങ്ങളും സം
ഭാഷണരീതിയും, വിനോദങ്ങളും വസ്ത്രങ്ങളും ഭക്ഷണസാ
ധനങ്ങളും ഭക്ഷണക്രമങ്ങളും എല്ലാം പണ്ടുമുതല്ക്കേ പരിച
യിച്ചതുതന്നെ. ബീഥോവന്റെയും ബാഘിന്റെയും സം
ഗീതവും ഗാൽസ്വർഥിയുടെയും ബാരിയുടെയും സാഹി
ത്യവും വോഡൗസിന്റെ ഫലിതവുമാണു് യഥാർത്ഥത്തിൽ
ഇഷ്ടപ്പെടുന്നതു്. ഉറ്റ സ്നേഹിതന്മാരോടു് ഇക്കാര്യം തുറ
ന്നു പറയാനും മടിയില്ല. അടുത്തു പെരുമാറാവുന്നവരും
വിശ്വസിക്കാവുന്നവരും ആയ വിദേശീയർ വന്നാൽ അ
വരെയങ്ങു് അകത്തുതന്നെകൊണ്ടുപോയി സൽക്കരിക്കും.

Digitized by Kerala Sahitya Akademi

മറുപടി അറിയുകയില്ലെന്നു് ഉറപ്പുവന്നാൽ സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യയ്ക്കു വന്ന അധഃപതനത്തെക്കുറിച്ചു ദീർഘമായി വിലാപത്തോടെ പ്രസംഗിക്കുകയും ചെയ്യും.

കുട്ടികളുടെ പേരും മാറിയിട്ടുണ്ടു്. പണ്ടു് നാട്ടിൻ പുറത്തുനിന്നു യൂറോപ്യൻസ്കൂളിൽ ചേരാൻ പോയ പ്പോൾ ഹരി എന്ന പേരു് ഹാരി (Harry) എന്നു മാറിയ കുട്ടരാണു്. പക്ഷേ, ഇന്നിപ്പോൾ ഹാരി എന്നു പേരിട്ട കുട്ടികളെക്കൂടി ഹരി എന്നു വിളിക്കുവാനാണു് ഇഷ്ടപ്പെടു ന്നതു്. അവരെ ഇന്ത്യൻരീതിയിൽ വസ്ത്രധാരണം ചെ യ്യിച്ചും മതകർമ്മങ്ങളിൽ പങ്കെടുക്കുന്നതുപോലെ അഭിന യിപ്പിച്ചും എടുത്ത ചിത്രങ്ങൾ, അടുക്കായി ഒട്ടിച്ച പുസ്ത കങ്ങൾ സ്വീകരണമുറിയിൽ കാണാം. കുട്ടികളുടെ സം സ്കാരം ഇംഗ്ലീഷിലാണെങ്കിലും ഇടയ്ക്കിടയ്ക്കു് ധാരാളം ഹി ന്ദിപദങ്ങളും ഉപയോഗിക്കണമെന്ന നിബ്ബന്ധമുണ്ടു്. ചി ലപ്പോൾ ഇംഗ്ലീഷുതന്നെ, മനപ്പൂർവ്വം തെറ്റിച്ചു പ്രയോ ഗിക്കാനും ശീലിപ്പിച്ചിരിക്കും. (ഇംഗ്ലീഷ് വിദേശഭാഷ യല്ലേ!) മുതിർന്നവരുടെ ഇടയ്ക്കും ഈ വിദ്യ നടപ്പിൽ വന്നിട്ടുണ്ടെന്നു പറയുന്നു. അതു പ്രമാണിത്തത്തിന്റെ ലക്ഷണമായി കരുതിവരുന്നുവത്രെ. ഇംഗ്ലീഷുഭാഷ നല്ല തുപോലെ വശമുള്ള മന്ത്രിമാരുടെ സന്നിധിയിലാണു് ഈ വിദ്യ കൂടുതൽ ഫലിക്കുന്നതു്. ശുദ്ധമായ ഭാരതീയ രീതിയിലേക്കുള്ള പരിവർത്തനം ദ്രുതഗതിയിൽ നടക്കുന്നു ണ്ടെന്നു് അവരെ ബോധ്യപ്പെടുത്താൻ അതു സഹാ യിക്കും.

ഈ ഉപായങ്ങളും പുറംപൂച്ചുകളും എല്ലാം ഉണ്ടെങ്കി ലും കുട്ടികളുടെ വിദ്യാഭ്യാസം ഇന്നും യൂറോപ്യൻസ്കൂള കളിൽത്തന്നെ. അല്ലെങ്കിൽ അവർ പ്രായമാകുമ്പോൾ ഈ നശിച്ച രാജ്യത്തുതന്നെ കിടന്നുപോകും. അതുണ്ടാക രുതെന്നുള്ളതാണു് ഏറ്റവും വലിയ നിബ്ബന്ധം. അതിനു വേണ്ടി ചെയ്യുന്ന മുൻകരുതലുകൾ എത്രയെന്നു പറ ഞ്ഞാൽ തീരുകയില്ല. സ്ഥാനപതികളായാലും, ചുരുങ്ങി യപക്ഷം സ്ഥാനപതിമന്ദിരങ്ങളിലെ ഉയർന്ന ഉദ്യോഗ

Digitized by Kerala Sahitya Akademi

സ്ഥന്മാരായെങ്കിലുമോ അവരെ വാരത്തട്ടക്കണമെന്നാണ് ഉന്നം. അതു പറഞ്ഞിയില്ലെങ്കിൽത്തന്നെ ഇന്ത്യയിൽ എത്രയോ വൻതരം വിദേശീയവ്യവസായസ്ഥാപനങ്ങളുണ്ടല്ലോ. അവയ്ക്ക് ഇന്നും ഈ രാജ്യത്തുള്ള സ്ഥാനം അതുല്യമാണ്. അവിടെ ലഭിക്കുന്ന ശമ്പളങ്ങളും മറ്റ് ആനുകൂല്യങ്ങളും ഏറ്റവും മെച്ചപ്പെട്ടതാണ്. നിയമനം കഴിഞ്ഞാൽ ഉടനെതന്നെ ഭാര്യയേയും ഭർത്താവിനേയുംകൂടി വിദേശത്തേക്കയയ്ക്കും. സ്വന്തമായ വല്ല സംസ്കാരവും അറിയാതെ ലഭിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി തേച്ചുമാച്ചുകളയേണ്ടതും ഇപ്പറഞ്ഞ സ്ഥാപനങ്ങളിലെ ജോലിക്ക് അത്യാവശ്യമാണ്. സാംസ്കാരികമായി നോക്കുമ്പോൾ നാട്ടും മുട്ടും ഇല്ലാത്തവരെയാണ് അവർക്കിഷ്ടം. ഇത്തരം വിദേശീയകമ്പനികൾക്കു ഗാന്ധിജിയുടെ ആയുഷ്കാലയത്നത്താൽ സ്വതന്ത്രമായ ഇന്ത്യയിൽ ഇന്നുള്ള സ്വാധീനശക്തി ആരെയും അമ്പരപ്പിക്കുന്നതാണ്. അവയുടെ അധിപ്രസരം സംസ്കാരമണ്ഡലത്തിലേക്കും വളരെ അധികം വ്യാപിക്കുന്നതുകൊണ്ട് ഇവയെക്കുറിച്ചും ചില വസ്തുതകൾ ഗ്രഹിക്കേണ്ടതുണ്ട്.

ഒന്നാമതായി, ഈ വിദേശക്കമ്പനികളുടെ സഹകരണവും സഹായവുമില്ലാതെ നാം വിഭാവനംചെയ്യുന്ന വ്യവസായവൽക്കരണവും സാമ്പത്തികവികസനവും ഒന്നും നടക്കുകയില്ല. അവർ വിചാരിച്ചാൽ ഈ രാജ്യത്തിന്റെ ദൈനന്ദിനജീവിതത്തെ ക്ഷണേന സ്തംഭിപ്പിക്കുവാൻ സാധിക്കും. പെട്രോളില്ലെന്നു പറഞ്ഞാൽ കാറും വിമാനവും മാത്രം ഓടുകയില്ല. ശുദ്ധീകരണത്തിനു വേണ്ട രാസവസ്തുക്കൾ ഇല്ലെന്നു പറഞ്ഞാൽ കുഴൽവെള്ളത്തെ ആശ്രയിച്ചുകഴിയുന്ന മഹാനഗരങ്ങളിലെ ജനങ്ങൾ വെള്ളമിറങ്ങാതെ മരിക്കേണ്ടിവരും. ഇങ്ങനെ എന്തെല്ലാം, എന്തെല്ലാം! അടുത്തതായി പറയേണ്ടതു് അവരുടെ സാമ്പത്തികശക്തികയ്ക്കുറിച്ചാണ്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചുകൊണ്ടിരുന്ന കാലത്തു് അമിതമായ ആനുകൂല്യങ്ങളും സംരക്ഷണങ്ങളും ലഭിക്കുകയാൽ അവർക്കു് എത്രയോ കാലം തുടർച്ചയായി കൊള്ളലാഭം ഉണ്ടാക്കുവാൻ സാധിച്ചിട്ടു

Digitized by Kerala Sahitya Akademi

ണ്ട്. അതുകൊണ്ട്, കുറേക്കാലത്തേക്കു വ്യാപാരം നഷ്ടത്തിൽ നടത്താനും അവർക്കു മടിയില്ല. ഇതാണു പിന്നോക്കാവസ്ഥയിലുള്ള സ്ഥിതി. ഇക്കാരണത്താൽ അവരോടു് ഇണക്കത്തിലെന്നല്ല, കുറെയൊക്കെ വണക്കത്തിലുമാണു് നമ്മുടെ രാഷ്ട്രം കഴിഞ്ഞുകൂടുന്നതു്. പിന്നോക്കാൻ പേടിയില്ലാത്തവനു് അങ്ങോട്ടുമിങ്ങോട്ടും ഇണങ്ങുവാനും സമ്മതമായിരിക്കുമല്ലോ. ഈ വിദേശീയസ്ഥാപനങ്ങൾ ഓരോ പ്രദേശത്തിൽ വലിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചിരിക്കുന്നതിന്റെ ഒരു രഹസ്യം അധികാരികളെ ഇണക്കുക എന്നുള്ളതുതന്നെയാണു്. അവർക്കു് സമുദായപ്രാതിനിധ്യവും ഭരണഘടനയിലെ പട്ടങ്ങളും ഒന്നും നോക്കേണ്ടതില്ല. ഇഷ്ടമുള്ളവരെ ഇഷ്ടംപോലെ നിയമിക്കാം. അധികാരസ്ഥാനത്തിരിക്കുന്നവരുടെ മക്കൾക്കും മരുമക്കൾക്കും ഈ ഉദ്യോഗങ്ങൾ കൊടുത്തു് അവരെ തങ്ങളോടു കടപ്പെട്ടവരാക്കുകയും, അങ്ങനെ തങ്ങൾക്കു വേണ്ട ആനുകൂല്യങ്ങൾ നേടുന്നതു് എളുപ്പമാക്കുകയുമാണു് അവർ ചെയ്യുന്നതു്. ഈ സമ്പ്രദായം ചില സംസ്ഥാനങ്ങളിൽ പൊതുജനപ്രക്ഷോഭണത്തിനുതന്നെ കാരണമായിത്തീരുകയും, സർക്കാരിൽനിന്നു് അന്വേഷണം നടത്തി നിരോധനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഇതൊക്കെയുണ്ടായിട്ടും ഈ സമ്പ്രദായം നിർബ്ബാധം നടക്കുകയാണു്. ആദ്യമൊക്കെ ഉദ്യോഗസ്ഥന്മാരാണു് ഈ വിദ്യകൊണ്ടു മുതലെടുത്തതു്. മന്ത്രിമാർ ശ്രദ്ധിപിടിക്കാനും അന്വേഷണം നടത്താനും തുടങ്ങിയപ്പോൾ അവരുടെ മക്കൾക്കും ജോലി കൊടുത്തു. ഇതു് നിയമസഭകളിൽ ആക്ഷേപത്തിനും പ്രതിഷേധത്തിനും ഇടയാക്കുന്നതുകൊണ്ടു് അവിടത്തെ സാമാജികന്മാരുടെ മക്കൾക്കും കൊടുത്തുതുടങ്ങിയിരിക്കുകയാണു്. 'മീൻ വേണ്ടാത്ത പൂച്ചയുണ്ടോ?'

ഈ വിദേശീയസ്ഥാപനങ്ങൾ ഇപ്പറഞ്ഞ വളഞ്ഞമാർഗ്ഗങ്ങളിലൂടെ മാത്രമല്ല, നേരിട്ടുതന്നെയും സംസ്കാരത്തിനു സംഭാവനകൾ ചെയ്യുന്നുണ്ടു്. അവരുടെ പരസ്യങ്ങളും പ്രചാരണതന്ത്രങ്ങളും ഇപ്പോൾ 'ഇൻഡ്യനൈസ്' ചെയ്തിരിക്കുകയാണു്. ഈ പരസ്യങ്ങളിൽനിന്നാണു്

Digitized by Kerala Sahitya Akademi

അഭ്യസ്തവിദ്യരെന്നു പറയുന്ന പലരും ഭാരതീയസംസ്കാരത്തെപ്പറ്റി അറിവുനേടുന്നതു്. മതസങ്കല്പങ്ങളും, കലാസങ്കേതങ്ങളും, ചരിത്രവസ്തുതകളും, സമുദായാചാരങ്ങളും എന്നുവേണ്ട ഭൂമിശാസ്ത്രവും, ജ്യോതിഷവും, സാഹിത്യവും എല്ലാം പാരസ്യത്തിനായി ഉപയോഗിക്കപ്പെടുന്നു. അഭിജ്ഞന്മാരെന്നു ഭാവിക്കുന്ന പലരും മഹാഭാരതത്തെയും രാമായണത്തെയും നടരാജനെയും ബുദ്ധനെയും (ഒരുപക്ഷേ, ഗാന്ധിയേയും) പറ്റി വല്ലതും മനസ്സിലാക്കുന്നതു് ഈ പരസ്യങ്ങളിൽനിന്നാണു്. ഇങ്ങനെ സംസ്കാരം വ്യാപാരത്തിന്റെയും വ്യവസായത്തിന്റെയും പാദസേവ ചെയ്യേണ്ടതായി വന്നുകൂടിയതു് ഭാരതത്തിന്റെ ഭാഗ്യദോഷമെന്നല്ലാതെ മറ്റൊന്നും പറയാനില്ല. കലയും സാഹിത്യവുമെല്ലാം ഏതുകാലത്തും പ്രചാരണത്തിനുള്ള ഉപകരണങ്ങളായിട്ടുണ്ടെന്നും സമ്മതിക്കുന്നു. പക്ഷേ, അങ്ങനെ പരസ്യങ്ങളിൽക്കൂടി കിട്ടുന്ന കലയും സാഹിത്യവും സംസ്കാരവും മാത്രമേ ഭാരതീയർക്കു് ആവശ്യമുള്ളൂ എന്നു കാണുന്നതു് ഹൃദയഭേദകമായിരിക്കുന്നു. വിദ്യാഭ്യാസമണ്ഡലത്തിൽ ഇവയ്ക്കൊന്നും സ്ഥാനമില്ല. ഉപജീവനത്തെ മുൻനിർത്തിയുള്ള വിദ്യാഭ്യാസത്തിനു മാത്രമേ ഇന്നു വിലയുള്ളൂ. അല്ലാതുള്ള വല്ല വിദ്യയും ഉണ്ടെങ്കിൽ അതു പഠിക്കാൻ ആളെ കിട്ടുകയില്ല

ഭാഷാസംസ്ഥാനങ്ങളും വേണ്ടതുതന്നെയും നാട്ടുഭാഷകൾക്കു പ്രാധാന്യം നല്കുന്നതുമെന്നും ഉള്ളതു സ്വാതന്ത്ര്യസമരകാലത്തു പൊതുവെ അംഗീകരിച്ചിരുന്ന കാര്യമാണു്. അതിന്റെ അഭിലഷണീയതയെപ്പറ്റി സംശയം പ്രകടിപ്പിച്ചതു് അന്നത്തെ പരിഷ്കാരികൾ മാത്രമായിരുന്നു. അവരുടെ അഭിപ്രായത്തിന്റെ ഉറവിടം ഏതെന്നു നാം കണ്ടുകഴിഞ്ഞു. ഒരു വിദേശഭാഷയുടെ ആരാധകന്മാരും പാശ്ചാത്യസംസ്കാരത്തിന്റെ കാമുകന്മാരുമായ ആ ന്യൂനപക്ഷം അന്നത്തെ പൂട്ടുപിടിച്ച പുറുപാടുകളിൽ മൗനം ഭജിച്ചതല്ലാതെ, തങ്ങളുടെ അഭിപ്രായം നാലുപേർ കേൾക്കെ വെളിക്കു പറയാൻ ധൈര്യപ്പെട്ടില്ല. പക്ഷേ, ഇന്നിപ്പോൾ കാറ്റു മാറിവീണിരിക്കുകയാണല്ലോ.

Digitized by Kerala Sahitya Akademi

തങ്ങളുടെ അഭിപ്രായം പറയാമെന്നായിരിക്കുന്നു. അതു് മറ്റുള്ളവർ കേൾക്കുമെന്നും കേട്ടില്ലെങ്കിൽ കേൾപ്പിക്കാമെന്നും ഉറപ്പുവന്നിട്ടുണ്ടു്. എന്നു മാത്രമല്ല, നിശ്ചയങ്ങൾ ചെയ്യാനും തീർപ്പു കല്പിക്കാനും ഉള്ള ചുമതലയും അധികാരവും തങ്ങൾക്കാണെന്ന അഹങ്കാരംകൊണ്ടു്, പണ്ടു പുറത്തു പറയാൻ പേടിച്ച അഭിപ്രായം ഇന്നിപ്പോൾ അടിച്ചേല്പിച്ചുതുടങ്ങിയിരിക്കുകയാണു്. "ജനപ്രഭുത്വമാണു്; കാര്യമൊക്കെ ശരിതന്നെ. പക്ഷേ, മൂഢന്മാരായ നിങ്ങൾക്കു വേണ്ടതെന്തെന്നു നിശ്ചയിക്കേണ്ടതു ഞങ്ങളാണു്. ഞങ്ങൾ വിദ്വാന്മാർ മാത്രമല്ല വിധികർത്താക്കളും കൂടിയാണു്, മനസ്സിലാക്കണം" എന്നാണു് ഭാവം.

അന്യസംസ്കാരങ്ങളുടെയും ആഹാര്യമൂല്യങ്ങളുടെയും ആന്തോളവാഹകന്മാരായ അധികാരിവർഗ്ഗത്തിന്റെ ഈ സോപ്പുപ്രഭുത്വം നമ്മുടെ ജനങ്ങൾ അനുവദിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലാണു് അത്ഭുതം തോന്നുന്നതു്. സ്വതന്ത്രജനകീയരാഷ്ട്രങ്ങളുടെ ഗതി ഇതാണെന്നു സ്വപ്നത്തിൽപ്പോലും വിചാരിച്ചതല്ല. നാം കണ്ടതു് കാനൽജലങ്ങളായിരുന്നുവോ? ഭരണത്തിന്റെ കാര്യത്തിൽ വന്നുകൂടിയ മോഹഭംഗങ്ങൾ, ഉത്സാഹങ്ങളെങ്കിലും ഒട്ടൊക്കെ സാധൂകരിക്കാവുന്നവയാണു്. രാജ്യരക്ഷയ്ക്കും സമുദായത്തിന്റെ സുസ്ഥിതിക്കും ചട്ടവും മുറയും അധികാരപ്രഭുത്വങ്ങളും കൂടിയേ കഴിയൂ. സ്വാതന്ത്ര്യവും സ്വരാജ്യം അരാജകത്വമല്ലല്ലോ. പക്ഷേ, സാമൂഹികജീവിതത്തിലും സംസ്കാരമണ്ഡലത്തിലും ഇങ്ങനെയൊരു മോഹഭംഗം സംഭവിക്കുമെന്നു് ആരാണു വിചാരിച്ചതു്? കെടുകെട്ടിയ സായിപ്പിനു പകരം, കെടയില്ലാതെ മുൻവശം മൂടിക്കെട്ടിയ നാടൻധാരമാർ അവിടെയും അധികാരവും നേതൃത്വവും കൈക്കലാക്കിയതു് കഷ്ടമായിരിക്കുന്നു. ഒരു കുഴപ്പവുമില്ലാത്ത ഭാഷാപ്രശ്നത്തെ ഏതെല്ലാം രീതിയിലാണു് ഇട്ടു കുഴയ്ക്കുന്നതെന്നു നോക്കുക. ഇതിന്റെയെല്ലാം ഉദ്ദേശ്യം ഒന്നേയുള്ളൂ: ഇംഗ്ലീഷ്ഭാഷയെ വീണ്ടും ഈ രാജ്യത്തു് ഉറപ്പിച്ചുനിർത്തണം. അധികാരികളുടെ മക്കൾക്കു് ഇംഗ്ലണ്ടിൽ പോകാനും വലിയ ഉദ്യോഗങ്ങൾ കല

Digitized by Kerala Sahitya Akademi

പാരമ്പര്യമായി ലഭിക്കുവാനുംവേണ്ടി സാധുക്കളായ എത്രയോ കോടി കുഞ്ഞുങ്ങൾ ഒരു വിദേശഭാഷ പഠിച്ചു കഷ്ടപ്പെടണം. ഭാരതത്തിനു സ്വന്തമായ ഒരു സംസ്കാരം ഉണ്ടാകരുതെന്നു് ചിലക്കെങ്കിലും വാശിയുള്ളതുപോലെ തോന്നിപ്പോകുന്നു. സൗവ്വലൗകികസംസ്കാരം എന്നു പറയുന്ന സായിപ്പിന്റെ സംസ്കാരം ഭാരതീയരുടെമേൽ അടിച്ചേല്പിക്കണം. ഉടുപ്പു വേണ്ടാത്തവനെക്കൊണ്ടു് ഉടുപ്പിടുവിക്കണം. സസ്യഭക്ഷകളായി കഴിയുന്നവരെ മാംസം തീറ്റിക്കണം. മാതൃഭാഷ സംസാരിച്ചു് ഒരു വിഷമവുമില്ലാതെ സൈരജീവിതം നയിക്കുന്നവരെ വിദേശഭാഷ പഠിപ്പിക്കണം. അതിനുമാത്രമേ വിലയുള്ളു എന്നു വരുത്തണം. അത്യാഗ്രഹങ്ങളും ദുർമ്മോഹങ്ങളും ഇല്ലാതെ അടങ്ങിയൊതുങ്ങി ദിനരാത്രങ്ങൾ കഴിക്കുന്നവരെ സിനിമാ കാണിച്ചു പരസ്യങ്ങൾ നിറഞ്ഞ പത്രം വായിപ്പിച്ചും പുതിയ പുതിയ സാധനങ്ങൾ കാണിച്ചു കൊതിപ്പിച്ചും അസ്വസ്ഥരാക്കണം. യാതൊരുപദ്രവവും ചെയ്യാഞ്ഞവയും അഭയമുദ്രാങ്കിതങ്ങളുമായ ശിലാവിഗ്രഹങ്ങളെ നോക്കി സർവ്വശക്തനായ ഈശ്വരനെന്നു സങ്കല്പിച്ചു് സാഷ്ടാംഗപ്രണാമം ചെയ്യുന്ന ശ്രദ്ധഗതിക്കാരായ സാധുജനങ്ങളെ കൂട്ടത്തോടെ വിളിച്ചുണർത്തി, കാമക്രോധലോഭമോഹമദമാത്സര്യങ്ങൾക്കു് എല്ലാവരെയുംപോലെ വിധേയരായ നേതാക്കന്മാരെന്നു പറയുന്ന മനുഷ്യവിഗ്രഹങ്ങൾക്കുവേണ്ടി ജയ് വിളിപ്പിക്കണം. അവരാണു് ആശാകേന്ദ്രങ്ങളെന്നും പുതിയ ദൈവങ്ങളെന്നും അംഗീകരിപ്പിക്കണം.

ചരിത്രത്തിന്റെ സഹസ്രാബ്ദവിശാലമായ ചുടലക്കളത്തിൽ ഇങ്ങനെ എത്രയെത്ര മനുഷ്യദൈവങ്ങൾ മണ്ണടിഞ്ഞുകിടക്കുന്നു. മരുന്നിലിട്ട സൂക്ഷിച്ചുവരും മഹാമേരുവിനെപ്പോലെയുള്ള സ്മാരകങ്ങളിൽ അടക്കപ്പെട്ടവരും, തനിപ്പൊന്നുകൊണ്ടു പൊതിഞ്ഞുവെച്ചവരും എത്ര പേർ മറവിയിൽ താണുപോയിരിക്കുന്നു. ഭുവനഭൂതികളും ഐശ്വര്യവും സമ്പൽസമൃദ്ധികളും കൈവരുത്തിയതുകൊണ്ടു് ആരും അമരത്വത്തെ പ്രാപിച്ചിട്ടില്ല. കൃത്രിമയശസ്സിന്റെ

Digitized by Kerala Sahitya Akademi

പ്രഭാവലയം കൊലക്കയറിന്റെ കുരുക്കായി രൂപാന്തരപ്പെട്ടു, ഗംഭീരന്മാരായ എത്രയോപേരുടെ ഗളനാളത്തെ ഞെരിച്ചിട്ടുണ്ടു്. ആഭ്യന്തരമായ പ്രേരണകളോ ആത്മാർത്ഥതയോ ഇല്ലാതെ ഭരണക്കൂടത്തിന്റെ അധികാരശക്തി കൊണ്ടുമാത്രം പ്രജാസഞ്ചയത്തിന്റെ തലയ്ക്കുമുകളിൽക്കൂടി പ്രചരിപ്പിക്കുന്ന ജീവിതപ്പുതുമകൾ സംസ്കാരമാവുകയില്ല. മൂകലക്ഷങ്ങളുടെ പ്രതിനിധികളെന്നും രക്ഷിതാക്കളെന്നും ഘോഷിക്കുകയും, അപ്പക്കഷണങ്ങൾ കൊടുത്തു് അവരുടെ വോട്ടു വാങ്ങുകയും, അകമേ അവരെ അജ്ഞേയാറം വെറുക്കുകയും ചെയ്യുന്ന നേതാക്കന്മാരും അധികാരികളുമാണു് ഇന്ത്യയിൽ പെരുകിവരുന്നതു്. ഇവിടുത്തെ മണ്ണിൽ പ്രജാപ്രഭുത്വത്തിന്റെ വളച്ചു് ഈ രൂപത്തിലാണു്. പ്രായപൂർത്തി വോട്ടവകാശവും പൊതുതിരഞ്ഞെടുപ്പും ജനങ്ങളുടെ പാർലിമെന്റും എല്ലാം ഉണ്ടെങ്കിലും ഈ വിധത്തിലുള്ള സമുദായവ്യവസ്ഥിതിയെ സൃഷ്ടിക്കുന്ന ഭരണക്രമം നീചമായ സേച്ഛാപ്രഭുത്വം തന്നെ ആകുന്നു. ജനസഞ്ചയത്തിൽ ഭൂരിപക്ഷത്തിന്റെയും അദ്ധ്യാത്മലോകത്തെ അതു് ഊഷരഭൂമിയായി മാറുന്നു. അവരിൽ അസ്വസ്ഥതയും അസൂയയും അടങ്ങാത്ത അസംതൃപ്തികളും മാത്രമേ അതു് അവശേഷിപ്പിക്കുകയുള്ളു. സംസ്കാരത്തിന്റെ ധർമ്മം ഇതല്ലെന്നു് ആർക്കാണു് അറിഞ്ഞുകൂടാത്തതു്?

അടുത്തതായി സംസ്കാരമണ്ഡലത്തിൽ പ്രചരിച്ചുവരുന്ന മറ്റു ചില മാതൃകകൾ നോക്കാം. ഭാരതം തപോവനങ്ങളുടെ ഒരു ഫെഡറേഷനായിരിക്കണമെന്നും, എല്ലാവരും പണ്ണ്ശാലകളിൽ താമസിക്കണമെന്നും, മഹർഷിമാർ ഭരണം നടത്തണമെന്നും വാദിക്കുന്നവരുണ്ടു്. കാറും വിമാനവും തീവണ്ടിയും, കാളവണ്ടിപോലും, അവർക്കു നിഷിദ്ധമാണു്. സിനിമാ, റേഡിയോ, കമ്പിത്തപാൽ, എന്നുവേണ്ട സോപ്പു്, ചീപ്പു്, കണ്ണാടി കടലാസ്സു തുടങ്ങിയ സാധനങ്ങൾ ഒന്നുംതന്നെ ആവശ്യമില്ല. മനുഷ്യർ വസ്ത്രങ്ങളോ മരവുരിയോ ഉടുക്കേണ്ടതെന്നു് അവർ തീച്ചയാക്കിയിട്ടില്ല. വേദവും ഉപനിഷത്തും ഗീതയും പുരാണ

Digitized by Kerala Sahitya Akademi

ങ്ങളുമല്ലാതെ ഒരു ഗ്രന്ഥവും പ്രചരിപ്പിക്കുകയില്ല. (ഇതേ മാതൃകയിൽപ്പെട്ട മറ്റുചിലരുടെ ഖുർആനോ, ബൈബിളോ മാത്രം മതി. മറ്റു കാര്യങ്ങളിൽ അഭിപ്രായഭേദമില്ല.) ലളിതജീവിതവും ഉന്നതചിന്തയുമാണ് ഇക്കൂട്ടരുടെ ലക്ഷ്യം. ഇവരിൽ ചിലരെങ്കിലും അഭിപ്രായസ്ഥിരതയോടെ തങ്ങളുടെ ഉപദേശിക്കുന്ന രീതിയിൽ ജീവിക്കാനും ശ്രമിക്കുന്നുണ്ടായിരിക്കാം. പക്ഷേ, വ്യക്തിഗതമായ സാധാരണ കാര്യജീവിതത്തിൽപ്പോലും പ്രസംഗിക്കുന്നതു മുഴുവനും പ്രവൃത്തിയിൽ വരുത്തുവാൻ പ്രയാസമാണെന്നു മനസ്സിലാക്കുന്നുമുണ്ടാവണം. കുംഭമേളയ്ക്കു പോകുവാൻ കാൽനടയല്ല തീവണ്ടിയാണ് നല്ലതെന്നു രണ്ടുദിവസം നടന്നു കഴിയുമ്പോഴേക്കും അവർക്കു ബോദ്ധ്യമാകും. പ്രയാഗ, വാരാണസി, ഹരിദ്വാർ, ഋഷീകേശ് മുതലായ പുണ്യതീർത്ഥങ്ങളിൽ വിശേഷദിവസങ്ങളിൽ തിങ്ങിക്കൂടുന്നവരിലും സ്ഥിരതാമസമാക്കിയിട്ടുള്ളവരിലും തൊണ്ണൂറൊൻപതു ശതമാനം പേരും ഭിക്ഷാഗ്രഹികളും വഞ്ചകന്മാരും സകലവിധത്തിലുള്ള നീചപ്രവൃത്തികളുടെയും നികേതനങ്ങളുമാണെന്നും അവർ അനുഭവിച്ചുറിയും. എന്നതുകൊണ്ടായില്ല, തങ്ങൾ വെറുക്കുന്ന പരിഷ്കൃതജീവിതത്തിൽ മാത്രമേ ഇത്തരം ഖലപ്രവൃത്തികൾക്ക് കാര്യക്ഷമമായ വല്ല പ്രതിവിധിയും ലഭിക്കുന്നുള്ളൂ എന്ന വസ്തുതയും അംഗീകരിക്കേണ്ടിവരും.

ഇത്തരം നേതൃത്വം അന്ധവും ബധിരവും മാത്രമല്ല, ആദ്യം പറഞ്ഞ കൂട്ടരുടേതുപോലെതന്നെ ആത്മാർത്ഥതയില്ലാത്തതുമാകുന്നു. പരിഗ്രഹതൃഷ്ണയിൽനിന്നാണ് അത്യാഗ്രഹം ജനിക്കുന്നതു്. സ്വാർത്ഥപൂർത്തി മാത്രമാണ് അതിന്റെയും ലക്ഷ്യം. അന്യരെക്കാളും മേന്മ നേടണമെന്നും, ഭുവനഭോഗങ്ങളും പരമാവധി കരസ്ഥമാക്കണമെന്നും സമുദായത്തെ സ്വാധീനവത്തിയാക്കണമെന്നും ഉള്ള ദുരാഗ്രഹം ഈ ജടാജൂടങ്ങളിൽ ഒളിച്ചിരിപ്പുണ്ട്. തരം കിട്ടിയാൽ മറ്റുള്ള സകലരുടേയും മേൽ കുതിരകയറുവാനും ഇക്കൂട്ടർ മടിക്കുകയില്ല. സന്ദർശകരെ സ്വീകരിക്കുവാൻ പണ്ഡശാലയും സ്വകാര്യജീവിതത്തിനു്, ഭൂമിക്കടിയിലെങ്കിലും, മനോഹരസൗധങ്ങളും അവർ നിർമ്മിക്കും. ലോകത്രാണമല്ലാതെ

Digitized by Kerala Sahitya Akademi

മറ്റൊരു ചിന്തയുമില്ലെന്നു ഭാവിക്കുമെങ്കിലും നക്കിക്കൊല്ലുന്നതിലും, കുത്തിക്കൊല്ലുന്നതിലും യാതൊരു ക്ലേശവും അവർ കാണിക്കുകയില്ല. ഇന്ത്യയിൽ പല ഭാഗത്തും അതിസമർത്ഥന്മാരായ ഇത്തരം ജീവന്മുക്തന്മാർ ഇന്നും വൻതോതിലുള്ള ആദ്ധ്യാത്മിക 'ബിസിനസ്സു'' നടത്തിവരുന്നുണ്ടു്. ഇവരിൽ ചിലരൊക്കെ അദ്ധ്യാത്മസാക്ഷാൽക്കാരത്തിന്റെ പ്രാന്തദർശനം സിദ്ധിച്ചിട്ടുള്ളവരാണെന്നുള്ളതു തീർച്ചയാണു്. അവരുടെ അത്ഭുതസിദ്ധികളെപ്പറ്റിയുള്ള പ്രശസ്തി അഞ്ചുഭൂഖണ്ഡങ്ങളിലും പരന്നിട്ടുള്ളതായിക്കാണാം. ന്യൂയോർക്കിലും മോണ്ടിവിഡിയോവിലും പാരിസ്സിലും ഓക്സ്ഫോർഡ്സ്സിലും എല്ലാം അവരെ ആരാധിക്കുന്നവരുണ്ടു്; ഒരു നോക്കു കണ്ടിട്ടു മരിച്ചാൽ മതിയെന്നു പ്രാർത്ഥിക്കുന്നവരുണ്ടു്. പക്ഷേ, അയൽപക്കത്തുകാരോടും അടുത്തുള്ള ബാങ്കുകാരോടും ഗ്രഥമായി അന്വേഷിച്ചാൽ ഇതും സംസ്കാരലേശമില്ലാത്ത ഒരു വ്യവസായമാണെന്നു തെളിയും. ഇങ്ങനെ ജടാമകുടം ചൂടി, ഇന്ത്യയുടെ മാത്രമല്ല ലോകത്തിന്റെ മുഴുവനും പരിത്രാണനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചു അദ്ധ്യാത്മചക്രവർത്തികൾക്കു് പാരസ്പരമുള്ള കുശുമ്പും സ്പർദ്ധയും ഉപജാപങ്ങളും കലഹങ്ങളെപ്പോലും പ്രജ്വലിപ്പിക്കുന്നതാണു്. അവരും തങ്ങൾക്കു ചുറ്റും യശസ്സിന്റെ പ്രഭാവലയം നിർമ്മിക്കുവാൻ കഠിനയത്നം ചെയ്യുന്നുണ്ടു്. അതു പക്ഷേ, നേതൃത്വമോ അമരപദമോ പ്രാപിക്കാമെന്നു മോഹിച്ചിട്ടല്ല. 'ബിസിനസ്സി'ന്റെ അഭിവൃദ്ധിക്കും ആദായത്തിന്റെ അനസ്യൂതപ്രവാഹം സംരക്ഷിക്കുവാനും വേണ്ടിയാണു്.

അദ്ധ്യാത്മസിദ്ധികളുടെ ദുർവിനിയോഗം അധികാരശക്തിയുടെ ദുർവിനിയോഗത്തെക്കാൾ എത്രയോ അധികം ദോഷംചെയ്യുമെന്നു പറയേണ്ടിയിരിക്കുന്നു. അധികാരദുഷ്പ്രഭുത്വം ജനങ്ങളുടെയിടയ്ക്കു് അചിരേണ പ്രതിഷേധബുദ്ധി ഉളവാക്കുമെന്നുള്ളതു തീർച്ചയാണു്. അതു് വിപ്ലവങ്ങൾക്കും അതുപോലെയുള്ള ശീഘ്രതരമായ പ്രതിവിധികൾക്കും ഇടയാക്കുന്നു. ഇവ ദുരധികാരികളെ ക്ഷണേന കടപുഴക്കുകയും അവർ സൃഷ്ടിച്ച കൃത്രിമസംസ്കാ

Digitized by Kerala Sahitya Akademi

രത്തെ നാമാവശേഷമാക്കുകയും ചെയ്യുന്നു. ആധുനിക ലോകത്തിന്റെ രാഷ്ട്രീയചരിത്രം ഇത്തരം സംഭവങ്ങൾ കൊണ്ടു നിറഞ്ഞതാണു്. ഇറ്റലിയുടെയും ജർമ്മനിയുടെയും കഴിഞ്ഞ തലമുറയിലെ അനുഭവങ്ങൾ ഇതിനു തെളിവാകുന്നു. ഫാഷിസവും നാത്സിസവും വെറും ഭരണക്രമങ്ങൾ മാത്രമായിരുന്നില്ല; ശാസ്ത്രീയരീതിയിൽ പടിപടിയായി, വളരെ ശ്രദ്ധിച്ചു്, വളർത്തിയെടുത്ത കൃത്രിമ സംസ്കാരങ്ങളായിരുന്നു. കേവലം പത്തുവർഷംകൊണ്ടാണു് അവ ഭീകരോജ്ജ്വലമായ രൂപത്തിലും ഭാവത്തിലും വികസിച്ചതു്. പക്ഷേ, അവയുടെ പരിപൂർണ്ണസംഹാരത്തിനു് അതിന്റെ പകുതി സമയംപോലും വേണ്ടിവന്നില്ല. അദ്ധ്യാത്മസിദ്ധികളുടെ ദുർവിനിയോഗത്തിൽ നിന്നുണ്ടാകുന്ന അന്തസ്സാരവിഹീനമായ കൃത്രിമസംസ്കാരത്തിന്റെ കാര്യത്തിൽ ഇത്രപോലെ ശീഘ്രതരമായ പ്രതിവിധിയും പരിഹാരവും സാധ്യമല്ല. അതിന്റെയും ചെമ്പു തെളിയുമെന്നുള്ളതു തീർച്ചയാണു്. എങ്കിലും അതു വരുത്തിയ ദോഷങ്ങൾ അനേകം നൂറ്റാണ്ടുകൾതന്നെ നിലനിന്നേക്കും. മനുഷ്യന്റെ ആഭ്യന്തരപ്രകൃതിയുമായി ഇടകലർന്നു് സദ്വാസനകളെ ഉണർത്തി, ആത്മാവിൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടാണു് ഈ മണ്ഡലത്തിൽ നേതൃത്വം നേടുന്നവർ അവനെ കബളിപ്പിക്കുന്നതു്. പണ്ഡിതശാലകൾക്കു തീവെയ്ക്കുകയും കപടസിദ്ധന്മാരെ പേപ്പട്ടികളെപ്പോലെ തല്ലിക്കൊല്ലുകയും ചെയ്യുന്നതു് എളുപ്പമാണെങ്കിലും "ആരും ചീത്തയായിരുന്നെന്നുകിലും ആദർശം നല്ലതാണു്" എന്ന വിശ്വാസം ശേഷിക്കും. ഇതു് പ്രതിവിധികൾക്കല്ല പ്രതീക്ഷയ്ക്കാണു് വഴി നല്കുന്നതു്. നല്ല യാളുകൾ ഇന്നല്ലെങ്കിൽ നാളെ ഉണ്ടാകുമെന്ന പ്രതീക്ഷ. ഈ ആദർശപുരുഷന്മാരുടെ ആവിർഭാവത്തിനുവേണ്ടി ആകല്പകാലം കാത്തിരിക്കുവാൻകൂടി കബളിതമായ ജനസമുദായം സന്നദ്ധമാകും.

ഭാരതീയർക്കു് ഈ വസ്തുത മനസ്സിലാക്കുവാൻ പ്രയാസമില്ല. അതുല്യമായ ആദ്ധ്യാത്മികനേതൃത്വത്തെ ദുർവിനിയോഗംചെയ്തു് ഒരു ഭൂഖണ്ഡത്തിലെ ജനങ്ങളെ മുഴുവ

Digitized by Kerala Sahitya Akademi

നും ആയിരമായിരം കൊല്ലക്കാലം വഴിതെറ്റിച്ച അനുഭവമാണ് നമ്മുടെ ചരിത്രത്തിലുള്ളത്. ഭ്രമുഖത്തു് മറ്റൊരിടത്തും ഇത്രത്തോളം ആഴത്തിൽ പതിഞ്ഞ, ഇത്രയും ദീർഘമായി നിലനിന്ന, ഒരു സംസ്കാരച്യുതി ഉണ്ടായിട്ടില്ല. യൂറോപ്പിൽ ക്രിസ്തുമതം ശക്തിയും പ്രചാരവും നേടി കുറച്ചുകാലം കഴിഞ്ഞപ്പോൾ ഇതുപോലെയുള്ള ഒരു മാഗ്ഭ്രംശം ഉണ്ടായതായി കാണുന്നുണ്ടു്—'ഇരുണ്ട യുഗം' എന്നു പറയുന്ന ചരിത്രദശ. അതു പക്ഷേ, രാഷ്ട്രീയകാര്യങ്ങളുമായി കൂടിക്കുഴയുകയും ഒരുതരം യുദ്ധത്തിന്റെ സ്വഭാവം കൈക്കൊള്ളുകയും ചെയ്തുകയാൽ, ഭരണപരമായ ഉദ്ധികാരപ്രയോഗംപോലെയാണു് ജനങ്ങൾക്കനുഭവപ്പെട്ടതു്. ആദ്ധ്യാത്മികമായ നേതൃത്വത്തെ ഉപേക്ഷിച്ചുവർ ഒരു സമരസംഘടനപോലെ പ്രവർത്തിച്ചു. ഇൻക്വിസിഷൻപോലെയുള്ള നിഷ്ഠുരതകളാണു് അവർ സ്വീകരിച്ചതു്. ഇതിന്റെ നേർക്കുള്ള പ്രതിക്രിയയും നിഷ്ഠുരമായ രീതിയിൽത്തന്നെ സംഭവിച്ചു. ദീർഘമായ മതയുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുകയും വഴിപിഴച്ച ആദ്ധ്യാത്മസംസ്കാരത്തെ നിയന്ത്രിച്ചു് നേരെയാക്കുകയും ചെയ്തു. ഭാരതത്തിലെ അനുഭവങ്ങളും ഇത്രയ്ക്കുഗ്രം നാടകീയമായിരുന്നില്ല. ജീവിതത്തിന്റെ അർത്ഥത്തെയും പരമമായ ലക്ഷ്യത്തെയും ആദ്ധ്യാത്മസാധനയിലൂടെ അനുഭവിച്ചറിഞ്ഞ അതുല്യമായ ഒരു സംസ്കാരത്തിന്റെ പിൻതുടച്ചുക്കാർ, കാലക്രമണ ഉന്മോഹത്തിനു വശഗരായി നേരായ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുകയും, ധർമ്മസംഹിതകളുടെ പേരിൽ സമുദായങ്ങൾ കബളിപ്പിച്ചു, സമസ്തസൃഷ്ടിസ്നേഹവും ഈശ്വരനെന്നതും മറന്നു് എത്രയോ ലക്ഷം ജനങ്ങളെ അതിനീചമായി ദ്രോഹിക്കുകയും ചെയ്തു.

ആർക്കും അവകാശപ്പെട്ടതും ആരെയും അകറ്റിനിർത്താത്തതും, മനുഷ്യരെ മാത്രമല്ല, സമസ്തചരാചരങ്ങളെയും സച്ചിതാനന്ദസ്വരൂപവും അനുഭവൈകവേദ്യവുമായ ഒരേ സത്തയിൽ കോർത്തുനിർത്തുന്നതുമായ ഉപനിഷൽ സംസ്കാരത്തിന്റെ കാലം ഒന്നോർത്തുനോക്കുക. പ്രകൃതിയും മനുഷ്യനുമായി ഇത്രമേൽ പൊരുത്തം നേടിയ ഒരു

Digitized by Kerala Sahitya Akademi

കാലം ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ല. അതിന്റെ സ്മരണപോലും നമ്മെ കോരിത്തരിപ്പിക്കുന്നു. വലിയ കവിയായ കാളിദാസൻ തരംകിട്ടുമ്പോഴൊക്കെ, മദമാത്സര്യമലീമസമായ ലൗകികജീവിതത്തിനെതിരേ ആ അത്ഭുതസംസ്കാരത്തെ വരച്ചുകാണിച്ച് നമ്മെ കൊതിപ്പിക്കുന്നു. നമ്മുടെ ആധുനികകവികളെയും അതു കോരിത്തരിപ്പിക്കുന്നതായി കാണാം. "ഉടജത്തിന്റെ കെടാവിളക്കുകളാ"യ മുനീന്ദ്രയോഷമാരെപ്പറ്റി പറയുന്ന ഘട്ടത്തിൽ കുമാരനാശാൻ എഴുതുന്നതു നോക്കുക:

"തരുപക്ഷിമൃഗങ്ങളോടുമി—
ന്നരരോടും സുരരോടുമെന്നുമേ
ഒരുമട്ടിവരുള്ളിലേന്തുമ—
സ്സരളസ്നേഹരസം നിനപ്പു ഞാൻ.

അനലാക്ഷവിധുക്കളാവിധം
വനശൈലാദികളം വേദമെന്നതിൽ
മനതാരലയാതവക്കെഴും
ഘനമാമാസ്തികബുദ്ധിയോപ്പു ഞാൻ."

(ചിന്താവിഷ്ടയായ സീത)

കാളിദാസന്റെ പെറ്റമ്മയായി ചിത്രീകരിച്ചിരിക്കുന്ന സംസ്കൃതഭാഷയെക്കൊണ്ടു പി. കുഞ്ഞിരാമൻനായർ പറയിക്കുന്നു:

"വ്യോമസന്തപ്തകമന്ത്രസുരഭില—
ധൂമം പടരുന്നോരാശ്രമവാടിയിൽ,
കുന്നിൻചെരുവിലുഷസ്സു ചന്താരുപോൽ
പൊൻതാലമേന്തിനില്ക്കുന്നോരുവേളയിൽ
മാർത്താണ്ഡമണ്ഡലം ഋസവനയജ്ഞാഗ്നി—
കുണ്ഡമായ് കുങ്കുമജ്വാലികുന്ന വേളയിൽ
ആശ്രമവൃക്ഷങ്ങളം പോറ്റും പറവക—
ളാത്മായഗീതം മുഴക്കും പുലരിയിൽ
പുല്ലണിമത്തവിരിയിൽപ്പുലിയൊത്തു
പുള്ളിമാൻകൂട്ടം മയങ്ങുന്ന വേളയിൽ

Digitized by Kerala Sahitya Akademi

നീരവശാന്തത വേണ്ടുവോളം ദേവ–
ദാരുമരത്തിൻ മരതകച്ഛായയിൽ
താപസകന്യയായ് വാണു നനച്ചു ഞാൻ
ഭാരതഭൂമിതന്നാശ്രമവാടിയെ."

രാജാക്കന്മാർക്കും കുബേരന്മാർക്കും മാത്രമല്ല, നിഷാദനും മുക്കുവത്തിയുടെ പുത്രനും എന്നുവേണ്ട മനുഷ്യനായി പ്പിറന്ന ഏതൊരുത്തനും ആ സംസ്കാരത്തിന്റെ ശ്രീകോവിലിൽ അന്ന പ്രവേശനമുണ്ടായിരുന്നു. പക്ഷേ, പില്ക്കാലത്തു് അതിനുണ്ടായ അധഃപതനം എത്ര ഭയങ്കരമായിരുന്നു എന്നു് ആലോചിക്കുക:

"ഭേദമില്ലാത്ത പൊരുളിനെക്കാഹള–
മുതിവാഴ്ത്തീടുന്ന വേദം നാലും
വൈദികമാനികം മർത്ത്യരിൽ ഭേദവും
ഭേദത്തിൽ ഭേദവും ജല്പിക്കുന്നു.
എന്താരു വൈകൃതം ബ്രഹ്മവിദ്യേ നിന്നി–
ലെന്താണിക്കാണുന്ന രൂപപരീത്യം
നിർണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണിലുർഗംഗയ്ക്കുമുണ്ടായീല."

(കുമാരനാശാൻ: ദുരവസ്ഥ)

നമ്മുടെ മണ്ണിൽ പ്രാചീനകാലത്തു് അത്ഭുതകരമായ ആദ്ധ്യാത്മസംസ്കാരത്തിനു സംഭവിച്ച ഈ അധഃപതനത്തിന്റെ ദോഷങ്ങളും മറ്റു ജനത എന്ന നിലയിൽ നമ്മെ ഇന്നും പിന്തുടരുകയാണു്. ഭയാനകമായ ഈ വിഷബാധയിൽനിന്നു ഭാരതീയരെ രക്ഷിക്കുവാൻവേണ്ടി മഹാത്മാഗാന്ധി തന്റെ ആയുഷ്കാലം മുഴുവനും ചെലവഴിച്ചു. എന്നിട്ടും അവരുടെ മനസ്സാക്ഷിയെ ഉണർത്തുവാനല്ലാതെ പ്രസ്തുത അനാചാരങ്ങളെ നിശ്ശേഷം നീക്കിക്കളയുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഭരണഘടനയിലെ രക്ഷാവ്യവസ്ഥകളും മുൻകരുതലുകളും താക്കീതുകളും എല്ലാമുണ്ടെങ്കിലും തരംകിട്ടിയാൽ ഈ അനാചാരങ്ങൾ ഇനിയും തേർവാഴ്ച നടത്താതിരിക്കുകയില്ല. അതിന്റെ വേര

Digitized by Kerala Sahitya Akademi

കംപോലും മാന്തിയെടുത്തു തീയിലിട്ടു നശിപ്പിക്കുവാൻ ഇനിയും അനേകം തലമുറകൾ കഴിയേണ്ടിവരുമെന്നു തോന്നുന്നു. അതുപോലെ ആഴത്തിലാണു് അതു വ്യാപിച്ചിരിക്കുന്നതു്.

ബ്രഹ്മവിദ്യ ഒരു കൂട്ടരുടെ കുത്തകയായും പൈതൃകമായും, ഒടുവിൽ ബ്രാഹ്മണമേധാവിത്വമായും അധഃപതിച്ചതു കണ്ടു നമുക്കു ഭാരതം തപോവനങ്ങളുടെ ഫെഡറേഷനാകണമെന്നും മറ്റും പറയുന്നതു കേൾക്കുമ്പോൾ കലികൊള്ളുന്നതു സ്വാഭാവികമാണു്. സ്വാതന്ത്ര്യപ്രാപ്തിയോടുകൂടി ആവാഹിച്ചുടക്കിയ അനാചാരദുർഭൂതത്തെ വീണ്ടും സമുദായമദ്ധ്യത്തിൽ അഴിച്ചുവിടുവാനുള്ള ആഭിചാരവിദ്യയായി മാത്രമേ ഈ വാദങ്ങളെ വ്യാഖ്യാനിക്കുവാൻപ്പെടുകയുള്ളൂ. ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും. ഭാരതത്തെ ഒരു മതേതരരാഷ്ട്രമായി പ്രഖ്യാപിച്ചതിന്റെ പ്രധാന കാരണം ഈ ഭയമാണു്. എന്നുവെച്ചു ഭാരതീയർക്കും, വിശിഷ്യ ഹിന്ദുക്കൾക്കും മാത്രമേ ഇത്തരം സംസ്കാരച്യുതി ഉണ്ടായിട്ടുള്ളു എന്നു ധരിക്കരുതു്. എല്ലാ മതക്കാർക്കും ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. ക്രിസ്തുമതത്തിന്റെ കാര്യം നേരത്തെ പറയുകയുണ്ടായി. ഇതാ മറ്റൊരു ഉദാഹരണം:

"തഥാഗതൻ തപസ്സിൽ മോക്ഷം തേടുന്നില്ല. എന്നാൽ അതേസമയംതന്നെ ലൗകികസുഖഭോഗങ്ങളിൽ മുഴുകുന്നുമില്ല. തഥാഗതൻ മദ്ധ്യമാർഗ്ഗം കണ്ടെത്തിയിരിക്കുന്നു.

മത്സ്യമാംസങ്ങൾ വെടിയുന്നതുകൊണ്ടോ, നഗ്നനായി നടക്കുന്നതുകൊണ്ടോ, തല മുണ്ഡനം ചെയ്യുന്നതുകൊണ്ടോ, പരുക്കൻ വസ്ത്രങ്ങൾ ഉടുക്കുന്നതുകൊണ്ടോ, ദേഹത്തിൽ ചേറണിയുന്നതുകൊണ്ടോ, അഗ്നിയിൽ ഹോമം ചെയ്യുന്നതുകൊണ്ടോ, മനുഷ്യൻ ശുദ്ധീകരിക്കപ്പെടുന്നില്ല—ആഗ്രഹങ്ങളിൽനിന്നു് അവൻ വിമുക്തനല്ലെങ്കിൽ.

ഒരു മദ്ധ്യമാർഗ്ഗം, രണ്ടു് എതിർധ്രുവങ്ങളെയും ഒഴിവാക്കിക്കൊണ്ടുള്ള ഒരു മാർഗ്ഗം, തഥാഗതൻ കണ്ടെത്തി

Digitized by Kerala Sahitya Akademi

യിരിക്കുന്നു—മനശ്ശാന്തിയിലേക്കും, സമുന്നതവിജ്ഞാനത്തിലേക്കും, പരിപൂർണ്ണബോധത്തിലേക്കും, നിർവ്വാണത്തിലേക്കും നയിക്കുന്ന മഹാമാർഗ്ഗം.

സുഖഭോഗങ്ങളിൽ മുഴുകുന്നതു് വികാരങ്ങൾക്കു് അടിമപ്പെടലാണു്. എന്നാൽ ജീവിതാവശ്യങ്ങൾ നിർവ്വഹിക്കുന്നതു് ഒരു ദൂഷ്യമല്ല. താമരയ്ക്കു ചുറ്റും വെള്ളമുണ്ടു്. പക്ഷേ, ആ വെള്ളം അതിന്റെ ദളങ്ങളെ നനയ്ക്കുന്നില്ലല്ലോ. ഇതുതന്നെയാണു് മദ്ധ്യമാർഗ്ഗം—രണ്ടു് എതിർധ്രുവങ്ങളിൽനിന്നും അകന്നുനിൽക്കൽ—നിർവ്വാണമാർഗ്ഗം."

(ബുദ്ധന്റെ കാശിയിലെ ഉപദേശപ്രസംഗം)

ലളിതവും വിചാരരമണീയവും യുക്തിസഹവുമായ ഈ ഉപദേശത്തിലൂടെ ഉടലെടുത്ത സൗമ്യവും സൗഭ്രാതൃവിശിഷ്ടവുമായ ബുദ്ധമതം പിൽക്കാലത്തു് ഒരു പുരോഹിതദുഷ്പ്രഭുത്വമായി അധഃപതിക്കുകയുണ്ടായി. ഹിന്ദുമതത്തിലെ ഏതു ദോഷങ്ങൾക്കെതിരായി തഥാഗതൻ പ്രതിഷേധശബ്ദം ഉയർത്തുകയും ആജീവനാന്തം പ്രയത്നിക്കുകയും ചെയ്തുവോ അതേ ദോഷങ്ങൾതന്നെ അദ്ദേഹം പ്രചരിപ്പിച്ച മതത്തെയും ഗ്രസിച്ചു സാധാരണക്കാരനു മനസ്സിലാകാത്ത തത്ത്വജ്ഞാനങ്ങളും അന്ധവിശ്വാസങ്ങളും അനുഷ്ഠാനങ്ങളും അതിന്മേൽ ഒട്ടിച്ചുചേർത്തു് ചിലയാളുകൾ അതിന്റെ കുത്തകക്കാരായി. "ദൈവത്തിനു തരാമെന്നുണ്ടെങ്കിലും പൂജാരി സമ്മതിക്കുകയില്ല" എന്ന നിലവന്നുകൂടി. അല്ലെങ്കിൽ എന്തിനു് അത്രവളരെ പുറകോട്ടു പോകുന്നു? ബുദ്ധിയുടെയും ചിന്തയുടെയും സ്വാതന്ത്ര്യത്തെ സംരക്ഷിക്കുവാനാണല്ലോ മതത്തിന്റെനേർക്കു പോർവിളി മുഴക്കിയിരിക്കുന്നു് ആധുനികശാസ്ത്രം ആവിർഭവിച്ചതു്. മുന്നൂറു വർഷത്തെ അശ്രാന്തയത്നംകൊണ്ടു് അതിനുണ്ടായ നേട്ടങ്ങളും അതു പരത്തിയ സ്വാതന്ത്ര്യബുദ്ധിയും നിസ്തുലമാണു്. പക്ഷേ, അതു മുഴുവനും രാഷ്ട്രീയ സാമ്പത്തിക അധികാരത്തിന്റെ പിടിയിൽ അമർന്നുപോയിരിക്കുന്നു. ഉള്ളിലെ ലോകത്തിന്റെ രഹസ്യ

Digitized by Kerala Sahitya Akademi

ങ്ങളും കണ്ടുപിടിക്കുവാനും, അതിലൂടെ പരമമായ ആനന്ദം അനുഭവിക്കുവാനും യത്നിച്ച മഹർഷിമാരുടെ ജ്ഞാനവും സിദ്ധികളും ഉപയോഗിച്ചാണല്ലോ പിൽക്കാലത്തു് പുരോഹിതവർഗ്ഗം സമുദായത്തിന്റെമേൽ ആധിപത്യം സ്ഥാപിക്കുകയും സ്വാർത്ഥപൂർത്തിക്കായി അതിനെ ദ്രോഹിക്കുകയും ചെയ്തതു്. ഗലീലിയോ മുതൽ ഐൻസ്റ്റൈൻ വരെയുള്ള ശാസ്ത്രജ്ഞന്മാർ ധീരതയും നിസ്സ്വാർത്ഥതയുമായ യത്നംകൊണ്ടു് ബാഹ്യപ്രകൃതിയെസംബന്ധിച്ചും വിലയേറിയ ഉപദർശനങ്ങളിൽ ചെന്നെത്തി. ഈ വിജ്ഞാനത്തെയും ഉപദർശനങ്ങളെയും ഉപയോഗപ്പെടുത്തിയാണു് ഇന്നത്തെ വ്യവസായദുഷ്പ്രഭുക്കളും, അവർ മനുഷ്യരിൽ സൃഷ്ടിക്കുകയോ, അവരിൽനിന്നു താനേ ജനിക്കുകയോ ചെയ്യുന്ന രാഷ്ട്രീയ ദുഷ്പ്രഭുക്കളും, ആധുനികസമുദായങ്ങളുടെമേൽ ആധിപത്യം സ്ഥാപിക്കുകയും മഹായുദ്ധങ്ങളും ശീതയുദ്ധങ്ങളും നടത്തി അവയെ ദ്രോഹിക്കുകയും ചെയ്യുന്നതു്.

ഇങ്ങനെ നോക്കിയാൽ ആദ്യം പറഞ്ഞ ഭരണശക്തിയുടെ അധികാരികളും, രണ്ടാമത്തെ മാതൃകയിൽപ്പെട്ട ആദ്ധ്യാത്മശക്തിയുടെ അധികാരികളും തമ്മിൽ അടിസ്ഥാനപരമായി വലിയ വ്യത്യാസമില്ലെന്നു കാണാം. ജ്ഞാനത്തിന്റെ ഉപാസകന്മാരും ലോകസംഗ്രഹത്തിനുവേണ്ടി ജീവിതം നയിച്ചവരും സാധനയിലൂടെയും യാതനയിലൂടെയും മനുഷ്യരാശിക്കു നേടിക്കൊടുത്ത മഹാഭാഗ്യങ്ങളെ സംരക്ഷിക്കുന്നതിനും യഥാവിധി കൈകാര്യം ചെയ്തു് സമുദായത്തെ നന്മയിലേക്കു നയിക്കുന്നതിനും ചുമതലപ്പെട്ടവരാണു് അവർ. രക്ഷാകർത്താക്കളുടെയോ 'ട്രസ്റ്റി'കളുടെയോ സ്ഥാനമേ അവർക്കുള്ളു. പക്ഷേ, ഭാഗ്യം മുത്തു് ഊരായ്മ എന്നു പറഞ്ഞതുപോലെ അവർ അതെല്ലാം കൈയടക്കി സ്വന്തമാക്കി. തങ്ങൾക്കുമാത്രം അവകാശപ്പെട്ടതാണെന്നു വരുത്തി. തങ്ങളുടെ കാലശേഷം സ്വസന്താനങ്ങൾക്കു മാത്രമേ കിട്ടാവൂ എന്നു നിയമമുണ്ടാക്കി. അതിരുകവിഞ്ഞ സ്വാർത്ഥബുദ്ധിയും ലോഭമോഹങ്ങളുമാണു് ഇതിനു് ഇടയാക്കിയതു്. ഇടനിലക്കാരും

Digitized by Kerala Sahitya Akademi

ല്ലാളികളും ഇങ്ങനെ ചെയ്യുന്നതു ലോകജീവിതത്തിൽ സാധാരണമാണു്. പണ്ടത്തെ ബ്രാഹ്മണരും ആധുനിക കാലത്തെ നാടൻ ധാരമാരും ഒരേ പ്രതിഭാസമാണു് ആവിഷ്കരിക്കുന്നതു്.

മൂന്നാമതായി നമുക്കു പരിഗണിക്കേണ്ട മാതൃക പരിഷ്കൃതജീവിതത്തിന്റെയും നവീനസമ്പ്രദായങ്ങളുടെയും ഒഴുക്കിൽനിന്നെല്ലാം അകന്നുനില്ക്കുന്നവനും നേതാക്കന്മാരുടെയും രാഷ്ട്രീയകക്ഷികളുടെയും മുതലക്കണ്ണുനീരിൽ മുഷ്ടം മുങ്ങിക്കിടന്നിട്ടും ഇനിയും മുഴവനും മരിച്ചിട്ടില്ലാത്തവനും, ജഗദീശ്വരനല്ലാതെ മറ്റാക്കും വേണ്ടാത്തവനുമായ സാധാരണക്കാരനാണു്. ഈ മാതൃക ഇന്നത്തെ കേരളത്തിൽ മിക്കവാറും ഇല്ലെന്നുതന്നെ പറയാം. ഇവിടെയുള്ളവരെല്ലാംതന്നെ പരിഷ്കാരത്തിന്റെ സ്വാദറിഞ്ഞവരാണു്; കുറഞ്ഞപക്ഷം പരിഷ്കാരമെന്തെന്നു വളരെ അടുത്തുനിന്നെങ്കിലും കണ്ടിട്ടുള്ളവരാണു്. ഈ ഭാഗ്യമോ ഭാഗ്യദോഷമോ ഉണ്ടായിട്ടില്ലാത്തവരും, ഇരുകാലിമാടുകളെന്നുതന്നെ വിളിക്കാവുന്നവരുമായ ജനങ്ങളെ കാണണമെങ്കിൽ മദ്ധ്യപ്രദേശം, ആന്ധ്ര, ഒറീസ്സ എന്നീ സംസ്ഥാനങ്ങളുടെ അകന്നൊഴിഞ്ഞ ഗ്രാമങ്ങളിൽ പോകണം. തമിഴ്നാട്ടിലും അങ്ങിങ്ങായി കാണാം. അനേകായിരം വർഷങ്ങളായി തുടരെ കൃഷിചെയ്തും, ആടുമാടുകളെ മേഞ്ഞു വെളുപ്പിച്ചും, തണൽമരങ്ങളോ ശാദ്വലങ്ങളോ പലപ്പോഴും ജലമയംപോലുമോ ഇല്ലാതെയും കിടക്കുന്ന ഭൂമിയിൽ കള്ളിമുള്ളും കടലാവണക്കുംപോലെയാണു് ഈ മൂകലക്ഷങ്ങൾ ജീവിക്കുന്നതു്. കാറിൽ പറന്നും മുഴവെള്ളത്തിൽ ഒലിച്ചും മണ്ണെല്ലാം നീങ്ങിപ്പോവുകയാൽ അവരുടെ ചുറ്റുപാടും വലിയവലിയ പാറകളും മുഴച്ചുനില്ക്കുന്നു. പാറക്കൂട്ടങ്ങളുടെ ആകൃതിക്കൂടിയും കാലാന്തരംകൊണ്ടു മിനുസപ്പെട്ടുപോയിരിക്കുന്നു. വികൃതവും ഭീകരവുമായ രൂപങ്ങളിൽ ആരോ അവയെ അടുക്കിവെച്ചിരിക്കുന്നതുപോലെ തോന്നും. മലയച്ചന്മാക്കുവേണ്ടി നിർമ്മിച്ചു ചുമട്ടുതാങ്ങികൾപോലെയും, അസുരബാലന്മാർ കളിക്കുവാൻവേണ്ടി പെറുക്കിവെച്ച കല്ലുകൾപോലെയുമിരി

Digitized by Kerala Sahitya Akademi

ക്കും. അവിടെ നട്ടുച്ചയും പാതിരാത്രിയും ഒരുപോലെ ഭീതിദമാണു്. സായംസന്ധ്യകാലം നിഴലുകാലം നിറഞ്ഞു്, മുകഭീകരമായി പൂടലക്കളത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു. പ്രഭാതത്തിൽ മാത്രമേ പ്രകൃതി തെല്ലൊന്നു പ്രസന്നമാകുന്നുള്ളു; അല്പമൊരു സന്തോഷം പ്രസരിക്കുന്നുള്ളു. അപ്പോഴും മാത്രമേ ഇതു നരകമല്ല ഭൂമിയാണു് എന്നു തോന്നുകയുള്ളു. വെയിലുറയ്ക്കുന്നതോടെ സമസ്തചരാചരങ്ങളും, പാറക്കെട്ടുകളും കരിമ്പനകളും എല്ലാം, വാടിത്തളരുന്നു. ഉച്ചതിരിഞ്ഞാൽ പിന്നെ എല്ലാം മൂകമാണു്.

ഈ പുറുപാടുകളിൽ ജീവിതവും മരണവും തമ്മിൽ വ്യത്യാസമൊന്നുമില്ല. ആഹാരമല്ലാതെ മറ്റൊരു പ്രശ്നമില്ല. പരാൽപരമായ സത്തയും അതുതന്നെ. ബാക്കിയെല്ലാം മിഥ്യയാണു്. കാലം നിശ്ചലമായി നില്ക്കുന്ന രംഗമാണതു്. വ്യാഴവട്ടങ്ങളും നൂറാണ്ടുകളും, സഹസ്രാബ്ദങ്ങൾതന്നെയും അവിടെ തുല്യമാണു്. പ്രപഞ്ചത്തിന്റെ കൂരിരുട്ടിൽനിന്നു കിളിർത്തുവന്ന മൂകരൂപങ്ങൾപോലെ ഈ ഗ്രാനതയിൽ എത്രയോ ലക്ഷം മനുഷ്യർ ഇഴഞ്ഞു നടക്കുന്നു. ചെളിയും പുല്ലും പനയോലയുംകൊണ്ടു് അവരുണ്ടാക്കുന്ന കുടിലുകളുടെ തണലിൽ പട്ടിയും പന്നിയും പാമ്പുംപോലും അഭയം തേടുന്നു; നിലത്തുകിടന്നു നിലവിളിക്കുന്ന കുഞ്ഞുങ്ങളുമായി വിശ്രമസ്ഥലത്തിനുവേണ്ടി മത്സരിക്കുന്നു. രാത്രികാലത്തു് എവിടെനിന്നോ, എങ്ങനെയോ, പറന്നുള്ളായി വന്നെത്തുന്ന ചെന്നായ്ക്കളും കഴുതപ്പുലികളും മനുഷ്യശിശുക്കളെ തട്ടിയെടുത്തുകൊണ്ടു പോകാറുണ്ടു്. കൊല്ലുകയോ തിന്നുകയോ ചെയ്യാതെ മുലകൊടുത്തു വളർത്തുകയും മൃഗപ്രകൃതികളായി രൂപാന്തരപ്പെടുത്തുകയും ചെയ്യാറുണ്ടു്.

പരുന്തിനെക്കണ്ട കോഴിക്കുഞ്ഞുങ്ങളെപ്പോലെ ഞെട്ടിത്തടുത്തു മുഖങ്ങുങ്ങിപ്പോന്നു നില്ക്കുന്ന ഇത്തരം കുടിലുകളുടെ സമൂഹത്തിനാണു് ഗ്രാമം എന്നു പറയുന്നതു്. ഭാരതഭൂമിയുടെ ഉണങ്ങിവരണ്ട വിശാലതകളിൽ ഇത്തരം എഴുപതു ലക്ഷം ഗ്രാമങ്ങൾ ചിതറിക്കിടക്കുന്നു. "കാലുകൊണ്ടോന്നു ചികഞ്ഞാൽ പുണ്ണുകൊണ്ടോന്നു കൊത്താം." എന്ന

Digitized by Kerala Sahitya Akademi

മട്ടിലുള്ള കഷ്കവൃത്തിയാണ്. അവിടെയുള്ള ജനങ്ങളുടെ ഉപജീവനമാർഗ്ഗം. പക്ഷേ, പ്രകൃതി അനുകൂലമല്ലാത്തതു കൊണ്ട് ഇതുപോലും എപ്പോഴും സാധ്യമായെന്നുവരുകയില്ല. അങ്ങനെ വരുമ്പോൾ ചില ദിക്കുകളിൽ മോഷണവും കൂട്ടായ്മക്കവച്ചുയും അംഗീകൃതമായ ജീവിതവൃത്തികളാകാറുണ്ട്. അതു തെറ്റാണെന്നും ചീത്തയാണെന്നും ഈ ഗ്രാമീണർ കരുതുന്നുവോ എന്നു സംശയമാണ്. തങ്ങളിൽനിന്നു് എത്രയോ ഭിന്നരായ ആളുകളുടെ ഇടയ്ക്കുനിന്നാണ് അവർ മോഷ്ടിക്കുന്നതു്. അവരുടെ ദൃഷ്ടിയിൽ അതു മറ്റൊരു സമുദായരമന്നല്ല, മറ്റൊരു ജന്തുവർഗ്ഗം തന്നെയാണ്. അവിടെ ഒന്നിനും ക്ഷാമമില്ല; സകലതും സുലഭമാണ്. എങ്കിലും സ്വമേധയാ ആർക്കും ഒന്നും കൊടുക്കുകയില്ല. അതുകൊണ്ട് മോഷ്ടിക്കുന്നു; അത്രതന്നെ. പ്രകൃതിയിൽ സർവ്വസാധാരണമായ ഒരു പ്രതിഭാസമാണിതു്. പക്ഷേ, ആ അന്യസമുദായങ്ങളിൽ നിലവിലിരിക്കുന്ന നിയമങ്ങളുമായി ഏറ്റുമുട്ടാൻ ഇടയാകുമ്പോൾ ഈ ജീവിതസമ്പ്രദായം ആപൽക്കരമാണെന്നു് അവർ മനസ്സിലാക്കുന്നു. സാമർത്ഥ്യമുള്ളവർ നിയമത്തിനു പിടികൊടുക്കാതെ മോഷണവൃത്തി തുടരുന്നു. ചിലർ അതൊരു വൻതരം വ്യവസായമായി വളർത്താറുണ്ട്. പോലീസുകാരുടെ മാത്രമല്ല, പട്ടാളത്തിനോടും ഏറ്റുമുട്ടി ജയിക്കാറുമുണ്ട്. രാജസ്ഥാനിലും മദ്ധ്യപ്രദേശത്തും ഇങ്ങനെയുള്ള സംഭവങ്ങൾ ഇന്നും അസാധാരണമല്ല. ഒന്നരണ്ടു കൊല്ലം മുമ്പ് വെടിവെച്ചു കൊന്ന മാൻസിങ്ങിനെപ്പോലെ ചില തസ്കരന്മാർ ഇത്തരം സംരംഭങ്ങളിൽ കീർത്തിനേടി സാധാരണജനങ്ങളുടെ ആരാധനാപാത്രങ്ങളായും തീരാറുണ്ട്. അയാൾ ഒരു മഹാഭക്തനായിരുന്നു എന്നാണ് പറയുന്നതു്. താൻ ജനിച്ച ഗ്രാമത്തിലുള്ള ഒട്ടുക്ഷേത്രത്തിൽ തൊഴാൻപോവുകയും വഴിപാടുകൾ കഴിക്കുകയും പതിവായിരുന്നുവത്രെ. അയാളെ ആരും കൊന്നതല്ലെന്നും, താൻതന്നെ മരിച്ചു് സംസ്കരിക്കുവാൻ കൊണ്ടുപോയ വഴിക്കു പോലീസുകാർ ശവം പിടിച്ചെടുത്തതാണെന്നും ശ്രുതിയുണ്ട്.

Digitized by Kerala Sahitya Akademi

തന്ത്രമവ്വത്തിയും ഈശ്വരഭക്തിയും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമുള്ളതായി അയാൾക്കു തോന്നിയിരിക്കുകയില്ല. ആദ്യം പറഞ്ഞതു ലൗകികജീവിതത്തിൽ പണ്ടു പണ്ടേ അംഗീകരിച്ചിട്ടുള്ള ഒരു തൊഴിൽ. അതിൽ ഈശ്വരനു പങ്കൊന്നുമില്ല. "വായ് കല്പിച്ചു ദൈവം ഇരയും കല്പിക്കുന്നു" എന്നല്ലാതെ മറ്റൊന്നും പറയാനില്ല. തികച്ചും മതേതരമായ ഒരു മനോഭാവം. പരിഷ്കൃതജീവിതത്തിലും ഇതല്ലേ വേണ്ടതെന്നു പറയുന്നതു്?

ഈ വിധത്തിൽ രോക്കിയാലല്ലാതെ ഇന്ത്യയിലെ മുകലക്ഷങ്ങളെന്നു പറയുന്ന ഗ്രാമീണജനങ്ങളുടെ ചില സന്ദർഭങ്ങളിലെ പെരുമാറ്റം മനസ്സിലാവുകയില്ല. ലോകത്തെ ഭരിക്കുന്നതു് ഉദ്യോഗസ്ഥന്മാരോ, മന്ത്രിമാരോ, ഭരണഘടനയിലെ അനുശാസനങ്ങളോ, സാവ്വലൗകിക നിയമങ്ങളോ, കവചിതസേനകളോ, ആറ്റംബോംബോ ഒക്കെയാണെന്നാണു നാം വിശ്വസിക്കുന്നതു്. പക്ഷേ, സാധാരണക്കാരനു് യാതൊരു സംശയവുമില്ല; ഈശ്വരനാണു ഭരിക്കുന്നതു്. രാഷ്ട്രീയനേതാക്കന്മാർ ഈ മുകലക്ഷങ്ങളുടെ പ്രതിനിധികളാണെന്നു സ്വയം പ്രഖ്യാപിക്കാറുണ്ടു്. അവരെ അഭ്യുദ്ധരിക്കുവാൻവേണ്ടി അവതരിച്ചവരാണെന്നു് ആണയിടാറുണ്ടു്. തിരഞ്ഞെടുപ്പുകാലത്തെങ്കിലും, അവർക്കുവേണ്ടി ചെയ്തിട്ടുള്ള സേവനങ്ങളുടെ പട്ടികയുംകൊണ്ടു് കാറു ചെല്ലുന്ന ഗ്രാമപ്രദേശങ്ങളിൽ ചെല്ലാറുമുണ്ടു്. പക്ഷേ, ജയ്വിളിക്കുകയും കൊടിപിടിക്കുകയും ഒക്കെ ചെയ്യുമെങ്കിലും ഈ സാധുക്കൾ രാഷ്ട്രീയ മണ്ഡലത്തിലുള്ള അവതാരപുരുഷന്മാരിൽ വിശ്വസിക്കുന്നില്ല എന്നതാണു പരമാർത്ഥം. ഗാന്ധിജിയെപ്പോലും ഒരു രാഷ്ട്രീയക്കാരനായല്ല ഈശ്വരന്റെ പ്രതിനിധിയായിട്ടാണു് അവർ ആരാധിച്ചതെന്ന വസ്തുത നാം മറക്കരുതു്. അതുകൊണ്ടുമാത്രമാണു് മഹാത്മാഗാന്ധിയുടെ നാമം അവരുടെ സ്മരണയിൽ ഇന്നും തെളിഞ്ഞുനില്ക്കുന്നതും. മറ്റുള്ളവരെയെല്ലാം ഏറ്റക്കുറച്ചിൽ മാൻസിങ്ങിനെപ്പോലെയാണു് അവർ കരുതുന്നതു്—മിടുക്കന്മാർ, ധീരന്മാർ,

Digitized by Kerala Sahitya Akademi

ജീവനെപ്പോലും തൃണവൽഗണിച്ചവർ, ത്യാഗംചെയ്തവർ, മരണവുമായി മല്ലടിച്ചവർ, എന്നൊക്കെ.

ഈശ്വരനിൽ ഇത്ര വളരെ ഉടിയുറച്ച വിശ്വാസമുള്ള ഈ സാധുജനങ്ങൾ, പരിഷ്കൃതലോകത്തിനു വെറുപ്പു തോന്നിക്കുന്ന പ്രവൃത്തികൾ ചെയ്യാറുണ്ട്. ശ്രദ്ധവൃത്തികളുടെയും ആരോഗ്യത്തിന്റെയും കാര്യം പോകട്ടെ അതു പറഞ്ഞാൽ തീരുകയില്ല. ജീപ്പിൽ കയറി നടക്കുന്ന 'സോഷ്യൽവർക്ക'കാരായ പരിഷ്കൃസ്ത്രീകൾ അതെല്ലാം നീക്കിയെന്നോ, നീക്കുമെന്നോ ആണല്ലൊ സങ്കല്പം. നമുക്കു ചിന്തിക്കേണ്ടതു് മറ്റു ചില കാര്യങ്ങളാണു്. മേൽ വിവരിച്ചതുപോലെയുള്ള ഗ്രാമപ്രദേശത്തുകൂടെ,പരിഷ്കാരത്തിന്റെയും ഭാവിയുടെയും പ്രതീകമായ, ഒരു തീവണ്ടിപ്പാത പോകുന്നു എന്നു വിചാരിക്കുക. അതിലെ പായുന്ന തീവണ്ടികളെയും അതിലിരിക്കുന്ന ഭാഗ്യശാലികളെയും നോക്കി നഗ്നരായ ഗ്രാമീണബാലന്മാർ കൂക്കിവിളിക്കുകയും ചിലപ്പോൾ കൊഞ്ഞനം കാണിക്കുകയും ചെയ്യും. മറെറാരു ലോകത്തുനിന്നു വരുന്നതും, അങ്ങു് അർക്കലെ ചക്രവാളത്തിനും അപ്പുറത്തുള്ള വേറേ ഏതോ ലോകത്തിലേക്കു് ഇരച്ചുപറഞ്ഞു പോകുന്നതുമായ ഒരു വിചിത്ര സത്വമായിട്ടാണു് അവർ അതിനെ കാണുന്നതു്. അതിന്റെ വഴിയിൽ നിന്നാൽ ആപത്തുണ്ടെന്നു് അവക്കറിയാം. അതുകൊണ്ടു് അകന്നുനിന്നാണു നോക്കുന്നതു്. ഇങ്ങനെ അത്ഭുതവും ഭയവും അസൂയയും അകൽച്ചയും തോന്നിക്കുന്ന തീവണ്ടിക്കു് അവിടെവെച്ചു് ഒരു രാത്രിയിൽ അപകടം പറ്റുന്നു എന്നു വിചാരിക്കുക. അഞ്ഞൂറും അറുനൂറും ആളുകളെയുംകൊണ്ടു് അതു പാളം തെറിയോ, പാലം പൊളിഞ്ഞോ, മറിയുന്നതായി സങ്കല്പിക്കുക. മരണവും വേദനയും നടമാടുന്ന ആ ദീനരംഗത്തേക്കു ഗ്രാമീണജനങ്ങൾ മുഴുവനും ഓടിയെത്തും എന്നുള്ളതു തീച്ചയാണു്. പക്ഷേ, അന്ത്യശ്വാസം വലിക്കുന്നവക്കു വെള്ളം കൊടുക്കാനോ, എല്ലൊടിഞ്ഞു നിലവിളിക്കുന്നവരെ ശുശ്രൂഷിക്കാനോ, മൃതദേഹങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്ന രക്തകകം നീട്ടി കരയുന്ന കുഞ്ഞുങ്ങളെ വലിച്ചെടുക്കുവാനോ അല്ല

Digitized by Kerala Sahitya Akademi

അവർ പോകുന്നതു്. കൊള്ളയടിക്കുവാനാണു്. നേരം വെളുക്കുന്നതിനുമുമ്പു് എടുക്കാവുന്നിടത്തോളം സാധനങ്ങൾ എടുത്തുകൊണ്ടുപോകാനും എവിടെയെങ്കിലും കൊണ്ടുപോയി ഒളിച്ചുവെയ്ക്കുവാനുമാണു് അവർ വെമ്പുന്നതു്. ഇതു് ഈ അടുത്തകാലത്തുപോലും സംഭവിച്ചിട്ടുള്ളതാണു്. എന്തെന്നില്ലാത്ത ഒരു മൃഗീയതയാണു് ഇതിൽ കാണുന്നതു്; സംശയമില്ല. അതു ചെയ്യുന്ന ചെന്നായ്ക്കളെയന്ത്രത്തോക്കുകൊണ്ടു് ഒന്നൊകെ വെടിവെച്ചു വീഴ്ത്തണമെന്ന ധർമ്മരോഷം നമ്മുടെ ഉള്ളിൽ തിളച്ചുപൊങ്ങുന്നതും സ്വാഭാവികമാണു്. എങ്കിലും ഈ മൃഗീയതയെ അവരുടെ ദീനതയോടും ഈശ്വരഭീതിയോടും, അന്യഥാ പ്രസ്പഷ്ടമായ മനുഷ്യത്വത്തോടും പൊരുത്തപ്പെടുത്തുന്നതു് എങ്ങനെയെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ഇപ്പറഞ്ഞ നല്ല സ്വഭാവങ്ങളെല്ലാം യഥാർത്ഥത്തിൽ ഇല്ലാത്തതാണോ? അവർ അനുഭവിക്കുന്ന ദുരിതങ്ങളും അവർ അഭിമുഖീകരിക്കുന്നവയും ആയിരിക്കുമോ?

നാം സങ്കല്പിക്കുന്നതുപോലെയുള്ള ആശയപൊരുത്യം വല്ലതും ഈ കൃത്യങ്ങളിൽ അവർ കാണുകയോ അനുഭവിക്കുകയോ ചെയ്യുന്നുണ്ടെന്നു തോന്നുന്നില്ല. തങ്ങളുടേതിൽനിന്നു വളരെ ഭിന്നവും സാധനസമൃദ്ധവുമായ ഒരു സമുദായത്തിന്റെ പണ്ടങ്ങളിൽ ചിലതു ദൈവഗത്യാ തങ്ങളുടെ കൺമുമ്പിൽ ഉതിർന്നുവീഴുന്നു അവ തങ്ങൾക്കു് അവകാശപ്പെട്ടതാണു്. കടന്നെടുത്തില്ലെങ്കിൽ മറ്റു വല്ലവരും കൊണ്ടുപോകും. പിന്നെ സങ്കടപ്പെട്ടിട്ടു ഫലമില്ല. ഈശ്വരൻപോലും മാപ്പു തരുകയില്ല, എന്നായിരിക്കണം അവരുടെ വിചാരം. സ്വന്തം ഗ്രാമത്തിൽ മറ്റു വീട്ടുകാർ വാരിക്കളയുന്ന ചവറുപോലും തൊടരുതെന്നു നിബ്ബന്ധമുള്ളവരാണു് ഈ സാധുക്കൾ. സുകൃതദുഷ്കൃതങ്ങളിലും, അവയുടെ അനിവാര്യമായ അനന്തരഫലങ്ങളിലും അവരെപ്പോലെ വിശ്വാസമുള്ളവരില്ല. ഈശ്വരന്റെ നിയമജ്ഞതയിലും നിഷ്പക്ഷതയിലും, വിധിനിപാതത്തിന്റെ നിശ്ചിതത്വത്തിലും, അവക്കു സംശയത്തിന്റെ ലേശംപോലുമില്ല. പക്ഷേ, ഈ വിശ്വാസങ്ങളും ആദർശനിഷ്ഠ

Digitized by Kerala Sahitya Akademi

യുമെല്ലാം സ്വന്തം ഗ്രാമത്തിന്റെ പരിധികൾക്കകത്തു മാത്രം പ്രസക്തിയുള്ള ധർമ്മതത്ത്വങ്ങളാണു്. അതാണു് അവരുടെ പ്രപഞ്ചം. അതിനപ്പുറം പുറംപോക്കാണു്. ധാർമ്മികമായും മതപരമായും ഒരു നിയമരഹിതമണ്ഡലം—ഉടയവനില്ലാത്തിടം—നോ മാൻസ് ലാൻഡ്. അവിടെ ആക്രമം എന്തും ചെയ്യാം. മിടുക്കും തന്റേടവും വേണമെന്നേയുള്ള. പോലീസും പട്ടാളവും ഭരണാധികാരികളെന്നു പറയുന്നവരും, ഭരണകൂടം എന്ന സങ്കല്പസത്വംപോലും, ഇങ്ങനെ തങ്ങളുടേതല്ലാത്ത വസ്തുക്കൾ കൈക്കലാക്കുവാൻ വരുന്നവരാണെന്നേ അവർ കരുതുന്നുള്ളു. തങ്ങൾ ചെയ്യുന്നതു് കവർച്ചയാണെങ്കിൽ, അക്ഷുദ്രരുടേതും അതുതന്നെ. ആൾബലവും ആയുധബലവും കൂടുതലുള്ളതുകൊണ്ടു് അവർ ജയിക്കുന്നു, അത്രമാത്രം. ഈ മനോഗതി അറിവില്ലായ്മയുടെയും അപരിഷ്കൃതിയുടെയും ഫലമാണെന്നു നമുക്കു തോന്നിയേക്കാം. പക്ഷേ, പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചുവരെന്നു് അഭിമാനിക്കുന്ന ആധുനികസമുദായങ്ങൾ ഈ ഇരുപതാം നൂറ്റാണ്ടിൽപ്പോലു പ്രദർശിപ്പിക്കുന്ന മനോഭാവം ഇതിൽ നിന്നു് ഒട്ടും മെച്ചപ്പെട്ടതല്ല. ദേശീയതാൽപര്യമെന്നും പ്രബുദ്ധമായ സ്വാർത്ഥതയെന്നും മറ്റുമുള്ള പേരുകൾ കൊടുത്തിട്ടുണ്ടെന്നേയുള്ളു.

Digitized by Kerala Sahitya Akademi

ഇന്നത്തെ ആദർശങ്ങൾ

കേരളീയരായ നാം കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ ഗ്രാമസംസ്കാരത്തെ പിന്നിട്ടിരിക്കുകയാണു്. നമ്മുടെ സംസ്ഥാനം ആകെക്കൂടി ഒരു ഗ്രാമമോ പട്ടണപ്രാന്തമോ ആയിട്ടുണ്ടെന്നു പറയാം. ഇവിടെ മൂകലക്ഷങ്ങളില്ല. മൗലികാവകാശക്കാരേയുള്ളൂ. സാധുക്കൾക്കും ദരിദ്രന്മാർക്കും കുറവില്ല; പക്ഷേ, അവർ ഉണർന്നുകഴിഞ്ഞു. സമരത്തിനു സന്നദ്ധരാവുകയും ചെയ്തിരിക്കുന്നു. ആരോടെന്നും എന്തിനോടെന്നും ഇല്ല. അവകാശങ്ങൾ പിടിച്ചുപറ്റാനാണെന്നേ പറയാറുള്ളൂ. സർക്കാരിനോടും മുതലാളിയോടും മേലധികാരിയോടും അദ്ധ്യാപകനോടും എന്നുവേണ്ട, കാറിൽ പോകുന്നവനോടും സൈക്കിളിൽ നിന്നു് ഇറങ്ങാത്തവനോടും കഴുത്തിടറിയതുകൊണ്ടു് ഞെളിഞ്ഞു നടക്കുന്നവനോടും എല്ലാം സമരംതന്നെ. ഭിക്ഷാടനംപോലും ഒരുതരം സമരമായിത്തീർന്നിരിക്കുകയാണു്. രാഷ്ട്രീയവും സാമ്പത്തികവുമായ ഈ ഉൽബുദ്ധതയുടെ പ്രതിനിധികളായും ചില സംസ്കാരമാതൃകകളും ഉണ്ടായിട്ടുണ്ടു്.

ഒരു കൂട്ടർ ധിക്കാരത്തെ ഒരു സുകുമാരകലയായി വളർത്തിയിരിക്കുകയാണു്. മുണ്ടുടുക്കുന്നതിലും മുഖക്ഷൗരത്തിലും നടപ്പിലും നോട്ടത്തിലും സംഭാഷണത്തിലും എല്ലാം ധിക്കാരം സ്ഫുരിപ്പിക്കാനുള്ള വിദ്യകളുണ്ടു് പണ്ടു് ഉത്സവസ്ഥലങ്ങളിലും ചന്തകളിലും കള്ളുഷാപ്പുകളിലും ഇത്തരക്കാരെ കാണാമായിരുന്നു. ഇന്നു് എവിടെയും കാണാം. സ്കൂളിലും കോളേജിലും ആപ്പീസുകളിലും തൊഴിൽശാലകളിലും ബസ്സിലും തീവണ്ടിയിലും സിനിമാശാലകളിലും സന്ധ്യാസമയത്തു ക്ഷേത്രസന്നിധിയിൽപ്പോലും അവർ ധാരാളമുണ്ടു്. തങ്ങളെക്കാൾ ഒരല്പം കൂടുതൽ ഉയർന്നവരായി ഭൂമുഖത്തു് ആരും പാടില്ല, എന്നതാണു് അവരുടെ ആദർശമെന്നു തോന്നുന്നു. അങ്ങനെയുള്ളവരെ

Digitized by Kerala Sahitya Akademi

ന്ന വെറുമൊരു സംശയം തോന്നിയാൽ അവരുടെ മട്ടും ഭാവവും ഒക്കെ മാറും. "നീ ആരെടാ! നിനക്ക് ഇങ്ങനെ ജീവിക്കുവാൻ എന്തവകാശം? നിന്നെ ഞാൻ നോട്ടപ്പുള്ളി യാക്കിയിരിക്കുന്നു. ഒന്നുകിൽ എന്റെ നേതൃത്വം സ്വീ കരിക്കു, അല്ലെങ്കിൽ ഞാൻ നയിക്കുന്ന സമരത്തെ അഭിമുഖീകരിക്കാൻ തയ്യാറായിക്കോ!" എന്ന മാനിഫെ സ്റ്റോ ഒരൊറ്റ നോട്ടത്തിലൂടെ പ്രഖ്യാപനംചെയ്യാനു ള്ള കലാചാതുര്യം അവർ നേടിയിട്ടുണ്ട്. പോലീസി ന്റെ ബലപ്രയോഗം ഒഴിച്ചു ബാക്കി ഒന്നിനെയും ഈ മൂന്നു ലോകത്തിലും അവർ ഭയപ്പെടുന്നില്ല. തങ്ങളുടെ പ്രാധാന്യമല്ലാതെ മറ്റൊന്നും കാര്യമായി കരുതുന്നുമി ല്ല. അനുചരന്മാരുടെ മുമ്പിൽ മുഷിഞ്ഞ വസ്ത്രങ്ങൾ അല സമായ രീതിയിൽ ധരിച്ചുകൊണ്ട്, മുഷ്ടികൾ രണ്ടും മുറുക്കിച്ചുരുട്ടി, തീചിതറുന്ന നോട്ടങ്ങളോടെ നില്ക്കുന്ന ഈ ധീരസേനാനികളുടെ നില്പു കണ്ടാൽ "ഭൂമി കുലു ങ്ങും." അലക്സാണ്ടർ, നെപ്പോളിയൻ, ഹിണ്ടൻബർഗ്, റോമെൽ എന്നീ പേരുകൾ നാം അറിയാതെതന്നെ മനസ്സിൽ പൊന്തിവരും. ധിക്കാരമാണ് ധീരതയെന്നും, തീവിഴുങ്ങുന്ന ഭാവമാണ് സമരപാടവമെന്നും ആണ് ഈ പേരുകാർ പഠിപ്പിച്ചിട്ടുള്ളതെന്നു തോന്നിപ്പോകും. ഈ ഗംഭീരപുരുഷന്മാർ ഇങ്ങനെ "സേനയോരുഭയോർ മദ്ധ്യേ" നില്ക്കുമ്പോൾ എന്താണ് അവരുടെ മനസ്സിലുള്ള തെന്ന് ഞാൻ ആലോചിച്ചിട്ടുണ്ട്. ശരിയായി ഗ്രഹിക്കു വാൻ സാധിച്ചിട്ടില്ല. പെറവക്കല്ല ഈറ്റുനോവറി യാവൂ. അങ്ങനെ പ്രസിദ്ധമായ പല സമരരംഗങ്ങ ളിൽ സേനാനായകന്മാരായി നിന്നിട്ടുള്ളവരോടു (അതു കാണാൻ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ട്) പില്ക്കാലത്തു ഞാതേക്കുറിച്ചു ചോദിച്ചിട്ടുണ്ട്. എന്തെന്നില്ലാത്ത ആകാം ക്ഷയോടുകൂടിയാണു ചോദിച്ചതു. പക്ഷേ, ഉത്തരം ഏറ വും നിരാശാജനകമായിരുന്നു. "അതൊക്കെ അങ്ങനെ പറഞ്ഞു" എന്നു പറയാനുള്ള

വിദ്യാലയങ്ങളിൽ നടക്കുന്ന സമരങ്ങളിൽ സേനാ നായകത്വം വഹിക്കുന്നവരുടെ അടവും മുറയും എങ്ങനെ

Digitized by Kerala Sahitya Akademi

യെന്നു പറയാം. സമരശാസ്ത്രം പഠിപ്പിച്ചിട്ടു പറയുകയല്ല. കണ്ടതുപോലെ വിവരിക്കാം. തെറ്റു പറ്റിയേക്കും.

ആദ്യം സമരഭൂമിയിൽ വരുന്നതു താണപടിയിലുള്ള നേതാക്കന്മാരാണു്. സുബേദാർ, ജമേദാർ, ഏറിയാൽ ലഫ്ടനൻറു്, എന്നീ നിലയിലുള്ളവർ. നല്ലതുപോലെ ആഹാരം കഴിച്ചിരിക്കും. കക്ഷത്തിൽ ഒരു നോട്ടുബുക്കുണ്ടാവും അതു് അല്പം വീർത്തുകാണാം. അകത്തു മുഴുവൻ ആ പ്രത്യേകശൈലിയിൽ എഴുതി, ധാരാളം അക്ഷരത്തെറ്റും അച്ചടിത്തെറ്റും കലർത്തി അച്ചടിപ്പിച്ച നോട്ടീസുകളാണു്. അതിന്റെ ആദ്യത്തെ വാചകം ഏറെക്കുറെ ഈ രീതിയിലായിരിക്കും. "എത്രയോ മഹായുദ്ധങ്ങളിൽ തുടച്ചുനീക്കപ്പെട്ടു വിജയംവരിച്ച എട്ടാം സൈന്യം വിധിനിർണ്ണായകമായ ഈ സന്ദർഭത്തിൽ സമരത്തിനേറ്റതായ അപഭാഗനങ്ങളോടെ ചില വെറും പരമാർത്ഥങ്ങൾ വിദ്യാർത്ഥിസുഹൃത്തുക്കളുടെ മുമ്പിൽ വെയ്ക്കുകയാണു്."

ആദ്യം വരുന്ന ഈ നേതാക്കന്മാർ ക്ലാസ്സിൽ കയറാതെ മുറ്റത്തും മരത്തിന്റെ ചുവട്ടിലും മറ്റും ചുറ്റിപ്പററിനില്ക്കും. ആ സമയത്തു് (അതായതു് തനിയെ നില്ക്കുമ്പോൾ) അദ്ധ്യാപകന്മാരെ കണ്ടാൽ മടക്കിക്കെട്ടിയ മുണ്ടു താഴ്ത്തിയിടും; എന്തെന്നില്ലാത്ത ഭക്ത്യാദരങ്ങളോടെ തൊഴും; ചിലപ്പോൾ പാഠ്യവിഷയത്തെയും പരീക്ഷയെയും പറ്റി ചില സംശയങ്ങളും ചോദിക്കും. അതിനിടയ്ക്കു കൂട്ടുകാർ കടന്നുപോയാൽ കണ്ണുകാണിച്ചു് നില്ക്കാൻ പറയും. ഉടൻതന്നെ അദ്ധ്യാപകനെ എല്ലാവിധവും പള്ളിവിട്ടിട്ടു കൂട്ടുകാരുടെ ഇടയിലേക്കു ചെല്ലും. ആ നിമിഷം മുതൽ മുഖഭാവം മാറുന്നതു കാണാം. വിനയവും ഭക്ത്യാദരങ്ങളും ഉദാസീനതയും എല്ലാം അഴിച്ചുവെച്ചിട്ടു ഗൗരവവും സംഘർഷവും ധിക്കാരവും ചേർത്തുണ്ടാക്കിയ 'വിപ്ലവത്തിന്റെതായ' ചുവന്ന താടി കൈക്കൊള്ളുന്നു. ഈ വേഷപ്പകർച്ച കാണേണ്ടതാണു്. കേരളീയന്റെ രക്തത്തിൽ അഭിനയകലയിലിപ്പിട്ടുണ്ടെന്നു പറയുന്നതു പരമാർത്ഥമാണു്. അതിനു് അഭിനയമെന്നല്ല ജീവിതനയം

Digitized by Kerala Sahitya Akademi

എന്നാണു് പറയേണ്ടതു്. എന്തെന്നാൽ ഈ വേഷപ്പകർച്ച വെറും തട്ടിപ്പല്ല. തികഞ്ഞ ഗൗരവബുദ്ധിയോടെ സ്വീകരിക്കുന്നതാണു്. അതിന്റെ സ്വാധീനശക്തി അത്ഭുതകരവുമാണു്. ഫീസു കൊടുക്കാൻവേണ്ടി തിടുക്കത്തിൽ പോയവർക്കൂടി അതിന്റെ വലയിൽ വീണു കറങ്ങുന്നതു കാണാം. കാര്യത്തിന്റെ ഗൗരവം അവർ ക്ഷണനേരം മനസ്സിലാക്കുന്നു. ജഡ്ജിമാരാണു പറഞ്ഞതെങ്കിലും സർവ്വസൈന്യാധിപന്റെയോ രാഷ്ട്രപതിയുടെയോ കല്പനയാണതു്. രണ്ടിലൊന്നു നിശ്ചയിക്കാനുള്ള സന്ദർഭം എത്തിയിരിക്കുന്നു. ജീവിതം അല്ലെങ്കിൽ മരണം. ശരി, ഫീസു് പിന്നെ കൊടുക്കാം. തൽക്കാലം സമരത്തിനു തയ്യാറാവുകതന്നെ.

ഈ സമയത്തേക്കു മറ്റുള്ള മരങ്ങളുടെ ചുവട്ടിലും പെൺകുട്ടികളും ഇരിക്കുന്ന മുറിയുടെ സമീപത്തും എല്ലാം ഇതുപോലെയുള്ള ചെറുസംഘങ്ങൾ കൂടിയിട്ടുണ്ടാവും. മണിയടിക്കുവാൻ പത്തു മിനിട്ടേ കാണുകയുള്ളു. അങ്ങനെ നില്ക്കുമ്പോൾ കാണാം ക്യാപ്റ്റൻ, മേജർ, കേണൽ എന്നീ പദവികളിലുള്ള നേതാക്കന്മാർ സൈക്കിളിൽ കയറി, വായുവേഗത്തിൽ ചവുട്ടി, ആളുകളുടെ ഇടയ്ക്കുകൂടി ഓവട്ടിത്തിരിച്ചു 'ഠപ്പേന്നു്' ഏതെങ്കിലും ഒരു കൂട്ടത്തിന്റെ നടുവിൽ വന്നുനില്ക്കുന്നതു്. അയാൾ ജനറലാരുടെയോ തോളിൽ പിടിച്ചു സൈക്കിളിൽത്തന്നെ എഴുനേറ്റുനിന്നു പുറുപാടും ഒന്നു നോക്കുന്നു. സന്നാഹം ശരിയായിട്ടുണ്ടു്; സൈന്യങ്ങൾ നിരന്നിട്ടുണ്ടു്. നാലഞ്ചു 'ദരിദ്രവാസികൾ' മാത്രമേ ക്ലാസ്സിൽ കയറിയിട്ടുള്ള അവർതന്നെയും പുറത്തേക്കു നോക്കിയാണു് ഇരിക്കുന്നതു്. നോട്ടീസു് വായിക്കുന്നുമുണ്ടു്. പുറത്തു കൂട്ടംകൂടി നില്ക്കുന്നവരുടെ കൈയിലെല്ലാം നോട്ടീസു് എത്തിക്കഴിഞ്ഞു. അതിന്റെ മന്ത്രശക്തി ഫലിച്ചുതുടങ്ങി.

മേജർ വിയർപ്പു തുടച്ചു്, ഉടുപ്പിന്റെ മുൻഭാഗം പിടിച്ചു വീശി വായുസഞ്ചാരം വരുത്തിയശേഷം, താൻ കൊണ്ടുവന്ന വാർത്ത കൂട്ടുകാരെ അറിയിക്കുന്നു. എല്ലാ വിദ്യാലയങ്ങളും ഇളകിയിരിക്കുകയാണു്. ചേരം, ചോളം,

Digitized by Kerala Sahitya Akademi

പാണ്ഡ്യം എന്നല്ല കലിംഗം, പാഞ്ചാലം, സൗരാഷ്ട്രം എന്നിവകൂടിയും രണരണികയാൽ തുള്ളുകയാണു്. ഇന്നു ശത്രുക്കൾ ഒരു പാഠം പഠിക്കും നമ്മുടെ അവകാശങ്ങൾ എന്നെന്നേക്കുമായി സ്ഥാപിച്ചുകിട്ടുകയുംചെയ്യും. ഇതു പോലെ ഒരു സമരം ഇതിനു മുമ്പു് ഉണ്ടായിട്ടില്ല; ഇനി മേൽ സമരം വേണ്ടിവരുകയുമില്ല. സർവ്വസൈന്യാധിപൻ ഇപ്പോൾ എത്തും. എല്ലാവരും തയ്യാറായിക്കൊൾക, ഭദ്രം. ഞാൻ ഇപ്പോൾ വന്നേക്കാം എന്നു പറഞ്ഞു്, വന്നതിലും വേഗത്തിൽ പുറത്തേക്കു പോകും.

സമയം അഞ്ചു മിനിട്ടേയുള്ളൂ. ആദ്യത്തെ മണിയടിച്ചു. എല്ലാവരും പ്രധാനവാതിലിന്റെ സമീപത്തേക്കു നീങ്ങുന്നു. അപ്പോൾ—ഹാ! എന്തൊരത്ഭുതം!—സർവ്വസൈന്യാധിപൻ ശ്രദ്ധശൂന്യതയിൽനിന്നെന്നപോലെ അവിടെ പ്രത്യക്ഷപ്പെടുന്നു. വെറുമൊരു ടേന്റിന്റെ നിലയിൽനിന്നു് ഉയർന്നുവന്നവനാണു് അദ്ദേഹം. ഒരു സാധുകുടുംബത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അവതാരവും വിദ്യാഭ്യാസത്തിലുള്ള അഭിനിവേശവുംമൂലം ആ കുടുംബം കൂടുതൽ ദരിദ്രമായി. നോക്കിന്റെയും നാക്കിന്റെയും ശക്തിയിൽ അദ്ദേഹത്തെ ജയിക്കാൻ ആരുമില്ല. അടി കൊടുക്കുവാൻ മാത്രമല്ല കൊള്ളുവാനും അദ്ദേഹത്തിനു മടിയില്ല. എല്ലാ രാഷ്ട്രീയകക്ഷിക്കാരും അദ്ദേഹത്തെ പിടിച്ചെടുക്കുവാൻ വലയിട്ടിരിക്കുകയാണു്. പക്ഷേ, വിദ്യാർത്ഥികളുടെ അവകാശങ്ങൾ അവർതന്നെ പിടിച്ചു പറ്റണമെന്നാണു് അദ്ദേഹത്തിന്റെ നിശ്ചയം. അദ്ദേഹം കാലിന്റെ തള്ളവിരലിൽ എന്തിനിന്നോ സമരാങ്കണത്തെ ഒന്നു പരിശോധിക്കുന്നു. കേണലും മേജറും ക്യാപ്റ്റനും എല്ലാം അണിനിരന്നിട്ടുണ്ടു്. വ്യൂഹം തൃപ്തികരമായെന്നു ബോദ്ധ്യം വരുത്തിയശേഷം മണിയടിയുടെ മുഴക്കം ശമിക്കുന്ന മാത്രയിൽ അദ്ദേഹം ആകാശത്തേക്കു കൈയുയർത്തി, മുഷ്ടിചുരുട്ടി, എട്ടുദിക്കും പൊട്ടുമാറു് അലറുന്നു: "ഇൻക്വിലാബു് സിന്താബാദു്."

അതാണു് ആദ്യത്തെ വെടി. അതു് അദ്ധ്യാപകപ്പരിഷയുടെ കണ്ണുകളെ ശിഥിലമാക്കുന്നു ക്ലാസ്സിലേക്കു

Digitized by Kerala Sahitya Akademi

പോകുവാനായി ഇറങ്ങിവന്ന പെൺകുട്ടികൾ അല്പമൊന്നു ശങ്കിച്ചുനില്ക്കുന്നു. വിളിയും ഏറുവിളിയും അതോടെ കൂടുതൽ ശക്തിപ്പെടുകയായി. അതിനിടയ്ക്കു ചേടന്മാരിൽ ചിലർ സർവ്വസൈന്യാധിപനെത്തടഞ്ഞ തള്ളിനീക്കിക്കൊണ്ടു മുന്നണിയിലെത്തി വിളിയുടെ നേതൃത്വം ഏറ്റെടുക്കുന്നതു കാണാം. അപ്പോഴത്തേക്കു അദ്ധ്യാപകന്മാർ ഇറങ്ങിവരുന്നു; കാരണം ചോദിക്കുന്നു; വിഷമിക്കുന്നു; പരിഭ്രമിക്കുന്നു. പക്ഷേ, വിളിയും വിളിക്കുമേൽ വിളിയുമല്ലാതെ മറ്റൊന്നും കേൾക്കാനില്ല. ഈ ബഹളത്തിൽ രണ്ടാമത്തെ മണി അടിച്ചോ എന്നൊന്നും ആരും അന്വേഷിക്കാറില്ല. ആ ജോലിയുടെ ചുമതലക്കാരനായ ശിപായിതന്നെയും കാര്യം മറന്നുപോകും. പിന്നീടു ചോദിച്ചാൽ, "അടിച്ചു; പക്ഷേ, ആരും കേട്ടില്ല" എന്ന സമാധാനവും പറയും. ഏതായാലും ബഹളം കണ്ടു പെൺകുട്ടികൾ തിരിച്ചുപോകുന്നു. ഇതേത്തുടർന്നു സേനാനായകൻ തന്റെ സൈന്യങ്ങളെയുംകൊണ്ടു വിദ്യാലയത്തിനു പുറത്തു നടന്നു ക്ലാസ്സിൽ കയറിയിരുന്നവരെയെല്ലാം പിടിച്ചിറക്കുന്നു. അപ്പോൾ പല കശപിശകളും ഉണ്ടാകുന്നവരും. ഇറങ്ങാൻ മടിക്കുന്നവരെ പിടിച്ചിറക്കുകയും, പിച്ചപറയുകയും ദേഹോപദ്രവം ഏല്പിക്കുകയും, തടസ്സത്തിനുവരുന്ന അദ്ധ്യാപകനെ മുഖത്തുനോക്കി "എടാ കോമിമന്തി" എന്നു വിളിക്കുകയും തള്ളിനീക്കുകയും മറ്റും ചെയ്യാറുണ്ടു. അകത്തൊഴിഞ്ഞ മൂലകളിൽവെച്ചു് ഒന്നുമറിഞ്ഞിട്ടില്ലെന്ന ഭാവത്തിൽ ക്ലാസ്സെടുക്കുവാൻ ശ്രമിക്കുന്ന അദ്ധ്യാപകന്മാർക്കാണു് വലിയ ശല്യം അനുഭവിക്കേണ്ടിവരുന്നതു്. ഇതു കണ്ടുപിടിക്കുവാൻവേണ്ടി റോന്തു ചുറ്റുന്ന ചേടന്മാരുണ്ടു്. അവരുടെ സന്ദേശങ്ങൾ കമ്പിയില്ലാക്കമ്പിയുടെ വേഗത്തിൽ നേതാക്കന്മാർക്കു കിട്ടും. "എന്നാൽ ആ കോട്ട പൊളിച്ചിട്ടു് മറ്റു കാര്യം" എന്ന ആജ്ഞ ഉടനെ ഉണ്ടാകും.

എല്ലാവരും ഇറങ്ങിയെന്നും ഭൂരിപക്ഷം വിദ്യാർത്ഥികളും കൂട്ടത്തിൽ ചേർന്നിട്ടുണ്ടെന്നും വ്യക്തമാകുമ്പോൾ വിളി അല്പം ശമിക്കും. അതുവരെയുള്ള സമയമാണു് ഏ

Digitized by Kerala Sahitya Akademi

റവും വിഷമമുള്ളതു്. ഏറുവിളിക്കാൻ ആളില്ലെങ്കിൽ സമരം ആ നിമിഷത്തിൽ പൊട്ടും. സവ്യസൈന്യാധിപൻ അപകടത്തിലാവുകയുംചെയ്യും. ഇതു കാണുവാനുള്ള ഭാഗ്യദോഷവും എനിക്കുണ്ടായിട്ടുണ്ടു്. സീതാഭ്രമിദേവിയുടെ പാടു് അപേക്ഷിച്ചതുപോലെ തറയിൽ ഒരു പിളർപ്പുണ്ടാക്കി താനെ എടുത്തുകൊള്ളണമേ എന്ന ഭാവമാണു് ആ സമയത്തു് സവ്യസൈന്യാധിപന്റെ മുഖത്തു കണ്ടതു്.

വിളി ശമിച്ചാൽ പിന്നെ കുറെ നേരത്തേക്കു് ഒരു ഇതികർത്തവ്യതാമൂഢതയാണു് എല്ലാവരിലും കാണുന്നതു്. പ്രകോപിപ്പിക്കുന്ന മഴ പെട്ടെന്നു നില്ക്കുമ്പോഴും, പൊങ്കമേളം അവസാനിക്കുമ്പോഴും ഉള്ള അനുഭവം. ഞെരുങ്ങിപ്പിഴിഞ്ഞു നടന്നവർ അല്പമൊക്കെ അകന്നുതുടങ്ങും. ചിലർ "എന്നെക്കൊണ്ടതു മതിയല്ലൊ" എന്ന ഭാവത്തിൽ ഒഴിഞ്ഞുമാറിയും നടക്കും. ഈ ശൈഥില്യം വളരാൻ അനുവദിക്കുന്നതു് ആപത്താണു്. അതുകൊണ്ടു് സവ്യസൈന്യാധിപൻ മറ്റുള്ള ഉദ്യോഗസ്ഥന്മാരുമായി ദ്രുതഗതിയിൽ ഒരു ആലോചന നടത്തി അനന്തരപരിപാടി നിശ്ചയിക്കും: ഒന്നുകിൽ അടുത്ത വിദ്യാലയത്തിലേക്കു പോവുക; അല്ലെങ്കിൽ അവിടെത്തന്നെ ഒരു യോഗം കൂടി നാലഞ്ചു പ്രസംഗങ്ങൾ നടത്തി, ഒരു പ്രമേയം പാസ്സാക്കി, പിരിഞ്ഞുപോവുക. ഇങ്ങനെ പല രീതിയിലാണു പിന്നത്തെ സംഭവങ്ങൾ. പ്രസംഗങ്ങൾ തീപ്പൊരി ചിതറുന്നവയായിരിക്കും. ചിലപ്പോൾ കൂട്ടത്തിലുള്ളവർ എല്ലാം (അതായതു് സമരം മതിയാക്കി കാപ്പിക്കടയിലേക്കു പോയവരൊഴിച്ചു്) പ്രസംഗിക്കും. പക്ഷേ, എല്ലാ പ്രസംഗങ്ങളുടെയും സ്വരവും ഉള്ളടക്കവും ശൈലിയും ഒന്നുതന്നെ മലയാളഭാഷ ഇത്ര വൈവിദ്ധ്യമില്ലാത്തതായല്ലൊ എന്നു നാം ഖേദിച്ചുപോകും. സവ്യസൈന്യാധിപനാണു് ഓരോരുത്തരോടും പ്രസംഗിക്കാൻ ആജ്ഞാപിക്കുന്നതു്. അദ്ദേഹം വിളിക്കുന്നതു് ഹാജർബുക്കിൽ എഴുതിയിട്ടുള്ള പേരുകളല്ല. അച്ഛനമ്മമാർ വിളിക്കുന്ന ഓമനപ്പേരുകളുമല്ല. പുതിയ പ്രസ്ഥാനത്തിനും സംസ്കാരത്തിനുംവേണ്ടി നേതാക്കന്മാർ നല്കുകയോ തന്നത്താൻ സ്വീകരിക്കുകയോ

Digitized by Kerala Sahitya Akademi

ചെയ്യുന്ന ഇരട്ടപ്പേരുകളാണു്: കായിക്കര കുമാരൻ, വള്ള ത്തോൾ നാരായണൻ, ഉള്ളൂർ പരമേശ്വരൻ, കൊടുങ്ങ ല്ലൂർ കുഞ്ഞിക്കുട്ടൻ എന്നിങ്ങനെ പോകും. ആളകം അ ധികമുണ്ടെങ്കിൽ പലരെയും ഒഴിച്ചുനിർത്തേണ്ടിവരും. അതിൽ ചില പക്ഷപാതങ്ങൾ കാണിക്കുന്നു എന്നു് അവരിൽ ചിലർ, മുഖഭാവംകൊണ്ടെങ്കിലും, പരാതി പ്പെട്ടേക്കും. പക്ഷേ, പ്രസംഗങ്ങളുടെ എണ്ണം കൂടിയാൽ ശ്രോ താക്കൾക്കു മുഷിച്ചിലു തോന്നുമല്ലൊ. അതുകൊണ്ടു് അ ദ്ധ്യക്ഷസ്ഥാനത്തിരിക്കുന്ന സർവ്വസൈന്യാധിപന്റെ ജോലി പ്രയാസമുള്ളതാണെന്നു പറയാതെ തരമില്ല. ഒട്ടു വിലത്തെ പ്രസംഗം അടുത്തേഹത്തിന്റേതായിരിക്കും. അ തിന്റെ ദൈഘ്യം വിശപ്പിന്റെ നിലയെ ആശ്രയിച്ചുമി രിക്കും. അടുത്തേഹമാണു് പ്രമേയം അവതരിപ്പിക്കുന്നതു്. അതു് കൈയടിയോടെ പാസ്സാക്കും. ഇതുമായപ്പോഴേ ക്കു പൈയിലു് ഉറച്ചുകഴിയും. നേതാക്കന്മാരും ടേജനങ്ങളും പല വഴിക്കും പിരിഞ്ഞുപോകും. പുറകെ അദ്ധ്യാപക ന്മാരും അവരുടെ വീടുകളിൽ പോകും.

ജീവിതത്തിൽ ഒരിക്കൽ മാത്രം കൈവരുന്ന കനകാ വസരമാണു് വിദ്യാഭ്യാസകാലം. അതിങ്ങനെ സമര ങ്ങൾക്കുവേണ്ടിയുള്ള തയ്യാറെടുപ്പിലും സമരത്തിലും അനന്തരമുടൻതുള്ള പ്രാഗ്വാദങ്ങളിലും ചെലവായിപ്പോകു ന്നതു കാണുമ്പോൾ സങ്കടം തോന്നും. പക്ഷേ, വിദ്യാ ർത്ഥികൾക്കു മാത്രം ഒരു സങ്കടവുമില്ല. സമരം നടന്നില്ലെ ങ്കിൽ സുഖവും പോയി, ജീവിതംതന്നെ പാഴിലായി, എന്ന ഭാവമാണു് അവരിൽ കാണുന്നതു്. അപ്പോഴത്തെ ആ ഗൗരവബുദ്ധിയും മദഹാദ്യമസന്നദ്ധതയും വികാരാ വേശവും ചിന്താതീക്ഷ്ണതയും, മനുഷ്യജന്മത്തിൽ അ നന്തരം വിരിയുവാനിരിക്കുന്ന ഏറ്റവും വലിയ മൗലികാവകാശമായ വിദ്യാസമ്പാദനത്തിൽ കാണാത്തതെന്തെന്നു വിസ്മയി ച്ചുപോകുന്നു. സാഹിത്യവും ശാസ്ത്രവും ചരിത്രവും ഗണി തവും ഒന്നും പിടിച്ചുപറ്റുവാൻ ആരും വെമ്പുന്നില്ല. മേല്പറഞ്ഞ സമരങ്ങളുടെ നടത്തിപ്പിനും വിജയത്തിനും അത്യന്താപേക്ഷിതമായ ഭാഷാസ്വാധീനവും വാക്ചാ

Digitized by Kerala Sahitya Akademi

തുല്യവും സമ്പാദിക്കുവാനുള്ള വ്യഗ്രതപോലും കാണാത്തതാണു് കഷ്ടമായിരിക്കുന്നതു്. പണ്ടൊക്കെ 'എനിക്കു മലയാളത്തിൽ ഒരു പിടിയുമില്ല' എന്നു പറയുന്നതു് ഒരു അന്തസ്സായിരുന്നു. അതുകൊണ്ടു് 'ഇംഗ്ലീഷിൽ നല്ല പിടിയുണ്ടു്' എന്നാണു ധ്വനിപ്പിക്കുവാൻ ശ്രമിച്ചിരുന്നതു്. ഇതു് എപ്പോഴും പരമാർത്ഥമായിരുന്നില്ലെങ്കിലും ഇംഗ്ലീഷിൽ പിടിയുണ്ടാകുന്നതു നല്ലതാണെന്ന വിചാരം ഉണ്ടായിരുന്നു. എന്നാൽ മാതൃഭാഷയുടെ കാര്യത്തിൽ ഇങ്ങനെയൊരു വിചാരം തീരെയില്ലെന്നാണു വന്നിരിക്കുന്നതു്. സ്വന്തം ഭാഷയാണല്ലോ, അതിൽ സ്വാധീനം നേടുവാൻ വിശേഷിച്ചു ശ്രമമൊന്നും ചെയ്യേണ്ടതില്ലെന്നുള്ള ഉദാസീനഭാവമാണു പരക്കെയുള്ളതു്. ശ്രേഷ്ഠജനപ്രസംഗത്തിന്റെ ഭാഷയും തെരുവുഭാഷയും സിനിമാഭാഷയും ഉപയോഗിക്കുന്നതു മേന്മയെന്നും അഭിപ്രായമുണ്ടു്. ഇതിന്റെയൊക്കെ ഫലമായി സാംസ്കാരികമായ ഒരു മ്ലിഷ്ടത്വം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നു. ദേശ്യഭാഷയും ഗ്രാമീണശൈലികളും സാധാരണജനങ്ങളുടെ പദപ്രയോഗങ്ങളും പ്രചരിക്കുന്നതിന്റെ നേർക്കു നെറ്റിചുളിക്കുകയാണെന്നു ധരിക്കരുതു്. കുറിക്കുകൊള്ളുന്നതും ഭംഗിയുള്ളതുമായ ഭാഷാരീതി അവയിൽ കാണാവുന്നതാണു്. സംഭാഷണവും ഉപന്യാസവും ഗ്രാമ്യമാകുന്നതിനെക്കുറിച്ചാണു പറയുന്നതു്. പറയുന്നതിലും എഴുതുന്നതിലും മാത്രമല്ല ദിനചര്യകളിലും അഭിരുചികളിലും സ്വഭാവത്തിൽപ്പോലുമെന്തെന്നെയും ഇങ്ങനെയായാൽ ചുവയുണ്ടാകുന്നതു് ഏറ്റവും ഉത്സാഹമെന്നേ പറയാനുള്ളൂ.

വിപ്ലവമോ നവയുഗമോ 'നല്ലൊരു നാളെ'യോ എന്തു വന്നാലും സംസ്കാരത്തിന്റെ നിലവാരം താഴേണ്ട കാര്യമില്ല. വാക്കുകൾ ഭംഗിയായി ഉച്ചരിക്കാനും ഭംഗിയുള്ള വാക്കുകൾ തിരഞ്ഞെടുത്തു് ഉപയോഗിക്കാനും ശ്രദ്ധിക്കുന്നതിൽ മുതലാളിത്തവും ബൂഷ്വാമനസ്ഥിതിയും ഉണ്ടെന്നു പറയുന്നതു് ജീവിതത്തിന്റെ വിലകെടുത്തുന്നതിനും അതിൽ കലർന്നിട്ടുള്ള ഭാസുരച്ഛായകൾ തുടച്ചുകളയുന്നതിനും തുല്യമാണു്. എത്ര എളിയ ജീവിതവും

Digitized by Kerala Sahitya Akademi

സംസ്കാരത്തിന്റെ സങ്കലനത്താൽ സുന്ദരവും സുഖകരവും ആയിത്തീരുന്നു. പത്തു കിടന്നാലും പതഞ്ഞു കിടക്കണം എന്നു പറയുന്നതിൽ കാര്യമില്ലാതില്ല. കഠിനമായ ഗീർവാണം പ്രയോഗിച്ചാലും ചിലപ്പോൾ ഗ്രാമ്യഭാവങ്ങളെ മാറാതെവന്നേക്കും. മനസ്സിന്റെ കുലീനതയും ശാലീനതയുമാണ് കാര്യം. ഇതു നിരന്തരമായ ശ്രമംകൊണ്ടേ കിട്ടുകയുള്ളൂ. അതിൽ ശ്രദ്ധയില്ലാതെവന്നതു് സാംസ്കാരികമായ ഒരു മഹാശാപമാണെന്നതന്നെ പറയേണ്ടിയിരിക്കുന്നു. ഭാഷയിലും സാഹിത്യത്തിലും മാത്രമല്ല, എല്ലാ മണ്ഡലങ്ങളിലും ഈ ശ്ലേഷ്മത്വം കാണാവുന്നതാണു്. ഉൽക്കൃഷ്ടവും ശാസ്ത്രീയവുമായ സംഗീതം കേട്ടാൽ ആളുകൾ കൂക്കിവിളിക്കുമെന്ന നിലയായിരിക്കുന്നു. ഇന്നു വേണ്ടതു്, "തേനെന്നും വിളിക്കില്ല തെരെന്നും വിളിക്കില്ല" എന്ന മട്ടിലുള്ള പാട്ടുകളാണു്. പേരുകേട്ട സംഗീതവിദ്വാന്മാർപോലും വലിയ വലിയ സദസ്സുകളിൽ ഇത്തരം പാട്ടുകൾ പാടി കൃതാർത്ഥത നേടേണ്ടിവരുന്നതു് ഇപ്പോൾ സാധാരണമായിരിക്കുന്നു. അവരുടെ അതിദീർഘമായ അഭ്യാസവും അഭിരുചികളും വ്യർത്ഥമായിപ്പോകുന്നു.

ചിത്രകലയുടെ ഗതിയാണു് ഏറ്റവും കഷ്ടമായിരിക്കുന്നതു്. ഫോട്ടോഗ്രാഫിയെല്ലാതെ മറ്റൊന്നും അഭിജ്ഞന്മാരെന്നു പറയുന്നവർക്കുപോലും മനസ്സിലാവുകയില്ലെന്നായിരിക്കുന്നു. നിറമുള്ള ഫോട്ടോ കിട്ടുമെന്നുകൂടിയായപ്പോൾ ചിത്രകാരനു് ഒരു സ്ഥാനവും ഇല്ലാതായി. അവനീന്ദ്രനാഥ ഠാക്കൂറിന്റെ നേതൃത്വത്തിൽ ഭാരതീയ ചിത്രകലയുണ്ടായെന്നവോത്ഥാനത്തെപ്പറ്റി കേട്ടിട്ടുപോലുമില്ലാത്ത വിദ്യാസമ്പന്നന്മാർ നമ്മുടെ നാട്ടിലുണ്ടു്. രാജാ രവിവർമ്മയെ ഉത്തരേന്ത്യയിലും മറ്റുമുള്ളവർ പുകഴ്ത്തിയതുകൊണ്ടു് കുറേക്കാലത്തേക്കു കേരളീയരും ബഹുമാനിക്കുകയുണ്ടായി. പക്ഷേ, ഇന്നിപ്പോൾ, കണ്ടാൽ മനസ്സിലാകുമെന്നെങ്കിലും പറഞ്ഞുവന്ന രവിവർമ്മചിത്രങ്ങളിലും ആളുകൾക്കു താൽപര്യമില്ലെന്നാണു കാണുന്നതു്. തിരുവനന്തപുരത്തുള്ള ചിത്രാലയം ലോകപ്രസിദ്ധിയാർജ്ജി

Digitized by Kerala Sahitya Akademi

പ്പിട്ടുള്ള ഒരു കലാനികേതനമാണു്. രവിവർമ്മയുടെ വിശ്രുതങ്ങളായ അനേകം ചിത്രങ്ങൾക്കു പുറമേ, പല പ്രസ്ഥാനങ്ങളിൽപ്പെട്ട അതിമനോഹരങ്ങളായ എത്രയോ കലാസൃഷ്ടികൾ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടു്. അവിടെ കയറി നടന്നാൽ കണ്ണിനും കരളിനും ഉണ്ടാകുന്ന ആനന്ദം അവർണ്ണനീയമാണു്. ഒരു ദിനാനന്ദജീവിതത്തിന്റെ ക്ലേശങ്ങളിലും വൃത്തികേടുകളിലുംനിന്നു് അല്പനേരത്തേക്കെങ്കിലും മോചനവും ലഭിക്കും. പക്ഷേ, ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി നാലും അഞ്ചും കൊല്ലം തിരുവനന്തപുരത്തു വന്നു താമസിക്കുകയും ചിത്രാലയത്തിന്റെ മുമ്പിൽക്കൂടി ദിവസവും സഞ്ചരിക്കുകയും ചെയ്യുന്ന യുവജനങ്ങളും ആ സ്ഥാപനത്തിന്റെ ഉള്ളിലേക്കു് ഒന്നു് എത്തിനോക്കുകപോലും ചെയ്യാതെ പോയിട്ടുള്ളതു് എനിക്കറിയാം. "അവിടെ എന്തോന്നിരിക്കുന്നു? ചില്ലിട്ട കുറെ പടം തൂക്കിയിട്ടുണ്ടു്. വരച്ചുവച്ചപോലും എന്താണെന്നറിഞ്ഞുകൂടാ. കറുപ്പു തിന്നവരുടേതുപോലെയുള്ള കണ്ണും പെൻസിലുപോലെ നീണ്ട വിരലുകളുമുള്ള കുറെ മനുഷ്യരുടെ പടം!" എന്ന മട്ടിലുള്ള അഭിപ്രായങ്ങളാണു് പോയിട്ടുള്ളവർതന്നെ പറയാറുള്ളതു്.

ജീവിതത്തിലെ സുന്ദരഭാവങ്ങളുടെനേർക്കു് ഇത്രത്തോളം വൈമുഖ്യം ഇതിനു മുമ്പുണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. ശിലായുഗത്തിൽ ഗുഹകൾക്കകത്തു ജീവിച്ചു നിഷ്ഠാദന്മാർപോലും ചിത്രങ്ങൾ വരച്ചു രസിച്ചിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ടു്. കാട്ടുപോത്തിന്റെയും കാണ്ടാമൃഗത്തിന്റെയും ചിത്രങ്ങൾ വരയ്ക്കുന്നതിനുവേണ്ടി അവർ നടത്തിയ പരിശീലനത്തെപ്പറ്റി രേഖയുണ്ടു്. പക്ഷേ, ഉൽക്കൃഷ്ടമായ സംഗീതത്തിന്റെയും ചിത്രങ്ങളുടെയും ശില്പങ്ങളുടെയും മുൻപിൽ പിടിച്ചിരുത്തിയാൽപ്പോലും രസിക്കാത്ത അജ്ഞസ്സുവിദ്യരെയാണു് ഇന്നു കാണുന്നതു്. വികാരത്തിന്റെ ലോകത്തിലോ വിചാരത്തിന്റെ ലോകത്തിലോ ആരും ഒരു സൗന്ദര്യവും അറിയുന്നില്ല, അനുഭവിക്കുന്നില്ല, അംഗീകരിക്കുന്നുമില്ല.

Digitized by Kerala Sahitya Akademi

ഇന്നു് എല്ലാവരും അറിയുകയും ആസ്വദിക്കുകയും ചെയ്യുന്ന സൗന്ദര്യം ഒന്നേയുള്ളൂ: സ്ത്രീയുടെ ശരീരഭംഗി. അതു കണ്ടാലും കണ്ടാലും മതിവരുന്നില്ല. പലപ്പോഴും മതിമറക്കുകയും ചെയ്യുന്നു. സ്ത്രീകൾക്കുപോലും അതിൽ മാത്രമേ താൽപര്യമുള്ളൂ. കലാബോധത്തിന്റെ കണിക പോലുമില്ലാതെ, സംസ്കരിക്കപ്പെട്ട അഭിരുചികൾ അണുപോലുമില്ലാതെ, ആസ്വദിക്കാവുന്ന സൗന്ദര്യമാണിതു്. ജന്തുസാധാരണങ്ങളായ ജന്മവാസനകൾ മാത്രമേ അതിനു് ആവശ്യമുള്ളൂ അവയെ ഉദ്ദീപിപ്പിക്കാനും പരിപോഷിപ്പിക്കാനും ഉള്ള ഉപായങ്ങൾക്കാണു് ഇന്നു കലാവിദ്യകൾ എന്നു പറയുന്നതു്. സിനിമയും ഗ്രാമഫോൺവ്യവസായവും ഗ്രന്ഥപ്രസിദ്ധീകരണവും ആഭരണനിർമ്മാണവും എല്ലാം, ഈ അർത്ഥത്തിൽ, നിരന്തരമായ കലാസേവനം നടത്തിക്കൊണ്ടിരിക്കുകയാണു്. കുളിപ്പിച്ചു കുളിപ്പിച്ചു് കുഞ്ഞില്ലാതായി എന്നു പറഞ്ഞതുപോലെ സ്ത്രീ എന്ന വസ്തുതന്നെ ഇന്നത്തെ ഈ അത്ഭുതകലയുടെ അനവരതപരിചരണത്താൽ തിരോഹിതമായിരിക്കുന്നു. അംഗലാവണ്യത്തിലുള്ള അതിരറ്റ അഭിനിവേശം ഹേതുവായി സ്ത്രീ എന്നു പറഞ്ഞാൽ മാദകമായ ശരീരം മാത്രമാണെന്നുള്ള ധാരണയാണു് പരക്കെയുള്ളതു്. കഥയിലും കവിതയിലും പ്രേമം എന്ന പേരിൽ ഏറ്റവും പ്രധാനമായ ഇതിവൃത്തമായി് സ്വീകരിച്ചിരിക്കുന്നതു് ഇതു ജനിപ്പിക്കുന്ന പ്രതികരണവുമാകുന്നു. കാളിദാസന്റെ ദുഷ്യന്തനും, ശകുന്തളയ്ക്കുതന്നെയും, ഈ വ്യാമോഹമാണു സംഭവിച്ചതു്. ദീർഘമായ യാതനകൊണ്ടു മാത്രമേ അതു നീങ്ങിയുള്ളൂ. സ്ത്രീപുരുഷബന്ധത്തിന്റെയും ജീവിതത്തിലെ മധുരഭാവങ്ങളുടെയും യഥാർത്ഥമഹത്ത്വം മനസ്സിലാക്കുവാൻ ആധുനികമനുഷ്യൻ എന്തെന്തു യാതനകൾ അനുഭവിക്കേണ്ടിവരുമെന്നു് ആരറിഞ്ഞു! ഇന്ദ്രിയബോധത്തിനും ബോധോദയത്തിനും ഇടയ്ക്കു്, ഭോഗസുഖത്തിനും ആത്മാനുഭൂതിക്കും നടുവിൽ, സപ്ത സമുദ്രങ്ങൾതന്നെയാണു് നീണ്ടുകിടക്കുന്നതെന്നു തോന്നിപ്പോകുന്നു.

Digitized by Kerala Sahitya Akademi

ചിത്രകലയിലും സംഗീതത്തിലും ഇനിയെത്ര തല മുറയ്ക്കെങ്കിലും ശ്രേഷ്ഠമായ അഭിരുചിയുണ്ടാകുവാൻ ശ്രമിക്കേണ്ടതു് അത്യാവശ്യമാണു്. വിദ്യാഭ്യാസവിദഗ്ധന്മാരും ഭരണാധികാരികളും ഇക്കാര്യം ശ്രദ്ധാർഹമാണെന്നു സമ്മതിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. സർവ്വകലാശാലാവിദ്യാഭ്യാസം ഇടുങ്ങിയ മണ്ഡലങ്ങളിലുള്ള പരിശീലനം മാത്രമായിത്തീരുന്നതു് ആപല്ക്കരമാണെന്നും സാംസ്കാരികമായ ഒരു സമഗ്രശിക്ഷണമാണു് വിദ്യാർത്ഥികൾക്കു നല്കേണ്ടതെന്നും വാദിക്കപ്പെടുന്നു. നൂറു കൊല്ലത്തെ പരീക്ഷണത്തിനുശേഷമാണു് ഭാരതീയർ ഇക്കാര്യം മനസ്സിലാക്കിയതു്. അതും സ്വന്തമായി കണ്ടുപിടിച്ചതല്ല. അമേരിക്കയിലും ഇംഗ്ലണ്ടിലും ഈ അഭിപ്രായം പ്രചരിച്ചുവരുന്നതുകൊണ്ടു നമ്മളും സ്വീകരിക്കുന്നു എന്നേയുള്ളൂ. "ജനറൽ എഡ്യൂക്കേഷൻ" എന്ന തെറ്റിദ്ധരിപ്പിക്കുന്ന പേരാണു് ഈ വീക്ഷണഗതിക്കു നല്കിയിരിക്കുന്നതു്. അതിനുപോലും ഒരു ഭാരതീയനാമം കണ്ടുപിടിക്കുവാൻ ആരും ശ്രദ്ധിച്ചിട്ടില്ല. നമ്മുടെ രാജ്യത്തു് ഈ സമ്പ്രദായം അശ്രുതപൂർവ്വമല്ല. ഇക്കഴിഞ്ഞ നൂറു കൊല്ലത്തിനിടയ്ക്കു മാത്രമാണു് വിദ്യാഭ്യാസം ഉപജീവനം നേടുവാൻ മാത്രമുള്ള പരിശീലനമായി അധഃപതിച്ചതു്. അതിനു മുമ്പു സംസ്കാരസമ്പന്നരായ സജ്ജനങ്ങളെ വളർത്തിയെടുക്കുക എന്നതായിരുന്നു ഭാരതീയവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വാക്യവും പരല്പേരും മാത്രമല്ല, കാവ്യനാടകാദികളും അടിസ്ഥാനഭൂതമായ ശാസ്ത്രങ്ങളും എല്ലാ വിദ്യാർത്ഥികളും പഠിച്ചുവന്നു. ആ പാരമ്പര്യം ചതഞ്ഞുമറിഞ്ഞ നിലയിലെങ്കിലും പരിരക്ഷിക്കപ്പെട്ട കാലത്തോളം ഭാരതത്തിനു സാംസ്കാരികമായ ഗ്ലാനി പറ്റിയില്ല. പക്ഷേ, പുത്തൻ പരിഷ്കാരത്തിന്റെ മഹാവെള്ളത്തള്ളലിൽപ്പെട്ടു് പതിവും പാരമ്പര്യവുമെല്ലാം വിസ്മൃതമായതോടുകൂടിയാണു് ഇന്ത്യാക്കാരൻ അഭ്യസ്തവിദ്യനെങ്കിലും മനസ്സംസ്കാരമില്ലാത്തവനായും, കാര്യവിവരമുണ്ടെങ്കിലും കണ്ണു തെളിയാത്തവനായും തീർന്നതു്. വിദ്യാവിനയസമ്പന്നൻ എന്നു പറഞ്ഞാൽ അതൊരു വിരോധാഭാസമാണെന്നേ ഇന്നു

Digitized by Kerala Sahitya Akademi

തോന്നുകയുള്ളൂ. വിനയമോ? അതാർക്കു വേണം? ഔദ്ധത്യം കൊണ്ടല്ലേ വല്ലതും പ്രയോജനമുള്ളൂ? അണക്കെട്ടുകൾ നിർമ്മിക്കാനും ആസുരമായ ശ്രൃങ്ങളെ തിരിക്കാനും അത്ഭുതകരമായ ശസ്ത്രക്രിയകൾ നിർവ്വഹിക്കാനും അറിയാമെങ്കിൽ പിന്നെ എന്താണു വേണ്ടതു്?

ആധുനികജീവിതത്തിൽ അഭികാമ്യമായി കരുതുന്ന സംസ്കാരമൂല്യത്തിനു് മാന്യത എന്നാണു് പേർ പറയുന്നതു്. അതു കിട്ടിയാൽ എല്ലാം തികഞ്ഞു എന്നാണു് ഇന്നത്തെ വിശ്വാസം. പേരുകൊണ്ടുതന്നെ ഇതൊരു ബാഹ്യഭാവമാണെന്നു സ്പഷ്ടമാണു്. മറ്റന്യരിൽനിന്നു ലഭിക്കുന്ന പ്രതികരണമാണു് അതിന്റെ ലക്ഷ്യം. പക്ഷേ, അങ്ങനെയായതുകൊണ്ടു് ആർക്കും വലിയ അസംതൃപ്തിയുള്ളതായി കാണുന്നില്ല. അകം പൊള്ളയാകുന്നതു് ഒരു കുറവായി കരുതുന്നില്ല. മാന്യത പാലിക്കാമെങ്കിൽ ഒന്നുകൊണ്ടും വിഷമിക്കാനില്ല. എത്ര ഹീനകൃത്യവും ചെയ്യാം; ആരും അറിയരുതെന്നേയുള്ളൂ. അഥവാ അറിയുകയാണെങ്കിൽ അടിസ്ഥാനരഹിതമാണെന്നു വരുത്തിയാൽ മതി. അഴിമതിയും കൈക്കൂലിയും കരിഞ്ചന്തയും കാമചാരിത്രവും എല്ലാം മാന്യതയുടെ പട്ടുകുപ്പായത്താൽ മറയ്ക്കാവുന്ന സംഗതികളാണു്. ചില ചുറ്റുപാടുകളിൽ സംസ്കാരശൂന്യതപോലും മാന്യതയ്ക്കു മാറ്റു കൂട്ടുന്നതായിക്കാണാം. സമുദായത്തിലെ ഉന്നതവ്യക്തികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള സാമൂഹികസ്ഥാപനങ്ങളെക്കുറിച്ചു പലരും കേട്ടിരിക്കാം. പന്തുകളിയും ചീട്ടുകളിയും മദ്യപാനവും (വലിയ പട്ടണങ്ങളിൽ ബാറും ഡാൻസിങ്ങ് എന്നു പറയുന്ന പരസ്ത്രീസമാഗമവും) കൊണ്ടു് അവ മാന്യതയെ സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. വ്യായാമത്തിനും വിനോദത്തിനും ഉല്ലാസത്തിനും വേണ്ടിയാണു് ഇവ സ്ഥാപിക്കപ്പെട്ടതു്. മൂരിക്കുട്ടന്റെ സ്വഭാവവിശേഷങ്ങൾക്കാണു് അവിടെ പ്രിയം. അടക്കവും ഒതുക്കവും മനസ്സിന്റെ മൃദുലതകളും ബുദ്ധിയുടെ അവഗാഹവും അറിവിന്റെ ആഴവും അവിടെ അസ്ഥാനത്താണു്. പലപ്പോഴും വെറുക്കപ്പെടുകയും

Digitized by Kerala Sahitya Akademi

ചെയ്യുന്ന പ്രസരിപ്പും ചുറുചുറുക്കുമാണു വേണ്ടതു്. സംസ്കാരം, വിശേഷിച്ചും ഭാരതീയസംസ്കാരം, ഇടയുമായി ഉപരുത്തപ്പെട്ടുകയില്ലെന്നുള്ളതു പ്രത്യക്ഷസത്യമായി അംഗീകരിച്ചിരിക്കുകയാണു്. അതുകൊണ്ടു സംസ്കാരത്തിൽനിന്നു് ഏറ്റവും കൂടുതൽ അകന്നുനില്ക്കുന്നവർക്കാണു് മാന്യതയുടെ ഈ മണിമന്ദിരങ്ങളിൽ അഗ്രിമസ്ഥാനം ലഭിക്കുന്നതു്.

പന്തുകളിക്കുബ്ബുകളുടെ കാര്യം വളരെ വിചിത്രമാണു്. പന്തുകളി വ്യായാമത്തിനു വളരെ നല്ലതാണെന്നു് ആരും സമ്മതിക്കും. അതിൽ വ്യായാമത്തോടൊപ്പം കുറച്ചൊരു വിനോദവും കലർന്നിട്ടുണ്ടു്. പണ്ടുകാലത്തു് ഓണത്തല്ലു്, അടിതടി, ഗുസ്തി, കോഴിപ്പോരു് എന്നിവയുണ്ടായിരുന്ന സ്ഥാനമേ പന്തുകളിക്കും സമുദായത്തിലുള്ളു. പക്ഷേ, ഇന്നു് ഈ പുതിയ ഓണത്തല്ലുകാരനേയും ഗുസ്തിക്കാരനേയും കോഴിപ്പോരുകാരനേയും മാന്യതയുടെ പരമോന്നതപീഠത്തിൽ കയറിനിത്തിയിരിക്കുകയാണു്. മനുഷ്യജന്മം അവരിലാണു് പൂർണ്ണതയും സാഫല്യവും പ്രാപിച്ചിരിക്കുന്നതെന്നു തോന്നിപ്പോകുന്നു.

ഇതു നമ്മുടെ രാജ്യത്തുമാത്രമുള്ള ഒരു പകച്ചുവ്യാധിയാണെന്നു സൂചിപ്പിക്കുന്നില്ല. ഭാഗ്യവശാൽ ഇവിടെയാണു് അതു് ഏറ്റവും കറുത്ത തോതിൽ കാണുന്നതു്. മറ്റു രാജ്യങ്ങളിൽ പന്തുകളിക്കാർ ദേശീയനേതാക്കന്മാരാണു്; പൗരസഞ്ചയത്തിന്റെ ആരാധനാപാത്രങ്ങളാണു്. ഗാന്ധിജിയുടെനേർക്കു് നമ്മുടെ ജനങ്ങളും കാണിച്ച ഭക്ത്യാദരങ്ങളാണു് ഈ ഓണത്തല്ലുകാർക്കു് അവിടെ ലഭിക്കുന്നതു്. ലോകചരിത്രത്തിൽ ദേശമനുജനതയുടെ ഇടയ്ക്കു മാത്രമേ മെയ്മിടുക്കിനേനേക്കു് ഇത്ര വമ്പിച്ചതോതിലുള്ള അഭിനിവേശം ഉണ്ടായിട്ടുള്ളു. അവർക്കു മുമ്പു് സ്പാർട്ടയിലെ പുരുഷകേസരികളായ പൗരന്മാരും ശരീരശക്തിയെ അത്യധികം മാനിച്ചിരുന്നു. അതു പക്ഷേ, രാജ്യസേവനത്തിനുവേണ്ടിയുള്ള ധർമ്മസാധനമെന്ന നിലയിലാണു് അവിടെ അതിനു പുറകും ധീരതയുടേയും സ്വരാജ്യസ്നേഹത്തിന്റേയും ആത്മത്യാഗത്തിന്റേയും ഉദാ

Digitized by Kerala Sahitya Akademi

ത്തമോഹനമായ പരിവേഷം കാണാം. എന്നാൽ റോമാക്കാരുടെയിടയ്ക്കു ശരീരസൗഷ്ഠവം ഉല്ലാസത്തിനും വിനോദത്തിനുംവേണ്ടിയുള്ള ഉപായമായിട്ടാണ് പരിണമിച്ചതു്. അതു് ഒടുവിൽ ഒരുതരം മൃഗീയതയായിത്തീർന്ന—വെറും ഭോഗസാധനം. സിനിമാവ്യവസായത്തിന്റെ സഹായത്താൽ ഇന്നു സ്ത്രീയുടെനേർക്കു് ഉണ്ടായിട്ടുള്ള മനോഭാവവും അടിനിവേശവുംകൂടി ആലോചിക്കുമ്പോൾ റോമൻ സംസ്കാരത്തിന്റെ അപരാഹ്നവുമായി ആധുനികജീവിതത്തിനുള്ള സാദൃശ്യം അസ്വാസ്ഥ്യജനകമാംവണ്ണം അത്ഭവത്തായിത്തോന്നുന്നു. തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ, നവനന്മാരുടെ പിൻതുടർച്ചക്കാരായിവന്നു് പ്രാചീനലോകത്തു പെരുമ നേടിയ ഓരോ ജനതയുമാംസതൃഷ്ണകളിൽ മദിച്ചു പുളച്ചു്, മദിരാരാസവങ്ങളും മൃഗീയസുഖങ്ങളിലും മാത്രം ശ്രദ്ധയുള്ളവരായിത്തീർന്നു് നാശമടഞ്ഞ കഥ ചരിത്രപ്രസിദ്ധമാണല്ലോ. ഉച്ഛൃംഖലമായ ഭോഗലാലസ അമേരിക്കൻജനതയെ നാശോന്മുഖമാക്കിയിരിക്കുകയാണെന്നു് സൊറോക്കിൻ എന്ന സമുദായശാസ്ത്രജ്ഞൻ ശക്തിയേറിയ ഭാഷയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ചരിത്രസാദൃശ്യങ്ങളും സാമൂഹികവിജ്ഞാനവും വിഗണിച്ചു് വെറും ജന്തുശാസ്ത്രപരമായ വീക്ഷണകോടിയിൽനിന്നു നോക്കിയാൽപ്പോലും ശരീരശക്തിയിലും പന്തുകളിയിലും കൂടെ കൈവരുന്ന മേന്മ അത്ര വളരെ ശ്രദ്ധേയമാണെന്നു പറഞ്ഞുകൂടാ. എന്നതന്നെയല്ല വഗ്ഗത്തിന്റെ ഭാവിക്കു് ആപൽക്കരമാണെന്നും തെളിയിക്കാവുന്നതാകുന്നു. ഇടുങ്ങിയ മാഗ്ഗത്തിൽ, ഒരു ചെറിയ വിഷയത്തിൽ മാത്രം അശ്രദ്ധയറ്റത്തെ മേന്മ നേടിയ ജന്തുവർഗ്ഗം കാലാന്തരത്തിൽ ക്ഷയിക്കുകയാണു ചെയ്തിട്ടുള്ളതു്. കൈയ്, കാലു്, കൊമ്പു്, കുളമ്പു് എന്നിങ്ങനെയുള്ള അവയവങ്ങളെ പരമാവധി പരിഷ്കരിച്ചു് അവയെ മറെറാന്നിനും കൊള്ളരുതാതാക്കുകയും, ഒടുവിൽ ഒരു പരീക്ഷണഘട്ടം വരുമ്പോൾ മറുഞാണില്ലാത്ത വില്ലാളിയെപ്പോലെ, വംശനാശം സംവേഗിച്ചു ഭ്രമുഖത്തുനിന്നു മറയുക

Digitized by Kerala Sahitya Akademi

യുംചെയ്ത ജന്തുജാതികളുടെ ഒരന്തനാടകങ്ങളാണ് പരി
ണാമത്തിന്റെ കലാവേദിയിൽ കൂട്ടുതലും നടന്നിട്ടുള്ളതു്.
ബുദ്ധിശക്തിയും ചിന്താശക്തിയും അദ്ധ്യാത്മശക്തിയും
ഉള്ള മനുഷ്യൻ എന്ന ഈ ജന്തുവിനും, ഗോളാകാരമായ
ഒരു സാധനത്തെ കൈകൊണ്ടോ, കാലുകൊണ്ടോ, കോ
ലുകൊണ്ടോ, ചലിപ്പിക്കുന്നതിൽ വൈദഗ്ധ്യം നേടുന്ന
താണു് ജീവിതലക്ഷ്യം എന്നു വിശ്വസിച്ചു് ആ വഴിയി
ലൂടെ മാത്രം സ്വവർഗ്ഗത്തെ നയിക്കുകയാണെങ്കിൽ, ഇതേ
അനുഭവംതന്നെ ഉണ്ടായേക്കും. അന്യജന്തുക്കളും അന്ധ
വംശരായതു് അന്ധമായ പ്രകൃതിശക്തികളുടെ ആഘാത
പ്രത്യാഘാതങ്ങളുംമൂലമാണു്. അറിഞ്ഞുകൊണ്ടാണു്
അവ അടഞ്ഞമാർഗ്ഗങ്ങളിൽ അകപ്പെട്ടതെന്നു പറഞ്ഞുകൂടാ.
അവയുടെ പരിണാമം താനേയുണ്ടായതാണു്. എന്നാൽ
ഭൂമിയുടെ ചരിത്രത്തിൽ ആദ്യമായി ജന്തുപരിണാമം
(മനുഷ്യന്റെ കാര്യത്തിൽ) ബോധപൂർവ്വം നടക്കുന്ന ഒരു
പ്രതിഭാസമായിത്തീർന്നിരിക്കുന്നു. ഒരു പ്രത്യേകമാർഗ്ഗ
ത്തിലൂടെ സഞ്ചരിച്ചാൽ എവിടെയെത്തുമെന്നു് അവ
നു് ഏറക്കുറെ മുൻകൂട്ടി അറിയുവാൻ കഴിവുണ്ടു്. അതു
കൊണ്ടു് ഭാവിയിൽ ഉണ്ടാകുന്ന ഭാഗ്യത്തിനും ഭാഗ്യദോ
ഷത്തിനും ഒന്നുപോലെ നാം ചുമതല വഹിക്കേണ്ടിയി
രിക്കുന്നു.

അടഞ്ഞ മാർഗ്ഗങ്ങളിൽ അകപ്പെട്ടു് നാശത്തിലേക്കു
കുതിക്കുന്ന ജന്തുവർഗ്ഗങ്ങൾക്കു് പ്രകൃതിയിൽ ഒരു രക്ഷാ
മാർഗ്ഗം ലഭിക്കാറുണ്ടു്. ശൈശവദശയിൽ മറ്റു ജീവിതരീ
തികൾ സ്വീകരിക്കുക എന്ന ഉപായമാണിതു്. കടലി
ന്റെ അടിത്തട്ടിൽ ഇഴഞ്ഞുനടക്കുകയോ പറ്റിപ്പിടിച്ചു
ജീവിക്കുകയോ ചെയ്യുന്ന ജന്തുവർഗ്ഗങ്ങളിൽനിന്നു് ജലോ
പരിഭാഗത്തു നീന്തിത്തുടിച്ചു് കുറെക്കൂടി സ്വതന്ത്രവും വി
ജയപ്രദവുമായ ജീവിതം നയിക്കുന്ന ജന്തുവർഗ്ഗങ്ങൾ
പരിണമിച്ചുണ്ടായതു് ഈ വഴിക്കാരണമെന്നു് ജന്തുശാസ്ത്ര
ജ്ഞന്മാർ ഊഹിക്കുന്നു. പക്ഷേ, ആധുനികമനുഷ്യന്റെ
കാര്യത്തിൽ ഈ വഴിയും അടഞ്ഞിരിക്കുകയാണു്. ബാ
ല്യദശയിലുള്ളവരാണു് കായികമത്സരങ്ങളും ജീവിത

Digitized by Kerala Sahitya Akademi

ത്തിന്റെ പരമലക്ഷ്യമായി കരുതുന്നത്. ആൺകുട്ടികൾക്ക് ലോകത്തിലെ ഒന്നാമത്തെ ടെന്നിസ് കളിക്കാരനാകണമെന്നും പെൺകുട്ടികൾക്ക് ഏറ്റവും പ്രസിദ്ധയായ സിനിമാനടിയാകണമെന്നുമാണ് ആഗ്രഹം. ആദ്യത്തെ കൂട്ടർ ശരീരത്തിന്റെ മത്സരശക്തിയും, മറ്റവർ അതിന്റെ മാദകശക്തിയും മാത്രമേ കാണുന്നുള്ളൂ; അംഗീകരിക്കുന്നുള്ളൂ. മനുഷ്യൻ എന്ന ജന്തു, ശരീരം മാത്രമല്ലെന്ന് ഇക്കൂട്ടരും അറിയുന്നില്ല. മനസ്സ് എന്ന പ്രഥമവും പ്രധാനവുമായ ഘടകത്തെ വിഗണിച്ചിരിക്കുകയാണ്. അതിന്റെ അത്ഭുതലോകം ആരെയും ആകർഷിക്കുന്നില്ല. അങ്ങോട്ട് നോക്കുവാൻപോലും വൈമുഖ്യമാണ്. ജീവജാലം നൂറുലക്ഷം നൂറ്റാണ്ടുകളിലെ അനസ്യൂതയത്നംകൊണ്ടു നേടിയ ഈ അത്ഭുതവൈഭവം അതിന്റെ നവോദയവേളയിൽത്തന്നെ വിഗണിക്കപ്പെട്ടുന്നതു വിചിത്രമായിരിക്കുന്നു. യുവജനങ്ങളുടെയിടയിൽ കാണുന്ന സംഘടിതവും ബോധപൂർവ്വവുമായ സംസ്കാരവൈമുഖ്യമാണ് ആധുനികസമുദായങ്ങൾക്കു സംഭവിച്ചിരിക്കുന്ന ഏറ്റവും വലിയ വിപത്തു്. മാനസികയത്നങ്ങൾ കൊക്കൊള്ളെണ്ടിവന്നാൽപ്പോലും അവയിൽനിന്ന് ധനമല്ലാതെ ആനന്ദവും സംതൃപ്തിയും സമ്പാദിക്കുവാനുള്ള ഉത്സാഹമില്ല. ജ്ഞാനം ശക്തിയാണ് (Knowledge is Power) എന്ന മുദ്രാവാക്യമാണ് ആധുനികലോകം അംഗീകരിച്ചിരിക്കുന്നതു്. ജ്ഞാനം സുഖമാണ്, സംതൃപ്തിയാണ് എന്ന വസ്തുത ആരും അറിയുന്നുപോലുമില്ല.

"എന്റെ തത്ത്വജ്ഞാനം കിലോവാട്ട് ഔവേഴ്സ് ആണ്" എന്നു് അമേരിക്കയിലെ ഒരു വിദ്യുച്ഛക്തിവിദഗ്ധൻ പറഞ്ഞതാണ് ഈ സന്ദർഭത്തിൽ ഓർമ്മവരുന്നതു്. കിലോവാട്ട് ഔവർ എന്നു പറയുന്നതു് വിദ്യുച്ഛക്തിയുടെ ഒരു അളവാണ്. "എന്റെ തത്ത്വജ്ഞാനം പൊട്ടുമുഴക്കോലാണ്" എന്നു പറയുന്ന ആശാരിയെക്കുറിച്ചു് നമുക്ക് എത്ര ബഹുമാനമാണോ തോന്നുക! ഉപജീവനമാർഗ്ഗം അതാണെന്നു പറഞ്ഞാൽ മനസ്സിലാക്കാം. തത്ത്വജ്ഞാനമാണെന്നു പറയുന്നതു വിചിത്രമായിരിക്കുന്നു. പരിഹാ

Digitized by Kerala Sahitya Akademi

സ്യമായ ഈ മനോഭാവമാണു് വിദഗ്ധന്മാർ പെരുകിവരുന്ന ഇക്കാലത്തു ഭൂരിപക്ഷം ആളുകളും ജീവിതത്തിന്റെ നേക്കു സ്വീകരിച്ചിട്ടുള്ളതു്. 'തൊഴിൽ ആരാധനയാണു്' എന്നൊരു പെല്ലുണ്ടു്. പെരുപ്പകുത്തിക്കും നെയ്ത്തുകാരനും കുശവനും കൊല്ലനും മഹാഭ്രാളിക്കു് എഞ്ചിനീയർക്കും എന്നുവേണ്ട ഏതു തൊഴിലാളിക്കും സ്വീകരിക്കാവുന്ന മനോഭാവമാണതു്. പണ്ടൊക്കെ ഭൂരിപക്ഷമാളുകളും സ്വീകരിച്ചിരുന്നതുമാണു്. മഹാസിദ്ധനായ കബീർ ഒരു നെയ്ത്തുകാരനായിരുന്നു. പക്ഷേ, ഇന്നു് ഈ മനോഭാവം തീരെ ഇല്ലാതായിരിക്കുകയാണു്. വൈദ്യന്മാരുടെ കാര്യംതന്നെ നോക്കാം.

"എന്റെ തത്ത്വജ്ഞാനം പെനിസിലിനാണു്" എന്നമട്ടിലാണു് ഡോക്ടർമാർ എന്നു പറയുന്ന ആധുനിക വൈദ്യന്മാർ പെരുമാറുന്നതു്. അവരുടെ അഭിപ്രായത്തിൽ അയുർവേദവുംമറ്റും സംബന്ധമാണു്. ആവാരിക്കാം. അതേക്കുറിച്ചു വാദിച്ചിട്ടു ഫലമില്ല. വാദിച്ചു തീരുമാനിക്കേണ്ട കാര്യവുമല്ലതു്. പക്ഷേ, തികച്ചും സുബദ്ധമായ ഒരു കാര്യം ആയുർവ്വേദത്തിലുണ്ടു്—അതിന്റെ തത്ത്വജ്ഞാനം; വൈദ്യവിദ്യയോടുള്ള മനോഭാവം. ആക്കും ഇനിയും മനസ്സിലായിട്ടില്ലാത്ത ജീവനെയാണു് ഒരുകാര്യംചെയ്യുന്നതെന്നും, അപ്രമേയമായ ഒരു അത്ഭുതത്തിന്റെ സന്നിധിയിലാണു് താൻ നില്ക്കുന്നതെന്നും, തന്റെ ജ്ഞാനത്തിൽ അഭിമാനമുണ്ടെങ്കിലും അതുംകൊണ്ടു പ്രകൃതിയോടടുക്കുന്നതു്,

"പ്രദീപജ്വാലയാ ർദിവസകരനീരാജനവിധിഃ"*

എന്നപോലെ വേണമെന്നും ഉള്ള ഭക്തിനിർഭരമായ വിചാരം. ഇതാണു് ഇന്നത്തെ ഡോക്ടർമാക്കു തീരെ ഇല്ലാത്തതു്. അവർ കാണുന്ന അത്ഭുതം മുഴുവനും പുതിയ പുതിയ മരുന്നുകളിലാണു്. രസതന്ത്രവ്യവസായം വിലവിലിരിക്കുന്ന കാലത്തോളം പുതിയ പുതിയ അത്ഭുതൗഷധങ്ങൾ ദിനംതോറും ആവിർഭവിക്കുമെന്നുള്ളതും തീച്ചയാ

* ദീപജ്വാലകൊണ്ടു സൂര്യനെ അർച്ചിക്കുക (സൗന്ദര്യലഹരി).

Digitized by Kerala Sahitya Akademi

ണ്ട്. കൈയിൽ കിട്ടിയ പച്ചിലകളും പറിച്ചുകൊടുത്തും, ചിലപ്പോൾ ഒന്നും കൊടുക്കാതെ അനുഭവപൂർണ്ണമായ ഉപദേശംകൊണ്ടും, ഉഗ്രമായ ആജ്ഞകളും കൊടുത്തും രോഗങ്ങൾ മാറിയ മഹാന്മാരായ വൈദ്യന്മാരെപ്പറ്റി നാം കേട്ടിട്ടുണ്ട്. ഉപാസനയുടെ ഉറപ്പുകൊണ്ടും മനസ്സിന്റെ ശക്തികൊണ്ടുമാണ് ഇതു സാധിക്കുന്നത്.

അഷ്ടാംഗസംഗ്രഹം എന്ന ആയുർവ്വേദഗ്രന്ഥത്തിലെ വന്ദനശ്ലോകമാണിത്:

തൃഷ്ണാദീർഘ്രമസദ്വികല്പശിരസം
പ്രദ്വേഷചഞ്ചൽഫണം
കാമക്രോധവിഷം വിതർക്കദശനം
രാഗപ്രചണ്ഡേക്ഷണം
മോഹാസ്യം സ്വശരീരകോടരശയം
ചിന്തോരഗം ദാരുണം
പ്രജ്ഞാമന്ത്രബലേന യഃ ശമിതവാൻ
ബുദ്ധായ തസ്മൈ നമഃ.

ഇവിടെ ചിന്തയെയാണ് സകലരോഗങ്ങളുടെയും ഉല്പത്തിസ്ഥാനമായി വിവക്ഷിച്ചിരിക്കുന്നത്. അതിനെ ഒരു ഭയങ്കരസർപ്പമായും ഉൽപ്രേക്ഷിച്ചിരിക്കുന്നു. ഈ സർപ്പത്തെ പ്രജ്ഞാശക്തികൊണ്ടും മന്ത്രബലംകൊണ്ടും അടക്കുന്ന ബുദ്ധനെയാണ് നമസ്കരിക്കുന്നത്. ഒരു വൈദ്യശാസ്ത്രഗ്രന്ഥത്തിലെ ഈ വന്ദനശ്ലോകത്തിന്റെ മാഹാത്മ്യവും അർത്ഥവ്യാപ്തിയും ആലോചിക്കുമ്പോൾ ആരാണ് കോൾമയിർക്കൊള്ളാത്തത്? അല്ലെങ്കിൽ, അതെന്തിനു പറയുന്നു? അമൃതഹസ്തനായ ധന്വന്തരിഭഗവാന്റെ നാമം പോലും കേട്ടിട്ടുള്ള ഡോക്ടർമാർ ഇന്ത്യയിൽ ഇന്ന് എത്ര പേരുണ്ട്? പ്രസിദ്ധരായ ആയുർവ്വേദവൈദ്യന്മാരുടെ മുഖം അല്പോപ്പതി പഠിച്ച് ഡോക്ടർമാരായിട്ടുള്ളതു് എനിക്കറിയാം. അവരിൽപ്പോലും തങ്ങളുടെ തൊഴിലിനോടനുബന്ധമായ ഈ മനോഭാവം കാണുവാൻ കഴിഞ്ഞിട്ടില്ല.

Digitized by Kerala Sahitya Akademi

പുമാതാൽ വീക്ഷ്യമാണം കലശജല-
നിധേർമഥ്യമാനാൽ പുറപ്പെ-
ട്ടാമോദോല്ലോലകല്ലോലിതജലകണ-
മേറേററു വിഭ്രാജമാനം
ഹേമാലങ്കാരകാന്താരഗമിത തൊഴുതൻ
ധാമ ധന്വന്തരം തൽ
ക്ഷൗമാബദ്ധോത്തമാംഗം കരലസദരി-
ശംഖാബ്ജപീയൂഷകുംഭം.

(യോഗാമൃതം)

എന്ന ശ്ലോകം അവർ പലപ്പോഴും കേട്ടിട്ടുണ്ടായിരിക്കണം. ഈ ധന്വന്തരിപ്രാർത്ഥന കേരളീയവൈദ്യന്മാർക്കെല്ലാം സുപരിചിതമാണു്. പക്ഷേ, അതിന്റെ അവ്യക്തസ്മരണപോലും അവരുടെ മക്കളിൽ ശേഷിക്കുന്നില്ല. അല്ലോപ്പതി പഠിച്ചവർ അമുക്കുരവും കൊട്ടവേലിക്കിഴങ്ങും കൊട്ടത്തു ചികിത്സിക്കണമെന്നു പറയുന്നതു കഥയില്ലായ്മയാണു്. അസനവില്വാദിതൈലവും സുകുമാരഘൃതവും രസതന്ത്രശാലയിൽ അപഗ്രഥിച്ചു് അവയുടെ സത്തും സാരാംശവും വാറ്റിയെടുത്തു കുത്തിവയ്ക്കണമെന്നു പറയുന്നതും അബദ്ധംതന്നെ. പക്ഷേ, ഒരു അല്ലോപ്പതിഡോക്ടർക്കു ധന്വന്തരിപൂജചെയ്യുവാനും ഒരു ഭാരതീയഭിഷക്കായി ജീവിക്കാനും സാധിക്കേണ്ടതാണു്. ഇല്ലെങ്കിൽ അവർ എന്നും ഇവ പ്രാചീനജനതയുടെ സംസ്കാരത്തിനു പുറമേയിൽത്തന്നെ നില്ക്കേണ്ടിവരും. അവരുടെ ജ്ഞാനവും സേവനവും ഇവിടത്തെ ജനങ്ങളുടെ ജീവിതത്തിൽ ഏച്ചുകെട്ടിയതുപോലെ ഇരിക്കുകയുംചെയ്യും.

അയ്യായിരം വർഷത്തെ പേരാട്ടമുള്ള ഒരു സംസ്കാരത്തെയും ജീവിതരീതിയേയും പിഴുതെറിയുന്നതു് എളുപ്പമായ കാര്യമല്ല. അതിന്റെ ഇലയും കൊമ്പുമെല്ലാം മുറിച്ചുകളയാം. തായ്ത്തടിയിലും ക്ഷതങ്ങളേല്പിക്കാം. പക്ഷേ, വേരുകൾ സുദായഹൃദയത്തിൽ അവശേഷിക്കതന്നെ ചെയ്യും. ഒരു പുതിയ ഭാരതത്തെ കെട്ടിപ്പടുക്കണമെന്നും, ഇന്ത്യൻ സമുദായത്തെ ഉടച്ചുവാർക്കണമെന്നും

Digitized by Kerala Sahitya Akademi

പറയുന്നവർ തങ്ങളുടെ ഉത്സാഹപ്രകർഷത്തിനിടയ്ക്ക് ഇക്കാര്യം വിട്ടുപോകുന്നു. പക്ഷേ, മുപ്പത്തി എഴുനൂറു ലക്ഷം ജനങ്ങൾ വെറും കളിമൺകട്ടകളല്ലെന്നും, അവരെ പൊളിച്ചുപണിയുക എന്നതു കമാൽപാഷയെയും ഹിറ്റ്ലറെയും പോലെയുള്ള സേച്ഛാധിപതികൾക്കുപോലും അസാധ്യമാണെന്നും നാം ഓർമ്മിക്കേണ്ടതുണ്ട്. ഉടച്ചു വാർക്കുന്നതിലുള്ള പ്രയാസങ്ങളും അതിനു തുനിയുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങളും കാണുമ്പോൾ ഹൃദയത്തിന്റെ മണ്ഡലത്തിലും ബുദ്ധിപരമായും നമ്മുടെ ജനങ്ങൾക്കു ദേശീയമായ ഒരു ദൃഢീകരണം ഉണ്ടാകണം എന്ന ആഹ്വാനങ്ങൾ മുഴങ്ങുന്നു. ഈ രണ്ടുതരം നിർദ്ദേശങ്ങളും ഒരുമിച്ചു പുറപ്പെടുവിക്കുന്നവർ അവയിൽ അന്തർലീനമായ പരസ്പരവൈരുദ്ധ്യം അറിയുന്നില്ലെന്നാണു കരുതേണ്ടതു്. ഒരു കാട്ടുജാതിക്കാരന്റെ ഭാര്യ അയൽപക്കത്തുകാരിയോടു പറഞ്ഞ കഥയാണു് ഇതു കാണുമ്പോൾ ഓർമ്മവരുന്നതു്. അയൽപക്കത്തുകാരി ചോദിച്ചു:

"മുപ്പക്കെന്തോ കുറച്ചുനാളായി നല്ല സുഖമില്ലേ?"

"സുഖമില്ലെന്നു പറഞ്ഞാൽ മതിയോ! ഇങ്ങനെയൊരു ദുഃഖമുണ്ടോ? എത്ര നാളായി കഷ്ടപ്പെടുന്നു!"

"എന്താണു പറ്റിയതു്?"

"അതല്ലേ കേൾക്കേണ്ടതു്! മുപ്പക്കു പണ്ടുപണ്ടേയുള്ള ഒരു തറവാലിയുണ്ടു്. അതു പഴയതായി, മാറണം, എന്നു പറഞ്ഞുകൊണ്ടു നടന്നു. ഒടുവിൽ ഞങ്ങൾ വളരെ പ്രയാസം സഹിച്ചു് പുതിയതൊന്നു വാങ്ങി. അതിനുവേണ്ടി എന്തുമാത്രം കൊതിച്ചെന്നു പറയാനില്ല. പക്ഷേ, കൈയിൽ കിട്ടിയപ്പോൾ മുപ്പക്കു പഴയതിനോടു് ഇഷ്ടം വർദ്ധിച്ചു. ഇപ്പോൾ രണ്ടും വെച്ചുകൊണ്ടു് എന്തെന്നില്ലാതെ കഷ്ടപ്പെടുകയാണു്."

ഇതാണു് ഇന്ത്യൻജനതയുടെ ഇന്നത്തെ നില. നാം ഒരു പരിവർത്തനഘട്ടത്തിലാണെന്നും പരിവർത്തനഘട്ടങ്ങൾ എപ്പോഴും വിഷമം പിടിച്ചവയാണെന്നും പലരും പറയാറുണ്ടു്. ഇതൊരു സമാധാനമല്ല; പ്രയാസത്തിൽ

Digitized by Kerala Sahitya Akademi

നിന്നും ഒഴിഞ്ഞുമാറലാണും. നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നം എന്തെന്നു നാം ശരിക്കു മനസ്സിലാക്കണം.

ഭാരതീയത്വത്തെ ജനങ്ങളിൽ ഉറപ്പിക്കണം. അതോടൊപ്പം പുത്തൻ പരിഷ്കാരത്തെ വളർത്തുകയും വേണം. ആദ്യത്തെ നടപടി പാരമ്പര്യത്തിന്റെയും ഇതുവരെ പുലർത്തിപ്പോന്ന സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ വിജയിക്കുകയുള്ളു. വർഗ്ഗസ്മരണകളെ ഉണർത്തിയും പഴയ നേട്ടങ്ങളിൽ അഭിമാനം ജനിപ്പിച്ചുമാണും നേതാക്കന്മാരും ഭരണകൂടങ്ങളും ജനസഞ്ചയത്തിന്റെ ഹൃദയത്തിൽ ദേശീയബോധവും സ്വരാജ്യസ്നേഹവും വളർത്തുന്നതു്. വരാനിരിക്കുന്ന മഹാഭാഗ്യങ്ങളോർത്തു് അവർ അഭിമാനപുളകങ്ങളും അനുഭവിക്കുമെന്നു കരുതുന്നതു് അബദ്ധമാണും. ഈ വിദ്യ സാധാരണയായി സ്വാർത്ഥമാത്രമായ ദുർമ്മോഹങ്ങളെ മാത്രമേ ജനിപ്പിക്കുകയുള്ളു; മഹാഭാഗ്യങ്ങൾക്കു പകരം മഹാവിപത്തുകളെയാണു് പ്രതീക്ഷിക്കുന്നതെങ്കിൽ ജനങ്ങളുടെ പ്രവർത്തനം മറിച്ചായിരിക്കും. അവർ ഒറ്റക്കെട്ടായി നില്ക്കും. സമുദായത്തിനുവേണ്ടി എന്തും സഹിക്കാൻ സന്നദ്ധരാകും. ത്യാഗധീരതയിൽ മത്സരിക്കും.

നമ്മുടെ പുനരുദ്ധാരണയത്നത്തിൽ ആദ്യമേതന്നെ ഇങ്ങനെയുള്ള പാകപ്പിഴ പറ്റിയെന്നാണു തോന്നുന്നതു്. ഭാവിയെക്കുറിച്ചുള്ള മോഹനസ്വപ്നങ്ങൾ ഭുജിപ്പിച്ചു ജനസഞ്ചയത്തിന്റെ ഹൃദയക്ഷുത്തു ശമിപ്പിക്കാമെന്ന വ്യാമോഹം അതിൽ അന്തർലീനമിരിക്കുന്നു. ഭാരതീയനുവോത്ഥാനത്തിന്റെ ജനയിതാക്കൾ സ്വീകരിച്ച നയത്തെ പരിത്യജിക്കുക മാത്രമല്ല, വിസ്മരിക്കുകകൂടി ചെയ്തിരിക്കുന്നു. വിവേകാനന്ദസ്വാമി മുതൽ മഹാത്മാഗാന്ധിവരെയുള്ള മഹാപുരുഷന്മാർ ഭാരതീയരുടെ ആത്മാഭിമാനത്തെ ഉദ്ദീപിക്കുവാനാണു് ആദ്യമായി ശ്രമിച്ചതു്. നമ്മുടെ മറന്നുപോയ മഹിമകളെ അവർ ഉയർത്തിക്കാണിച്ചു. പക്ഷേ, അവർ പൊയ്പ്പോയ കാലങ്ങളിൽ മാത്രം താൽപര്യമുള്ളവരോ ഭാവിയിലേക്കു നോട്ടമില്ലാത്തവരോ ആയിരുന്നില്ല. കാലത്തിന്റെ പെരുവഴി

Digitized by Kerala Sahitya Akademi

യിൽ ഒരു പൊവ്വിനുള്ള സഞ്ചാരമേ സാധിക്കുകയുള്ളൂ എന്നും ഭൂതകാലത്തിലേക്കു മടങ്ങിപ്പോകുവാൻ മനുഷ്യനു കഴിവില്ല എന്നും ആർക്കാണു് അറിഞ്ഞുകൂടാത്തതു്? നമ്മുടെ സുകൃഷ്ടപാരമ്പര്യങ്ങളെ അവരോളം വെറുത്തവരും ആരുമില്ല. ഭാരതത്തിലെ മുകലക്ഷങ്ങളെ ഉദ്ധരിക്കുക എന്നതായിരുന്നു അവരുടേയും ലക്ഷ്യം. പക്ഷേ, അത്യഗാധമായ മനുഷ്യഹൃദയജ്ഞാനം ഉണ്ടായിരുന്നതുകൊണ്ടു് അതു സാധിക്കേണ്ടതു് എങ്ങനെയെന്നു് അവക്കു നിശ്ചയമുണ്ടായിരുന്നു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഈ വിഷയത്തിലുള്ള രാഷ്ട്രീയനയത്തിനു വലിയ മാറ്റം സംഭവിച്ചിട്ടുണ്ടു് നേതാക്കന്മാരുടേയും ഭരണാധികാരികളുടേയും ഉദ്ദേശശുദ്ധിയിൽ ആർക്കും സംശയമില്ല. അവരുടെ മനുഷ്യഹൃദയജ്ഞാനവും ക്രാന്തദർശിത്വവും അതു വളരെ പ്രശംസാവഹമല്ലെന്നേ പറയുന്നുള്ളൂ. ജനങ്ങളുടെ പോരായ്മകളെ മാത്രം ഊന്നിപ്പറഞ്ഞും, പാരമ്പര്യത്തിന്റെ ദോഷങ്ങളെ മുഴുപ്പിച്ചുകാണിച്ചും, നേട്ടങ്ങളെക്കുറിച്ചു മൗനം ഭജിച്ചും അവരെ തട്ടിയുണർത്താമെന്നും ഉത്സാഹികളാക്കാമെന്നുമുള്ള ധാരണയാണു് പരക്കെയുള്ളതു്. ഭാവിശ്രേയസ്സു് എന്ന ഭാവനാമയമായ ചിത്രങ്ങൾ മുമ്പിൽ കാണിച്ചുകൊണ്ടു് ഈ സാധുവായ കഴുതയെ മുന്നോട്ടു് ഓടിക്കുകയാണു്. എത്ര സാധുവായാലും ഇതാരു മനുഷ്യക്കഴുതയാണെന്ന പരമാർത്ഥം വിസ്മരിക്കപ്പെട്ടിരിക്കുന്നു.

അയിത്തം തുടങ്ങിയ ലജ്ജാവഹമായ അനാചാരങ്ങൾക്കെതിരായി അത്യുജ്ജ്വലമായ ആവേശം ജനിപ്പിക്കുവാൻ ഗാന്ധിജിക്കു സാധിച്ചു. പക്ഷേ, അതോടൊപ്പംതന്നെ ഭാരതീയനെന്നു പറയുന്നതിൽ അത്രത്തോളംതന്നെ ആവേശപൂർണ്ണമായ അഭിമാനവും അദ്ദേഹം ഉളവാക്കി. എങ്കിലും കഴിഞ്ഞ പത്തു കൊല്ലത്തെ അനുഭവം ആലോചിച്ചുനോക്കുക. മതത്തെയും പാരമ്പര്യത്തെയും ആധാരമാക്കിയുള്ള ജാതിവ്യത്യാസങ്ങൾ മാറിയിരിക്കാം (അതിലും സംശയമില്ലാതില്ല). എന്നാൽ സാമ്പത്തികവസ്തുതകളിൽ അധിഷ്ഠിതവും പണ്ടത്തെപ്പോലെതന്നെ ഉത്സുഹവുമായ മറ്റുതരം ജാതിവ്യത്യാസങ്ങൾ

Digitized by Kerala Sahitya Akademi

ആവിർഭവിച്ചിരിക്കുന്നു. പണ്ടത്തെ വ്യത്യാസങ്ങളെ ആരും ചോദ്യംചെയ്തില്ല. അതു ദൈവകൃതമെന്നോർത്തു് സഹിക്കുകയും ഏറക്കുറെ വിഗണിക്കുകയും ചെയ്യുപോന്നു. ഇന്നത്തെ കഥ അതല്ല. ആക്ഷം ഈ സാമ്പത്തികാസമത്വങ്ങളം സഹിക്കാൻ കഴിയുന്നില്ല. ഭൂരിപക്ഷം ജനങ്ങളും അതോർത്തുള്ള അമർഷംകൊണ്ടു ജ്വലിക്കുകയാണു്. ഈ രാജ്യം നശിച്ചാലും ശരി അവയെ മാറാതെ അടങ്ങുകയില്ലെന്നു് അട്ടഹസിക്കുകയും ചെയ്യുന്നു. ഇതൊക്കെയാണെങ്കിലും അസമത്വങ്ങളം വർദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നു. ഇതിനിടയ്ക്കു ഭാരതീയത്വവും ദേശാഭിമാനവും പമ്പകടക്കുന്നതാണു് കഷ്ടമായിരിക്കുന്നതു്. സാമ്പത്തികബ്രാഹ്മണരുടെ അഭിപ്രായത്തിൽ മറ്റുള്ളവർ റഷ്യയുടെ പിണിയാളുകളാണു്. സാമ്പത്തികപ്പറയരുടെ വിശ്വാസം മറേക്കുട്ടർ അമേരിക്കയുടെ കിങ്കരന്മാരാണെന്നാണു്. വിദേശനയത്തിൽ നാം ഒരു ചേരിയിലും ചേർന്നിട്ടില്ല എന്നുള്ളതു് പരമാർത്ഥമാണു്. പക്ഷേ, ജനസമുദായത്തിൽ ഭാരതീയർ എന്നൊരു കൂട്ടർ ഇല്ലാതായിരിക്കുന്നു എന്നതെന്നെ പറയാം. റഷ്യൻ ചാരന്മാരും അമേരിക്കൻ മുരാച്ചികളും മാത്രമേയുള്ളു.

വിചിത്രമായ ഈ പരിതഃസ്ഥിതിയിൽ സംസ്കാരത്തിനാണു് കെടുതി സംഭവിച്ചിരിക്കുന്നതു്. മതമെന്ന വാക്കുപോലും നിഷിദ്ധമാണു്. പാരമ്പര്യം എന്നു പറഞ്ഞാൽ നമുക്കു് കളങ്കവും കഷ്ടപ്പാടുകളും വരുത്തിക്കൂട്ടിയ അനാചാരങ്ങളെന്നേ അർത്ഥമുള്ളു. അഥവാ വല്ല നന്മയും ഉണ്ടായിരുന്നു എന്നു സമ്മതിച്ചാൽത്തന്നെയും അതു് തിന്മയെ നിലനിർത്തുവാൻവേണ്ടി ഉണ്ടാക്കിയതാണെന്നു് പുച്ഛിക്കപ്പെടുന്നു. ഭാരതീയസാഹിത്യവും കലകളും തത്ത്വജ്ഞാനവും എല്ലാം പുരോഗമനവിമുഖരായ കുറെ വങ്കന്മാർ മുഴുപ്പിച്ചുകാണിക്കുന്ന മൂഢതകളം മാത്രം. ഇംഗ്ലീഷ്ഭാഷയുടെ ആരാധകന്മാർ വർദ്ധിച്ചുവരുകയാണു്. അതൊരു ഭാരതീയഭാഷയായി അംഗീകരിപ്പിക്കുവാനുള്ള ശ്രമവും നടക്കുന്നു. നമ്മുടെ ജനങ്ങളം ഇംഗ്ലീഷ് പഠിച്ചതുകൊണ്ടാണു് ഭാരതത്തിൽ ഐക്യബോധം ഉണ്ടാ

Digitized by Kerala Sahitya Akademi

യതെന്ന വസ്തുത 'കൃതജ്ഞതയോടെ' സ്മരിക്കേണ്ടതാണെന്നു് ഉൽബോധിപ്പിക്കപ്പെടുന്നു. ഇക്കണക്കിനു്, ഇംഗ്ലീഷുകാർ വന്നതുകൊണ്ടാണു് നാം ഒന്നായതെന്ന വസ്തുത 'കൃതജ്ഞതയോടെ' അനുസ്മരിച്ചു് അവരെ പറഞ്ഞയച്ചതു് ഭോഷത്വമായെന്നും, തിരികെ വിളിക്കണമെന്നും വാദിക്കുവാൻ ആളുകളുണ്ടാവും. ഇന്ത്യയെ ഭരിക്കുവാൻ സാധിച്ചതുകൊണ്ടാണു് ഇംഗ്ലീഷുകാരനും അവന്റെ ഭാഷയും ഇത്രയും വളർന്നതെന്നു ന്യായമായിത്തന്നെ പറയാവുന്നതാണു്. പക്ഷേ, അതാരും പറയുന്നില്ല. കൃതജ്ഞതയോടെ സ്മരിക്കണമെന്നു നിബ്ബന്ധിക്കുന്നുമില്ല. ഇംഗ്ലീഷുകാരന്റെ പുസ്തകങ്ങൾക്കും ഇംഗ്ലീഷിലുള്ള പ്രസിദ്ധീകരണങ്ങൾക്കും ഇന്ത്യ ഇന്നും അതിപ്രധാനമായ ഒരു കമ്പോളമാണു്. അതുകൊണ്ടു് ഈ രാജ്യത്തെ ഭരണഭാഷയും പഠനഭാഷയും ഇംഗ്ലീഷുതന്നെ ആയിരിക്കണമെന്നുള്ളതു് ഇംഗ്ലീഷുകാരന്റെയുംകൂടി ആവശ്യമാകുന്നു.

ഭാരതീയജീവിതത്തിന്റെ പുനരുദ്ധാരണത്തെയും നമുക്കു വരേണ്ട നവോത്ഥാനത്തെയും കുറിച്ചു ചിന്തിക്കുമ്പോൾ ഒരു കാര്യം സവിശേഷമായി സ്മരിക്കേണ്ടതുണ്ടു്. അതിതാണു്: കഴിഞ്ഞ നാലോ അഞ്ചോ നൂറ്റാണ്ടുകാലമായി ലോകകാര്യങ്ങളുടെ നിർവ്വഹണകേന്ദ്രം പാശ്ചാത്യജനതയുടെ ഭോഗത്തിനുള്ള പരിഞ്ഞുകിടക്കുകയാണു്. അവരുടെ ആശയങ്ങളും ആദർശങ്ങളും ആഗ്രഹങ്ങളുമാണു് ലോകത്തെ ഭരിച്ചുകൊണ്ടിരിക്കുന്നതു്. മറ്റുള്ളവർക്കു സ്വന്തമായ ആശയങ്ങളോ ആദർശങ്ങളോ ഒന്നുമില്ലെന്നും, അവരുടെ ആഗ്രഹങ്ങൾ അപ്രധാനങ്ങളും അഗണ്യങ്ങളുമാണെന്നും ഉള്ള ധാരണയും പരന്നിട്ടുണ്ടു്. എണ്ണംകൊണ്ടും പ്രാചീനതകൊണ്ടും അവകാശസ്ഥാപനത്തിനു് ആധാരമായ മറ്റെന്തുകൊണ്ടും നോക്കിയാൽ പൗരസ്ത്യജനങ്ങൾക്കാണു് പ്രാധാന്യം ലഭിക്കേണ്ടതു്. പക്ഷേ, ഈ അടുത്തകാലംവരെ അങ്ങനെയൊരു കൂട്ടർ ഉണ്ടെന്നുപോലും പാശ്ചാത്യർ സ്മരിച്ചിരുന്നില്ല. തങ്ങളുടെ ശാസ്ത്രവും സാഹിത്യവും തത്ത്വജ്ഞാനവും മാത്രമേ ശ്രദ്ധാർഹമായുള്ള എന്നായിരുന്നു അവരുടെ വിചാരം. ഈ വീക്ഷണ

Digitized by Kerala Sahitya Akademi

ഗതിയെ പൗരസ്ത്യരായ നാമെങ്കിലും പോദ്യംചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പൗരസ്ത്യജനങ്ങളെ പീഡനംചെയ്യും കണ്ണിൽച്ചോരയില്ലാതെ ദ്രോഹിച്ചും നേടിയ ഐശ്വര്യത്തിൽനിന്നാണു് ഈ ശാസ്ത്രവും സാഹിത്യവും തത്ത്വജ്ഞാനവും എല്ലാം ഉണ്ടായതെന്നും, അവ എത്ര വേൽ വിലയുറ്റതായാലും ഇക്കാരണത്താൽ അനല്പമായ കളങ്കം കലർന്നവയാണെന്നും പറയാതെ തരമില്ല. പാശ്ചാത്യസംസ്കാരത്തിന്റെ നേട്ടങ്ങളേയും പാശ്ചാത്യദോഷങ്ങളുടെ സാവ്ലൗകികപ്രാധാന്യത്തെയുംകുറിച്ചു സ്തുതിഗീതം മുഴക്കുന്നവർ ഇക്കാര്യം സ്മരിക്കേണ്ടതാണു്. ചരിത്രത്തിന്റെ ഗോപുരങ്ങൾക്കു പുറത്തു നൂറ്റാണ്ടുകളായി കാത്തുനില്ക്കുന്ന നമുക്കു് ആത്മാഭിമാനമാണു് ആദ്യമായി ഉണ്ടാകേണ്ടതു്. നമ്മെ അകറ്റിനിർത്തി മേന്മനേടിയവരുടെ സംസ്കാരവും ജീവിതമൂല്യങ്ങളും വീക്ഷണഗതിയും നാം സ്വീകരിക്കണമെന്നു പറയുന്നതു് ആക്ഷേപകരമാണു്. അവരുടെ സംസ്കാരം അത്ര വളരെ മേന്മയുള്ളതും അഭികാമ്യവും ആണോ എന്നുള്ളതു മറ്റൊരു കാര്യമാണു്. എങ്കിലും അതും നമുക്കു് ആലോചിക്കേണ്ടതുണ്ടു്.

ലോകകാര്യങ്ങളുടെ വാട്ടം തെറ്ററിയുന്നതും മറ്റുള്ളവർ നമ്മെ ദ്രോഹിക്കുവാൻ ഇടയായതും നമ്മുടെ കുറ്റംകൊണ്ടുതന്നെയല്ലേ എന്നു ചോദിക്കാവുന്നതാണു്. അങ്ങനെതന്നെ സമ്മതിക്കുക അതുകൊണ്ടു്? നമ്മുടെ സംസ്കാരവും വീക്ഷണഗതിയും തെറ്റാണെന്നു സിദ്ധിക്കുമോ? മറ്റുള്ളവരെ അനുകരിക്കുന്നതാണു് നല്ലതെന്നുവരുമോ? ഒരുത്തൻ പശുവിനെ കൊന്നതുകൊണ്ടു് മറ്റൊരുത്തൻ പശുക്കുട്ടിയെ കൊല്ലണമെന്നുണ്ടോ? നമ്മുടെ അഭിരുചിയും അഭിലാഷവും അനുസരിച്ചു വളരുവാനുള്ള സ്വാതന്ത്ര്യമാണു് നാം ആവശ്യപ്പെടേണ്ടതു്. അതാണു് നാം നേടിയിട്ടുള്ളതെന്നും ഞാൻ വിശ്വസിക്കുന്നു. പക്ഷേ, സ്വാതന്ത്ര്യപ്രാപ്തിയുടെ പതിനൊന്നാം വർഷത്തിൽത്തന്നെ അതിപ്രധാനവും അടിസ്ഥാനഭൂതവുമായ ഈ സ്വതന്ത്രത നാം മറന്നിരിക്കുകയല്ലേ എന്നു ഞാൻ ഭയപ്പെടുന്നു. സ്വാതന്ത്ര്യശബ്ദത്തിനു് രാഷ്ട്രീയവും സാമ്പത്തികവുമായ

Digitized by Kerala Sahitya Akademi

അത്ഥകല്പനകം മാത്രമാണു് നാം നല്കിയിരിക്കുന്നതു്. വള്ളം മുങ്ങി കടിച്ചു ചാകുവാൻ തുടങ്ങിയ ബ്രാഹ്മണൻ, അന്യജാതിക്കാരനായ വള്ളക്കാരനോടു് "കൂടെക്കൂടിക്കാതെ കലക്കിക്കൂടിക്കു"വാൻ പറഞ്ഞതായി ഒരു കഥയുണ്ടു്. പൗരസ്ത്യജനങ്ങളും ഇന്നു് ഇതുപോലെ ഒരാപത്തിൽപ്പെട്ടിരിക്കുകയാണു്. പാശ്ചാത്യരുടെ സംസ്കാരനൗകയെ ഊന്നിയും തുഴഞ്ഞും മുന്നോട്ടു കൊണ്ടുപോയ നാം ചരിത്രത്തിന്റെ ചുഴലിയിൽപ്പെട്ടു് അവരോടൊപ്പം മുങ്ങിച്ചാകുവാൻ തുടങ്ങുകയാണു്. പക്ഷേ, കലക്കിക്കൂടിക്കുവാൻ പറഞ്ഞതു കേട്ടു കോപിച്ചു്, കൂടെ കൂടിക്കണമെന്നല്ലാതെ നീന്തിക്കയറണമെന്നു് നാം മോഹിക്കുന്നില്ല. നമ്മുടെ ശ്രമംകൊണ്ടോ ചരിത്രഗതിയുടെ അനുഗ്രഹംകൊണ്ടോ കൈവന്ന സ്വാതന്ത്ര്യം പാശ്ചാത്യരാജ്യക്കാരെപ്പോലെ, അവരോടൊപ്പം, കടിച്ചു ചാകുവാൻ മാത്രമുള്ളതാണെന്നാണു് നാം സങ്കല്പിച്ചിരിക്കുന്നതു്.

പാശ്ചാത്യർ നേടിയതുപോലെയുള്ള മേന്മ നേടണമെന്ന ഈ ആഗ്രഹം സാംസ്കാരികമായ ഹ്രസ്വദൃഷ്ടിയുടെ ഫലമാണു്. അന്യരാജ്യക്കാരോടു് എതിർത്തുനില്ക്കുവാനുള്ള ഭൗതികശക്തി ഇല്ലാതെപോയതുകൊണ്ടാണു് നാം അധഃപതിച്ചതെന്ന വിശ്വാസവും അതിന്റെ അടിയിലുണ്ടു്. ഇതു സങ്കുചിതമായ ഒരർത്ഥത്തിൽ ശരിയായിരിക്കാമെങ്കിലും മൗലികമായ മറ്റൊരർത്ഥത്തിൽ തീച്ചയായും തെറ്റാണു്. ഭൗതികമായ ഐശ്വര്യവും ആയുധശക്തിയുമാണു് രാഷ്ട്രങ്ങളെ ആപത്തിൽനിന്നു രക്ഷിച്ചു സുസ്ഥിതിയിൽ നിർത്തുന്നതെന്ന ധാരണ ചരിത്രത്തിൽ അങ്ങോളമിങ്ങോളം ചോദ്യംചെയ്യപ്പെട്ടിട്ടുണ്ടു്. ജനസമുദായങ്ങളെ ബാധിക്കുന്ന ആപത്തിന്റെയും അധഃപതനത്തിന്റെയും യഥാർത്ഥകാരണങ്ങൾ ആഭ്യന്തരങ്ങളാണെന്നാണു് തത്ത്വജ്ഞാനികൾ വാദിക്കുന്നതു്. ജനങ്ങൾക്കു സ്വന്തം സംസ്കാരത്തിൽ അഭിമാനമില്ലാതാവുകയും ആത്മവിശ്വാസം നശിച്ചു് അവർ ആദർശങ്ങളിൽനിന്നു വ്യതിചലിക്കുകയും ചെയ്യുമ്പോൾ രാഷ്ട്രം ആപത്തിനു് ഇരയാവാൻ തീരുന്നു. ആത്മവിശ്വാസമില്ലാത്തവനു് ആയുധം

Digitized by Kerala Sahitya Akademi

കിട്ടിയാലും പ്രയോജനമില്ല. അതു ശത്രുക്കളുടെ കൈയിൽ പെടുകയും ആപത്തു വർദ്ധിക്കുകയും ചെയ്യുവാനും ഇടയുണ്ട്. ഈ അടുത്തകാലത്തു്, 1940–ൽ, ആത്മവിശ്വാസം ഒന്നുകൊണ്ടുമാത്രം ബ്രിട്ടീഷ് ജനത സമ്പൂർണ്ണവിനാശത്തെ അതിജീവിച്ചതു് നാം കണ്ടതാണു്. ഒരു വെടിയുണ്ടപോലും പ്രയോഗിക്കാതെ മഹാത്മാഗാന്ധി ഒരു മഹാസാമ്രാജ്യത്തെ വെല്ലുവിളിച്ചു്, പരാജയപ്പെടുത്തി, നേടിത്തന്ന സ്വാതന്ത്ര്യം നാം അനുഭവിക്കുകയും ചെയ്യുന്നു. ആത്മവിശ്വാസവും ആദർശനിഷ്ഠയും ത്യാഗസന്നദ്ധതയും രാഷ്ട്രങ്ങളുടെ അഭ്യുദയത്തിനു് ആകാശവിമാനങ്ങളെയും ആറ്റംബോംബിനെയുംകാൾ ആവശ്യമാണെന്നു് ഈ സംഭവങ്ങൾ തീർപ്പായായും തെളിയിക്കുന്നുണ്ടു്. പക്ഷേ, ആയുധങ്ങൾ ഓങ്ങിക്കൊണ്ടുള്ള ഇന്നത്തെ ആഗോളരാഷ്ട്രീയത്തിൽ അടിസ്ഥാനപരമായ ഈ സത്യം അവഗണിക്കപ്പെടുകയോ വിസ്മൃതമാവുകയോ ചെയ്തിരിക്കുകയാണു്. ഭാരതീയരുടെ മനോഭാവവും ഈ വഴിക്കുതന്നെയാണു തിരിഞ്ഞിരിക്കുന്നതു്.

ചരിത്രത്തിന്റെ പെരുവഴിയിൽ നാം അന്ധന്മാരായിട്ടല്ല യാത്ര തുടങ്ങിയതു്. നമ്മുടെ രാജ്യം ഇന്നും അന്യരുടെ ശ്രദ്ധയെ ആകഷ്ടിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണവും മറ്റൊന്നുമല്ല. പണ്ടൊരുകാലത്തെങ്കിലും നാം സാംസ്കാരികമായ അടിയുറപ്പും ആദർശനിഷ്ഠയും ഉള്ള ഒരു ജനതയായിരുന്നു. ജീവിതത്തിന്റെ ലക്ഷ്യവും മൂല്യവും എന്തെന്നു് നമുക്കു നിശ്ചയമുണ്ടായിരുന്നു. ഇതിനെല്ലാം ഇളക്കം സംഭവിച്ചതോടുകൂടി ആയിരിക്കാം നമ്മുടെ ഉഷ്ഠാലവും ആരംഭിച്ചതു്. ഭാരതീയരുടെ ഭാഗ്യാതിരേകത്താൽ ഇന്നിപ്പോഴും ആ ഉഷ്ഠാലം നീങ്ങിയിരിക്കുകയാണു്. ഭാരതഭൂമിക്കു് അവളുടെ ആത്മാവിനെ കണ്ടെത്തുവാനുള്ള കനകാവസരവും കൈവന്നിരിക്കുന്നു. അതു എങ്ങനെ വിനിയോഗിക്കുമെന്നുള്ളതാണു് ഇന്നു നാം ഓരോരുത്തരും ആത്മാർത്ഥതയോടെ ആലോചിക്കേണ്ടി

Digitized by Kerala Sahitya Akademi

യിരിക്കുന്നത്. നമ്മുടെ ആശയങ്ങളെയും മനോഭാവങ്ങളെയും ആദർശങ്ങളെയും ഭാരതീയമായ വീക്ഷണകോടിയിൽ നിന്നു പരിശോധിക്കുകയും, നമ്മുടെ പരിതസ്ഥിതിയും സംസ്കാരത്തെയും ഭാവിയേയുംകുറിച്ചു സമഗ്രമായി ചിന്തിക്കുകയും ചെയ്യേണ്ടതു് നമ്മുടെ ആദ്യത്തെ കടമയായിത്തീർന്നിരിക്കുന്നു. ഇതിനുവേണ്ടിയുള്ള എളിയ ഒരു ഉദ്യമമാണു് ഇതിനുപരി നടത്തിയിരിക്കുന്നത്.

Digitized by Kerala Sahitya Akademi

സ്വാതന്ത്ര്യം ജനപ്രഭുത്വം സമത്വം

താരതമ്യേന സൗമ്യമായ സ്വാതന്ത്ര്യസമരവും നി
ന്നെച്ചൊരിച്ചിലിൽ കൂടാതെയുള്ള സ്വാതന്ത്ര്യപ്രാപ്തിയും
ഭാരതീയരായ നമ്മുടെ ഉള്ളിൽ ചില വ്യാമോഹങ്ങൾ
സൃഷ്ടിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ ഏറ്റവും പ്രധാനമായതു്
ജനപ്രഭുത്വം സമത്വം എന്നിവയെപ്പറ്റിയുള്ള തെറ്റിദ്ധാ
രണകളാണു്. സ്വാതന്ത്ര്യം കിട്ടിയാൽ ഭരണാധികാരം
ജനങ്ങളുടെ കൈകളിലേക്കു പകരുമെന്നും, 'എല്ലാവരും
ഒരുപോലെ, എല്ലാവർക്കും ഒന്നുപോലെ' എന്ന നില
വരുമെന്നും ഏകദേശം അരനൂറ്റാണ്ടുകാലം നാം
ദൃഢമായി വിശ്വസിച്ചു; പ്രതീക്ഷിച്ചു. എത്രയോ നൂറ്റാ
ണ്ടുകാലത്തെ ദുരിതാനുഭവങ്ങളും ഈ വിശ്വാസത്തിനു്
അടിയുറപ്പും, പ്രതീക്ഷകൾക്കു മാധുര്യവും നല്കി. സമ
ത്വം എന്നതു് നാം സ്വപ്നത്തിൽപ്പോലും അറിഞ്ഞിട്ടുള്ള
തല്ല. അധുനാതനശതകങ്ങളിൽ വിദേശീയരുടെ സ്വേ
ച്ഛാധിപത്യവും ഉൽഭരണവുമാണു് അധികാരമണ്ഡല
ത്തിൽ നാം കണ്ടിട്ടുള്ളതു്. ഘസ്നിമുഹമ്മദു മുതൽ ഇങ്ങോ
ട്ടു ഹിമാലയോല്ലംഘനം തരണംചെയ്തുവന്ന തീവെട്ടിക്കൊ
ള്ളക്കാർ ക്രമേണ ഈ മണ്ണിൽ തമസമുറപ്പിക്കുന്നതും,
നാലഞ്ചു നൂറ്റാണ്ടുകൾക്കകം പാടലാഭമാത്രം ചക്ര ത്തീ
കളും ആയി മുടിചൂടുന്നതും ഭാരതവർഷത്തെ കൊല്ലു ശക്തി
യോടെ അടക്കിഭരിക്കുന്നതും നാം ആദ്യം കണ്ടു.
അവരുടെ ആക്രമണങ്ങളും ആധിപത്യവും എഴുനൂറു വർഷ
ത്തോളം നീണ്ടുനിന്നു. അതിനുശേഷം കടൽക്കള്ളന്മാരാ
യും കച്ചവടക്കാരായും വന്ന വെള്ളപ്പരിഷയുടെ ആധിപത്യ
മാണു് ഉണ്ടായതു്. ഇതുയുടെ നാക്കു് കഴിഞ്ഞ സഹ
സ്രാബ്ദത്തിലുണ്ടായ സംഘടിതമായ ഈ രണ്ടാമത്തെ
ആക്രമണത്തിൽ മുന്നണിപ്പോരാളികളായി വന്നതു്
അക്ഷരാഭ്യാസംപോലുമില്ലാത്ത ആഭാസന്മാരായിരുന്നു.
തടിമിടുക്കു തനിക്കതാൻപോരിമയും, മരിക്കുവാൻമടിപാ

Digitized by Kerala Sahitya Akademi

ലും മടിയില്ലാത്ത ചട്ടമ്പിത്തരവും, സർവ്വോപരി തോക്കും പീരങ്കിയും ഒടിമരുന്നും കൈവരുത്തിയ ആയുധശക്തിയും, ആയിരുന്നു അവരുടെ അപദാനങ്ങൾ. പടവെട്ടിയും പരമനീചമായ പരപഞ്ചന പ്രയോഗിച്ചും ഇക്കൂട്ടർ പിൻഗാമികൾക്കു വഴിതെളിച്ചു. 'പിച്ചയ്ക്കു വന്നവൻ പെണ്ണുക്കു നായകൻ'നു പറഞ്ഞപോലെ ഈ പരദേശികൾ അചിരേണ കച്ചവടത്തിന്റെ കുത്തകക്കാരായും രാജ്യത്തിന്റെ അധിപന്മാരായും പരിണമിച്ചു.

അതിദാരുണമായ ഈ ചരിത്രവസ്തുതകൾ കാലപ്പഴക്കംകൊണ്ടു നാം ഏറെക്കുറെ മറന്നുകഴിഞ്ഞിട്ടുണ്ട്. പരദേശികൾ ചെയ്ത നല്ല കാര്യങ്ങളെപ്പറ്റിയുള്ള പ്രശസ്തിഗാനങ്ങൾ മാത്രമേ നാം ഇപ്പോൾ കേൾക്കാറുള്ളൂ. അതുകൊണ്ട് ഈ ചരിത്രസംഭവങ്ങളുമായി നേരിട്ട് ഇടപെട്ടവാൻ സംഗതി വന്ന നാട്ടുകാരുടെ അഭിപ്രായങ്ങൾ ചിലപ്പോഴെങ്കിലും ഒന്നു കേൾക്കുന്നതു നല്ലതാണ്. നമുക്കു നിത്യസ്മരണീയനായ തലക്കുളത്തു വേലുത്തമ്പി ഒന്നരനൂറാണ്ടു മുമ്പ് (1809-ൽ) പറഞ്ഞതാണിതു്:

"....അങ്ങനെയിരിക്കുന്ന സംഗതിയിങ്കൽ ടിപ്പുസുൽത്താനും ഇങ്കരേസുകമ്പഞ്ഞിയും പ്രബലമായിട്ടു വരികകൊണ്ടും അതിൽ രണ്ടിൽ കൊമ്പഞ്ഞിയാളുകൾക്കു നേരും വിശ്വാസവും ഉണ്ടെന്നും അവരെ വിശ്വസിച്ചാൽ ചതിക്കയില്ലെന്നും നിശ്ചയിച്ചു് ആദിപൂവ്വമായിട്ടു് അഞ്ചുതെങ്ങിൽ കോട്ടയിടുന്നതിനു സ്ഥലവും കൊടുത്തു് അവരെ അവിടെ ഒറപ്പിച്ചു സ്വാധീനവും വിശ്വാസവും ഉണ്ടായിരിക്കുമെന്നും നിശ്ചയിച്ചു് ആ നിനവിനാൽ ടിപ്പുസുൽത്താനോടു പകച്ചു പകയെടുത്തു ഇവരെ സ്നേഹിപ്പാൻ ഇടവരികയുംചെയ്തു.

പിന്നീടുള്ളതിൽ കാര്യവശാൽ ഉള്ള അനുഭവത്തിൽ ഇവരെ സ്നേഹിച്ചതു നാശത്തിനും വിശ്വസിച്ചതു ദോഷത്തിനും മൂലമായിട്ടുതീർന്നു. സർവ്വപ്രപഞ്ചത്തിനും ദ്രോഹവും വിശ്വാസപാതകവും നിറഞ്ഞിരിക്കപ്പെട്ട ജാതി ഇവർക്കു സമാനം ഇതിനു മുമ്പിൽ ഉണ്ടാ

Digitized by Kerala Sahitya Akademi

കയും ഇനി ഉണ്ടാകയും ഇല്ലെന്നുള്ളതും പ്രസിദ്ധമായി ട്ടു് അറികയു ചെയ്തു. അതിന്റെ വിവരങ്ങളും എന്തെ ന്നാൽ ഇവക്കു രക്ഷകൊടുത്തു ഇതുമേൽ ഒരു പ്രബല തയിൽ ആക്കിത്തീർത്ത നവാബിനെ നാംക്കുനാം വഞ്ചനയായിട്ടു ബലം കുറച്ചും വംശനാശം വരുത്തി പിന്നത്തതിൽ അടുത്ത രാജ്യങ്ങളിൽ സുഖവാഴ്വാ യിട്ടു എരിഞ്ഞുവന്ന ദീപത്തിനെയും അണച്ചു വാഴുന കളെ പാഴ്നകളുമാക്കി ആ ദ്രോഹബുദ്ധിയോടുംകൂടി ഈ സംസ്ഥാനത്തും കടന്നു് ആദിയിങ്കൽ ഉപായമാ യിട്ടും ക്രമത്താൽ ബലമായിട്ടും തുടങ്ങി സർവ്വും നിർ മൂലം വരുത്തുന്നതിനായിട്ടു ത്നപ്പെട്ടിരിയ്ക്കുന്നു.

ആയതിന്റെ വിവരങ്ങളും കുറഞ്ഞൊന്നു പോളി വായിട്ടു ചുരുക്കത്തിൽ എഴുതുന്നതു് എന്തെന്നാൽ ടിപ്പു സുൽത്താനോടു യുദ്ധം ഉണ്ടായ നിമിത്തം ഇവരെ സഹായത്തിനായിട്ടു കൈക്കൊണ്ടപ്പോളും തല്ക്കാല സമയത്തു പനിവായിട്ടു മുട്ടിച്ചു പത്തു ലക്ഷം വരാഹൻ വാങ്ങിച്ചുകൊള്ളുകയുംചെയ്തു. അതിന്റെ ശേഷവും നയവും ഭയവും കാട്ടി ആണ്ടൊന്നിനു് ആറു ലക്ഷം രൂപാ വീതം ഇവക്കു കൊടുക്കണമെന്നും ഇങ്കരീസു ജാതിയും തിരുവാങ്കോട്ട സംസ്ഥാനവും ഉള്ള കാലം വരെയും അതിനുമണ്ണം വാങ്ങിച്ചുകൊള്ളുന്നതല്ലാതെ അധികം ഒരു ചക്രംപോലും ചോദിക്കയില്ലെന്നും രാ ജ്യക്കാര്യം ഇടപെട്ടു് അല്പകാര്യത്തിനുപോലും സം സാരിക്കയില്ലെന്നും 968—മാണ്ടു പറഞ്ഞുവെച്ചു് ആണ സത്യം പ്രമാണമായിട്ടു ഉടമ്പടി കടലാസു് എഴുതി ത്തരികയും ചെയ്തു.

ആയതിനെ അനുസരിച്ചു് വ്യത്യാസംകൂടാതെ കൊടുത്തുവരുമ്പോളും ആയതിനും മാറങ്ങളായിട്ടു് ഈ രാജ്യത്തിൽ റസിഡണ്ടും ആക്കിപ്പാർപ്പിച്ചു് അവരുടെ വകയിൽ മൂന്നു പട്ടാളം കൊല്ലത്തു് ഇരുക്കിയതിനെയും സഹിച്ചു സർപ്പത്തിനു പാലു കൊടുത്തതുപോലെ അവ ക്കു പാർപ്പാൻ കോട്ടകളും വീടുകളും കെട്ടിക്കൊടുത്തു നാളതോറും ചെയ്തുവന്ന അക്രമങ്ങളെയും സഹിച്ചു്

Digitized by Kerala Sahitya Akademi

എങ്ങും ഒരു വ്യത്യാസം വരുത്തരുതെന്നും ആകുന്നതും സൂക്ഷിച്ചു പാർത്തു വന്നു. പിന്നത്തതിൽ മുമ്പിലത്തെ ഉടമ്പടിപ്രകാരം അല്ലാതെ രണ്ടുലക്ഷം രൂപാ വീതം കൂടെ കൊടുക്കണമെന്നും, ആയതും അല്ലെങ്കിൽ യുദ്ധം ചെയ്യുമെന്നും 980—ാമാണ്ടു മകരമാസത്തിൽ അന്യായമായിട്ടു തുടങ്ങി നാലു ദിക്കിലും പീരങ്കിവാണക്കളെയും ഇറക്കി വിപരീതത്തിനുള്ള വട്ടങ്ങളും തുടങ്ങുകകൊണ്ടും അന്നു വേറിട്ട് ഒരു സഹായം കാണാഴികയാലും ദൈവാലഗതിയുടെ ശക്തിയെന്നു നിശ്ചയിച്ച് അവരു പറഞ്ഞതിനെണ്ണം രണ്ടു ലക്ഷം രൂപാകൂടെ കൊടുത്തു വന്നു.

ഇപ്പോഴും ആ നിലയും വിട്ട് ഈ രാജ്യത്തെ ഓള്ള പുള്ളിപ്പട്ടാളം, ഈശ്വരസേവ, വഴിയൂട്ട് ആദിയായിട്ടുള്ളതൊക്കെയും നിറുത്തി ആ വകയിൽ കൂടുതലും ഇവർക്കു കൊടുക്കേണമെന്നും രാജ്യകാര്യം ഇടപ്പെട്ടതൊക്കെയും റസിഡണ്ടു മെക്കാളിയെ ബോധിപ്പിച്ചു നടക്കണമെന്നും ഉള്ള വട്ടങ്ങളും തുടങ്ങുകകൊണ്ട് അങ്ങനെയുള്ളതൊന്നും ഈ രാജ്യത്തു സംഭവിക്കയില്ലെന്നും ആകുന്നവിധത്തിലും സങ്കടം പറഞ്ഞിട്ടും ഭൂമിവരെയും താണു വണങ്ങിയിട്ടും സമ്മതിക്കാതെ ഈ ധനുമാസത്തിൽ നമ്മുടെ പേർക്ക് എഴുതിവന്ന കടലാസ്സിൽ നാം ഇക്കാര്യങ്ങൾക്കു വികല്പമായിട്ടു തൊടങ്ങിയിരിക്കണമെകൊണ്ടും ഈ ഉദ്യോഗവും വിട്ടു നാമും നമ്മുടെ കുടുംബത്തിൽ ഉള്ളവരും കൂടെക്കൂടിയിട്ടുള്ള കാര്യസ്ഥന്മാരിൽ ചിലരും കൊമ്പഞ്ഞിരാജ്യത്തിൽനിന്നു പാർത്തുകൊള്ളണമെന്നും അവിടെ ചെന്നു പാർത്താൽ ഇവർക്കു വേണ്ടുന്ന ശമ്പളവും മാനമര്യാദയും നടത്തിക്കൊടുക്കുമെന്നും അതിന്റെ ശേഷം രാജ്യകാര്യം ഇടപെട്ടൊള്ളതൊക്കെയും റസിഡണ്ടു . മെക്കാളിതന്നെ പുത്തനായി പട്ടംകെട്ടി നടത്തിക്കൊള്ളുമെന്നും ആയതിനു താമസം കാണുന്നു എങ്കിൽ യുദ്ധത്തിന്റെ ആരംഭം ആകുന്നു എന്നും എഴുതി.

Digitized by Kerala Sahitya Akademi

ഇപ്രകാരംതന്നെ തിരുമനസ്സു് അറിയുന്നതിനു കായിതം കൊടുത്തയക്കകൊണ്ടും പ്രാണഹാനി വരയിൽ വരുമെന്നു് ആകിലും ഇങ്ങനെയുള്ള രാജ്യദ്രോഹത്തിനു ഉറപ്പുള്ളകയില്ലെന്നും പറഞ്ഞു തള്ളിക്കളകയാൽ രണ്ടാമതു റസിഡെൻറു മെക്കാളി ഈ രാജ്യത്തിനു് ഉടയനായിരിക്കുന്ന തിരുമനസ്സിലെയും ശേഷം കാര്യസ്ഥന്മാരെയും ബോധിപ്പിയ്ക്കാതെ കടലു വഴിയ്ക്കു ഏതാനും സോപ്പുകാർ വെള്ളക്കാരെയും കൊല്ലത്തു് ഇറക്കി, അവരുടെ വകയിൽ അവിടെ ഉണ്ടായിരിയ്ക്കുന്ന സ്ത്രീജനങ്ങളെയും വസ്തുവകകളെയും മറുദിക്കിൽ ഒതുക്കി അക്രമങ്ങളായിട്ടു യുദ്ധം തുടങ്ങിയിരിയ്ക്കുന്നു. ഈ സംസ്ഥാനത്തുനിന്നും ഇതിനു മുമ്പിലും ഇപ്പോഴും അവരോടു യുദ്ധം ചെയ്യുന്നതെന്നു നിരൂപിച്ചിട്ടില്ലാഴികകൊണ്ടും ഇപ്പോഴും ഇവരു തുടങ്ങിയിരിയ്ക്കുന്നതിനു പ്രതിക്രിയയായിട്ടു ചെയ്യുന്നില്ലാതെ മുൻപന്പു സംശയിച്ചാൽ പിന്നത്തതിൽ അതുകൊണ്ടു വരുന്ന വൈഷമ്യങ്ങളെ ഈ രാജ്യത്തിൽ ആരും സഹിക്കാനും കാലം കഴിപ്പാനും നിർവാഹം ഉണ്ടായിവരുന്നതുമല്ല.

അതിന്റെ വിവരങ്ങളും ചുരുക്കത്തിൽ എഴുതുന്നതു് എന്തെന്നാൽ പതിവുമാറ്റത്തിൽ രാജ്യം അവരുടെ കൈപശത്തിൽ ആക്കുന്നതു് അവരുടെ വംശപാരമ്പര്യമാകകൊണ്ടും, അതിനുപുറമെ രാജ്യം അവരുടെ കൈപശത്തിൽ ആയതിനു കോയിക്കൽ കൊട്ടാരം കോട്ടപ്പടി ഉറപ്പുള്ള സ്ഥലങ്ങളിൽ അവരുടെ പാറയും വന്നതിയും ആക്കിത്തീർത്തു രാജമുദ്ര പല്ലക്കു് പൗരുഷം ഉറപ്പുള്ള ബഹുമാനങ്ങളും, ദേവാലയം ബ്രഹ്മാലയം ബന്ധിച്ചിട്ടുള്ള ശട്ടവട്ടങ്ങളും നാട്ടുക്കൂട്ടവും നിറുത്തി, ഉപ്പു മുതൽ സർവസാധനവും കുത്തകയായിട്ടു് ആക്കിത്തീർത്തു്, തരിശ്രുകിടക്കുന്ന നിലവും പുരയിടവും അളന്നു കുടകുത്തകയായിട്ടു കെട്ടി, നാലുവരി, തെങ്ങുവരി ഉറപ്പുള്ള അധികാരങ്ങളും കൂടികളിൽ കൂട്ടിവച്ചു് അല്പപിഴയ്ക്കു നീചന്മാരെക്കൊണ്ടു ശിക്ഷയും കഴുപ്പിച്ചു ക്ഷേത്രങ്ങളിൽ കുരിശും കൊടിയും കെട്ടി, വണ്ണഭേദമില്ലാതെ ബ്രാഹ്മ

Digitized by Kerala Sahitya Akademi

ണസ്ത്രീ മുതലായ സംസർഗ്ഗവുംചെയ്ത യുഗഭേദംപോലെ അധർമ്മങ്ങളായിട്ടുള്ള വട്ടങ്ങളാക്കിത്തീർക്കുകയും ചെയ്യും.

അങ്ങനെയൊള്ളതൊന്നും ഈ രാജ്യത്തിൽ സംഭവിക്കാതെ രാജധർമ്മത്തെ നടത്തി നാട്ടിൽ ഉള്ള മര്യാദയ്ക്ക് അഴിവുവരാതെ ഇരിയ്ക്കുണ്ടെന്നതിനു മനുഷ്യയത്നത്തിൽ ഒന്നും കുറഞ്ഞുപോയെന്നുള്ള അപഖ്യാതി ഉണ്ടാകാതെ ഇരിയ്ക്കുവാൻ ആകുന്നേടത്തോളം ഒള്ള പ്രയത്നങ്ങളും ചെയ്തുയും പിന്നത്തേതിൽ ഈശ്വരാനുഗ്രഹം പോലെ വരുന്നതൊക്കെയും സഹിക്കയും യുക്തമെന്നും നിശ്ചയിച്ച് അതുപ്രകാരം അവർ തുടങ്ങിയിരിക്കുന്നതിനു പ്രതിക്രിയയായിട്ട ചെയ്യേണ്ടിവന്നു.

(കുണ്ടറ വിളംബരം.
കൊല്ലം 984-മാമാണ്ട് മകരമാസം 17—നു)

നമ്മുടെ മാതൃഭൂമിയോട മാത്രമല്ല മാതൃഭാഷയോടും സ്നേഹമുള്ളവരെയെല്ലാം കോപമയിക്കൊള്ളിക്കുന്ന ഒരു പ്രഖ്യാപനമാണിതു്. ശിപായിലഹള എന്നു പറയുന്ന ആദ്യത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനു് അൻപതു കൊല്ലം മുമ്പാണു വേലുത്തമ്പിയുടെ ഈ പ്രഖ്യാപനം ഉണ്ടായതെന്നോർക്കണം. പാശ്ചാത്യസംസ്കാരത്തിന്റെയും പാശ്ചാത്യ ദോഷകളുടെയും ആരാധകന്മാർ പെരുകിവരുന്ന ഇക്കാലത്തു് ഈ ധീരദേശാഭിമാനിയുടെ വാക്കുകളും ഓരോ ഭാരതീയന്റെയും ആത്മാവിൽ മൃതസഞ്ജീവനീതീർത്ഥത്തിന്റെ ഫലം ചെയ്യുന്നതാണു്.

ഈ വിളംബരത്തിൽ പറയുന്നതുപോലെയുള്ള എണ്ണമറ്റ നീചപ്രയോഗങ്ങളുടെ ഫലമായി ഈ രാജ്യത്തു തങ്ങളുടെ ആധിപത്യം ഉറച്ചു എന്നായപ്പോൾ വിദേശീയർ കടൽക്കൊള്ളക്കാരെന്നും കച്ചവടക്കാരെന്നും ഉള്ള നിലവിട്ടു് പാശ്ചാത്യസംസ്കാരത്തിന്റെ സാർത്ഥവാഹന്മാരെന്ന പദവി സ്വീകരിച്ചു. അന്ധതാമിസ്രങ്ങളിൽ ആണ്ടുകിടക്കുന്ന ഈ കാട്ടാളജാതികൾക്കു് അറിവും വെളിച്ചവും നല്കുവാനാണു് തങ്ങൾ ആഗതരായിരിക്കുന്ന

Digitized by Kerala Sahitya Akademi

തെന്നു് അവർ ഭാവിച്ചുതുടങ്ങി. ഈ ചുമതല ജഗന്നിയന്താവുതന്നെ തങ്ങളിൽ നിക്ഷേപിച്ചതാണെന്നു് അവർ പറഞ്ഞു. അതവർ ആത്മാർത്ഥമായി വിശ്വസിക്കുകയും, ഈ നാട്ടുകാരെക്കൊണ്ടുപോലും വിശ്വസിപ്പിക്കുകയും ചെയ്തു.

ആദ്യമാദ്യം മതപ്രചാരണവും അവരുടെ പ്രധ്യാപിതലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ഇരുട്ടിൽ കിടക്കുന്ന ഹീനവർഗ്ഗങ്ങളെ ദൈവത്തിന്റെ വെളിച്ചം കാണിച്ചു നന്മയിലേക്കു നയിക്കേണ്ട ചുമതലയും തങ്ങൾക്കുണ്ടെന്നു് അവർ നിശ്ചയിച്ചു. അമേരിക്കൻ ഭൂഖണ്ഡത്തിൽ ഇക്കാര്യത്തിൽ അവർക്കു ലഭിച്ച അത്ഭുതവിജയം, ഇതൊരു ദൈവനിയോഗമാണെന്ന വിശ്വാസവും അവരിൽ ഉളവാക്കി. ലോകത്തെ 'മാറ്റിമറിക്കുന്നു'മെന്നുള്ള ഈ ദുരാഗ്രഹം ഒരു മൗലികാവകാശമായിട്ടാണു പ്രധ്യാനിക്കപ്പെട്ടതു്. ക്രിസ്തുദേവന്റെ സൗമ്യവും കരുണാമസൃണവും സനാതനവുമായ സന്ദേശത്തിനു നല്കപ്പെട്ട ഈ ദുർവ്യാഖ്യാനം ചരിത്രത്തിലെ അസുഖകരമായ മഹാത്ഭുതങ്ങളിൽ ഒന്നാകുന്നു. അദ്ധ്യായവും വാക്യവും ഉദ്ധരിച്ചു് ഇതിനെ ഇന്നും സാധൂകരിക്കുകയും പുനഃസ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരുണ്ടു്. താൻ പറയുന്നതു മാത്രമാണു സത്യമെന്നും, താൻ കാണിക്കുന്ന വെളിച്ചം മാത്രമാണു് നേരായിട്ടുള്ളതെന്നും വാദിക്കുന്നതിൽ അന്തർവിലീനമായിട്ടുള്ള അഹങ്കാരവും അല്പത്വവും, പ്രവാചകന്മാരും പ്രചാരകന്മാരും എന്തു പറഞ്ഞാലും, ദൈവപുത്രനായ ക്രിസ്തുദേവന്റെ പാവനനാമത്തിൽ കളങ്കമേല്പിക്കേയുള്ളു എന്നു പറയാതെ തരമില്ല.

മാർക്സിയൻ സന്ദേശം പ്രചരിപ്പിക്കുന്നവരുടെ മനോഭാവവും ഇതുതന്നെയാകുന്നു. അവരും ലോകത്തെ 'മാറ്റിമറിക്കുവാൻ' വെമ്പുകയാണു്. തങ്ങളുടെ സിദ്ധാന്തം മാത്രമാണു ശരിയായിട്ടുള്ളതെന്ന വിശ്വാസവും, തജ്ജന്യമായ അഹങ്കാരവും, അവരിലും മുഴച്ചുനില്ക്കുന്നു. ഈ സിദ്ധാന്തം അടിച്ചേല്പിക്കുന്നതിനുവേണ്ടി അന്യസമുദായങ്ങളെ ആക്രമിച്ചു കീഴടക്കുകയും അകത്തുനിന്നു

Digitized by Kerala Sahitya Akademi

തന്നെ തകർക്കുകയും ചെയ്യുവാൻ അവർക്കു മടിയില്ല. ഈ പുതിയ കൂട്ടുകാരുടെ അഹങ്കാരവും ദ്രോഹബുദ്ധിയും ആക്രമണോത്സുകതയും കണ്ടു് അമർഷംകൊള്ളുന്നവർ ലോകചരിത്രം സൗകര്യമായി അങ്ങു വിസ്മരിക്കുകയാണു ചെയ്യുന്നതു്; സ്വന്തം കണ്ണിലെ കഴുക്കോൽ കാണുന്നുമില്ല. പാശ്ചാത്യസംസ്കാരത്തിന്റെ പ്രവാചകന്മാരെന്നു് അഭിമാനിക്കുന്ന ഈ ധർമ്മരോഷക്കാർ അല്പകാലം മുമ്പുവരെ അഞ്ചു ഭൂഖണ്ഡങ്ങളിലും, ഇതുപോലെതന്നെയുള്ള അഹങ്കാരത്താൽ പ്രേരിതരായി, ഇതേ പ്രവൃത്തികൾതന്നെയാണു ചെയ്തതു്. അന്നും അടക്കുവാൻ കഴിയാത്ത ധർമ്മരോഷം അനുഭവിച്ചവർ ഉണ്ടായിരുന്നു എന്നു തീർച്ചയാണു്. അവർക്കു ജനാധിപത്യവും ആറ്റംബോംബും ഇല്ലായിരുന്നു എന്നേ വ്യത്യാസമുള്ളൂ.

ഹിന്ദുമതത്തിന്റെയും ഭാരതീയസംസ്കാരത്തിന്റെയും അടിയുറപ്പുകൊണ്ടു് പാശ്ചാത്യരുടെ മതപരമായ സംസ്കാരയത്നം ഈ രാജ്യത്തു പറയത്തക്കവണ്ണം ഫലിച്ചില്ല. നിഷ്ണ്ണരായ ഒരു ന്യൂനപക്ഷത്തെമാത്രമേ അവർക്കു മിഷ്ടം കൂട്ടുവാൻ കഴിഞ്ഞുള്ളൂ. പക്ഷേ, മറ്റു മണ്ഡലങ്ങളിൽ അവർക്കു പ്രതീക്ഷയിൽ കവിഞ്ഞ വിജയം സിദ്ധിച്ചു. തങ്ങൾ ആധുനികസംസ്കാരത്തിന്റെ പ്രതിനിധികളും ഭാരതീയജനതയുടെ ആശാകേന്ദ്രങ്ങളും ആണെന്ന പദവി അവർ നേടുകതന്നെ ചെയ്തു. 'സാഹെബ്' മാന്യനും നീതിമാനും സത്യസന്ധനും സദാചാരതൽപരനും ആണെന്ന സങ്കല്പം സാർവത്രികമായി. നാട്ടുകാരന്റെ നീചത്വങ്ങളിലേക്കു് അയാൾ ഒരിക്കലും താഴുകയില്ലെന്നും, അയാളുടെ ഹൃദയവിശാലത അപാരമാണെന്നും എല്ലാവരും സമ്മതിച്ചു. മറ്റൊരിടത്തും കിട്ടാത്ത നീതിയും സത്ബുദ്ധിയും അയാളിൽനിന്നു കിട്ടുമെന്നും വിശ്വാസമായി. എത്ര തന്മയത്വത്തോടെയാണു് സായിപ്പു് ഈ ധീരോദാത്തത അഭിനയിച്ചതെന്നു വർണ്ണിക്കുവാൻ പ്രയാസമാണു്. ഉടുപ്പിലും നടപ്പിലും വാക്കിലും നോക്കിലും തലയെടുപ്പിലും എന്നുവേണ്ട എല്ലാക്കാര്യത്തിലും അയാൾ അഭിജാതഭാവം അഭിനയിച്ചു. സായി

Digitized by Kerala Sahitya Akademi

പ്പിന്റെ പട്ടിക്കുപോലും ഈ നാട്ടിലെ മനുഷ്യരെക്കാൾ മാന്യത സിദ്ധിച്ചു. ഭൂരിപക്ഷം ഭാരതീയരും തിന്നുന്നതിനേക്കാൾ മെച്ചമായ ആഹാരമാണു് അതിനു ലഭിക്കുന്നതു്. അതിനു് ഇംഗ്ലീഷ് മനസ്സിലാകും. ആജ്ഞ കൊടുത്താൽ അനുസരിക്കും. യജമാനസ്നേഹവും പുണയും ചുറുചുറുക്കും അത്ഭുതമെന്നേ പറയാനുള്ളു. സ്വന്തം കുഞ്ഞുങ്ങളെപ്പോലെയാണു സായിപ്പു് അതിനെ നോക്കുന്നതു്. തണുപ്പുകാലത്തു കമ്പിളി പുതപ്പിച്ചും വേനൽക്കാലത്തു സോപ്പു തേച്ചു കുളിപ്പിച്ചും അതിനെ സംരക്ഷിക്കുന്നു. മദാമ്മ അതിന്റെ അപദാനങ്ങളെക്കുറിച്ചു പറയാൻ തുടങ്ങിയാൽ തീരുകയില്ല. എത്രയെത്ര ഇന്ത്യാക്കാരെയാണു് അതു കടിച്ചുകുടഞ്ഞിട്ടുള്ളതു്!

മഹാസമുദ്രത്തിൽ ദ്വീപുകളെപോലെ, മരുഭൂമിയിൽ തടാവളങ്ങളെപോലെ, ഇവിടത്തെ നാടൻപരിഷയുടെ ഇടയ്ക്കു സായിപ്പു് അതിമനോഹരമായ ബംഗ്ലാവുകളും വിഹാരകേന്ദ്രങ്ങളും നിർമ്മിച്ചു. കല്ലെറിഞ്ഞാലും, മഴവടി വെച്ചാൽപ്പോലും കൊള്ളാത്ത അകലത്തിൽ മതിലും മുള്ളുവേലിയും കെട്ടി താമസം തുടങ്ങി. നാടൻജനതയുടെ കാറുപോലും ഏല്ക്കുരുതെന്നു് അവർക്കു നിർബ്ബന്ധമുണ്ടായിരുന്നു. കടൽത്തുരുത്തിൽ ജനിച്ചുവളർന്ന സായിപ്പിനു വൻകരയിൽപ്പോലും ഇങ്ങനെയൊരു ദ്വീപപ്രവാസവാസന വന്നുകൂടിയതിൽ വിസ്മയിക്കാനില്ല. കുശിനിക്കാരെന്നും തോട്ടക്കാരെന്നും പലപല വകുപ്പുകളിൽ ഭൃത്യജനങ്ങളുടെ ഒരു സൈന്യത്തെയും അവർ നിയമിച്ചു. വീടു വെയ്ക്കുന്നതും വീടു നടത്തുന്നതും എല്ലാം നാട്ടുകാരുടെ ചെലവിലായിരുന്നതുകൊണ്ടു്, സായിപ്പു് അതിൽ പിശുക്കൊന്നും കാണിച്ചില്ല. സ്വന്തം രാജ്യത്തു് തന്നത്താൻ പെട്ടി ചുമക്കുകയും മുറി തുക്കുകയും പാത്രം മെഴുക്കുകയും, പല കുടം ബങ്ങളും ഒരു വീട്ടിൽ പാർക്കുകയും ചെയ്യുശീലിച്ച വെറും സാധാരണക്കാരാണു് ഇവിടെ വന്നു് ഈ കുബേരവേഷം കെട്ടിയതു്. പാവപ്പെട്ട ഭാരതീയർ ഈ വസ്തുത അറിഞ്ഞില്ല. ഇംഗ്ലണ്ടിൽ പോയി അതെല്ലാം കണ്ടിട്ടു വന്ന അഭിജ്ഞന്മാർ സത്യം പറഞ്ഞതുമില്ല.

Digitized by Kerala Sahitya Akademi

ഈ മിഥ്യ ഇരുനൂറുവർഷം നിലനിന്നു. അങ്ങേയ്ക്കറ്റത്തെ അസമത്വം പരിപാലിക്കുകയും, ചെന്നയ്ക്കു ചെലവു് എന്ന കണക്കിൽ തങ്ങളുടെ ദരിദ്രരാജ്യത്തിന്റെ ശ്രേയസ്സിനുവേണ്ടി ഇന്ത്യയെ ഭരിക്കുകയും ചെയ്തതിനോടൊപ്പം സായിപ്പു് സമത്വം സ്വാതന്ത്ര്യം സൽഭരണം പ്രജാപ്രഭുത്വം എന്നിവയെക്കുറിച്ചുള്ള ഗിരിപ്രഭാഷണങ്ങളും നമുക്കു നല്കി. പുത്തൻ പരിഷ്കാരത്തോടും പുസ്തകപ്പരിഷ്കാരത്തോടും ഭാരതീയജനതയ്ക്കു് അത്യധികമായ ആദരവുണ്ടായി. അവയിൽ അനന്യാദൃശമായ ആവേശവും ജനിച്ചു. മഹാചിന്തകനായ ആനന്ദകുമാരസ്വാമി പറഞ്ഞതുപോലെ, ഇന്ത്യയെ അടിമത്തത്തിൽ അടക്കിനിർത്തുന്നതിനുവേണ്ടി ആസൂത്രണംചെയ്ത അടവുകളിൽ പലതിനും അസുലഭമായ അനുഗ്രഹങ്ങളുടെ രൂപവിശേഷം ഉണ്ടായിരുന്നു. കമ്പിത്തപാലും തീവണ്ടിപ്പാതകളും റോഡും പാലവും തുറമുഖവും എല്ലാം ഇക്കൂട്ടത്തിൽ പെട്ടതാണു്. പുതിയ വിദ്യാഭ്യാസസമ്പ്രദായംപോലും ഇങ്ങനെയുള്ള രാഷ്ട്രീയോദ്ദേശത്തോടെ ആരംഭിച്ചതാണെന്നു മെക്കാളി എഴുതിവെച്ചിട്ടുണ്ടു്. എന്തായാലും നമ്മുടെ ജനങ്ങൾ ഇതെല്ലാം കണ്ടു മയങ്ങുകയും, സായിപ്പിന്റെ സന്ദേശം സസന്തുഷ്ടമായി സ്വീകരിക്കുകയും ചെയ്തു. ഇതും ഒരുതരം മതപരിവർത്തനം ആയിരുന്നെന്നും അതിൽ സായിപ്പു പരമാവധി വിജയം പ്രാപിച്ചു എന്നും പറയേണ്ടിയിരിക്കുന്നു. അയാളും അക്കാര്യത്തിൽ അതിമാത്രം അഭിമാനിക്കുന്നുണ്ടു്. അജ്ഞാനികളുടെ ഈ രാജ്യത്തു് രാഷ്ട്രീയബോധവും സ്വാതന്ത്ര്യതൃഷ്ണയും സമത്വചിന്തയും ഉളവാക്കിയതു താനാണെന്നു് അയാൾ അവകാശപ്പെടുന്നു. ഭാരതീയരെ സ്വയംഭരണത്തിനും സ്വാതന്ത്ര്യത്തിനും ശക്തരാക്കുക എന്ന പരോപകാരമാണു് രണ്ടു നൂറ്റാണ്ടു കാലം താൻ ഈ രാജ്യത്തു ചെയ്തുകൊണ്ടിരുന്നതെന്നും വാദിക്കുന്നു. ഈ ലോകസംഗ്രഹവ്യഗ്രത പാശ്ചാത്യരാഷ്ട്രങ്ങളുടെ ഹൃദയത്തിൽനിന്നു് ഇനിയും വിട്ടിട്ടില്ല. ആഫ്രിക്കയിൽ പല ഭാഗത്തും അവർ അതു പ്രദർശിപ്പിക്കുന്നുണ്ടു്. സാധിക്കുമെങ്കിൽ ഏഷ്യയിലും ഒരു കൈകൂടി നോക്കാമെന്നു

Digitized by Kerala Sahitya Akademi

മോഹിക്കുന്നുമുണ്ട്. ഈ വ്യഗ്രതതന്നെയാണു്, മറെറാരു ആദർശത്തിന്റെ പേരിൽ, ഇട്ടിച്ചതോതിൽ, കമ്യൂണിസവും സ്വീകരിച്ചിരിക്കുന്നതു്.

സ്വാതന്ത്ര്യവും സ്വയംഭരണവും സമത്വവും സായിപ്പിന്റെ ഗിരിപ്രഭാഷണത്തിൽ കേട്ടപോലെയും പുസ്തകത്തിൽ കണ്ടപോലെയും നടക്കുമെന്നു ധരിച്ചുപോയതാണു് നമുക്കു പററിയ വ്യാമോഹം. വെള്ളക്കാരൻ വെച്ചൊഴിഞ്ഞിട്ടു പോയാൽ പിന്നെ ആരുടെയും ആജ്ഞകൾ സ്വീകരിക്കേണ്ടതില്ലെന്നും, എല്ലാവരും ഭരണാധികാരികളാകുമെന്നും, മനുഷ്യനും മനുഷ്യനും തമ്മിൽ അധികാരത്തിലോ അനുഭവത്തിലോ ഒരു വ്യത്യാസവും ഉണ്ടാവുകയില്ലെന്നും ആണു വിചാരിച്ചതു്. നാം നടത്തിയ സ്വാതന്ത്ര്യസമരത്തിന്റെ സവിശേഷസ്വഭാവവും ഇങ്ങനെയൊരു വ്യാമോഹത്തിനു വഴി തെളിക്കുകയുണ്ടായി. 'നാലണ'യുടെ അധികാരംപോലും ഇല്ലെന്നു പറഞ്ഞ ഒരു സാധാരണക്കാരനാണു് നമ്മെ നയിച്ചതു്. അദ്ദേഹം ഒരു മൺകുടിലിൽ താമസിച്ചു; ഏറവും നിർധനനായ ഗ്രാമീണന്റെ ജീവിതമാണു് നയിച്ചതും. സമത്വമെന്നാൽ എന്തെന്നു് അദ്ദേഹം സ്വന്തം ജീവിതത്തിൽ കാണിക്കുകയും ചെയ്തു. സ്വാതന്ത്ര്യം കിട്ടിയാലും ഈ മൂല്യങ്ങൾക്കു മാററം സംഭവിക്കുകയില്ലെന്നു് ജനസഞ്ചയം വ്യാമോഹിച്ചുപോന്നു. അടുത്തു കാണുവാനോ, പരിചയപ്പെടുവാനോ, വേണ്ടതുപോലെ മനസ്സിലാക്കുവാനോ കഴിയാത്ത വിദൂരവകാരികൾ ഒളിവിലിരുന്നു നിഷ്ഫലമായ പോരാട്ടങ്ങളിലും ഭീകരപ്രവർത്തനങ്ങളിലും നിണപ്പുഴകളിലുംകൂടി നയിക്കുന്ന സ്വാതന്ത്ര്യസമരങ്ങൾ ഇങ്ങനെയുള്ള ധാരണകൾ വളർത്തുകയില്ല. അവിടെ നേതാവും നീതനും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. അദ്ദേഹത്തിന്റെ ആജ്ഞകളെയാണു് അനുസരിക്കുന്നതെന്ന വിചാരം എപ്പോഴുമുണ്ടു്; മേലുകീഴു വലുപ്പച്ചെറുപ്പവുമുണ്ടു്. അദ്ദേഹം വിദൂരം നടത്തുകമാത്രമല്ല, അതു കഴിഞ്ഞാൽ ഭരണാധികാരിയാകുമെന്നും അറിയാം. അന്യരാജ്യക്കാരന്റെ ഭരണത്തെക്കാൾ സ്വന്തരാജ്യക്കാരന്റെ ഭരണം ഭേദമാണെന്നല്ലാ

Digitized by Kerala Sahitya Akademi

തെ, പടവെട്ടുന്ന ഓരോരുത്തനും ഭരിക്കാൻ കഴിയുമെന്ന വ്യാമോഹം ജനിക്കുന്നില്ല.

ഇന്ത്യയിൽ ഇതൊന്നും ഉണ്ടായില്ല. സ്വാതന്ത്ര്യത്തിന്റെ മധുരഫലങ്ങളും എല്ലാവർക്കും തുല്യനിലയിൽ അനുഭവിക്കാമെന്നും, എല്ലാവർക്കും ഭരിക്കാമെന്നും (അല്ലെങ്കിൽ ഭരണംതന്നെ ഇല്ലാതാകുമെന്നും) ആണ് ഓരോരുത്തരും പ്രതീക്ഷിച്ചിരുന്നത്. അടികൊണ്ടവരും ജയിലിൽ കിടന്നവരും മാത്രമല്ല, ഖദറണിഞ്ഞവരും കൊടിപിടിച്ചവരും കൈകൊട്ടിയവരും നോക്കിനിന്നവരും എല്ലാം ഈ വ്യാമോഹത്തിനു് ഇരയായി. പക്ഷേ, കാര്യത്തോടടുത്തപ്പോൾ കഥയൊക്കെ മാറി. ചിലർമാത്രം ഭരിക്കുന്നവരും ഭൂരിപക്ഷംപേർ ഭരിക്കപ്പെടുന്നവരും ആയി. സമത്വം എന്നതു് ഒരു കടലാസ്സുകഷണം അഞ്ചു കൊല്ലത്തിലൊരിക്കൽ ഒരു പെട്ടിക്കുള്ളിൽ നിക്ഷേപിക്കുന്ന കാര്യത്തിൽ മാത്രവുമായി. പണ്ടു് വെള്ളക്കാരുണ്ടാക്കിയിട്ട കൊട്ടാരംപോലെയുള്ള വീടുകളിൽ താമസിക്കുവാനും കൊടിവച്ച കാറുകളിൽ സഞ്ചരിക്കുവാനുമുള്ള ഭാഗ്യം ഇന്നലെവരെ ഒന്നിച്ചുകഴിഞ്ഞവരിൽ ചിലർക്കുമാത്രം ലഭിച്ചതു കണ്ടപ്പോൾ അസൂയയും കണ്ണുകടിയും അണപൊട്ടി ഒഴുകിത്തുടങ്ങി. അവരുടെമേൽ ഞെരുക്കം പ്രയോഗിച്ചു തൻകാര്യം നേടുകയും ധനം സമ്പാദിക്കുകയും ചെയ്യാമെന്നു വിചാരിച്ചപ്പോൾ ചട്ടവും നിയമവും തടസ്സമായി വന്നു. ഉദ്യോഗസ്ഥന്മാരെ സമീപിച്ചു് അധികാരഭാവത്തിൽ കാര്യങ്ങളും സാധിക്കാനും നിവൃത്തിയില്ലെന്നുവന്നു. എന്നുമാത്രമല്ല അവരുടെ ധിക്കാരങ്ങളും സഹിക്കണമെന്നായി.

ഈ മോഹഭംഗങ്ങളും ഇന്നു് ഭാരതീയസമുദായത്തിൽ ഏതാണ്ടൊരുമിതങ്ങാളും തിരയടിക്കുകയാണു്. മന്ത്രിപീഠങ്ങളിൽ അവരോധിക്കപ്പെട്ടവർ ആദ്യമൊക്കെ അതൊരു ബഹുമതിയായിട്ടാണു കരുതിയതു്. രാജ്യസേവനത്തിനുള്ള അവസരമെന്നും വിചാരിച്ചിരിക്കാം. പക്ഷേ, പതുക്കെപ്പതുക്കെ അവർ അതിന്റെ സുഖങ്ങളിൽ ലയിച്ചുതുടങ്ങി. ജയിലിൽ കിടന്നതിനും അടികൊണ്ടതിനു

Digitized by Kerala Sahitya Akademi

നും ഉള്ള പ്രതിഫലമാണു് പ്രസ്തുത സുഖങ്ങളെന്നും വ്യാഖ്യാനിച്ചു. ഇങ്ങനെയാണു് അവിടെനിന്നു മാറാതിരിക്കുവാനുള്ള ശ്രമങ്ങളും ആരംഭിച്ചതു്. ഇതാടൊപ്പം അങ്ങേപ്പുറത്തു് അസൂയയുടെയും, തജ്ജന്യമായ വിമർശനങ്ങളുടെയും ആക്ഷേപങ്ങളുടെയും വേലിയേറ്റവും ഉണ്ടായി. ഉപജാപങ്ങളും അവിശ്വാസപ്രമേയങ്ങളും ഒത്തുതീർപ്പുകളും ചാക്കിട്ടുപിടുത്തങ്ങളും എല്ലാം ഇങ്ങനെയാണു തുടങ്ങിയതു്. ക്രമേണ മന്ത്രിപീഠങ്ങൾ പ്രയാസമുള്ളവയാണെന്ന ബോധം ജനിച്ചു. എന്നും അവിടെ പറ്റിപ്പിടിച്ചിരിക്കുവാൻ സാധ്യമല്ലെന്നും തീർച്ചയായി. പിന്നെ എവിടെ പോകാനാണു്? ഭാവിയെക്കുറിച്ചുള്ള ചിന്തകളും, 'കഞ്ഞികുട്ടിപരാധീനങ്ങളും' കഷ്ടപ്പാടിലേക്കുള്ള മടങ്ങിപ്പോക്കും എല്ലാം വലിയ അന്ധാളിപ്പിനിടയാക്കി. ഈ വിഷമഘട്ടത്തിൽ ഗാന്ധിയും ആദർശങ്ങളും സത്യപ്രതിജ്ഞയും എല്ലാം വിസ്മൃതമായതിൽ അതിശയിക്കാനില്ല. പോകുന്നതിനുമുമ്പു് വല്ലതും അല്പം ഉണ്ടാക്കിക്കളയാം എന്നു തീർച്ചപ്പെടുത്തി. പലതും അഴിമതിക്കും ഒളികള്ളിക്കും പ്രേരിതരായിത്തീർന്നു. ഇതാണു് കഴിഞ്ഞ പത്തു വർഷത്തിനിടയിൽ ഇന്ത്യയിൽ സംഭവിച്ചതു്. സാധാരണക്കാരന്റെ ഹൃദയത്തിൽ സ്വാതന്ത്ര്യത്തെയും സമത്വത്തെയുംകുറിച്ചു് ഉണ്ടായിരുന്ന മോഹനസ്വപ്നങ്ങളും മധുരപ്രതീക്ഷകളും മലപ്പോടിക്കാരന്റെ മനോരാജ്യംപോലെ തകർന്നുപോയിരിക്കുന്നു. അധികാരത്തിന്റെ കേന്ദ്രീകരണവും സ്വേച്ഛാപ്രഭുത്വത്തിന്റെ നിഴലാട്ടങ്ങളും ധാരാളമുണ്ടു്. ഇന്ത്യയുടെ ഭാവി എന്താകുമെന്നു് ആലോചനാശക്തിയുള്ളവക്കെല്ലാം ഉൽക്കണ്ഠ തോന്നുന്നു.

സ്വാതന്ത്ര്യം, ജനപ്രഭുത്വം, സമത്വം എന്നീ സങ്കല്പങ്ങൾക്കു് അടിമത്തത്തിൽ കിടന്നപ്പോൾ നാം നല്കിയ അർത്ഥം അയഥാർത്ഥമായിരുന്നു. സാധാരണക്കാരനു മനസ്സിലാകുന്നതിനും, അവന്റെ ഉള്ളിൽ രണോരണികം ജനിപ്പിക്കുന്നതിനുംവേണ്ടി ഗാന്ധിജി ഈ ആശയങ്ങളെ വളരെയധികം ലളിതമാക്കി. സ്വാതന്ത്ര്യം കിട്ടുമ്പോൾ നമ്മുടെ മാതൃഭൂമിയെ അദ്ദേഹം വരച്ചുകാണിച്ചതുപോലെ

Digitized by Kerala Sahitya Akademi

രൂപാന്തരപ്പെട്ടുത്താമെന്നു് അവൻ ആത്മാർത്ഥമായി വിശ്വസിച്ചു. പക്ഷേ, അങ്ങനെ യാതൊന്നും നടന്നില്ല; നടക്കുമെന്നും തോന്നുന്നില്ല. ഭൂമുഖത്തു് ഒരിടത്തും അവൻ വിഭാവനചെയ്തപോലെയുള്ള സമത്വം സ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. അങ്ങേയറ്റം കൈവരുത്തുവാൻ കഴിഞ്ഞിട്ടുള്ളതു മനുഷ്യരുടെ പെരുമാറ്റത്തിലുള്ള സമഭാവനയാണു്. അതുതന്നെയും എല്ലാവരിലുമില്ല. ഒരു ഭൂരിപക്ഷത്തിന്റെ ഇടയിൽമാത്രം. ഇതുപോലും ഇന്ത്യയിൽ വരുന്ന കാര്യം സംശയത്തിലാണു്. അനുനൂറാളം രാജസ്ഥാനങ്ങളെ നാം നാമാവശേഷമാക്കി എന്നതു സ്വാതന്ത്ര്യപ്രാപ്തിയോളംതന്നെ മഹത്തായ ഒരു നേട്ടമാണെന്നു പറയാറുണ്ടു്. പല രാജസ്ഥാനങ്ങളിലും നിലവിലിരുന്ന വർഷളത്തങ്ങളും ഓർക്കുമ്പോൾ ഈ സംഗതിയിൽ നമുക്കു നിസ്സീമമായ ചാരിതാർത്ഥ്യം തോന്നേണ്ടതുതാണു്. എങ്കിലും മറ്റു ചില കാര്യങ്ങളും ആലോചിക്കുമ്പോൾ നമുക്കു് അത്രവളരെ പരിതൃപ്തിഭാവം തോന്നുവാൻ വകയുണ്ടോ എന്നു സംശയിച്ചുപോകും.

തങ്ങളുടെ സ്ഥാനം മറ്റുള്ളവരുടെ മുകളിലാണെന്നും, തങ്ങളാണു് സർവ്വാധിപതികളെന്നും, തങ്ങളുടെ കല്പനകളും കേട്ടു നടക്കുകയും തങ്ങളെ പൂജിക്കുകയും ചെയ്യേണ്ടതു മറ്റുള്ളവരുടെ കടമയാണെന്നും വിചാരിച്ചു തോന്നിയപോലെ ഭരണം നടത്തുന്ന രാജനാമധാരികളായ കുറെ ആളുകളെ സ്വസ്ഥാനത്തുനിന്നു നീക്കുവാനാണു് സർദാർ പട്ടേൽ യത്നിച്ചതെങ്കിൽ ആ യത്നം വിജയപ്രദമായിട്ടില്ല എന്നതന്നെ പറയേണ്ടിയിരിക്കുന്നു. അനുനൂറു രാജാക്കന്മാർക്കുപകരം ഈ രാജ്യത്തു് ഇന്നു് ഒരുപക്ഷേ, ആറായിരം രാജാധിരാജന്മാർ ഉണ്ടായിട്ടുണ്ടു്. എന്തെങ്കിലും അധികാരമുള്ള ഏതുദ്യോഗസ്ഥനും ഇന്നു രാജാവിനെക്കാൾ വലിയ പദവിയാണു ഭാവിക്കുന്നതു്. അയാൾ രഥത്തിലിറങ്ങുമ്പോൾ കീഴുദ്യോഗസ്ഥന്മാർ കാത്തുനില്ക്കണം; മാലയിടണം; തന്റെ വകുപ്പുമായി എന്തെങ്കിലും ബന്ധമുള്ള പൊതുജനപ്രമാണികളെ നിരത്തിനിർത്തി തൊഴുവിക്കണം; താമസിക്കുവാൻ ഏറ്റവും നല്ല ബംഗ്ലാ

Digitized by Kerala Sahitya Akademi

വും ഏർപ്പാടുചെയ്യണം; സവാരിക്കു പുതിയ കാറു വേണം; ഭാര്യയേയും കുട്ടികളെയും കാഴ്ചകൾ കാണിക്കണം; അമ്പലത്തിൽ കൊണ്ടുപോയി തൊഴുവിക്കണം. ശിക്ഷിക്കുവാനും ശല്യംചെയ്യുവാനും ശക്തിയുള്ള ഉദ്യോഗമാണെങ്കിൽ നാട്ടുകാർക്കു മുഴുവനുംതന്നെ ഈ ഔദ്യോഗിക സന്ദർശനം ഒരു ശാപമായിത്തീരും. പണ്ടു കിരീടമുള്ള രാജാക്കന്മാരുടെ എഴുന്നള്ളത്തിനു ചെയ്തിരുന്ന സജ്ജീകരണങ്ങളും ബന്തവസ്സുകളും എല്ലാം ഇന്നു് ഉദ്യോഗസ്ഥരാജാക്കന്മാരുടെ സന്ദർശനവേളയിലും ചെയ്തുവരുന്നുണ്ടു്. ഭാര്യാസമേതം അവർ ക്ഷേത്രങ്ങളിൽ തൊഴാൻ ചെല്ലുമ്പോൾ ഭഗവാൻതന്നെ എഴുന്നേല്ക്കാത്തതു് അത്ഭുതമെന്നേ പറയാനുള്ളു. ചിലപ്പോഴെങ്കിലും അതിൽ നിരസമുണ്ടെന്നു് മുഖഭാവം കാണുമ്പോൾ തോന്നാറുണ്ടു്. ഡിപ്പാർട്ടുമെന്റു് മേലധികാരികളെപ്പോലെയുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാർ തീവണ്ടിയിൽ സഞ്ചരിക്കുമ്പോൾ ഓരോ സ്റ്റേഷനിലും കീഴ്സിൽബന്ധികളും അവരെ പ്രീണിപ്പിക്കുവാൻ കടപ്പെട്ട പൗരന്മാരും മുഖം കാണിക്കുവാൻ കാത്തുനില്ക്കുന്നതും, പുഷ്പഹാരങ്ങളും കാഴ്ചദ്രവ്യങ്ങളും സമർപ്പിക്കുന്നതും കാണേണ്ട കാഴ്ചയാണു്. ഉദ്യോഗസ്ഥന്മാർ പൊതുജനദാസന്മാരാണെന്നാണു പറയാറുള്ളതു്. ലഗ്നാലും ചന്ദ്രാലും അതു സത്യവുമാണു്. പക്ഷേ, ഫലത്തിൽ, അനുഭവത്തിൽ, പെരുമാറ്റത്തിൽ, മറിച്ചാണെന്നേയുള്ളു.

പുതിയ രീതിയിലുള്ള ഈ നാടുവാഴിത്തം വർദ്ധിക്കുവാനുള്ള പുറപ്പാടുകളാണു് ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. നമ്മുടെ നയപ്രഖ്യാപനമനുസരിച്ചു ഭാരതം സോഷ്യലിസ്റ്റു് വ്യവസ്ഥിതിയിലേക്കു ത്വരിതഗമനം ചെയ്യുകയാണല്ലോ. ഈ നയത്തിന്റെ ശരിയായ അർത്ഥമെന്തെന്നു നമുക്കു പുറകെ പരിശോധിക്കാം. അതു സമുദായത്തിൽ വരുത്തിയിട്ടുള്ള ചില സവിശേഷതകളെക്കുറിച്ചാണു് ഇപ്പോൾ പറയുന്നതു്. ഉൽപാദനത്തിനുള്ള ഉപാധികളും പൊതുഉടമയിലാക്കുക എന്നതു് സോഷ്യലിസം കൈവരുത്താനുള്ള ഉപായങ്ങളിൽ അതിപ്രധാനമായതാകുന്നു. അനന്തരം വ്യവസായങ്ങളും, ഖനികളും, ഗതാ

Digitized by Kerala Sahitya Akademi

ഗതം തുടങ്ങിയവരെയെല്ലാം സമുദായത്തിന്റെ പൊതുവേയുള്ള ചുമതലയിൽ (അതായതു സർക്കാരിന്റെ ഉടമസ്ഥതയിൽ) നടത്തുക എന്ന നയം തുടങ്ങിക്കഴിഞ്ഞു. ഇതിനാണ് പഞ്ചവത്സരപദ്ധതിയിൽ 'പബ്ലിക്ക് സെക്ടർ' എന്നു പറയുന്നതു്. രാഹു ചന്ദ്രനെയെന്നപോലെ, പബ്ലിക് സെക്ടർ എതിരാളിയായ പ്രൈവറ്റ് സെക്ടറിനെ മുഴുവനും വിഴുങ്ങുമ്പോൾ സോഷ്യലിസവും പൂർണ്ണതയെ പ്രാപിക്കും. കല്പവടം, കൃഷി, വിദ്യാഭ്യാസം, വൈദ്യസഹായം, ഇൻഷ്വറൻസ്, എന്നു വേണ്ട സമുദായത്തിന്റെ ശ്രേയസ്സു വർദ്ധിപ്പിക്കുന്ന എല്ലാ മണ്ഡലത്തിലും സോഷ്യലിസം വരുത്താവുന്നതാണു്; വരുത്തുകയും വേണം. എങ്കിലേ ആദർശം യഥാവിധി സാക്ഷാൽക്കരിക്കുവാൻ സാധിക്കുകയുള്ളു. ആൽഡസ് ഹക്സ്ലി 'ബ്രേവ് ന്യൂ വേൾഡ്' എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ സ്വന്തമെന്നും, സ്വകാര്യമെന്നും, വ്യക്തിഗതമെന്നും (പവിത്രമെന്നുകൂടി പറയേണ്ടതാണു്; പക്ഷേ, പറയുന്നില്ല) കരുതപ്പെടുന്ന മണ്ഡലങ്ങളിലേക്കും പൊതുവുടമവ്യവസ്ഥിതി വ്യാപിപ്പിക്കാവുന്നതാണു്. "കുട്ടികളും സമുദായത്തിന്റെ വകയാണു്. അതുകൊണ്ടു് അവരെ ജനിപ്പിക്കേണ്ട ചുമതലയും സർക്കാരിൽനിന്നു് ഏറ്റെടുക്കേണ്ടിയിരിക്കുന്നു. പശുക്കളുടെ കാര്യത്തിലെന്നപോലെ, കൂടുതൽ ശാസ്ത്രീയമായ രീതിയിലും കൂടുതൽ കാര്യക്ഷമമായും, സ്വകാര്യമുതലാളിത്തം വളരാത്ത വിധത്തിലും, ഈ ഉൽപാദനം നടത്താവുന്നതാണു്; നടത്തേണ്ടതുമാണു്" എന്ന സോഷ്യലിസ്റ്റുകാരൻ വിധിച്ചാൽ അതിനു് എതിർവാദമില്ല. സോഷ്യലിസമാണു രാഷ്ട്രത്തിന്റെ ലക്ഷ്യമെങ്കിൽ ഇതും ഇതിലപ്പുറവും വന്നെങ്കിലേ സോഷ്യലിസ്റ്റ് വ്യവസ്ഥിതി പൂർണ്ണമാവുകയുള്ളു. അതിരിക്കട്ടെ.

സോഷ്യലിസ്റ്റ് നയം നടപ്പിലാകുമ്പോഴുണ്ടാകുന്ന മാറ്റങ്ങളെ നോക്കാം. പൊതുവുടമ എന്നു പറയുന്നതാണു് സർക്കാർ. സർക്കാർ എന്നു പറയുന്നതു്, ജനാധിപത്യരാഷ്ട്രത്തിൽ പൊതുജനങ്ങളും അവരുടെ പ്രതിനിധികളും,

Digitized by Kerala Sahitya Akademi

പ്രതിനിധികളുടെ പ്രതിനിധികളായ മന്ത്രിസഭകളും അവർ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുമാണു്. ഈ ശൃംഖലയുടെ ഉൽപത്തിയും ഊർജ്ജസ്ഥാനവും, ഉടക്കം കൊള്ളുന്നും, അവലംബവും ചുഴിക്കുറിയും എല്ലാം എങ്ങനെയിരുന്നാലും, അധികാരത്തിന്റെ ആവിഷ്കരണം അവസാനത്തെ കണ്ണിയിലാണു് സംഭവിക്കുന്നതു്. മീനും ചൂണ്ടയുംപോലെയുള്ള ബന്ധമാണു് ജനങ്ങളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ളതു്. ഇരയും കണ്ണിയും നൂലും പൊങ്ങും എല്ലാമുണ്ടെങ്കിലേ ചൂണ്ടയാവുകയുള്ളു. പക്ഷേ, മീനിന്റെ തൊണ്ടയിൽ ഉടക്കുന്നതു് അറ്റത്തുള്ള ചൂണ്ടക്കൊളുത്താണു്. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അധികാരത്തിന്റെ കഥയും ഇതുതന്നെയാണു്. സക്കാരെന്നു പറഞ്ഞാൽ അവർ മനസ്സിലാക്കുന്നതു് ഉദ്യോഗസ്ഥന്മാരെന്നാണു്. തത്ത്വം എങ്ങനെയിരുന്നാലും അനുഭവവും അതുതന്നെ. അതുകൊണ്ടു് സോഷ്യലിസം പുരോഗമിക്കുംതോറും ഉദ്യോഗസ്ഥന്മാക്കുള്ള സ്ഥാനവും പ്രാധാന്യവും വർദ്ധിക്കുമെന്നുള്ളതു തീർച്ചയാണു്. അവർ സമുദായഘടനയിലെ ആണിക്കല്ലായിത്തീരും.

"വേളി മുതൽ വക്കലവരെയും നെടുമങ്ങാടു മുതൽ പശ്ചിമസമുദ്രംവരെയും ഉൾപ്പെട്ട പ്രദേശത്തെ ചന്ത്രക്കാറ മഹാരാട്ടു് സങ്കടനിവേദനങ്ങൾക്കു സംഗതിയും മാർഗ്ഗവും കൂടാതെ പരിപാലനംചെയ്യുവന്നു. അവിടങ്ങളിൽ പ്രസവം മുതൽ ശവദാഹംവരെയുള്ള യാതൊരു ക്രിയയ്ക്കും സംഭവത്തിനും ചന്ത്രക്കാരനോ പ്രതിനിധിയോ മുളിയെങ്കിലല്ലതെ നിവ്വഹണമോ പര്യാപ്തിയോ ഉണ്ടാകുന്നതല്ലായിരുന്നു" എന്നു് സി. വി. രാമൻപിള്ള കാളി ഉടയാൻ ചന്ത്രക്കാരനെക്കുറിച്ചു പറഞ്ഞതാണു് ഓർമ്മവരുന്നതു്. നമ്മുടെ രാജ്യത്തു വ്യാപിച്ചുകൊണ്ടിരിക്കുന്ന സോഷ്യലിസ്റ്റു് വ്യവസ്ഥിതിയിൽ സക്കാരുദ്യോഗസ്ഥന്മാരുടെ പദവിയും ഇതാണു്. ഇരുമ്പും ഉരുക്കും മാത്രമല്ല, വിത്തും വളവും മിഡ്വൈഫും ശ്മശാനവും എല്ലാം ഉദ്യോഗസ്ഥനിയന്ത്രണത്തിലാകുന്ന ലക്ഷണമാണു് കാണുന്നതു്. ഉദ്യോഗത്തിൽ പിൻതുടർച്ചാവകാശംകൂടി വരുത്തിയാൽ

Digitized by Kerala Sahitya Akademi

നാടുവാഴിത്തത്തിന്റെ സവ്വലക്ഷണങ്ങളും തികയും. പിൻതുടച്ചവ്വുള്ള അവകാശം ലഭിക്കുന്ന കാര്യം സംശയമാണെങ്കിലും അതിനുവേണ്ട സാഹചര്യങ്ങൾ ഇപ്പോൾ ഉണ്ടെന്നു വേണ്ടുവോളമുണ്ടു്.

മക്കൾക്കും മരുമക്കൾക്കും ഭൂസ്വത്തുപുത്രന്മാക്കു വേണ്ടി ഉദ്യോഗം സൃഷ്ടിക്കാനും ഈ രെ ഉദ്ദേശിക്കുന്ന സ്ഥാനത്തു പ്രതിഷ്ഠിക്കാനും കഴിയുന്നോധികാരികൾക്കു് ഉപായങ്ങളുണ്ടു്. സർക്കാരിന്റെ കീഴിലുള്ള ഉദ്യോഗങ്ങൾക്കു് ആളുകളെ തിരഞ്ഞെടുക്കുന്നതു പബ്ലിക് സവ്വീസ് കമ്മീഷനുകളാണു്. ഇതു ഭരണഘടനതന്നെ അനുശാസിക്കുന്ന സമ്പ്രദായവും അതിനുവേണ്ട നടപടികളും നിയമംമൂലം ക്രമപ്പെടുത്തിയിട്ടുള്ളവയും ആകുന്നു. പിന്നോക്കസമുദായങ്ങൾക്കും പട്ടികജാതിക്കാർക്കും നീതിലഭിക്കുന്നതിനുവേണ്ടി പ്രത്യേകം ആനുകൂല്യങ്ങളും ഏർപ്പെടുത്തിയിട്ടുമുണ്ടു്. സാമൂഹികനീതിയും അവസരസമത്വവും ലഭിക്കുന്നതിനുള്ള രക്ഷാവ്യവസ്ഥകളാണിവ. പരിഷ്കൃതരാജ്യമെന്നു് അഭിമാനിക്കുന്ന ഒരു ഗവണ്മെന്റും ഈ വ്യവസ്ഥകളിൽ കൈകടത്തുകയില്ല. സ്വാധീനംകൊണ്ടും കൃപാശ കൊണ്ടും ഉദ്യോഗം ലഭിക്കുമെന്ന ആക്ഷേപത്തിനു് അവസരം കൊടുക്കയുമില്ല. ഇന്ത്യയിലും ഈ ഏർപ്പാടുകളും ശരിയായിതന്നെ നടന്നുവരുന്നു എന്നാണു് പൊതുവെയുള്ള അഭിപ്രായം. നീതിന്യായവകുപ്പുകളുംപോലെ സർക്കാരിന്റെയോ സമുദായത്തിന്റെയോ ഇടപെടലുകൾക്കു് അതീതമായിട്ടാണു് അവ നില്ക്കുന്നതും പ്രവത്തിക്കുന്നതും. ഇതു് ആർക്കും അഭിമാനകരമാണെന്നുള്ളതിൽ തർക്കമില്ല. രാജ്യനന്മയ്ക്കു് അത്യാവശ്യവുമാണു്.

പക്ഷേ, നാം നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ പബ്ലിക്സവ്വീസ് കമ്മീഷനുകളുടെ നിയമനപരിധിയിൽപ്പെടാത്ത ഉദ്യോഗങ്ങളുടെ എണ്ണം പെരുകുകയാണു്. സർക്കാരിന്റെ ഉടമയിലുള്ള വ്യവസായസ്ഥാപനങ്ങളിലേക്കും മറ്റും വേണ്ട ജോലിക്കാരെ നിയമിക്കുന്നതു് ഈ സമിതിയല്ല. അവ പ്രവത്തനസ്വാതന്ത്ര്യമുള്ള അനൗദ്യോഗികസ്ഥാപനങ്ങ

Digitized by Kerala Sahitya Akademi

ളാണെന്നാണ് സങ്കല്പം. അതുകൊണ്ട് ഗവണ്മെന്റിലെ നിയമനവ്യവസ്ഥകളും ശമ്പളക്രമങ്ങളും ഒന്നും അനുസരിക്കേണ്ടതില്ല. എന്തൊരു സൗകര്യമാണെന്നോ ഓർത്തുനോക്കുക! മന്ത്രിക്കും മന്ത്രിയുടെ വകുപ്പിലുള്ള ഉദ്യോഗസ്ഥന്മാർക്കും നിയമനക്കാര്യത്തിൽ ഒരു കൊയ്ത്തുകാലംതന്നെയാണ കിട്ടിയിരിക്കുന്നത്. ഇഷ്ടമുള്ളവരെ ഇഷ്ടമുള്ള ജോലിയിൽ ഇഷ്ടമുള്ള ശമ്പളത്തിൽ നിയമിക്കാം. പരീക്ഷയും യോഗ്യതയും സമുദായപ്രാതിനിധ്യവും ഒന്നും നോക്കേണ്ടതില്ല. ജനപ്രതിനിധികളെയും പത്രക്കാരെയും മാത്രമേ അല്പമൊന്നു പേടിക്കേണ്ടതുള്ളൂ. അവരുടെ വായടച്ചു കെട്ടാനും വഴികളുണ്ട്. അവരുടെ ശമ്പളകാംക്ഷകൂടി വല്ലതും കൊടുത്താൽ മതി. ഈ സൗകര്യങ്ങളുടെയെല്ലാം മുതലെടുത്തുംകൊണ്ട് ഉദ്യോഗസ്ഥദുഷ്പ്രഭുക്കളുടെ ഈ പുതിയ നാടുവാഴിത്തം തൊഴിൽക്കമ്പോളത്തെ അടക്കിഭരിക്കുകയാണ്. ആക്ഷേപം അധികം മൂത്താൽ സാങ്കേതിക വൈദഗ്ധ്യം എന്ന മൂടുപടംകൊണ്ട് ഏതനീതിയെയും മറയ്ക്കാം. അക്ഷരാഭ്യാസംപോലും സിദ്ധിക്കാത്തവനെയും ഒരു ദോഷവും നിശ്ചയമില്ലാത്തവനെയും എവിടെ വേണമെങ്കിലും പ്രതിഷ്ഠിക്കാം. എഴുത്തറിയുന്നതു മാത്രമല്ല വിദ്യാഭ്യാസയോഗ്യത എന്ന ആധുനികസിദ്ധാന്തം ഈ ഉപായങ്ങൾക്ക് ഉപോൽബലകവുമാണ്. കലം മെനയുന്നതും ക്ഷൗരംചെയ്യുന്നതും മുണ്ടലക്കുന്നതും എല്ലാം വിദ്യതന്നെയല്ലേ? ഇതിനെ വല്ലതും പരീക്ഷയുണ്ടോ? ഉരുക്കുനിർമ്മാണത്തിലും, യന്ത്രനിർമ്മാണത്തിലും എന്നുവേണ്ട സർക്കാർ ഉടമയിലുള്ള ഏതു വ്യവസായത്തിലും ഇങ്ങനെയുള്ളവരുടെ സേവനം ആവശ്യമാണ്. അതുകൊണ്ട് സാങ്കേതികവൈദഗ്ധ്യത്തെ മുൻനിർത്തി ആരെയും നിയമിക്കാം. ഈ സൗകര്യത്തെ പരമാവധി പ്രയോജനപ്പെടുത്തി, ബന്ധുക്കൾക്കും വേണ്ടപ്പെട്ടവർക്കും കണ്ണായ ഉദ്യോഗങ്ങൾ കൊടുത്തു് അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ സർക്കാരിന്റെ ഉടമയിലുള്ള സ്ഥാപനങ്ങളിൽ തങ്ങളുടെ ആധിപത്യം 'ആചന്ദ്രതാരമേ സന്തതിപ്രവേശമേ' നിലനിർത്തുവാൻ ശ്രമിക്കുന്നു. ഇങ്ങനെയാണ് നമ്മുടെ

Digitized by Kerala Sahitya Akademi

സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ഈ പുതിയ നാട്ടുവാഴിത്തം പരമ്പരാഗതമാകുന്നതു്.

ഈ സോഷ്യലിസം എത്രത്തോളം പോകുമെന്നും എത്രകാലം നില്ക്കുമെന്നും പോട്ടിച്ചാൽ ഉത്തരമില്ല. ഇന്നത്തെ നിലയ്ക്കു നിയമസഭാമണ്ഡപങ്ങളിലും പത്രപങ്ക്തികളിലും മാത്രമേ ഇതേക്കുറിച്ചുള്ള ആക്ഷേപങ്ങളും വിമർശനങ്ങളും നടക്കുന്നുള്ളു. പക്ഷേ, ഈ രണ്ടു രംഗങ്ങളും തീരെ സ്വതന്ത്രമല്ലെന്നു പറയേണ്ടിയിരിക്കുന്നു. പ്രധാനപ്പെട്ട പത്രങ്ങളെല്ലാംതന്നെ വൻകിടമുതലാളിമാർ കൈയടക്കിക്കഴിഞ്ഞിരിക്കുകയാണു്. അക്കൂട്ടർക്കു് അധികാരികളെ ആശ്രയിക്കാതെ ഒരു ദിവസംപോലും കഴിഞ്ഞുകൂടുവാൻ സാദ്ധ്യമല്ല. പത്രക്കടലാസ് ഇറക്കുമതിചെയ്യുന്നതിനും, പ്രധാന ആദായമാർഗ്ഗമായ പരസ്യങ്ങൾ ലഭിക്കുന്നതിനും എല്ലാം അധികാരികളുടെ സഹായം ആവശ്യമായിരിക്കുന്നു. ഈ രാജ്യത്തു് ഇന്നും സർക്കാരിന്റെവക പരസ്യങ്ങളാണു് അധികവും. വൻതരം വ്യവസായങ്ങൾ സർക്കാരിന്റെ മുതലായിലാകുമ്പോൾ അധികാരികൾക്കു വിതരണംചെയ്യാവുന്ന പരസ്യക്കൂലി ഇന്നത്തേതിലും വർദ്ധിക്കും. പത്രങ്ങൾ കൂടുതൽകൂടുതൽ അധികാരസ്ഥാനങ്ങളുടെ വശത്തേക്കു ചായുകയുംചെയ്യും. പൊതുജനപ്രിയകരങ്ങളായ പത്രങ്ങൾ അധികാരികളുടെ ദോന്യായങ്ങൾക്കു കുടിഞ്ഞാണിടുന്നവരെന്നും മറ്റും പത്രങ്ങളെക്കുറിച്ചു പറയുന്നതു ശരിവയ്ക്കാണു്. പരസ്യങ്ങൾ കൊടുത്തു പ്രലോഭിപ്പിച്ചാൽ കുടിച്ച വഴിയേ പോകുന്ന പത്രങ്ങളാണു് ഈ രാജ്യത്തുള്ളതു്. വളരെയധികം വാഴ്ത്തപ്പെടുന്ന പത്രസ്വാതന്ത്ര്യം പൊതുജനങ്ങളെ അധികാരികളുടെ ഇഷ്ടത്തിനു വളച്ചുകൊണ്ടുവരുവാനുള്ള മിഥ്യക്കു മാത്രമായിട്ടാണു കലാശിച്ചിരിക്കുന്നതു്. പത്രം ഉടമസ്ഥന്മാരിൽ പലരും നിയമസഭാസാമാജികന്മാരുമാണു്. തിരഞ്ഞെടുപ്പുകൊണ്ടല്ലെങ്കിൽ നാമനിർദ്ദേശംവഴിയെങ്കിലും അവർ പ്രസ്തുത സ്ഥാനം കരസ്ഥമാക്കുന്നു.

സമ്മതിദായകന്മാരോടു് ഉത്തുംഗമായ പ്രതിജ്ഞകൾ ചെയ്തു്, വാശിയോടെ മത്സരിച്ചു്, തിരഞ്ഞെടുപ്പിൽ

Digitized by Kerala Sahitya Akademi

ജയിച്ചുവരുന്ന ജനപ്രതിനിധികളുടെ കഥ ഇതിലും കഷ്ടമാണു്. ആദായമുണ്ടാക്കുവാനുള്ള വഴികളാണു് അവരും ആദ്യമായി നോക്കുന്നതു്. അതിനു പല സൗകര്യങ്ങളുമുണ്ടു്. സക്കാരിനെക്കൊണ്ടു കാര്യങ്ങളും സാധിക്കാനുള്ള കക്ഷികളുടെ വക്താക്കളായി അധികാരസ്ഥാനങ്ങളെ സമീപിക്കുക എന്നതാണു് ഒരുപായം. ആപ്പീസുമുറികളിൽ കയറിയിറങ്ങി, ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ ശുപാശ്കയും നടത്തി പലരും വലിയ ആദായം ഉണ്ടാക്കിവരുന്നു. ദേശഭക്തന്മാരെന്നു പേരെടുത്ത ചില പാർലിമെന്റംഗങ്ങളും ലക്ഷക്കണക്കിനു പണം സമ്പാദിച്ചുതായി കേൾവിയുണ്ടു്. മറ്റു ചില സാമാജികന്മാർ നിയമസഭാനടപടികളിൽ സ്ഥിരമായി പങ്കുകൊള്ളാത്തവരാണു്. അവർ ഹാജർ കൊടുക്കാനും ശമ്പളം പോക്കാനും മാത്രമേ അവിടെ പോകാറുള്ളൂ. ബാക്കി സമയമെല്ലാം തീർത്ഥാടനം നടത്തുകയോ ബന്ധുമിത്രാദികളെ സന്ദർശിക്കുകയോ ചെയ്യും. അവർക്കു ഇന്ത്യയിൽ എവിടെ വേണമെങ്കിലും പണം കൊടുക്കാതെ സഞ്ചരിക്കാമല്ലോ. ഈ തീർത്ഥാടനങ്ങളും സന്ദർശനങ്ങളും കഴിഞ്ഞു വരുമ്പോഴേക്കു നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നു് അയച്ച റിപ്പോർട്ടുകളും കടലാസുകളും കെട്ടുകെട്ടായി കിടക്കുന്നുണ്ടാവും. അതൊന്നു തുറന്നു പോലും നോക്കാതെ അപ്പോഴത്തന്നെ തൂക്കിവില്ക്കുകയാണു പതിവു്.

സ്വാതന്ത്ര്യത്തെയും ജനപ്രഭുത്വത്തെയും സംരക്ഷിക്കുവാൻ കൃതപ്രതിജ്ഞരായ പത്രങ്ങളുടെയും പ്രതിനിധികളുടെയും നിയന്ത്രണം ഇങ്ങനെ നിഷ്ഫലമായിട്ടാണു് തീർന്നിരിക്കുന്നതു്. ചുരുക്കത്തിൽ അധികാരം ജനങ്ങളിലേക്കു കൈമാറി എന്നും സമത്വം സകൈവന്നു എന്നും ഉള്ള സങ്കല്പം ഒരു മിഥ്യയാണു്. അധികാരം ഇന്നും ഒരു ന്യൂന പക്ഷത്തിന്റെ കൈയിൽ കേന്ദ്രീകൃതമായിരിക്കുന്നു. അഞ്ചുകൊല്ലത്തിലൊരിക്കൽ ഒരു തിരഞ്ഞെടുപ്പു നടക്കുകയും തിരഞ്ഞെടുക്കപ്പെട്ടവരിൽ ചിലർ മന്ത്രിമാരാവുകയും ചെയ്യുമെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ, ഈ മന്ത്രിമാർ ഭരിക്കുകയാണോ, ഉദ്യോഗസ്ഥന്മാർ അവരെക്കൊ

Digitized by Kerala Sahitya Akademi

ണ്ടുഭരിപ്പിക്കുകയാണോ ചെയ്യുന്നതെന്ന സംഗതി ആലോചനാമൃതമായ ഒരു വിഷയമാണു്. ഏറിയകൂറും രണ്ടാമത്തേതാണു് നടക്കുന്നതു്. ഉദ്യോഗസ്ഥന്മാർ പൊതുജനദാസന്മാരാണെന്നാണു സങ്കല്പമെങ്കിലും, കാര്യത്തിൽ അവർ മന്ത്രിശാസ്ത്രടെപോലും യജമാനന്മാരാണു്. സത്യസന്ധനും ആദർശശാലിയുമായ ഒരു മന്ത്രിക്കു് തന്നെ തിരഞ്ഞെടുത്തയച്ചവരെക്കൊണ്ടു വല്ലതും ഗുണം ചെയ്യണമെന്നു തോന്നിയാൽ അയാൾ വിചാരിക്കുന്നതുപോലെയൊന്നും കാര്യം നടക്കുകയില്ല. അതിനു് എത്രയെങ്കിലും തടസ്സങ്ങളുണ്ടാകും. ജനങ്ങളുമായി നേരിട്ടിടപെടുന്നതും അവരുടെ ആവശ്യങ്ങളും നിവേദനമെന്നു വാക്കുകൊണ്ടു കാട്ടുന്നതും അവരുടെ അപേക്ഷകളും ഹർജികളും താൻതന്നെ സ്വീകരിക്കുന്നതുപോലും നിയമപ്രകാരം "അത്ര ശരിയല്ല." അപേക്ഷകളും ഉദ്യോഗസ്ഥന്മാരിലൂടെ, അവരുടെ നിരൂപണങ്ങളോടും നിർദ്ദേശങ്ങളോടുകൂടി മാത്രമേ മന്ത്രിയുടെ അടുക്കൽ ചെല്ലുവു. പല അപേക്ഷകളും അവിടംവരെ ചെല്ലേണ്ടതുമില്ല. ഉദ്യോഗസ്ഥന്മാർക്കു തന്നെ അതെല്ലാം 'ഡിസ്പോസ്' ചെയ്യാൻ അധികാരമുണ്ടു്.

ഈ സ്ഥിതിവിശേഷംമൂലം എത്രയെത്ര മന്ത്രിസഭകളും മന്ത്രിമാരുമാണു് ഈ രാജ്യത്തു പൊളിഞ്ഞിട്ടുള്ളതെന്നു കണക്കില്ല. ശുപാർശ കേൾക്കാത്തതുകൊണ്ടാണു് തന്നോടു് ഇത്രവളരെ എതിർപ്പുണ്ടായിരിക്കുന്നതെന്നു മന്ത്രിയും, ശുപാർശ കേൾക്കുവാനാണു് തങ്ങളിത്രത്തോളം കൊടിപിടിച്ചു കാറും കൊടുത്തതു് മന്ത്രിയായി അവരോധിച്ചിരിക്കുന്നതെന്നു് പാർട്ടിയംഗങ്ങളും പറഞ്ഞതിനു് എത്രയോ ഉദാഹരണങ്ങളുണ്ടു്! പാലം കെട്ടണമെന്നും റോഡു വെട്ടണമെന്നും ആശുപത്രി സ്ഥാപിക്കണമെന്നും തൊഴിൽ കൊടുക്കണമെന്നും മന്ത്രിയോടു പറയുന്നതു നിയമവിരുദ്ധമാകുന്നതു് എങ്ങനെയെന്നാണു് പൊതുജനങ്ങൾക്കും പാർട്ടിയംഗങ്ങൾക്കും മനസ്സിലാകാത്തതു്. അതാണു് നിയമമെങ്കിൽ സായിപ്പിന്റെ ഭരണവും സ്വാതന്ത്ര്യവും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്നും അവർ

Digitized by Kerala Sahitya Akademi

സമർത്ഥിക്കുന്നു. ചിലരുടെ ശ്രുപാശ്കം സ്വന്തം കാര്യം നേടുവാനുള്ളതായിരിക്കാം. എന്നാൽത്തന്നെ എന്താണു ദോഷമെന്നാണു ചോദ്യം. അവർ മറെങ്ങുനിന്നും വന്ന വരല്ല രാജ്യത്തിന്റെ അധീശന്മാരെന്നു പറയുന്ന പൊതുജനത്തിന്റെ ഭാഗംതന്നെയാണു്. വോട്ടുള്ളവരും അതു മന്ത്രിക്കു കൊടുത്തവരുമാണു്. സ്വാതന്ത്ര്യത്തിന്റെ ഗുണഫലങ്ങളും ലഭിക്കുവാൻ അവക്കും അവകാശമുണ്ടു്. ഇങ്ങനെയാണു് ജനകീയഭരണത്തിലെ ന്യായവാദങ്ങളും അവകാശവാദങ്ങളും പോകുന്നതു്.

അടുത്തകാലത്തു് ഫ്രാൻസിൽ ജനപ്രഭുത്വം ഈ വഴിക്കു തിരിഞ്ഞു പരിഹാസ്യമായ നിലയിൽ എത്തുകയുണ്ടായി. പൂഷാദു് (Poujade) എന്നൊരു വിരുതൻ നിയമസഭയിലേക്കു തന്നെ തിരഞ്ഞെടുത്തയച്ചാൽ നികുതികളെല്ലാം ഇല്ലാതാക്കാമെന്നു വാഗ്ദാനംചെയ്തു അയാംക്കുറുപ്പിള്ള പിൻതുണ ലഭിച്ചു. അയാൾ ഒരു രാഷ്ട്രീയകക്ഷിയുമുണ്ടാക്കി. സ്ഥാനാർത്ഥികളെ നിർത്തുകയും തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. അവർ ജയിച്ചു നിഗ്രണ്യമല്ലാത്ത സംഖ്യാബലത്തോടെ നിയമസഭയിൽ പ്രവേശിച്ചപ്പോൾ, പഴയ പ്രതിജ്ഞകളെപ്പറ്റി പ്രസംഗിക്കുന്നതുപോലും പ്രയാസമാണെന്നു മനസ്സിലായി. പൂഷാദും അയാളുടെ പാർട്ടിയിലുള്ളവരും ശുദ്ധമൂഢന്മാരാണെന്നു തോന്നിയില്ല. അവരിൽ ചിലരെങ്കിലും ഒന്നാംതരം ഫലിതക്കാരാണെന്നാണു് വിചാരിക്കേണ്ടതു്. സമ്മതിദായകരുടെ അഭിലാഷങ്ങളെ വളയ്ക്കില്ലാതെ പാടിച്ചു് ജനപ്രഭുത്വസിദ്ധാന്തത്തിന്റെ പരിഹാസ്യതയെ വെളിപ്പെടുത്തുകയായിരുന്നു അവരുടെ ഉദ്ദേശമെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. ഉദ്ദേശിച്ചതായാലും അല്ലെങ്കിലും ഫലത്തിൽ അവരുടെ സംരംഭം അങ്ങനെയാണു ഫലാശിച്ചതു്.

ഇങ്ങനെ നോക്കിയാൽ സ്വാതന്ത്ര്യം ജനപ്രഭുത്വം എന്നീ ആശയങ്ങൾക്കെല്ലാം അസുഖകരമായ പരിമിതികൾ ഉണ്ടെന്നു കാണാം. അല്പസ്വല്പമായ ആനുകൂല്യങ്ങളെ മുൻനിർത്തി അത്യുച്ചത്തിൽ ഘോഷിക്കപ്പെടുന്ന ആദ

Digitized by Kerala Sahitya Akademi

ശങ്ങളാണവ. സ്വാതന്ത്ര്യം എന്നു പറഞ്ഞാൽ അന്യരാജ്യക്കാരൻ നമ്മുടെ രാജ്യത്തു ഭരണാധികാരിയാവുകയില്ല എന്നു മനസ്സിലാക്കേണ്ടതുള്ളൂ. പക്ഷേ, അന്യരാജ്യക്കാർക്കു നമ്മുടെ ഭരണത്തിൽ കൈകടത്തുവാൻ സാധിക്കുകയില്ല എന്നു വിചാരിക്കരുതു്. ഇന്നു ലോകത്തിലെ വൻശക്തികളെന്നു പറയുന്ന കൂട്ടർ അന്യരാജ്യക്കാരുടെ രാഷ്ട്രീയകാര്യങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും സ്വാധീനം പെടുത്തുന്നുണ്ടു്. അറബിരാജ്യങ്ങളും സ്വതന്ത്രരാഷ്ട്രങ്ങളാണെന്നാണു് വെപ്പു്. പക്ഷേ, അവിടെ ഭരണം നടത്തുന്നതു് പാശ്ചാത്യശക്തികളാണു്. ഭരണം പാശ്ചാത്യരുടെ ഗുണത്തെ മുൻനിർത്തിയുള്ളതുമാണു്. ഒരു ചേരിയിലും ചേരാതെ നില്ക്കുന്ന ഇന്ത്യയും പലവിധത്തിൽ പരാധീനമാടണന്നതന്നെ പറയേണ്ടിയിരിക്കുന്നു. അമേരിക്കയേയും ഇംഗ്ലണ്ടിനേയും ആശ്രയിക്കാതെ ഒരു ദിവസംപോലും നമുക്കു ജീവിക്കുവാൻ സാധ്യമല്ല. അവരുടെ സഹായമെന്നും സൗജന്യത്തിൽ തരുന്നതല്ലെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ, വില കൊടുത്തു കിട്ടുന്ന സഹായങ്ങളും മറ്റെവിടെനിന്നെങ്കിലും വാങ്ങുവാൻ തുനിഞ്ഞാൽ നമ്മുടെ സ്വാതന്ത്ര്യം ആടുന്നതു കാണാം. ഈജിപ്തു് കമ്മ്യൂണിസ്റ്റു് രാജ്യങ്ങളിൽനിന്നു് ആയുധങ്ങളും വാങ്ങിച്ചതുമൂലം അനുഭവിക്കേണ്ടിവന്ന ദുരിതം ആലോചിച്ചുനോക്കുക. കപ്പുവടക്കാര്യത്തിൽപ്പോലും മറ്റുള്ളവന്റെ ഇഷ്ടാനിഷ്ടങ്ങളും നോക്കേണ്ട സ്വാതന്ത്ര്യം എന്തു സ്വാതന്ത്ര്യമാണു്?

ജനപ്രഭുത്വത്തിൽ ജനങ്ങളുടെ അഭിലാഷംപോലെ എല്ലാകാര്യങ്ങളും നടക്കുമെന്നു കരുതുന്നതും വെറുതെയാണു്. ജനങ്ങളിൽ ചിലരുടെ മന്ത്രിമാരാകാമെന്നു മാത്രമേ, ഫലത്തിൽ, അതിനു് അർത്ഥമുള്ളൂ. മന്ത്രിമാരാകുന്നവർ 'എന്നും കന്നും' ആ പീഠങ്ങളിൽ ഇരിക്കുകയില്ലെന്നും, അഞ്ചുകൊല്ലത്തിലൊരിക്കലെങ്കിലും, വേണമെന്നു തോന്നുമ്പോൾ, അവരെ മാറ്റുവാൻ സൗകര്യമുണ്ടെന്നും ഉള്ളതു തീച്ചയായും ഒരു വലിയ അനുഗ്രഹമാണു്. രാജാക്കന്മാരെയും അവർ നിയമിക്കുന്ന മന്ത്രിമാരെയും ഇങ്ങനെ മാറ്റു

Digitized by Kerala Sahitya Akademi

വാൻ സാധിക്കയില്ലല്ലോ. പക്ഷേ, സൗകര്യം ഉള്ളതു കൊണ്ടു്, ജനപ്രതിനിധികളിൽ മന്ത്രിമാർ മാറുമെന്നോ മാറ്റപ്പെടുമെന്നോ സിദ്ധിക്കുന്നില്ല. ഇന്ത്യയിലെപ്പോലെ ഭൂരിപക്ഷം സമ്മതിദായകന്മാരും രാഷ്ട്രീയാബോധവും, വിദ്യാഭ്യാസംപോലും ഇല്ലാത്തവരാണെങ്കിൽ മന്ത്രിമാർ മാറാതിരിക്കുവാനാണു് എളുപ്പം. അവരെ ജനസഞ്ചയത്തിന്റെ ആരാധനാപാത്രങ്ങളാക്കിയാൽ മതി. ഇതു പ്രചാരണവിദ്യകൊണ്ടു സാധിക്കാവുന്ന കാര്യമാണു്. ഭരണനേതാക്കന്മാരെ കൂടക്കൂടെ മാറ്റുന്നതു രാജ്യത്തിന്റെ നന്മയ്ക്കു് ആപത്താണെന്ന വിശ്വാസംപോലും ഉളവാക്കുവാൻ കഴിയും. തിരഞ്ഞെടുപ്പിൽ ഓരോ മനുഷ്യനും നന്മതിന്മകൾ തുക്കിനോക്കി രാജ്യനന്മയെ മാത്രം ലക്ഷ്യമാക്കിയാണു് വോട്ടുചെയ്യുന്നതെന്നു വിചാരിക്കുന്നതും അബദ്ധമാണു്. അങ്ങനെയുള്ള രാജ്യങ്ങൾ ഉണ്ടായിരിക്കാം (എനിക്കു സംശയമുണ്ടു്). പക്ഷേ, ഇന്ത്യയിൽ അങ്ങനെയല്ല നടക്കുന്നതെന്നു സ്പഷ്ടമാണു്. ഇവിടെ പലതരത്തിലുള്ള പ്രേരണകൾ പ്രവർത്തിക്കുന്നുണ്ടു്. വീരാരാധനയിൽ വിദഗ്ധന്മാരായ നമ്മുടെ ജനങ്ങൾ എല്ലാറ്റിനെയും ഭീതിയിലാണു് കബളിതരാകുന്നതെന്നു് ആലോചിച്ചാൽ അത്ഭുതം തോന്നും. പലപ്പോഴും അനുകമ്പയും. രാഷ്ട്രീയകക്ഷികളുടെ ലക്ഷ്യങ്ങളും, അവർ വിഭാവനം ചെയ്യുന്ന ഭരണക്രമങ്ങളും, ഇവയെല്ലാം തമ്മിൽ തമ്മിലുള്ള വ്യത്യാസങ്ങളും എത്ര പേർക്കു മനസ്സിലാകും? ത്യാഗം സഹിച്ചവരെന്നും, യാതന അനുഭവിച്ചവരെന്നും, ഈശ്വരവിശ്വാസമുള്ളവരെന്നും, പശ്ചാത്തപം കൊള്ളാത്തവരെന്നും, ഇതുവരെ ഒന്നും കിട്ടാത്തവരെന്നും മറ്റുമുള്ള എന്തെല്ലാം പരിഗണനകൾക്കാണു് സാധുക്കളായ സമ്മതിദായകന്മാർ വശംവദരാകുന്നതു്! വോട്ടിന്റെ പവിത്രതയെ വാഴ്ത്തുമ്പോൾ നാം ഒരു കാര്യം വിസ്മരിക്കരുതു്. മുസ്സോളിനിയും, ഹിറ്റ്ലറും സ്റ്റാലിനും ഭരണാധിപന്മാരായതു് വോട്ടിലൂടെത്തന്നെയാണു്. അവർക്കു വൻഭൂരിപക്ഷം കിട്ടുകയുണ്ടായി. അവരില്ലെങ്കിൽ അവരുടെ രാഷ്ട്രങ്ങൾക്കു രക്ഷയില്ലെന്ന വിശ്വാസവും

Digitized by Kerala Sahitya Akademi

അക്കാലത്തു സമ്മതിദായകന്മാരുടെയിടയിൽ നിലവിലിരുന്ന ഏണ്ണമെന നോക്കിയാൽ പ്രായപൂർത്തിവോട്ടവകാശവും പൊതുതിരഞ്ഞെടുപ്പും ഉള്ളതുകൊണ്ട്, ജനപ്രഭുത്വത്തത്വങ്ങൾക്കു് അനുസരണമായ ഭരണം ഉണ്ടാകുമെന്നില്ല. ഉണ്ടായാൽ ഭാഗ്യം എന്നു മാത്രമേ പറയേണ്ടതുള്ളു.

സമത്വത്തിന്റെ കാര്യമാണു് ഏറ്റവും കഷ്ടമായിരിക്കുന്നതു്. ഭൂമുഖത്തു് എവിടെയെങ്കിലും ഇന്നുവരെ അതു കൈവന്നിട്ടുണ്ടോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. അതൊരു ലക്ഷ്യമാണെന്നു് ഏറെക്കുറെ എല്ലാ രാജ്യക്കാരും അംഗീകരിച്ചിട്ടുണ്ടു്. പക്ഷേ, ആദർശാത്മകമായ എല്ലാ ലക്ഷ്യങ്ങളെയുമെപോലെ അതു് അപ്രാപ്യമാണെന്ന അനുഭവമാണു് ഇതുവരെ ഉണ്ടായിട്ടുള്ളതു്. സമത്വത്തിനുവേണ്ടിയുള്ള ഹൃദ്യമായ ആവേശമല്ലാതെ, യഥാർത്ഥത്തിലുള്ള സമത്വം ഒരിടത്തും കൈവന്നിട്ടില്ല. ഇതുമൂലം സമുദായം കൂടുതൽ കൂടുതൽ അസ്വസ്ഥമാകുന്നതായി കാണപ്പെടുന്നതാണു്. ഘോരമായ അസമത്വങ്ങൾ നിലനിലിന്നിരുന്ന കാലങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ അത്യധികമായ അസംതൃപ്തികളാണു് ആധുനിക സമുദായങ്ങളിൽ നടമാടുന്നതു. മനുഷ്യന്റെ സംതൃപ്തിയേയും സൗഖ്യത്തേയും മുൻനിർത്തിയുള്ളതല്ലാതെ സമത്വത്തിനു സ്വായത്തമായ മൂല്യമില്ല "ഞങ്ങൾക്കു പട്ടിണികിടക്കുകയാണു്; പക്ഷേ, ഞങ്ങൾക്കു സമത്വമുണ്ടു്." എന്നു പറയുവാൻ സാധിച്ചതുകൊണ്ടു് എന്തു സംതൃപ്തിയാണു ലഭിക്കുക? അതുമല്ല "ഞങ്ങളുടെ ഇടയ്ക്കു വലിയ അസമത്വങ്ങളുണ്ടു്; എങ്കിലും ഞങ്ങൾ പരമാനന്ദത്തിൽ കഴിയുന്നു" എന്ന നിലയോ? സമത്വവും സാർവ്വത്രികമായ സംതൃപ്തിയും സിദ്ധിച്ചാൽ പിന്നെ ഒന്നും കൊതിക്കേണ്ടതില്ല. ആ നില മനുഷ്യരാശിക്കു് എങ്ങനെങ്കിലും ലഭിക്കുമോ എന്നു് കണ്ടുതന്നെ അറിയണം. ഇന്നത്തെ ഘോരമായ സംതൃപ്തിയില്ലായ്മയെ സമത്വത്തെ ലക്ഷ്യമാക്കിയാണു്. പക്ഷേ, അനുഭവത്തിൽ സമത്വവുമില്ല, സംതൃപ്തിയുമില്ല എന്നാണു വന്നിരിക്കുന്നതു്. സമത്വം സ്ഥാപിക്കുവാനുള്ള വ്യഗ്രതയിൽ, സംതൃപ്തി

Digitized by Kerala Sahitya Akademi

നേടുവാനുള്ള സൗകര്യങ്ങൾപോലും പാഴായിപ്പോകുന്നു. എന്തു കിട്ടിയാലും മതിയാകുന്നില്ല. ഒരിടത്തു നോക്കിയാലും ശാന്തിയില്ല. വ്യക്തികളും സമുദായവും ഒന്നുപോലെ അസ്വസ്ഥമായിരിക്കുന്നു.

ഇന്ത്യയിൽ ഇതൊരു മഹാരോഗംപോലെ പടർന്നുപിടിച്ചിരിക്കുകയാണു്. ഇത്ര വളരെ അസമത്വവും കഷ്ടപ്പാടുകളും അനുഭവിച്ച ഒരു ജനതയില്ല. ഇതു രണ്ടും നീക്കുവാനാണു് നാം അശ്രാന്തയത്നം ചെയ്യുന്നതു് വളരെയധികം നീങ്ങിയിട്ടുണ്ടു്. പക്ഷേ, മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത അസ്വസ്ഥതയും അക്ഷമയും അസഹിഷ്ണുതയും ആണു് ഇന്നു നമ്മുടെ രാജ്യത്തു നടമാടുന്നതു്. മുൻപിലത്തേക്കാളും മെച്ചമാണോ എന്നല്ല, മറവനേക്കാളും മോശമല്ലേ എന്ന വിചാരമാണു് ഇന്നു ഭാരതീയഹൃദയങ്ങളെ ഭരിക്കുന്നതു്; ഭ്രമിക്കുന്നതു്. സമത്വതൃഷ്ണ കുട്ടിത്തീപോലെ കത്തിക്കാളുകയാണു്. മനുഷ്യനും മനുഷ്യനും തമ്മിൽ വോട്ടിന്റെ കാര്യത്തിൽ വ്യത്യാസമില്ലാതിരുന്നുകൊണ്ടു് മറ്റൊന്നിലും വ്യത്യാസം വന്നുകൂടാ എന്നാണു് ശാഠ്യം. നൈസാം, ബിർളാ, ടാൽമിയാ എന്നിവരോടു മാത്രമല്ല, രാജേന്ദ്രപ്രസാദിന്റെ നേർക്കും ജവാഹർലാൽ നെഹ്റുവിന്റെ നേർക്കും, അടുത്ത വീട്ടിലെ അമിനാദാരുടെ നേർക്കുപോലും, അളകംകൂടാതെ അസൂയയുണ്ടു്. അന്യന്റെ 'പുരപ്പുറം പുകയുന്നതു്' കണ്ടാൽ സഹിക്കാത്തവരാണു് ഭൂരിപക്ഷവും. മുഖ്യമന്ത്രിക്കും തനിക്കും തമ്മിൽ എന്തു വ്യത്യാസം എന്നാണു് വിറകുവെട്ടുകാരൻപോലും ചോദിക്കുന്നതു്. ഈശ്വരന്റെ ദൃഷ്ടിയിൽ ഒരു വ്യത്യാസവുമില്ലെന്നു സമ്മതിക്കാം. വോട്ടിന്റെ പെട്ടിയിലും വ്യത്യാസമില്ല. പക്ഷേ, മറ്റു സകല ഭാവത്തിലും അതിപ്രകടമായ വ്യത്യാസമാണു് അനുഭവത്തിൽ കാണുന്നതു്. എങ്കിലും ഈ വ്യത്യാസം ഒരുവിധത്തിലും അനുവദിക്കത്തക്കതോ സഹിക്കത്തക്കതോ അല്ലെന്നാണു് വാദം. കായക്ലേശത്തിലും കഠിനാദ്ധ്വാനത്തിലും ഉള്ള അതൃപ്തിയാണു് ഇതിന്റെ അടിയിലുള്ളതെന്നു വിചാരിച്ചുകൂടാ. വലിയ അദ്ധ്വാനമൊന്നും കൂടാതെ ജീവിപ്പാൻ കഴിവുള്ള

Digitized by Kerala Sahitya Akademi

മെന്നു് എല്ലാവക്കും മോഹമുണ്ടു്. പക്ഷേ, അതിനുള്ള സൗകര്യം ലഭിച്ചാലും മനുഷ്യൻ സംതൃപ്തനാവുകയില്ല. അമേരിക്കയിലെ കഥ നോക്കുക. ജനസഞ്ചയത്തിൽ ഭൂരിപക്ഷത്തിനും അവിടെ കായക്ലേശത്തിൽനിന്നു മോചനം ലഭിച്ചിട്ടുണ്ടു്. മറ്റു രാജ്യങ്ങളിൽ മനുഷ്യൻ ചോര നീരാക്കി ചെയ്യുന്ന പ്രവൃത്തികളെ അവിടെ യന്ത്രങ്ങളാണു് നിർവ്വഹിക്കുന്നതു്. കൊല്ലനും ആശാരിയും തുപ്പുകാരനും എപ്പോഴും അവിടെ കാറിൽ സഞ്ചരിക്കുന്നു. അതിസമർത്ഥങ്ങളായ യന്ത്രങ്ങളുപയോഗിച്ചു പണിയെടുക്കുന്നു. എന്നാലും അവർ സംതൃപ്തരല്ല. അതിമാത്രം അസ്വസ്ഥരും, അന്യരുടെ ഉന്നതിയിൽ അസൂയാലുക്കളുമാണു്. ഓമനപ്പേരു വിളിച്ചു്, ഒപ്പമിരുന്നു്, ഒരേജാതി സാധനങ്ങളും ഉപയോഗിച്ചു്, അവർ ഭേദബുദ്ധി മറയ്ക്കുവാൻ ശ്രമിക്കുന്നു. പക്ഷേ, കൂടുതൽ ആദായത്തിനുവേണ്ടി അവരെപ്പോലെ മോഹിക്കുന്നവർ ആരുമില്ല. അവരെപ്പോലെ ആഭ്യന്തരമായ അശാന്തി അനുഭവിക്കുന്നവരുമില്ല. സമുദായത്തിൽ കാണുന്ന അസമത്വങ്ങളെക്കുറിച്ചു് അവരും അത്യധികം അസഹിഷ്ണുക്കളാണു്. അജ്ഞാനംകൊണ്ടു് ആക്ഷം സാമ്പത്തികമായ അസമത്വം പരിഹരിക്കാമെന്നുള്ളതുകൊണ്ടു് അവർക്കു ജീവിതത്തിൽ മറെറാരു ചിന്തയുമില്ലെന്നു പറയാം. അക്ഷീണമായ യത്നം, അനന്തമായ പുരോഗതി—അതാണു് മുദ്രാവാക്യം. ജീവിതത്തിന്റെ അർത്ഥവും അതുതന്നെ.

പക്ഷേ, എല്ലാവരുടെയും മനോഭാവം ഇതുകൊണ്ടായാൽ അസമത്വം അത്ര വേഗമൊന്നും നീങ്ങുകയില്ല. താണപടിയിൽ നില്ക്കുന്നവനെപ്പോലെ ഉയർന്ന പടിയിൽ നില്ക്കുന്നവനും അജ്ഞാനിക്കുമല്ലോ. അപ്പോൾ നിയമവും നികുതിയുംമൂലം ഉണ്ടാകുന്ന സമീകരണമല്ലാതെ കൈവരുകയുള്ളു. വ്യക്തിസ്വാതന്ത്ര്യം പവിത്രമായി കരുതപ്പെടുന്നതുകൊണ്ടു് ഈ ഉപായങ്ങളുടെ പ്രയോഗത്തിനും പരിമിതികളുണ്ടു്. ചുരുക്കത്തിൽ അവിടെയും സമത്വത്തെക്കാൾ സമത്വതൃഷ്ണയാണു് പ്രകടമായിക്കാണുന്നതു്. തൃഷ്ണ ദുഃഖത്തിന്റെ വിത്തും വിളനിലവുമാണെന്നു്, ബോദ്ധ്യ

Digitized by Kerala Sahitya Akademi

രോടെങ്കിലും, പറയേണ്ടതില്ല. ഈ മഹാസത്യം മനസ്സി ലാക്കിയിട്ടുള്ളവരാണെന്നവരികിലും നമ്മുടെ പോക്കു അതേ വഴിക്കാണു്. സമത്വം വർദ്ധിക്കുംതോറും സമചി ത്തത കുറയിക്കുന്നതായിട്ടാണു് നാം കാണുന്നതു്. ഒരിക്ക ലും ഒന്നുകൊണ്ടും അടങ്ങാത്ത തൃഷ്ണ നമ്മുടെ ഹൃദയങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്നു. സമ്പത്തിനുവേണ്ടിയും അധി കാരത്തിനുവേണ്ടിയും സകലവിധത്തിലുമുള്ള സമത്വ ങ്ങളുംക്കുവേണ്ടിയും നാം ദാഹിച്ചു് ഉഴറുകയാണു്. ഭാരതം അടിമത്തത്തിൽനിന്നു് ഉണർന്നു എന്നും, അഭ്യുദയത്തിലേ ക്കുള്ള അശ്രാന്തയത്നം തുടങ്ങി എന്നും പറയുന്നതിന്റെ അനുഭവാത്ഥം ഇതാമണെങ്കിൽ പരിതപിക്കുവാനേ വഴി കാണുന്നുള്ളൂ

സ്വാതന്ത്ര്യം, ജനപ്രഭുത്വം, സമത്വം എന്നിവയ്ക്കു രാഷ്ട്രീയവും സാമ്പത്തികവുമായ അർത്ഥകല്പനകളെ മാത്രം മെയ്യുകൊണ്ടുള്ളൂ ദേഹമാണിതു്. അതുതന്നെയും ആദർ ശപരമായ രീതിയിലാണു് നാം ചെയ്തിരിക്കുന്നതു്. ഈ പുതിയ അനുഭൂതികളെ അവയുടെ പൂർണ്ണതയിൽ സാ ക്ഷാൽക്കരിക്കണമെന്നാണു് നമ്മുടെ മോഹം. അതു സാദ്ധ്യമല്ല. എന്തെന്നാൽ രാഷ്ട്രീയസാമ്പത്തികമണ്ഡല ങ്ങളിൽപ്പോലും അവയ്ക്കു് ആദർശരൂപം സിദ്ധിക്കുന്നതു സങ്കല്പത്തിൽ മാത്രമാണു്. പ്രയോഗത്തിൽ വരുമ്പോഴേ അവ നമ്മെ നിരാശപ്പെടുത്തുമെന്നുള്ളതു തീർച്ചയാണു്.

ദീർഘകാലത്തെ പ്രയത്നംകൊണ്ടു് നാം കൈവരു ത്തിയ ഈ അനുഗ്രഹങ്ങൾക്കു സാംസ്കാരികമായ അർത്ഥ മുണ്ടെന്നു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ ആപൽബന്ധുവായി വന്ന മഹാപുരുഷൻ അതിലാണു് മുഖ്യമായി ശ്രദ്ധിച്ചതും. അവയുടെ പൂർണ്ണരൂപത്തിനുവേണ്ടി മോഹിച്ചാൽ ഫലമുണ്ടു്. ആപൂർണ്ണതയിൽപ്പോലും അവ സ്വാസ്ഥ്യം ഉണ്ടാവുകയില്ല. ഈ സാംസ്കാരികമൂല്യങ്ങളെ കൈവരുത്തുവാനുള്ള മാർഗ്ഗങ്ങൾ എന്തെന്നു നോക്കാം.

Digitized by Kerala Sahitya Akademi

വിദ്യാഭ്യാസവും പാരമ്പര്യവും

ഒരു ജനതയുടെ ജീവിതത്തിൽ വിദ്യാഭ്യാസത്തിനു് അഗ്രഗണ്യമായ സ്ഥാനമുണ്ടെന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്തായിരിക്കണം എന്നതിനെക്കുറിച്ചു് ഏകകണ്ഠമായ അഭിപ്രായമില്ല. പക്ഷേ, ഒരു കാര്യം നിസ്സംശയമാണു്. ജീവിതത്തിന്റെ ലക്ഷ്യം എന്താണോ അതുതന്നെയാണു് വിദ്യാഭ്യാസത്തിന്റെയും ലക്ഷ്യം. ഓരോരോ കാലത്തും മനുഷ്യസമുദായങ്ങൾക്കു് ജീവിതത്തിനെക്കുറിച്ചുള്ള മനോഭാവത്തിനനുസരിച്ചു് വിദ്യാഭ്യാസത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളും മാറുന്നതായി കാണാം. ഇന്നു് ഇന്ത്യയിൽ വിദ്യാഭ്യാസം എന്നു പറഞ്ഞാൽ ഉപജീവനത്തിനു് ഉതകുന്ന തൊഴിലുകൾക്കുവേണ്ടിയുള്ള പരിശീലനം എന്നാണു് ജനങ്ങൾ മനസ്സിലാക്കുന്നതു്. ഉപജീവനം നേടുകയാണു് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം എന്ന ആശയം ഇതിൽ അന്തർഭവിച്ചിരിക്കുന്നു. ഇതു സ്പഷ്ടമായ ഒരു വസ്തുതയാണെന്നും, ദിവാസ്വപ്നക്കാർ മാത്രമേ അതേപ്പറ്റി തർക്കിക്കുവാൻ തുനിയുകയുള്ളുവെന്നും തോന്നിയേക്കാം. തൊഴിലില്ലാതെ, ഉപജീവനത്തിനു വഴിയില്ലാതെ, കഷ്ടപ്പെടുന്ന ഒരു ദരിദ്രജനതയ്ക്കു് ഇതല്ലാതെ എന്താണു് ജീവിതലക്ഷ്യമായുള്ളതു്? വേണ്ടതു്?

ഈ വസ്തുതകൾ എത്രമേൽ സ്പഷ്ടമാണെങ്കിലും, എത്രമേൽ അനിഷേധ്യമായിത്തോന്നിയാലും, അവയെ ലക്ഷ്യമാക്കിയുള്ള ജീവിതവ്യവസ്ഥിതി മനുഷ്യജന്മത്തിന്റെ വില കെടുത്തുന്നതാണെന്നു പറയാതെ തരമില്ല. ഉപജീവനത്തെ മാത്രം ലക്ഷ്യമാക്കിയുള്ള ജീവിതം കണ്ണുകാലികൾക്കു യോജിച്ചതാണു്. വയറു നിറഞ്ഞതുകൊണ്ടും സുഖോപഭോഗങ്ങൾ വർദ്ധിച്ചതുകൊണ്ടും മനുഷ്യജന്മം ധന്യമാകുന്നില്ല. ദാരിദ്ര്യം അനുഭവിക്കുമ്പോൾ അങ്ങനെ തോന്നുമെന്നേയുള്ളൂ. പക്ഷേ, അതൊരു വ്യാമോഹമാ

Digitized by Kerala Sahitya Akademi

ണ്ട്. ഏതായാലും വിദ്യാഭ്യാസത്തിനു് ഉപജീവനം നേടുക എന്നതിൽക്കവിഞ്ഞ ഉദ്ദേശമൊന്നും കല്പിക്കാത്ത ജനതയ്ക്കു് നാശമേ ഗതിയുള്ള. മനുഷ്യൻ ഉപജീവനം നേടുന്നതിനും മൃഗങ്ങൾ ഉപജീവനം നേടുന്നതിനും തമ്മിൽ അത്രയെന്നെയും വ്യത്യാസമുണ്ടല്ലോ. കൂട്ടംകൂട്ടമായി ജീവിക്കുന്ന ജന്തുക്കൾപോലും ആഹാരത്തോടടുക്കുമ്പോൾ തൻകാര്യം മാത്രമേ നോക്കുകയുള്ള. അന്യോന്യമത്സരം ഒഴിവാക്കുവാൻ അവയ്ക്കു സാധ്യമല്ല. കഴിവുംമിടുക്കും ഉള്ളവയ്ക്കു വയറു നിറയും; അല്ലാത്തതു പട്ടിണി കിടന്നു ചാകും. ഈ സമ്പ്രദായം സ്വീകരിച്ചാൽ മനുഷ്യന്റെ സാമൂഹിക ജീവിതം അപകടത്തിലാവുമെന്നു പറയേണ്ടതില്ല. ഇങ്ങനെ നോക്കിയാൽ ഉപജീവനം നേടുക എന്ന ലക്ഷ്യംപോലും മനുഷ്യന്റെ കാര്യത്തിൽ മറ്റുചില പരിഗണനകൾക്കു വിധേയമാകാതെ നിവൃത്തിയില്ലെന്നു കാണാവുന്നതാണു്.

മനുഷ്യരെ വളർത്തിയെടുക്കുന്നതിൽ ഉപജീവനസമ്പ്രദായത്തേക്കാൾ പ്രധാനമായി ശ്രദ്ധിക്കേണ്ടുന്ന സംഗതികൾക്കു പൊതുവേയുള്ള പേരാണു് സംസ്കാരം. ഉപജീവനം നേടുവാൻ വിശേഷവിധിയായ പരിശീലനമൊന്നും ആവശ്യമില്ലാത്ത ഒരു സമുദായത്തെ വീക്ഷണം ചെയ്താൽ അവിടെയും വിദ്യാഭ്യാസത്തിനു സ്ഥാനമുണ്ടെന്നും, അതിപ്രധാനമായ ധർമ്മങ്ങൾ നിർവ്വഹിക്കാനുണ്ടെന്നും കാണാം. ഭാരതീയർ പുനർജ്ജന്മത്തിലും പൂർവ്വജന്മസംസ്കാരത്തിലും വിശ്വസിക്കുന്നവരാണെങ്കിലും, സംസ്കാരധന്യമായ ജീവിതം യത്നംകൂടാതെ കൈവരുമെന്നു കരുതിയിട്ടില്ല. അവതാരപുരുഷനായ ശ്രീകൃഷ്ണൻപോലും സാന്ദീപനിമഹർഷിയുടെ ആശ്രമത്തിൽ, ദരിദ്രനായ കുചേലനോടൊപ്പം, വിദ്യാഭ്യാസം നടത്തിയതായി പുരാണങ്ങൾ ഘോഷിക്കുന്നു. 'ശൈശവേഭ്യസ്തവിദ്യാനാം' എന്നാണു് രഘുവംശരാജാക്കന്മാരുടെ ജീവിതക്രമം വർണ്ണിക്കുന്ന കാളിദാസൻ പറയുന്നതു്. വിദ്യ അഭ്യസിക്കണമെന്നു മാത്രമല്ല അതു ശ്രേഷ്ഠന്മാരായ ഗുരുക്കന്മാരിൽ നിന്നുതന്നെ അഭ്യസിക്കണമെന്നും നിർബ്ബന്ധിച്ചിട്ടുണ്ടു്.

Digitized by Kerala Sahitya Akademi

പഠിച്ചതെല്ലാം മറന്നാലും നമ്മുടെ ഉള്ളിൽ ശേഷിക്കുന്നതാണു് സംസ്കാരം എന്ന നിർവ്വചനവും ശ്രദ്ധേയമാണു്.

ഇങ്ങനെ തികച്ചും പ്രായോഗികമായ വീക്ഷണകോടിയിൽ നിന്നു നോക്കിയാൽപ്പോലും സംസ്കാരസമ്പാദനമാണു് വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം എന്നു കാണാം. എന്നാൽ ഈ ലക്ഷ്യമാണു് ആധുനികകാലത്തു്, സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പ്രത്യേകിച്ചും, ഭാരതത്തിൽ തീരെ അവഗണിച്ചിട്ടുള്ളതു്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ പോരായ്മകളെക്കുറിച്ചു വിലപിക്കുന്നവരെല്ലാംതന്നെ ചൂണ്ടിക്കാണിക്കുന്നതു് അതിന്റെ പ്രയോജനമില്ലായ്മയാണു്. അതായതു്, അതു പണമുണ്ടാക്കുവാൻ ഉതകുന്നില്ല എന്നു്. വിദ്യാഭ്യാസം സിദ്ധിച്ചവരെന്നു വെച്ചിട്ടുള്ള കൂട്ടർ വിവരമില്ലാത്തവരും സ്വഭാവശുദ്ധിയില്ലാത്തവരും ധിക്കാരികളും ഒക്കെ ആകുന്നതിനെക്കുറിച്ചു് ആർക്കും പരാതിയില്ല. മിടുക്കു്—അതും ഒരുതരം ചെട്ടിമിടുക്കു്—മാത്രമേ വിദ്യാഭ്യാസംകൊണ്ടു ലഭിക്കേണ്ടതുള്ള എന്നാണു് പൊതുജനത്തിന്റെയുള്ള വിചാരം. അതു നേടുന്നവനെ മാത്രമേ ബഹുമാനിക്കുന്നതുള്ളൂ. വിദ്വത്തവും സദ്വൃത്തിയും വിനയവും വിവേകവും വിശാലചിത്തതയും എല്ലാം വിദ്യാഭ്യാസംകൊണ്ടു ലഭിക്കാവുന്നതാണെന്നും ലഭിക്കേണ്ടതാണെന്നും ഉള്ള വിശ്വാസംതന്നെ നശിച്ചിരിക്കുകയാണു്. അടുത്തകാലംവരെ ഒരു സഭയിലെ അഭിമുഖീകരിച്ചു നാലു വാക്കു സംസാരിക്കുവാൻ കഴിയുന്നവനെക്കുറിച്ചു ബഹുമാനമുണ്ടായിരുന്നു. "ഗോപാലകൃഷ്ണൻ ബി. എ. ജയിച്ചിട്ടെന്തു പ്രയോജനം? ആ വായനശാലാവാഷ്കിത്തിനു കുഞ്ഞുത പറയാൻ എഴുനേറ്റിട്ടു് ബ ബ്ബ ബ്ബാ എന്നായിപ്പോയി" എന്നമട്ടിലുള്ള ആക്ഷേപങ്ങൾ നാട്ടിൻപുറങ്ങളിൽ കേൾക്കാറുണ്ടായിരുന്നു ഇപ്പോൾ അതും ഒരു കുറവായി ഗണിക്കപ്പെടുന്നില്ല എന്നു മാത്രമല്ല പ്രസംഗിക്കാൻ കഴിയുന്ന ബി. എ.ക്കാരൻ പഠിത്തത്തിൽ ശ്രദ്ധിച്ചു മിടുക്കനാകുവാനല്ല ശ്രമിച്ചതെന്ന സംശയവും പരക്കെയുണ്ടു്. "വെറുതെ

Digitized by Kerala Sahitya Akademi

യല്ല മൂന്ന തവണ തോറ്റതു്. അവൻ പ്രസംഗിക്കാൻ നടക്കുകയായിരുന്നു" എന്നാണു് ഇന്നത്തെ ആക്ഷേപം.

പുരുക്കന്നിൽ വിദ്യാഭ്യാസം ഒരുതരം മുതൽമുടക്കായിത്തീന്നിരിക്കുകയാണു്. മുടക്കിയതിനു തക്ക വരുമാനം കിട്ടുമോ എന്നാണു നോട്ടം. അറിവും സദ്ഭാവശുദ്ധിയും മനസ്സു സ്ഫാരവും പേരും പെരുമയും ഒന്നും കാര്യമായി കരുതാറില്ല സി. വി. രാമൻ പാളത്തൊടുമുട്ടുള്ളു് എന്നു പ്രസ്താവിച്ചിട്ടുണ്ടു്. തന്നത്താൻ ശ്രമിച്ചു തന്റെ ബന്ധുക്കളും താമസിക്കുന്ന ഗ്രാമത്തിലേക്കു നടന്നുപോന്നു് തന്റെ കണ്ടുപിടുത്തങ്ങളെക്കുറിച്ചു പറയാൻ തുടങ്ങിയാൽ ആരും അദ്ദേഹത്തെ ആദരിക്കുമെന്നു തോന്നുന്നില്ല. ജ്ഞാനത്തെ ഉപാസിക്കുമെന്നതിൽ അദ്വിതീയമായ പാരമ്പര്യമുള്ള അദ്ദേഹത്തിന്റെ ജാതിക്കാർപോലും "അതിനാലെ എന്നപ്പ കിട്ടിയതു്?" എന്നേ ചോദിക്കുകയുള്ളു. നോബൽസമ്മാനം കിട്ടിയെന്നു പറഞ്ഞാലും പ്രയോജനമില്ല. സമ്മാനത്തുക ഇന്ത്യൻ നാണയത്തിലാക്കി പറയുകയാണെങ്കിൽ പുറുപാടുമുള്ള അന്തരീക്ഷം ആകപ്പാടെ മാറുന്നതു കാണാം. രാമനുപകരം രാധാകൃഷ്ണനായാലും കഥ ഇപ്രകാരമെന്നേ. വിദ്യയുടെ ഫലം ധനമാണെന്ന വിശ്വാസം സാർവ്വത്രികമായിരുന്നീന്നാരിക്കുന്നു. ഏതെങ്കിലും വിഷയത്തിൽ വൈദഗ്ധ്യം നേടുകയാണു് ഇതിനുള്ള വഴി. അതുകൊണ്ടു് വിദ്യാഭ്യാസം വിദഗ്ധന്മാരെ നിർമ്മിക്കുവാനുള്ള ഉപായമായി കലാശിച്ചിരിക്കുകയാണു്. രണ്ടുതരം വിദഗ്ധന്മാർക്കാണു് ഇന്നു വിലകൂടിനില്ക്കുന്നതു്. എൻജിനീയർക്കും ഡോക്ടർക്കും. ഇവരിൽത്തന്നെയും എൻജിനീയർക്കാണു കൂടുതൽ പ്രിയം. എന്തെന്നാൽ ഇതു പ്ലാനിങ്ങിന്റെ കാലമാണല്ലോ. പ്ലാനിങ്ങിനു് സോഷ്യൽ എൻജിനീയറിങ്ങു് എന്ന പേരുതന്നെ കിട്ടിയിട്ടുണ്ടു് ചില ചില ലക്ഷ്യങ്ങളും മുന്നിൽ കണ്ടു പ്രവർത്തിക്കുക; അവയെ ബോധപൂർവ്വം കൈവരുത്തുക. എന്നതാണു് എൻജിനീയറുടെ ജോലി. സമുദായത്തെ അന്ധമായ ശക്തികളുടെ അന്ധമായ പ്രവർത്തനത്തിനു വിട്ടു് സ്വയം വളരുവാൻ അനുവദിക്കാതെ, മുൻകൂട്ടി നിശ്ചയിക്കുന്ന വഴിക്കു നിയന്ത്രിത

Digitized by Kerala Sahitya Akademi

മായി വളർത്തുന്ന സമ്പ്രദായമാണ് പ്ലാനിങ്ങ്. എൻജിനീയർ ഉപയോഗിക്കുന്ന ഘടകങ്ങളും കല്ലും മണ്ണും സിമൻറും ഉരുക്കും ആണെന്നും പ്ലാനിങ്ങിൽ അന്തർഭവിക്കുന്ന ഘടകങ്ങളും മനുഷ്യരാണെന്നും ഉള്ള വ്യത്യാസമേയുള്ളൂ അതുകൊണ്ടു കാര്യമായി കുഴപ്പമൊന്നുമില്ലെന്നും മനുഷ്യരെന്നു പറയുന്ന പ്രോട്ടോപ്ലാസപിണ്ഡങ്ങളെയും ഇഷ്ടംപോലെ പണിഞ്ഞു പേടിപ്പിച്ചു ഉദ്ദിഷ്ടമാതൃകയിലുള്ള സമുദായത്തെ നിർമ്മിക്കാമെന്നുമാണ് പ്ലാനിങ്ങിന്റെ അടിയിലുള്ള വിശ്വാസം. ഇന്ത്യയിൽ മനുഷ്യരെക്കൊണ്ടുള്ള ഈ എൻജിനീയറിങ്ങ് വിദ്യ തുടങ്ങിയിട്ടേയുള്ളൂ. അയ്യഞ്ചു വർഷത്തെ ഊഴമിട്ടാണു പണി നടക്കുന്നതു്. വിദഗ്ധന്മാർ മനസ്സിൽ കാണുന്ന എട്ടപ്പുതന്നെയാണോ ഒടുവിൽ ഉരുവാൻ പോകുന്നതെന്നു പറയുവാൻ കാലമായിട്ടില്ല.

വിദഗ്ധന്മാരെ നിർമ്മിക്കുന്നതിൽ മാത്രം ലക്ഷീകൃതമായ ഈ വിദ്യാഭ്യാസസമ്പ്രദായത്തിൽ നമ്മുടെ ജനങ്ങളും നേതാക്കന്മാരും ഒന്നുപോലെ പരാതിപ്പുരാണം. വിദ്യാഭ്യാസം മുഴുവനും ഈമട്ടിലാകുന്നില്ലല്ലോ എന്നു പരാതിയുള്ളൂ. "എൻജിനീയറിങ്ങ് പരീക്ഷ ജയിച്ചിട്ടുള്ളവർക്കു എത്രപേരുണ്ടെങ്കിലും ജോലി കൊടുക്കാം. എം. എ. ക്കാരെയും ബി. എ. ക്കാരെയും ആവശ്യമില്ല," എന്നു് അധികൃതന്മാരുടെ പ്രഖ്യാപനംതന്നെ ഉണ്ടായിട്ടുണ്ടു്. ഈ പരിതഃസ്ഥിതിയിൽ എല്ലാവരും വിദഗ്ധന്മാരാകുവാൻ ശ്രമിക്കുന്നതിലും, വിദ്യാഭ്യാസം മുതൽമുടക്കായും വിദ്യ തന്നെ ധനമായും അധഃപതിക്കുന്നതിലും അതിശയിക്കാനില്ല. എന്നാൽ ജനസമുദായങ്ങളുടെ ആയുസ്സിൽ എത്രയോ നിസ്സാരമായ അഞ്ചു വർഷം എന്ന കാലഗണനയിൽ ഭ്രമിക്കാതെ, തലമുറകളെയും ശതവർഷങ്ങളെയും സഹസ്രാബ്ദങ്ങളെയും ആധാരമാക്കി ചിന്തിച്ചാൽ ഈ വീക്ഷണഗതി ആപൽക്കരമാണെന്നു മനസ്സിലാകും. പക്ഷേ, അങ്ങനെയൊരു ദീർഘകാലവീക്ഷണത്തിന്റെ പ്രാധാന്യമോ, ആവശ്യമോ, അസ്തിത്വംപോലുമോ അറിയാത്തകാലത്താണു് നാം ജീവിക്കുന്നതു്. ഇതു് ഇന്ത്യയിൽമാത്രം കാണുന്ന ഒരു സവിശേഷതയാണെന്നു സൂചിപ്പിക്കുക

Digitized by Kerala Sahitya Akademi

പോലും ചെയ്യുന്നില്ല. അന്യരാജ്യങ്ങളിലെ കഥ ഇതിലും കഷ്ടമാണ്. വാസ്തവത്തിൽ വൈദേശികരീതികളെ പകർത്തുകയാണ് നാം ചെയ്തിരിക്കുന്നത്. ജനപ്പെരുപ്പംകൊണ്ടും പണക്കുറവുകൊണ്ടും ആഗ്രഹിക്കുന്നിടത്തോളം പകർത്താൻ സാധിച്ചിട്ടില്ലെന്നയുള്ളൂ. അതൊരു ഭാഗ്യമായി കരുതേണ്ടതാണെന്നുപോലും പറയാൻ തോന്നുന്നു. നമ്മുടെ യുവജനങ്ങളിൽ ഒരു വിഭാഗമെങ്കിലും വിദ്വാന്മാരാകാതെ സാധാരണമനുഷ്യരായി ശേഷിക്കുമല്ലോ.

പ്രയോജനമെത്തമാത്രം ലക്ഷ്യമാക്കുന്ന ആധുനികവിദ്യാഭ്യാസം ലഭിക്കുന്ന യുവജനങ്ങളും ജനസഞ്ചയത്തിൽ നിന്നു വേർതിരിഞ്ഞുപോകുന്നു എന്നു പറയാതെ തരമില്ല. അടുത്തകാലംവരെ ഇതൊരു മേന്മയായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. പരിഷ്കൃതാശയത്വമെന്നും ബുദ്ധിസ്വാതന്ത്ര്യമെന്നും ഉൽപതിഷ്ണുത്വമെന്നും മറ്റും ബഹുമാനസൂചകമായ പേരുകളും അതിനു നല്കിയിട്ടുണ്ട്. നികൃഷ്ടപാരമ്പര്യങ്ങളിലും പഴഞ്ചൻപ്രവണതകളിലുംനിന്നു മോചനം നേടിയതായി അഭിമാനിച്ചുവന്ന ഈ വിദ്യാസമ്പന്നന്മാർ വാസ്തവത്തിൽ വേരുണങ്ങിയ പെടികളായിരുന്നു. അവരാൽ പരസ്യമായിത്തന്നെ വെറുക്കപ്പെട്ടുവന്ന സാധുജനങ്ങളുടെ ദൃഷ്ടിയിൽ അവരെക്കുറിച്ചുള്ള സംശയം ഒരിക്കലും ഒഴിഞ്ഞിരുന്നില്ല. വിദ്വാന്മാരെന്നു പറയുന്ന ഇക്കൂട്ടരുടെ നിഷ്പക്ഷതയും നിർവ്വികാരത്വവും വസ്തുനിഷ്ഠയും എല്ലാം അയഥാർത്ഥമായിട്ടാണ് അവർക്കു തോന്നിയതു്. അതൊക്കെ വേഷമാണെന്നും മോഹാടനമെന്നും വെറും സൂത്രമാണെന്നുപോലും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ആകാശത്തുനിന്നു വീഴുന്ന മഴവെള്ളംപോലെ, നിറവും മണവും രുചിയും ഒന്നുമില്ലാതെ മനുഷ്യനു ജീവിക്കാൻ കഴിയുമെന്നു് അവർ വിശ്വസിച്ചില്ല. മറ്റൊന്നുമില്ലെങ്കിലും, പണത്തിനോടുള്ള കൊതിയിൽ അവർ മറ്റാരുടെയും പിന്നിലല്ലെന്നും സാധുജനങ്ങൾക്കു കാണുവാൻ കഴിഞ്ഞു.

വിവരങ്ങളും വസ്തുതകളും ശേഖരിച്ചു്, യുക്തിയും അപഗ്രഥനബുദ്ധിയും ഉപയോഗിച്ചു്, സ്ഥൂലത്തിൽനി

Digitized by Kerala Sahitya Akademi

ന്ന സൂക്ഷ്മത്തിലേക്കും, ബാഹ്യത്തിൽനിന്ന് ആഭ്യന്തരത്തിലേക്കും കടക്കുവാനാണ് വിദ്ധന്മാർ ശ്രമിക്കുന്നത്. വസ്തുനിഷ്ഠയും നിഷ്പക്ഷതയുമാണ് അവർ ഏറ്റവും കൂടുതൽ വിലമതിക്കുന്ന സദ്ഗുണങ്ങൾ. ഉയരത്തിൽ പറക്കുന്ന വൈമാനികൻ ഭൂമുഖത്തെ നോക്കുന്നതുപോലെ നിസ്സംഗരായി അകന്നുനിന്നാണ് അവർ ഏതു കാര്യവും പരിശോധിക്കുന്നത്. അവർക്ക് സമുദായചിന്തയില്ല, ജാതിയില്ല, മതമില്ല, ബന്ധുമിത്രാദികളോടുപോലുമില്ല. ഭാര്യയും മക്കളുമല്ലാതെ അച്ഛനമ്മമാർപോലുമുണ്ടെന്നുതോന്നുകയില്ല. 'ലോകമേ തറവാട്' എന്നു വിചാരിക്കുന്ന യഥാർത്ഥ വിശ്വപൗരന്മാർ! ഇത്തരം വിദ്ധന്മാർ നമ്മുടെ രാജ്യത്തു പെരുകിവരുകയാണ്. സമുദായത്തിന്റെ അംഗങ്ങളും മുഴുവനും, ഭൂരിപക്ഷമെങ്കിലും, വിദ്ധന്മാരായിത്തീരുമ്പോൾ നമ്മുടെ ജീവിതം പൂർണ്ണതയെ പ്രാപിക്കുമെന്നാണ് സങ്കല്പം. ഇതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ഒന്നിനോടും ബന്ധമില്ലാതെ, യുക്തിയൊഴിച്ച് ഒന്നിലും വിശ്വാസമില്ലാതെ, വേർതിരിഞ്ഞുനില്ക്കുന്ന വ്യക്തികളുടെ സമൂഹം ഒരു മനുഷ്യസമുദായമാകുമെന്ന സങ്കല്പം വെറും വ്യാമോഹമാണ്. അങ്ങനെയുള്ള സമുദായങ്ങൾ ഭൂമിയിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. പ്ലാൻ അനുസരിച്ചു കൃത്രിമമായി സംയോജിപ്പിച്ചുണ്ടാക്കുന്ന തൽക്കാലസമുദായങ്ങളായ സൈന്യങ്ങൾപോലും ഒരുമിച്ചു നില്ക്കുന്നതെങ്കിൽ അവയുടെ ഉദ്ധ്യവും സാമർത്ഥ്യവും മാത്രം പോരെന്നു തെളിഞ്ഞിട്ടുണ്ട്. ജർമ്മൻ സൈനികരുടെ ഇടയ്ക്ക് അന്ധവിശ്വാസങ്ങളും, അസാന്മാർഗ്ഗികനടപടികളുംപോലും, പ്രോത്സാഹിപ്പിച്ചിരുന്നതായി പറയുന്നു. അടിസ്ഥാനവിശ്വാസങ്ങൾക്ക് ഐകരൂപ്യവും ജീവിതത്തെയും അതിന്റെ ലക്ഷ്യങ്ങളെയും കുറിച്ചുള്ള സങ്കല്പങ്ങളിൽ സാജാത്യവും സർവ്വോപരി മനുഷ്യപ്പറ്റ് എന്നു പറയുന്ന മധുരോദാരമായ സ്വഭാവഗുണവും മനുഷ്യസമുദായങ്ങളുടെ സുസ്ഥിതിക്ക് അത്യന്താപേക്ഷിതമാകുന്നു. ഓരോ വ്യക്തിക്കും താൻ മറ്റുള്ളവരെപ്പോലെയുള്ള മനുഷ്യനാ

Digitized by Kerala Sahitya Akademi

ണെന്ന ബോധം ഉണ്ടാകണം. ഓരോ വ്യക്തിയും സമുദായത്തിൽ ഉൾപ്പെട്ടവനായി ഭവിച്ചു്, സമുദായത്തിന്റെ ഉള്ളിൽനിന്നുതന്നെ ജീവിതം അനുഭവിച്ചറിയണം. നിസ്സഹായരായി നീങ്ങിനിന്നു തങ്ങളെയും ലോകത്തെയും നിരീക്ഷണംചെയ്യുന്ന വിദഗ്ധന്മാരെ നിർമ്മിക്കുകയല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. നിർവ്വികാരമായ നിരീക്ഷണവും അപഗ്രഥനവും വസ്തുനിഷ്ഠയുംകൊണ്ടു ജീവിതത്തെക്കുറിച്ചു വളരെ അധികം വിവരങ്ങൾ ഗ്രഹിക്കാമെന്നുള്ളതു് നിസ്സംശയമാണു്. പക്ഷേ, "ജീവിക്കുന്നതെങ്ങനെയെന്നു പഠിക്കുവാൻ ജീവിച്ചുനോക്കുകതന്നെ വേണം."

വസ്തുനിഷ്ഠമായ ജ്ഞാനം മാത്രമാണു് ശരിയായ ജ്ഞാനമെന്നും, അതാണു് മനുഷ്യനെ ഏറ്റവുമധികം തൃപ്തിപ്പെടുത്തുന്നതെന്നും ഉള്ള ധാരണ തെറ്റാണു്. ഒരു ഗ്രന്ഥകർത്താവിന്റെ ലോഗ് ഒരു മഹാകാവ്യത്തേക്കാൾ അറിവും ആനന്ദവും നല്കുമെന്നു പറയുന്നതു പരിഹാസ്യമാണെന്നു പറയേണ്ടതില്ല. അലമാറകളിൽ അടുക്കിയടുക്കി വെച്ചിരിക്കുന്നതും മരമരച്ചുണ്ടാക്കിയതുമായ കുറെ സാധനങ്ങളുടെ ഒരു ഭാവത്തെക്കുറിച്ചറിയാൻ ആ പട്ടിക ഉപകരിക്കും. വളരെ വസ്തുനിഷ്ഠമായ ജ്ഞാനമാണു് അത്യുത്തമമല്ലെന്നതു്. പക്ഷേ, ഇങ്ങനെയുള്ള വസ്തുതകളെയും വിവരങ്ങളെയും അവയുടെ പരസ്പരബന്ധങ്ങളെയും യുക്തിയേയുംകാൾ എത്രയോ അധികം കാര്യങ്ങൾ ജീവിതത്തിലുണ്ടു്! വസ്തുനിഷ്ഠമായ ജ്ഞാനം മനുഷ്യനായി ജീവിക്കുന്നതിനു് ആവശ്യമായ അറിവിന്റെ എത്രയോ തുച്ഛമായ ഒരംശം മാത്രമേ ആകുന്നുള്ളൂ! യുക്തിവിചാരത്തിനുള്ള പരിശീലനം മാത്രമല്ല വിദ്യാഭ്യാസം. മനോഭാവങ്ങളെയും മൂല്യബോധങ്ങളെയും വികാരങ്ങളെയും വിശ്വാസങ്ങളെയും എല്ലാം ശിക്ഷണംചെയ്യേണ്ടതു് അതിനേക്കാൾ ആവശ്യമാകുന്നു.

സത്യം ഗവേഷണത്തിലും നിരീക്ഷണത്തിലുംകൂടി കണ്ടുപിടിക്കേണ്ട കാര്യമാണെന്ന വിശ്വാസത്തിനു് ആധുനികകാലത്തു് അത്യധികമായ പ്രചാരം സിദ്ധി

Digitized by Kerala Sahitya Akademi

ച്ചിട്ടുണ്ട്. ജ്ഞാനം ശക്തിയാണ് എന്ന ആദർശം ഇതിന്റെ ഫലമാകുന്നു. നേരെമറിച്ച്, അനുഭൂതിയിൽ സാക്ഷാൽക്കരിക്കേണ്ട കാര്യമാണ സത്യം എന്ന വിശ്വാസത്തിൽനിന്നും, ജ്ഞാനം സുഖമാണും, സംതൃപ്തിയാണും എന്ന ആദർശം ജനിക്കുന്നു. ഈ ആദർശത്തിന്റെപേരിൽ മാത്രമേ സത്യാന്വേഷണത്തിനു മനുഷ്യജീവിതത്തിൽ സ്ഥാനംലഭിക്കുകയുള്ളു; സത്യാന്വേഷണം ജീവിതലക്ഷ്യമായിത്തീരുകയുള്ളു. ആദർശനിഷ്ഠകൊണ്ടു അതു ജീവിതത്തിന്റെ പര്യായമായിത്തന്നെ തീരാവുന്നതാണും.

നമ്മുടെ വിദ്യാഭ്യാസവിദഗ്ധന്മാരും രാഷ്ട്രീയനേതാക്കന്മാരും ജീവിതത്തിൽ പാരമ്പര്യത്തിനും അടിസ്ഥാനവിശ്വാസങ്ങൾക്കും ഉള്ള സ്ഥാനവും പ്രാധാന്യവും നിസ്സാരമാക്കുകയാണ ചെയ്തിരിക്കുന്നതു്. സമ്മതിച്ചാലും ഇല്ലെങ്കിലും, അവർ എല്ലാവരുംതന്നെ പാശ്ചാത്യസംസ്കാരത്തിന്റെ ആരാധകന്മാരാണെന്നുള്ളതാണു് പരമാർത്ഥം. ഭാരതീയസംസ്കാരം എന്നു പറഞ്ഞാൽ ജാതിവ്യത്യാസമെന്നും ബ്രാഹ്മണമേധാവിത്വമെന്നും നികൃഷ്ടങ്ങളായ അനാചാരങ്ങളെന്നും മാത്രമേ അവർ മനസ്സിലാക്കുന്നുള്ളു. ഈ ദോഷങ്ങളൊന്നുമില്ലാതെ, മനുഷ്യരാശിക്കു മുഴുവനും മാർഗ്ഗദർശകവും മോക്ഷദായകവുമായി അവർ കാണുന്നതു പാശ്ചാത്യസംസ്കാരത്തെയാണു്. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന ശൈലിയിൽ പറഞ്ഞാൽ 'മാനുഷികമൂല്യങ്ങളുടെ' മാഹാത്മ്യമാണു് ഈ ആരാധകന്മാർ പ്രസ്തുത സംസ്കാരത്തിൽ കാണുന്നതു്. മനുഷ്യനെയും മനുഷ്യജീവിതത്തെയും ഇത്രമേൽ ബഹുമാനിച്ചിട്ടുള്ള മറ്റൊരു സംസ്കാരവും അറിയപ്പെട്ടിട്ടില്ലെന്നു് അവർ തീർത്തുപറയും. അതിന്റെ ഇന്നാളുമുള്ള പുരോഗതിയിലെ നാഴികക്കല്ലുകളും ഓരോന്നും അവർ പുണ്ടിക്കാണിക്കും. നാം അറിയാതെതന്നെ നമ്മുടെ മാനസികഘടനയിൽ കലർന്നുപോയിരിക്കുന്നതും, അക്കരപ്പച്ചപോലെ ഓരോ ഭാരതീയനെയും ഭ്രമിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഈ വൈദേശികസംസ്കാരത്തിന്റെ അടിസ്ഥാനങ്ങളും അല്പമൊന്നു പരിശോധിക്കുന്നതു് ഈ സന്ദർഭത്തിൽ

Digitized by Kerala Sahitya Akademi

ഉചിതമാണെന്നിരിക്കെത്തന്നെ കരുതുന്നു. അതിന്റെ ബാഹ്യരേഖകം ഇതാണു്:

പാശ്ചാത്യസംസ്കാരത്തിന്റെ ആരംഭം ഗ്രീസിലാണു്. അതിന്റെ ആവിർഭാവംപോലെ ഇത്ര അത്ഭുതകരമായ ഒരു സംഭവം ലോകചരിത്രത്തിൽ ഇതുവരെന്നാണു് പറയുന്നതു്. ലോകത്തിന്റെ പല ഭാഗങ്ങളിലും അതിനു മുമ്പും മനുഷ്യർ സംഘടിതസമുദായങ്ങളായി ജീവിക്കുകയും, സംസ്കാരം എന്ന വാക്കുകൊണ്ടു് നാം വിവക്ഷിക്കുന്ന ഗുണങ്ങളിൽ എത്തിച്ചേർന്നിട്ടുകയും ചെയ്തിരുന്നു. പക്ഷേ, ഉള്ളടക്കത്തിന്റെ ഗുണത്തിലാണു് യവന(ഗ്രീക്കു്) സംസ്കാരം ഭിന്നവും നൂതനവുമായിരിക്കുന്നതു്. ഇതെങ്ങനെ സംഭവിച്ചു എന്നു് ഇന്നുപോലും ചരിത്രകാരന്മാർ ആശ്ചര്യപ്പെട്ടുകയാണു്. കലയിലും സാഹിത്യത്തിലും അവർക്കുണ്ടായ നേട്ടങ്ങളാണു് പ്രസിദ്ധമായതു്. പക്ഷേ, ശുദ്ധമായ ബുദ്ധിപരമായ മണ്ഡലങ്ങളിൽ അവർ സാധിച്ചതു് ഇതിനെക്കാളൊക്കെ അത്ഭുതകരമാണു്. "അവർ ഗണിതവും ശാസ്ത്രവും തത്ത്വചിന്തയും കണ്ടുപിടിച്ചു. അവരാണു് ആദ്യം ചരിത്രം എഴുതിയതു്. അതിനു മുമ്പുണ്ടായിരുന്നതു് ഐതിഹ്യങ്ങളും പുരാണങ്ങളും പഴങ്കഥകളും മാത്രമാണു്. പ്രപഞ്ചത്തിന്റെ രഹസ്യങ്ങളെയും ജീവിതത്തിന്റെ ലക്ഷ്യത്തെയും കുറിച്ചു് അവർ സ്വതന്ത്രരായി ചിന്തിച്ചു. പരമ്പരാഗതമായ യാഥാസ്ഥിതിക സിദ്ധാന്തങ്ങളോ, ആചാരങ്ങളോ, വിശ്വാസങ്ങളോ ഒന്നും ഇക്കാര്യത്തിൽ അവരുടെ ജിജ്ഞാസയെ ബന്ധിക്കുകയോ നിരോധിക്കുകയോ ചെയ്തില്ല." (ബർട്രൻഡ് റസ്സൽ) ഇതൊന്നും പോരെങ്കിൽ ജനപ്രഭുത്വം, മനുഷ്യജന്മത്തിന്റെ അന്തസ്സിനെ അംഗീകരിച്ച മതം എന്നിവയും ഗ്രീസിലാണു് ആദ്യമുണ്ടായതെന്നു പറയുന്നു.

ഈ സുവർണ്ണകാലം, കുരിശുട്ടിൽ വിളക്കു കൊളുത്തുംപോലെ, ഭൂഗർഭത്തിൽനിന്നു് ജലനിർഝരങ്ങം പൊട്ടിപ്പുറപ്പെടുംപോലെ, പെട്ടെന്നു് ഉണ്ടായതായിട്ടാണു കാണുന്നതു്. ക്രിസ്തുവിനു് അടുത്തു മുമ്പുള്ള ആറേഴു നൂറ്റാണ്ടുകളിൽ, മെഡിറ്ററേനിയൻതീരത്തു് മനുഷ്യപ്രതിഭ്ലേ

Digitized by Kerala Sahitya Akademi

സിദ്ധിച്ച ഈ ഉജ്ജീവനവും ഊർജ്ജസ്വലതയും പാശ്ചാത്യസംസ്കാരത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമായി കരുതിവരുന്നു. അതിൽത്തന്നെയും ക്രി മു. 430–ൽ മരിച്ച ഏഥൻസിലെ ഭരണാധികാരിയായ പെരിക്ലിസിന്റെയും അതേത്തുടർന്നുള്ളതുമായ കാലം സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്നു. ഏഥൻസിന്റെ കീർത്തി അക്കാലത്തു് പ്രാചീനലോകത്തു മുഴുവനും പരന്നു. യവനസംസ്കാരം അന്നാണു് അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചതു്. ഈഷ്കിലസ്സു്, സോഫോക്ലിസ്സു്, യൂറിപ്പിഡീസു് എന്നീ മഹാകവികളും ഫിഡിയാസു് എന്ന മഹാശില്പിയും, അക്രോപ്പൊളിസ്സു് പുനരുദ്ധരിക്കുകയും പാർഥിനൊൺ നിർമ്മിക്കുകയും ചെയ്ത പെരുന്തച്ചന്മാരും, ഹെറോഡോട്ടസ്സു് എന്ന ചരിത്രകാരനും, സർവോപരി സോക്രട്ടീസു്, പ്ലേറ്റോ എന്നീ അനശ്വരയശസ്വികളായ തത്ത്വജ്ഞാനികളും ജീവിച്ചിരുന്നതു് അന്നാണു്. സർഗ്ഗശക്തിയുടെ വസന്തോത്സവമാണു് ലോകം അന്നു് ഏഥൻസിൽ ദർശിച്ചതു്. അവിടെ അന്നു് ആകപ്പാടെ രണ്ടരലക്ഷം ജനങ്ങളേ മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന വസ്തുതകൂടി ആലോചിക്കുമ്പോൾ ആരും വിസ്മയിച്ചുപോകും. ചുറ്റുമുള്ള നാട്ടിൻപുറങ്ങളിലെ ജനസംഖ്യ ഇതിലു കുറവായിരുന്നു. ഇത്ര കുറച്ചാളുകൾ എത്ര വലിയ സംസ്കാരമാണു സൃഷ്ടിച്ചതെന്നു് ഓർത്തുനോക്കുക.

അയ്യഷ്ടാലം മുഴുവനും വഴിനീളെ നടന്നു പ്രസംഗിച്ചും, കാണുന്നവരോടെല്ലാം ബ്രഹ്മവൽകീടപര്യന്തമുള്ള കാര്യങ്ങളെക്കുറിച്ചു വാദപ്രതിവാദം നടത്തിയും, ജ്ഞാനം, സത്യം, നന്മ, സദാചാരം, വിവേകം എന്നീ ജീവിതമൂല്യങ്ങളുടെ അർത്ഥവും ആവശ്യവും വ്യക്തമാക്കുവാൻ അശ്രാന്തയത്നം ചെയ്ത ഒരു വിചിത്രമനുഷ്യനാണു് സോക്രട്ടീസു് (ക്രി മു. 469—339). മനസ്സാക്ഷിക്കുവേണ്ടിയും ആത്മവിശ്വാസത്തിനുവേണ്ടിയും അദ്ദേഹത്തിനു് ഒടുവിൽ ജീവാപ്പണം ചെയ്യേണ്ടിവന്നു. ആദ്യൽക്കരമായ തത്ത്വജ്ഞാനം പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത എന്ന കുറ്റത്തിനു് അദ്ദേഹം എഴുപതാമത്തെ വയ

Digitized by Kerala Sahitya Akademi

സ്സിൽ മരണശിക്ഷയ്ക്കു വിധിക്കപ്പെട്ട. വിഷം കുടിപ്പിച്ചാണു ശിക്ഷ നടത്തിയതു്.

പ്ലേറോ (ക്രി. മു. 428—348) ഒരു പ്രഭുകുടുംബത്തിലെ അംഗമായിരുന്നു. സോക്രട്ടീസിൽനിന്നാണു് അദ്ദേഹം തത്ത്വജ്ഞാനം പഠിച്ചതു്. അനന്തരതലമുറകൾക്കു സോക്രട്ടീസിനെക്കുറിച്ചു് അറിയുവാനിടയായതും, മുഖ്യമായി, അദ്ദേഹത്തിൽനിന്നാണു്. അദ്ദേഹത്തിന്റെ പ്രതിഭയിൽ കവിയും ചിന്തകനും ആത്മജ്ഞാനിയും സന്മാർഗ്ഗദർശിയും ലോകോപദേഷ്ടാവും മഹാചാര്യനും സമ്മേളിച്ചിരിക്കുന്നു. അക്കാഡമി എന്നു പറയുന്ന സ്ഥാപനത്തിലാണു് അദ്ദേഹം തന്റെ ശിഷ്യഗണങ്ങളെ തത്ത്വജ്ഞാനം പഠിപ്പിച്ചതു്. ഈ വിദ്യാപീഠം പില്ക്കാലത്തുണ്ടായ അനേകം യുദ്ധങ്ങളെയും രാഷ്ട്രീയകലാപങ്ങളെയും അതിജീവിച്ചു് ആയിരം കൊല്ലത്തോളം പ്രാചീനലോകത്തിലെ ഏറ്റവും പ്രസിദ്ധമായ സംസ്കാരകേന്ദ്രമായി ശോഭിച്ചു. എൺപതിനോടടുത്ത പ്രായത്തിലാണു് പ്ലേറോ മരിച്ചതു്.

യവനതത്ത്വജ്ഞാനികളിൽ ഏറ്റവും പ്രസിദ്ധനായ മൂന്നാമത്തെ ആളാണു് അരിസ്റ്റോട്ടിൽ (ക്രി. മു. 384—322). ഏഥൻസിലെ അക്കാഡമിയിൽ പ്ലേറോയുടെ കീഴിൽ ഇരുപതു കൊല്ലം അദ്ദേഹം വിദ്യാഭ്യാസം ചെയ്തു. മഹാപരാക്രമിയായ അലക്സാണ്ടറുടെ അദ്ധ്യാപകൻ എന്ന നിലയിലാണു് അരിസ്റ്റോട്ടിൽ ആദ്യം പ്രാമാണ്യം നേടിയതു്. "അഹങ്കാരിയും മദ്യപാനിയും നിഷ്ഠുരനും അന്ധവിശ്വാസിയും" ആയിരുന്നെങ്കിലും അലക്സാണ്ടർ അരിസ്റ്റോട്ടിലിനെ പ്രോത്സാഹിപ്പിക്കുന്നതിലും അങ്ങനെ യവനസംസ്കാരത്തിന്റെ നേട്ടങ്ങളെയും പാരമ്പര്യങ്ങളെയും പരിരക്ഷിക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചു. ക്രി. മു 335 മുതൽ 323 വരെ അരിസ്റ്റോട്ടിൽ ഏഥൻസിൽ താമസിച്ചു ജഗൽപ്രസിദ്ധങ്ങളായിത്തീർന്ന തന്റെ ഗ്രന്ഥങ്ങളം രചിച്ചു. 323—ൽ അലക്സാണ്ടർ മരിച്ചപ്പോൾ അഥീനിയന്മാർ ക്ഷോഭിച്ചിളകി ആ ഉദ്ധികാരിയുടെ സ്നേഹിതന്മാരെ സംഹരിക്കുവാൻ തുടങ്ങി.

Digitized by Kerala Sahitya Akademi

അരിസ്റ്റോട്ടിൽ ഇതു കണ്ടു് അവിടെനിന്നു രക്ഷപ്പെടുകയും അടുത്ത വർഷം മരിക്കുകയും ചെയ്തു.

'പതപാകതയുള്ള' ഒരു ആചാര്യനായിട്ടാണു് അരിസ്റ്റോട്ടിലിനെ നാം കാണുന്നതു്. അനുഗൃഹീതനായ ഒരു ആത്മജ്ഞാനിയെന്നും പ്രവാചകനെന്നും അദ്ദേഹത്തെപ്പറ്റി പറയുവാൻ പ്രയാസമാണു്. മഹോദ്യമനും കശാഗ്രബുദ്ധിയും പ്രതിഭാസമ്പന്നനുമായ ഒരു ചിന്തകന്റെ ചിത്രമാണു് അദ്ദേഹത്തിന്റെ കൃതികളും നമുക്കു നല്കുന്നതു്. അവയ്ക്കു് ആദരണീയമായ അടുക്കും മുറയും ഉണ്ടു്. നിശിതത്വവും നിരൂപണബുദ്ധിയും തികഞ്ഞ ഗ്രന്ഥങ്ങളാണു്. അത്യുദ്ധതങ്ങളായ ഉൽക്കാഴ്ചകളോ, കത്തിജ്വലിക്കുന്ന ആവേശമോ ഒന്നുമില്ല. അരിസ്റ്റോട്ടിലിന്റെ പൂർവ്വസൂരികളും അത്യുജ്ജ്വലമായ ആഭ്യന്തരപ്രേരണകൾക്കു വശംവദരായി, മതസ്ഥാപകന്മാരായിട്ടാണു പ്രത്യക്ഷപ്പെടുന്നതു്. അദ്ദേഹമാകട്ടെ വിശദാംശങ്ങളിലേക്കു കടന്നു് അവധാനപൂർവ്വം നിഷ്പക്ഷമായി കാര്യവിചാരം ചെയ്യുന്നു. സ്വമതസ്ഥാപനത്തിനുള്ള വ്യഗ്രതയില്ല; അക്ഷമയുമില്ല. ആധുനികശാസ്ത്രത്തിന്റെ ചിന്താസമ്പ്രദായം അദ്ദേഹമാണു് ആദ്യം സ്വീകരിച്ചതു്. യുക്തിവാദം, രാഷ്ട്രവിജ്ഞാനം, നിഷ്പക്ഷനിരീക്ഷണം എന്നിവയുടെയെല്ലാം ഉപജ്ഞാതാവായി അരിസ്റ്റോട്ടിൽ ആരാധിക്കപ്പെടുന്നു.

യവനന്മാരുടെയിടയ്ക്കു വേറെയും തത്ത്വജ്ഞാനികളും ചിന്തകന്മാരും ഉണ്ടായിരുന്നെങ്കിലും ഇപ്പറഞ്ഞ മഹാത്മാക്കളാണു് പാശ്ചാത്യസംസ്കാരത്തിന്റെ എഴുന്നള്ളത്തിനു തീവെട്ടികൊളുത്തുകയും തിടമ്പെടുക്കുകയും ചെയ്തതായി കരുതപ്പെടുന്നതു്. പ്രാചീനകാലത്തു്, മെഡിറ്ററേനിയൻതീരത്തു നാമ്പെടുത്ത ഈ തത്ത്വജിജ്ഞാസയും ജ്ഞാനോപാസനയും അധികം താമസിയാതെ ക്ഷയിച്ചതായി കാണുന്നു. റോമൻജനതയുടെ ശക്തിമത്തായ രാഷ്ട്രീയോൽക്കർഷം യവനന്മാരെ ഗ്രസിച്ചുകളഞ്ഞു. എങ്കിലും ജിജ്ഞാസുക്കളായ ആ അത്ഭുതജനങ്ങൾ കണ്ടെത്തിയ ജീവിതമൂല്യങ്ങൾ മാഞ്ഞുപോയില്ല. പുരുഷകേ

Digitized by Kerala Sahitya Akademi

സരികളും പ്രയത്നശാലികളുമായ റോമൻജനത പ്രായോഗികജീവിതത്തിലാണു ശ്രദ്ധിച്ചതു്. അവർ അന്യരാജ്യങ്ങളെ വെട്ടിപ്പിടിക്കുകയും ജാജ്വല്യമാനമായ ഒരു മഹാസാമ്രാജ്യം സ്ഥാപിക്കുകയും ചെയ്തു. പൗരധർമ്മം, സ്വരാജ്യസ്നേഹം, ത്യാഗസന്നദ്ധത, നിയമബോധം, അച്ചടക്കം എന്നുവേണ്ട, താനംഗമായ സമുദായത്തിന്റെ ഉൽക്കർഷത്തിനു് ഓരോ വ്യക്തിയിലും ഉണ്ടാവേണ്ട വിശിഷ്ടഗുണങ്ങളെ സമസ്തവും അവർ പോഷിപ്പിച്ചു. അവരുടെ സാമ്രാജ്യശക്തിയും, അതോടൊപ്പം വീരാപദാനങ്ങളും നിറഞ്ഞ ജീവിതരീതിയും പാശ്ചാത്യലോകത്തു് ബഹുദൂരം വ്യാപിച്ചു. പടിഞ്ഞാറു് സ്പെയിൻ മുതൽ കിഴക്കു് ഏഷ്യാമൈനർവരെയും, തെക്കു് ഈജിപ്തു മുതൽ വടക്കു് ഗ്രേറ്റ്ബ്രിട്ടൻ വരെയും റോമൻസേനകളും കീഴടക്കി. അവരുണ്ടാക്കിയ പാലങ്ങളും തോടുകളും മല്ലയുദ്ധാങ്കണങ്ങളും മറ്റും ചില ദിക്കുകളിൽ ഇന്നും ശേഷിക്കുന്നുണ്ടു്. ചിലതെല്ലാം ഇപ്പോഴും ഉപയോഗയോഗ്യങ്ങളുമാണത്രെ.

ആദ്യമൊക്കെ തിരഞ്ഞെടുത്ത പ്രതിനിധികളാണു് റോമൻജനതയെ ഭരിച്ചതെങ്കിലും, ക്രമേണ ഭരണം ഏകാധിപത്യമായി. സേനാനായകന്മാർ അധികാരം കൈക്കലാക്കി; സ്വയം ചക്രവർത്തികളായി അഭിഷേകംചെയ്തു. ഗിബൺ എന്ന ചരിത്രകാരൻ ഈ കാലങ്ങളെയും അന്നത്തെ സംസ്കാരത്തെയുംകുറിച്ചു് പുളകോദ്ഗമകാരികളായ വിവരണങ്ങളും എഴുതിയിട്ടുണ്ടു്. അന്നത്തെ ഐശ്വര്യസമൃദ്ധിയും കായികാഭ്യാസങ്ങളും വിനോദങ്ങളും ഉത്സവങ്ങളും എല്ലാം ജഗൽപ്രസിദ്ധങ്ങളാണു്. ആധുനികസംസ്കാരം അതിൽ ചിലതെല്ലാം സ്വീകരിച്ചിട്ടുമുണ്ടു്. ഊർജ്ജസ്വലതയും ഉത്സാഹശീലവും ജീവിതസുഖങ്ങളിൽ അഭിനിവേശവും ഇത്രത്തോളം പ്രോത്സാഹിപ്പിച്ച മറെറാരു ജനത ചരിത്രത്തിൽ ഇല്ലെന്നാണു പറയുന്നതു്.

അവരുടെ ആധിപത്യം പരമത്തണ്ണൂറുകൊല്ലം നിലനിന്നു. അതിനിടയ്ക്കാണു് ക്രിസ്തുമതത്തിന്റെ ഉത്ഭവം.

Digitized by Kerala Sahitya Akademi

ക്രിസ്തു എന്നപോലെ ആദ്യത്തെ ക്രിസ്ത്യാനികളും റോമൻ ഭരണാധികാരികളിൽനിന്നു് പറഞ്ഞാലൊടുങ്ങാത്ത പീഡനങ്ങളും അനുഭവിച്ചു. പശ്ചിമേഷ്യയിലുണ്ടായ ഈ പുതിയ തത്ത്വജ്ഞാനവും ജീവിതാദർശങ്ങളും റോമൻ ജനത പ്രിയതരമായിക്കരുതിയ സകല സിദ്ധാന്തങ്ങൾക്കും വിരുദ്ധമായിരുന്നു. ദൈവത്തെയും ആത്മാവിനെയും മുൻനിർത്തിയുള്ള വിചാരഗതിയും, ത്യാഗം, കാരുണ്യം, സ്നേഹം, സേവനം എന്നിവയെ മുറുകെപ്പിടിക്കുന്ന ജീവിതരീതിയും, സുഖലോലുപരായിക്കഴിഞ്ഞ റോമൻജനതയെ പെരുത്തതിൽ അതിശയിക്കാനില്ല. ആത്മനാരുടെയും അവശന്മാരുടെയും പൗരുഷമില്ലാത്തവരുടെയും പരാജയവേദാന്തമാണു് അവർ അതിൽ ദർശിച്ചതു്. എങ്കിലും, നാലു നൂറ്റാണ്ടിനുള്ളിൽ കോൺസ്റ്റന്റൈൻ എന്ന റോമൻചക്രവർത്തിതന്നെ ക്രിസ്തുമതം സ്വീകരിക്കുകയാണുണ്ടായതു്. ഇതേത്തുടർന്നു വന്ന ആയിരം കൊല്ലക്കാലം പാശ്ചാത്യസംസ്കാരത്തിന്റെ ഉദ്ഭവയായിരുന്നു. ഇരുണ്ടയുഗമെന്നാണു് ഈ ചരിത്രദശയെ വിളിക്കുന്നതു്. മതവും രാഷ്ട്രീയശക്തിയും കൂടിച്ചേർന്നുണ്ടായ ബീഭത്സഭീകരമായ ഭരണാധികാരം അന്നു് പാശ്ചാത്യലോകത്തു നടമാടി. അന്ധവിശ്വാസങ്ങളുടെയും ദുരാചാരങ്ങളുടെയും തേർവാഴ്ചയാണു നടന്നതു്. ആധുനികലോകവും പ്രാചീനലോകവും ഒന്നുപോലെ വിലമതിപ്പു നൽകുന്ന ആദർശങ്ങളും ജീവിതമൂല്യങ്ങളും തിരോഹിതമായി.

ഈ കൂരിരുട്ടിൽനിന്നു യൂറോപ്പു് ഉണർന്നതു് പതിനഞ്ചാം നൂറ്റാണ്ടിലാണു്. ആയിരം സംവത്സരം നിലനിന്ന മതദുഷ്പ്രഭുത്വത്തിന്റെനേർക്കു് യൂറോപ്യൻജനത പ്രതിഷേധഹസ്തം ഉയർത്തി. യവനറോമസംസ്കാരങ്ങളുടെ മനോഹരമൂല്യങ്ങളിൽ അവർക്കു വീണ്ടും അഭിമുഖ്യം ജനിച്ചു. ഇങ്ങനെയുണ്ടായ നവോത്ഥാനം എന്നു പറയുന്നതു്. അതിന്റെ സ്മരണപോലും പാശ്ചാത്യജനതയെ കോരിത്തരിപ്പിക്കുന്നു. യൂറോപ്പു് വീണ്ടും അതിന്റെ ആത്മാവിനെ കണ്ടെത്തി. സമുദായം വ്യക്തിയെക്കാളും, രാഷ്ട്രം പൗരനെക്കാളും ശ്രേഷ്ഠമാ

Digitized by Kerala Sahitya Akademi

രണെന്നും, തന്മൂലം ഓരോ മനുഷ്യനും സമൂഹത്തിന്റെ ഉൽ ക്കർഷത്തിനുവേണ്ടി പ്രയത്നിക്കുവാൻ കടപ്പെട്ടവനാണെ ന്നും ഉള്ള ആശയത്തിലാണ് യവനറോമാസംസ്കാരങ്ങൾ ഉറച്ചുനിന്നതു്. സർവ്വോത്തോഹരമായ ഈ സങ്കല്പം മത മെന്ന പേരിൽ കിഴക്കുനിന്നു വന്ന അദ്ധ്യാത്മചിന്താപ്ര വാഹത്തിൽ അമർന്നുപോയി. അദൃശ്യനായ ദൈവം അന്നദാതാവായ ചക്രവർത്തിയേയും ഭരണകൂടത്തേയും കാൾ പ്രധാനമാണെന്നും, അങ്ങേപ്പുറത്തെ ലോകമാണു് കൺമുമ്പിൽ കാണുന്ന ദൈനന്ദിനലോകത്തേക്കാൾ മനു ഷ്യന്റെ ശ്രദ്ധയ്ക്കു വിഷയമാകേണ്ടതെന്നും ഉള്ള ആശയം ഇടക്കാലത്തു ജനങ്ങളിൽ കടന്നുകൂടി. സൂക്ഷ്മമായി അപ ഗ്രഥിച്ചുനോക്കിയാൽ സ്വാർത്ഥലാലുപമാ യ ഈ ചിന്താ ഗതി സമുദായത്തിന്റെ ക്ഷേമത്തെയും സുസ്ഥിതിയേയും ഭഞ്ജിച്ചു. രാഷ്ട്രശരീരം ജീർണ്ണിച്ചു. പാശ്ചാത്യലോകം ഒരു കിരാതാവസ്ഥയിലേക്കു് അധഃപതിച്ചു. പൗരസഞ്ചയ ത്തിന്റെ ഉത്സാഹപൂർണ്ണമായ സഹകരണംകൊണ്ടേ സം സ്കാരം ജനിക്കുകയുള്ളൂ. സ്വകാര്യതാൽപര്യം പൊതുനന്മ യ്ക്കു വിധേയമാക്കേണ്ടതും അതിന്റെ സൃഷ്ടിക്കു് അത്യാ വശ്യമാകുന്നു. പക്ഷേ, ഈ വിഷയത്തിൽ ജനങ്ങൾക്കു താൽപര്യം തോന്നിയില്ല. ഇതാണു് ഇരുണ്ട നൂറ്റാണ്ടു കളിൽ യൂറോപ്പിൽ ഉണ്ടായതു്.

ഈ പ്രവണതകൊണ്ടു ഉരുപദിഷ്ടമാകണമെന്നു മനസ്സിലാ ക്കിയതാണു് പാശ്ചാത്യർക്കു പതിനഞ്ചാംനൂറ്റാണ്ടിലു ണ്ടായ മഹാഭാഗ്യം. അരിസ്റ്റോട്ടിലിന്റെ തത്ത്വചിന്ത യും, റോമൻ നിയമവും, പൗരധർമ്മങ്ങളും, പ്രാചീനകാല ത്തെ കലാതല്പരങ്ങളും, സാഹിത്യവും അവർ വീണ്ടെടു ത്തു. സംസ്കാരത്തിന്റെ പുരോഗതിയിൽ വന്നുകൂടിയ മാഗ്നടസ്സുങ്ങൾ മാറ്റപ്പെട്ടു. തീവെട്ടികൾ വീണ്ടും കൊ ളുത്തി. പൊൻതിടമ്പു മണ്ണാരയും എഴുന്നള്ളിച്ചു.

അതിനുശേഷമുണ്ടായ അഭ്യുദയം വർണ്ണിക്കുവാൻ അ നന്തനുപോലും അസാദ്ധ്യമാണു്. യുക്തിയുടെയും ബുദ്ധി യുടെയും സാർവ്വഭൗമത്വംതന്നെയാണു് സംജാതമായതു്. ഭൂമുഖം മുഴുവനുംതന്നെ മാറിപ്പോയി. മതത്തിന്റെ വിഷ

Digitized by Kerala Sahitya Akademi

ദേശത്തിനു മറുമരുന്നായി ആധുനികശാസ്ത്രം ആവിർഭവിച്ചു. മനുഷ്യജീവിതത്തെ ദുഷിപ്പിച്ച മൃഗീയതകളും കിരാതഭാവങ്ങളും നിമ്മൂലനംചെയ്യപ്പെട്ടു. ജീവിതത്തിനു് ഇതിനു മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത അന്തസ്സും ഭാസുരമ്ലായകളും കൈവന്നിരിക്കുന്നു. ഗോചരപ്രപഞ്ചത്തിന്റെ സീമകളും, മോൻ ചക്രവർത്തിമാരുടെ സാമ്രാജ്യചക്രവാളംപോലെ അടിക്കടി വിസ്തൃതമായിക്കൊണ്ടിരിക്കുന്നു. പ്രകൃതിശക്തികളുടെമേലുള്ള ആധിപത്യം അനുനിമിഷം വർദ്ധിച്ചുവരുന്നു. സ്വർഗ്ഗമോക്ഷങ്ങളും മറെറാരു ലോകത്തിലോ, ഇനിയെയാരു കാലത്തോ കിട്ടിയേക്കുമെന്നു പ്രത്യാശിക്കാവുന്ന അസൂയാർഹമല്ലാത്ത നിലയിൽ നിന്നു്, ഇന്നതന്നെ, ഇപ്പോഴത്തന്നെ, അനുഭവിക്കാവുന്ന യാഥാർത്ഥ്യങ്ങളായിത്തീർന്നിരിക്കുന്നു. എന്തൊരത്ഭുതം! നാലര നൂറാണ്ടുകളം വരുത്തിയിരിക്കുന്ന പരിവർത്തനം ഓർത്തുനോക്കുക.

മനുഷ്യരാശിക്കു ചരിത്രത്തിന്റെ ഇരുട്ടിൽനിന്നു മോചനംനല്കുന്ന ഈ മഹാപ്രസ്ഥാനത്തിന്റെ നേതൃത്വത്തിനുവേണ്ടിയാണു് പാശ്ചാത്യരാഷ്ട്രങ്ങളം മത്സരിക്കുന്നതു്. അവരുടെ രാഷ്ട്രീയബുദ്ധിയിലും പൗരബോധത്തിലും ലോകാഭിനിവേശത്തിലും ആക്കാണു് ബഹുമാനം തോന്നാത്തതു്? ജീവിതം അവർ എത്ര സുഖപ്രദമാക്കിയിരിക്കുന്നു! അവരുടെ ആത്മാഭിമാനവും അന്തസ്സും ധീരോദാത്തതയും സമസ്തലോകത്തിനും മാതൃകയാകേണ്ടതാണു്. രാഷ്ട്രത്തിന്റെ ഉൽക്കർഷവും സമുദായത്തിന്റെ അഭ്യുദയവും ആണു് അവരുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. അങ്ങേപ്പുറത്തെ ലോകവും അദ്ധ്യാത്മജീവിതവും ഉണ്ടെങ്കിൽത്തന്നെ അവിടെ കിടക്കട്ടെ ഇക്കാണുന്ന ലോകം, ഇപ്പോഴത്തെ ജീവിതം, ഒരു യാഥാർത്ഥ്യമാണു്. അല്ലെന്നു പറയുന്നവർ ദിവാസ്വപ്നക്കാരാണു്; ഭ്രാന്തന്മാരാണു്. അതുകൊണ്ടു് 'കൈയിലിരിക്കും കനകമുപേക്ഷിച്ചു്'—ബാക്കി പറയേണ്ട കാര്യമില്ലല്ലോ.

മനുഷ്യവർഗ്ഗത്തെ മേന്മയിലെത്തിക്കുന്നതിനു നേതൃത്വം നേടുവാൻവേണ്ടി നടത്തപ്പെട്ട മത്സരത്തിൽ ആദ്യം

Digitized by Kerala Sahitya Akademi

സ്പെയിനും, പിന്നെ മദ്ധ്യയൂറോപ്പും, അതിനുശേഷം ഫ്രാൻസും, അതിൽപ്പിന്നെ ഗ്രേറ്റ് ബ്രിട്ടനും, ഇപ്പോൾ അമേരിക്കയുമാണ് ജയിച്ചുകാണുന്നതു്. അമേരിക്കയുടെ വിജയം ആചന്ദ്രതാരം നിലനില്ലുമെന്നു് അവരെങ്കിലും ആത്മാർത്ഥമായി വിശ്വസിക്കുന്നു. മുമ്പേ മുമ്പേ നേതൃസ്ഥാനമെത്തിയെങ്കിലും പിന്നപ്പിന്നെ വീരമിക്കേണ്ടിവന്നവർക്കു് ഇതിൽ അസൂയയും അസുഖവും അസ്വാസ്ഥ്യവും അമർഷവും ഒക്കെയുണ്ടു്. അതൊന്നും സാരമുള്ളവയല്ല. നല്ല കാര്യത്തിനുവേണ്ടിയുള്ള മത്സരത്തിൽ പരാജയംപോലും അഭിമാനകരമാണു്.

റഷ്യ ഇതിൽ എവിടെയാണു് വരുന്നതെന്നു ചിലർക്കെങ്കിലും സംശയം തോന്നിയേക്കാം. ഈ സംശയം അസ്ഥാനത്താണു്. റഷ്യ ഒരിക്കലും യവനറോമാസംസ്കാരപാരമ്പര്യത്തിൽ, ഭൂമിശാസ്ത്രപരമായോ ചരിത്രപരമായോ ഉൾപ്പെട്ടിട്ടില്ല. പാശ്ചാത്യസംസ്കാരത്തിന്റെ മഹാപ്രവാഹത്തിനു പുറത്തു് വേർപെട്ടുകിടക്കുന്ന ഒരു ജലാശയമാണതു്. വേണമെങ്കിൽ, കരയാൽ ചുറ്റപ്പെട്ടതും ശുദ്ധജലം നിറഞ്ഞതുമായ 'കാസ്പിയൻ കടലി'നോടതിനെ ഉപമിക്കാം.

ഓസ്വാൾഡ് സ്പെങ്ഗ്ലറെപ്പോലെയുള്ള ചില ചിന്തകന്മാർ പാശ്ചാത്യസംസ്കാരത്തിന്റെ ജാതകം എഴുതുവാൻ ശ്രമിച്ചിട്ടുണ്ടു്. മറ്റു ഭൂവിഭാഗങ്ങളിലും, യൂറോപ്പിൽത്തന്നെയും, മുമ്പുണ്ടായിരുന്ന സംസ്കാരങ്ങളുടെ ആയുർദ്ദൈർഘ്യകളും വൃദ്ധിക്ഷയങ്ങളും താരതമ്യപ്പെടുത്തി നോക്കിയപ്പോൾ തെളിഞ്ഞുകണ്ട പൊരുത്തപ്പാടുകളുടെ വെളിച്ചത്തിൽ അവർ ആധുനിക പാശ്ചാത്യസംസ്കാരത്തിന്റെ പുരോഗതിയെ പരിശോധിച്ചുനോക്കി. അപ്പോൾ എല്ലാ സംസ്കാരങ്ങളുടെയും ജാതകം സാരാംശത്തിൽ ഒന്നുതന്നെയാണെന്നും, വിധിയുടെ അതിനിശിതമായ നിയന്ത്രണത്തിൽനിന്നു് അവയിൽ ഒന്നുപോലും മുക്തമല്ലെന്നും ആണു് അവർ കണ്ടതു്. അനിവാര്യമായ ഈ വിധിനിപാതത്തിനടിപ്പെട്ടു് ഇന്നത്തെ പാശ്ചാത്യസംസ്കാരവും നാശമടയുമെന്നു് സ്പെങ്ഗ്ലർ തീർത്തുപറഞ്ഞു.

Digitized by Kerala Sahitya Akademi

1918—ൽ ജർമ്മൻ ഭാഷയിലെഴുതിയ ഒരു വിശ്രുതഗ്രന്ഥത്തിലാണ് അദ്ദേഹം തന്റെ നിഗമനം പ്രഖ്യാപിച്ചത്. 'പാശ്ചാത്യസംസ്കാരത്തിന്റെ അധഃപതനം' (Der Untergang Des Abenlandes—ഇംഗ്ലീഷിൽ The Decline of the West) എന്ന ദുരന്തസൂചകമായ പേരോടുകൂടിയ ഈ ഗ്രന്ഥം വളരെയധികം ഭീതിയും തുടച്ചയായ വാദപ്രതിവാദവും ഉളവാക്കിയതാണ്. ഒന്നാം ലോകമഹായുദ്ധത്തിൽ വിജയം നേടിയ രാഷ്ട്രങ്ങളും അതിന്റെ വിഷാദപൂർണ്ണമായ പ്രവചനം അംഗീകരിച്ചില്ല. ഇംഗ്ലണ്ടിൽ അതിനൊരു തരംഗംപോലും ഉണ്ടായില്ല. ഇംഗ്ലീഷ് വിവർത്തനം ഒരു അമേരിക്കൻ കൃതിയാണ്.

പിൽക്കാലത്തു് ഒരു ഇംഗ്ലീഷുകാരൻതന്നെ കുറെക്കൂടി വിസ്തൃതമായ ഒരു ലോകചരിത്രപഠനം നടത്തുകയുണ്ടായി. അദ്ദേഹമാണ് ആർനൊൾഡ് ടോയൻബി. അദ്ദേഹത്തിന്റെ പത്തു വാല്യങ്ങളിലുള്ള 'ചരിത്രത്തിന്റെ ഒരു പഠനം' (A Study of History) എന്ന മഹാഗ്രന്ഥത്തിനു പ്രചോദനം നല്കിയതു് സ്പെങ്ങ്ലറാണെന്നുള്ളതു സ്പഷ്ടമാണ്. അദ്ദേഹവും ലോകചരിത്രത്തെ ഒരു അനസ്യൂത പ്രവാഹമായിട്ടല്ല കാണുന്നതു്; വ്യതിരിക്തങ്ങളായ സംസ്കാരങ്ങളുടെ വൃദ്ധിക്ഷയങ്ങളായിട്ടാണ്: ("അനന്തമായ ജനനപരിണാമങ്ങളുടെ, സചേതനരൂപങ്ങളുടെ, വിസ്മയാവഹമായ വികാസവിലയങ്ങളുടെ, ഒരു ചിത്രമായിട്ടാണ് ഞാൻ ലോകചരിത്രത്തെ കാണുന്നതു്. സാധാരണ ചരിത്രകാരൻ, നേരെ മറിച്ചു്, അതിനെ ഒന്നിനു പിറകേ മറെറാന്നായി യുഗപരമ്പരകളെ അക്ഷീണം പ്രസവിച്ചുകൂട്ടുന്ന ഒരുതരം നാടവിരയായി കാണുന്നു" എന്നു് സ്പെങ്ങ്ലർ). സ്പെങ്ങ്ലർ പറഞ്ഞ എട്ടു സംസ്കാരങ്ങളുടെ സ്ഥാനത്തു് ടോയൻബി ഇരുപത്തിയൊന്നെണ്ണത്തെ കാണുന്നു എന്നൊരു വ്യത്യാസമേയുള്ളു. ഇവയുടെ വൃദ്ധിക്ഷയങ്ങളെക്കുറിച്ചു് അദ്ദേഹം കാണുന്നതു പൊതുതത്ത്വങ്ങളും ഏറക്കുറെ സമാനങ്ങളാണ്. എങ്കിലും അദ്ദേഹം സ്പെങ്ങ്ലറുടെ നിഗമനരീതി ഖണ്ഡിക്കുകയും നിഷേധിക്കുകയുമാണു് ചെയ്തിരിക്കുന്നതു്.

Digitized by Kerala Sahitya Akademi

സ്പെങ്ക്ലർ വിധിയെന്നും, പൂർവ്വനിശ്ചയമെന്നും മറ്റുമുള്ള പേരിൽ തെളിയിക്കുവാൻ കഴിയാത്തതും ആവശ്യമില്ലാത്തതുമായ ഒരു വിശ്വാസപ്രമാണം കെട്ടിപ്പടുക്കുവാൻ പ്രേരിതനായെന്നും, തന്റെ അത്ഭുതപ്രതിഭയിലൂടെ കണ്ടെത്തിയ ദീപ്തിമത്തായ വസ്തുതകളെ അതിനുള്ളിൽ കുഴിച്ചുമൂടിയെന്നും അദ്ദേഹം പറയുന്നു. പാണ്ഡിത്യഗർവ്വും അതിരുകവിഞ്ഞ അഹന്തയുമാണ് ഇതിനു് ഇടയാക്കിയതെന്നും അദ്ദേഹം ആക്ഷേപിക്കുന്നുണ്ടു് (വാല്യം ix. പുറം 296). ചരിത്രത്തിൽ അറിയപ്പെട്ടിട്ടുള്ള സംസ്കാരങ്ങളെ കൂടെക്കൂടെ കുഴിയുമ്പോൾ ക്ഷയിക്കുന്നതായി നാം കാണുന്നു. പക്ഷേ, അതുകൊണ്ടു്, ക്ഷയിക്കുന്നതിനുള്ള പ്രവണത സംസ്കാരങ്ങളിൽ അന്തർലീനമാണെന്നും, അവയുടെ വിനാശം വിധികല്പിതമാണെന്നും, വിധിയും പൂർവ്വനിശ്ചയവും അടിസ്ഥാനസത്യങ്ങളാണെന്നും വാദിക്കുന്നതിനെയാണു് ടോയൻബീ എതിർക്കുന്നതു്. ഇക്കാര്യത്തിൽ സ്പെങ്ക്ലർക്കു തെറ്റുപറ്റിയെന്നു സമ്മതിക്കുകയാണെങ്കിൽ അതോടൊപ്പം ടോയൻബിയുടെ, ഇത്രത്തോളം തന്നെ വിചിത്രമായ, ഒരു വാദവും പൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.

പാശ്ചാത്യസംസ്കാരത്തെ മറ്റെല്ലാ സംസ്കാരങ്ങളെയുംപോലെ മാത്രം പരിഗണിച്ചാൽ മതിയെന്നു് ഉറച്ചുകൊണ്ടാണു് അദ്ദേഹം തന്റെ പൃഥുലമായ ഗ്രന്ഥം എഴുതുവാൻ തുടങ്ങിയതു്. പക്ഷേ, ഒടുവിൽ, അതിനെക്കുറിച്ചു വിസ്തരിച്ചു പ്രതിപാദിക്കേണ്ട ഘട്ടമെത്തിയപ്പോൾ അതു പോരെന്നു തോന്നി. പാശ്ചാത്യസംസ്കാരം മറ്റു സംസ്കാരങ്ങളെപ്പോലെ മാത്രമായുള്ളോ? അതും അവയുടെ ജാതിയിൽ പെട്ടതാണോ? ഈ ചിന്തകൾ അദ്ദേഹത്തെ സംശയാകുലനാക്കി. അതിൽനിന്നു് അദ്ദേഹം രക്ഷപ്പെടുന്നതു് ഇങ്ങനെയാണു്: ജാതി ഒന്നുതന്നെ, സംശയമില്ല. സമാനങ്ങളായ ലക്ഷണങ്ങളും സ്വഭാവങ്ങളുമാണു് കാണുന്നതു്. എങ്കിലും പല അംശങ്ങളിലും കൂടുതൽ കുറവുകൾ കാണ്മാനുണ്ടു്. ഇതരസംസ്കാരങ്ങളെ അപേക്ഷിച്ചു് ആധുനിക പാശ്ചാത്യസംസ്കാരത്തിനു്

Digitized by Kerala Sahitya Akademi

ഇക്കാര്യത്തിൽ കാണുന്ന വ്യത്യാസം അത്യധികം ശ്രദ്ധേയമാണു്. അളവിലുള്ള ഈ വ്യത്യാസം ഒരു ആകൃതിവ്യത്യാസമായിത്തന്നെ കണക്കാക്കാവുന്നതാണു്. പാശ്ചാത്യസംസ്കാരം ഭിന്നജാതിയിൽ പെട്ടതാണെന്നതന്നെ കരുതേണ്ടിയിരിക്കുന്നു. ഒരേ ജാതിയിൽനിന്നു ഭിന്നജാതിയെ ജനിപ്പിക്കുവാനുള്ള ഈ ഉദ്യമം ഏറ്റവും വിചിത്രമായിട്ടാണു് എനിക്കു തോന്നുന്നതു്. അതും ഒരുതരം അഹന്തയുടെയും ഗർവിന്റെയും ഫലമല്ലെന്നു് ആരറിഞ്ഞു! പാശ്ചാത്യസംസ്കാരം ഇതരസംസ്കാരങ്ങളിൽനിന്നു് ഭിന്നമാണെന്നും, അവയുടെ ഗതി അതിനും ഉണ്ടാകണമെന്നു നിർബ്ബന്ധമില്ലെന്നും വരുത്തുവാനുള്ള ഒരു പാശ്ചാത്യന്റെ ശ്രമമല്ലേ ഇതു്?

അതു നില്ക്കട്ടെ. നമുക്കു നേരത്തെ പറഞ്ഞ ചിന്താഗതി തുടരാം. ആധുനിക പാശ്ചാത്യസംസ്കാരത്തെ യവന—റോമാസംസ്കാരപാരമ്പര്യത്തിന്റെ തുടർച്ചയായിത്തന്നെ വീക്ഷിക്കാം. അതാണല്ലോ സാധാരണ ചരിത്രകാരന്മാരും സാമൂഹികശാസ്ത്രജ്ഞന്മാരും ചെയ്യുന്നതു്. രാഷ്ട്രീയചിന്തകന്മാരുടെ വീക്ഷണഗതിയും അതാണു്. ജാജ്വല്യമാനമായ ഈ സംസ്കാരം അതിന്റെ രണ്ടായിരത്തിയഞ്ഞൂറിൽപ്പരം വർഷത്തെ ചരിത്രത്തിൽ ആവിഷ്കരിച്ച ആരാധ്യമായ തത്ത്വം എന്താണു്? ആക്കാര്യം ഇക്കാര്യത്തിൽ സംശയമുണ്ടെന്നു തോന്നുന്നില്ല. അതിന്റെ ആന്തരചൈതന്യവും അത്ഭുതപ്രവണതകളും രണ്ടു വാക്കുകളിൽ ആവിഷ്കരിക്കാം—മാനുഷികമൂല്യം, സാമൂഹികബോധം. പാശ്ചാത്യസംസ്കാരം മനുഷ്യരാശിക്കു നല്കിയിരിക്കുന്ന മഹാനുഗ്രഹങ്ങളും മുഴുവനും ഈ രണ്ടു വാക്കുകളിൽ അടങ്ങിയിരിക്കുന്നു. യൂറോപ്പിലും അമേരിക്കയിലുംനിന്നു് പൗരസ്ത്യരാജ്യങ്ങളിലേക്കു് അനവരതം പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥങ്ങളും എല്ലാംതന്നെ ഈ രണ്ടു കാര്യങ്ങളെക്കുറിച്ചുള്ള ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളും മാത്രമാണു്. മാനുഷികമൂല്യങ്ങളും എന്ന ഹൃദയഹാരിയായ ആ സങ്കല്പത്തിൽ അടങ്ങാത്ത സംസ്കാരസത്തകളും എന്തുള്ളു? കലയും സാഹിത്യവും ശാസ്ത്രവും ഗവേഷണവും യുക്തിയും ബുദ്ധിയും

Digitized by Kerala Sahitya Akademi

സുഖാന്വേഷണപ്രവണതകളും എല്ലാം അതിലുണ്ട്. അതിൽ ഇല്ലാത്തതു വല്ലതുമുണ്ടെങ്കിൽ അതു മനുഷ്യന്റെ ശ്രദ്ധയുപോലും വിഷയീഭവിക്കുവാൻ അർഹമല്ല. ഇതല്ലാതെ എന്തു മതമാണു്, തത്ത്വജ്ഞാനമാണു് മനുഷ്യവർഗ്ഗത്തിനു വേണ്ടതു്? ഇതിലുപരിയായ സ്വർഗ്ഗമെന്തു്? മോക്ഷമെന്തു്? ഓരോ മനുഷ്യനെയും ഐഹികജീവിതത്തിന്റെ പൊൻതാഴികക്കുടമാക്കുന്ന അത്ഭുതസങ്കല്പമാണതു്. ബാഹ്യലോകത്തെ എന്നപോലെ ആഭ്യന്തരലോകത്തെയും അതു ഭാസുരമാക്കുന്നു. അസംസ്കൃതിയുടെയും അജ്ഞാനത്തിന്റെയും അന്ധകാരത്തെ ദൂരീകരിക്കുന്നു.

സാമൂഹികബോധത്തിന്റെ കഥയും ഇതുതന്നെ. ആസ്വാദ്യവും അഭിമാനകരവുമാണു്. സമുദായത്തിന്റെ ക്ഷേമവും ഉൽക്കർഷവും വളർത്തുന്നതിനുള്ള പ്രേരണയാണു് അതുളവാക്കുന്നതു്. പൊതുജനാരോഗ്യം, വിദ്യാഭ്യാസം, തൊഴിലു നല്കുകയും സമ്പത്തു വർദ്ധിപ്പിക്കുകയുംചെയ്യുന്ന വ്യവസായോദ്യമങ്ങൾ, വിശ്രമവേളകളെ സുഖപ്രദമാക്കുകയും ജീവിതമാകുന്ന പട്ടുവസ്ത്രത്തിൽ പൊൻകസവു ചേർത്തു പ്രഭാമയമാക്കുകയുംചെയ്യുന്ന നവീന വിനോദങ്ങൾ, എന്നിവയെല്ലാം ഈ പ്രേരണയിൽനിന്നുളവായ അനുഗ്രഹങ്ങളാണു്. രാഷ്ട്രത്തിന്റെ സുസ്ഥിതിക്കും അഭിവൃദ്ധിക്കുംവേണ്ടി ഓരോ പൗരനും അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങളും അതിൽ അന്തർഭവിച്ചിരിക്കുന്നു. മാനുഷികമൂല്യങ്ങൾ ജീവിതത്തിൽ മാധുര്യവും അന്തസ്സും കലർത്തുമ്പോൾ സാമൂഹികബോധം സ്വാതന്ത്ര്യം അരാജകത്വമായിത്തീർന്നു് സമുദായത്തിനു് ആപത്തുണ്ടാക്കാതെ രക്ഷിക്കുന്നു. മറ്റു ഭൂവിഭാഗങ്ങളിൽ കാണുന്ന അനാചാരങ്ങളുടെയും കിരാതത്വങ്ങളുടെയും ഭ്രഷ്ടത്വങ്ങളുടെയും സ്ഥാനത്തു പാശ്ചാത്യരാജ്യക്കാർ സ്വാതന്ത്ര്യവും സമത്വവും ജനപ്രഭുത്വവുമാണു് അനുഭവിക്കുന്നതു്. സമുദായത്തെ നേർവഴിക്കു നയിക്കുവാനുള്ള ചുമതല എല്ലാവരിലും വീഴുന്നു. എത്ര എളിയ നിലയിലുള്ളവനും ഭരണാധികാരിയാകുവാൻ അവസരവും അർഹതയുമുണ്ടു്. മാന്യതയും മഹത്ത്വവും എല്ലാവർക്കും അവകാശപ്പെട്ട അനുഗ്രഹങ്ങളാ

Digitized by Kerala Sahitya Akademi

യിത്തീർന്നിരിക്കുന്നു. ഏഷ്യയിലും ആഫ്രിക്കയിലും ഏറെക്കുറെ റഷ്യയിലും മതക്കെ അമേരിക്കയിലും ജീവിക്കുന്ന ജനങ്ങൾക്ക് ഇന്നും മറവും സ്വപ്നം മാത്രമായി ശേഷിക്കുന്ന ഈ മഹാനുഗ്രഹങ്ങൾ ഗ്രീസിലും റോമിലും നവോത്ഥാനത്തിലും നവീനജീവിതത്തിലുംകൂടി വളർന്നുവന്ന അത്ഭുതകരമായ പാശ്ചാത്യസംസ്കാരം യൂറോപ്പിലെയും അമേരിക്കയിലെയും സുകൃതികൾക്ക് അനുഭവത്തിൽ വരുത്തിയിരിക്കുന്നു. അതിന്റെ മേന്മയ്ക്ക് ഇതിൽ കൂടുതലായി എന്തു തെളിവാണു വേണ്ടതു്?

വിദ്യാഭ്യാസം സിദ്ധിച്ചവനെന്നു കരുതുന്ന ഏതു മനുഷ്യനിലുംനിന്നു ഭ്രമുഖത്തുനിന്ന് എവിടെയും കേൾക്കാവുന്ന ഈ സ്തുതിഗീതം, സത്യത്തെ ഓർത്തെങ്കിലും, അപ്പാടെ വിഴുങ്ങരുതെന്നാണു് ഭാരതീയരോടു് എനിക്കുള്ള അഭ്യർത്ഥന. പറഞ്ഞാലൊടുങ്ങാത്ത ദുഃഖങ്ങളും ദുരിതങ്ങളും അനീതികളും കഷ്ടപ്പാടുകളും അനുഭവിച്ചു ഒരു ജനതയാണു് നാം. ആർഷസംസ്കാരത്തെയും പൂർവകാലമഹിമകളെയുംകുറിച്ചു പ്രസംഗിക്കുകയും അന്യേയറത്തെ അധമ്മങ്ങൾ പുലർത്തുകയും ചെയ്യുന്ന പാരമ്പര്യമാണു് അധുനാതനകാലത്തു നമുക്ക് അനുഭവത്തിലുള്ളതു്. ഇതേക്കുറിച്ചുള്ള ലജ്ജാവഹമായ ബോധം ഓരോ ഭാരതീയനിലും നിറഞ്ഞുതുടിക്കുന്ന സമയത്താണു് അങ്ങുകലെ മാനുഷികമൂല്യങ്ങൾ അനവരതം വിളയുന്ന പാശ്ചാത്യസംസ്കാരത്തെക്കുറിച്ചുള്ള പ്രശസ്തിഗീതം നാം കേൾക്കുന്നതു്. നമ്മുടെ കാതിനും കരളിനും അതു് അമൃതവർഷംപോലെ തോന്നിപ്പോകുന്നതു സ്വാഭാവികമാണു്. അതു മുഴുവനും പരമാർത്ഥമാണെന്നു വിശ്വസിക്കുവാൻ നാം സന്നദ്ധരാകുന്നതിൽ അതിശയിക്കാനുമില്ല. പക്ഷേ അതു മുഴുവനും പരമാർത്ഥമല്ല.

ഗ്രീസിലും റോമിലും നവോത്ഥാനത്തിലും നവീനകാലത്തും പാശ്ചാത്യസംസ്കാരത്തിൽ മാനുഷികമൂല്യങ്ങളും സാമൂഹികബോധവും മാത്രം കാണുന്നവർ നമ്മെ കബളിപ്പിക്കുകയാണു്. അന്നും ഇന്നും ഇതുവരെയും ഈ മൂല്യങ്ങൾ തത്ത്വജ്ഞാനികളുടെ ചിന്തയിലും ഗ്രന്ഥകാരന്മാ

Digitized by Kerala Sahitya Akademi

ുടെ ഭാവനയിലും ഭരണാധികാരികളുടെ പ്രഭാഷണങ്ങളിലും മാത്രമാണു മുഖ്യമായി നിലവിലിരുന്നിട്ടുള്ളതു്. അവ ആശയലോകത്തിലെ മൂല്യങ്ങളാണു്; ജീവിതമൂല്യങ്ങളല്ല. അതിമനോഹരമായ ആദർശങ്ങളും അനുഷ്ഠാനത്തിലും ആചാരത്തിലുംനിന്നു് അതിദൂരം അകന്നുനില്ക്കുന്ന വെറും സാപ്പങ്ങളും! മനുഷ്യന്റെ ആദർശവും അനുഷ്ഠാനവും തമ്മിൽ ഒരു പൊരുത്തം വേണമെന്നു പാശ്ചാത്യർക്കു് ഒരു കാലത്തും നിർബ്ബന്ധമുണ്ടായിട്ടില്ല. ധർമ്മം എന്ന സങ്കല്പം അവർക്കു് ഇന്നും മനസ്സിലാകാത്തതിന്റെ രഹസ്യം ഇതാകുന്നു. ആദർശങ്ങളുടെയും ആശയങ്ങളുടെയും ലോകം ദൈനന്ദിനജീവിതത്തിൽനിന്നു ഭിന്നമായിട്ടേ അവർ കാണുന്നുള്ളു. തത്ത്വജ്ഞാനം എന്നു പറഞ്ഞാൽ ഒരു ചിന്താരീതിയെന്നല്ലാതെ, ഒരു ജീവിതരീതിയെന്നു് അവർ ധരിച്ചിട്ടില്ല. വ്യക്തികളുടെ കാര്യത്തിലും സമുദായങ്ങളുടെ കാര്യത്തിലും രാഷ്ട്രങ്ങളുടെ കാര്യത്തിലും ഇതു കാണാവുന്നതാണു്. സ്വകാര്യജീവിതമാകുന്ന അന്തഃപുരത്തിനകത്തേക്കു് ആർക്കും പ്രവേശനമില്ല. അങ്ങോട്ടു നോക്കുന്നതുപോലും മര്യാദകേടാണു്. അതിന്റെ വാതിലും ജനലുമെല്ലാം വെളിയടകം തുക്കി മറച്ചിരിക്കുകയാണു്. കാറടിച്ചു മറ നീങ്ങുകയും അകത്തുള്ളതും നടക്കുന്നതും കാണുവാൻ ഇടയാവുകയും ചെയ്താൽപ്പോലും കണ്ടില്ലെന്നു നടിക്കണം. അതാണു് മര്യാദ. മാന്യതയുടെ ലക്ഷണവും അതാകുന്നു. ഉത്തുംഗമായ ആദർശങ്ങളും പ്രസംഗിക്കുന്നതായാലും സ്വകാര്യജീവിതത്തിൽ അതെല്ലാം അനുഷ്ഠിക്കുന്നുണ്ടോ എന്നു് അന്വേഷിക്കുവാൻ ആർക്കും അധികാരമില്ല. ചരിത്രത്തിൽ സ്ഥാനംപിടിച്ചിട്ടുള്ള വലിയ വലിയ ആളുകളുടെ സ്വകാര്യജീവിതം അശ്രദ്ധയും കളങ്കപങ്കിലവും ആയിരുന്നു എന്നു ജീവചരിത്രകാരന്മാരോ മറ്റു വല്ലവരുമോ തെളിയിച്ചാൽ "അതൊക്കെ എന്തിനു് അന്വേഷിക്കാൻപോകുന്നു? പൊതുക്കാര്യങ്ങളിൽ അദ്ദേഹം ഏതു നിലപാടാണു സ്വീകരിച്ചതു"? അദ്ദേഹത്തിന്റെ ആദർശങ്ങൾ എന്തായിരുന്നു? അവയ്ക്കനുസരണമായി പൊതുക്കാര്യജീവിതം നയിച്ചുവോ? എന്നു

Digitized by Kerala Sahitya Akademi

മാത്രമല്ലേ നമുക്ക് അറിയേണ്ടതുള്ളൂ'' എന്നായിരിക്കും പ്രത്യുത്തരം.

''മച്ചളിയിൽ പടമുന്നിയെന്തിനോ
വെളിവായിക്കഴുകുന്ന മന്നവൻ''

എന്ന് ആശാന്റെ സീത ചോദിച്ചതുപോലെ, സ്വകാര്യജീവിതത്തിൽ ചികഞ്ഞുനോക്കി മാലിന്യം കണ്ടുപിടിക്കുന്ന സമ്പ്രദായത്തിനു് ''അഴുക്കുതുണികം പരസ്യമായി അലക്കുക'' എന്നൊരു ചൊല്ലും ഉണ്ടായിട്ടുണ്ടു്. പല്ലിന്റെ ഇട കുത്തി മണപ്പിക്കരുതു്, തൊണ്ട പഴുത്താൽ വിഴുങ്ങുകയേ നിവൃത്തിയുള്ളൂ എന്നൊരുക്കയുള്ള ആപ്തവാക്യങ്ങളും നമ്മുടെ നാട്ടിലും കേൾക്കാവുന്നതാണു്. ഇവയ്ക്കു മേല്പറഞ്ഞ പടിഞ്ഞാറൻ പഴമൊഴിയോടു് അല്പമൊരു സാദൃശ്യം തോന്നുമെങ്കിലും, സ്വകാര്യവും പൊതുക്കാര്യവും വേലികെട്ടി വേർതിരിക്കേണ്ടവയാണെന്ന വിശ്വാസമല്ല അവ വ്യഞ്ജിപ്പിക്കുന്നതു്. കുടുംബജീവിതത്തിൽ, ഉറ്റ ബന്ധുക്കളും തമ്മിൽ പാലിക്കേണ്ട മര്യാദകളാണു് വിവക്ഷിതം.

സംസ്കാരത്തിന്റെ പുറമേനിമിനുക്കം മാത്രം കണ്ടു് അതിനെ ബഹുമാനിച്ചുകൊള്ളണം എന്ന ഈ പാശ്ചാത്യനിബ്ബന്ധം നമുക്കു മനസ്സിലാക്കുവാൻ പ്രയാസമാണു്. എങ്കിലും ഞങ്ങൾ നാം എത്രയോ കാലമായി വഴങ്ങിക്കൊടുത്തിരിക്കുകയാണു്. രാജാക്കന്മാരുടെയും രാജ്യതന്ത്രജ്ഞന്മാരുടെയും സാഹിത്യകാരന്മാരുടെയും മതാദ്ധ്യക്ഷന്മാരുടെപോലും കാര്യത്തിൽ ഈ പടിഞ്ഞാറൻമര്യാദ നാം പാലിച്ചിട്ടുണ്ടു്. ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്തു് ബൽജിയത്തിലെ രാജാവായിരുന്ന ലിയോപ്പോൾഡിന്റെ കഥ ഈ സന്ദർഭത്തിൽ ഓർമ്മിക്കുന്നതു നന്നായിരിക്കും.*

ഗ്രീസിലും റോമിലും തിളങ്ങിനില്ക്കുന്നതായി നാം ഭ്രമിക്കുന്ന മാനുഷികമൂല്യങ്ങളും, അന്യരാജ്യങ്ങളിൽനി

* എന്റെ ധന്യവാദം എന്ന ഗ്രന്ഥത്തിൽ 'സംസ്കാരത്തിന്റെ ഇരുണ്ട വശം' എന്ന ഉപന്യാസം നോക്കുക.

Digitized by Kerala Sahitya Akademi

ന്നു് യുദ്ധത്തിൽ തടവുകാരായി പിടിച്ചുകൊണ്ടുവന്ന അടിമകളും ചോര നീരാക്കി നനച്ചുവളർത്തിയ സമുദായങ്ങളിൽ വിളഞ്ഞവയാണു്. അടിമകളെ ലക്ഷക്കണക്കിലാണു് ഈ പ്രാചീനസമുദായങ്ങളും നിയമിച്ചിരുന്നതു്. അവർക്കു യാതൊരുവിധമായ അവകാശങ്ങളും ഇല്ലായിരുന്നു. അവരുടെ കഷ്ടപ്പാടുകളും കായക്ലേശങ്ങളുമാണു് പ്രസ്തുത സമുദായങ്ങളെ സമ്പൽസമൃദ്ധവും സംസ്കാരസമ്പന്നവും ആക്കിയതു്. ഭാഗ്യവാന്മാരായ ചിലയാളുകൾക്കു് ആയാസപ്പെടാതെയും അദ്ധ്വാനിക്കാതെയും ദിവാസ്വപ്നങ്ങളിലും തത്ത്വജ്ഞാനങ്ങളിലും സമയം കഴിക്കുവാൻ സാധിച്ചതിന്റെ പിന്നിലുള്ള പരമാർത്ഥം ഇതാകുന്നു. പരിക്ലീസ്സിന്റെ കാലത്തു് ഏഥൻസിലെ ചന്തസ്ഥലങ്ങളിലും നാല്ക്കവലകളിലും കൂടിയിരുന്നു് യവനന്മാർ ജീവിതരഹസ്യങ്ങളെയും പ്രപഞ്ചസത്യങ്ങളെയും മാനുഷികമൂല്യങ്ങളെയുംകുറിച്ചു പ്രതിപാദിച്ചു എന്നു കേൾക്കുമ്പോൾ കോൾമയിർക്കൊള്ളിക്കുന്ന ഒരു ചിത്രമാണു് നമ്മുടെ ഭാവനയിൽ പൊന്തിവരുന്നതു്. അവരുടെ ലോകത്തിൽ കഷ്ടപ്പാടുകളും വേദനയും വിശപ്പും ദാഹവും ഒന്നുമില്ലായിരുന്നുവോ എന്നു നാം വിസ്മയിച്ചുപോകുന്നു. ഐഹികസുഖങ്ങളിൽ വിരക്തനായി, തത്ത്വജിജ്ഞാസയിൽമാത്രം വ്യാപൃതനായി, ദിനരാത്രങ്ങളും കഴിച്ചതായി കാണുന്ന സോക്രട്ടീസിന്റെ വിവാദങ്ങളിലും വിചിന്തനങ്ങളിലും, നീതിപീഠത്തിന്റെ മുമ്പിലുള്ള വിചാരണയിൽപ്പോലും, നിഴലിക്കുന്നതു് നെറിഞ്ഞടത്തിൽ വിയർപ്പു പൊടിക്കാത്ത ഒരു വിചിത്രലോകമാണു്. കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ധരിച്ചു്, കാലിൽ ചെരിപ്പിടാതെ, ശീതോഷ്ണങ്ങളെ തൃണവൽഗണിച്ചു നടന്ന ഈ തത്ത്വജ്ഞാനി ബ്രഹ്മസൃഷ്ടിയിൽത്തന്നെ വിചിത്രപദമായിരുന്നു. അദ്ദേഹത്തിന്റെ പതിഞ്ഞ മൂക്കും ആനുജാത്യം സ്ഫുരിക്കാത്ത മുഖപ്രകൃതിയും പ്രാകൃതഭാവങ്ങളും എല്ലാവരുടെയും പരിഹാസത്തിനു വിഷയമായിരുന്നു. അന്നത്തെ പ്രതിമാശില്പികളും ഇതെല്ലാം യഥാതഥമായി മാർബിളിൽ കൊത്തിവെച്ചിട്ടുണ്ടു്. പാശ്ചാത്യസംസ്കാരത്തിന്റെ

Digitized by Kerala Sahitya Akademi

പ്രദർശനസ്ഥാനമായി പൂജിക്കപ്പെടുന്ന ആ മുഖം പാരിസ്സിലെ ലൂവ്ര് മ്യൂസിയത്തിൽ ഇന്നും കാണാവുന്നതാണ്. പക്ഷേ, അതിൽപ്പോലും ആഭിജാത്യത്തിന്റെ അഭാവമല്ലാതെ, മൈനേന്ദ്രനജീവിതത്തിലെ കദനങ്ങളുടെ കണികകൂടപോലും കാണ്മാനില്ല. താൻ ജനിച്ചുവളർന്ന നഗരരാഷ്ട്രത്തിന്റെ നിലനില്പിനുവേണ്ടി നരകയാതനയനുഭവിച്ച അടിമകളുടെ കഷ്ടാൽകഷ്ടതരമായ ജീവിതം അദ്ദേഹവും കണ്ടിട്ടുണ്ടെന്നുള്ളതു തീർച്ചയാണ്. എങ്കിലും അഭിജാതരായ അഥീനിയന്മാരുടെ ജീവിതമാലിന്യങ്ങളെക്കുശായി ഭർത്സിക്കുകയും, സത്യം, സദാചാരം, നന്മ, നീതി എന്നിവയെപ്പറ്റിയെല്ലാം അത്യഗാധമായ ഉപദേശങ്ങളും ഉൽബോധനങ്ങളും പ്രഭാഷണങ്ങളും നല്കുകയും ചെയ്യുന്ന ഈ പ്രവാചകൻ ആ ഭാഗ്യഹീനന്മാരെക്കുറിച്ചു ചിന്തിക്കുവാൻ സമയം ചെലവഴിച്ചതായി കാണുന്നില്ല.

നിസ്സംഗമായ ജീവിതം നയിച്ച് സത്യാന്വേഷണത്തെ ജീവിതവ്രതമായി സ്വീകരിച്ച ഈ മഹാപുരുഷനോട് കിടപിടിക്കുവാൻ ജ്ഞാനത്തിന്റെ ചരിത്രത്തിൽ എത്രയോ കുറച്ചു വ്യക്തികളേയുള്ളൂ. യവനസംസ്കാരത്തിന്റെ ഉച്ചകോടിയിൽ, ബാഹ്യലോകനിരീക്ഷണങ്ങളിൽനിന്നും തന്റെ ജിജ്ഞാസയെ പ്രത്യാഹരിച്ച്, ഇന്ദ്രിയഗോചരമായ പ്രപഞ്ചത്തിന്റെ പിന്നിലുള്ള അദ്ധ്യാത്മസത്തയുടെ നേർക്കു തിരിച്ചുവിടുവാൻ നിശ്ചയിച്ച സോക്രട്ടീസ് സത്യാന്വേഷികളുടെയിടയിൽ അഗ്രഗണ്യനായി നില്ക്കുന്നു. അഥീനിയൻപൗരന്മാരെ സൽബുദ്ധികളാക്കുന്നതിനുവേണ്ടി ആയുഷ്കാലം ചെലവഴിച്ച ഈ അവധൂതന്റെ മരണശിക്ഷയെപ്പോലും തൃണവൽഗണിച്ച് തന്റെ ആദർശത്തെ ഉയർത്തിക്കാണിച്ചു. അദ്ദേഹത്തിന്റെ മാഹാത്മ്യം അവിസ്മരണീയമായ ആ വധശിക്ഷമൂലം ശതഗുണീഭവിക്കുകയാണു ചെയ്തത്. ഇതുതാക്കെയാണെങ്കിലും അദ്ദേഹം പ്രതിനിധാനംചെയ്ത സമുദായത്തിൽ മാനുഷികമൂല്യങ്ങളും സാമൂഹികബോധവും മുഴച്ചുനില്ക്കുന്നു എന്നു പറയുന്നതു് അക്രമമാണ്.

Digitized by Kerala Sahitya Akademi

പ്ലേറോയുടെയും അരിസ്റ്റോട്ടിലിന്റെയും കഥയും ഇതിൽനിന്നു ഭിന്നമല്ല. ക്രാന്തദർശിയും ആത്മജ്ഞാനിയും കവിയുമായ പ്ലേറോ അരിസ്റ്റോട്ടിലിനെപ്പോലെ വസ്തുനിഷ്ഠനോ ശുഷ്കഹൃദയനോ അല്ല. അദ്ദേഹത്തിന്റെ കൃതികളിൽ ഉപാസനയുടെ മാധുര്യവും അനുഭൂതിയുടെ ആർദ്രതയും കലർന്നിട്ടുണ്ട്. ഉപമകളും ഉൽപ്രേക്ഷകളും അന്യാപദേശങ്ങളും എല്ലാം അദ്ദേഹം ഉപയോഗിക്കുന്നു. സമുദായഘടനയുടെ തത്ത്വങ്ങളെയും ജനകീയഭരണത്തെയും ആദർശരാഷ്ട്രങ്ങളെയുംപറ്റിയെല്ലാം അദ്ദേഹം അതിദീർഘമായി ഉപന്യസിച്ചിട്ടുണ്ട്. പ്ലേറോയെ പ്രകീർത്തിക്കേണ്ടതു് തത്ത്വചിന്തകന്മാരുടെ കർത്തവ്യമാണെന്നുപോലും കരുതപ്പെട്ടുന്നു. പക്ഷേ, അദ്ദേഹത്തിന്റെ ലോകവും ആശയങ്ങളുടെ ലോകമാണു്. സത്യത്തെയും നിത്യതയെയും, ബുദ്ധിയുടെ മേന്മയെയും, ഇന്ദ്രിയങ്ങൾ ജനിപ്പിക്കുന്ന മിഥ്യയെയും, സദാചാരത്തെയും സാക്ഷാൽക്കാരത്തെയും കുറിച്ചുള്ള മനോഹരമായ വിചിന്തനങ്ങളല്ലാതെ സമസൃഷ്ടിസ്നേഹമോ ഹൃദയാലുത്വമോ ഒന്നും അതിൽ കാണുന്നില്ല. തന്റെ ആചാര്യനായ സോക്രട്ടീസിനു വധശിക്ഷ നല്കിയ ഏഥൻസിലെ പ്രതിനിധിഭരണത്തെ അദ്ദേഹം വളരെയധികം വെറുക്കുകയുണ്ടായി. താൻ ഉന്നതകുലജാതനാണെന്ന വിചാരവും ഈ വിരോധത്തിന്റെ ഒരു പ്രധാന കാരണമാണെന്നു കരുതേണ്ടിയിരിക്കുന്നു. അദ്ദേഹം ഏകാധിപത്യത്തെയാണു മാനിച്ചതു്. ഏതായാലും, കൺമുമ്പിൽ കിടന്നു നരകിച്ച അടിമകളുടെ കാര്യത്തിൽ അദ്ദേഹത്തിനും ഹൃദയവേദനയൊന്നും ഉണ്ടായതായി കാണുന്നില്ല. എന്നുതന്നെയുമല്ല, സംസ്കാരത്തിന്റെ വളർച്ചയ്ക്കു് അടിമത്തം ആവശ്യമാണെന്നു സൂചിപ്പിച്ചിട്ടുമുണ്ട്. അഭിജ്ഞന്മാക്കും ആഢ്യന്മാക്കും സുഖജീവിതം നയിച്ചു തത്ത്വജ്ഞാനത്തെ പോഷിപ്പിക്കുന്നതിനു് ഭൂരിപക്ഷം മനുഷ്യരും കായക്ലേശവും കഷ്ടപ്പാടുകളും സഹിച്ചേ മതിയാകൂ എന്നാണു് അദ്ദേഹത്തിന്റെ ആശയം.

അരിസ്റ്റോട്ടിലിനെപ്പറ്റി കൂടുതൽ വിസ്തരിക്കേണ്ടതില്ല. ഒരു നിരീക്ഷകനെന്നും ശാസ്ത്രജ്ഞനെന്നും ഉള്ള

Digitized by Kerala Sahitya Akademi

നിലകളിലാണ് അദ്ദേഹത്തിന്റെ യശസ്സ്. യുക്തിയുടെയും വസ്തുനിഷ്ഠമായ ജ്ഞാനത്തിന്റെയും ഉപജ്ഞാതാവ്. അല്ലെങ്കിൽത്തന്നെ അലക്സാണ്ടറുടെ ആചാര്യനായ അദ്ദേഹത്തിൽ ഹൃദയാലുത്വവും കാരുണ്യവും മറ്റും കാണുവാൻ ശ്രമിക്കുന്നതു കഥയില്ലായ്മയാണു്. "അഹങ്കാരിയും മദ്യപാനിയും ക്രൂരനും പ്രതികാരനിരതനും" തികഞ്ഞ അന്ധവിശ്വാസിയുമായ ആ പരാക്രമിയെ വളർത്തിയെടുത്തതാണു് അദ്ദേഹത്തിന്റെ തത്ത്വചിന്തയുടെ നേട്ടമെങ്കിൽ, അതേക്കുറിച്ചു സംസ്കാരപ്രേമികൾക്കു് അഭിമാനിക്കാൻ വകയില്ല. അരിസ്റ്റോട്ടിലും അടിമത്തത്തെ അംഗീകരിച്ചു എന്നുള്ളതാണു് നമുക്കിവിടെ ശ്രദ്ധിക്കുവാനുള്ള പരമാർത്ഥം. പ്ലേറ്റോയെപ്പോലെതന്നെ അദ്ദേഹവും ബുദ്ധിപരമായ സദ്ഗുണങ്ങളെയാണു് സർവ്വോൽക്കൃഷ്ടമായി വിലമതിച്ചതു്. ഇവ ഏഥൻസിലെ മാന്യന്മാരായ മനുഷ്യർക്കല്ലാതെ കണ്ടടിക്കിൽനിന്നു കയറിട്ടു കൊണ്ടുവന്ന ഇരുകാലിമാടകൾക്കു് ആവശ്യമുള്ളതോ അനുവദിക്കപ്പെട്ടതോ ആണെന്നു് അവർ രണ്ടുപേരും കരുതിയില്ല. ആ നികൃഷ്ടജീവികൾക്കു് അവയെ നേടുവാൻ കഴിയുമെന്നും അവർ വിശ്വസിച്ചില്ല.

പത്തഞ്ഞൂറു കൊല്ലം നിലനിന്ന യവനസംസ്കാരത്തിൽ സ്ത്രീകൾക്കു് ഒരു സ്ഥാനവുമില്ലായിരുന്നു എന്നവസ്തുതയും എടുത്തുപറയേണ്ടിയിരിക്കുന്നു. മാർബിൾപ്രതിമകൾ ഉണ്ടാക്കുന്നതിനുള്ള മാതൃകകളായി ആ നവനീതകോമളാംഗിമാരെ നാം കാണുന്നുണ്ടു്. പക്ഷേ, അവിടെപ്പോലും അംഗലാവണ്യമല്ലാതെ ബുദ്ധിശക്തികളോ ഹൃദയഗുണങ്ങളോ ഒന്നും പ്രതിഫലിച്ചിട്ടില്ല. ഫിഡിയാസ് നിർമ്മിച്ചതായിപ്പറയുന്ന ജഗൽപ്രസിദ്ധമായ വീനസ്സിന്റെ മുഖത്തു് യവനന്മാർ വിലമതിച്ച സദ്ഗുണങ്ങളൊന്നും നിഴലിക്കുന്നില്ല.

ഇതാണു് ഹെറോഡോട്ടസ് മുതൽ ഇങ്ങോട്ടുള്ള ചരിത്രകാരന്മാർ വാനോളം പുകഴ്ത്തുന്ന യവനസംസ്കാരത്തിൽ മാനുഷികമൂല്യങ്ങളുടെയും സാമൂഹികബോധത്തിന്റെയും നില. അതിന്റെ അടുത്ത പിൻതുടർച്ചക്കാരായ റോമാ

Digitized by Kerala Sahitya Akademi

ക്കാരുടെ കാര്യം പറയാതിരിക്കുകയാണു ഭേദം. അത്യന്ത ദാരുണമായ അടിമവ്യവസായത്തിലാണു് അവരുടെ സമുദായവും തഴച്ചതു്. ബഹുദൂരം വ്യാപിച്ച ഒരു വലിയ സാമ്രാജ്യവും പ്രതാപശാലികളായ ചക്രവർത്തിമാരും എല്ലാം ഉണ്ടായി. പക്ഷേ, ഏറ്റവും പ്രധാനമായ ആദായമാർഗ്ഗം വൻതോതിലുള്ള അടിമവ്യാപാരമായിരുന്നു. അടിമകളെ പിടിച്ചുകൊണ്ടുവരുവാൻവേണ്ടി റോമൻസേനകൾ പൂർവ്വദിക്കുകളിലേക്കു കൂടക്കൂടെ സംഘടിതമായ പര്യടനങ്ങൾ നടത്തിവന്നു. ടീലോസ് ദ്വീപിലെ അടിമവ്യാപാരകേന്ദ്രം മെഡിറ്ററേനിയൻ രാജ്യങ്ങളിലാകെ പ്രസിദ്ധിനേടി. അവിടെ ചില ദിവസങ്ങളിൽ പതിനായിരം അടിമകളെ കച്ചവടംചെയ്തതായി രേഖയുണ്ടു്. ആദായത്തിനു മാത്രമല്ല വിനോദത്തിനും അടിമകളെ വിനിയോഗിച്ചിരുന്നു. ചക്രവർത്തിമാരുടെയും പ്രഭുക്കന്മാരുടെയും നേരംപോക്കിനുവേണ്ടി അനേകശതം അടിമകൾ കൂടക്കൂടെ റോമാനഗരത്തിലെ വിശ്രുതമായ വിനോദരംഗങ്ങളിൽ പച്ചജീവനോടെ കൊല്ലപ്പെട്ടുവന്നു. ഈ നരമേധങ്ങൾക്കു കായികമത്സരങ്ങളെന്നാണു് പേർ പറഞ്ഞിരുന്നതു്.

ആയിരക്കണക്കിൽ കൂട്ടിക്കൊളുത്തിയിട്ട മനുഷ്യരെ പച്ചമാട്ടിറച്ചികൊണ്ടു് അടിച്ചും കുന്തംകൊണ്ടു കുത്തിയും മരിച്ചുവീഴുന്നതുവരെ പണിയെടുപ്പിക്കുകയായിരുന്നു റോമാക്കാരുടെ സമ്പ്രദായം. ഒന്നരണ്ടു് ആയിരം കൊല്ലത്തെ അകലത്തിൽനിന്നു് ആലോചിക്കുമ്പോൾപ്പോലും ഹൃദയത്തെ മരവിപ്പിക്കുന്ന ഈ ക്രൂരതകൾ, മറ്റെന്തെങ്കിലും മൂല്യങ്ങൾ നല്കിയോ എന്ന പ്രശ്നം അപ്രധാനമാണു്; മനുഷ്യവർഗ്ഗത്തിനുതന്നെയും അപമാനമാണു്. അന്യരാജ്യക്കാരെ അടിമകളാക്കി, നിഷ്ഠുരമർദ്ദനം മർദ്ദിച്ചു് ആദായമുണ്ടാക്കി അതിൽനിന്നു സംസ്കാരം ജനിപ്പിക്കുന്ന ഈ പാരമ്പര്യം വാസ്തവത്തിൽ ഗ്രീസിന്റെയും റോമിന്റെയും സംഭാവനയാണു്. കശ്മലപ്രകൃതികളായ ചില കാട്ടാളന്മാർ സ്വമേധയാ സ്വന്തലാഭത്തിനുവേണ്ടി മാത്രം ചെയ്ത ക്രൂരതയല്ലിതു്. ചരിത്രത്തിൽ പ്രസിദ്ധിനേടിയ സംഘടിത

Digitized by Kerala Sahitya Akademi

സമുദായങ്ങളും, ഒന്നോടെ, അംഗീകരിച്ചു നടത്തിയ അ
ക്രമങ്ങളാണു്. അവയ്ക്കു സമുദായാചാരങ്ങളുടെയും ദേശീ
യനയങ്ങളുടെയും നിലയാണു് ഉള്ളതു്. ഈ പാരമ്പര്യം
ഇക്കഴിഞ്ഞ രണ്ടായിരം വർഷത്തെ ലോകചരിത്രത്തിൽ
"കാളമേഘകളായങ്ങളെക്കാളും കാളനാളീകപാളികളെ
ക്കാളും" കരാളമായ കാളിമ കലർത്തിയിട്ടുണ്ടു്. അതൊ
ന്നും കാണാതെ, റ്റ്വേറോയുടെ ദിവാസ്വപ്നങ്ങളേയും അ
രിസ്റ്റോട്ടിലിന്റെ യുക്തിയേയും റോമൻജനതയുടെ കാര്യ
ക്ഷമതയേയും അവരുണ്ടാക്കിയ സാമ്രാജ്യത്തെയും നിയ
മശാസ്ത്രത്തെയും പൊക്കിപ്പിടിക്കുന്നവർ മനുഷ്യരാശി
യെ കബളിപ്പിക്കുകയാണു ചെയ്യുന്നതു്. ഈ സംസ്കാര
ങ്ങളും സമസൃഷ്ടിസ്നേഹമോ ജീവകാരുണ്യമോ കണ്ടി
കണ്ടിട്ടില്ലാത്ത ക്രൂരഭീകരമായ ദുഷ്പ്രഭുത്വങ്ങളായിരുന്നു.

മാനുഷികമൂല്യങ്ങളുടെയും സാമൂഹികബോധത്തി
ന്റെയും ശ്രീകോവിലെന്നു പറയപ്പെടുന്ന ഈ നരഹോമ
പാരമ്പര്യത്തിന്റെ നടുവിലേക്കാണു് ക്രിസ്തുമതം കടന്നു
ചെന്നതു്. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും ജീവ
കാരുണ്യത്തിന്റെയും സന്ദേശം യവനറോമാസംസ്കാര
ത്തിൽ കലർത്തുവാൻ ആദ്യത്തെ ക്രിസ്ത്യാനികൾ ചെയ്ത
ഭഗീരഥപ്രയത്നം ചരിത്രത്തിലെ നിത്യഭാസുരമായ ഒര
ദ്ധ്യായമാണു്. അടിമകളും അടിച്ചമർത്തപ്പെട്ടവരും ആത്മ
ന്മാരും നടത്തിയ ആദ്യത്തെ പ്രത്യാക്രമണമാണതു്.
അതിന്റെ പ്രചോദനം പാശ്ചാത്യസംസ്കാരത്തിൽനി
ന്നല്ല പൂർവ്വദിക്കിൽനിന്നാണു വന്നതെന്നു വസ്തുത സവി
ശേഷമായ സൂചനയെ അഹിക്കുന്നു. ക്രൈസ്തവാദർശങ്ങൾ
അടിമകൾക്കു യോജിച്ചതാണെന്ന നീറോഷയും, ക്രിസ്തു
മതം ഇടയിൽ കടന്നുകൂടിയതുകൊണ്ടു പാശ്ചാത്യസംസ്കാ
രത്തിന്റെ നൂറ്റാണ്ടുകളായുള്ള പുരോഗതി
ആയിരം കൊല്ലത്തേക്കു മുടങ്ങിപ്പോയെന്നു ഗിബൺ,
ഫ്രേസർ എന്നീ ചരിത്രകാരന്മാരും, യേശുക്രിസ്തുവാണു്
ആദ്യത്തെ കമ്മ്യൂണിസ്റ്റെന്നു് ബർനാഡ്ഷായും പ്രസ്താ
വിച്ചിട്ടുള്ളതു് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കേണ്ടി
യിരിക്കുന്നു. ആദർശധീരന്മാരായ എണ്ണമറ്റ ആത്മജ്ഞാ-

Digitized by Kerala Sahitya Akademi

നികളുടെ ആത്മത്യാഗമാണ് മൂഗീയബുദ്ധികളായ റോമൻ ജനതയുടെ കണ്ണു തുറപ്പിച്ചതു്. ക്രിസ്തുമതത്തിന്റെ ആഗമനത്തിനുമുമ്പുതന്നെ റോമാസാമ്രാജ്യത്തിൽ പല ഭാഗത്തും ആത്മാക്കളായ ജനങ്ങൾ ഇളകിത്തുടങ്ങിയിരുന്നു. ഈ കലാപങ്ങളെ സൈനികശക്തിയുടെ സഹായത്തോടെ അമർത്തുകയും ചെയ്തുവന്നു. റോമാനഗരത്തിലെ ഏപ്പിയൻവേ എന്നു പറയുന്ന രാജപാതയിൽ ഒരിക്കൽ ആറായിരംപേരെ ഒന്നിച്ചു കുരിശിൽ കെട്ടി കൊന്നതായി കാണുന്നു. (കുരിശിൽ തറയ്ക്കുക എന്ന സമ്പ്രദായം പിന്നീടുണ്ടായതാണെന്നാണു് ഊഹിക്കേണ്ടതു്. കൈകാലുകൾ കുരിശിൽ ചേർത്തു കെട്ടിയിടുക എന്നതായിരുന്നു അംഗീകൃതസമ്പ്രദായം. മനുഷ്യനെ മാലോകർ കാണ്കെ മന്ദമന്ദം കൊല്ലുവാനുള്ള വിദ്യയാണിതു്. കുത്തുകയും കീറുകയും രക്തം ചിന്തുകയും ഒന്നും വേണ്ട. ചോരയോട്ടം നിലയ്ക്കുന്നതുകൊണ്ടുതന്നെ ചത്തുപോകും.)

നാനൂറുകൊല്ലത്തെ യാതന നിറഞ്ഞ മഹായത്നത്തിനു ശേഷമേ ക്രിസ്തുമതത്തിനു പാശ്ചാത്യസംസ്കാരത്തിൽ സ്വാധീനം ലഭിച്ചുള്ളൂ. പക്ഷേ, ഇതിന്റെ ഫലമായി പാശ്ചാത്യജനത നന്നാവുകയാണോ, ക്രിസ്തുമതം ദുഷിക്കുകയാണോ ചെയ്തതെന്നു തീർത്തുപറയുവാൻ പ്രയാസമാണു്. നന്മതിന്മകളെക്കുറിച്ചുള്ള അഭിപ്രായമനുസരിച്ചു വ്യാഖ്യാനിക്കാവുന്ന കാര്യമാണതു്. എനിക്കു തോന്നുന്നതു് കോൺസ്റ്റന്റൈൻ ക്രിസ്തുമാർഗ്ഗം സ്വീകരിക്കുകയല്ല, ക്രിസ്തുമതത്തെ തന്റെ സംസ്കാരപാരമ്പര്യത്തിലേക്കു മാർഗ്ഗംകൂട്ടുകയാണു ചെയ്തതെന്നാണു്. ക്രിസ്തുദേവന്റെ ഭ്രാതൃതയാമസുന്ദരമായ മനോഹരസന്ദേശം പിന്നത്തെ ആയിരം കൊല്ലക്കാലം നീണ്ടുനിന്ന അതിഭീകരമായ ഒരു ദുഷ്പ്രഭുത്വമായി പരിണമിച്ചതിന്റെ രഹസ്യം ഇതല്ലാതെ മറ്റെന്താണു്? അതു് യൂറോപ്പിനെ മുഴുവനും ഇരുട്ടിലാഴ്ത്തി. അന്യരാജ്യക്കാരെയല്ല സ്വന്തം ജനങ്ങളെത്തന്നെയാണു് ഈ ഇരുണ്ട നൂറ്റാണ്ടുകളിൽ പാശ്ചാത്യസംസ്കാരം അടിമകളാക്കിയതു്. ഇതു പൂർവ്വകാലത്തെ ദുഷ്കൃതങ്ങൾക്കു യൂറോപ്യൻജനത ചെയ്യേണ്ടിവന്ന പ്രാ

Digitized by Kerala Sahitya Akademi

യശ്ചിത്തമാണെന്നും, കർമ്മഫലത്തിൽ വിശ്വസിക്കുന്നവർക്കു വ്യാഖ്യാനിക്കാമെങ്കിലും മാനുഷികമൂല്യങ്ങളുടെയും സാമൂഹികബോധത്തിന്റെയും കാര്യം പിന്നെയും പരുങ്ങലിലാകയാണു നമുക്കിവിടെ പറയേണ്ടതുള്ളൂ.

പതിനഞ്ചാംനൂറ്റാണ്ടിൽ, മാനുഷികമൂല്യങ്ങളും സാമൂഹികബോധവും മുടിചൂടിയെന്നു പറയുന്ന നവോത്ഥാനകാലത്തു്, പാശ്ചാത്യസംസ്കാരത്തിന്റെ പരിപൂർണ്ണപാരമ്പര്യം മറ്റൊരു രൂപത്തെ പ്രാപിക്കുകയാണു ചെയ്തതു്. യവനറോമാസംസ്കാരങ്ങളുടെ തിരോഹിതങ്ങളായിക്കിടന്ന മൂല്യങ്ങളെ യൂറോപ്പു് അന്നു വീണ്ടും കണ്ടെത്തുകയും എന്തെന്നില്ലാത്ത ആവേശത്തോടെ സ്വീകരിക്കുകയും ചെയ്തു എന്നു പറയുന്നതു് തികച്ചും ശരിയാണു്. അന്യരാജ്യക്കാരെ അടിമകളാക്കിവെച്ചു് മേന്മനേടുകയാണല്ലോ ആ പ്രാചീനജനങ്ങളും ചെയ്തതു്. പതിനഞ്ചാംനൂറ്റാണ്ടുമുതൽ, മാനുഷികമൂല്യങ്ങളുടെയും സാമൂഹികബോധത്തിന്റെയും പെരുമ്പറ മുഴക്കിക്കൊണ്ടു് പാശ്ചാത്യരാഷ്ട്രങ്ങളും തുടച്ചയായി ചെയ്തുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണു്. ഒരു വ്യത്യാസമേയുള്ളൂ. ഗ്രീസിലും റോമിലും നടന്നതുപോലെ അടിമകളും കൺമുമ്പിൽ കിടന്നു നരകിക്കുവാൻ അനുവദിക്കുന്നില്ല. കൂട്ടിത്തളച്ചു കപ്പലിൽ കയറ്റിക്കൊണ്ടുവരുന്നുമില്ല. അന്യരാജ്യങ്ങളിൽ മുഷ്ടിയോടെ കയറിച്ചെന്നു്, അവിടെയുള്ളവരെ കൊന്നും വെന്നും തീവെച്ചു മുടിച്ചും അടിമത്തം അടിച്ചേല്പിച്ചു് ആദായം നേടുകയാണു ചെയ്യുന്നതു്. പതിനഞ്ചാംനൂറ്റാണ്ടുമുതൽ ഇന്നുവരെ, പെരുതാട്ട രചനാവരെ, മെക്സിക്കോ തൊട്ടു സൂയസ്സ്വരെ, നവോത്ഥാനംചെയ്ത യൂറോപ്പു് ഇങ്ങനെ തേർവാഴ്ച നടത്തി. ഇനിയും അതു തുടരുവാൻതന്നെയാണു ഭാവം. ഇതിൽ പ്രാചീനപാരമ്പര്യങ്ങളുടെ പുനരുദ്ധാരണം ഉണ്ടെന്നു പറയുന്നതു ശരിയാണു്. പക്ഷേ, മാനുഷികമൂല്യങ്ങളും സാമൂഹികബോധവും മികച്ചുനില്ക്കുന്നു എന്നു പറയുന്നതു് കടന്ന കൈയ്യാണു്. മദ്ധ്യകാലയൂറോപ്പിൽ നടമാടിയ സ്വജനദ്രോഹം കൈവെടിഞ്ഞു പരദ്രോഹം തുടങ്ങിയതു്

Digitized by Kerala Sahitya Akademi

യൂറോപ്പിന്റെ ഐശ്വര്യത്തെ അഭൂതപൂർവ്വമായതോതിൽ വർദ്ധിപ്പിച്ചു. പാശ്ചാത്യസംസ്കാരം പടർന്നു പന്തലിക്കുകയുംചെയ്തു.

ഈ വസ്തുതകളെ മറച്ചുവെച്ചുകൊണ്ടാണു് പാശ്ചാത്യ ചരിത്രകാരന്മാർ സംസ്കാരത്തിന്റെ പുരോഗതിയെക്കുറിച്ചു പ്രസംഗിക്കുന്നതു്. പതിനഞ്ചാം നൂറ്റാണ്ടുമുതൽ കലയും സാഹിത്യവും ശാസ്ത്രവും രാജ്യതന്ത്രവുമെല്ലാം ഒരു നവചൈതന്യം കൈക്കൊണ്ടു എന്നും, അതിന്റെ പ്രചോദനം പാശ്ചാത്യജനതയെ സംസ്കാരത്തിന്റെ സാർത്ഥവാഹകന്മാരാക്കി ദിഗന്തങ്ങളോളം പരക്കാൻതക്കവണ്ണം പ്രചോദിപ്പിച്ചു എന്നും പറയപ്പെടുന്നു. കുതിരയ്ക്കു മുമ്പിൽ വണ്ടികെട്ടുന്ന വാദഗതിയാണിതു്. അന്യരാജ്യക്കാരെ ദ്രോഹിച്ചും മർദ്ദിച്ചും ചൂഷണംചെയ്തും നേടിയ ഐശ്വര്യമാണു് പ്രചൈതന്യത്തിന്റെയും സംസ്കാരവൃദ്ധിയുടെയും നിദാനം. നവലോകം എന്നു പറയുന്ന അമേരിക്കൻ വൻകരകളും മുഴുവനും അവർ ഒഴിപ്പെടുത്തു സ്വന്തമാക്കി. അങ്ങോട്ടുള്ള കുടിയേറ്റമാണു് യൂറോപ്പിനെ ജനപ്പെരുപ്പത്തിലും ദാരിദ്ര്യത്തിലുംനിന്നു രക്ഷിച്ചതു്. നാലര നൂറ്റാണ്ടുകൊണ്ടു യൂറോപ്പിനുണ്ടായ അഭിവൃദ്ധി മുഴുവനും, ഇങ്ങോട്ടു യാതൊരുപദ്രവവും ചെയ്യാത്ത അന്യരാജ്യക്കാരായ സാധുജനങ്ങളുടെ ജീവരക്തത്തിൽ കുതിർന്നു് ഉണ്ടായതാണു്. സ്വർണ്ണത്തിൽ കൊതിപൂണ്ടു്, പതിവിനും വഞ്ചനയ്ക്കും നിഷ്ഠുരങ്ങളായ നരഹോമങ്ങൾക്കും തയ്യാറായി കടലുകൾ കടന്നുചെന്ന പാശ്ചാത്യന്മാർ അന്യരാജ്യങ്ങളിലേക്കു കൊണ്ടുപോയ സംസ്കാരത്തിന്റെ കഥയാണു് ഏറ്റവും വിചിത്രമായിരിക്കുന്നതു്. നവോത്ഥാനകാലത്തോ കട്ടെ, അതിനു മുമ്പാകട്ടെ പിമ്പാകട്ടെ, അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത ക്രിസ്തുമതത്തിന്റെ സന്ദേശം മാത്രമാണു്, പഴയ പാരമ്പര്യത്തിനു പുറമേ അന്യരാജ്യക്കാർക്കു കൊടുക്കുവാൻവേണ്ടി അവർ കൊണ്ടുപോകുവാൻ ഉണ്ടായിരുന്നതു്. ഇടത്തുകൈയിൽ ബൈബിളും വലത്തുകൈയിൽ തോക്കുമായി അവർ

Digitized by Kerala Sahitya Akademi

നടത്തിയ ദിഗ്വിജയം കാരുണ്യധാമമായ ക്രിസ്തുദേവന്റെ ആത്മാവിനെ ധർമ്മസങ്കടത്തിലാഴ്ത്തിയിരിക്കണം.

ആധുനികകാലത്തു് പാശ്ചാത്യദേശത്തുണ്ടായ പുണ്യാത്മാക്കളിൽ അദ്വിതീയനായ ആൽബർട്ട് ഷ്വൈറ്റ്സർ മാനുഷികമൂല്യങ്ങളുടെ വളർച്ചയെപ്പറ്റി പറയുമ്പോഴും ഇങ്ങനെ പ്രസ്താവിക്കുന്നു:

"പ്ലേറ്റോയും അരിസ്റ്റോട്ടിലും അവരെപ്പോലെയുള്ള പ്രാമാണികന്മാരായ യവനചിന്തകന്മാരും, മൈനന്ദിനജീവിതത്തിന്റെ ക്ലേശങ്ങളിൽനിന്നു വിമുക്തനായ ഗ്രീക്കുപൗരനിലാണു് തങ്ങളുടെ താൽപര്യങ്ങൾ കേന്ദ്രീകരിച്ചതു്. ഈ അഭിജാതമണ്ഡലത്തിൽ ഉൾപ്പെടാത്ത ആളുകളെ അവർ താണപടിയിലുള്ള മനുഷ്യരായി കരുതുന്നു. അക്കൂട്ടരുടെ കാര്യം തത്ത്വജ്ഞാനത്തിന്റെ പരിഗണനയിൽ പെടുവാൻ അർഹതയുള്ളതാണെന്നു് അവർക്കു തോന്നിയില്ല.

യവനചിന്തയുടെ രണ്ടാമത്തെ ദശയിൽ സ്റ്റോയിസിസം, എപ്പിക്യൂറിയാനിസം എന്നിവ വികസിച്ചപ്പോൾ മാത്രമേ മനുഷ്യസമത്വവും സാധാരണമനുഷ്യനിലുള്ള താൽപര്യംതന്നെയും അംഗീകരിക്കപ്പെട്ടുള്ളൂ. ക്രി മു. 180—നും 110—നും ഇടയ്ക്കു ജീവിച്ചിരുന്ന പനീഷ്യസ് എന്ന സ്റ്റോയിക് ചിന്തകനാണു് ഈ പുതിയ ആശയത്തിന്റെ ഉപജ്ഞാതാവായി ഉയർന്നുനില്ക്കുന്നതു്. അദ്ദേഹം മനുഷ്യത്വത്തിന്റെ ഒരു യഥാർത്ഥ പ്രവാചകനായിരുന്നു.

എന്നിട്ടും മനുഷ്യസാഹോദര്യം എന്ന ആശയം പ്രാചീനലോകത്തിൽ പ്രചാരം നേടിയില്ല. എന്നുവരികിലും യുക്തിപൂർവ്വമായ ചിന്തയുടെ ഫലമായി ഈ ആശയം തത്ത്വജ്ഞാനികൾ കരസ്ഥമാക്കി എന്നുള്ള സംഗതി തന്നെ പില്ക്കാലത്തെക്കുറിച്ചു് ആലോചിക്കുമ്പോൾ ഏറ്റവും അർത്ഥവത്തായി കരുതേണ്ടിയിരിക്കുന്നു.

എന്നാൽ ഒരു കാര്യം നാം തികച്ചും മനസ്സിൽ ഉറപ്പിക്കേണ്ടതുണ്ടു്. എല്ലാ മനുഷ്യർക്കും നമ്മുടെ ശ്രദ്ധയേയും

Digitized by Kerala Sahitya Akademi

സഹാനുഭൂതിയേയും ആജ്ഞിക്കുവാൻ അവകാശമുണ്ടെന്നു ആശയത്തിനു് ഒരിക്കലും അതഹിക്കുന്ന സ്വാധീനശക്തി (ലോകകാര്യങ്ങളിൽ) പ്രയോഗിക്കുവാൻ സാധിച്ചിട്ടില്ല. വർഗ്ഗവിവേചനം, മതാന്ധ്യം, ഇടുങ്ങിയ ദേശീയത്വം എന്നിവ അതിനെ എതിർത്തിട്ടുണ്ടു്. ഇന്നും എതിർക്കുന്നുണ്ടു്. ഈ ദുഷ്ടശക്തികളം ഇടകലർന്നതുമൂലമാണു് നമ്മുടെ അടുത്ത അയൽക്കാരൻ വെറുമൊരു അന്യനായിത്തീരുന്നതു്; അവനിൽനിന്നു നാം അശ്രദ്ധയും അവിശ്വാസവും കാണിക്കുന്നതു്."

പാശ്ചാത്യസംസ്കാരത്തിന്റെ ഈ പാരമ്പര്യങ്ങളെക്കുറിച്ചുള്ള ഒരു പരിശോധനയാണു് ഭാരതീയരുടെ ചരിത്രം നാം പരിശോധിക്കേണ്ടതു്. കാലദൈർഘ്യം നോക്കിയാൽ മറിച്ചാണു് ചെയ്യേണ്ടതെങ്കിലും, ലോകകാര്യങ്ങളുടെ ഇന്നത്തെ നിലയും ഇരുകൂട്ടർക്കും ലഭിച്ചിട്ടുള്ള പ്രാധാന്യവും പരിഗണിക്കേണ്ടതുണ്ടല്ലോ. നമ്മുടെ സംസ്കാരത്തിലും ആദ്യമൊരു സുവർണ്ണകാലവും പിന്നെ നീണ്ടതും ഇരുണ്ടതുമായ ഒരു ഉത്തരദശയും ഉണ്ടായിരുന്നു. ഈ ഇരുട്ടു് ഇനിയും നീങ്ങിയിട്ടില്ല എന്നതാണു് നമുക്കുണ്ടായ ഭാഗ്യദോഷം. അതു് ആയിരമോ രണ്ടായിരമോ കൊല്ലമായി നമ്മുടെ അന്തരീക്ഷത്തേയും അന്തരാത്മാവിനേയും ഗ്രസിച്ചിരിക്കുകയാണു്. ഭാരതീയരെപ്പറ്റി പറയുന്നവരെല്ലാം—ഭാരതീയർപോലും—ഈ ഇരുട്ടിനെക്കുറിച്ചേ പറയാറുള്ളൂ. പാശ്ചാത്യരെക്കുറിച്ചു് ഇങ്ങനെ ചെയ്യാൽ—ഇരുളടഞ്ഞ മദ്ധ്യകാലങ്ങളിലെ സംസ്കാരപാരമ്പര്യമാണു് അവക്കുള്ളതു് എന്നു പറഞ്ഞാൽ—അവർ ക്ഷോഭിക്കും; തങ്ങളുടെ ചരിത്രം ശരിക്കു മനസ്സിലാക്കിയിട്ടു് അഭിപ്രായങ്ങൾ എഴുന്നള്ളിക്കണമെന്നു പറയും; ഭാഗികവീക്ഷണം മംഗിയല്ലെന്നു ശാസിക്കും; യവനറോമാസംസ്കാരങ്ങളുടെ മഹിമകളെ വാഴ്ത്തും; സോക്രട്ടീസു്, പ്ലേറോ, അരിസ്റ്റോട്ടിൽ തുടങ്ങിയ പേരുകൾ ഉരുവിട്ടു് ധ്യാനത്തിൽ ലയിക്കും.

നമുക്കും ഇങ്ങനെയൊരു പ്രതിഷേധത്തിനും ആക്ഷേപത്തിനും അവകാശമില്ലേ എന്നാണു് ഞാൻ ചോദിക്കു

Digitized by Kerala Sahitya Akademi

ന്നതു്. നമ്മെക്കുറിച്ചു്, നമ്മുടെ സംസ്കാരത്തെക്കുറിച്ചു്, ഭാഗികവീക്ഷണം തന്നല്ലെന്നോ? മഹാത്മാവായ കൃഷ്ണ റാ്സർപോലും, ഭാരതീയസംസ്കാരം എന്നുവെച്ചാൽ ബ്രാഹ്മണമതം എന്ന അർത്ഥം ധരിച്ചുകൊണ്ടാണു് താരതമ്യപഠനം നടത്തുന്നതു്. ആത്മനിന്ദയിൽ സവിശേഷ സുഖം അനുഭവിക്കുന്ന നമ്മുടെ നാട്ടിലെ പരിഷ്കാരികളും വിദേശീയരുടെ ആക്ഷേപങ്ങളും ഏറ്റുപാടുകയും ചെയ്യുന്നു. ഈ വീക്ഷണവൈകല്യം പരിഹരിക്കുക എന്ന പുരതലയാണു് സ്വതന്ത്രഭാരതത്തിലെ സംസ്കാരപ്രേമികളും വിദ്യാഭ്യാസാധികാരികളും അത്യാവശ്യമായി ഏറ്റെടുക്കേണ്ടിയിരിക്കുന്നതു്. ഈ പുസ്തകം എഴുതുവാനുണ്ടായ പ്രേരണയും ഇതുതന്നെയാണു്.

Digitized by Kerala Sahitya Akademi

നമുക്കു വരേണ്ട നവോത്ഥാനം

നമ്മുടെ പ്രാചീനപാരമ്പര്യങ്ങളും പാശ്ചാത്യരുടേതും താരതമ്യപ്പെടുത്തി നോക്കിയാൽ നമുക്ക് ഒരു വിധത്തിലും ലജ്ജിക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം. പ്ലേറോ, അരിസ്റ്റോട്ടിൽ എന്നിവരെപോലെ പില്ക്കാലത്തുള്ളവർ പ്രസിദ്ധമാക്കിയ പേരുകളൊന്നും ഇല്ലായിരിക്കാം. പക്ഷേ, ഗ്രീസിന്റേയും റോമിന്റേയും കാര്യത്തിൽ പിൻതുടച്ചക്കാരെന്ന് അഭിമാനിക്കുന്നവർ വിഗണിച്ചുകളഞ്ഞ അവൈകല്യങ്ങളും നമ്മുടെ പാരമ്പര്യത്തിലില്ല. അടിമകളുടെ കായക്ലേശംകൊണ്ട കെട്ടിപ്പൊക്കിയതും ഐശ്വര്യത്തിൽ പുലന്നതുമായ നഗരരാഷ്ട്രങ്ങളിൽ അഭിജാതന്മാരുടെ നടുവിലിരുന്ന ദിവാസ്വപ്നക്കാരായ ബുദ്ധിജീവികളും മനുഷ്യനന്മയുമായി ബന്ധമില്ലാത്ത കാര്യങ്ങളെക്കുറിച്ച് എഴുതിവിട്ട തത്ത്വജ്ഞാനങ്ങളല്ല നമ്മുടെ സംസ്കാരം. ഏതൊരു മനുഷ്യനും വേണമെന്ന വിചാരിച്ചാൽ സ്വീകരിക്കുകയും ഉട്ടിഷ്ടഫലം ലഭിക്കുമാറ് അനുവർത്തിക്കുകയും ചെയ്യാമെന്ന നമ്മുടെ പ്രാജ്ഞപിതാക്കൾ ജീവിച്ചുകാണിച്ച ജീവിതരീതിയാണതു്. അതൊരു ചിന്താപദ്ധതിയല്ല; ആദർശജീവിതത്തിന്റെ പ്രായോഗികപദ്ധതിയാണ്. ആദർശം അനുഭൂതിയിൽ സാക്ഷാൽക്കരിക്കാവുന്നതും പദ്ധതി ആക്ടം സ്വീകരിക്കാവുന്നതുമാണ്. മനുഷ്യജീവിതത്തിന്റെയും പരദുഃഖത്തിന്റെയും നേർക്ക് അതു കണ്ണടയ്ക്കുന്നില്ല. മുമ്പിലും നിന്നുപോകുന്ന പ്രശ്നങ്ങളുടെ പരിഹാരമാർഗ്ഗമാണ് കാണിച്ചുതരുന്നതു്.

മനശ്ശാന്തിയിലേക്കും, സമുന്നതവിജ്ഞാനത്തിലേക്കും പരിപൂർണ്ണാബാധത്തിലേക്കും അനശ്വരമായ സംതൃപ്തിയിലേക്കും നയിക്കുന്ന ഈ സംസ്കാരം ചിന്തയുടെ മണ്ഡലത്തിൽ ചിലർ മാത്രം സഞ്ചരിച്ച രാജപാതയല്ല. എല്ലാ യാഥാർത്ഥ്യങ്ങളെക്കാളും യഥാർത്ഥമായ അനുഭൂതി

Digitized by Kerala Sahitya Akademi

യിൽ എല്ലാവർക്കും നടക്കുവാനായി വെട്ടിത്തെളിച്ചുവെ ച്ചതാണു്. ഈ മാറ്റവും അതു ചെന്നെത്തുന്ന ലക്ഷ്യവും ആരെയും, ഒരു ജീവിയെയും, അറിയാതെപോലും ദ്രോ ഹിക്കുന്നതല്ല. പണ്ണശാലകളിൽ പാർത്തു്, മരവുരിയുടു ത്തു്, വരിനെല്ലും കായ്കനികളും ഭുജിച്ചു്, പ്രകൃതി മനോഹരമായ ചുറ്റുപാടുകളിൽ ഇണങ്ങിച്ചേർന്നു്, വൃക്ഷ ലതാദികളിലോ പക്ഷിമൃഗാദികളിലോപോലും ഭേ ബുദ്ധിയില്ലാതെ, ആത്മാരാമന്മാരായി സർവ്വഭൂതഹിതേ രതന്മാരായി സമലോഷ്ടാശ്മകാഞ്ചനന്മാരായി ജീവിച്ച സുകൃതികളാണു് ഈ സംസ്കാരത്തിന്റെ ജനയിതാക്കൾ. അവർ ജീവിതപ്രശ്നങ്ങളിൽനിന്നു് ഒളിച്ചോടിയവരാ ണെന്നും, മറ്റുള്ളവർക്കു വേണ്ടി ഒന്നും ചെയ്തിട്ടില്ലാത്ത സ്വാർത്ഥമൂർത്തികളാണെന്നും നമ്മുടെ പാരമ്പര്യത്തെ പരി ഹസിക്കുന്നവർ പറയാറുണ്ടു്. വ്യാസനെയും ബുദ്ധനെ യും ജനിപ്പിച്ച നാട്ടുകാരോടാണു് റോമൻ ജനതയുടെ പിൻതുടച്ചുക്കാരെന്നു് അഭിമാനിക്കുന്ന പരിഷ്കാരികൾ ഇങ്ങനെ പറയുന്നതെന്നോർക്കുമ്പോൾ ആർക്കാണു് ചിരി വരാത്തതു്?

പണ്ടത്തെ താടിക്കാരെ അനുകരിച്ചു് എല്ലാവരും കാട്ടിൽ പോയി തപസ്സുചെയ്താൽ ജീവിതം നടക്കുന്നതു് എങ്ങനെയെന്നു് മാനുഷികമൂല്യങ്ങളുടേയും സാമൂഹിക ബോധത്തിന്റേയും ആരാധകന്മാരായ അഭിജ്ഞന്മാർ ചോദിക്കാറുണ്ടു്. അവരുടെ നിലപാടിന്റെ അപഹാ സ്യത വെളിപ്പെടുത്തുവാൻവേണ്ടി ഒരു മറുചോദ്യം ചോ ദിച്ചു് നമുക്കു് ഉപരിചിന്തനത്തിലേക്കു കടക്കാം. എല്ലാ വരും പ്ലേറ്റോയെയും അരിസ്റ്റോട്ടിലിനെയുംപോലെ പുസ്തകപ്പുഴുക്കളും തത്ത്വജ്ഞാനികളും ആയാൽ ജീവിതത്തിന്റെ ഗതിയെന്തു്? തത്ത്വജ്ഞാനംകൊണ്ടു മനസ്സിനു വികാസ വും ബുദ്ധിക്കു സൂക്ഷ്മതയും ഉണ്ടാകും; സമ്മതിച്ചു. പക്ഷേ, വയറു നിറയുന്നതെങ്ങനെ? പ്ലേറ്റോയ്ക്കും അരിസ്റ്റോട്ടിലി നും വയറു നിറഞ്ഞതു് എങ്ങനെയെന്നു നാം കണ്ടുകഴി ഞ്ഞു—കണ്ടവന്റെ മക്കൾ കഷ്ടപ്പെട്ടതുകൊണ്ടു്. യവന ന്മാരുടെ പിൻതുടച്ചു് തങ്ങളുടെ കുത്തകയാണെന്നു് അഭി

Digitized by Kerala Sahitya Akademi

മാനിച്ച നവോത്ഥാനകാലത്തെയും പിൽക്കാലത്തെയും പശ്ചാത്യർ അന്യരാജ്യക്കാരെ ചൂഷണംചെയ്യാണു് വയറു നിറച്ചതും ഐശ്വര്യം വളർത്തിയതും. സംസ്കാരത്തിന്റെ സാരസർവ്വസ്വത്തെയും പാരമ്പര്യത്തിന്റെ നന്മതിന്മകളെയും കുറിച്ചു ചിന്തിക്കുമ്പോഴാ കാളിളടയാൻ ചന്ത്രക്കാരൻ ചോദിച്ചതുപോലെയുള്ള ചോദ്യം ("നിത്തം മുന്നുനേരം ചോറു വിളമ്പണ മന്ത്രം ഉണ്ടോ?") അസ്ഥാനത്താണു്. ഏതായാലും നമ്മുടെ സംസ്കാരത്തിന്റെ മാഗ്ദർശികത്വം, സ്വന്തം കാര്യത്തിലെങ്കിലും, പാശ്ചാത്യസംസ്കാരത്തിന്റെ പിന്നിലുള്ള പരദ്രോഹപങ്കത്തിൽനിന്നു മുക്തമാണെന്നുള്ളതു നമുക്കു് എന്നെന്നും അഭിമാനിക്കാവുന്ന സംഗതിയാണു്. ഭിക്ഷാടനമാണു് അവർ പരമാവധി ചെയ്ത പരോപദ്രവം. ബുദ്ധിയെ തല്പിനീട്ടിയുക്തിയെ രാകിക്കൂർപ്പിച്ചു. ചിന്തയുടെ സുന്ദരശില്പങ്ങൾ കൊത്തിയെടുക്കുന്ന സംസ്കാരമല്ല അവർ നമുക്കു നല്കിയതു്. സ്വന്തം ജീവിതത്തെ സ്വകാര്യമെന്നും പൊതുക്കാര്യമെന്നും വേർതിരിക്കാതെ, അഖണ്ഡമായ ഒരു സത്തയായിക്കണ്ടു് അതിനെ സംസ്കരിക്കുന്നതെങ്ങനെയെന്നാണു് അവർ കാണിച്ചുതന്നതു്. തപസ്സുകൊണ്ടും സാധനകൊണ്ടും ചാരിത്രശുദ്ധമായ ദിനചര്യകൊണ്ടും അത്യത്ഭുതകരമായ ജീവിതമൂല്യങ്ങൾ അനുഭവിച്ചറിയുവാൻ അവക്കു സാധിച്ചു. അവയുടെനേക്കു് ലോകത്തിന്റെ ശ്രദ്ധയെ തിരിച്ചുവിടുന്നതിനും, തങ്ങൾക്കുണ്ടായ അനുഭൂതികളെ അന്യർക്കും പകുവയ്ക്കുത്തുന്നതിനും ആണു് അവർ ശ്രമിച്ചതു്. എങ്ങനെ ചിന്തിക്കണമെന്നല്ല, എങ്ങനെ ജീവിക്കണമെന്നു ജീവിച്ചുകാണിച്ച ഒരു സംസ്കാരപാരമ്പര്യം ഭാരതഭൂമിയിൽ മാത്രമേ പുഷ്പിച്ചിട്ടുള്ളൂ. ഇവിടെ മാത്രമേ അതിന്റെ സുരഭിലതയെങ്കിലും ഇത്രയുംകാലം നിലനിൽക്കുന്നതുമുള്ളൂ.

അതിപ്രാചീനകാലത്തു് നമുക്കു ലഭിച്ച ഈ മഹാഗ്രഹത്തിന്റെ ഉൽപത്തിയും നിഷ്പത്തിയും നമ്മുടെ ചരിത്രത്തിലെ ദുർഗ്രഹഭാഗങ്ങളായി ശേഷിക്കുകയാണു്. പശ്ചിമോത്തരദിക്കിലെ പർവ്വതമാർഗ്ഗങ്ങളിലൂടെ ഈ

Digitized by Kerala Sahitya Akademi

നാട്ടിലേക്കു കടന്നുവന്ന ആര്യന്മാർ തപശ്ചര്യയും യോഗവിദ്യയും ആരണ്യകധർമ്മങ്ങളുമല്ല കൊണ്ടുവന്നതെന്നു് ഏറെക്കുറെ വ്യക്തമായിട്ടുണ്ടു്. കാലിമേച്ചും യാഗംചെയ്തും മന്ത്രംചൊല്ലിയും പലപല ദേവന്മാരെ ആരാധിച്ചും വന്നെത്തിയ ആ വിദേശികൾ ഇവിടെ ഉണ്ടായിരുന്നവരും പരിഷ്കൃതനിലയിൽ ജീവിച്ചിരുന്നവരുമായ ജനങ്ങളുമായി ഏറ്റുമുട്ടി. ഈ സംഘട്ടനത്തിന്റെയും അതിനു ശേഷമുണ്ടായ അത്ഭുതാവഹമായ സംയോജനത്തിന്റെയും വിശദവിവരങ്ങളൊന്നും നമുക്കു കിട്ടിയിട്ടില്ല. എങ്കിലും ഭിന്നപാരമ്പര്യങ്ങളുടെ ഈ ഉൽഗ്രഥനത്തിൽനിന്നാണു് ഭാരതീയസംസ്കാരവും ഹിന്ദുസമുദായവും ഉണ്ടായതെന്നുള്ളതു തീർച്ചയാണു്. ക്രിസ്തുവിന്റെ ജനനത്തിനു് ആയിരം വർഷങ്ങൾക്കുമുമ്പെങ്കിലും (അതായതു് സോക്രട്ടീസ് ജനിക്കുന്നതിനു് അഞ്ചര നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ) ഇതു സംഭവിച്ചിരിക്കണം എന്നാണു് ചരിത്രകാരന്മാർ ഊഹിക്കുന്നതു്. അതോടെ അലഞ്ഞുനടന്ന ആര്യന്മാർ സ്ഥിരതാമസക്കാരായ കൃഷിക്കാരാവുകയും, അവർ ആരാധിച്ചിരുന്ന ദേവതകൾ വിസ്മൃതരാവുകയും ചെയ്തതായിക്കാണുന്നു. വേദങ്ങൾ നിലനിന്നെങ്കിലും ശ്രുദ്ധമായ വൈദികസംസ്കാരം അപ്രധാനമായിത്തീർന്നു. നമ്മുടെ ഭൂമിശാസ്ത്രത്തിലെന്നപോലെ ചരിത്രത്തിലും കാണുന്ന ത്രിവേണീസംഗമമാണിതു്. കറുത്ത കാളിന്ദിയും വെളുത്ത ഗംഗയും അദൃശ്യയായ സരസ്വതിയും ചേർന്നതാണു് ത്രിവേണി. അതുപോലെ കറുത്ത നാട്ടുകാരും വെളുത്ത ആര്യന്മാരും ആവേശജനകമായ ഒരു മഹാഭാഗ്യവും കൂടിക്കലർന്നു് ഉണ്ടായതാണു് നമ്മുടെ പാരമ്പര്യം. ഇതു് ആദ്യം സിന്ധുഗംഗാസമതലത്തിലും, പിന്നീടു് വിന്ധ്യപർവ്വതനിരകൾ കടന്നു് തെക്കെ അറ്റത്തുള്ള ശ്രീരാമസേതുവരെയും വ്യാപിച്ചു.

ഇതുപോലെയുള്ള ഒരു ഉൽഗ്രഥനം ഭൂമുഖത്തു മറെറവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. പാശ്ചാത്യസംസ്കാരത്തിന്റെ തിരുമുല്ലാഴ്ചകളുംകൊണ്ടു് അമേരിക്കയിലും ആസ്ത്രേലിയയിലും ന്യൂസിലണ്ടിലും

Digitized by Kerala Sahitya Akademi

ചന്ന വെള്ളക്കാർ അവിടെ ഉണ്ടായിരുന്ന ജനങ്ങളെയും അവരുടെ സംസ്കാരത്തെയും നശിപ്പിക്കുകയാണു ചെയ്തതു്. ഇവിടെ രണ്ടു പാരമ്പര്യങ്ങളും ഇണങ്ങിച്ചേർന്നു. ഇങ്ങനെയുണ്ടായ ഫലം രണ്ടിൽനിന്നും ഭിന്നമായിരുന്നു. രണ്ടിന്റെയും ആകെത്തുകയിൽ കൂടിയതുമായിരുന്നു. അതുകൊണ്ടാണു് അദൃശ്യമായ മറെറാരു പോഷകനദിയെക്കൂടി സങ്കല്പിക്കേണ്ടിവന്നതു്. മനുഷ്യജീവിതത്തിന്റെ മാഹാത്മ്യവും മനോഹാരിതകളും അവയുടെ പൂർണ്ണതയെ പ്രാപിച്ച ഒരു സംസ്കാരചിത്രം നമ്മുടെ മുമ്പിൽ തെളിയുന്നു. മനുഷ്യനും പ്രകൃതിയും തമ്മിൽ എന്തൊരു പൊരുത്തമാണു് നേടിയിരിക്കുന്നതെന്നു് ഓർത്തുനോക്കുക. ജീവിതം ഉദ്ദേശരഹിതമായ ഒരുത്സവമോ, മാത്സര്യപൂർണ്ണമായ ഒരു പോരാട്ടമോ, ചപലമായ ഒരു വിനോദമോ ആയിട്ടല്ല കാണുന്നതു്. അതു് ഉദ്ദേശപൂർണ്ണവും മാത്സര്യരഹിതവും, അത്യഗാധമായ സംതൃപ്തികരം നിറഞ്ഞതും ആയ ഒരു തീർത്ഥാടനമായിത്തീർന്നിരിക്കുന്നു. വിധിനിഷേധങ്ങളുടെയും ഉഗ്രശാസനങ്ങളുടെയും ഉരുക്കുചട്ടകം അതിനെ ശ്വാസംമുട്ടിക്കുന്നില്ല. സ്വയം സ്വീകരിക്കുന്ന നിയന്ത്രണങ്ങളും വേണ്ടെന്നുവെച്ച ആർഭാടങ്ങളും മാത്രമേ കാണുന്നുള്ളു. ഉള്ളിൽനിന്നുതന്നെ ഉളവാകുന്ന ഭ്രഷ്ണങ്ങളാണു് അതിനെ പ്രശോഭിപ്പിക്കുന്നതു്. കാമക്രോധലോഭമോഹങ്ങളും മാത്രമേ ശത്രുക്കളായി കാണ്മാനുള്ളു. സുഖമല്ല, ശാന്തിയാണു് അന്വേഷിക്കുന്നതു്. മുക്തിക്കുവേണ്ടിയാണു് പ്രാർത്ഥിക്കുന്നതു്. ലോകങ്ങളെ ക്ഷയിപ്പിക്കുകയും സംഹരിക്കുകയും ചെയ്യുന്ന കാലം ശക്തിഹീനമാകുന്നു. അതിന്റെ കൊടുംകാറുകളും ഭീതിയെയല്ല മന്ദഹാസത്തെയാണു് ജനിപ്പിക്കുന്നതു്. ദുഃഖങ്ങളും മാഞ്ഞുപോകുന്നു. മരണംപോലും മധുരമായിത്തീരുന്നു. താഴെ പറയുന്ന ചിത്രം ഒന്നു നോക്കുക:

രഘുവംശത്തിലുള്ളതാണു്. ഭർത്തൃപരിത്യക്തയായ സീതയെ അവിടെയെത്തിയ വാല്മീകിമഹർഷി സമാശ്വസിപ്പിക്കുകയാണു്.

Digitized by Kerala Sahitya Akademi

തപസ്വിസംസ്ഗ്ഗവിനീതസത്ത്വേ
തപോവനേ വീരഭയോവസാസ്മിൻ
ഇതോ ഭവിഷ്യത്യനഘപ്രസൂതേ—
രപത്യസഃസ്കാരമയോ വിധിസ്തേ.

(അർത്ഥം: തപസ്വിമാരുടെ സംസ്ഗ്ഗംകൊണ്ട് അടക്കം വന്ന മൃഗങ്ങളോടുകൂടിയ ഈ തപോവനത്തിൽ ആപത്തില്ലാതെ പാർത്തുകൊള്ളുക; ഇവിടെവച്ചു സുഖപ്രസവത്തിനശേഷം സന്താനസംസ്കാരത്തിനുള്ള കർമ്മങ്ങൾ നടത്താം.)

അശ്രുന്യതീരാം മുനിസന്നിവേശൈശ—
സ്സുമാപഹന്ത്രീം തമസാം വിഗാഹ്യ
തതൈകതോത്സംഗ ബലിക്രിയാർഹീഃ
സംപത്സ്യതേ തേ മനസഃപ്രസാദഃ

(തർജ്ജമ: കരമേല്പടജങ്ങളാൻ പാപം
കളവോരിത്തമസാജലേ കളിച്ചു്,
മണൽവേദിയിലർച്ചനാദി ചെയ്യും
തവ ചിത്തത്തിനു വന്നിടും പ്രസാദം.)

പുഷ്പം ഫലം ചാത്മവമാഹരന്ത്യോ
ബീജം ച ബാലേയമകൃഷ്ടരോഹി
വിനോദയിഷ്യന്തി നവാഭിഷംഗാ—
മുദാരവാചോ മുനികന്യകാസ്ത്വാം.

(തർജ്ജമ: ഫലപുഷ്പഗണം ബലിക്കുവേണ്ടും
വരിയെന്നിവക കൊണ്ടുവന്നു നല്ലി
മുനികന്യകമാരുദാരമാം വാ—
ക്കുകളാലേറെ വിനോദമേകിടും തേ)

പയോഘടൈരാശ്രമബാലവൃക്ഷാൻ
സംവർദ്ധയന്തീ സ്വബലാനുരൂപൈഃ
അസംശയം പ്രാക്തനയോപപത്തേഃ
സ്തനന്ധയ പ്രീതിമവാപ്സ്യസി ത്വം.

Digitized by Kerala Sahitya Akademi

(അർത്ഥം: തന്റെ കഴിവിനൊത്ത തണ്ണീർക്കുടങ്ങളേന്തി ആശ്രമത്തിലെ തൈമരങ്ങളെ നനച്ചു വളർത്തിക്കൊണ്ടിരുന്നാൽ പുത്രലാഭമുണ്ടാകുന്നതിനു മുമ്പുതന്നെ നിനക്കു മുലകുടിക്കുന്ന കുഞ്ഞുങ്ങളെക്കാണുള്ള പ്രീതി നേടാം.)

ഇങ്ങനെ സാന്ത്വനപ്പെടുത്തിയശേഷം മഹർഷി അവളെയുംകൂട്ടി, സന്ധ്യയ്ക്കു് യജ്ഞവേദിക്കടുക്കൽ വന്നു കിടക്കുന്ന മാനുകളോടുകൂടിയ, ശാന്തി നിറഞ്ഞ തന്റെ ആശ്രമത്തിലേക്കു പോന്നു. ഉൽപ്രീതികൊള്ളുന്ന താപസിമാർ അവളെ സ്വീകരിച്ചു്,

താ ഇംഗുദീസ്നേഹകൃതപ്രദീപ—
മാസ്ഥീർണ്ണമേധ്യാ ജിനതല്പമന്തഃ
തപസ്യ സപത്ന്യാനുപദം ദിനാന്തേ
നിവാസഹേതോരുടജം വിതേനുഃ

(അർത്ഥം: അവർ അവർക്കു സൽക്കാരത്തിനുശേഷം രാത്രിപാർക്കുവാനായി അകത്തു് ഓടലെണ്ണവിളക്കു കത്തിച്ചുവച്ചതും ശുദ്ധമായ മാൻതോൽകൊണ്ടു മെത്തവിരിച്ചതുമായ ഒരു പണ്ണശാല ഏർപ്പെടുത്തിക്കൊടുത്തു.)

ആ ഓടലെണ്ണവിളക്കു നമ്മുടെ സംസ്കാരത്തിന്റെ പ്രതീകമാണു്. സീതാദേവിക്കു മാത്രമല്ല ഈ മണ്ണിൽ പിറന്ന മനുഷ്യർക്കു മുഴുവനുംവേണ്ടിയാണു് മഹാകവി കാളിദാസൻ അതു കൊളുത്തിവച്ചതു്. അതിന്റെ സമീപത്തു് ശാന്തിയും വെളിച്ചവും അഭിന്നമായിത്തീരുന്നു; മനുഷ്യജീവിതം അലൗകികമായ ഒരു ചൈതന്യത്താൽ അനുഗ്രഹിതമാകുന്നു.

ആകാശങ്ങളെയണ്ഡരാശികളോടും
ഭക്ഷിക്കുമാകാശമായു്
ഈ കാണുന്ന സഹസ്രരശ്മിയെയിരുട്ടാക്കും
പ്രഭോസാമമായു്
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാം
ഏകാന്താദ്വയശാന്തിഭ്രവിനു നമസ്കാരം
നമസ്കാരമേ!

Digitized by Kerala Sahitya Akademi

എന്നെ കുമാരനാശാൻ പാടിയതു് ഈ രംഗത്തെക്കുറിച്ചാണെന്നു തോന്നിപ്പോകുന്നു. 'കാബ്ളണ' എന്ന ഗ്രന്ഥത്തിൽ, പാശ്ചാത്യസംസ്കാരത്തിന്റെ ബഹളത്തിൽനിന്നു് ഉത്തരധ്രുവപ്രാന്തങ്ങളിലേക്കു് ഓടിപ്പോയ ഒരു ഫ്രഞ്ചുകാരൻ എസ്കിമോകളുടെ ഇഗ്ളൂ എന്നു പറയുന്ന ഹിമഗേഹത്തിൽ സീൽ എന്ന സമുദ്രജന്തുവിന്റെ കൊഴുപ്പൊഴിച്ചു കത്തിക്കുന്ന പെറിയ കൽവിളക്കിനെപ്പറ്റി പറഞ്ഞ വാക്കുകളാണു് ഓർമ്മവരുന്നതു്: "അതു ശാന്തിയും സൗഹൃദവും പരത്തുന്ന ഒരു ആത്മീയതേജസ്സായി എനിക്കു തോന്നി. എനിക്കുണ്ടായിരുന്നതു സമസ്തവും നഷ്ടപ്പെട്ടു. എങ്കിലും മറ്റു ചില വലിയ സമ്പത്തുകൾ എനിക്കു കരഗതമായി. ഒരു സാത്വികനെപ്പോലെ യഥാർത്ഥമായ മഹാധനത്തിനു ഞാൻ അവകാശിയായിത്തീർന്നു. എന്നിൽനിന്നു് ആർക്കും അപഹരിക്കുവാൻ കഴിയാത്ത മഹാസമ്പത്തിനു്. ലോകം എനിക്കു നഷ്ടമായി. പക്ഷേ, ഞാൻ എന്നെത്തന്നെ കണ്ടെത്തി. നിറം കൊടുത്തു ഞാൻ പൊന്നുവാങ്ങി.... വിദൂരമായ ആ ധ്രുവശൈലകളിൽവെച്ചു ഞാൻ എന്നെത്തന്നെ ഉള്ളിൽനിന്നു പുറത്തുക്കിപ്പണിഞ്ഞു. എന്റെ യഥാർത്ഥമായ രൂപം, സകല മനുഷ്യരും പരസ്പരം കാണിക്കേണ്ടതെന്നു് ഈശ്വരൻ നിശ്ചയിച്ചിട്ടുള്ള ആത്മസ്വരൂപം, എന്റെ ബാഹ്യചർമ്മങ്ങൾക്കിടയിലൂടെ പ്രകാശിച്ചു. ആ രൂപത്തെ മഞ്ഞിനോ കൊടുങ്കാറ്റിനോ, ഈ ലോകത്തിലെ സകല ഭീതികളും ഒന്നിച്ചുകൂടിയാലോ, മായ്ക്കുവാൻ കഴിവില്ല."

മനുഷ്യനു് ഇങ്ങനെ ജീവിക്കാമെന്നും ഏതു മഹാദുഃഖത്തെയും തൃണമൂലം കീഴടക്കാമെന്നും അങ്ങേയറ്റത്തെ പൂർണ്ണതയെ പ്രാപിക്കാമെന്നും മൂവായിരം വർഷത്തിനു മുമ്പുതന്നെ തെളിയിച്ചതാണു് ഭാരതീയസംസ്കാരത്തിന്റെ ഏറ്റവും വലിയ നേട്ടമെന്നു ഞാൻ കരുതുന്നു. ഇതെല്ലാം പഴങ്കഥകളാണെന്നും, ലോകം അതിനുശേഷം എത്രയോ ഏറെ 'പുരോഗമിച്ചു'കഴിഞ്ഞു എന്നും പറയുന്നവരുണ്ടാവാം. (ഒരുപക്ഷേ, അവരായിരിക്കും കൂടുതൽ.) അവരോടു് എനിക്കു പറയാനുള്ളതു് ഇത്രമാത്രമേയുള്ളൂ. ഈ

Digitized by Kerala Sahitya Akademi

ഇരുപതാം നൂറ്റാണ്ടിൽപ്പോലും ഒരു ഭാരതീയൻ തന്റെ ജീവിതംകൊണ്ടു് ഈ വസ്തുത നമ്മുടെ കൺമുമ്പിൽവെച്ചു തന്നെ തെളിയിച്ചതാണു്. സബർമതിയുടെ തീരത്തും സേവാഗ്രാമിലും ആ ഓടലെണ്ണവിളക്കുതന്നെയാണു് അദ്ദേഹം വീണ്ടും കൊളുത്തിയതു്. അതിന്റെ അത്ഭുത രശ്മികളേറ്റു് മുപ്പത്തിയഞ്ചുകോടി മുൾപിണ്ഡങ്ങളും മനുഷ്യരായതും നാം കണ്ടതാണു്. ഇന്നിപ്പോഴും ആ വിളക്കു് ഊതിക്കെടുത്തിയിട്ടു് നാം നാട്ടുനീളെ വൈദ്യുത ദീപങ്ങളും സ്ഥാപിക്കുകയാണെങ്കിലും, ഉള്ളിലും പുറത്തും ഇരുട്ടു നിറയുന്നതായുള്ള അനുഭവമാണു് നമുക്കുണ്ടാകുന്നതു്. ഇതു പഴങ്കഥയോ പുരോഗതിയോ എന്നു നിശ്ചയമില്ല; പക്ഷേ, പരമാർത്ഥമാണു്, തീർച്ച.

തത്ത്വജ്ഞാനങ്ങളും യോഗാഭ്യാസവിധികളും ഉപാസനാക്രമങ്ങളും ഉപനിഷത്തുകളിൽ തിളങ്ങുന്ന ഉൽക്കാഴ്ചകളും എല്ലാം എന്തെങ്കിലുമാകട്ടെ. സാധാരണ മനുഷ്യനു് അതൊന്നും ഗ്രഹിക്കുവാനും പഠിക്കുവാനും കഴിവില്ല. പക്ഷേ, ഇങ്ങനെ ജീവിക്കുവാൻ ആർക്കാണു് കഴിയാത്തതു്? ദശലക്ഷം ദരിദ്രനാരായണർക്കും മാത്രമേ ഇങ്ങനെയുള്ള ജീവിതത്തിന്റെനേർക്കു വെറുപ്പും വിരോധവും തോന്നുകയുള്ളു കാട്ടിൽ പോകുന്നവർക്കു മാത്രമല്ല നാട്ടിൽത്തന്നെ ജീവിക്കുന്നവർക്കും ഈ സംതൃപ്തികരം ലഭിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങളും ഭാരതീയസംസ്കാരം നല്കിയിട്ടുണ്ടു്. ആധുനികപരിഷ്കാരത്തിന്റെ പെരുവെള്ളത്തള്ളലിൽ അകപ്പെടാതെ കഴിയുന്ന എത്രയോ ലക്ഷം ഭാരതീയർ, അത്രവലിയ ഉൽക്കാഴ്ചകളോ അദ്ധ്യാത്മസാക്ഷാൽക്കാരങ്ങളോ ഒന്നും ലഭിക്കുവാൻ ഭാഗ്യമുണ്ടായില്ലെങ്കിലും ഏറെക്കുറെ ശാന്തവും, ഒരുപക്ഷേ, ഇന്നത്തേക്കാളും സംതൃപ്തവുമായ ജീവിതമാണു്, ഈ പാരമ്പര്യത്തിന്റെ നേർക്കു് നെടുനാളം നിലനിന്ന ക്ഷേത്യാദരങ്ങളുടെ ഫലമായി, ഇന്നലെവരെ നമ്മുടെ നാട്ടിൻപുറങ്ങളിൽ നയിച്ചുവന്നതു്. അവരെ നാം ഉദ്ധരിക്കുവാൻ ശ്രമിക്കുന്നതു് നല്ലതാണു്; തീർച്ചയും വേണ്ടതുമാണു്. പക്ഷേ, ആ ഓടലെണ്ണവിളക്കിന്റെ സ്വരണപോലും മായ്ച്ചുകള

Digitized by Kerala Sahitya Akademi

യുവാൻ തുനിയുന്നതു് ആപത്തിനാണെന്നു പറയാതെ തരമില്ല. തമസാനദിയുടെയും സബർമതിയുടെയും കര യ്ക്കു വേണ്ട, സംസാരനിമ്നഗയുടെ തീരഭൂവിലെങ്കിലും മാനസികമായ പണ്ണശാലകൾ നിർമ്മിച്ചു് സംസ്കാരത്തി ന്റെ ഇംഗ്ലീഡീപങ്ങൾ കൊളുത്തിവെച്ചു് അഭംഗുരശാന്തി യുടെ പ്രകാശം പരത്തുവാൻ നാം ശ്രമിക്കേണ്ടിയിരി ക്കുന്നു. നമ്മുടെ പാരമ്പര്യം മാത്രമോ ഭാരതീയനോട്ടം ആവ ശ്യപ്പെടുന്നതു് ഇതാകുന്നു. ഇതിനേക്കാൾ ശ്രേഷ്ഠമായ സ്വധർമ്മവും കുലധർമ്മവും നമുക്കില്ല.

പുരാതനഭാരതത്തിൽ മനുഷ്യഹൃദയത്തെ ശാന്തിയു ടെ വിളനിലമാക്കിയ ഈ സംസ്കാരത്തെ ഭാരതീയർ തന്നെയാണു് ആദ്യം ദുഷിപ്പിച്ചതു. ദേഹാഭിമാനത്തി ന്റെ ഏറ്റവും നികൃഷ്ടമായ ഉൽപന്നമായി ചരിത്രത്തിന്റെ ആരംഭംമുതല്ലു് ഇന്നുവരെ ആര്യന്മാർക്കിൽ സഹജമായി കണ്ടുവരുന്ന അവർണ്ണവിദ്വേഷം ആരണ്യകധർമ്മത്തിന്റെ അത്ഭുതസിദ്ധികളാൽപ്പോലും അടക്കപ്പെട്ടില്ല. ഉദാര മതികളായ ഈ രാജ്യത്തെ പൂർവ്വനിവാസികൾ ഉത്സാഹ ഭരിതമായ സ്നേഹവാത്സല്യങ്ങളോടെയാണു് വിരുന്നുകാരായി വന്ന ആ വിദേശികളെ സ്വീകരിച്ചതു്. നാട്ടു കൊടുത്തും പശുക്കളെ (അതായിരുന്നല്ലോ ആര്യന്മാരുടെ ധനം) കൊടുത്തും വധുക്കളെപ്പോലും കൊടുത്തും (കന്യാദാനം) അവരെ സൽക്കരിച്ചു! മാനുഷികമൂല്യങ്ങളോടുള്ള ബഹു മാനത്തിനും സാമൂഹികബോധത്തിൽനിന്നുളവാകുന്ന ഔദാര്യത്തിനും ഇതിനേക്കാൾ ഉൽക്കൃഷ്ടമായ ഉദാഹര ണം എന്തുള്ളു? സൽക്കാരമെല്ലാം സ്വീകരിച്ചെങ്കിലും, വി ഭിന്നപാരമ്പര്യങ്ങളുടെ സമ്മേളനത്തിൽനിന്നു് വിശി ഷ്ടമായ ഒരു നൂതനസംസ്കാരം ജനിച്ചെങ്കിലും, വീണ്ടിടം വിഷ്ണുലോകമെന്നു കരുതി ഇവിടത്തെ ജനങ്ങളുമായി ഇണങ്ങിക്കഴിയുവാനോ, തങ്ങളുടെ വൈദേശികത്വം വിസ്മരിച്ചു് വർഗ്ഗവർണ്ണരഹിതമായ ഒരു ഭാരതീയസമുദായ ത്തെ വളർത്തുവാനോ സന്നദ്ധമില്ലാതെയാണു് ആര്യന്മാർ പെരുമാറിയതു്. വർണ്ണസങ്കരത്തേക്കാൾ വലിയൊരു ഭാ ഗ്യദോഷം അവർക്കു സങ്കല്പിക്കുവാൻകൂടി കഴിഞ്ഞില്ല.

Digitized by Kerala Sahitya Akademi

ഭഗവദ്ഗീതയിൽ അർജ്ജുനനെക്കൊണ്ടു്, 'കൃഷ്ണ'നായ സാക്ഷാൽ ഭഗവാനോടു് 'കൃഷ്ണ'ദ്വൈപായനനായ വ്യാസൻ പറയിക്കുന്ന ഈ വാക്കുകൾ നോക്കുക:

കഥം ന ജ്ഞേയമസ്മാഭിഃ
പാപാദസ്മാന്നിവർത്തിതും
കുലക്ഷയ കൃതം ദോഷം
പ്രപശ്യദ്ഭിർജ്ജനാർദ്ദന!

(അർത്ഥം: ഹേ! ജനാർദ്ദന! കുലനാശംകൊണ്ടുണ്ടാകുന്ന ദോഷത്തെ അറിയുന്ന നാം ആ പാപത്തിൽ അകപ്പെടാതിരിപ്പാൻ ആലോചിക്കാതിരിക്കരുതു്.)

കുലക്ഷയേ പ്രണശ്യന്തി
കുലധർമ്മാഃ സനാതനാഃ
ധർമ്മേ നഷ്ടേ കുലം കൃത്സ്നം—
മധർമ്മോഭി ഭവത്യുത.

(അർത്ഥം: കുലം നശിപ്പാൽ സനാതനമായ കുലധർമ്മത്തിനു നാശം സംഭവിക്കുകയും, ധർമ്മനാശംകൊണ്ടു് അധർമ്മം കുലത്തെ ആസകലം ആക്രമിക്കുകയും ചെയ്യുന്നു.)

അധർമ്മാഭിഭവാൽ കൃഷ്ണ
പ്രദുഷ്യന്തി കുലസ്ത്രിയഃ
സ്ത്രീസുദുഷ്ടാസു വാർഷ്ണേയ
ജായതേ വർണ്ണസങ്കരഃ

(അർത്ഥം: ഹേ! കൃഷ്ണ! അധർമ്മം വർദ്ധിക്കുന്നതുകൊണ്ടു് കുലസ്ത്രീകൾ ദുഷിച്ചുപോകുന്നു. അവർ ദുഷിക്കുമ്പോൾ വർണ്ണസങ്കരം ഉണ്ടാവുകയും ചെയ്യുന്നു.)

സങ്കരോ നരകായൈവ
കുലഘ്നാനാം കുലസ്യ ച;
പതന്തി പിതരോഹ്യേഷാം
ലുപ്തപിണ്ഡോദകക്രിയഃ

(അർത്ഥം: വർണ്ണസങ്കരംമൂലം കുലനാശകന്മാർക്കും അവരുടെ കുലത്തിനും നരകം അനുഭവിക്കേണ്ടിവരുന്നു. എന്നു മാത്രമ

Digitized by Kerala Sahitya Akademi

മല്ല, അവരുടെ പിതൃക്കൾക്കും, പിണ്ഡോദകക്രിയയുടെ ലോപംനിമിത്തം അധഃപതനം സംഭവിക്കുന്നു.)

ഇതെഴുതിയ വ്യാസൻ ഒരു മഹാഫലിതക്കാരനായിരുന്നു എന്നു പറയാതെ തരമില്ല. മുക്കുവത്തിയുടെ മകനായുണ്ടായ ഈ മഹാപുരുഷൻതന്നെയല്ലേ ഭാരതീയസംസ്കാരത്തിന്റെ പിതാമഹൻ? വർണ്ണസങ്കരത്തിന്റെ മാഹാത്മ്യത്തിനു് അദ്ദേഹത്തേക്കാൾ ഉൽകൃഷ്ടമായ ദൃഷ്ടാന്തം എന്തിരിക്കുന്നു? അദ്ദേഹത്തിന്റെ ബീജത്തിൽനിന്നുണ്ടായ വംശത്തിൽ ജനിച്ച അർജ്ജുനനെക്കൊണ്ടാണു് 'യദുപാശ'നായ ശ്രീകൃഷ്ണനോടു് ഇങ്ങനെ പറയിക്കുന്നതു്!

വ്യാസനുമുമ്പു്, വാല്മീകിയും വിശ്വാമിത്രനും വസിഷ്ഠനും എന്നുവേണ്ട പേരുകേട്ട മഹർഷിമാരിൽ ഭൂരിപക്ഷവും വർണ്ണസങ്കരത്തെ ഭയപ്പെടാത്തവരും, പലപ്പോഴും വർണ്ണസങ്കരത്തിൽനിന്നുതന്നെ ജനിച്ചവരും ആയിട്ടാണു് അറിയപ്പെടുന്നതു്. എന്നുവരികിലും ആര്യന്മാരുടെ വർണ്ണവിദ്വേഷവും വർണ്ണസങ്കരഭീതിയും അവശേഷിക്കുകതന്നെ ചെയ്തു. എത്രയോ ആയിരം കൊല്ലത്തെ അസുഖകരമായ അനുഭവങ്ങൾക്കുശേഷവും അതു നീങ്ങിയിട്ടില്ല. ഭാരതീയസംസ്കാരത്തെ ആദ്യംമുതല്ക്കുതന്നെ അനുധാവനംചെയ്തുകൊണ്ടിരിക്കുന്ന ഈ ദുഷ്പ്രവാസന എത്രയോ തവണ അതിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുകയും, കബളിപ്പിച്ചും കുതികാൽവെട്ടിയും അതിനെ നിഗ്രഹിക്കുവാൻതന്നെ ശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. വേദത്തിന്റെ പേരിൽ, മതത്തിന്റെ പേരിൽ, ആര്യധർമ്മത്തിന്റെ പേരിൽ, ധർമ്മശാസ്ത്രത്തിന്റെ പേരിൽ, സനാതനമായ സത്യത്തിന്റെ പേരിൽ, മനുഷ്യനെ നിയന്ത്രിക്കുവാൻ കഴിവില്ലാത്ത പൂർവ്വജന്മങ്ങളുടെ പേരിൽ, ഉദാരമതികളും സഹിഷ്ണുക്കളുമായ ഭാരതീയരിൽ ഭേദബുദ്ധി ജനിപ്പിക്കുകയും, ജാതിവ്യത്യാസങ്ങളുണ്ടാക്കി അവരിൽ ഭൂരിപക്ഷത്തെയും അകറ്റിനിർത്തി ബ്രാഹ്മണമേധാവിത്വവും എണ്ണമറ്റ അനാചാരങ്ങളും എഴുപ്പെടുത്തുകയും ചെയ്തതാണു് ഇക്കൂട്ടത്തിൽ ആദ്യത്തേതും അതിഭയങ്കരവുമായ ദ്രോഹം. ഉപ

Digitized by Kerala Sahitya Akademi

നിഷൽക്കാലത്തെ അത്ഭുതസംസ്കാരത്തോടൊപ്പം അതിനെ വലയംചെയ്തുകൊണ്ടുതന്നെ ഈ വിഷവല്ലരിയും വളർന്നുവന്നതായിട്ടാണ് ഊഹിക്കേണ്ടത്. ആഷ്സംസ്കാരമാകുന്ന കല്പവൃക്ഷവും ആര്യധർമ്മമാകുന്ന വിഷവല്ലിയും തമ്മിൽ കെട്ടിപ്പിണഞ്ഞുനില്ക്കുന്ന കാഴ്ചയാണ് അടുത്തഘട്ടത്തിൽ കാണുന്നത്. ഇങ്ങനെ സ്വാതന്ത്ര്യമേധാവിത്വത്തിനുവേണ്ടി ദുഷ്ടബുദ്ധിയാൽ പ്രേരിതമായി ആര്യധർമ്മം പെരുമ്പാമ്പിന്റെ ചുരുളുകൾപോലെ ഭാരതീയസമുദായത്തെ ഞെരിച്ചുകൊണ്ടിരുന്നപ്പോഴാണ് ഗൗതമബുദ്ധൻ അവരുടെ ആപൽബന്ധുവായി പ്രത്യക്ഷപ്പെട്ടത്. അദ്ദേഹത്തിന്റെ ഉപദേശങ്ങളും മനുഷ്യസ്നേഹവും ലോകസേവനയത്നവും അടുത്ത ആയിരം വർഷത്തെക്കെങ്കിലും ഭാരതീയസംസ്കാരത്തെ സമ്പൂർണ്ണവിനാശത്തിൽനിന്നു സംരക്ഷിച്ചു.

ബ്രാഹ്മണമതം ഭാരതീയസമുദായത്തിൽ വരുത്തിക്കൂട്ടിയ കെടുതികളുടെ നേർക്കുള്ള ഗംഭീരമായ പ്രത്യാഘാതമാണ് ബുദ്ധന്റെ കാലത്തുണ്ടായത്. ഉപനിഷൽസംസ്കാരത്തിന്റെ മൂല്യങ്ങളെത്തന്നെയാണ് അദ്ദേഹം അഭ്യുദ്ധരിച്ചത്. ഈ അഭിപ്രായം ശരിയല്ലെന്നു വാദിക്കുന്നതാക്കികന്മാരുണ്ട്. വിശേഷിച്ചും പാശ്ചാത്യരുടെയിടയ്ക്ക്. അവർ മതത്തെയും തത്ത്വജ്ഞാനത്തെയും ചിന്താപദ്ധതികളായി വീക്ഷിക്കുന്നവരാണ്; ബുദ്ധിപരമായി മാത്രം വിശകലനംചെയ്ത താരതമ്യപ്പെടുത്തുന്നവർ. ഭാരതീയരുടെ വീക്ഷണഗതി ഇതല്ലെന്നു ഊന്നിപ്പറയേണ്ടിയിരിക്കുന്നു. അതനുസരിച്ചു നോക്കിയാൽ മാത്രമേ ബുദ്ധന്റെ യത്നം ഭാരതീയസംസ്കാരത്തിനു എത്രമേൽ അനുയോജ്യമായിരിക്കുന്നു എന്നു മനസ്സിലാവുകയുള്ളൂ. അദ്ദേഹത്തിന്റെ കാലമായപ്പോഴേക്കു ഈ രാജ്യത്തെ ജനസമുദായം വളരെ അധികം വഷളായിക്കഴിഞ്ഞിരുന്നു. തന്റെ ആദ്ധ്യാത്മികാനുഭൂതികളുടെ അടിസ്ഥാനത്തിൽ, വർഗ്ഗവർണ്ണരഹിതമായ രീതിയിൽ, സമുദായത്തെ പുനഃസംഘടിപ്പിക്കുവാനും ബുദ്ധൻ ശ്രമിക്കുകയുണ്ടായി. സ്നേഹസുരഭിലമായ ഈ ലോകസംഗ്രഹയത്നം ഭാരതീയ

Digitized by Kerala Sahitya Akademi

സംസ്കാരത്തിന്റെ പുരോഗതിയിൽ സവിശേഷമായ ശ്രദ്ധയെ അഹിക്കുന്നു. സംസ്കാരകല്പതരുവിനെ ഞെരിച്ചു കൊണ്ടിരുന്ന വിഷവല്ലിയെ വെട്ടിനീക്കുവാൻ അതു സഹായിച്ചു. ഒരാചാരങ്ങളിൽ വീർപ്പുമുട്ടിക്കിടന്ന ഭാരതീയസമുദായം ശ്രദ്ധവായു ശ്വസിക്കുകയും, ആദ്ധ്യാത്മിക സ്വാതന്ത്ര്യം അനുഭവിച്ചു തഴയ്ക്കുകയും ചെയ്തു.

പക്ഷേ, ആയിരം കൊല്ലുങ്ങൾക്കുശേഷം ആ വിഷവല്ലരി വീണ്ടും പൊന്തിക്കിളർത്തു. അതു പുറത്തിപ്പടർന്നു രണ്ടാമതും സംസ്കാരത്തെ ഞെരിച്ചുതുടങ്ങി. ബുദ്ധമതത്തിൽത്തന്നെ ഉണ്ടായിവന്ന മാലിന്യങ്ങളെ ദൂരീകരിച്ചു് ആഷ്സംസ്കാരത്തെ പുനരുദ്ധരിച്ച ശങ്കരാചാര്യരുടെ കാലടിപ്പാടുകളെ പിൻതുടർന്നാണു് വർണ്ണവിദ്വേഷവും ബ്രാഹ്മണമേധാവിത്വവും ഭാരതത്തിൽ പിന്നെയും തേർവാഴ്ച നടത്തുവാൻ തുടങ്ങിയതെന്നാണു് ചരിത്രകാരന്മാർ പറയുന്നതു്. പ്രച്ഛന്നബൗദ്ധനെന്നപോലും വിളിക്കപ്പെടുന്ന അത്ഭുതപ്രതിഭനായ ആ മഹാപുരുഷന്റെ ഉദ്ദേശം ഇതായിരുന്നു എന്നു ധരിപ്പിക്കുന്നതുപോലും പാതകമാണു്.

"പുരുക്കീപ്പറയുന്നതായാൽ ഈ (ഗീതാ)ശാസ്ത്രം കൊണ്ടുള്ള പ്രയോജനം പരമപദപ്രാപ്തിയും, സംസാരത്തിൽനിന്നും തൽക്കാരണത്തിൽനിന്നും ഉള്ള നിവൃത്തിയുമാകുന്നു. അതു സർവ്വകർമ്മസന്ന്യാസപൂർവ്വകമായിട്ടുള്ള ആത്മജ്ഞാനനിഷ്ഠാരൂപമായ ധർമ്മാചരണംകൊണ്ടുണ്ടാകുന്നു....ഗീതാശാസ്ത്രം നിശ്രേയസപ്രയോജനമായ ഈ രണ്ടു ധർമ്മങ്ങളെയാണു് മുഖ്യമായി പ്രതിപാദിക്കുന്നതു്" എന്നാണു് അദ്ദേഹം ഗീതാഭാഷ്യത്തിന്റെ പ്രാരംഭത്തിൽ പറയുന്നതു്. ആര്യധർമ്മത്തെയും ചാതുർവർണ്ണ്യത്തെയും അവയെ അനുഗമിക്കുന്ന പരദ്രോഹവാസനകളെയും താങ്ങിനിർത്തുകയാണു് ശങ്കരന്റെ ഉദ്ദേശമെന്നു് അദ്ദേഹത്തിന്റെ കൃതികളിൽനിന്നു തെളിയുന്നില്ല. ബുദ്ധൻ ചെയ്തുപോലെയുള്ള ഒരു പുനരുദ്ധാരണമായിരുന്നു അദ്ദേഹത്തിന്റെയും ലക്ഷ്യം. ബുദ്ധമതത്തെ നിർമ്മാർജ്ജനം ചെയ്യുകയല്ല, അതിന്റെ ഗുണഭോഗങ്ങളെയെല്ലാം ഹിന്ദുമത

Digitized by Kerala Sahitya Akademi

ത്തിലേക്കു സ്വീകരിക്കുകയാണു് അദ്ദേഹം യഥാർത്ഥത്തിൽ ചെയ്തതെന്നു നിരീക്ഷകന്മാർ പറയുന്നു. പക്ഷേ, അദ്ദേഹം സാധിച്ച ശുദ്ധീകരണവും പരിവർത്തനവും, ഏറിയകൂറും, ചിന്തയുടെ മണ്ഡലത്തിൽ, ഒരു ന്യൂനപക്ഷമായ തത്ത്വജ്ഞാനികളുടെ അനുഭൂതിയിൽ, വ്യക്തിഗതമായ രീതിയിൽ, മാത്രമേ സംഭവിച്ചുള്ളൂ. അദ്ദേഹം വാദപ്രതിവാദത്തിൽ പ്രതിയോഗികളെ തോല്പിക്കുകയും, സർവ്വജ്ഞപീഠം കയറുകയും, മഠങ്ങൾ സ്ഥാപിക്കുകയും ചെയ്തു. എങ്കിലും അദ്ദേഹം വരുത്തിയ പരിവർത്തനം, ബുദ്ധമതംപോലെ, ഒരു സാമൂഹികവിപ്ലവമായി വളർന്നില്ല. എന്നുതന്നെയുമല്ല, ദുഷ്ടബുദ്ധികളായ അനുയായികൾ അദ്ദേഹം നേടിക്കൊടുത്ത സൗകര്യത്തിന്റെ മുതലെടുത്തു്, അനേകം നൂറ്റാണ്ടുകളായി അടക്കിവെച്ചിരുന്ന പരദ്രോഹപരിപാടികൾ വീണ്ടും അഴിച്ചുവിട്ടു. ആഭ്യസംസ്കാരം പിന്നെയും ആര്യപാരമ്പര്യത്തിന്റെ അനാചാരങ്ങളാൽ ഗ്രസ്തമായി. ഭാരതീയജനസമുദായം അന്ധതാമിസ്രങ്ങളിൽ താഴുകയുംചെയ്തു.

എന്തെന്തു ദുരിതങ്ങളാണു് നമ്മുടെ ജനങ്ങൾ അനുഭവിച്ചതെന്നു പറഞ്ഞാൽ ഒടുങ്ങുകയില്ല. ഇന്നുപോലും അവക്കു മോചനം ലഭിച്ചിട്ടില്ല. ക്രിസ്തുവർഷം പത്താം നൂറ്റാണ്ടുമുതൽ അനസ്യൂതമായി അനുഭവിക്കേണ്ടിവന്ന വിദേശീയാക്രമണങ്ങളും വിദേശീയാധിപത്യവും നമ്മുടെ യാതനകൾ വർദ്ധിപ്പിച്ചതേയുള്ളൂ. കുനിന്മേൽ കുരുവെന്നപോലെയാണു് ഈ പുതിയ വിപത്തു് ജനസഞ്ചയത്തിനു് അനുഭവപ്പെട്ടതു്. സാമൂഹികമണ്ഡലത്തിൽ ബ്രാഹ്മണമേധാവിത്വവും, രാഷ്ട്രീയസാമ്പത്തികരംഗങ്ങളിൽ വിദേശീയമേധാവിത്വവും, ഒരേസമയത്തു്, അവർ അനുഭവിച്ചു. വിദേശീയാധിപത്യം ഭിന്നമൂല്യങ്ങളോടുകൂടിയ പുതിയ മതങ്ങളെയും ഈ രാജ്യത്തു പ്രചരിപ്പിച്ചു. അനേകലക്ഷം ജനങ്ങൾ മുസ്ലിങ്ങളും ക്രിസ്ത്യാനികളുമായി. പക്ഷേ, ഇതുകൊണ്ടും അവർക്കു മോചനം ലഭിച്ചില്ല. ഭേദബുദ്ധിക്കും ജാതിവ്യത്യാസത്തിനും ശക്തി വർദ്ധിച്ചതേയുള്ളൂ. മാറ്റം കൂടിയവർ ഉദ്ധരിക്കപ്പെടുകയല്ല, പുതിയ

Digitized by Kerala Sahitya Akademi

ജാതികളായിത്തീരുകയാണു ചെയ്തതു്. വർഗ്ഗവർണ്ണരഹിതമായ ഒരു സമുദായമോ ആത്മസംതൃപ്തികളിൽ അടിയുറച്ച ഒരു സംസ്കാരമോ ഉണ്ടായില്ല. സാംസ്കാരികമണ്ഡലത്തിൽപ്പോലും ഭേദബുദ്ധിയും വിദ്വേഷവും ഘോരമായ അജ്ഞതയും വളരുകയുണ്ടായി. ഇങ്ങനെ നമ്മുടെ കല്പതരുവിൽ, പണ്ടുമുതല്ക്കുതന്നെ ചുറ്റുവാൻ തുടങ്ങിയതും ബുദ്ധഭഗവാൻ മുറിച്ചുമാറ്റിയെങ്കിലും പില്ക്കാലത്തു വീണ്ടും പടർന്നുകയറിയതുമായ വിഷവല്ലികൾ പുറമെ, വെളിക്കുനിന്നു വന്ന ഇത്തിൾക്കണ്ണികളും മുറിനില്ക്കുന്ന കാഴ്ചയാണു് ഇന്നു കാണുന്നതു്.

ഈ പരിതഃസ്ഥിതിയിൽ നവോത്ഥാനത്തെയും പാരമ്പര്യത്തെയും കുറിച്ചു പറയുന്നതു സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു. ഏതു പാരമ്പര്യമാണു് ഉദ്ധരിക്കേണ്ടതു്? ഏതു സംസ്കാരത്തിന്റെ നവോത്ഥാനമാണു് നമുക്കുവരുത്തേണ്ടതു്?

നമ്മുടെ ചരിത്രത്തെക്കുറിച്ചു സംക്ഷിപ്തമായെങ്കിലും ഉത്തമവിശ്വാസത്തോടുകൂടിപ്പെയ്ത ഈ അവലോകനം അംഗീകരിക്കുന്നവർക്കു് ഈ ചോദ്യങ്ങളുടെ ഉത്തരത്തിന്റെ കാര്യത്തിൽ സംശയം തോന്നുവാൻ ഇടയില്ല. ഭാരതീയസംസ്കാരത്തെയാണു് പുനർജ്ജീവിപ്പിക്കേണ്ടതു്. മനുഷ്യത്വത്തിന്റെ മാതൃകയായി ജീവിച്ച നമ്മുടെ പിതാമഹന്മാരുടെ പാരമ്പര്യമാണു് പുലർത്തേണ്ടതു്. ഈ സംസ്കാരവും പാരമ്പര്യവും ചാതുർവർണ്ണ്യമോ, ബ്രാഹ്മണമേധാവിത്വമോ, അവരെ ജനിപ്പിച്ച ആര്യന്മാരുടെ അന്യജനവിദ്വേഷമോ അല്ല. ഇവയെ ഉദ്ധരിക്കുന്നതു് ആപൽക്കരമാണെന്നു നമ്മുടെ ചരിത്രം തക്കമനുഭവതെളിയിക്കുന്നുണ്ടു്. പക്ഷേ, ഇവയെ നീക്കിക്കളഞ്ഞാലും നമ്മുടെ ചരിത്രത്തിൽ ആദരണീയമായ മൂല്യങ്ങളുണ്ടു്. ഈ വസ്തുതയാണു് ഓരോ ഭാരതീയനും ആദ്യമായി തന്റെ മനസ്സിൽ ഉറപ്പിക്കേണ്ടതു്. ആര്യപാരമ്പര്യത്തിന്റെ അവിഭാജ്യഘടകമായിക്കാണുന്ന വർഗ്ഗീയബുദ്ധി മാത്രമേ നമുക്കു വർജ്ജിക്കേണ്ടതുള്ളൂ. അതേക്കുറിച്ചു മാത്രമേ ലജ്ജിക്കാനുമുള്ളൂ. ആര്യന്മാരുടെ ആഗമനത്തിനുശേഷം നൂറോ

Digitized by Kerala Sahitya Akademi

ഇരുനൂറോ തലമുറകൾതന്നെ കഴിഞ്ഞിരിക്കാമെങ്കിലും ഈ മനോഭാവം മാറിയിട്ടുണ്ട് എന്നു പറഞ്ഞുകൂടാ. നീണ്ട നീണ്ട ഈ നൂറാണ്ടുകൾക്കിടയ്ക്ക് അവരുടെ രക്തവും ഇന്നാട്ടിൽത്തന്നെ ഉണ്ടായിരുന്നവരുടെ രക്തവും, അവർ കൊണ്ടുവന്ന അമൃതമധുരമായ സംസ്കൃതഭാഷയും, ഇവിടത്തെ നാടൻഭാഷകളും, അവരുടെ ദേവന്മാരും നാടൻ ദൈവങ്ങളും, എല്ലാം തമ്മിൽ തമ്മിൽ പേർതിരിക്കുവാൻ കഴിയാത്തവണ്ണം കൂടിക്കലർന്നുപോയിട്ടുണ്ട്. അജ്ഞാനം ദുഃസ്വപ്നഭീതി ജനിപ്പിച്ച ഈ വർണ്ണസങ്കരത്തിൽ നിന്നുതന്നെ ആണ് ഭാരതീയസംസ്കാരത്തിന്റെ പ്രത്യേകമായ മൂല്യങ്ങൾ ജനിച്ചത്. ഇവയുടെ പുനരുദ്ധാരണമാണ് സ്വതന്ത്രഭാരതത്തിന്റെ ഏറ്റവും വലിയ ആവശ്യം. അതുകൊണ്ടുമാത്രമേ മുപ്പത്തിയേഴു കോടി ജനങ്ങൾ മുക്തരാവുകയുള്ളൂ.

അത്യുത്തേജകരമായ ഒരവസരമാണ് നമുക്കു കൈവന്നിരിക്കുന്നത്. ഇത്ര ദീർഘമായ ചരിത്രവും വിസ്മരണകളും സംസ്കാരപാരമ്പര്യവും മറ്റ് ഏതാണ്ടു ജനതയ്ക്കാണ് ലഭിച്ചിട്ടുള്ളത്? യൂറോപ്പിന്റെ ചരിത്രത്തിൽ ഗ്രീസിലേയും റോമിലേയും സംസ്കാരങ്ങളുടെ നിർജ്ജീവമായ അവശിഷ്ടങ്ങൾ മാത്രമാണ് നിലനിന്നത്. കലാവസ്തുക്കളും പ്രതിമകളും വാസ്തുശില്പങ്ങളും ഗ്രന്ഥങ്ങളും മാത്രം. അവയെ സൃഷ്ടിച്ച ജനങ്ങളും അവരുടെ വംശതന്തുവും നശിച്ചുപോയി. ഇന്ന് അവിടെ കാണുന്നത് അവരെ ആക്രമിച്ചു കീഴടക്കിയ അന്യജനങ്ങളുടെ സന്താനങ്ങളെയാണ്. ആക്രമണത്തിലൂടെയാണ് അവർ യവനറോമാ സംസ്കാരങ്ങൾക്ക് അവകാശികളായിത്തീർന്നത്. ഇക്കാരണത്താൽ, പാശ്ചാത്യസംസ്കാരത്തിൽ സജീവമായ പിൻതുടർച്ചയോ പാരമ്പര്യമോ ഇല്ലെന്നതന്നെ പറയേണ്ടിയിരിക്കുന്നു. ഒരുതരം അഞ്ചലോട്ടം (റിലേയ് റേസ്) മാത്രമാണ് അതിന്റെ പുരോഗതിയിൽ കാണുന്നത്.

ഭാരതീയസംസ്കാരത്തിന്റെ കഥ ഇതിൽനിന്ന് എത്രയോ ഭിന്നമാണ്. അനന്യസ്തമായ വംശപാരമ്പര്യം അനുഭവിക്കുന്ന ഒരു പ്രതിഭാസമാണത്. പുതിയ

Digitized by Kerala Sahitya Akademi

പുതിയ ഘടകങ്ങളും ഓരോരോ ഘട്ടങ്ങളിൽ അതിൽ കലർന്നിട്ടുണ്ട്. പക്ഷേ, ഒരിക്കലും അതിന്റെ വംശതന്തുക്കൾ അറുപോയിട്ടില്ല. ഇതു വെറുമൊരു ഉൽപ്രേക്ഷയല്ലെന്നും ജീവശാസ്ത്രപരമായി നോക്കിയാൽപ്പോലും നിഷേധിക്കുവാൻ കഴിയാത്ത ഒരു പരമാർത്ഥമാണെന്നും നാം ഓർമ്മിക്കേണ്ടതുണ്ട്. സഹിഷ്ണുതയെന്നും, സമന്വയമെന്നും, എന്തും സ്വീകരിക്കാനുള്ള സന്നദ്ധതയെന്നും മറ്റും പറയുന്നതിൽ അടിസ്ഥാനപരമായ ഈ വസ്തുതയും വിവക്ഷിക്കപ്പെട്ടുന്നുണ്ട്. ഇങ്ങനെ നോക്കിയാൽ 'യോഗം' എന്ന ആശയം ഭാരതീയസംസ്കാരത്തിന്റെ കേന്ദ്രവസ്തുതയായിത്തീർന്നതു് ഒന്നിലധികം കാരണങ്ങളാൽ അർത്ഥവത്താണെന്നു പറയേണ്ടിയിരിക്കുന്നു.

അനശ്വരമായ പാരമ്പര്യത്തിലും സജീവമായ പിൻതുടർച്ചയിലുംകൂടി അയ്യായിരം വർഷങ്ങളായി നിലനില്ക്കുന്ന ഈ സംസ്കാരത്തിന്റെ മൂല്യങ്ങളും വെളിയിൽനിന്നു വിടയോ നിന്നു് ആഞ്ജിക്കേണ്ട ആഹാര്യരൂപങ്ങളല്ല. അവ മനസ്സിനുവാസനകളുടെയും വിജ്ഞാനഭ്രമികളുടെയും നിലയെ പ്രാപിച്ചിട്ടുള്ളതായി കാണാം. 'മലരിൽ നറുമണംപോലെ'യാണു് നമ്മുടെ ജനങ്ങളിൽ അവ ആവിർഭവിക്കുന്നതു്. അവനവന്റെ അന്തരംഗമാണു് അവയുടെ ഉറവിടം. ഏതൊന്നിനെ കണ്ടെത്തിയാൽ മറ്റുള്ളതെല്ലാം സ്വയം സ്പഷ്ടമാകുന്നുവോ, ഏതൊരു ജ്ഞാനം ലഭിച്ചാൽ മറെല്ലാ ജ്ഞാനവും താനേ ലബ്ധമാകുന്നുവോ, ഏതൊരു തേജസ്സിനാൽ ഇക്കാണുന്ന സമസ്ത പരാചരങ്ങളും തിളങ്ങുന്നുവോ 'അതു നീയാകുന്നു' എന്നാണു് നമുക്കു ലഭിച്ചിട്ടുള്ള ഉപദേശം.

ഈ സംസ്കാരം വ്യക്തിഗതമാണു്, അന്തർമുഖമാണു്, ബാഹ്യലോകത്തെ നിഷേധിക്കുന്നതാണു് എന്നൊക്കെയുള്ള നിർവ്വചനങ്ങളും ശരിയാണു്. അതിലിത്ര ആക്ഷേപകരമായി എന്തുള്ളതെന്നാണു് ചോദിക്കേണ്ടതു്. ഈ നിർവചനങ്ങളെ ആക്ഷേപങ്ങളായി മാറിയവർ സ്വയം ആക്ഷിപ്തരാവുന്നതു് നാം ഇന്നു കണ്ടുകൊണ്ടിരിക്കയാണു്. വ്യക്തികളെ വിഗണിച്ചു് സമുദായ

Digitized by Kerala Sahitya Akademi

ത്തെ നന്നാക്കാമെന്നുള്ള വ്യാമോഹം വെച്ചുപുലർത്തുന്ന പാശ്ചാത്യസംസ്കാരം സമ്പൂർണ്ണവിനാശത്തിന്റെ സമീപത്താണ് എത്തിയിരിക്കുന്നതു്. മാനുഷികമൂല്യങ്ങളുടെയും സാമൂഹികബോധത്തിന്റെയും ഈദൃശമായ പരിണാമം ആരും പ്രതീക്ഷിച്ചതല്ല. എങ്കിലും അതോക്കുമ്പോൾ ആരും തലയിൽ കൈവെച്ചുപോകും. ശിവ ശിവ! എന്തിനാണ് ഇങ്ങനെയൊരു സംസ്കാരത്തെ വളർത്തിക്കൊണ്ടു വന്നതു്? ആരെയാണ് അതു ഭ്രാന്തുപിടിപ്പിച്ചതു്? ചില ചില യൂറോപ്യൻ രാഷ്ട്രങ്ങൾക്കു് എട്ടോ പത്തോ തലമുറക്കാലം മറ്റുള്ളവരുടെമേൽ കുതിരകയറുവാൻ അവസരം നല്കിയെന്നല്ലാതെ എന്താണ് അതു സാധിച്ചതു്? മനുഷ്യരാശിയിൽ ഒരു ന്യൂനപക്ഷത്തിന്റെ ഐശ്വര്യത്തിനുവേണ്ടി ഭൂരിപക്ഷവും കഷ്ടപ്പെടുന്ന വ്യവസ്ഥിതിയിൽ മറ്റു് എന്തെല്ലാം ഉണ്ടെങ്കിലും സാമൂഹികബോധം ഉണ്ടെന്നു പറയുന്നതു ഭോഷ്കാണ്.

ക്രിസ്തുമതത്തിന്റെ കൊടി പിടിച്ചുകൊണ്ടാണ് പാശ്ചാത്യരാഷ്ട്രങ്ങൾ തങ്ങളുടെ സംസ്കാരത്തിന്റെ മഹിമകൾ പാടിപ്പുകഴ്ത്തുന്നതു്. അതു വ്യക്തിഗതമോ, അന്തർമുഖമോ, ബാഹ്യലോകത്തെ നിഷേധിക്കുന്നതോ അല്ലെന്നാണു വാദമെങ്കിൽ പ്രസ്തുത വാദം അടിസ്ഥാനരഹിതമാകുന്നു പറയാതെ തരമില്ല. തത്ത്വമീമാംസയും ആദർശങ്ങളും ആവിർഭ്രതഫലങ്ങളും എങ്ങനെയുമിരിക്കട്ടെ. ചരിത്രവസ്തുതകളും ആധുനികഗവേഷണങ്ങളും ക്രിസ്തുമതത്തെ ഭാരതീയസംസ്കാരത്തിൽനിന്നു് അകറ്റുകയല്ല അതിനോടു് എത്രയോ കൂടുതൽ അടുപ്പിക്കുകയാണു ചെയ്തിരിക്കുന്നതെന്ന കാര്യം നാമെങ്കിലും ശ്രദ്ധിക്കേണ്ടതാണു്. യേശു കാശ്മീരം, ലദ്ദാഖ്, തിബത്തു് എന്നീ സ്ഥലങ്ങളിൽ സഞ്ചരിച്ചിരുന്നതായി ഐതിഹ്യമുണ്ടു്. അവിടെങ്ങും ക്രിസ്തുമതത്തിനു് ഒരു പ്രചാരവുമില്ലെങ്കിലും ഈ ഐതിഹ്യം രണ്ടായിരം വർഷങ്ങളായി നിലനില്ക്കുന്നതു് അത്ഭുതകരമാണു്. അദ്ദേഹം ഇന്ത്യയിലും വന്നിരുന്നതായി ചിലർ വിശ്വസിക്കുന്നു. ഇതിന്റെ വാസ്തവസ്ഥിതി അറിയുവാൻ പ്രയാസമാണു്. ക്രിസ്തുമതപണ്ഡിതന്മാർ

Digitized by Kerala Sahitya Akademi

അതിനെ പാടേ നിക്ഷേധിക്കുകയാണു ചെയ്തിട്ടുള്ളതു്. അവക്കതു് ആക്ഷേപകരമായിപ്പോലും തോന്നിയിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പോകട്ടെ. പക്ഷേ, അടുത്തകാലത്തുണ്ടായ അതിപ്രസിദ്ധമായ ഒരു പുരാവസ്തുഗവേഷണം മറ്റൊരു വഴിക്കു് ക്രിസ്തുവിനെ ഭാരതീയസംസ്കാരവുമായി ബന്ധിപ്പിച്ചിരിക്കുന്നു.

പലസ്തീനിലെ 'ഡെഡ് സീ' എന്ന തടാകത്തിന്റെ കരയ്ക്കു്, ഭൂമിക്കടിയിലുള്ള ചില ഗുഹകളിൽനിന്നു് വേദപുസ്തകം പഴയ നിയമത്തിന്റെ ഇന്നുവരെ കിട്ടിയിട്ടുള്ളതിൽവെച്ചു് ഏറ്റവും പഴക്കമേറിയ ചില ഏടുകൾ കിട്ടുകയുണ്ടായി. ഡെഡ് സീ സ്ക്രോൾസ് (Dead sea scrolls) എന്നാണു് ഇവയെപ്പറ്റി പറയുന്നതു്. തൊട്ടാൽ പൊടിയുന്ന തോൽക്കഷ്ണങ്ങളാണു്. ക്രിസ്തുമതചരിത്രത്തിലേക്കു് ഇത്രത്തോളം വെളിച്ചംവീശുന്ന മറ്റൊരു കണ്ടുപിടുത്തം ആധുനികകാലത്തെങ്ങും ഉണ്ടായിട്ടില്ലെന്നാണു പറയുന്നതു്. ഈ രേഖകളുടെ വിസ്തരിച്ചുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണു്. ഭഗീരഥപ്രയത്നംകൊണ്ടേ അവയുടെ സൂചനകളും അർത്ഥവും മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. എങ്കിലും മനസ്സിലാക്കുവാൻ കഴിഞ്ഞടത്തോളംകൊണ്ടു തെളിയുന്നതു്, യേശുക്രിസ്തു, ഇത്രനാളും വിചാരിച്ചപോലെ, പിണങ്ങിപ്പിരിഞ്ഞ ഒരു പരീശൻ (Pharisee) അല്ലായിരുന്നു എന്നാണു്. അദ്ദേഹം 'എസ്സീൻ' എന്ന കൂട്ടത്തിൽപ്പെട്ട ആളായിരുന്നു. പലസ്തീനിലെ യഹൂദന്മാരുടെയിടയ്ക്കു പണ്ടുണ്ടായിരുന്ന പല വിഭാഗങ്ങളിൽ ഇക്കൂട്ടരുടെ മതവിശ്വാസങ്ങൾക്കാണു് ഭാരതീയ സങ്കല്പങ്ങളോടു് ഏറ്റവും കൂടുതൽ സാദൃശ്യമുള്ളതു്. ദൃശ്യപ്രപഞ്ചത്തെ നിസ്സാരമെന്നും, നിരർത്ഥകമായ മിഥ്യയെന്നുപോലും, അവർ കരുതിയിരുന്നുവത്രെ. ഈ വസ്തുതയഹൂദസംസ്കാരത്തിന്റെ ചരിത്രകാരന്മാർ വളരെക്കാലമായി അംഗീകരിച്ചിട്ടുള്ളതാണു്. ഇങ്ങനെ നോക്കിയാൽ ക്രിസ്തുമതം അതിന്റെ ഉത്ഭവത്തിലെങ്കിലും ഭാരതീയസംസ്കാരത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ അംഗീകരിച്ചിട്ടുള്ളതായി അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നാൽ

Digitized by Kerala Sahitya Akademi

യവനന്മാരുടെ ചിന്താസരിത്തുകളുമായി സമ്മേളിച്ചു്, റോമാസംസ്കാരത്തിന്റെ രക്തക്കളങ്ങളെ കവിഞ്ഞൊഴുകി, യൂറോപ്യൻ ഭൂഖണ്ഡത്തെ മുഴുവനും ആപ്ലാവിതമാക്കിയപ്പോഴും ഈ പൗരസ്ത്യമതത്തിനുണ്ടായ പരിവർത്തനങ്ങളും മനുഷ്യരാശിക്കു പൂർണ്ണമായും ശുഭകരമായിരുന്നില്ല എന്നു നാം കണ്ടുകഴിഞ്ഞു.

പൗരസ്ത്യദേശത്തെ മുഴുവനുംകൂടി നോക്കിയാൽ, ജനസംഖ്യയുടെ തുച്ഛമായ ഒരംശമേ ഉള്ളു എങ്കിലും എണ്ണത്തിൽ ധാരാളം ക്രിസ്ത്യാനികളുള്ള ഒരു രാജ്യമാണു് ഇന്ത്യ. ഇവരിൽ ചില വിഭാഗക്കാർ ക്രിസ്തുവർഷത്തിന്റെ ആരംഭശതകങ്ങളിൽത്തന്നെ മാർഗ്ഗംകൂടിയവരാണെന്നും വിശ്വസിച്ചുപോരുന്നു. ക്രിസ്തുദേവന്റെ ശിഷ്യാഗ്രണിയായ തോമ്മസ്ലീഹായുടെ പാരമ്പര്യമാണു് അവർ അവകാശപ്പെടുന്നതും. പക്ഷേ, ഇവർ എല്ലാപ്പോഴും തന്നെ പാശ്ചാത്യസംസ്കാരത്തിന്റെ സമ്പർക്കം കൊണ്ടു പങ്കിലമായി, വാസ്കോഡഗാമയുടെയും വാറൺ ഹേസ്റ്റിങ്സിന്റെയുംകൂടെ വന്നെത്തിയ ക്രിസ്തുമതമൂല്യങ്ങളല്ലേ അംഗീകരിച്ചിട്ടുള്ളതെന്ന സംശയം തോന്നുന്നു. എന്തായാലും അന്യമതക്കാരെ മാർഗ്ഗംകൂട്ടുന്നതിനുള്ള വ്യഗ്രതയും, മതപരമായ പ്രചാരണം അന്യരാജ്യത്തുനിന്നു വരേണ്ടതാണെന്ന വിചാരവും പതിനാറാംനൂറ്റാണ്ടിനുശേഷം മാത്രമേ അവരിൽ കാണുന്നുള്ളു എന്നതു് ഒരു ചരിത്രവസ്തുതയാണു്.

ഉള്ളിലെ ലോകത്തിൽ ശ്രദ്ധയെ കേന്ദ്രീകരിക്കുന്നതും, സമൂഹത്തെ വിഗണിച്ചു വ്യക്തികളെ നന്നാക്കുവാൻ ശ്രമിക്കുന്നതും, ബാഹ്യലോകഗവേഷണത്തേക്കാൾ ആഭ്യന്തരാനുഭൂതിക്കു വിലകല്പിക്കുന്നതും അത്രയ്ക്കൊന്നും ആപൽക്കരമല്ല. അല്പമൊക്കെ ഗുണപ്രദവും അഭിമാനകരവുമാണെന്നും സമ്മതിക്കേണ്ടിയിരിക്കുന്നു. പരദ്രോഹവാസനയും പടയോട്ടങ്ങളും വഴിതെളിക്കുന്ന സാമൂഹികബോധത്തേക്കാൾ നന്മയുള്ളതുമാണു്. അതുകൊണ്ടു് ഭാരതീയസംസ്കാരത്തിന്റെ ഈ പ്രാചീനമൂല്യങ്ങളെ അഭ്യുദ്ധരിക്കുന്നതിൽ സംശയിക്കാനില്ല.

Digitized by Kerala Sahitya Akademi

നിഷ്പക്ഷബുദ്ധിയെന്നും വസ്തുനിഷ്ഠയെന്നും ഉള്ള ആദർശങ്ങളെ ആവശ്യത്തിലധികം താലോലിച്ചതിന്റെ ഫലമായി സത്യം തന്നിൽനിന്നു ഭിന്നവും പുറത്തെവിടെയോ തേടിനടന്നു കണ്ടുപിടിക്കേണ്ടതുമായ നിർജ്ജീവവസ്തുതയാണെന്ന അന്ധവിശ്വാസം ആധുനികകാലത്തു് വേരുറച്ചുപോയിട്ടുണ്ടു്. ഈ വീക്ഷണഗതി പരിത്യജിച്ചാൽ നമ്മുടെ സംസ്കാരത്തിന്റെ നവോത്ഥാനത്തിൽ ആദ്യത്തെ ചുവടുവെയ്ക്കാം. കള്ളം പറയാതെയും പ്രവർത്തിക്കാതെയുമിരിക്കുക എന്ന അർത്ഥത്തിലല്ല സത്യം എന്ന പദം ഉപയോഗിക്കുന്നതു്. ജീവിതത്തിന്റെ ലക്ഷ്യം, പ്രപഞ്ചത്തിന്റെ മഹസ്യം എന്ന അർത്ഥത്തിലാണു്. ഇതു തേടിനടന്നാൽ കിട്ടുന്നതല്ല; അനുഭൂതിയിൽ സാക്ഷാൽക്കരിക്കേണ്ടതാണു്. അങ്ങനെ മാത്രമേ അതു് യഥാർത്ഥത്തിൽ അറിയപ്പെടുന്നുള്ളൂ. അനുഭവിക്കുന്നതിലാണു് അതിന്റെ പ്രയോജനം സ്ഥിതിചെയ്യുന്നതും. ഉപനിഷത്താണു് ഏറ്റവും വലിയ കാഴ്ചയെന്നു നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ഭാരതീയസംസ്കാരത്തിൽ അടിസ്ഥാനഭൂതമായി നില്ക്കുന്ന സങ്കല്പമാണിതു്.

സത്യമേവ ജയതേ നാനൃതം
സത്യേന പന്ഥാ വിതതോ ദേവയാനഃ
യേനാക്രമന്ത്യൃഷയോ ഹ്യാപ്തകാമാ
യത്ര തൽ സത്യസ്യ പരമം നിധാനം.

(അർത്ഥം: സത്യമേ ജയിക്കുന്നുള്ളൂ. അസത്യം ജയിക്കുന്നില്ല. സത്യംകൊണ്ടു് വിസ്തീർണ്ണമായ ദേവയാനമെന്ന പന്ഥാവുണ്ടാകുന്നു. യാതൊരു സത്യംകൊണ്ടു് ആപ്തകാമന്മാരായ ഋഷികൾ, ഏതൊരേടം സത്യത്തിന്റെ പരമമായ നിധാനമോ, ആ സ്ഥാനത്തെ പ്രാപിക്കുന്നു—സ്വാതന്ത്ര്യേണ പ്രാപിക്കുന്നു. മുണ്ഡകോപനിഷത്തു്.)

ഈ ഉപനിഷദ്വാക്യത്തിന്റെ ആദ്യഭാഗമാണു് സ്വതന്ത്രഭാരതം മുദ്രാവാക്യമായി സ്വീകരിച്ചിട്ടുള്ളതു്. അതു പക്ഷേ, പിന്നെ തോന്നിയതാണു്. ആദ്യം അശോകസിംഹങ്ങളെ അടയാളമാക്കുക മാത്രമേ ചെയ്തുള്ളൂ. നാം

Digitized by Kerala Sahitya Akademi

അംഗീകരിച്ച ഭരണഘടനയിലും ഭാരതീയജീവിതത്തിന്റെ പരമമായ ലക്ഷ്യമെന്തെന്നു വിശേഷിച്ചൊന്നും പറഞ്ഞിട്ടില്ല.

"സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി; ചിന്തിക്കുവാനും അഭിപ്രായം പറയുവാനും വിശ്വസിക്കുവാനും ആരാധിക്കുവാനുമുള്ള സ്വാതന്ത്ര്യം; അവസ്ഥയിലും, അവസരത്തിലും ഉള്ള സമത്വം; എന്നിവ കൈവരുത്തുകയും

വ്യക്തിയുടെ അഭിമാനവും രാഷ്ട്രത്തിന്റെ ഐക്യവും. ഉറപ്പുവരുത്തത്തക്കവണ്ണം എല്ലാവരിലും സാഹോദര്യം പുലർത്തുകയും"

ആണ് ഭരണഘടനയുടെ ലക്ഷ്യങ്ങളായി പറഞ്ഞിട്ടുള്ളത്. ഇതു മുഴുവനും പാശ്ചാത്യരാഷ്ട്രങ്ങളുടെ ലക്ഷ്യപ്രഖ്യാപനങ്ങളിൽനിന്നു് എടുത്തിട്ടുള്ളതാണു്. ഇന്ത്യാചരിത്രത്തിൽ ഉണ്ടായിട്ടുള്ള ദോഷങ്ങളെ തടയുവാൻ തക്കവണ്ണം പരിഷ്കരിച്ചിട്ടുണ്ടെന്നേയുള്ളൂ. ആധുനികമനുഷ്യനു വാഴ്ത്തപ്പെടുന്ന ചിരസ്മരണീയനായ ഭീമറാവു അംബേദ്കറുടെ ശ്രദ്ധ മുഴുവനും ഈ ദോഷങ്ങളെ തടയുന്നതിലായിരുന്നു. അതു നമുക്കു് മനസ്സിലാക്കാവുന്നതാണു്. എങ്കിലും കളിപ്പിച്ച വെള്ളത്തോടൊപ്പം കുഞ്ഞിനേയുംകൂടി അദ്ദേഹം കുപ്പയിൽ കളഞ്ഞില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആദർശങ്ങളുടെ കൂട്ടത്തിൽ, "മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യം പ്രപഞ്ചസത്യത്തെ അനുഭൂതിയിൽ കണ്ടെത്തുകയാണെ"ന്നുള്ള ഭാരതീയവിശ്വാസത്തെ ഉന്നിപ്പറയാതിരുന്നതു് ഒരു വലിയ വീഴ്ചയാണെന്നു ഞാൻ കരുതുന്നു. അതൊരു മതസങ്കല്പമാണെന്നും, രാഷ്ട്രം മതേതരമായിരിക്കണമെന്നു് ഭരണഘടന നിർമ്മിച്ചവർക്കും അംഗീകരിച്ചവർക്കും നിർബ്ബന്ധമുണ്ടായിരുന്നു എന്നും ആണു് ഇതിനുള്ള സമാധാനമെങ്കിൽ, അംഗീകരിച്ചിരിക്കുന്ന ലക്ഷ്യങ്ങളിൽ മറ്റു രാജ്യക്കാരുടെ മതവിശ്വാസങ്ങളും അന്തർവിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കാവുന്നതാണു്. മുകളിൽ ഉദ്ധരിച്ച ലക്ഷ്യനിർവ്വചനത്തിന്റെ അവസാനഭാഗത്തു പറയുന്ന

Digitized by Kerala Sahitya Akademi

'സാഹോദര്യം' ഒരു ക്രൈസ്തവസങ്കല്പമാണു്. മനുഷ്യരെല്ലാം ഈശ്വരന്റെ മക്കളാണെന്നും, തന്മൂലം സഹോദരന്മാരാണെന്നും ഉള്ള വിശ്വാസം ക്രിസ്തുമതത്തിൽ അടിസ്ഥാനഭൂതമായി കരുതപ്പെട്ടുന്നു. അതു് ആദ്യംമുതല്ക്കു തന്നെ ഉണ്ടായിരുന്നതാണോ, അല്ല പാശ്ചാത്യസംസ്കാരം പില്ക്കാലത്തു കലർത്തിയതാണോ എന്നു നിശ്ചയമില്ല. ഈ വിശ്വാസത്തിന്റെ സാധുതയെപ്പറ്റിയും ഒന്നും പറയുന്നില്ല. അതിനു ഭാരതീയസങ്കല്പങ്ങളോടുള്ള വൈജാത്യം ചൂണ്ടിക്കാണിക്കുന്നതേയുള്ളൂ. ജീവജാലത്തിൽ മനുഷ്യവർഗ്ഗത്തെമാത്രം മറ്റതിരിച്ചു്, അതിന്റെ അംഗങ്ങൾക്കു് ഈശ്വരന്റെ പിതൃത്വവും തന്മൂലമുണ്ടാകുന്ന സാഹോദര്യവും നല്കി പൂജിക്കുന്ന പാരമ്പര്യം ഭാരതീയസംസ്കാരത്തിൽ ഇല്ലാത്തതാണു്. സമസ്തചരാചരങ്ങളും ഒരേപോലെ ചൈതന്യത്താൽ വ്യാകീർണ്ണമാണെന്നും, ആ ചൈതന്യം സച്ചിദാനന്ദസ്വരൂപമാണെന്നും അല്ലാതെ, പിതൃപുത്രഭാവമോ സാഹോദര്യമോ ഒന്നും അതു സങ്കല്പിക്കുന്നില്ല. പക്ഷേ, ഭാരതീയപാരമ്പര്യങ്ങളോടും ഹിന്ദുമതത്തോടും ഉള്ള തീക്ഷ്ണമായ വിരോധം ഉള്ളിൽവെച്ചുകൊണ്ടു് ഭരണഘടന നിർമ്മിച്ച ഭീമരാവു ഒരു ക്രിസ്തുമതസങ്കല്പം അതിൽ കടന്നുകൂടിയതു കണ്ടില്ല. അദ്ദേഹം പില്ക്കാലത്തു് ബുദ്ധമതം സ്വീകരിക്കുകയുണ്ടായി എങ്കിലും, അന്നു് മനുഷ്യസാഹോദര്യം എന്ന ഈ സങ്കല്പം ഭാരതീയന്റെ ദൃഷ്ടിയിൽ അത്യധികം സങ്കുചിതമാണെന്ന വസ്തുത മനസ്സിലാക്കിയതുമില്ല.

ഈ അടുത്തകാലത്തു മാത്രമാണു് പാശ്ചാത്യചിന്തയിൽ "ഈശാവാസ്യമിദം സർവ്വം" എന്ന നമ്മുടെ ആദർശത്തോടു് അല്പമൊരു സാദൃശ്യമുള്ള ആശയം പ്രത്യക്ഷപ്പെട്ടതു്. ആൽബർട്ടു് ഷ്വൈറ്റ്സർ അതു തന്റെ തത്ത്വമീമാംസയായി പ്രഖ്യാപിച്ചിട്ടുണ്ടു്. 'ജീവന്റെ നേക്കുള്ള ഭക്തി' (Reverence for Life—Veneratio Vitae) എന്നാണു് ഈ പുതിയ തത്ത്വജ്ഞാനത്തിനു നല്കിയിരിക്കുന്ന പേരു്. അതേക്കുറിച്ചു് ഷ്വൈറ്റ്സർ ഇങ്ങനെ പറയുന്നു:

Digitized by Kerala Sahitya Akademi

"നമ്മുടെ ബോധത്തിന്റെ അടിയിലുള്ളതും അടിസ്ഥാനപരവും അടിയന്തിരസ്വഭാവം ഉള്ളതുമായ ആശയത്തെ ഇങ്ങനെ സംഗ്രഹിക്കാം: ഞാൻ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ജീവനാണു്. അതു് ഇതുപോലെതന്നെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ജീവന്മാരാൽ ചുറ്റപ്പെട്ടിരിക്കുന്നു. ഈ ആശയത്തെ ആവത്തിച്ചാവത്തിച്ചു ബോധത്തിൽ ഉറപ്പിക്കേണ്ടതു നമ്മെത്തന്നെയും പ്രപഞ്ചത്തിൽ നമുക്കുള്ള സ്ഥാനത്തെയും ശരിക്കു മനസ്സിലാക്കുന്നതിനു് അത്യന്താപേക്ഷിതമാകുന്നു....

ജീവനിൽനേക്കുള്ള ഭക്തിമയമായ ഈ മനോഭാവത്താൽ നാം സാർവലൗകികവ്യാപ്തിയുള്ള ഒരു ആദ്ധ്യാത്മബന്ധത്തിൽ ഏർപ്പെടുന്നു. തത്ത്വചിന്തകന്മാർ കെട്ടിയുയർത്തിയിട്ടുള്ള മഹത്തായ ആശയസൗധങ്ങളും, കേവലസത്തയുമായി നമുക്കു സമ്പർക്കം നല്കുന്ന കാര്യത്തിൽ, പരാജയപ്പെടുകയാണു ചെയ്തിട്ടുള്ളതു്.

വാസ്തവത്തിൽ കേവലസത്തയുടെ സൂക്ഷ്മസ്വരൂപംതന്നെ ഈ സമ്പർക്കം സാദ്ധ്യമല്ലാതാക്കുന്നു. സൃഷ്ടിശക്തിയെ ഭേദിച്ചുകൊണ്ടു് ആരാധിക്കുവാൻ, അതിന്റെ അനന്തവും അത്യഗാധവുമായ സ്വഭാവംകൊണ്ടുതന്നെ നമുക്കു ഭാഗ്യമില്ലാതെ വരുന്നു. അതിന്റെ സാമസ്വസ്വത്തെയും ഉദ്ദേശങ്ങളെയും വ്യക്തമായി സാക്ഷാൽക്കരിക്കുവാൻ നമുക്കു കഴിവില്ല. എങ്കിലും ജീവന്റെ അത്ഭുതത്തിനു വിധേയരായി, നമ്മുടെ സഹായപരിധിയിൽ എത്തുന്ന എല്ലാ ജീവികളുടെയും ഹിതേരതന്മാരായി ജീവിച്ചു്, ആ സൃഷ്ടിശക്തിയോടു് ആദ്ധ്യാത്മികമായ ബന്ധത്തിൽ ഏർപ്പെടുവാൻ നമുക്കു സാധിക്കും

പരമാത്മജീവിതത്തിന്നായുള്ള നിർദ്ദേശങ്ങളെ മനുഷ്യരുടെയും മനുഷ്യസമുദായത്തിന്റെയും മണ്ഡലത്തിൽ മാത്രം ഒതുക്കിനിർത്തുന്ന ഒരു ധർമ്മസംഹിതയ്ക്കും ഒരിക്കലും ഈ അർത്ഥവ്യാപ്തി ലഭിക്കുകയില്ല. പ്രപഞ്ചത്തോടും അതിൽ ആവിഷ്കൃതമാകുന്ന അത്ഭുതശക്തിയോടും ശരിയായ സമ്പർക്കം നേടണമെങ്കിൽ, നാം ജീവജാലത്തിൽ ഒന്നി

Digitized by Kerala Sahitya Akademi

മനപ്പോലും ഒഴിച്ചുനിർത്താതെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാകുന്നു.

നമുക്കു ചുറ്റും ഈ ജീവചൈതന്യം മാരകമായ മത്സരത്തിൽ മുഴുകിക്കിടക്കുകയാണു്. എന്നാൽ, നമ്മുടെ ഉള്ളിൽ—മനസ്സിലാക്കുവാൻ കഴിയാത്ത ഒരു മഹാത്ഭുതത്തിന്റെ ഫലമായി—അതു് തന്നോടുതന്നെ പൊരുത്തപ്പെട്ട ശാന്തിനേടുവാൻ ശ്രമിക്കുന്നു ബാഹ്യലോകത്തിൽ അതു് ഭിന്നരൂപങ്ങളിൽ ആവിഷ്കൃതമാകുന്നു. നമ്മുടെ ഉള്ളിൽ, ആത്മാനുഭൂതിയിലൂടെ, അതു സ്വയം വെളിപാടുകൊള്ളുന്നു. ബാഹ്യലോകത്തിൽനിന്നു ഭിന്നമായിരിക്കുക എന്നതാണു് നമ്മുടെ ആദ്ധ്യാത്മികസ്വഭാവം. ഇതനുസരിച്ചു ജീവിച്ചാൽ, നമ്മുടെ ജന്മം ഒരു ഭാരമെന്നുതിന്നു പകരം യഥാർത്ഥജീവിതമായിത്തീരും.

ജീവനോടുള്ള ഭക്തിയാണു് നമ്മെ അടിസ്ഥാനഭൂതവും അഗാധവും സജീവവുമായ രീതിയിൽ സൽക്കർമ്മനിരതരാക്കുന്നതു്."

(The problem of ethics in the development of human thought—Lecture.)

ജീവനോടുള്ള ഭക്തിയെന്ന ഈ തത്ത്വജ്ഞാനത്തെ ഷൈവറ്റ്സർ ഒരു മതവിശ്വാസമായി ഉയർത്തിയിരിക്കുകയാണു്. എന്നാൽ—ആദരഹാനിക്കൂടാതെ പറയട്ടെ—അവിടെയും കുറച്ചൊരു കൗതുകത്തിനു വകയില്ലാതില്ല. ഈ ഇരുപതാംനൂറ്റാണ്ടിൽ, ആഫ്രിക്കയുഗത്തിൽ, ഒരു മഹർഷിയെപ്പോലെ ജീവിച്ചു് അതുല്യമായ യശസ്സു നേടിയ ഒരു മഹാനാണു് അദ്ദേഹം. ആഫ്രിക്കയിലെ സാധുജനങ്ങൾക്കു വൈദ്യസഹായം നല്കുന്നതിനും വേദോപദേശംചെയ്യാനും അദ്ദേഹം ഈ വയസ്സുകാലത്തും ലോകസേവനം നടത്തുകയാണു്. ഭിഷഗ്വരൻ, തത്ത്വജ്ഞാനി, സംഗീതജ്ഞൻ എന്നീ നിലകളിലെല്ലാം അദ്ദേഹം കീർത്തിനേടിയിട്ടുണ്ടു്. ആഫ്രിക്കയുടെ പടിഞ്ഞാറുഭാഗത്തുള്ള ഫ്രെഞ്ചുകോളനിയിൽ, ലാംബറീൻ എന്ന സ്ഥലത്തു്, കാട്ടിൻനടുവിൽ സ്ഥാപിച്ചിട്ടുള്ള ആശുപത്രിയിലാണു് താമസം. അവിടെ, ആഹാരം കഴിക്കുമ്പോഴും ഉറ

Digitized by Kerala Sahitya Akademi

മ്പിനെ തേൻ ഒഴിച്ചുകൊടുത്തും, കാട്ടുജന്തുക്കൾക്കു തീറ്റി കൊടുത്തും അദ്ദേഹം തന്റെ ഉപദേശത്തെ പ്രായോഗിക മാക്കി കാണിക്കാറുണ്ട്. ജീവകേതിയുടെ തെളിവായ ഈ കമ്മങ്ങളുടെ ചിത്രങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും പ്രചരിച്ചുവരുന്നു. എങ്കിലും, അദ്ദേഹത്തിനും സഹപ്രവർത്തകർക്കും ഏറ്റവും പ്രീയതരമായ ആഹാരം, ആഫ്രോപത്രി വളപ്പിൽത്തന്നെ വളർത്തിക്കൊഴുപ്പിച്ചു കൊല്ലുന്ന താറാവിന്റെ പൊരിച്ച ഇറച്ചിയാണെന്നു് ജോൺ ഗന്തർ എന്ന ഗ്രന്ഥകാരൻ Inside Africa എന്ന ഗ്രന്ഥത്തിൽ പറയുന്നു. ആദർശവും അനുഷ്ഠാനവും തമ്മിലുള്ള ഈ വൈരുദ്ധ്യം അദ്ദേഹവും ആരാധകന്മാരും എങ്ങനെയാണു് വ്യാഖ്യാനിക്കുന്നതെന്നറിയുന്നില്ല. ഒരുപക്ഷേ, അവർക്കതിൽ വൈരുദ്ധ്യമൊന്നും തോന്നുന്നില്ലായിരിക്കാം. അതോ, അതൊക്കെ വ്യക്തിഗതമായ കാര്യം—സ്വകാര്യം—എന്ന സമാധാനം പറയുമോ?

'സത്യമേവ ജയതേ' എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ടു് നാം കൊതിക്കുന്ന സംസ്കാരനവോത്ഥാനം സംഭവിക്കുകയില്ല. എന്താണു സത്യമെന്നും അതു് എങ്ങനെയാണു് ജയിക്കുന്നതെന്നും നമ്മുടെ ജനങ്ങൾക്കു മനസ്സിലാകണം. അവർക്കു മനസ്സിലാക്കിക്കൊടുക്കുവാൻ എത്രദ്യമമാണു് ഈ സ്വതന്ത്രഭാരതത്തിൽ നടക്കുന്നതു്? ഭൂതകാലഭക്തിയും ശ്രമിതമായ തത്ത്വജ്ഞാനാസക്തിയും ആണു് ഭാരതീയരെ നശിപ്പിച്ചതു് എന്ന അഭിപ്രായഗതിക്കു് വളരെയധികം പ്രാബല്യം സിദ്ധിച്ചിരിക്കുകയാണു്. ഭാരതീയജീവിതത്തിൽ നവചൈതന്യം കുത്തിവെക്കണമെന്നുള്ള ആവേശം പരക്കെയുണ്ടു്. പഞ്ചവത്സരപദ്ധതികളും പുനരുദ്ധാരണപരിപാടികളും എല്ലാം ഇതിനുവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയും, ഇതു സംഭവിക്കാതെ വിജയിക്കുകയില്ലെന്നു തീർച്ചയുള്ളവയും, ആണു്. ഈ നവചൈതന്യം ക്ഷേമം, സുരക്ഷിതം, ഐശ്വര്യം എന്നിത്യാദി ലക്ഷ്യങ്ങളെക്കുറിച്ചു പ്രസംഗിച്ചതുകൊണ്ടു മാത്രം വരുത്താമെന്നാണു് നമ്മുടെ നേതാക്കന്മാർ വ്യാമോഹിക്കുന്നതു്. കഴുതയുടെ പുറത്തു കയറിയിരുന്നു്,

Digitized by Kerala Sahitya Akademi

ഒരു കമ്പിന്റെ അറ്റത്തു കെട്ടിയ തീറ്റിക്കിഴങ്ങു് അതിന്റെ മോന്തയ്ക്കു മുമ്പിൽ നീട്ടിപ്പിടിച്ചു് അതിനെ മുന്നോട്ടോടിക്കുന്ന വിനോദചിത്രം പലരും കണ്ടിരിക്കാം. മനുഷ്യസമുദായങ്ങളേയും ഇങ്ങനെ മുന്നോട്ടോടിക്കാമെന്നാണു് സാമ്പത്തികവിദഗ്ധന്മാരുടെ വിശ്വാസം. പൊതുജനം കഴുതയാണെന്ന പൊല്ലാപ്പണ്ടേയുള്ളതുമാണല്ലോ.

ഈ വിശ്വാസങ്ങളും വ്യാമോഹങ്ങളും തെറ്റിദ്ധാരണയുടെ ഫലമാണു്. പൊതുജനം കഴുതയല്ല. ആഹാരം കാണിച്ചു് ആകർഷിച്ചു മനുഷ്യസമുദായങ്ങളെ മുന്നോട്ടു നയിക്കുന്നതു് ആപൽക്കരവുമാകുന്നു. ആഭ്യന്തരമായ പ്രചോദനംകൊണ്ടു മാത്രമേ മനുഷ്യരെ ഉദ്ധരിക്കുവാൻ സാധിക്കുകയുള്ളു. ഏതു ജീവിതക്രമത്തിലും തത്വജ്ഞാനം അന്തർവഹിക്കുന്നുണ്ടു്. അതു് എപ്പോഴും എല്ലാവരും മനസ്സിലാക്കുമെന്നോ അറിയുമെന്നുതന്നെയോ വിചാരിക്കേണ്ടതില്ല. എങ്കിലും അതിന്റെ അസ്തിത്വം അനിഷേധ്യമാണു്; ആവശ്യം സാർവ്വത്രികവും. നമ്മുടെ ജനങ്ങൾക്കു് ഏതു തത്വജ്ഞാനമാണു് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നാം നല്കിയിട്ടുള്ളതു്? നമ്മുടെ ചരിത്രം ലജ്ജാവഹമാണെന്നും, ജീവിതരീതി നികൃഷ്ടമാണെന്നും, നേട്ടങ്ങളില്ലാത്തവയാണെന്നും ഉള്ള പല്ലവി മാത്രമേ രാവും പകലും കേൾക്കാനുള്ളു. പട്ടിണിക്കഴുതയെ ശകാരിച്ചും പ്രഹരിച്ചും പഞ്ചവത്സരപദ്ധതികളാകുന്ന തീറ്റിക്കിഴങ്ങു കാണിച്ചും ഇളക്കിവിടുവാനുള്ള ഉദ്യമമാണിതു്. ഈ രാജ്യത്തെ ജനങ്ങളെല്ലാം ഇറച്ചി തിന്നുവാൻ നിശ്ചയിച്ചാൽ ഭക്ഷണക്ഷാമം പരിഹരിക്കപ്പെടുമെന്നുവരെ അധികാരസ്ഥാനങ്ങളിൽനിന്നു പ്രഖ്യാപനങ്ങൾ ഉണ്ടാകുന്നു.* ഭയങ്കരരോഗങ്ങൾക്കു് ഭയങ്കരചികിത്സകൾ വേണമെന്നുള്ള പ്രമാണത്തിന്റെ ഫലമാണിതു്. ഇതൊക്കെ പ്രയോഗിച്ചിട്ടും ഈ കഴുത ഓടാത്തതു കണ്ടു് അധി

* കേന്ദ്ര വികസനമന്ത്രി എസ്. കെ. ഡേ 1957 ഏപ്രിൽ മാസത്തിൽ മുസ്സൂറിയിൽ നടന്ന ഒരു സമ്മേളനത്തിൽ പറഞ്ഞതു്.

Digitized by Kerala Sahitya Akademi

കാരികത്വംക്കു് അത്ഭുതവും അമർഷവും ഉണ്ടാകുന്നതും കാണാം.

ഇന്നത്തെ ഭാരതീയജീവിതത്തിന്റെ പിന്നിലുള്ള തത്ത്വജ്ഞാനം എന്താണു്? എന്തെങ്കിലും ഒരു തത്ത്വജ്ഞാനം ഇല്ലാതിരിക്കുവാൻ സാധ്യമല്ല. ഇന്നുള്ളതു് പാശ്ചാത്യരുടെ തത്ത്വജ്ഞാനംതന്നെയാണു്. അതായതു്, ഈ കാണുന്ന ലോകമാണു് ഏറ്റവും വലിയ പരമാർത്ഥം എന്ന വിശ്വാസത്തിൽ അടങ്ങുന്ന തത്ത്വജ്ഞാനം. അപ്പുറവും ഇപ്പുറവും ഒന്നും ആലോചിക്കേണ്ടതില്ല. കൺമുമ്പിൽ കാണുന്ന ലോകത്തിന്റെ മേന്മയ്ക്കുവേണ്ടി പ്രയത്നിക്കുക; അതിലുപരിയായ ഒരു നന്മയും ഇല്ല. ലോകം മിഥ്യയാണെന്നും ജീവിതം നശ്വരമാണെന്നും മറ്റുമുള്ള വേദാന്തങ്ങളും മനുഷ്യജന്മത്തിന്റെ വില കെടുത്തുന്നവയാണു്. സാമൂഹികക്ഷേമം, വ്യക്തിസ്വാതന്ത്ര്യം എന്നിവ കൈവരുത്തിയാൽ പിന്നെ ഒന്നും ആകാതിക്കാനില്ല. ഇങ്ങനെ എത്രകാലം ഒരു ജനതയെ മുന്നോട്ടു തള്ളിക്കൊണ്ടുപോകാമെന്നു് ആരും ആലോചിക്കുന്നില്ല. ഒക്കുന്നിടത്തോളം ആകട്ടെ എന്നായിരിക്കും. അഥവാ സാമൂഹികക്ഷേമം എന്ന ആശയം അറുതിയില്ലാത്തതാണെന്ന വിശ്വാസമായിരിക്കുമോ? ഏതായാലും ഇതാണു് സ്വതന്ത്രഭാരതത്തിൽ മുപ്പത്തേഴു കോടി ജനങ്ങൾക്കു ലഭിച്ചിരിക്കുന്ന തത്ത്വദർശനം.

ഇതിന്റെ പരിഹാസ്യതയെപ്പറ്റി അധികം പറയാതിരിക്കുകയാണു ഭേദം. ഓരോ ദിവസം കഴിയുന്തോറും അതു വ്യക്തമായി വരുകയുമാണു്. "അരിക്കും തുണിക്കും വിലകുറയാത്ത കാലത്തോളം ഈ പ്രസംഗമെല്ലാം വെറും കള്ളത്തരമാണു്" എന്നു് ഒരു ക്ഷുരകൻ എന്നോടു പറയുകയുണ്ടായി. നമ്മുടെ വികസനപരിപാടികളെയും സാമൂഹികക്ഷേമപ്രവർത്തനങ്ങളെയുംകുറിച്ചു് ഇതിനേക്കാൾ നിശിതമായ നിരൂപണമൊന്നും ആവശ്യമില്ല. സാധ്യമാണെന്നും തോന്നുന്നില്ല. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സ്തുതിഗീതങ്ങളാണു് ബാക്കിയുള്ളതു്. ഇഷ്ടമുള്ളതു പറയാനും, ഹിതമെന്നു തോന്നുന്നതു ചെയ്യാനും, അധികാ

Digitized by Kerala Sahitya Akademi

രികളെ പേടിക്കാതെ ജീവിതം നയിക്കാനും, ഭർത്താവ് നടത്തുന്നവരെ നീക്കംചെയ്യാനും ഉള്ള സൗകര്യമെന്നാണ് ഈ പദത്തിനു നല്കിയിരിക്കുന്ന അർത്ഥം. ഇങ്ങനെയുള്ള സ്വാതന്ത്ര്യം എത്രയോ തലമുറകളായി നാം അറിഞ്ഞിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്. എങ്കിലും ഈ മുപ്പത്തേഴു കോടി ജനങ്ങളിൽ എത്ര പേർക്കാണ് ഇതിൽ വ്യഗ്രതയുള്ളതെന്നു് ആലോചിക്കേണ്ടതുണ്ട്. സ്വാതന്ത്ര്യം എന്ന ആശയത്തിനു് ഇതിനേക്കാളും എത്രയോ അധികം പ്രധാനമായ മറ്റൊരു ഭാവമുണ്ട്. അതിന്റെ സാരസർവ്വസ്വം സ്ഥിതിചെയ്യുന്നതും അവിടെയാകുന്നു. ഓരോരുവന്റെ അന്തരംഗമാകുന്ന രണാങ്കണത്തിൽ ആരുടെയും സഹായമില്ലാതെ ആദർശങ്ങളെ മുൻനിർത്തി അങ്കംവെട്ടുവാനും അതിൽ വരുന്ന ജയാപജയങ്ങളും അനുഭവിക്കുവാനും ഉള്ള സ്വാതന്ത്ര്യം ആരാണു കൊതിക്കാത്തതു്? ശ്രീരാമനും മുതലിങ്ങോട്ടു് മഹാത്മാഗാന്ധിവരെ നമ്മുടെ സംസ്കാരത്തിന്റെ മാർഗ്ഗദീപങ്ങളായി ശോഭിക്കുന്ന മഹാപുരുഷന്മാർ സ്വന്തം ജീവിതമാതൃകകളിലൂടെ നമുക്കു നല്കുന്ന സ്വാതന്ത്ര്യപാഠം ഇതാണെന്നു ഞാൻ കരുതുന്നു. അതെല്ലാം മറന്നിട്ടു്, സ്വാതന്ത്ര്യശബ്ദത്തിനു പിറകിൽ രാഷ്ട്രീയവും സാമ്പത്തികവുമായ ക്ഷുദ്രവിവക്ഷകളും മാത്രം നല്കി ഭാരതീയസമുദായത്തെ ഉൽബുദ്ധമാക്കുവാനാണു് നാം ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. അന്യരാജ്യക്കാരിൽ സൽബുദ്ധിയും സൽക്കർമ്മവാസനയും വളർത്തുവാൻ വെമ്പുന്ന നാം, നമ്മെക്കാളും നാനൂറു വർഷം മുമ്പു് അവർ സ്വീകരിച്ച ജീവിതമാർഗ്ഗംതന്നെ സ്വീകരിക്കുന്നതു് വിചിത്രമെന്നല്ലാതെ എന്തു പറയട്ടെ!

സ്വാതന്ത്ര്യശബ്ദത്തിനു ഭാരതീയരെ സംബന്ധിച്ചിടുകിലും, അതിപ്രധാനമായ മറ്റൊരർത്ഥംകൂടിയുണ്ടു്—സാക്ഷാൽ മോക്ഷം. മനുഷ്യജന്മത്തിന്റെ ലക്ഷ്യംതന്നെ ഇതാണെന്നാണു് ഭാരതീയർ സങ്കല്പിച്ചിട്ടുള്ളതു്. അതിനു ബാധകമാകുന്ന യാതൊന്നും ചെയ്യാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു സാധകമായുള്ളതു ചെയ്യുകയും വേണം. ഇങ്ങനെ ഒരു ലക്ഷ്യം ഉണ്ടെ

Digitized by Kerala Sahitya Akademi

ങ്കിൽത്തന്നെ അതു തികച്ചും വ്യക്തിഗതമായ കാര്യമാണെന്നും, അതേക്കുറിച്ച് ഒന്നും രഹസ്യമുണ്ടാവുന്നതിനിടയില്ലെന്നും വാദിക്കാവുന്നതാണ്. വിശ്വാസത്തിനും മതബോധത്തിനും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യം ഭരണഘടനയിൽ ഉറപ്പുചെയ്തിട്ടുള്ളതുകൊണ്ടും ഇതൊരു മതപരമായ കാര്യമായതുകൊണ്ടും, ആവശ്യമുണ്ടെങ്കിൽ അവരവർതന്നെ നോക്കിക്കൊള്ളണമെന്നും പറഞ്ഞേക്കാം. മതത്തെയും സാമൂഹികജീവിതത്തെയും അകറ്റിനിർത്തുന്ന ഈ വിദ്യയും നാം പാശ്ചാത്യരിൽനിന്നു പഠിച്ചതാണ്. അവരാകട്ടെ ഈ ഉപദേശം അന്യരാജ്യക്കാർക്കു നല്കിയതല്ലാതെ സ്വയം അനുഷ്ഠിച്ചിട്ടില്ല. അനുഷ്ഠിക്കുന്നുമില്ല. തങ്ങൾ ക്രൈസ്തവരാഷ്ട്രങ്ങളാണെന്നാണ് അവർ ഇന്നും പ്രഖ്യാപിക്കാറുള്ളതു്. അവരുടെ നിയമങ്ങളിലും ഭരണഘടനയിലും എല്ലാം മതസങ്കല്പങ്ങൾ അന്തർവിച്ചിട്ടുണ്ട്. പക്ഷേ, പൗരസ്ത്യരാഷ്ട്രങ്ങൾ മതേതരമായിരിക്കണമെന്നു് പാശ്ചാത്യരാജ്യതന്ത്രജ്ഞന്മാർ ഉപദേശിക്കുന്നു. നമുക്കു് അതിലുപരിയായ ഒരു പ്രമാണവും ആവശ്യമില്ലല്ലോ. അതുകൊണ്ടു തികച്ചും മതേതരമായ ഒരു സമുദായത്തെ സൃഷ്ടിക്കുകയാണു് നമ്മുടെ ലക്ഷ്യമെന്നു വന്നിരിക്കുന്നു.

പക്ഷേ, ഭരണഘടനയിൽ എഴുതിവെയ്ക്കാമെന്നല്ലാതെ, ഇങ്ങനെയൊരു സമുദായത്തെ വാർത്തെടുക്കുന്നതു്, ഇന്ത്യയിലെങ്കിലും, നടപ്പുള്ള കാര്യമല്ലെന്നു വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടു്. പശുവിനെ കൊല്ലുന്നതു് നിയമവിരുദ്ധമാക്കണമെന്നും ജ്യോതിഷത്തിനു് അംഗീകാരം നല്കണമെന്നും മറ്റുമുള്ള പ്രക്ഷോഭണങ്ങൾ ഉണ്ടാകുന്നതു നോക്കുക. ജനങ്ങളുടെ ശീലം, സ്വഭാവം, ചിരപരിചിതമായ ആദർശങ്ങൾ എന്നിവയെ മാനിക്കാത്ത ഭരണം പരാജയത്തിൽ കലാശിക്കുമെന്നുള്ളതു തീർപ്പായാണു്. അതുകൊണ്ടു് സ്വാതന്ത്ര്യത്തിനു് നമ്മുടെ ജനങ്ങൾ നല്കിയിട്ടുള്ള അത്യുൽകൃഷ്ടമായ അർത്ഥം വിഗണിക്കാമെന്നു കരുതുന്നതു് മൂഢതയാകുന്നു. മനുഷ്യനെ കൂടുതൽ കൂടുതൽ ഭൂവനബന്ധങ്ങളിൽ തളച്ചിടുന്ന ഒരു സാമൂഹികവ്യവസ്ഥിതി

Digitized by Kerala Sahitya Akademi

വളത്താതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഈ ബന്ധങ്ങളാണല്ലോ മോക്ഷപ്രാപ്തിക്കു് ഏറ്റവും വലിയ പ്രതിബന്ധം. ഇവയെ വർദ്ധിപ്പിക്കുക എന്നതാണു് പാശ്ചാത്യസംസ്കാരത്തിന്റെ മുഖ്യധർമ്മമായിത്തീർന്നിരിക്കുന്നതു്. ഈ പ്രവണതയ്ക്കു നല്കിയിരിക്കുന്ന ഓമനിയുള്ള പേരാണു് പുരോഗതി. ജീവിതത്തെ അതൊരു പരക്കംപാച്ചിലായി മാറിയിരിക്കുകയാണു്. ആരും ഒരിക്കലും വെറുതെയിരിക്കരുതു്; എപ്പോഴും എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കണം. അല്ലെങ്കിൽ ജന്മം പാഴായിപ്പോകും; ജീവിതം വ്യർത്ഥമാകും. യന്ത്രത്തെ ഒരു ലക്ഷ്യമാക്കണം. ലക്ഷ്യപ്രാപ്തിക്കുള്ള ഏറ്റവും നല്ല മാർഗ്ഗം അതാകുന്നു. ഒന്നും പ്രവർത്തിക്കാതിരിക്കുക എന്ന ജഡപ്രായവഹമായ അവസ്ഥയെ ഒഴിവാക്കുന്നതിനുവേണ്ടിയെങ്കിലും എന്തെങ്കിലും പ്രവർത്തിക്കുക. ഇതാണു് ആധുനികകാലത്തു് ലോകമാകെ മുഴങ്ങിക്കൊണ്ടിരിക്കുന്ന ഉപദേശം.

ഇതിന്റെയെല്ലാം ഫലമായി, ജന്തുലോകത്തിൽ മനുഷ്യജീവിതത്തിനുമാത്രം ചില പ്രത്യേകതകൾ കൈവന്നിരിക്കുന്നു. ഹിംസയും മത്സരവും വേദനയും രോദനവും ബദ്ധപ്പാടുകളും ബുദ്ധിമുട്ടുകളും എല്ലാം വേണ്ടുവോളമുണ്ടെങ്കിലും ജന്തുലോകം പ്രായേണ ശാന്തമാണെന്നതൊന്നു പറയാവുന്നതാണു്. മനുഷ്യനാണു് ഭൂമുഖത്തെ ഒരു മുടങ്ങാപ്പുന്തയായി മാറിയിരിക്കുന്നതു്. പ്രത്യേകിച്ചും, ആധുനികസംസ്കാരത്തിന്റെ ആവാസരംഗമായ നഗരങ്ങൾ. നാട്ടിൻപുറങ്ങളിൽ സന്ധ്യയ്ക്കുശേഷമെങ്കിലും ശാന്തി കളിയാടുന്നുണ്ടു്. പക്ഷേ, നഗരങ്ങൾ ദിനരാത്രവിഹീനങ്ങളാണു്. ഇടതടവില്ലാതെ യന്ത്രിക്കുക എന്നതാണു് അവിടത്തെ മുദ്രാവാക്യം. ഇതിന്റെ ഫലമായുണ്ടാകുന്ന തിരക്കും ബഹളവും എത്രയെന്നു പറയാനില്ല. സാധാരണദിവസങ്ങളിൽ പരക്കംപാച്ചിലാണു കാണുന്നതെങ്കിൽ അനദ്ധ്യായങ്ങൾ ഉത്സവങ്ങളാണു്. ദിനചര്യയിലുള്ള ആയാസമല്ലാതെ യഥാർത്ഥമായ വിശ്രമം ആരും അനുഭവിക്കുന്നില്ല; അറിയുന്നുപോലുമില്ല. ഞരമ്പുകൾ വലിഞ്ഞുമുറുകി, പൊട്ടി പൊട്ടിയില്ല എന്ന മട്ടിൽ

Digitized by Kerala Sahitya Akademi

നില്ക്കുന്നു. ഇന്ദ്രിയങ്ങൾ ഏതുസമയത്തും തൃപ്തിയില്ലാതെ തൃഷ്ണാപൂർണ്ണങ്ങളായിരിക്കുന്നു. ഇന്ദ്രിയങ്ങളെ പ്രത്യാഹരിക്കണമെന്നും, ഉള്ളിലെ ലോകത്തിൽ ശ്രദ്ധയെ കേന്ദ്രീകരിക്കണമെന്നും തൃഷ്ണകളെ നശിപ്പിക്കണമെന്നുമുള്ള് ഉപദേശങ്ങൾക്കു സ്ഥാനമില്ല.

ഇതാണു് പുരോഗതിയുടെ ഫലമെങ്കിൽ നമ്മുടെ ഭാവി ഭയാനകമായിരിക്കുമെന്നു പറയാതെ തരമില്ല. ആദ്ധ്യാത്മികമെന്നല്ല, ഭൗതികമായ സ്വാതന്ത്ര്യംപോലും നമുക്കു ലഭിക്കുകയുമില്ല. എത്രയോ തലമുറകളായി അടിമത്തത്തിലും അജ്ഞാനത്തിലും ആണ്ടുകിടക്കുന്ന നമ്മുടെ നാട്ടിലെ സാധുജനങ്ങൾ, അഭിജ്ഞന്മാരും പരിഷ്കാരികളും സ്വപ്നത്തിൽപ്പോലും അറിയാത്ത ഒരു മഹാഭാഗ്യം അനുഭവിക്കുന്നുണ്ടു്. ഇതു് അജ്ഞസുഖമെന്നും ജഡസംതൃപ്തിയെന്നും മുദ്രകുത്തി പറയുന്ന ആദ്ധ്യാത്മികശാന്തിയല്ലാതെ മറെറാന്നുമല്ല. അതിനെ അടിക്കടി മാറിക്കളയുവാനല്ലാതെ തൽസ്ഥാനത്തു് അത്രത്തോളമെങ്കിലും ശാന്തിദായകമായ അനുഭൂതികളൊന്നും നല്കുവാൻ എല്ലാവരും പാടിപ്പുകഴ്ത്തുന്ന പുരോഗതി ശക്തമായിട്ടില്ല. നാട്ടിൻപുറത്തെ ഭഗവതിക്ഷേത്രത്തിനു മുമ്പിൽ കൈക്കുപ്പിനില്ക്കുന്ന കൃഷീവലനും, സന്ധ്യാസമയത്തു തുളസിത്തറയിൽ വിളക്കുവെയ്ക്കുന്ന സാധുസ്ത്രീയും, പരിഷ്കൃതലോകത്തിന്റെ ദൃഷ്ടിയിൽ അവജ്ഞാപാത്രങ്ങളാണെങ്കിലും, ജീവിതത്തിൽ മനശ്ശാന്തിക്കുള്ള പ്രാധാന്യം മനസ്സിലാക്കിയവരാണു്. ധനമല്ലാതെ മറെറാന്നും ആരാധ്യമായില്ലെന്നും, സുഖമല്ലാതെ മറെറാന്നും കാമ്യമായില്ലെന്നും ധരിച്ചുകൊണ്ടു പുരോഗതിയുടെ കടന്തലാഴക്കുകളിൽ വീണുകിടക്കുന്നവരെക്കാൾ, ഒരർത്ഥത്തിൽ, ഭാഗ്യവാന്മാരുമാണു്. അടുത്ത ദിവസത്തെ അത്താഴത്തിനുവേണ്ടി അപേക്ഷിക്കുന്നതിനോടൊപ്പംതന്നെ, സംസാരദുഃഖത്തിൽനിന്നുള്ള ശാശ്വതമായ മുക്തിയും ഒരു ലക്ഷ്യമായി അവർ കാണുന്നുണ്ടു്. "അടുത്തജന്മത്തിലെങ്കിലും സൽഗതിവരേണമേ" എന്നു് അവർ പ്രാർത്ഥിക്കുന്നുണ്ടു്. ഈ മനോഭാവമാണു്, നമ്മുടെ രാജ്യത്തു് എളിയതിലും എളിയതായ ഏതു ജീവിതത്തി

Digitized by Kerala Sahitya Akademi

ലും എന്തെന്നില്ലാത്ത ഒരു ധന്യത കലർത്തിവന്നതു്. അതെല്ലാം നശിപ്പിക്കണമെന്നു മൂഢന്മാർ മാത്രമേ മോഹിക്കുകയുള്ളു. ഒരുപക്ഷേ, ബുദ്ധിമാന്മാർ വിചാരിച്ചാലും അതിനെ തീരെ നശിപ്പിക്കാൻ സാധിച്ചില്ലെന്നും വരാവുന്നതാണു്. ആത്മവിശ്വാസവും ആഭ്യന്തരശാന്തിയും കൈവരുത്താത്ത സ്വാതന്ത്ര്യം രാഷ്ട്രീയമോ, സാമ്പത്തികമോ, സാംസ്കാരികമോ, ഏതായാലും നിരർത്ഥകമാണു്; അനർത്ഥകാരിയുമാണു്. സാധുക്കളെ ഉദ്ധരിക്കാൻ വെമ്പുന്നവർ ആദ്യമായി ശ്രദ്ധിക്കേണ്ട സംഗതി ഇതാകുന്നു.

ഗിരിവർഗ്ഗക്കാരെയും ആദിവാസികളെയും പുതിയ ജീവിതരീതികളും പരിശീലിപ്പിക്കാനും പരിഷ്കരിക്കാനും പുരോഗതിയിൽ ഭ്രമിപ്പിക്കാനും ഇന്നുവരെ നടത്തിയിട്ടുള്ള എല്ലാ ശ്രമങ്ങളും പരാജയമടയുകയാണു ചെയ്തിട്ടുള്ളതു്. ഇന്ത്യയിൽ മാത്രമല്ല, അന്യരാജ്യങ്ങളിലെയും അനുഭവം ഇതാണു്. നരവംശശാസ്ത്രജ്ഞന്മാരുടെയും മനശ്ശാസ്ത്രജ്ഞന്മാരുടെയും ഉദാരമതികളായ രാഷ്ട്രീയനേതാക്കന്മാരുടെയും പരോപകാരതൽപരകളായ ധനികസ്ത്രീകളുടെയും സമ്പന്നമായ സംഘടനകളുടെയും ഗവണ്മെൻറുകളുടെയും എല്ലാം അഭിമുഖ്യത്തിൽ ഇങ്ങനെയുള്ള ഉദ്ധാരണയത്നം നടന്നിട്ടുണ്ടു്. ഇതിനു സംഘടിതവും ശക്തിമത്തുമായ പ്രചാരണം നടത്തപ്പെടുകയും, അങ്ങനെ ആകെ പൊതുജനാഭിപ്രായം അതിനു വിധേയരാകുന്ന പ്രാചീനവർഗ്ഗങ്ങളെ നശിക്കുകയും ചെയ്യുന്നതായിട്ടാണു കാണുന്നതു്. ഒടുവിൽ ശാസ്ത്രജ്ഞന്മാർ തങ്ങളുടെ സിദ്ധാന്തങ്ങളും ഉദ്ധാരകന്മാർ തങ്ങളുടെ ശ്രമവും കൈവെടിയുകയാണു പതിവു്. അമേരിക്കയിലെ പ്രാചീനവർഗ്ഗങ്ങളെ ഉദ്ധരിക്കുവാൻ എത്ര ശ്രമങ്ങളാണു നടന്നിട്ടുണ്ടോ അത്രയുംതന്നെ ഉദ്ധാരണസിദ്ധാന്തങ്ങളും ഉണ്ടായിട്ടുണ്ടു്. പല ശാസ്ത്രജ്ഞന്മാരും ആ സാധുജനങ്ങളെ ഉദ്ധരിക്കുവാൻ ശ്രമിച്ചതുമൂലം അവരുടെ നേർക്കു തങ്ങൾ അറിയാതെ ചെയ്തുപോയ ദ്രോഹമോർത്തു പശ്ചാത്തപിച്ചിട്ടുമുണ്ടു്. ചിലർ ഒരു പടികൂടി കടന്നു്, ഒരു പ്രായശ്ചിത്തമെന്നപോലെ, അവരുടെ കൂട്ടത്തിൽ ഒന്നായിത്തീർന്നു് ആയുശ്ശേഷം നയിച്ചതായും അറിയാം.

Digitized by Kerala Sahitya Akademi

പാശ്ചാത്യസംസ്കാരത്തിന്റെ പ്രവണതകളെക്കുറിച്ചു നോക്കുമ്പോൾ ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും, ഏറെക്കുറെ, ആദിവാസികളുടെയും ഗിരിവർഗ്ഗങ്ങളുടെയും നിലയിലാണു് നില്ക്കുന്നതു്. അതിന്റെ മൂല്യങ്ങൾ അടിച്ചേല്പിക്കുവാനുള്ള യത്നം ഒന്നുകിൽ പരാജയപ്പെടും, അല്ലെങ്കിൽ അവരെ നശിപ്പിക്കും.

ജീവിതത്തിന്റെ അടിസ്ഥാനഭാവങ്ങളെ സ്പർശിക്കുന്ന ഈ വസ്തുതകൾ അനുഭവത്തിൽനിന്നു മനസ്സിലാക്കി, നമുക്കു യോജിച്ച ഒരു നവോത്ഥാനത്തിനുവേണ്ടിയാണു് ഗാന്ധിജി ശ്രമിച്ചതു്. അദ്ദേഹത്തിന്റെ ജീവിതകാലത്തു് അതേക്കുറിച്ചുള്ള പ്രതീക്ഷകൾ നമ്മുടെ നാട്ടിൽ മനുഷ്യനെ നാമുണർത്തുകയും ചെയ്തു. എന്റെ തലമുറയിൽപ്പെട്ട ഭാരതീയർ അതിന്റെ ഹൃൽപ്പുളകം അനുഭവിച്ചവരാണു്. അദ്ദേഹത്തിന്റെ ചിത്രം കാണുമ്പോഴും, അദ്ദേഹത്തിനു പ്രിയതരമായിരുന്ന കീർത്തനങ്ങൾ കേൾക്കുമ്പോഴും, അവർക്കു് ആ അത്ഭുതാനുഭൂതിയുടെ അനുസ്മരണം ഉണ്ടാകുന്നുണ്ടെന്നതുതന്നെയാണു് എന്റെ വിശ്വാസം. പക്ഷേ, ഈ അനുഭൂതികളും അനുസ്മരണങ്ങളും അതിശീഘ്രം മാഞ്ഞുപോവുകയാണു്. അവയെ നിലനിർത്തുവാൻ കാര്യമായ ഒരു ശ്രമവും നടക്കുന്നില്ല. നിലനിർത്തണമെന്നു് ആർക്കും അത്ര വളരെ ഉൽക്കണ്ഠയുണ്ടെന്നും തോന്നുന്നില്ല. ഗാന്ധിജിയുടെ പ്രിയശിഷ്യനായ വിനോബാഭാവെ ആ മഹാപുരുഷന്റെ ആദർശങ്ങളാൽ പ്രേരിതനായി, സർവ്വോദയമെന്നും ഭൂദാനമെന്നും ഉള്ള പരിപാടികൾ പ്രചരിപ്പിച്ചുകൊണ്ടു ഭാരതീയഗ്രാമങ്ങളിലൂടെ പദയാത്ര നടത്തുന്നുണ്ടു്. അടുത്ത കാലംവരെ ഞാനും അദ്ദേഹത്തിന്റെ ഒരു ആരാധകനായിരുന്നു. അദ്ദേഹം കേരളത്തിൽ വരുന്നു എന്നു കേട്ടപ്പോൾ ഇവിടത്തെ ഭൂദാനപ്രവർത്തകരുടെ അപേക്ഷയനുസരിച്ചു് അദ്ദേഹത്തെയും ഭൂദാനപ്രസ്ഥാനത്തെയും വാഴ്ത്തിക്കൊണ്ടു ഞാൻ ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തി. അതാണു് താഴെ ഉദ്ധരിക്കുന്നതു്.

Digitized by Kerala Sahitya Akademi

"വസുധൈവ കുടുംബകം"

"കാൽശതാബ്ദം മുമ്പ് ഒരു ചെറിയ സംഘം അന്ന ചരന്മാരോടുകൂടി കാൽനടയായി കടൽക്കരയിൽ ചെന്ന് ഉപ്പുണ്ടാക്കി നിയമം ലംഘിച്ചു, നിരായുധനായ ഒരു ഭാരതീയൻ സൂര്യനസ്തമിക്കാത്ത ഒരു മഹാസാമ്രാജ്യത്തിന്റെ കൊല്ലുംശക്തിയെ വെല്ലുവിളിച്ചു. ആ സംഭവത്തിന്റെ അനന്തരഫലമാണ് മുപ്പത്തിയേഴുകോടി ഭാരതീയർ ഇന്ന് അനുഭവിക്കുന്ന രാഷ്ട്രീയസ്വാതന്ത്ര്യം.

അത്രത്തോളംതന്നെ അത്ഭുതകരമായ സാധ്യതകളുള്ള ഒരു മഹാപ്രസ്ഥാനത്തെ നിഷ്പ്രഭനായ മറ്റൊരു ഭാരതീയൻ ഇന്നിതാ നയിച്ചുകൊണ്ടിരിക്കുന്നു. സമ്പത്തിന്റെ സ്വാർത്ഥമാത്രമായ സാമ്രാജ്യത്തെയാണ് അദ്ദേഹം വെല്ലുവിളിക്കുന്നത്.

നമ്മുടെ രാഷ്ട്രം സമുദായക്ഷേമം കൈവരുത്തുന്നതിനു വമ്പിച്ച പദ്ധതികൾ ആരംഭിച്ചിരിക്കുകയാണ്. ഐശ്വര്യത്തെ പ്രാപിക്കുവാൻ രണ്ടു മാർഗ്ഗങ്ങളാണ് ഉള്ളതെന്നു പറയുന്നു. അമേരിക്കയുടെ മാർഗ്ഗവും റഷ്യയുടെ മാർഗ്ഗവും. ആദ്യത്തേത് വ്യക്തിസ്വാതന്ത്ര്യത്തിനും മറ്റേത് സാമൂഹികനീതിക്കും വേണ്ടി നിലകൊള്ളുന്നു എന്നാണു സങ്കല്പം. ശരിയായിരിക്കാം പക്ഷേ, രണ്ടിലും വലിയ ദോഷങ്ങളുണ്ട്. സമരോപകരണങ്ങളും ഉപഭോഗസാധനങ്ങളും നിറഞ്ഞ സമുദായങ്ങളെ അവയിലൂടെ സൃഷ്ടിക്കുവാൻ കഴിയുമെന്നുള്ളതു സത്യമാണ്. പക്ഷേ, പ്രസ്തുത സമുദായങ്ങളും, അവയ്ക്കുള്ളിൽത്തന്നെ ഉളവാകുന്ന, അതിഭയങ്കരമായ ഏകാഗ്രഹത്തിനും ഏകാധികാരത്തിനും ഇരയായിത്തീരുമെന്നാണ് അനുഭവം. ഭൂരിപക്ഷമായ സാധാരണജനങ്ങൾക്ക് അത്യൽക്കടമായ അശാന്തിയും ആശങ്കകളും അസ്വാതന്ത്ര്യങ്ങളും അനുഭവിക്കേണ്ടിവരുന്നു.

മനുഷ്യരാശിയുടെ ചരിത്രത്തിൽ ഇന്നുണ്ടായിരിക്കുന്ന പ്രതിസന്ധിഘട്ടം ഇങ്ങനെ സ്വാർത്ഥമോഹങ്ങളെയും പരിഗ്രഹതൃഷ്ണയെയും പരിപോഷിപ്പിക്കുന്ന സമുദായോദ്ധാരണമാർഗ്ഗങ്ങൾ സ്വീകരിച്ചതിന്റെ ഫലമാകുന്നു.

Digitized by Kerala Sahitya Akademi

കല്പാന്തംതന്നെയോ എന്നു ഭയപ്പെട്ടുപോകുന്ന മഹാവിപത്തുകളെയാണു് ആധുനികലോകം അഭിമുഖീകരിക്കുന്നതു്. വംശനാശം മാത്രമല്ല, സർവ്വനാശംതന്നെ സംഭവിക്കുകയില്ലേ എന്നു ശങ്കിച്ചുപോകുന്നു.

അസ്തിത്വത്തെ ആവരണംചെയ്യുന്ന ഈ കൂരിരുട്ടിൽ വിനോബാഭാവെ സ്നേഹത്തിന്റെ കെടാവിളക്കുമായി വന്നെത്തിയിരിക്കുന്നു.

ചരിത്രാതീതകാലംമുതല്ക്കു് മനുഷ്യസമുദായത്തിൽ സ്വത്തിന്റെ നേക്കു നിലവിലിരിക്കുന്ന മനോഭാവത്തിൽ മാറ്റം വരുത്തി ജനസഞ്ചയത്തെ ഉദ്ധരിക്കുവാനാണു് ലോകത്തിന്റെ ആപൽബന്ധുവായ ഈ മഹാപുരുഷൻ ശ്രമിക്കുന്നതു്. സ്വാർത്ഥതാൽപര്യങ്ങളെ പോഷിപ്പിച്ചു്, ആവശ്യങ്ങളെ വർദ്ധിപ്പിച്ചു്, മോഹവും മത്സരങ്ങളും വളർത്തി സമുദായത്തെ ക്ഷേമത്തിലെത്തിക്കാമെന്നു്, അദ്ദേഹം വിശ്വസിക്കുന്നില്ല. സംതൃപ്തിയും സമാധാനവും, സ്വാതന്ത്ര്യവും സമത്വവും, സമുദായത്തിന്റെ സുസ്ഥിതിക്കു് ഐശ്വര്യത്തെക്കാളും ആവശ്യമാകുന്നു. 'വസുധൈവ കുടുംബകം' എന്ന സഹോദരബുദ്ധിയിൽ നിന്നു മാത്രമേ ഈ അനുഗ്രഹങ്ങളും കൈവരുകയുള്ളു.

വായുവും ജലവുംപോലെ ഭൂമിയും അതിലെ വിഭവങ്ങളും, കുടുംബസ്വത്തു കുടപ്പിറപ്പുകൾക്കെന്നപോലെ, എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണു്. "നിങ്ങൾക്കു് അഞ്ചിനു പകരം ആറു മക്കളുണ്ടെങ്കിൽ ആറാമനെ നിങ്ങൾ കൈവെടിയുകയില്ലല്ലോ. ഉള്ളതിന്റെ ഓഹരി അവനുംകൂടി കൊടുക്കുകയില്ലേ? ദരിദ്രന്മാരുടെ പ്രതിനിധിയായ എന്നെ ആറാമത്തെ മകനായി കരുതുക; ആറിലൊരു പങ്കു് എനിക്കു തരുക" എന്നാണു് അദ്ദേഹം പോരിക്കുന്നതിന്റെ അർത്ഥം ഇതാകുന്നു. ഭാരതീയരുടെ മനസ്സാക്ഷിയോടും സംസ്കാരത്തോടും അദ്ദേഹം ചെയ്യുന്ന ഗംഭീരമായ ആഹ്വാനമാണിതു്. അതോടുകൂടി അനാസക്തിയും അപരിഗ്രഹവും അനന്യാർത്ഥമായ അദ്ധ്വാനവും അദ്ദേഹം ആവശ്യപ്പെടുന്നു.

Digitized by Kerala Sahitya Akademi

സമ്പത്തിന്റെയും സ്വാർത്ഥമോഹത്തിന്റെയും സാമ്രാജ്യങ്ങളെ തപഃകൃശനായ ഈ സാധുമനുഷ്യന്റെ ഭിക്ഷാസമരത്തിൽ തകരുമെന്നുള്ളതു് തീച്ചയാണു്. മാനവസമുദായക്ഷേമത്തിന്റെ പുരോഗതിയിൽ ചിരസ്ഥായിയായ മാറ്റം വരുത്തിയിട്ടുള്ള വലിയ വിപ്ലവങ്ങളെല്ലാം ഇങ്ങനെ സൗമ്യമായ രീതിയിൽ, സാഹോദര്യത്തിന്റെ പേരിൽ, സ്നേഹത്തിന്റെ പ്രേരണയിൽ, ആണു് ആരംഭിച്ചിട്ടുള്ളതു്. ഹൃദയപരിവർത്തനമാണു് ഏറ്റവും വലിയ വിപ്ലവം. ഭൂതിലൂടെ കൈവരുന്ന നന്മയും മേന്മയും മാത്രമേ സ്വപ്നസന്നിഭവും അനന്യഥാ നിഷ്പ്രയോജനവുമായ ഈ ജീവിതത്തിൽ ധന്യതകലർത്തുകയുള്ളൂ.

വിനോബയ്ക്കു് എന്റെ വിനീത പ്രണാമം."

പക്ഷേ, 1957 ഏപ്രിൽമാസം 20-ാംതീയതി തിരുവനന്തപുരത്തിനടുത്തുള്ള കാട്ടാക്കട എന്ന സ്ഥലത്തുവെച്ചു് വിനോബാജിയെ നേരിട്ടുകണ്ടു സംസാരിച്ചപ്പോൾ എനിക്കു് എന്തെന്നില്ലാത്ത നിരാശയാണുണ്ടായതു്. പ്രസ്തുത സന്ദർശനം എന്റെ ജീവിതത്തിലെ ഏറ്റവും വലിയ മോഹഭംഗങ്ങളിൽ ഒന്നാണു്. അദ്ദേഹം മുക്തനും സിദ്ധനും ചിന്തകനും മഹാത്മാവും ഒക്കെ ആയിരിക്കാം. വ്യക്തിഗതമായ പ്രസ്തുതഭാവങ്ങളെക്കുറിച്ചു് ഞാൻ അജ്ഞിപ്രായനെന്നും പറയുന്നില്ല. പക്ഷേ, അദ്ദേഹം മഹാനായ ഒരു വിപ്ലവകാരിയാണെന്നും അദ്ദേഹത്തിന്റെ യത്നത്തിലോ യജ്ഞത്തിലോകൂടി സാമൂഹികജീവിതത്തിൽ നാളെല്ലാവരും കണ്ണിൽ എണ്ണമയൊഴിച്ചു് കാത്തിരിക്കുന്ന നവോത്ഥാനം ഉടനുണ്ടാകുമെന്നുള്ള വിശ്വാസം പരിത്യജിക്കുകതന്നെ വേണ്ടിയിരിക്കുന്നു. ഗാന്ധിജിയെ അനുകരിച്ചു്, അർദ്ധനഗ്നനായി, നാട്ടിൻപുറങ്ങളിലൂടെ നടക്കുന്നതുകൊണ്ടു്, ഭാരതത്തിൽ ഇന്നും ഗാന്ധിയൻപാരമ്പര്യം സജീവമായി നില്ക്കുകയാണെന്നുള്ള മിഥ്യാബോധം സാധുക്കളായ ഗ്രാമീണജനങ്ങളിൽ ജനിപ്പിക്കാമെന്നല്ലാതെ മറ്റൊരു പ്രയോജനവും ഞാൻ കാണുന്നില്ല. ഇങ്ങനെയൊരു മിഥ്യാബോധം ജനിപ്പിക്കുവാൻവേണ്ടി ആരോ അദ്ദേഹത്തെ നടത്തിക്കുകയാണെന്നുപോലും

Digitized by Kerala Sahitya Akademi

സംശയം തോന്നുന്നു. ക്ഷേത്രഗോപുരങ്ങളുടെ തിണ്ണയിലിരിക്കുന്ന സന്ന്യാസിമാരിൽ കാണുന്ന വിപ്ലവബുദ്ധിമാത്രമേ അദ്ദേഹവും പ്രദർശിപ്പിക്കുന്നുള്ളു. ഭാരതീയരെ നേർവഴിക്കു നയിക്കുന്നതിനു വേണ്ട മാർഗ്ഗം വെളിച്ചമൊന്നും അദ്ദേഹം കാണുന്നതായി ഞാൻ കരുതുന്നില്ല. അദ്ദേഹം തന്റെ ജീവിതകാലത്തുതന്നെ വിസ്മൃതനാകും. അദ്ദേഹത്തിന്റെ പ്രസ്ഥാനം ഇപ്പോഴത്തന്നെ ഒരു പ്രഹസനമായിത്തീർന്നിരിക്കുകയാണു്. അദ്ദേഹത്തിന്റെ കാലടിപ്പാടുകളിൽ നിക്ഷേപിച്ച പ്രതീക്ഷകളും പ്രത്യാഹരിക്കുകയാണു നല്ലതു്.

പിന്നെ എന്താണു മുക്തിയിലേക്കുള്ള മാർഗ്ഗം? എങ്ങോട്ടാണു് ഈ മുപ്പത്തേഴു കോടി ജനങ്ങളെ നയിക്കേണ്ടതു്? എന്തു പ്രതീക്ഷകളാണു് അവരുടെ അന്തരംഗത്തിൽ വളർത്തേണ്ടതു്?

പത്തുകൊല്ലത്തെ സ്വാതന്ത്ര്യപദവിയും അഞ്ചുകൊല്ലത്തെ ഉദ്ധാരണയത്നവും നമുക്കു വിലയേറിയ പല പാഠങ്ങളും നല്കിയിട്ടുണ്ടെന്നു ഞാൻ കരുതുന്നു. ഈ കാലഘട്ടം ലോകചരിത്രത്തിൽത്തന്നെ ഒരു വഴിത്തിരിവുണ്ടാക്കിയിട്ടുണ്ടെന്നും പറയേണ്ടിയിരിക്കുന്നു. അനന്തവും അനന്യസ്വതവുമായ ഭൗതികപുരോഗതിയിൽ മനുഷ്യവർഗ്ഗം സമർപ്പിച്ചിരുന്ന അഗാധവിശ്വാസം ഉലഞ്ഞുതുടങ്ങിയിരിക്കുകയാണു്. 'വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക' എന്ന മുദ്രാവാക്യം 'വ്യവസായവൽക്കരിച്ചു നശിക്കുക' എന്നു മാറ്റി എഴുതേണ്ടതാണെന്നു് ചിലക്കെങ്കിലും തോന്നിത്തുടങ്ങിയിരിക്കുന്നു. ആറരശക്തിയെന്നും അറുതിയില്ലാത്ത സമൃദ്ധിയുടെ യുഗമെന്നുമൊക്കെയുള്ള സ്തുതിഗീതങ്ങളും മുഴങ്ങുന്നുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ, ഇതുകൊണ്ടൊന്നും നേട്ടമെത്തുന്ന കാലത്തിനുള്ളിൽ, ജനസാമാന്യത്തിന്റെ കഷ്ടപ്പാടുകൾക്കു ശമനമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. സ്വന്തം രാജ്യത്തിനു ചുറ്റും മുള്ളുവേലി കെട്ടി, തങ്ങളുടെ സൗഭാഗ്യത്തിൽ പങ്കുപറ്റുവാൻ മറ്റാരെയും അനുവദിക്കാതെ, ഔദാര്യംകൊണ്ടു് കൊടുക്കുന്നതു സ്വീകരിച്ചു് മറ്റുള്ളവർ, ഉള്ളതുകൊണ്ടു്

Digitized by Kerala Sahitya Akademi

ഓണംപോലെ, കഴിയണമെന്നു ശഠിച്ചു്, ഐശ്വര്യത്തിൽ കഴിയുന്ന രാഷ്ട്രങ്ങൾക്കു ഗ്രണമുണ്ടായേക്കാം. പക്ഷേ, അവക്കുപോലും ഈ അനന്തമായ പുരോഗതി നിർദ്ദോഷമായ ഒരു അനുഗ്രഹമാണെന്നു പറഞ്ഞുകൂടാ. ദാരിദ്ര്യഭീതി നിങ്ങുന്നതിനോടൊപ്പം മറ്റുതരം ഭീതികളും വർദ്ധിക്കുന്നതായിട്ടാണു് അവരുടെ അനുഭവം. എട്ടുകുമ്പോളാണു് തൊട്ടുകൂട്ടുമ്പോൾ പത്തു് എന്നമട്ടിൽ ഉപരുകിക്കൊണ്ടിരിക്കുന്ന പൗരസ്ത്യജനങ്ങളുടെ ഇടയ്ക്കു് വ്യവസായവൽക്കരണം ക്ഷേമം ജനിപ്പിക്കുമോ എന്ന കാര്യംപോലും ഇനിയും ഒരു പ്രശ്നമായി ശേഷിക്കുന്നതേയുള്ളു. എന്നുമാത്രമല്ല, ഈ കഷ്ടപ്പാടുകളെ വർദ്ധിപ്പിക്കുകയില്ലേ എന്നുകൂടി ഭയപ്പെടേണ്ടിയിരിക്കുന്നു.

ആവശ്യങ്ങൾ വർദ്ധിപ്പിച്ചും ആഗ്രഹങ്ങൾ അഴിച്ചുവിട്ടും ക്ഷേമം കൈവരുത്താമെന്ന വ്യാമോഹം പരിത്യജിക്കുവാൻ ലോകം ഇനിയും തയ്യാറില്ല. സ്വകാര്യസമ്പാദ്യവും അമിതഭോഗത്തിനുള്ള ആസക്തിയും അസ്തമിപ്പിക്കുകയല്ലാതെ ജനസമുദായങ്ങൾക്കു് മുക്തി നല്കുവാൻ മറ്റൊരു മാർഗ്ഗമില്ല. വ്യക്തികളുടെ കാര്യത്തിലും ഈ വസ്തുത ചിന്താശീലമുള്ളവരെല്ലാം അംഗീകരിക്കുന്നുണ്ടു്. പക്ഷേ, സമഷ്ടിയുടെ കാര്യംവരുമ്പോൾ താപ്പു മാറുന്നതായിട്ടാണു കാണുന്നതു്. അവിടെ കുബോധവും ഭോഗതൃഷ്ണയും കുത്തകമനോഭാവങ്ങളും ആക്രമണാസക്തിയും അഭികാമ്യങ്ങളായിത്തീരുന്നു. ഇവയാണു് ഏറ്റവും വലിയ നന്മകളെന്ന നേതാക്കന്മാരും ഭരണകൂടങ്ങളും തീർത്തുപറയുന്നു. അവയെ മുൻനിർത്തി അത്യദ്ധ്വാനംചെയ്യുവാൻ ജനസഞ്ചയത്തെ ആഹ്വാനംചെയ്യുന്നു. ഇതിനൊരു മറുവശമുണ്ടെന്നു് ആരും അംഗീകരിക്കുന്നില്ല.

Digitized by Kerala Sahitya Akademi

മനുഷ്യവർഗ്ഗത്തിന്റെ പരിണാമം

ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭകാലത്തു മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെക്കുറിച്ച് ആർക്കും ഒരു ഉൽക്കണ്ഠയും ഇല്ലായിരുന്നു. ആധുനികശാസ്ത്രത്തിന്റെ അത്ഭുതസിദ്ധികളാണ് എല്ലാവരെയും ആകർഷിച്ചതു്. അനന്തമായ പുരോഗതിയുടെ കവാടങ്ങൾ തുറക്കപ്പെട്ടിരിക്കുകയാണെന്നു് എല്ലാവരും വിശ്വസിച്ചു. മനുഷ്യരാശി മുഴുവനും തന്നെ പാശ്ചാത്യസംസ്കാരത്തിന്റെ ആരാധകന്മാരായി; ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളും സമസ്തവും അതിൽ സന്നിവേശിച്ചു. ഒരു ചെറിയ പൗരസ്ത്യരാജ്യമായ ജപ്പാനിലെ ജനങ്ങൾപോലും പാശ്ചാത്യസംസ്കാരത്തിന്റെ സിദ്ധികൾ കൈവരിച്ചതുമൂലം സമാർജ്ജിച്ച ഉൽക്കർഷം കണ്ടു് എല്ലാവരും വിസ്മയംപൂണ്ടു. തങ്ങൾക്കും ആ നിലയിലെത്താമെന്നും, എത്രയുംവേഗം എത്തണമെന്നും, പൗരസ്ത്യജനങ്ങൾ മുഴുവനും നിശ്ചയിച്ചു. പക്ഷേ, അതിനിടയ്ക്കു് ഒന്നാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. തന്മൂലം വളരെ കഷ്ടതകൾ അനുഭവിക്കേണ്ടിവന്നെങ്കിലും പുരോഗതിയിലുള്ള വിശ്വാസം ആരും കൈവെടിഞ്ഞില്ല. ജർമ്മനിയും ഇംഗ്ലണ്ടും തമ്മിൽ ഒരു ബലപരീക്ഷ നടക്കുന്നു എന്നേ കരുതിയുള്ളൂ. എന്നു മാത്രമല്ല, ആ മഹാവിപത്തുതന്നെയും ഉൽക്കർഷത്തിനുള്ള ഒരു ഉത്തേജനമായിട്ടാണു് 'സുക്ഷ്മദർശനം' കണ്ടതു്. സ്വജനങ്ങളിൽ എത്രയോ ലക്ഷം അപമൃത്യുവിനു് ഇരയായെങ്കിലും അവർണ്ണരായ അന്യജാതിക്കാരുടെ മുമ്പിൽ തങ്ങളുടെ മേന്മയും പുരോഗതിയും സാമർത്ഥ്യവും പ്രദർശിപ്പിക്കാനുള്ള അവസരമായിരുന്നു അതെന്നു പാശ്ചാത്യരിൽ ചിലരെങ്കിലും കരുതിയിരിക്കാം. എന്തായാലും പാശ്ചാത്യർക്കു് അന്നത്തെ മഹാദുരിതങ്ങൾ സഹിച്ചതുകൊണ്ടു് എന്തെങ്കിലും ഹൃദയപരിവർത്തനമോ, മോഹഭംഗംപോലുമോ, ഉണ്ടായതായി കാണുന്നില്ല. ജയിച്ച രാഗക്കാർ തങ്ങളു

Digitized by Kerala Sahitya Akademi

ടെ പഴയ ലോകവീക്ഷണവും ആദർശങ്ങളും വർദ്ധിതവീര്യത്തോടെ വളർത്തുകയാണു് ഉണ്ടായതു്. ആഫ്രിക്കയിലും ഏഷ്യയിലും അങ്ങോളമിങ്ങോളം അവർ തങ്ങളുടെ പിടി മുറുക്കി. ചൈനയും ഇന്ത്യയും മദ്ധ്യപൂർവ്വദേശങ്ങളും എല്ലാം പിന്നെയും പാശ്ചാത്യശക്തികളുടെ സൈരവിഹാരത്തിനും ചൂഷണത്തിനും ഉള്ള രംഗങ്ങളായി. അവരിൽ ഓരോരുത്തരും താന്താങ്ങളുടെ സ്വാധീനമണ്ഡലങ്ങൾ അടയാളപ്പെടുത്തുകയും, ഭൂമുഖത്തെ മുഴുവനും വ്യാപാരസമരസൗകര്യങ്ങളെ മുൻനിർത്തി വീതിച്ചെടുക്കുകയും ചെയ്തു. മറ്റാരും അവിടെ കടന്നുചെന്നു് കച്ചവടം നടത്തുവാൻ പാടില്ല; അതിന്റെ അടുത്തെങ്ങും സേനാസങ്കേതങ്ങൾ ഉറപ്പിച്ചുകൂടാ; അനുവാദം കൂടാതെ സന്ദർശനത്തിനുപോലും അവിടെ പോകരുതു്, എന്നൊക്കെയുള്ള നിബന്ധനകൾ നിലവിൽവന്നു.

ഈ ഉർമോഹങ്ങളും ഉരഡികാരങ്ങളും എല്ലാം ഇന്നു് രാഷ്ട്രമര്യാദകളുടെയും സാവ്‌ലൗകികനിയമങ്ങളുടെയും നിലയിലേക്കു് ഉയർന്നിരിക്കുന്നതു കാണുമ്പോൾ അത്ഭുതം തോന്നുന്നു. ഒരു പൗരസ്ത്യരാജ്യത്തിനു് ആവശ്യമുള്ള സാധനങ്ങൾ ആരോടു വാങ്ങിക്കണമെന്ന നിശ്ചയിക്കേണ്ടതു് അവിടത്തെ ജനങ്ങളോ ഭരണാധികാരികളോ അല്ല; പ്രസ്തുത രാജ്യത്തെ തങ്ങളുടെ താൽപര്യമേഖലയായി കരുതുന്ന ഏതെങ്കിലും ഒരു പാശ്ചാത്യരാഷ്ട്രമാണു്. അവരുടെ നിശ്ചയത്തിനു വഴങ്ങിയില്ലെങ്കിൽ അതു ശത്രുതയുള്ള പ്രവൃത്തിയായി; പ്രതിഷേധമായി; ചോദ്യമായി; ശിക്ഷയായി. പൗരസ്ത്യദേശത്തിന്റെ പല ഭാഗത്തും അവരിങ്ങനെ മര്യാദ പഠിപ്പിക്കലും ശിക്ഷ നടത്തലും പോയിട്ടുണ്ടു്. ഈജിപ്തു് ചെക്കോസ്ലൊവാക്കിയയിൽ നിന്നു വിമാനം വാങ്ങിയതിനാണല്ലൊ ബ്രിട്ടനും ഫ്രാൻസുംകൂടി അവിടെയുള്ള ജനങ്ങളെ ശിക്ഷിച്ചതു്. ഇങ്ങനെ ചരിത്രത്തിന്റെ നാൽക്കവലകളിൽ നാട്ടുപട്ടമ്പികളെപ്പോലെ നിരന്നുനിന്നു സാധുക്കളായ വഴിപോക്കരെ ഹിംസിക്കുകയും, പരിഷ്കാരത്തെയും പുരോഗതിയെയും കുറിച്ചു പ്രസംഗിക്കുകയും ചെയ്യുന്ന ഈ വിചിത്രപാരമ്പ

Digitized by Kerala Sahitya Akademi

ര്യം ഇന്നും തുടരുകയാണു്. കൈവശമുള്ള ആയുധങ്ങളും മനസ്സിലുള്ള ദുരാഗ്രഹവും എന്തെന്നില്ലാതെ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. രണ്ടാംലോകമഹായുദ്ധവും അതേത്തുടർന്നുണ്ടായ പേരിരിവും പിരിമുറുക്കവും ശീതസമരവും ഇനി വരാൻപോകുന്ന കല്പാന്തവിസ്ഫോടനങ്ങളും എല്ലാം ഈ പാരമ്പര്യത്തിന്റെ 'പുരോഗതി'യെയാണു കാണിക്കുന്നതു്.

അനന്തമായ ഈ പുരോഗതി ഏകപക്ഷീയമായി ഇങ്ങനെ സംഭവിക്കുമ്പോഴും, മാംസത്തിന്റെ ദുസ്സഹപ്രപഞ്ചം യഥാർത്ഥമായിത്തീരുമാറു്, മനുഷ്യവർഗ്ഗം എന്തെന്നില്ലാതെ പെരുകിക്കൊണ്ടിരിക്കുന്നു. ജീവശരീരത്തിൽ അർബുദംപോലെയാണു്, ഭൂമുഖത്തു ജീവജാലത്തിന്റെ ഇടയ്ക്കു് മനുഷ്യന്റെ നിലയെന്നു ജൂലിയൻ ഹക്സ്ലി പറയുകയുണ്ടായി. ജീവശരീരം അതിസൂക്ഷ്മങ്ങളായ ഘടകങ്ങളാ (സെല്ലുകൾ) ലേർന്നുണ്ടായതാണെന്നു വസ്തുത സുവിദിതമാണല്ലോ. ഈ ഘടകങ്ങൾക്കു് പെരുകുവാനുള്ള കഴിവുണ്ടു്. എങ്കിലും ഓരോന്നും തോന്നിയപോലെ പെരുകുന്നില്ല. അവയുടെ എണ്ണം ആകെക്കൂടിയുള്ള ഒരു നിയന്ത്രണത്തിനു വിധേയമായി നില്ക്കുന്നു. അല്ലെങ്കിൽ വിരലു് ഉരലുപോലെയും ചെവി മുറംപോലെയും മറ്റും ആയിപ്പോകും. പക്ഷേ, ഈ നിയന്ത്രണം എപ്പോഴും വിജയപ്രദമാകണമെന്നില്ല. ചില ശരീരങ്ങളിൽ ചിലപ്പോൾ ഒരു ഭാഗത്തുള്ള സെല്ലുകൾ ഒരു നിയന്ത്രണവുമില്ലാതെ പെരുകുവാൻ തുടങ്ങും. അവ ഒരുമിച്ചു നിന്നാൽ കുരുവായും പരുവായും മുഴയായും ഗ്രന്ഥിയായും മറ്റുമുള്ള രൂപം പ്രാപിക്കുന്നു. പക്ഷേ, പലപ്പോഴും അവ ഇങ്ങനെ ഒരുമിച്ചു കൂടിനില്ക്കുന്നില്ല. വളരുവാനുള്ള സൗകര്യമനുസരിച്ചു് ഇതരശരീരഭാഗങ്ങളിലേക്കു വ്യാപിക്കുകയും അവയെ ആക്രമിക്കുകയും ചെയ്യുന്നതായി കാണാം. ചില ഘടകങ്ങൾ ഇങ്ങനെ നിയന്ത്രണംവിട്ടു പെരുകുകയും, ശരീരത്തെ മുഴുവനും അപകടത്തിലാക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷമാണു് അർബുദം.

Digitized by Kerala Sahitya Akademi

ഭൂമുഖത്തു് മനുഷ്യനൊപ്പമെത്തുന്ന ജീവജാലവും സാമാന്യമായിപ്പറഞ്ഞാൽ, ശരീരത്തിന്റെ ഘടകങ്ങളെപ്പോലെ, ചില പൊതുനിയന്ത്രണങ്ങൾക്കു് വിധേയമായിട്ടാണു് ജീവിച്ചുവരുന്നതു്. ഒരു ജാതിയും കണക്കറ്റു പെരുകുന്നതായോ, പെട്ടെന്നു നാമാവശേഷമാകുന്നതായോ നാം കാണുന്നില്ല. എന്നാൽ ഇക്കൂട്ടത്തിൽ ഒരു ജന്തുവർഗ്ഗം മാത്രമായ മനുഷ്യൻ കഴിഞ്ഞ ഒന്നോ രണ്ടോ ആയിരം വർഷങ്ങൾക്കിപ്പുറം സകല നിയന്ത്രണങ്ങളെയും ഭേദിച്ചുകളിക്കുകയാണു്. മുന്നൂറുവർഷം മുമ്പു ഭൂമിയിൽ ആകപ്പാടെ 4700 ലക്ഷം ജനങ്ങളെ ഉണ്ടായിരുന്നുള്ളു എന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിൽ മുമ്പൊരിക്കലും ജനസംഖ്യ ഇത്രയധികം കൂടിയിട്ടില്ലെന്നു് അനുമാനിക്കുവാനും ന്യായങ്ങളുണ്ടു്. ഇതു് പതിനാറാം നൂറ്റാണ്ടിന്റെ ആരംഭകാലത്തു് (നൂറ്റിയൻപതു വർഷങ്ങൾക്കുള്ളിൽ 8700 ലക്ഷമായി വർദ്ധിച്ചു. പിന്നെയും ഒരു 150 വർഷംകൂടി കഴിഞ്ഞപ്പോഴേക്കു് (1950–ൽ) ഇതു് 24000 ലക്ഷമായി. ഈ നൂറ്റാണ്ടിന്റെ അവസാനമാകുമ്പോഴേക്കു ഭൂമിയിൽ ആകെയുള്ള ജനസംഖ്യ 36000 ലക്ഷമാകുമെന്നാണു് ശാസ്ത്രജ്ഞന്മാർ കണക്കാക്കുന്നതു്.* ഈ കണക്കുകൾ ഒരു പട്ടികയായി താഴെ കൊടുക്കാം.

ക്രിസ്തുവർഷം	1650-ൽ	4700,00,000	ജനങ്ങൾ
ടി	1800—	8700,00,000	ടി
ടി	1900—	16000,00,000	ടി
ടി	1950—	24000,00,000	ടി
ടി	2000—	36000,00,000	ടി

മനുഷ്യൻ ജന്തുജാതികളുടെ ഇടയ്ക്കു് അർബുദംപോലെ വളർന്നിരിക്കുകയാണെന്നു പറയുന്നതു് അതിശയോ

* ഈ കണക്കും പ്രവചനവും തെറ്റാണെന്നു തെളിഞ്ഞു കഴിഞ്ഞു. 1968–ൽത്തന്നെ ലോകജനസംഖ്യ 360 കോടി എന്ന ഈ അളവിൽ എത്തുകയുണ്ടായി. ക്രിസ്തുവർഷം 2000–ൽ അതു് 600 കോടി (600,00,00,000) ആകുമെന്നാണു് ഇപ്പോഴത്തെ കണക്കു്.

Digitized by Kerala Sahitya Akademi

ക്കുതിയല്ല. ജനപ്പെരുപ്പത്തിന്റെ ഭയാനകത അല്പമൊന്നു് ആലോചിച്ചെങ്കിലേ മനസ്സിലാവുകയുള്ളു. ആണ്ടുതോറും 300 ലക്ഷം ജനങ്ങളാണു് അധികമായി ഭൂമിയിൽ ജീവിക്കേണ്ടിവരുന്നതു്. ഇങ്ങനെ കണക്കില്ലാതെ പെരുകുന്നതു മുഴുവനും ഇന്ത്യക്കാരും ചൈനക്കാരും ഏഷ്യയിലെ മറ്റു ജനങ്ങളുമാണെന്നു് ഒരു ധാരണയുണ്ടു്. മനുഷ്യരിൽ ഭൂരിഭാഗവും ജീവിക്കുന്നതു് ഏഷ്യയിലാണു്. അതുകൊണ്ടു് അധികമായുണ്ടാകുന്നവരിൽ ഭൂരിഭാഗവും അവർതന്നെ പക്ഷേ, ഇതിൽനിന്നു പെരുകുന്നതിന്റെ നിരക്കു് അവരുടെ ഇടയ്ക്കാണു കൂടിനില്ക്കുന്നതെന്നു കരുതുന്നതു തെറ്റാണു്. 1800–ാമാണ്ടു മുതല്ക്കു 1950 വരെ നോക്കുകയാണെങ്കിൽ, ജനങ്ങളം പെരുകുന്നതിന്റെ നിരക്കു് ഇന്ത്യയിലേക്കാളും യൂറോപ്പിലാണു മുന്തിനില്ക്കുന്നതെന്നു കാണാം. വിശേഷിച്ചും ആംഗ്ലോസാക്സൺവർഗ്ഗക്കാരുടെ ഇടയ്ക്കു്. ഇക്കാര്യത്തിൽ ഭൂമിയിലെ മറ്റു മിക്ക വർഗ്ഗങ്ങളെയും അവർ അധഃകരിക്കുന്നു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഭൂപടം പലപല വർണ്ണത്തിൽ വേർതിരിച്ചു് അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും, രാഷ്ട്രതന്ത്രം മനുഷ്യരാശിയെ ഭിന്നസമൂഹങ്ങളായി സങ്കല്പിച്ചു് ലോകകാര്യങ്ങളും പര്യാലോചിക്കുന്നെങ്കിലും, അർബുദംപോലെ പെരുകിയിരിക്കുന്ന ഈ ജനങ്ങളെല്ലാം ഭൂമിയിൽ ആകെയുള്ള വിഭവങ്ങളെ ആശ്രയിച്ചു ജീവിക്കേണ്ടിയിരിക്കുന്ന പരലോകത്തേക്കല്ലാതെ മറെറങ്ങോട്ടും ആരെയും പറഞ്ഞയയ്ക്കാൻ സാദ്ധ്യമല്ല. ഇതുമൂലമുള്ള വിഷമങ്ങളാണു് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. രോഗലക്ഷണത്തിൽ മാത്രമല്ല, ചികിത്സാരീതിയിലും ഇന്നത്തെ ലോകസ്ഥിതിക്കു് അർബുദത്തോടു സാമ്യമുണ്ടു്. നിയന്ത്രണമില്ലാതെ പെരുകുന്ന അർബുദകോശങ്ങളെ നശിപ്പിക്കുന്നതിനു് റേഡിയം ഉപയോഗിക്കാറുണ്ടല്ലോ. അർബുദം ബാധിച്ച ശരീരഭാഗത്തു് റേഡിയംസൂചികകം തറച്ചുവെക്കുകയാണു പതിവു്. അവയിൽനിന്നുളവാകുന്ന ശക്തിപ്രസരം അർബുദകോശങ്ങളെ ഹനിക്കുന്നു. ഈ ശക്തിപ്രസരംത

Digitized by Kerala Sahitya Akademi

ന്നെയാണ് ഇന്നിപ്പോൾ ആറ്റംബോംബും ഹൈഡ്രജൻ ബോംബും പൊട്ടിക്കുന്നതുമൂലം ഭീമമായ അളവിൽ മനുഷ്യരുടെ ഇടയ്ക്കു വീണുകൊണ്ടിരിക്കുന്നത്. ഇതുവരെ നടന്ന പരീക്ഷണങ്ങളുടെ ഫലമായിത്തന്നെ ഒരു ടൺ റേഡിയത്തിൽനിന്നു പ്രസരിക്കുന്നതിനു തുല്യമായ ശക്തിപ്രസരം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതു്. അർബുദത്തിന്റെ ചികിത്സയ്ക്കുവേണ്ടി ഭൂമിയിൽ ആകപ്പാടെ ഒരു റാത്തൽ റേഡിയംപോലും ഉണ്ടാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. അതുതന്നെയും എത്രയോ സ്ഥലങ്ങളിലായി എടുക്കുന്നവക്കും കൊടുക്കുന്നവക്കും ആപത്തുണ്ടാകാതെയാണ് സൂക്ഷിച്ചിരിക്കുന്നതു്. അപ്പോൾ ഒരു ടൺ റേഡിയത്തിൽനിന്നു പ്രസരിക്കുന്നതിനു തുല്യമായ മാരകതേജസ്സു് ഭൂഖണ്ഡത്തു പരത്തുന്ന ഇന്നത്തെ ഈ ആയുധപരീക്ഷണങ്ങളും മനുഷ്യരാശിക്കു് എത്രമേൽ ആപൽക്കരമാണെന്നു് ഊഹിക്കാവുന്നതാണു്. അർബുദത്തിനു് റേഡിയമെന്നപോലെ ജനപ്പെരുപ്പത്തിനു് ആറ്റംബോംബെന്നാണു് ചികിത്സ! ഇങ്ങനെ പെരുകിപ്പെരുകി ജീവജാലത്തിനിടയ്ക്കു് ഒരു രോഗമായിത്തീർന്ന, സ്വയം നശിക്കുവാൻ തുടങ്ങുന്ന മനുഷ്യൻ എന്ന വിചിത്രമായ ഈ പ്രതിഭാസം എന്തായിരിക്കാം.

നമുക്കു് ആദ്യമായി ആധുനികശാസ്ത്രം നല്കുന്ന വ്യാഖ്യാനംതന്നെ പരിശോധിക്കാം.

"നാം വഴിപിഴച്ച ഒരു ശകലം നക്ഷത്രവസ്തുവാണു്" എന്നു് പ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞനായ ആർതർ എഡിങ്ടൺ ഒരിക്കൽ പറയുകയുണ്ടായി. നക്ഷത്രങ്ങളും അവയിൽനിന്നു ജനിക്കുന്ന തേജസ്സുമാണു് ഈ പ്രപഞ്ചത്തിലെ മുഖ്യ ഘടകങ്ങളും. വസ്തുവെന്നും ശക്തിയെന്നും പറയുന്ന ഈ സത്തകളുടെ ദ്വന്ദ്വഭാവം മാഞ്ഞുകഴിഞ്ഞു ഇതു രണ്ടും ഒരേ സത്തയുടെ രണ്ടു രൂപങ്ങളും മാത്രമാണു്. വസ്തു കത്തിയെരിഞ്ഞാണു തേജസ്സാകുന്നതു്. ഈ ദഹനകർമ്മം നടക്കുന്ന വേദികളാണു് നക്ഷത്രങ്ങളും. പ്രപഞ്ചത്തിന്റെ വിസ്തൃതിയിൽ അവ എരിഞ്ഞുകൊണ്ടിരിക്കുന്നു. എണ്ണമറ്റ ഈ നക്ഷത്രങ്ങളിൽ മറ്റെണ്ണം

Digitized by Kerala Sahitya Akademi

മാത്രമാണു് സൂര്യൻ. അതിലുള്ള വസ്തു മുഴുവനും എരി ഞ്ഞെരിഞ്ഞു തേജസ്സായി രൂപാന്തരപ്പെടുവാനുള്ളതായി രുന്നു. പക്ഷേ, ചില ചെറിയ അംശങ്ങൾമാത്രം വഴിപി ഴച്ചുപോയി. അവ സൂര്യനിൽനിന്നു വേർപെട്ട ഗ്രഹങ്ങ ളായി. ഇവയിലൊന്നാണു് നമ്മുടെ ഭൂമി. അതു്, സൂര്യ നിൽനിന്നു് അധികം അകന്നുപോകാഞ്ഞതുകൊണ്ടു തീരെ തണുത്തു മരവിച്ചില്ല. ഈ സ്ഥിതിവിശേഷം മൂലമാണു് ഭൂമിയുടെ ഉപരിതലത്തിൽ ധാതുവസ്തുക്കളുടെ സങ്കലനത്തിനുള്ള സൗകര്യം ഉണ്ടായതു്. നൂറു ലക്ഷം നൂറായിരംകോടി വർഷങ്ങൾക്കുമുമ്പു ഭൂതലത്തിൽ സംഭവിച്ച വിചിത്ര മായ ഈ രാസയോഗം പ്രത്യുൽപാദനശക്തിയുള്ള സങ്കീ ർണ്ണപദാർത്ഥങ്ങളെ ജനിപ്പിച്ചു. ഇവയാണു് ആദ്യത്തെ ജീവികൾ. ഈ സംഭവങ്ങളെല്ലാം സൂര്യനിലുണ്ടായിരു ന്ന നക്ഷത്രവസ്തുവിൽ ഒരംശം യാദൃച്ഛികമായി വേർപെ ട്ടു് വഴിതെറ്റിപ്പോയതുകൊണ്ടു് ഉണ്ടായതാണെന്നു പ്ര ത്യേകിച്ചു പറയേണ്ടതില്ലല്ലോ.

നൂറുകോടി വർഷങ്ങൾക്കുമുമ്പു് ഭൂമിയിലുണ്ടായ അണു മാത്രജീവികൾ പില്ക്കാലത്തു പലപല പരിവർത്തനങ്ങൾ ക്കും വിധേയമായി. പുറുപാടുകൾക്കു് അടിക്കടി സംഭ വിച്ച മാറ്റങ്ങളാണു് അവയെ ഇങ്ങനെ പരിണമിപ്പി ച്ചതു്. അതിദീർഘവും അനന്യസ്തവുമായ ഈ പരിവർത്ത നങ്ങളുടെ ഫലമായി ഇന്നു കാണുന്ന പലതരം സസ്യ ങ്ങളും ജന്തുക്കളും ഉണ്ടായി. ഈ പരിണാമമൊന്നും ആർക്കും കാണുവാൻ സാധിച്ചിട്ടില്ലെങ്കിലും അതിന്റെ പരിപാ ടികൾ ഏറെക്കുറെ വിശദമായിത്തന്നെ അനുമാനിക്കു വാൻ ശാസ്ത്രജ്ഞന്മാർക്കു സാധിച്ചിട്ടുണ്ടു്. ഇങ്ങനെ ഉണ്ടായ ഒരു ജന്തുവാണു് മനുഷ്യൻ.

ഈ ജന്തുവിന്റെ പരിണാമചരിത്രം പലതുകൊണ്ടും രസാവഹമാണു്. തോടുപൊതിഞ്ഞ മുട്ടയിട്ടു് പ്രത്യുൽ പാദനം നിർവ്വഹിക്കുന്ന സമ്പ്രദായം ഉപേക്ഷിച്ചു്, കുഞ്ഞു ങ്ങളെ കുറച്ചുകാലം ഗർഭത്തിൽ സംരക്ഷിച്ചു്, ജീവനോടെ പ്രസവിച്ചു മുലകൊടുത്തു വളർത്തുന്ന രോമാവൃതമായ ജന്തു ക്കളുടെ കൂട്ടത്തിൽപ്പെട്ടതാണു് മനുഷ്യൻ. ഈ ജന്തുവിഭാഗ

Digitized by Kerala Sahitya Akademi

ത്തിന്റെ ഉത്ഭവം ഏകദേശം ആയിരം ലക്ഷം വർഷങ്ങൾക്കുമുമ്പാണു്. അന്നത്തെ നിലയ്ക്കു പ്രത്യുൽപാദനസമ്പ്രദായത്തിൽ സിദ്ധിച്ച ഈ പുതുമ ഒരു വലിയ അനുഗ്രഹമായിരുന്നു. അതു് ഈ ജന്തുവിഭാഗത്തെ വിജയപൂർവ്വം പെരുകുവാനും, ഭൂമുഖത്തു നാനാദിക്കിലും വ്യാപിക്കുവാനും സഹായിച്ചു. ഭിന്നമായ ചുറ്റുപാടുകൾക്കു് അനുയോജ്യമായ വിധത്തിൽ അവയുടെ ഇടയ്ക്കു് അവാന്തരവിഭാഗങ്ങളുണ്ടായി. ചിലതു് ജലജീവിതത്തിനു് സമർത്ഥങ്ങളായി. തിമിംഗലം, കടൽപശു എന്നിവ ഇങ്ങനെയാണു് ഉണ്ടായതു്. മറുചിലതു് നീണ്ട കാലും കുളമ്പും സമ്പാദിച്ചു് ഓട്ടത്തിൽ വിദഗ്ധരായി. വേറെ ചിലതു് ഇക്കൂട്ടരുടെ പുറകെ ഓടി കുതിച്ചുചാടി പുറത്തുകയറി കടിച്ചു കീറുന്ന ഹിംസ്രമൃഗങ്ങളായിത്തീർന്നു. പിന്നെപ്പിലതു മാന്തുവാനും തുരക്കുവാനും കരണ്ടുതിന്നുവാനും ഉള്ള കഴിവാണു സമ്പാദിച്ചതു്. ഒരുകൂട്ടർ പറക്കുവാനും സമർത്ഥരായി. ഇതാണു് വാവൽ. ഈ അവാന്തരവിഭാഗങ്ങളെല്ലാം ഇരുപതു ലക്ഷം വർഷങ്ങൾക്കു മുമ്പുതന്നെ ഉണ്ടായിക്കഴിഞ്ഞതായിട്ടാണു കാണുന്നതു്. കൊമ്പും കുളമ്പും പല്ലും നഖങ്ങളും തുഴയും ചിറകും എല്ലാം വളർത്തി വളരെ വേഗം (ഭൂമിയുടെ ചരിത്രത്തിൽ ഇരുപതുലക്ഷം വർഷങ്ങൾ 'വളരെ വേഗ'മാണു്) വിജയം നേടിയ സ്തനന്ധയജന്തുക്കളുടെ കൂട്ടത്തിൽ, അന്നൊക്കെ തീരെ അപ്രധാനമായിക്കഴിഞ്ഞിരുന്ന ഒരു ഉപവിഭാഗം, നിലത്തു നടന്നാൽ ശത്രുക്കളെക്കൊണ്ടു് പൊറുതിയില്ലെന്നു കണ്ടു് മരത്തിൽ കയറുവാൻ നിർബ്ബന്ധിതമായി. വലിയ വലിയ ഇഴജന്തുക്കളായിരുന്നു മുഖ്യ ശത്രുക്കൾ. അവയ്ക്കു് മരത്തിൽ കയറുവാൻ കഴിഞ്ഞില്ല. പണ്ടു പക്ഷികളും ഇതേ രക്ഷാമാർഗ്ഗം സ്വീകരിച്ചതാണു്. പക്ഷേ, അവ മുൻകാലുകളെ ചിറകുകളായി രൂപാന്തരപ്പെടുത്തിയാണു് അതു സാധിച്ചതു്. മരത്തിൽ കയറിയ സസ്തനജന്തുക്കൾക്കു് ഇങ്ങനെയൊരു പരിഷ്കാരം ഉണ്ടായില്ല. അതു വലിയ ഭോഗ്യരായെന്നു പറയാതെ തരമില്ല. ചിറകായി പരിഷ്കരിക്കപ്പെട്ട കൈ മറെറാന്നിനും കൊള്ളുകയില്ല. പറ

Digitized by Kerala Sahitya Akademi

ക്കാരമന്നല്ലാതെ അതുകൊണ്ടു് മറെറാരു പ്രയോജനവുമി ല്ല. കളമ്പായും നഖങ്ങളായും തുഴകളായും മറും രൂപാന്തര പ്പെട്ട കൈകളുടെ കഥയും ഇതുതന്നെയാണു്. പശുവിനും കുതിരയ്ക്കും മറും കൈകാലുകളും ഉപയോഗിച്ചു് ഓടാതെ ന്നല്ലാതെ ഒന്നും ചൊറിയുവാൻപോലും കഴിവില്ലല്ലോ.

മരത്തിൽ അഭയംപ്രാപിച്ച സസ്തനജന്തുക്കളും കൈ യുകളും ചുററിപ്പിടിക്കുന്നതിനാണു് ഉപയോഗിച്ചതു്. അതിലെ അഞ്ചു വിരലുകളും പുഷ്ടിപ്പെട്ടതല്ലാതെ ഒന്നും തേഞ്ഞുമാഞ്ഞുപോയില്ല. പിൽക്കാലത്തു് അത്യുത്കടമായ എത്രയോ കൃത്യങ്ങളും ചെയ്യുന്നതിനും, ഇതര ജന്തുക്ക ളെയെല്ലാം അധീകരിക്കുന്ന വൈഭവങ്ങളും നേടുവാനും ഈ കൈയുകളും സഹായിച്ചു. നിലത്തുനിന്നു മേലോട്ടു നീങ്ങിയതോടെ ഈ ജന്തുക്കളുടെ ബോധേന്ദ്രിയങ്ങൾക്കു വലിയ പരിവർത്തനങ്ങളുണ്ടായി. ഇക്കൂട്ടത്തിൽ ഏറവും പ്രധാനമായുള്ളതു മൂക്കിന്റെയും കണ്ണിന്റെയും കാര്യമാ ണു്. വൃക്ഷജീവിതം ഘ്രാണശക്തിയെ എന്തെന്നില്ലാതെ ക്ഷയിപ്പിക്കുകയാണുണ്ടായതു്. ഇതിൽ അതിശയിക്കാ നില്ല. ഗന്ധങ്ങൾ വായുവിലൂടെയാണു് വ്യാപിക്കുന്ന തു്. അതിനു് അല്പമൊരു ഈർപ്പവും ആവശ്യമാണു്. നിലത്തുനിന്നു് അകലുംതോറും മണംപിടിക്കുന്നതു് കൂടുതൽ കൂടുതൽ പ്രയാസമായിത്തീരുന്നു. നിലത്തു നട ക്കുന്ന കുറുക്കനും, വേട്ടപ്പട്ടികളും പെണ്ണാടുകളും മറും മണം പിടിച്ചാണു് ഇരതേടുന്നതു്. ഈർപ്പം കൂടുതലുള്ള രാത്രികാ ലത്താണു് അവ സഞ്ചരിക്കുന്നതും. ഈ ജന്തുക്കൾ തിന്നു ന്നതുപോലെയുള്ള ഇരയെ ആശ്രയിച്ചു കഴിയുന്ന കഴുകൻ മുതലായ പക്ഷികളും മണംകൊണ്ടല്ല, കാഴ്ചകൊണ്ടാണു് ആഹാരത്തിനുള്ള വക തേടുന്നതു്. അവ പറക്കുന്ന ആ ഉയരത്തിൽ മണം എത്തുകയില്ല. മരത്തിൽ അഭയം തേടിയ സസ്തനജന്തുക്കളുടെ കാര്യത്തിലും ഇങ്ങനെ യൊരു വൈഷമ്യം വന്നുകൂടി.

വാസ്തവത്തിൽ, പരിണാമത്തിന്റെ ഗതിയിൽ പൊതുവേതന്നെ, ഘ്രാണശക്തിക്കു തുടരെ ക്ഷയം സംഭ വിച്ചിട്ടുണ്ടു്. സ്പർശം, സ്വാദനം, ഘ്രാണനം, ശ്രവണം,

Digitized by Kerala Sahitya Akademi

ദർശനം എന്നീ മുറയ്ക്കാണ് ജന്തുലോകത്തിൽ ബോധേന്ദ്രിയങ്ങളും ആവിർഭവിച്ചിട്ടുള്ളത്. പിൽക്കാലത്തുണ്ടായ ജന്തുവിഭാഗങ്ങളിൽ ആദ്യം പറഞ്ഞ ഇന്ദ്രിയബോധങ്ങളും ക്ഷയിച്ചുവരുന്നതായും ഒടുവിൽ പറഞ്ഞവ പുഷ്ടിപ്പെട്ടുവരുന്നതായും കാണാം. സ്പർശബോധത്തിനു സാമീപ്യം പോരാ, സമ്പർക്കംതന്നെ ആവശ്യമാണ്. സ്വാദറിയുന്നതിനും അതു വേണം; പക്ഷേ, അല്പം അകന്നുനിന്നാലും അതു് അറിഞ്ഞെന്നു വരാം. കടൽക്കരയിൽ നില്ക്കുമ്പോഴത്തന്നെ, ചിലപ്പോൾ നമ്മുടെ നാക്കിൽ ഉപ്പിന്റെ രസം ഉണ്ടാകാറുണ്ട്. മണം കുറേക്കൂടി അകലത്തിൽ വ്യാപിക്കും. പക്ഷേ, അവിടെയും ഘ്രാണിക്കപ്പെടുന്ന വസ്തുവിന്റെ അണുക്കൾ വായുവിലൂടെ പ്രസരിച്ചു മൂക്കിനകത്തു വന്നെത്തേണ്ടിയിരിക്കുന്നു. ശ്രവണശക്തിക്കു് ഇങ്ങനെയൊരു പരിമിതിയില്ല. അവിടെ വായുവിലൂടെ വരുന്ന വസ്തുക്കളല്ല, ക്ഷോഭങ്ങളാണു് ശബ്ദബോധം ജനിപ്പിക്കുന്നതു്. അതുകൊണ്ടു് അതു കുറേക്കൂടി അകലെനിന്നും ഗ്രഹിക്കാവുന്നതാണു്. കാഴ്ചയുടെ കാര്യത്തിൽ ഈ പരിമിതികളൊന്നുമില്ല. അതിനു വസ്തുവിന്റെ അണുക്കളോ, വായുമണ്ഡലത്തിന്റെ ക്ഷോഭങ്ങളോ ഒന്നും ആവശ്യമില്ല. വായുമണ്ഡലംപോലും വേണ്ട. ശുദ്ധശൂന്യതയിലൂടെ അങ്ങേയറ്റത്തെ വേഗത്തിൽ സഞ്ചരിക്കുന്ന പ്രകാശമാണു് അതിന്റെ ആസ്പദം. (മണിക്കൂറിൽ 6696,00,000 മൈൽ വേഗം)

മരത്തിൽക്കയറിയ സസ്തനജന്തുക്കളും നിലത്തു നടന്ന നീണ്ട മോന്തയുള്ള ബന്ധുക്കളെപ്പോലെ ഘ്രാണശക്തിയെ ആശ്രയിക്കാതെ ദർശനശക്തിയെ പുഷ്ടിപ്പെടുത്തുവാൻ ഇടയായതും, പരിണാമമാർഗ്ഗത്തിലുണ്ടായ ഒരു മഹാഭാഗ്യമായിരുന്നു. മരക്കൊമ്പുകളിലെ ജീവിതത്തിൽ നേരിടേണ്ടിവന്ന പുതിയ പ്രശ്നങ്ങളാണു് അത്ഭുതകരമായ ഈ ഇന്ദ്രിയത്തെ ശക്തിമത്താക്കിയതു്. ഒരു കൊമ്പിൽനിന്നു് മറ്റൊന്നിലേക്കു ചാടുമ്പോൾ ലക്ഷ്യം പിഴയ്ക്കാതിരിക്കുന്നതിനു രണ്ടു കണ്ണുകൾ തമ്മിലുള്ള അകലം അതിസൂക്ഷ്മമായി അനുമാനിക്കേണ്ടതു് അത്യാവശ്യമാണു്.

Digitized by Kerala Sahitya Akademi

മൂക്കിന്റെ പ്രാമാണ്യംകൊണ്ടുണ്ടാകുന്ന നീണ്ട മോന്തയുടെ ഇരുവശത്തുമുള്ള കണ്ണുകൊണ്ടു ദൂരം നിർണ്ണയിക്കുവാൻ സാധ്യമല്ല. പക്ഷേ, ഘ്രാണശക്തി ക്ഷയിച്ചപ്പോൾ മോന്ത കുറുകി; മുഖം പരന്നു; കണ്ണു രണ്ടും മുന്നോട്ടു ലക്ഷ്യീകൃതങ്ങളായി. രണ്ടു കണ്ണും ഒരേ സ്ഥാനത്തു് ഉറപ്പിക്കുന്നതിനു് ആവശ്യമായ ആകാശത്തെ ആ സ്ഥാനത്തിന്റെ അകലത്തെക്കുറിച്ചുള്ള ബോധമായി രൂപാന്തരപ്പെടുത്തുവാൻ ഈ ജന്തുക്കൾക്കു കഴിഞ്ഞു. രണ്ടു കണ്ണും ഒരേ സ്ഥാനത്തു ലക്ഷ്യീകൃതമാകുന്നതിന്റെ മേന്മ ഇതാണു്. ഈ കൂപ്പിച്ചുനോട്ടത്തിനുള്ള കഴിവു് ജന്തുലോകത്തിൽ മരപ്പൊടികൊക്കാണു് ആദ്യമായി ലഭിച്ചതു്. മരപ്പൊത്തിനുള്ളിലിരുന്നിഞ്ഞിരയ്ക്കുകൊണ്ടാണു് അതു ലഭിച്ചതും.

വൃക്ഷജീവിതത്തിന്റെ വൈഷമ്യങ്ങൾകൊണ്ടു് അവയ്ക്കു വേറെയും പരിഷ്കാരങ്ങളുണ്ടായി. നിലത്തു ജീവിച്ച അവയുടെ പൂർവികന്മാർ ഏറിയകൂറും ശലഭങ്ങളെയാണു് തിന്നുവന്നതു്. പക്ഷേ, മരക്കൊമ്പുകളിൽ അത്ര വളരെ ശലഭങ്ങളെയും പെറുപ്രാണികളെയും കിട്ടുകയില്ല. അതുകൊണ്ടു് ഈ സസ്തനജന്തുക്കൾ കായ്കനികൾ ഭുജിച്ചുതുടങ്ങി. അവയുടെ പല്ലുകൾക്കു കളമ്പുമൃഗങ്ങളുടെയും ഹിംസ്രജന്തുക്കളുടെയും രീതിയിലുള്ള പരിഷ്കാരങ്ങൾ സംഭവിക്കാഞ്ഞതിന്റെ കാരണം ഇതാണു്. കാന്നതിനുവാനും, കൊറിക്കുവാനും, ചവച്ചരയ്ക്കുവാനും ഒക്കെ ഉപകരിക്കുന്ന ദന്തപങ്ക്തികളാണു് അവയ്ക്കുള്ളതു്. ഹിംസ്രജന്തുക്കളുടെ കത്രികപ്പല്ലുകളും കന്നുകാലികളുടെ തിരികല്ലുപോലെയുള്ള പല്ലുകളും അവയ്ക്കുണ്ടായില്ല.

സന്താനങ്ങളുടെ എണ്ണം കുറഞ്ഞതാണു് മറ്റൊരു പരിഷ്കാരം. മരത്തിൽ ചാടി നടക്കുമ്പോൾ ഒന്നിലധികം സന്താനങ്ങൾ ഒരു ഭാരമാണു്. ഒരേ ഗർഭത്തിൽ ഒന്നിലധികം ഭ്രൂണങ്ങളില്ലെങ്കിൽ അവക്രാന്തി (ഭ്രൂണത്തിന്റെ വളർച്ച) മന്ദഗതിയിലാകുന്നു. ഇതും മരത്തിൽ കയറിയ സസ്തനജന്തുക്കളുടെ ഭാവിപരിണാമത്തെ സാരമായി ബാധിക്കുകയുണ്ടായി. എങ്ങനെയെന്നു വഴിയേ പറയാം.

Digitized by Kerala Sahitya Akademi

മരത്തിൽ ചാടിനടന്ന ഈ ജന്തുക്കളിൽനിന്നാണ് മനുഷ്യൻ ഉണ്ടായത്. ഏകദേശം പത്തു ലക്ഷം വർഷങ്ങൾക്കുമുമ്പ്, കാട്ടുപ്രദേശങ്ങൾ കുറയുകയും തണുപ്പു വർദ്ധിക്കുകയും ചെയ്തതോടെ മരങ്ങൊടികൾ തറയിലിറങ്ങി ജീവിക്കുവാൻ നിർബ്ബന്ധിതരായി. ഇത് എവിടെയാണ് ആദ്യം സംഭവിച്ചതെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ട് ജന്തുശാസ്ത്രജ്ഞന്മാർ മനുഷ്യന്റെ ശരീരഘടനയിൽ ഉഷ്ണമേഖലയിലെ പാരമ്പര്യലക്ഷണങ്ങളാണ് കാണുന്നത്. നീണ്ടു മെലിഞ്ഞ ശരീരം, രോമഹീനത എന്നിവയെല്ലാം ഉഷ്ണമേഖലയിലെ ജന്തുക്കളുടെ ലക്ഷണങ്ങളാണ്. പക്ഷേ, നരവംശശാസ്ത്രജ്ഞന്മാർ മനുഷ്യന്റെ ഉത്ഭവം ശീതമേഖലയിലായിരുന്നുഎന്നാണ് അഭ്യൂഹിക്കുന്നത്. തീ, വസ്ത്രം, ആയുധങ്ങൾ എന്നിവയുടെ ഉപയോഗം കണ്ടുപിടിക്കുന്നതിനുള്ള ആവശ്യം ശീതമേഖലയിലാണെന്നുള്ളതുതന്നെയാണ്. തണുപ്പിൽനിന്നു രക്ഷനേടുന്നതിനും അന്യജന്തുക്കളെ വേട്ടയാടുന്നതിനുംവേണ്ടിയാണ് ഈ കണ്ടുപിടുത്തങ്ങൾ ഉണ്ടായത്. ഉഷ്ണമേഖലയിൽ തണുപ്പിന്റെ ശല്യമില്ല; തിന്നാൻ കായ്കനികളും കിട്ടും.

ഈ രണ്ടു വാദങ്ങളും പൊരുത്തപ്പെടുത്താവുന്നവയാണ്. ശരീരഘടനയിൽ കാണുന്നത് കുറെക്കൂടി പ്രാചീനമായ പാരമ്പര്യലക്ഷണങ്ങളാണ്; മറ്റത് താരതമ്യേന ആധുനികവും. ഈ ജന്തുവർഗ്ഗം ഉഷ്ണമേഖലയിലുണ്ടായ പരിണാമത്തിന്റെ ഫലമാണെങ്കിലും, വടക്ക് ധ്രുവപ്രദേശത്തിന്റെ നേർക്ക് വ്യാപിച്ചതിനിടയ്ക്ക് ഭൂമിയിൽക്കൂടക്കൂടെ ഉണ്ടാകാറുള്ള കടുത്ത ഹിമദശകളിൽ കുടുങ്ങിപ്പോവുകയും, തന്മൂലമുണ്ടായ പ്രയാസങ്ങളിൽനിന്നു രക്ഷനേടുന്നതിനു് ഇപ്പറഞ്ഞ ഉപകരണങ്ങൾ കണ്ടുപിടിക്കുവാൻ നിർബ്ബന്ധിതമാവുകയും ചെയ്തു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ശരീരഘടനയിലും മുഖലക്ഷണങ്ങളിലും മറ്റും വാനരങ്ങളെ അപേക്ഷിച്ചു മനുഷ്യനിൽ കാണുന്ന വ്യത്യാസങ്ങൾ എങ്ങനെ വന്നുകൂടി എന്നതിനെക്കുറിച്ചും ജന്തുശാസ്ത്രജ്ഞന്മാർ ചിന്തിച്ചിട്ടുണ്ട്. പഴയ ജന്തുവർഗ്ഗങ്ങളിൽ

Digitized by Kerala Sahitya Akademi

നിന്ന പുതിയ ജന്തുവർഗ്ഗങ്ങൾ ഉണ്ടാകുന്നതിന് ഉപകരിച്ചിട്ടുള്ള ഉപായങ്ങളിൽ ഒരെണ്ണം ഇക്കാര്യത്തിൽ അതിപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ടെന്നാണ് അവർ കരുതുന്നത്. അതു് എന്തെന്നു പറയാം. വളർച്ചയുടെ ഗതി മന്ദീഭവിക്കുക എന്ന ഉപായമാണിതു്. ഓരോ ജന്തുവിനും ഗർഭോൽപത്തിമുതൽ മരണംവരെയുള്ള ആയുസ്സിൽ ഭ്രൂണദശ, ശൈശവം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിങ്ങനെ വിവിധ ദശകളുണ്ടല്ലൊ. ഓരോ ദശയുടെയും കാലദൈർഘ്യം ഓരോ ജന്തുവർഗ്ഗത്തിലും ഓരോന്നാണു്. മുലപ്പാലുള്ള ജന്തുക്കളുടെ ഇ-യ്യു് ആകെയുള്ള ആയുസ്സും ഭ്രൂണശൈശവകൗമാരദശകളും തമ്മിലുള്ള അനുപാതം ഏറ്റവും കൂടിനില്ക്കുന്നതു മനുഷ്യന്റെ കാര്യത്തിലാണു്. മറ്റുള്ള ജന്തുക്കളെ അപേക്ഷിച്ചു് വളരെ പതുക്കെയാണു് മനുഷ്യൻ തന്റേടം പ്രാപിക്കുന്നതെന്നു ചുരുക്കം. ആംഗ്ലേയരുടെ താരതമ്യപ്പെടുത്തിയാൽപ്പോലും ഈ വ്യത്യാസം പ്രകടമായിക്കാണാവുന്നതാണു്. ഗിബൺ എന്ന ജാതി കുരങ്ങിന്റെ ഗർഭദശ 200 ദിവസമാണു്. ആറുമാസമേ അതു കൈക്കുഞ്ഞായി കഴിയുന്നുള്ളു. ആറാമത്തെ മാസത്തിൽ അതു നടക്കാൻ പഠിക്കുന്നു. കഷ്ടിച്ചു് ഒരു കൊല്ലത്തോളമേ മുലകുടിക്കുന്നുള്ളു. പതിനെട്ടു മാസംകൊണ്ടു് തൻകാര്യം നോക്കുവാൻ പ്രാപ്തിനേടുകയും ചെയ്യുന്നു. പത്താമത്തെ വയസ്സിൽത്തന്നെ അതിനു പ്രത്യുൽപാദനശക്തി ലഭിക്കും. ആകെ ആയുസ്സു് 45 വർഷമാണെന്നാണു കാണുന്നതു്. മനുഷ്യന്റെ കാര്യത്തിൽ ഭ്രൂണദശ ഇരുനൂറ്റി എഴുപതു ദിവസം. കൈക്കുഞ്ഞായി ഒരു വർഷം, നടക്കുന്നതിനു പതിനെട്ടു മാസം, മുലകുടി രണ്ടു വർഷം, തൻകാര്യം നോക്കുവാൻ എട്ടു വർഷം, പ്രത്യുൽപാദനശക്തിക്കു് പന്ത്രണ്ടു്—പതിനാലു് വർഷം, ആയുസ്സു് അറുപതു്—എഴുപതു് വർഷം എന്നാണു ശരാശരി കണക്കു്. (ആയുസ്സിന്റെ ദൈർഘ്യം പ്രത്യേക സംരക്ഷണംകൊണ്ടുകൂടി ഉണ്ടാകുന്നതാണു്). ഈ ജീവിതചക്രത്തിൽ ആദ്യദശകം താരതമ്യേന കൂടുതൽ ദീർഘമായിത്തീർന്നിട്ടുണ്ടെന്നുള്ളതു നിസ്സാരക്കാര്യമാണു്.

Digitized by Kerala Sahitya Akademi

ഇങ്ങനെ വിചാരിക്കുന്നതിനു പ്രത്യക്ഷമായ തെളിവുകളുണ്ട്. മനുഷ്യനു മുതിർന്ന വാനരങ്ങളോടുള്ളതിൽ കൂടുതൽ സാദൃശ്യം അവയുടെ ഭ്രൂണങ്ങളോടും ശിശുക്കളോടുമാണു്. മുഖപ്രകൃതി, തൊലിയുടെ രോമഹീനത, അവയവങ്ങളുടെ ആകൃതി, ശിരോഗോളത്തിന്റെ വലിപ്പം എന്നിവയിലെല്ലാം ഇതു കാണാവുന്നതാണു്. വാനരജീവിതത്തെ വലിച്ചുനീട്ടി, ആദ്യദശകംകൊണ്ടുതന്നെ ഒരു ആയുഷ്പരിധി തികച്ചുതാണു് മനുഷ്യൻ എന്നു പറയാം. ഒടുവിലത്തെ ദശകം മാഞ്ഞുപോയി, ഏഴദ്ധ്യായങ്ങളുള്ള ഒരു പഴയ പുസ്തകമെടുത്തു്, ആദ്യത്തെ ഒന്നരണ്ടു് അദ്ധ്യായങ്ങളെ വളരെയധികം വിസ്തരിച്ചെഴുതി, അവയെക്കൊണ്ടുതന്നെ ഏഴദ്ധ്യായങ്ങളുണ്ടാക്കി ഒരു പുതിയ പുസ്തകം നിർമ്മിക്കുന്നതുപോലെയാണു് പ്രകൃതി വാനരനെ പരിഷ്കരിച്ചു നരൻ എന്ന പുതിയ പതിപ്പുണ്ടാക്കിയതു്. ഈ പ്രതിഭാസം ജന്തുലോകത്തിന്റെ പരിത്രത്തിൽ കൂടക്കൂടെ ഉണ്ടായിട്ടുള്ളതാണു്. ഈ വിദ്യയിലൂടെ പരിണാമഗതിയിൽ വമ്പിച്ച പുരോഗമനം ഉണ്ടായിട്ടുണ്ടു്. നട്ടെല്ലുള്ള ജന്തുമണ്ഡലത്തിന്റെ ഉത്ഭവംതന്നെ ഈവിധത്തിലായിരുന്നു എന്നാണു് ശാസ്ത്രജ്ഞന്മാർ ഊഹിക്കുന്നതു്. അതൊന്നും നമുക്കു് ഇവിടെ വിസ്തരിക്കേണ്ടതില്ല. മനുഷ്യന്റെ ഈവിധത്തിലുള്ള ആവിർഭാവത്തിനു സഹായിച്ച ചില സാഹചര്യങ്ങളെക്കുറിച്ചു് ആലോചിക്കാം.

അവന്റെ പൂർവ്വവർഗ്ഗങ്ങൾ വൃക്ഷജീവികളായിരുന്നതു് ഈ പരിണാമസമ്പ്രദായത്തെ സഹായിച്ച ഒരു പ്രധാനസംഗതിയാണു്. വൃക്ഷങ്ങളിൽ ജീവിച്ചതുകൊണ്ടാണു് സന്താനങ്ങളുടെ എണ്ണം കുറഞ്ഞതു്. ഒരു ഗർഭത്തിൽ ഒന്നിലധികം ഭ്രൂണങ്ങളുള്ള ജന്തുക്കളുടെ അവക്രാന്തി ശീഘ്രഗതിയാകുമെന്നാണു് അനുഭവം. എന്തെന്നാൽ ഭ്രൂണങ്ങൾക്കു തമ്മിൽ ഗർഭസ്ഥലത്തിനുവേണ്ടിയും പോഷണം ലഭിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടിയും ഉള്ള ഒരു മത്സരം പ്രകൃത്യാതന്നെ വന്നുകൂടുന്നു. ഇതുമൂലം, വേഗം വളരുന്ന ഭ്രൂണങ്ങൾക്കാണു വിജയം സിദ്ധിക്കുന്നതു്. മറ്റുള്ളവ ഗർഭത്തിൽത്തന്നെ തുടങ്ങുന്ന ഈ ജീവിത

Digitized by Kerala Sahitya Akademi

മത്സരത്തിൽ പിൻതള്ളപ്പെട്ട് മരണമടയുന്നു. അവയ്ക്കു ജനിക്കുവാൻപോലും സൗകര്യം ലഭിക്കുകയില്ല. ഇങ്ങനെ എത്രയോ തലമുറകൾ കഴിയുമ്പോൾ വേഗം വളരുവാനുള്ള പ്രവണത പ്രസ്തുത ജന്തുവിന്റെ ജാതിസ്വഭാവമായിത്തീരും. അതുകൊണ്ടാണ് ഒരേസമയത്തു് ഒന്നിലധികം ഭ്രൂണങ്ങളെ വഹിക്കുന്ന ജന്തുക്കളിൽ മേല്പറഞ്ഞതുപോലെയുള്ള പരിണാമം സാധ്യമല്ലെന്നു പറയുന്നതു്. ഒരേ ഒരു ഭ്രൂണമേ ഉള്ളുവെങ്കിൽ മത്സരമൊന്നും ഉണ്ടാകുന്നില്ല; വളച്ചു് മന്ദീഭവിക്കുന്നതിനു സൗകര്യവും ലഭിക്കുന്നു.

മനുഷ്യന്റെ വളർച്ച മന്ദഗതിയിലായതു് ഒരു മഹാഭാഗ്യമായി കരുതണം. മാതാവുമായുള്ള ബന്ധം ദൃഢതരമാകുന്നതിനും, ശിക്ഷണത്തിനുള്ള സൗകര്യം എന്തെന്നില്ലാതെ വർദ്ധിക്കുന്നതിനും ഇതു സഹായിച്ചു തലച്ചോറിന്റെ വളർച്ചയിൽനിന്നുതന്നെ ഇതു തെളിയുന്നുണ്ടു്. സാധാരണ കുരങ്ങിനു തലച്ചോറിന്റെ വളർച്ചയിൽ എഴുപതു ശതമാനവും ജനനത്തിനു മുമ്പുതന്നെ സംഭവിക്കുന്നതായി കാണുന്നു. അതിനുശേഷം പെറിയൊരു വികാസം മാത്രമേ ഉണ്ടാകുന്നുള്ളു. ആംകുരങ്ങിന്റെ കാര്യത്തിൽ ജനനശേഷവും, ഏകദേശം ഒരു വയ്ക്കു്, തലച്ചോറിന്റെ വളർച്ച തുടർന്നുപോകുന്നു. ജനിച്ചു് ഒരു വയ്ക്കു തികയുമ്പോൾ മാത്രമേ വലിപ്പത്തിന്റെ എഴുപതു ശതമാനം ആകുന്നുള്ളു. മനുഷ്യശിശുവിന്റെ കഥ ഇതിൽനിന്നു വളരെ ഭിന്നമാണു്. പ്രൗഢഭ്രൂണത്തിലെ തലച്ചോറിൽ ഇരുപത്തിരണ്ടു ശതമാനത്തോടടുക്കുടി മാത്രമാണു് അതു ജനിക്കുന്നതു്. ജനനശേഷം മൂന്നുനാലു വയ്ക്കു്, അതിന്റെ വളർച്ച തുടർന്നുപോകുന്നു മൂന്നാമത്തെ വയസ്സിലാണു് എഴുപതു ശതമാനം തികയുന്നതു്. നാലാമത്തെ വയ്ക്കിന്റെ അവസാനത്തിൽ മാത്രമേ എൺപതു ശതമാനം ആകുന്നുള്ളു. ജനനശേഷം നെറ്റിയുടെ ആകൃതിയിൽ വരുന്ന വ്യത്യാസം നോക്കിയാൽ ഇക്കാര്യം വ്യക്തമാകും. ഭ്രൂണദശയിലും ശിശുദശയിലും വാനരങ്ങൾക്കു് ഉയർന്ന നെറ്റിയും പതിഞ്ഞ പുരികവുമാ

Digitized by Kerala Sahitya Akademi

ണ്ടുള്ളതു്. കുരങ്ങത്തം വരുന്നതു പിന്നീടാണു്. മനുഷ്യനിൽ ഈ ഭ്രൂണവാനരലക്ഷണങ്ങളും സ്ഥിരമായിത്തീർന്നിരിക്കുന്നു. തലച്ചോറിന്റെ വളർച്ച നിലച്ചുപോകാത്തതുകൊണ്ടാണു് മനുഷ്യൻ ശൈശവത്തിൽ ശിക്ഷണവിധേയനായി ബുദ്ധിവികാസം നേടുന്നതു്. പുരുക്കത്തിൽ, വളർച്ചയിൽ വന്ന മന്ദത മനുഷ്യന്റെ മാനസികമായ ഉൽക്കർഷത്തിനു വഴിതെളിച്ചു

മനുഷ്യന്റെ ആകൃതിയും പ്രകൃതിയും ബുദ്ധിയും ലഭിച്ചതിനുശേഷം, വളർച്ചയുടെ അല്പാല്പമായ വ്യത്യാസങ്ങൾകൊണ്ടു്, ഓരോരോ രാജ്യക്കാർക്കു് ഭിന്നങ്ങളായ ശാരീരികലക്ഷണങ്ങളും വന്നുകൂടിയതായി കാണാം. മംഗോളിയൻ ജനങ്ങളുടെ മൂക്കും, നീഗ്രോവർഗ്ഗക്കാരുടെ രോമഹീനതയും, സ്കാൻഡിനേവിയൻ ജനങ്ങളുടെ വെളുപ്പുനിറവും നോക്കുക. ഇതെല്ലാം ഭ്രൂണമക്കടങ്ങളിൽ കാണുന്ന സ്വഭാവങ്ങളാണു്. പക്ഷേ, ഓരോന്നും ഓരോ ഭൂവിഭാഗത്താണു് പ്രകടവും സ്ഥിരവുമായ മനുഷ്യലക്ഷണങ്ങളായിത്തീർന്നിരിക്കുന്നതു്. ഭ്രൂണസ്വഭാവങ്ങൾ ഇങ്ങനെ ഭിന്നരീതിയിൽ, മനുഷ്യരുടെയിടയ്ക്കുതന്നെ അവശേഷിക്കുന്നതിന്റെ രഹസ്യം ഇനിയും വ്യക്തമായിട്ടില്ല. മംഗോളിയൻ മൂക്കും ആർമീനിയൻ മൂക്കും താരതമ്യപ്പെടുത്തിയാൽ ഈ വ്യത്യാസം എത്രത്തോളമെത്തുമെന്നു മനസ്സിലാകും. രണ്ടും എതിർധ്രുവങ്ങളെന്നുതന്നെ പറയാവുന്നതാണു്. ചില ആർമീനിയൻ വൃദ്ധന്മാരുടെ നാസിക ഉന്നതമുണ്ടു് മുഖത്തോളംതന്നെ വലിപ്പമുള്ളതായിത്തീർന്നിരിക്കുന്നതു കാണാം. നേരേമറിച്ചു് ചില ചീനന്മാർക്കു് നാസികയില്ല, നാസാരന്ധ്രങ്ങളേയുള്ളൂ എന്നു തോന്നും. ഇക്കാര്യത്തിൽ മംഗോളിയൻ വർഗ്ഗമാണു് ശിശുസ്വഭാവം പ്രത്യക്ഷപ്പെടുത്തുന്നതു്.

മക്കടങ്ങൾ മനുഷ്യരായിത്തീർന്നതിനുശേഷം കഴിഞ്ഞുപോയ പത്തുലക്ഷം വർഷങ്ങൾക്കിടയ്ക്കു് വന്നുകൂടിയ ലഘുപരിണാമങ്ങളുടെ ഫലമാണു് ഈ വ്യത്യാസങ്ങൾ. അപ്രധാനമായ ശാരീരികലക്ഷണങ്ങളെയാണു് അവ ബാധിച്ചിട്ടുള്ളതു്. ഇവയെക്കാൾ എത്രയോ വലിയ പരി

Digitized by Kerala Sahitya Akademi

വത്തനങ്ങളും മനുഷ്യന്റെ മനസ്സിനും ബുദ്ധിക്കും ഉണ്ടായിട്ടുണ്ട്. കുരങ്ങ് മനുഷ്യനായതുമൂലമുണ്ടായ ഏറ്റവും വലിയ സിദ്ധി ഇവയാണല്ലോ. പലതരത്തിലുള്ള ഉപകരണങ്ങളും ഉണ്ടാക്കി, കൊമ്പും കുളമ്പും ദംഷ്ട്രകളും ഒന്നുമില്ലാത്തതുമൂലം ആത്മരക്ഷയുടെ കാര്യത്തിൽ തനിക്കുള്ള നിസ്സഹായാവസ്ഥയേയും ആഹാരസമ്പാദനത്തിനുള്ള പ്രയാസങ്ങളേയും അവൻ പരിഹരിച്ചതു് ഇതിന്റെ സഹായത്താലാണു്. ആദ്യം ഭാഷയും പിൽക്കാലത്തു് എഴുത്തും കണ്ടുപിടിച്ചു്, ജനനശേഷം ഉണ്ടാകുന്ന അനുഭവജ്ഞാനത്തെ അനന്തരപരമ്പരകൾക്കു പകർന്നുകൊടുത്തു്, ഇതരജന്തുക്കൾക്കില്ലാത്ത ഒരു പാരമ്പര്യസമ്പ്രദായവും അവൻ സൃഷ്ടിച്ചിട്ടുണ്ടു്. ഇതിന്റെയൊക്കെ ഫലമായി മനുഷ്യൻ നേടിയിട്ടുള്ള ഉൽക്കർഷം വിസ്മയാവഹമാണു്. ഭൂമിയുടെ ചരിത്രത്തിൽ ഒരു ജീവിജാതിയും പുറുപാടുകളെ ഇത്രത്തോളം നിയന്ത്രണാധീനമാക്കി, വംശം പുലർത്തുന്നതിൽ ഇത്രമൽ സ്വാതന്ത്ര്യം നേടി, ജീവിച്ചിട്ടില്ല. കഴിഞ്ഞ നൂറുലക്ഷം നൂറ്റാണ്ടുകൾക്കുള്ളിൽ പ്രകൃതി തന്റെ പരീക്ഷണശാലയിൽ പ്രോട്ടോപ്ലാസം എന്നു പറയുന്ന ജീവവസ്തുകൊണ്ടു നിർമ്മിച്ച ലക്ഷക്കണക്കിലുള്ള ശരീരമാതൃകകളിൽ ഒന്നുപോലും ഇത്രത്തോളം സമർത്ഥമായിട്ടില്ല. ഏറ്റവും ഒടുവിലുണ്ടായ ഈ ശ്രുപവിശേഷത്തിന്റെ വൈഭവങ്ങൾ നിസ്സീമമാണെന്നതെന്നു പറയേണ്ടിയിരിക്കുന്നു. അതിനു നേടിക്കൂടാത്തതായി യാതൊന്നുമില്ല.

'വഴിപിഴച്ച ഒരു ശകലം നക്ഷത്രവാസ്തു' എന്നു പറയുന്നെങ്കിലും, മനുഷ്യനെപ്പറ്റി ആധുനികശാസ്ത്രം നല്കുന്ന യഥാർത്ഥചിത്രം ഇതാകുന്നു. ഇതു് ഏറ്റവും അഭിമാനകരമാണെന്നുള്ളതിൽ തർക്കമില്ല. പരിണാമസൗധത്തിന്റെ പൊൻതാഴികക്കുടമായി പരിലസിക്കുന്ന ഈ ജന്തുവർഗ്ഗത്തിന്റെ ഭാവിയെക്കുറിച്ചും ആധുനികശാസ്ത്രത്തിനു സംശയമൊന്നുമില്ല. വിജയത്തിൽനിന്നു വിജയത്തിലേക്കും, സാമർത്ഥ്യത്തിൽനിന്നു കൂടുതൽ സാമർത്ഥ്യത്തിലേക്കും ഉള്ള അനസ്യൂതമായ പുരോഗതിയുടെ രാജപാതയിലാണു് പരിണാമം അതിനെ കൊണ്ടുവന്നു നിർത്തിയി

Digitized by Kerala Sahitya Akademi

രിക്കുന്നതു്. ബുദ്ധിശക്തിയെ കൂടുതൽ കൂടുതൽ പുഷ്ടിപ്പെടുത്തുകയും അതിന്റെ സഹായത്താൽ ലഭിക്കാവുന്ന പ്രയോജനങ്ങളെ പരമാവധി കൈവരുത്തുകയുമാണു് മനുഷ്യൻ ചെയ്യേണ്ടതു്. പിൻതിരിപ്പൻപ്രവണതകൾക്കു വശംവദനാകാതെ, തനിക്കു കിട്ടിയ മഹാനുഗ്രഹങ്ങളെ പാഴാക്കിക്കളയാതിരുന്നാൽ അവനു് ഒന്നിനെയും ഭയപ്പെടാനില്ല.

യുക്തിവാദത്തിനും ശാസ്ത്രീയചിന്തയ്ക്കുമുള്ള കഴിവാണു് മനുഷ്യൻ പരിണാമമാർഗ്ഗേണ നേടിയ വൈവേങ്ങളിൽ ഏറ്റവും മഹത്തരമായി കരുതപ്പെടുന്നതു്. ഭൂമുഖത്തു് അവൻ സ്ഥാപിച്ചിട്ടുള്ള സർവ്വാധിപത്യം ഇവയുടെ ഫലമാകുന്നു. ഈ നിഗമനങ്ങൾ നിർവ്വിവാദങ്ങളായിതോന്നുമെങ്കിലും ജന്തുലോകത്തിന്റെ പൂർവ്വചരിത്രംതന്നെ ചില സംശയങ്ങൾക്കും ആശങ്കകൾക്കും വക നല്കുന്നുണ്ടെന്നു പറയാതെ തരമില്ല ഭാവിയെക്കുറിച്ചു് എന്തെങ്കിലും തീർച്ച പറയുന്നതിനു്, നിർഭാഗ്യവശാൽ, നമുക്കു കഴിവില്ല. ഭൂതകാലാനുഭവങ്ങളെ അടിസ്ഥാനമാക്കി ചിന്തിക്കുകയേ നിവൃത്തിയുള്ളൂ. ഒരുപദക്ഷം, ഭൂതമെന്നും ഭാവിയെന്നുമുള്ള സങ്കല്പങ്ങൾപോലും മനുഷ്യചിത്തത്തിന്റെ സൃഷ്ടിയാണല്ലോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു അതേക്കുറിച്ചും നമുക്കാലോചിക്കാനുണ്ടു്.

ഏതായാലും ഭൂതകാലാനുഭവങ്ങൾ എന്തെന്നു നോക്കാം. പരിണാമമാർഗ്ഗേണ കൈവന്ന സിദ്ധികളെ ശീഘ്രവിജയത്തിനും സർവ്വതിശായിയായ ഉൽക്കർഷത്തിനും വേണ്ടി വിനിയോഗിച്ച ജന്തുവർഗ്ഗങ്ങൾക്കു് ഒടുവിൽ വംശനാശംതന്നെ സംഭവിച്ചതായി കാണുന്നുണ്ടു്. നന്നഞ്ഞെടം കഴിച്ചു കഴിച്ചു കുമ്പ കുഴിയുമ്പോൾ നനവും കുഴിക്കാനുള്ള കഴിവും ഒന്നുപോലെ ഇല്ലാതാകുന്ന അനുഭവമാണിതു്. തൽക്കാലലാഭത്തിനുവേണ്ടിയുള്ള ഈ വ്യഗ്രത സന്നിഹിതജന്തുക്കളെയെല്ലാംതന്നെ വഴിതെറ്റിച്ചതായി ജന്തുശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കാറുണ്ടു്. ഓടുവാനും നീന്തുവാനും കടിച്ചുകീറാനും മറ്റുമുള്ള ഉപായങ്ങളെ ആശ്രയിച്ചു ശീഘ്രവിജയം നേടിയ ജന്തുവർഗ്ഗങ്ങളാണു്

Digitized by Kerala Sahitya Akademi

അവയുടെ ഇടയ്ക്ക് അധികവും. ഇങ്ങനെയായതു 'ഹ്രസ്വദൃഷ്ടി'ക്കു വശംവദരാകാതിരുന്നതാണ് മനുഷ്യന്റെ പൂർവ്വഗാമികൾക്കുണ്ടായ മഹാഭാഗ്യം. അവയുടെ ശരീരഘടനയ്ക്ക് അത്ര വലിയ പരിഷ്കാരങ്ങളൊന്നും ഉണ്ടായില്ല. അതുകൊണ്ട് മരത്തിൽ കയറാനും, മനഃശ്ശക്തികൊണ്ട് പുഷ്പിച്ചുകായ്ക്കുവാനും, കാലാന്തരത്തിൽ മനുഷ്യനായിത്തീരുവാനും അവയ്ക്കു കഴിഞ്ഞു. പക്ഷേ, ഈ മനഃശ്ശക്തിയുടെ കാര്യത്തിൽ ഒരബദ്ധം കഴിക്കുവാനാണ് മനുഷ്യൻ തുനിഞ്ഞിരിക്കുന്നതു്.

മനസ്സിന്റെ വൈഭവങ്ങൾ ബഹുമുഖങ്ങളാണ്. യുക്തിവിചാരവും അപഗ്രഥനബുദ്ധിയും അവയിൽ ഒരംശം മാത്രമേ ആകുന്നുള്ളൂ പക്ഷേ, ഈ ചെറിയ വിഭാഗത്തിന്റെ ശക്തിയിൽ ഭ്രമിച്ച്, അതിൽ മാത്രം ശ്രദ്ധയെ കേന്ദ്രീകരിച്ച്, അതിലൂടെ പ്രപഞ്ചത്തെ കീഴടക്കാമെന്നാണ് മനുഷ്യൻ വ്യാമോഹിക്കുന്നതു്. ഒന്നോരണ്ടോ ലക്ഷം വർഷങ്ങൾകൊണ്ടുണ്ടായ വിജയം കണ്ട് അവൻ മതിമറന്നിരിക്കുകയാണ്. ഇതാണു നമുക്കുണ്ടായിരിക്കുന്ന ആപത്തു്. ഇക്കാര്യത്തിൽ മനുഷ്യന്റെ സിദ്ധികൾ അത്ഭുതകരമായവിധത്തിൽ പരിഷ്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതുപോലുംതന്നെ പരിമിതമായിട്ടുമുണ്ട്. അഞ്ചുവിരലോടുകൂടി പരിണാമയാത്ര തുടങ്ങിയ അശ്വവർഗ്ഗം ഓട്ടത്തിൽ കിട്ടിയ വിജയത്തിൽ ഭ്രമിച്ച് ഒറ്റവിരലുള്ള 'ഓട്ട'മൃഗമായിത്തീർന്നതുപോലെയുള്ള അവസ്ഥാവിശേഷമാണിതു്. ഓടുവാനല്ലാതെ മറ്റൊന്നിനും അതിനു കഴിവില്ലാതായി. മനുഷ്യനും ഇതുപോലെ യുക്തിവാദത്തിനല്ലാതെ മറ്റൊന്നിനും കൊള്ളരുതാത്തവനായിത്തീരുകയില്ലെന്ന് ആരറിഞ്ഞു!

മനസ്സിന്റെ മഹിമയെപ്പറ്റി ഒന്നു ചിന്തിച്ചുനോക്കുക. ആത്മബോധം (പ്രജ്ഞ, സംജ്ഞ) എന്ന ആശയത്തിന്റെ അർത്ഥവ്യാപ്തിയും ആലോചിക്കണം. തന്നെപ്പറ്റിയുള്ള അറിവെന്നാണ് ടിപ്പണിയെങ്കിലും, അതിൽ അടങ്ങാത്തതായി എന്തിരിക്കുന്നു? വാസ്തവത്തിൽ ഈ പ്രപഞ്ചം മുഴുവനും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. അപ്പുറത്തും ഇപ്പു

Digitized by Kerala Sahitya Akademi

റത്തും മുകളിലും താഴെയും നിൽക്കുന്നതായി നമുക്കു തോന്നുന്നതു സമസ്തവും അതിന്റെ ഉള്ളിലാണു്. പുരുക്കത്തിൽ ഈ ആത്മബോധം സർവ്വശ്രേഷ്ഠിയാണു്. ബ്രഹ്മബോധമാണു്. അഖണ്ഡവും അത്ഭുതകരവുമായ ഈ അനുഭൂതിയെ ഛിന്നഭിന്നമാക്കി, അതിന്റെ അതുല്യമായ അത്ഭുതത്തെ ഇല്ലാതാക്കി, മനുഷ്യൻ അവന്റെ ഇന്ദ്രിയഗോചരമായ ദൈനന്ദിനലോകത്തെ നിർമ്മിക്കുന്നു. ഇതു് ബോധത്തിന്റെ വിശാലതയെ അപേക്ഷിച്ചു് എത്രയോ ചെറുതും പരിക്ലിഷ്ടവുമാണെന്നുള്ളതു പോകട്ടെ, അതൊരു മിഥ്യയുമാകുന്നു. ആത്മബോധമാകുന്ന അനുഭൂതിമാത്രമേ യാഥാർത്ഥ്യമായുള്ളൂ അതിന്റെ ചില പ്രതിഫലനങ്ങളെക്കൊണ്ടു കൃത്രിമമായി നിർമ്മിച്ചതാണു് നാം കണ്ടും കേട്ടും മണത്തും രുചിച്ചും തൊട്ടും അറിയുന്നതായി ഭ്രമിക്കുന്ന ഗോചരലോകം. ഇങ്ങനെ ബാഹ്യലോകത്തെ അറിയുക എന്ന ഇന്ദ്രിയധർമ്മത്തിൽ നാം, വാസ്തവത്തിൽ, നമ്മെത്തന്നെ കബളിപ്പിക്കുകയാണു ചെയ്യുന്നതു്. ആത്മബോധമാകുന്ന അപാരതയെ ഇന്ദ്രിയങ്ങളുടെ കൈക്കുമ്പിളിലൂടെ ചോർത്തിയെടുത്തു്, പ്രായോഗികാവശ്യത്തിനുതകുന്ന അറിവായി രൂപാന്തരപ്പെടുത്തുവാനുള്ള വ്യർത്ഥശ്രമം! ഇതു മനസ്സിലാക്കിയപ്പോഴുണ്ടായ ഉൾക്കാഴ്ചയാണു് ഭർതൃഹരിയുടെ

ദിക്കാലാദ്യനവച്ഛിന്നാ—
നന്തചിന്മാത്രമൂർത്തയേ
സ്വാനുഭൂത്യേകമാനായ
നമഃശാന്തായ തേജസേ.

(അർത്ഥം: ദേശം കാലം മുതലായവയാൽ അവച്ഛിന്നമല്ലാത്തതും അനന്തവും ചിൽസ്വരൂപവും സ്വാനുഭൂതിമാത്രം പ്രമാണമായുള്ളതും ശാന്തവും ആയ ആ തേജസ്സിനു് നമസ്കാരം) എന്നു് സ്തുതിയിൽ കാണുന്നതു്.

ജീവവസ്തുവിനു് (ആറുകോടി സംവത്സരങ്ങളിലെ പരിണാമംകൊണ്ടുതന്നെ എന്നു കരുതുക) കൈവന്ന ആത്മബോധം എന്ന മഹാനുഗ്രഹം ഇങ്ങനെ പരിച്ഛിന്ന

Digitized by Kerala Sahitya Akademi

വും വികലവും ഒരു ഭാഗം മാത്രം വളരുന്നതും ആയിത്തീരുവാനുണ്ടായ കാരണമെന്താണു്? മനുഷ്യന്റെ ശീഘ്ര വിജയവ്യഗ്രതയാണെന്നാണു് എനിക്കു തോന്നുന്നതു്. കൈകാര്യംചെയ്യു കീഴടക്കാവുന്ന ഒരു സത്തയെ പിടിക്കൂടുന്നതിനുള്ള തിടുക്കം. സ്വാനുഭൂതി നേടിയ ജീവചൈതന്യത്തിനു മാനസികമായ ഒരംശത്തിൽ മാത്രം വന്നുകൂടിയ ഈ പരിണാമം, അത്ഭുതകരമായ ഒരു തൽക്കാല വിജയമായിരുന്നതാമെങ്കിലും, യഥാർത്ഥത്തിൽ ദോഷസാദ്ധ്യതകളുള്ള ഒരുതരം ഇടുങ്ങിയ പരിഷ്കാരമാണു്. ശരീരഘടനയുടെ കാര്യത്തിൽ പക്ഷിവർഗ്ഗത്തിനും, തിമിംഗലത്തിനും കുളമ്പുള്ള ജന്തുക്കൾക്കും സംഭവിച്ചതും ഇതുതന്നെയാണു്. ഓടിയോടി മിടുക്കനേടി അഞ്ചു വിരലുകളുണ്ടായിരുന്നതിൽ ഒന്നൊഴികെ ബാക്കിയെല്ലാം നഷ്ടപ്പെട്ടുത്തിയ കുതിരയെപ്പോലെതന്നെയാണു് മനുഷ്യന്റെ പരിണാമവും സംഭവിച്ചുകൊണ്ടിരിക്കുന്നതു്. അവന്റെ ആത്മാനുഭൂതി സ്വാതന്ത്ര്യവും സാമർത്ഥ്യവും ഇന്ദ്രിയബോധവുമായി പുരങ്ങിപ്പോയിരിക്കുന്നു. ജന്തുജാതികളെ പരിഗണിക്കുമ്പോഴും വിജയമെന്നും പരിഷ്കാരമെന്നും പറയാറുള്ള പുരോഗതി ഇതിലും അന്തർഭവിച്ചിട്ടുണ്ടു്. ആദ്യമുണ്ടായ മനുഷ്യനെയും പിറന്നുവീണ ശിശുവിനെയും അപേക്ഷിച്ചുനോക്കുമ്പോൾ ആധുനികമനുഷ്യൻ വളരെ അധികം വളർന്നിട്ടുണ്ടെന്നു സമ്മതിക്കുകതന്നെ വേണം. പക്ഷേ, ഈ വളർച്ചയ്ക്കു് ഒരു മറുവശമുണ്ടെന്നാണു പറയുന്നതു്.

തത്ത്വജ്ഞാനമോ അദ്ധ്യാത്മവിഷയങ്ങളോ ആണു് ഇവിടെ ചർച്ചചെയ്യുന്നതെന്നു ധരിക്കരുതു്. ഇതു തികച്ചും ശാസ്ത്രീയമായ ഒരു വിചിന്തനമാണു്. ആത്മബോധമെന്നും അനുഭൂതിയെന്നും ഉള്ള വാക്കുകളുടെ ധ്വനിയും സൂചനകളും അവഗണിച്ചിരിക്കുകയാണു്. അവയുടെ പരുക്കനായ അർത്ഥം മാത്രമാണു് വിവക്ഷിതം.

സ്ഥലമെന്നും കാലമെന്നും ഉള്ള സങ്കല്പങ്ങൾ നിമ്നീകൃതാണു് ഈ വളർച്ചയുടെ (അല്ലെങ്കിൽ പുരോഗതിയുടെ) ആദ്യത്തെ പടി. സ്വാനുഭൂതിമാത്രം പ്രമാണമായ

Digitized by Kerala Sahitya Akademi

ആത്മബോധത്തിൽ സ്ഥലകാലങ്ങൾ അന്തർഭവിക്കുന്നില്ല. ഇന്ദ്രിയങ്ങളെ പ്രത്യാഹരിച്ചാൽ ഇക്കാര്യം വ്യക്തമാകും. അല്പനേരം കണ്ണടച്ചിരുന്നാൽപ്പോലും ഏറെക്കുറെ ഊഹിക്കാവുന്നതാണ്. സ്ഥലവുമില്ല കാലവുമില്ല എന്നു ബോധ്യമാകും. ശൂന്യത, നിത്യത—(ഇവതന്നെയും ഭിന്നമായിട്ടല്ല, ഒരേയൊരു ഉൺമയായി)—മാത്രം ബോധത്തിൽ നില്ക്കുന്നു. ബാക്കിയെല്ലാം മാഞ്ഞുപോകുന്നു. അപാരവും അഖണ്ഡവുമായ ഈ അനുഭൂതിയെ സംഖ്യകളെന്ന സങ്കല്പങ്ങൾ സൃഷ്ടിച്ചാണ് മനുഷ്യൻ പരിച്ഛിന്നമാക്കുന്നത്. അപഗ്രഥനബുദ്ധിയും യുക്തിവിചാരവും ആരംഭിച്ചതും ഈ വഴിക്കുതന്നെയാണെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. 'ഒന്നും ഒന്നും ചേർന്നാൽ ഇമ്മിണി വല്യ ഒന്ന്' എന്നു പറഞ്ഞ സാധു ബാലൻ ബുദ്ധിമാന്മാരുടെ ദൃഷ്ടിയിൽ അപഹാസ്യനാണെങ്കിലും, രണ്ടു പോഷകനദികൾ ഒന്നിച്ചു ചേരുന്നതുകണ്ട അനുഭൂതിയെ പ്രമാണമാക്കിയാണ് അങ്ങനെ പറഞ്ഞത്. അവൻ പറഞ്ഞത് അബദ്ധമാണെന്നും, ഒന്നും ഒന്നും രണ്ട് എന്നു പറയുന്നതു മാത്രമാണ് സത്യമെന്നും ഉള്ള വിശ്വാസം ഉറച്ചുപോയതാണ് മനസ്സിന്റെ പരിണാമത്തിൽ വന്നുകൂടിയ വൈകല്യം. സംഖ്യകളെന്ന സങ്കല്പത്തെ (അവ സങ്കല്പങ്ങളോ സങ്കേതങ്ങളോ മാത്രമാണെന്നും സത്യമല്ലെന്നും ശാസ്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുള്ളതാണ്.) ആധാരമാക്കി നില്ക്കുന്നതും, അപഗ്രഥനത്തേയും യുക്തിയേയും ഉപായമാക്കുന്നതുമായ ഈ പ്രപഞ്ചവീക്ഷണം ഭാരതീയരുടെ സാംഖ്യവാദത്തിലും അന്തർഭവിച്ചിട്ടുണ്ടെന്നു തോന്നുന്നു. എന്തായാലും നാമിപ്പോഴും ഭാരതീയദർശനങ്ങളെയല്ല പരിഗണിക്കുന്നത്. പാശ്ചാത്യശാസ്ത്രത്തിനു സമ്മതമായ രീതിയിൽ മനുഷ്യന്റെ മാനസികപരിണാമത്തെപ്പറ്റി ചിന്തിക്കുകയാണ്. ആത്മബോധത്തിന്റെ അപാരതയിൽ സംഖ്യകളാകുന്ന കുറിക്കുകളടിച്ച് മനുഷ്യൻ ആദ്യം സ്ഥലം (ആകാശം) എന്ന സങ്കല്പം നിർമ്മിച്ചു. ഇതിന്റെ ഫലമാണെന്നു തോന്നുന്നു, ആദ്യമുണ്ടായ ശാസ്ത്രം ജ്യോതിശ്ശാസ്ത്രമാണെന്നാണു പറയുന്നത്. ആകാശനിരീക്ഷണ

Digitized by Kerala Sahitya Akademi

മാണല്ലോ അതിന്റെ ലക്ഷ്യം. ആകാശം അത്ഭുതകരമായ ഒരു അനുഭൂതി എന്ന നിലയിൽനിന്നു്, നമുക്കു ചുറ്റും വ്യാപിച്ചു കിടക്കുന്ന ഒരു ബാഹ്യസത്തയായിത്തീർന്നു. അമ്പിളിഅമ്മാവനെ പിടിക്കുവാൻ കൈ നീട്ടുന്ന അരുമക്കുഞ്ഞിന്റെ പ്രവൃത്തിയിൽ ആദിമമനുഷ്യന്റെ അഖണ്ഡമായ അനുഭൂതി നിഴലിക്കുന്നില്ലെന്നു് ആരു കണ്ടു!

മാഴ്കുന്നുവെന്നോ മതിയെക്കൊതിച്ചു?
മറവന്തിലെന്നോമന തെറ്റുകാരൻ?
അന്തിക്കണ്ണഞ്ഞമ്പിളി വിശ്വമിമ്മ—
ട്ടാകർഷണം ചെയ്വതനീതിയല്ല,
അതിന്റെ ശക്തിയ്ക്കുടിമപ്പെട്ടതോ—
രാരോമലെൻ കുഞ്ഞപരാധിപോലും!

ആകാശഗങ്ഗയ്ക്കുകമേ കരത്താ—
ലാരീ വെളുത്തമ്പൻ വിരിച്ചിടുന്നോൻ;
ആത്തിങ്കളല്ലീ പിഴയാളി—വത്സ—
ന്നക്ഷിദ്വയം നല്കിനൊരാദിദേവൻ?

ചരിപ്പതെങ്ങമ്മതി;യങ്ങുനിന്നെൻ
തങ്കക്കുടം ധാത്രിയിൽ വന്നിരിക്കാം;
അവന്റെ കൃത്യങ്ങളം കഴിച്ചു വീണ്ടു
മങ്ങോട്ടുപോകുന്നതുമായിരിക്കാം.

പ്രാശിച്ചുവോ രോഹിണി തൻമുലപ്പാൽ
പണ്ടെന്റെ കുട്ടൻ വിധുമണ്ഡലത്തിൽ?
വാരിക്കളിപ്പോ ബുധനോടുകൂടി
വാനപ്പുഴത്തുമണൽ? ആരു കണ്ടു?

(ഉള്ളൂർ—ഭാവനാഗതി)

അഖണ്ഡമായ ഈ അനുഭൂതിയെ സംഖ്യകളുണ്ടാക്കി പിളർന്നതാണു് സ്ഥലം എന്ന സങ്കല്പം. അത്തന്നെ ചുറ്റുപാടും നിരപേക്ഷവും ആശയമാത്രവുമായ സങ്കല്പമായി മനുഷ്യചിത്തത്തിൽ ഉറച്ചതു് യവനസംസ്കാരത്തിന്റെ കാലം മുതല്ക്കേയുള്ള എന്നാണു് ശാസ്ത്രജ്ഞന്മാർ പറയുന്നതു്. ഹോമറുടെ കൃതികളിൽപ്പോലും സ്ഥലം എന്ന കേവല

Digitized by Kerala Sahitya Akademi

മായ ആശയത്തിനു് (Space) വാക്കില്ലെന്നു് പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു. അതിനു ശേഷം വന്ന യവന ചിന്തകന്മാരുടെ സങ്കല്പങ്ങളും കൂടെക്കൂടി സ്പഷ്ടവും യുക്തിയുക്തവും ആയിരുന്നെങ്കിലും, അവയും കഴിഞ്ഞ രണ്ടുമൂന്നു നൂറ്റാണ്ടുകൊണ്ടുള്ളിൽ, ആധുനികശാസ്ത്രത്തിന്റെ കൈകളിൽ, വളരെയധികം പരിഷ്കരിക്കപ്പെട്ടിട്ടുണ്ടു്.

പക്ഷേ, ഏറ്റവും നവീനമായ ശാസ്ത്രീയനിരീക്ഷണങ്ങളിൽ സ്ഥലം എന്ന സങ്കല്പത്തിന്റെ സാധുതപോലും തന്നെ പോദ്യംചെയ്യപ്പെട്ടിരിക്കുകയാണു്. ഐൻസ്റ്റൈന്റെ ആപേക്ഷികതാവാദം പ്രഖ്യാപിച്ചതിനെത്തുടർന്നാണു് ഈ ചിന്താഗതി ശാസ്ത്രജ്ഞന്മാരുടെ ഇടയ്ക്കുപോലും പ്രചാരത്തിൽ വന്നതു്. സ്ഥലം മാത്രമല്ല, കാലം എന്ന സങ്കല്പവും നിരൂപണവിഷയമായിട്ടുണ്ടു്. ഇതിന്റെ ചരിത്രവും രസകരമാണു്. ഗലീലിയോയുടെ കാലം (ക്രി. വ. 1564—1642) വരെ ഇതു് തികച്ചും ആത്മനിഷ്ഠവും സ്വാനുഭൂതിയിൽനിന്നു് അഭിന്നവുമായ ഒരു സങ്കല്പമായിട്ടാണു് കരുതപ്പെട്ടിരുന്നതു്. സ്ഥലം എന്ന സങ്കല്പം ഈ നിലയിൽനിന്നു് എത്രയോ മുമ്പുതന്നെ മുക്തമായി എന്നു പറഞ്ഞുവല്ലോ. പക്ഷേ, കാലം മുന്നൂറുകൊല്ലം മുമ്പുപോലും തികച്ചും 'സ്വാനുഭൂത്യൈകമാന'മായിട്ടാണു് ഗണിക്കപ്പെട്ടിരുന്നതു്. യുക്തിപൂർവ്വമായ ചിന്തയിൽ ഗലീലിയോ, ആദ്യമായി, അതിനെ അനുഭൂതിക്ക് വെളിയിലുള്ളതും എല്ലാവർക്കും ഒരുപോലെ അളക്കാവുന്നതുമായ ഒരു സങ്കല്പമാക്കി. ഇതോടെ സ്ഥലകാലങ്ങളെ അന്യോന്യവ്യതിരിക്തങ്ങളായ ബാഹ്യസത്തകളായി, ശാസ്ത്രജ്ഞന്മാരെങ്കിലും വീക്ഷിക്കുവാൻ തുടങ്ങി. ശാസ്ത്രത്തിന്റെ വമ്പിച്ച വിജയങ്ങളും ഇതിന്റെ ഫലങ്ങളാകുന്നു. ഒരു പുതിയ സംസ്കാരത്തെയും, ചിന്തയുടെ ചരിത്രത്തിൽ ഒരു നൂതനയുഗത്തെയും അതു് ആവിർഭവിപ്പിച്ചു. നാം ജീവിക്കുന്ന ജാജ്വല്യമാനമായ ആധുനികലോകം അതിന്റെ സൃഷ്ടിയാകുന്നു. ബുദ്ധിയുടെ ദിഗ്വിജയം പരാകാഷ്ഠയെ പ്രാപിക്കുകയും യുക്തി സർവ്വജ്ഞപീഠം കയറുകയും ചെയ്തു എന്നുതന്നെ പറയണം.

Digitized by Kerala Sahitya Akademi

അത്ഭുതകരമായ വിജയങ്ങൾക്കു വഴിതെളിച്ച ഈ വീക്ഷണത്തിന്റെ അടിസ്ഥാനങ്ങളെത്തന്നെയാണ് ഐൻസ്റ്റൈൻ ചോദ്യംചെയ്തത്. "സ്ഥലകാലങ്ങളെ വ്യതിരിക്തസത്തകളായി വീക്ഷിക്കുന്ന സ്വഭാവത്തിൽ നിന്നു മനുഷ്യചിന്തയെ അദ്ദേഹം മോചിപ്പിച്ചു. സൂഘടിതവും തികച്ചും പൊരുത്തപ്പെട്ടതുമായ ഒരു പ്രപഞ്ചചിത്രം അദ്ദേഹം നമുക്കു നല്കി. മുൻകാലത്തെ ഏറ്റവും ധീരമായ പ്രതീക്ഷകളെപ്പോലും നിസ്സാരമാക്കുന്ന ഒരു നേട്ടമാണിതു്. നിരീക്ഷകനെ ആശ്രയിക്കാത്തതും വെളിച്ചത്തിന്റെ വേഗത്തിനു പരമമായ പ്രാധാന്യം നല്കുന്നതുമായ പ്രകൃതിനിയമങ്ങൾ അദ്ദേഹം കണ്ടുപിടിച്ചു. സ്ഥലകാലങ്ങളെക്കുറിച്ചുള്ള പഴയ ആശയങ്ങളിൽ അന്തർഭവിച്ചിരുന്ന പ്രതിബന്ധങ്ങൾ നീക്കി തികച്ചും ശാസ്ത്രീയമായ ഒരു വീക്ഷണഗതി കൈവരുത്തിയതിനു് മനുഷ്യരാശി ഐൻസ്റ്റൈനോടു് എന്നെന്നും കടപ്പെട്ടിരിക്കുന്നു" എന്നാണു് നീൽസ് ബോർ എന്ന ശാസ്ത്രജ്ഞൻ പറയുന്നതു്.

ശാസ്ത്രീയചിന്തയിൽ ഈ നൂറ്റാണ്ടിലുണ്ടായ ഈ മഹാവിപ്ലവവും നാം ഇവിടെ പരിഗണിക്കുന്ന പ്രശ്നത്തിനു പരിഹാരം നല്കിയിട്ടില്ല. എന്നല്ല അതിനെ കൂടുതൽ കലുഷിതമാക്കിയിട്ടുണ്ടെന്നും പറയാവുന്നതാണു്. സ്ഥലകാലങ്ങളെ വ്യതിരിക്തമായി വീക്ഷിക്കുന്ന സമ്പ്രദായത്തെ അതു് അവസാനിപ്പിച്ചു. എങ്കിലും ആത്മബോധത്തിന്റെ അഖണ്ഡതയെ എത്രയോ നൂറ്റാണ്ടുകളായി മഞ്ജിച്ചുകൊണ്ടിരിക്കുന്ന പ്രവണതകളെ അതു പ്രബലമാക്കുകയാണു ചെയ്തതു്. ആപേക്ഷികതാവാദവും അതേത്തുടർന്നുണ്ടായ ചിന്താവിപ്ലവങ്ങളും യുക്തിയുടെയും ബുദ്ധിയുടെയും അപഗ്രഥനത്തിന്റെയും അതുല്യമായ മേന്മയിലുള്ള തെളിവായിത്തന്നെ കരുതപ്പെടുന്നു. ഗലീലിയോ ഉപദേശിച്ചതും, ആധുനികശാസ്ത്രത്തെത്തന്നെ സാധ്യമാക്കിത്തീർത്തതും, ഐൻസ്റ്റൈൻ ഒരുപക്ഷം അദ്വൈതവാദത്തിന്റെ രീതിയിൽ പരിഷ്കരിച്ചതുമായ ആശയഗതി, വാസ്തവത്തിൽ അനുഭൂതിയുടെ എല്ലാ അംശങ്ങ

Digitized by Kerala Sahitya Akademi

ളെയും ഉപകരിക്കാള്ളുന്നതല്ല. അന്യോന്യബദ്ധമായി, യന്ത്രങ്ങളുടെ രീതിയിൽ, പ്രവർത്തിക്കുന്ന പ്രപഞ്ചഭാവങ്ങളെ കൈകാര്യംചെയ്യുന്നതിനു മാത്രമേ തന്റെ ഉപദേശനം ഉപയോഗപ്പെടുകയുള്ളു എന്നു ഗലീലിയോ വ്യക്തമാക്കുകയുണ്ടായി. പക്ഷേ, ആധുനികമനുഷ്യന്റെ അഭിപ്രായത്തിൽ, ഊർജ്ജത്തിന്റെ പ്രസരണവും നക്ഷത്രങ്ങളുടെ ചലനവും ഭൗതികപദാർത്ഥങ്ങളുടെ പരിവർത്തനങ്ങളും മാത്രമല്ല, ആശയും നിരാശയും, ഭയവും പ്രതീക്ഷയും, സ്നേഹവും ഭക്തിയും എല്ലാം ഈ പുതിയ സാംഖ്യവാദത്തിന്റെ അളവുകോലുകൊണ്ടു വിധേയമാക്കണമെന്നു സങ്കല്പിക്കേണ്ടിയിരിക്കുന്നു. ഐൻസ്റ്റൈൻ മനുഷ്യചിത്തത്തെ പരമ്പരാഗതമായ പരാധീനതകളിൽനിന്നു മോചിപ്പിച്ചു എന്നു പറയുമ്പോൾ, അനുഭൂതിമണ്ഡലം മുഴുവനും അദ്ദേഹം കൈകാര്യംചെയ്തു എന്നു വിചാരിക്കുന്നതു് അബദ്ധമാണു്. അദ്ദേഹം കൈവരുത്തിയ വിപ്ലവവും, ഗലീലിയോ യുക്തിയുടെ അളവുകോലുകൊണ്ടുള്ള വിശകലനത്തിനു വിധേയമാക്കി വേർതിരിച്ചുവെച്ച പരിമിതവൃത്തത്തെ മാത്രമേ ബാധിക്കുന്നുള്ളു. ഇതും അനുഭൂതിമണ്ഡലത്തിന്റെ ഭാഗംതന്നെ എന്നു സമ്മതിക്കുന്നു. നക്ഷത്രങ്ങളുടെ പ്രകാശവും സൂര്യന്റെ ചൂടും യൂറേനിയത്തിന്റെ സ്ഫോടനവും എല്ലാം നാം അനുഭവിച്ചറിയുന്നതുതന്നെ ആണല്ലൊ.

ശാസ്ത്രീയചിന്തയുടെ ഏറ്റവും നവീനമായ ഈ ഉപദേശനങ്ങളും അപഗ്രഥനബുദ്ധിയുടെയും യുക്തിവിചാരത്തിന്റെയും കൂടുതൽക്കൂടി ഉൽക്കൃഷ്ടമായ സൃഷ്ടികളും മാത്രമാണു്; സ്വാനുഭൂതിയുടെ ഒരു ചെറിയ ഭാഗത്തെ മാത്രം സ്പർശിക്കുന്ന അത്ഭുതവിപ്ലവങ്ങളും, അവ ചിത്തസത്തയെ ഒന്നാകെ സംസ്കരിക്കുമെന്നും മനുഷ്യന്റെ പരിണാമത്തിൽ സംഭവിച്ചിരിക്കുന്ന പാകപ്പിഴകളെ പരിഹരിക്കുമെന്നും കരുതുന്നതു തെറ്റാണു്. കുതിര പോയതുപോലെ ഇട്ടുങ്ങിയ ഈ പരിണാമമാർഗ്ഗത്തിലൂടെ ഇനിയും നമുക്കു കുറേക്കൂടി മുന്നോട്ടു പോകുവാൻ സാധിച്ചേക്കും. പക്ഷേ, ഓരോ ചുവടും അടിസ്ഥാനപരമായ വൈഷമ്യത്തെ വർദ്ധിപ്പിക്കുകയേ ഉള്ളൂ. മനശ്ശക്തികളെ മുഴുവനുംകൂടി

Digitized by Kerala Sahitya Akademi

മറെറാരു പടിയിലേക്കു് ഉയർത്തുവാൻ മനുഷ്യനു സാധിക്കാതെ വരും. മുഞ്ഞാണില്ലാത്ത വില്ലാളി എന്നു പറയുന്നതുപോലെയുള്ള ഒരു ആപത്താണിതു്. തല്ലിനീട്ടി രാകിക്ഷുപ്പിച്ച ഈ ഒരേയൊരു വൈഭവത്തിലാണു മനുഷ്യൻ ഇന്നു സ്വവർഗ്ഗത്തിന്റെ ഭാഗധേയം മുഴുവനും സമർപ്പിച്ചിരിക്കുന്നതു്.

രണ്ടാം ലോകമഹായുദ്ധത്തോടുകൂടി മാത്രമേ കോരിത്തരിപ്പിക്കുന്ന ഈ ശുഭാപ്തിവിശ്വാസത്തിനു് അല്പമൊരു കലുക്കം തട്ടിയുള്ളു. ഹിരോഷിമയിലും നാഗസാക്കിയിലും പ്രയോഗിച്ച അതിഭയങ്കരമായ നശീകരണവസ്തുക്കളും ഇപ്പറഞ്ഞ ബുദ്ധിവൈഭവത്തിന്റെ സൃഷ്ടിയാണെന്ന വസ്തുത ഓർമ്മിച്ചപ്പോൾ മനുഷ്യവർഗ്ഗം മുഴുവനുംതന്നെ ഞെട്ടിപ്പോയി. ധാരാളമാളുകളും ഈ ആസുരസൃഷ്ടികളെയും അവയുടെ ആവിർഭാവത്തിനു് ഇടയാക്കിയ സിദ്ധികളെയും പരസ്യമായിത്തന്നെ ശപിച്ചുതുടങ്ങി. പക്ഷേ, അതിനുശേഷം കഴിഞ്ഞ ഒരു വ്യാഴവട്ടത്തിനുള്ളിൽ അന്നത്തോന്നിയ ഭീതിയുടെയും വെറുപ്പിന്റെയും തീക്ഷ്ണതകുറെയൊക്കെ മങ്ങിപ്പോയിട്ടുണ്ടു്. യുക്തിയും ബുദ്ധിയും ചിലപ്പോഴെല്ലാം ലോകത്തിനു് ആപത്തുണ്ടാക്കിയിട്ടുണ്ടെങ്കിലും അവയുടെ സഹായത്താൽ മനുഷ്യവർഗ്ഗത്തിനുണ്ടായിട്ടുള്ള അഭ്യുദയം അവിസ്മരണീയവും അത്ഭുതകരവുമാണെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. ഇന്നും ആസന്നമായ ആപത്തിനെക്കുറിച്ചു ഭീതിയുണ്ടു്; എങ്കിലും അതാതൊടാപ്പം ഒരു പുതിയ യുഗത്തിന്റെ ഉദയത്തെ എല്ലാവരും പ്രതീക്ഷിക്കുന്നുമുണ്ടു്. അളവില്ലാത്ത സമൃദ്ധിയുടെയും അഭൂതപൂർവ്വമായ ഐശ്വര്യത്തിന്റെയും ആഗമനത്തെ ലോകം കാത്തിരിക്കുന്നതുപോലെ തോന്നുന്നു.

യുക്തിയുടെയും അപഗ്രഥനചിന്തയുടെയും പുരോഗതിയെ ഇപ്പറഞ്ഞ വിപത്തുകളും വിഘ്നപ്പെടുത്തിയെന്നു പറഞ്ഞുകൂടാ. അതു മുറയ്ക്കു നടക്കുന്നു. ഫലങ്ങളും കുറെയൊക്കെ അപ്രതീക്ഷിതമാണെന്നുള്ളതു്. ആധുനികശാസ്ത്രത്തിന്റെ അത്ഭുതകരമായ ഉപദേശങ്ങളെക്കുറിച്ചു പറഞ്ഞുവല്ലോ. മനുഷ്യനെ ഇന്നു് അഭിമുഖീകരിക്കുന്ന ആപ

Digitized by Kerala Sahitya Akademi

ത്തുകളും അവൻ ഇപ്പോഴും പുലർത്തിക്കൊണ്ടിരിക്കുന്ന ശുഭപ്രതീക്ഷകളും ഇവയുടെ ഫലങ്ങളാണു്. ഈ ഉപദേശങ്ങളിൽ മറ്റെന്നുമാണു് അത്യധികമായ പ്രാധാന്യം അർഹിക്കുന്നതു്. ഐൻസ്റ്റൈൻ കണ്ടുപിടിച്ച ആപേക്ഷികതാവാദവും, പ്ലാങ്കു്, റതർഫോർഡു്, ഹൈസൻബർഗ്ഗു്, നീൽസ്ബോർ മുതലായവർ കണ്ടുപിടിച്ച പരമാണുപ്രതിഭാസങ്ങളും. ആപേക്ഷികതാവാദത്തെക്കുറിച്ചു ചില സംഗതികൾ പറഞ്ഞുകഴിഞ്ഞു. പദാർത്ഥപരമാണുക്കളുടെ പ്രവർത്തനങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രവിഭാഗത്തിനു് ക്വാണ്ടം മെക്കാനിക്സു് എന്നാണു് പേരു്. ഇതിന്റെ ഫലമായുണ്ടായിട്ടുള്ള ചിന്താവിപ്ലവങ്ങൾ ഒരുപക്ഷേ, ആപേക്ഷികതാവാദത്തിന്റെ ഉപദർശനങ്ങളെക്കാൾ ശ്രദ്ധേയമാണു്. കഴിഞ്ഞ നാലഞ്ചുകൊല്ലത്തിനിടയ്ക്കു് ഈ വിഷയത്തിലുള്ള ശാസ്ത്രീയഗവേഷണം ദുർവ്യാഖ്യേയമായ പല പ്രതിഭാസങ്ങളെയും ആവിഷ്കരിച്ചിട്ടുണ്ടു്.

ഭൗതികലോകത്തെ തൊണ്ണൂറിരണ്ടു് ധാതുവസ്തുക്കളായി അപഗ്രഥിച്ചതു് ശാസ്ത്രത്തിന്റെ വമ്പിച്ച ഒരു വിജയമായിരുന്നു. ഇവയെത്തന്നെയും പില്ക്കാലത്തു മൂന്നുതരം പരമാണുക്കളായി അപഗ്രഥിക്കുവാൻ സാധിച്ചു—ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ. മൂന്നു പരമാണുക്കൾക്കും തമ്മിലുള്ള ബന്ധമാണു് ഇന്നത്തെ ആലോചനാവിഷയം. പക്ഷേ, അതിനിടയ്ക്കു് ഇവ മൂന്നുജാതിയേ ഉള്ളു എന്നു വിചാരിച്ചതു തെറ്റാണെന്നു കണ്ടിരിക്കുന്നു. മൂന്നല്ല, മുപ്പതിലധികമുണ്ടെന്നാണു് ഇതുവരെ അറിഞ്ഞിട്ടുള്ളതു്.* ചിലതു് ഇരുപതുകൊല്ലം മുമ്പുതന്നെ കണ്ടുപിടിച്ചതാണു്.

നാനാത്വത്തിൽ ഏകത്വത്തെ തേടുവാനും, തേടിയതു കണ്ടാൽ സന്തുഷ്ടി അനുഭവിക്കുവാനും മനുഷ്യനു സ്വാഭാവികമായിത്തന്നെ ഒരു വാസനയുണ്ടു്. ഭൗതികശാസ്ത്രത്തിന്റെ അന്വേഷണവും ഈ വഴിക്കുതന്നെയാണു് പോകുന്നതു്. പ്രപഞ്ചത്തിലുള്ള പദാർത്ഥങ്ങളും മുഴുവനും

* ഇതു് 1957-ലെ കഥയാണു്. ഇന്നു് ഇരുന്നൂറിലധികം പദാർത്ഥപരമാണുക്കൾ അറിയപ്പെട്ടിട്ടുണ്ടു്.

Digitized by Kerala Sahitya Akademi

മൂന്നതരം പരമാണുക്കളുടെ ഭിന്നരീതിയിലുള്ള സംവിധാനത്തിന്റെ ഫലമാണെന്നു തെളിയിക്കുവാൻ സാധിച്ചതു് ഒരു മഹാവിജയംതന്നെ ആയിരുന്നു എന്നതിൽ തർക്കമില്ല. എങ്കിലും ഇന്നു് അതൊരു പഴങ്കഥയായിത്തീർന്നിരിക്കുകയാണു്. പത്തുമുപ്പതുതരത്തിലുള്ള പരമാണുക്കൾ വീണ്ടും ഒരു പ്രഹേളികയെ സൃഷ്ടിച്ചിരിക്കുന്നു. ഇതിന്റെ വ്യാഖ്യാനത്തിലാണു് ശാസ്ത്രജ്ഞന്മാർ ഇപ്പോൾ വ്യാപൃതരായിരിക്കുന്നതു്. അവയിൽ ഒന്നിനെ മറ്റൊന്നായി രൂപാന്തരപ്പെടുത്തുവാൻ കഴിയുമെന്നു പരീക്ഷണങ്ങൾ തെളിയിച്ചിട്ടുണ്ടു്. പരീക്ഷണശാലയിൽ ഈ പരമാണുക്കളെ കൂട്ടിമുട്ടിക്കുമ്പോഴാണു് ഇങ്ങനെയുള്ള പരിവർത്തനങ്ങൾ ഉണ്ടാകുന്നതു്. ഈ സംഘട്ടനങ്ങളിൽ വളരെയധികം ശക്തിപ്രസരവും സംഭവിക്കുന്നു. അത്യധികം ശക്തിയോടെ പായുന്ന രണ്ടു പരമാണുക്കൾ കൂട്ടിമുട്ടിയാൽ അതിൽനിന്നു പുതിയ ജാതി പരമാണുക്കൾ ജനിക്കുന്നു; കൂട്ടിമുട്ടിയ പരമാണുക്കളും അവയുടെ ശക്തിയും പുതിയ വസ്തുവായി രൂപാന്തരംപ്രാപിക്കുന്നു. ഈ പ്രതിഭാസങ്ങളെ ഹൈസൻബർഗ്ഗ് എന്ന ശാസ്ത്രജ്ഞൻ വ്യാഖ്യാനിക്കുന്നതു് ഇങ്ങനെയാണു്:

"എല്ലാ പരമാണുക്കളും ഒരേ ഒരു മൂലവസ്തുതന്നെയാണു്; ഒരേ അടിസ്ഥാനസത്തയുടെ ഭിന്നഭാവങ്ങൾ മാത്രം. ഈ വ്യാഖ്യാനം പഴയ പരമാണുത്രയത്തെത്തന്നെയും ഏകതത്ത്വത്തിലേക്കു ചുരുക്കുന്നു. അതായതു് അടിസ്ഥാനസത്ത ഒന്നേയുള്ളൂ; അതു് ഏകാത്മകവുമാണു്. പക്ഷേ, അതിനു് തൂക്കിയറിയാവുന്നതിലധികം ഭാവങ്ങൾ സ്വീകരിക്കുവാൻ കഴിയും. ഇവയിൽ ചിലതു സ്ഥിരതയുള്ളവയാണു്. (ഉദാഹരണം—ഇലക്ട്രോൺ, പ്രോട്ടോൺ); മറ്റു ചിലതു് അസ്ഥിരങ്ങളും."

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പരമാണുശാസ്ത്രപരീക്ഷണങ്ങൾ ഇങ്ങനെയെങ്കിലും നിഗമനത്തിലേക്കാണു നയിക്കുന്നതെന്നുള്ളതു നിസ്സംശയമാണെങ്കിലും, പരമാണുക്കളുടെ പ്രഭവവിലയങ്ങളെ നിയന്ത്രിക്കുന്ന ഗണിതനിയമങ്ങൾ ഏതെന്നു് ഇനിയും വ്യക്തമായിട്ടില്ല. ഇവയെ

Digitized by Kerala Sahitya Akademi

കണ്ടുപിടിക്കുവാനുള്ള തീക്ഷ്ണയത്നം നടക്കുകയാണു്. പരീക്ഷണങ്ങളും നടത്തുന്നവർ പുതിയ പുതിയ പരമാണുക്കളെ തേടുന്നു; ഓരോന്നിന്റെയും സ്വഭാവങ്ങളും ലക്ഷണങ്ങളും നിർവ്വചിക്കുവാൻ ശ്രമിക്കുന്നു. പരീക്ഷണത്തിൽനിന്നു ലഭിക്കുന്ന വിവരങ്ങളെ പരസ്പരം പൊരുത്തപ്പെടുത്തുവാനും ബന്ധിപ്പിക്കുവാനുമാണു് ഗണിതശാസ്ത്രജ്ഞന്മാരുടെ യത്നം

ഈ ഗവേഷണങ്ങളിൽ കാലം എന്ന സങ്കല്പം ഒരു വലിയ ഉൾപ്പെടമായിത്തീർന്നിരിക്കുകയാണു്. അൻപതു വർഷം മുമ്പു് ഐൻസ്റ്റൈൻ സ്ഥലകാലങ്ങളെക്കുറിച്ചുണ്ടായിരുന്ന സങ്കല്പങ്ങളെ വളരെയധികം പരിഷ്കരിക്കുകയുണ്ടായി എന്നു പറഞ്ഞുവല്ലോ. സാധാരണയായി കാലത്തെ നാം ഭൂതം, വർത്തമാനം, ഭാവി എന്നു വിഭജിക്കാറുണ്ടു്. കഴിഞ്ഞതെല്ലാം ഭൂതം; വരാനിരിക്കുന്നതു ഭാവി. ഇവയ്ക്കു രണ്ടിനും ഇടയ്ക്കുള്ളതും അതിമാത്രം ഹ്രസ്വവുമായ അന്തരാളമാണു് വർത്തമാനം. ഇതിന്റെ അളവു് പ്രപഞ്ചത്തിൽ എല്ലായിടത്തും എല്ലാവർക്കും ഒരുപോലെയല്ലെന്നാണു് ഐൻസ്റ്റൈൻ തെളിയിച്ചതു്. അതായതു് നിരീക്ഷകനു് സംഭവസ്ഥലത്തുനിന്നുള്ള അകലം അനുസരിച്ചു വർത്തമാനകാലം നീളുകയോ ചുരുങ്ങുകയോ ചെയ്യുമെന്നു സാരം. സംഭവം നിരീക്ഷകനു് ഗോചരീഭവിക്കുന്നതു് (എന്നുവച്ചാൽ, സംഭവത്തിന്റെ ഫലങ്ങൾ നിരീക്ഷകനിൽ എത്തുന്നതു്) വെളിച്ചം സഞ്ചരിക്കുന്നതിനേക്കാൾ വേഗത്തിൽ ആകുവാനും സാദ്ധ്യമല്ല. ഇതാണു് ആപേക്ഷികതാവാദത്തിന്റെ പ്രമാണം. പരമാണുക്കളുടെ പ്രവർത്തനങ്ങളിലേക്കു കടക്കുമ്പോൾ ഈ പരിമിതി ഒരു വലിയ പ്രയാസമായിത്തീരുന്നു. പരമാണുവിന്റെ സ്ഥാനവും ഗതിവേഗവും ഒരുമിച്ചു നിർണ്ണയിക്കുക അസാധ്യമാണെന്നുള്ളതു് കാണ്ഡംസിദ്ധാന്തത്തിന്റെ അടിസ്ഥാനപ്രമാണമാണു്. സ്ഥാനനിർണ്ണയം പൂർണ്ണവും സൂക്ഷ്മവും ആകുന്തോറും വേഗനിർണ്ണയം അപൂർണ്ണവും സ്ഥൂലവും ആയിത്തീരുന്ന ചുരുക്കത്തിൽ ആപേക്ഷികതാ വെളിച്ചത്തിന്റെ വേഗം എന്ന ഒരു കേവലമാനദണ്ഡം സ്വീക

Digitized by Kerala Sahitya Akademi

രിച്ചു്, ഒരു പ്രത്യേകസംഭവത്തിനു സ്ഥലത്തിലും കാലത്തിലും ഉള്ള വ്യാപ്തിക്കു് അതിരിടുന്നു. സംഭവസ്ഥാനത്തുനിന്നു നിരീക്ഷകനിലേക്കു് വെളിച്ചം ചെന്നെത്തുന്നതുവരെ മാത്രമേ പ്രസ്തുത സംഭവം ഒരു വർത്തമാനകാലസംഭവമായി നിലനിൽക്കുള്ളു.

പരമാണുക്കളുടെ കാര്യത്തിൽ സ്ഥലത്തെയും കാലത്തെയും ഇങ്ങനെ പരിമിതപ്പെടുത്തുമ്പോൾ അവയുടെ പ്രവർത്തനങ്ങൾ (അതായതു് നിരീക്ഷണവിധേയമായ സംഭവങ്ങൾ) ജനിപ്പിക്കുന്ന ഊർജ്ജംമുതലായ ഫലങ്ങളുടെ ഗതിവേഗം അപരിമിതമാകുമെന്നാണു് കാണ്ടം സിദ്ധാന്തം തെളിയിക്കുന്നതു്. 'ചാണ്ടി മുറുകുമ്പോൾ തൊമ്മൻ അയയും.' ഇതിന്റെ അർത്ഥം പരമാണുക്കളുടെ സംഘട്ടനങ്ങളെക്കുറിച്ചു പൂർണ്ണവും ഗണിതപരവുമായ നിർവചനം അസാദ്ധ്യമാണെന്നാണു്. ഈ ഘട്ടത്തിലാണു് പരമാണുശാസ്ത്രം ഇപ്പോൾ ചെന്നെത്തിയിരിക്കുന്നതു്. എന്താണു് ഇതിൽനിന്നുള്ള പോംവഴിയെന്നു് ഊഹിക്കുവാർപോലും സാധിച്ചിട്ടില്ല. ഒരു തൽക്കാലസമാധാനമായി ശാസ്ത്രജ്ഞന്മാർ പറയുന്നതു്, പരമാണുക്കളുടെ ലോകത്തിൽ സ്ഥലകാലങ്ങൾ മങ്ങിപ്പോകുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു എന്നാണു്. ഇവയുടെ രണ്ടിന്റെയും അളവുകൾ വളരെ വളരെ ചെറുതായിത്തീർന്നിരുന്ന ഒരു ലോകമാണതു്. ഒരു സെക്കൻഡിന്റെ ഒരുകോടിയിലൊരംശം സമയം, ഒരു മില്ലിമീറ്ററിന്റെ പത്തുകോടിയിലൊരംശം ദൂരം, എന്നിങ്ങനെയുള്ള അളവുകൾക്കുള്ളിലാണു് പരമാണുക്കളുടെ പ്രതിഭാസങ്ങൾ ഉണ്ടാകുന്നതു്. അവിടെ ഈ പരമാണുക്കൾ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന ഊർജ്ജം കണക്കാക്കുവാൻ ശ്രമിക്കുമ്പോൾ നേരത്തിന്റെയും ദൂരത്തിന്റെയും കഥ കുഴപ്പത്തിലാകുന്നു. ഇങ്ങനെ വരുമ്പോൾ ചില സംഭവങ്ങളുടെ ഗതി ഭാവിയിൽനിന്നു ഭൂതത്തിലേക്കു് ആകുന്നതായും വന്നേക്കാമെന്നു ഹൈസൻബർഗ്ഗ് പറയുന്നു.

പരമാണുശാസ്ത്രത്തിന്റെ ഏറ്റവും ഒടുവിലത്തെ ഈ ഗവേഷണങ്ങൾ ഉളവാക്കുന്ന പ്രശ്നങ്ങൾ വാസ്തവത്തിൽ

Digitized by Kerala Sahitya Akademi

തത്ത്വജ്ഞാനപ്രശ്നങ്ങൾതന്നെയാണു്. തത്ത്വജ്ഞാനികൾ അനുഭൂതിമണ്ഡലത്തെ മൊത്തത്തിലെടുത്തു കൈകാര്യം ചെയ്യുവാനാണു് ശ്രമിക്കുന്നതു്. എന്നാൽ ശാസ്ത്രമാകട്ടെ മനശ്ശക്തികളിൽ ഒരംശംമാത്രമായ യുക്തിയേയും കാര്യകാരണബന്ധങ്ങളേയും മാത്രം പിൻതുടരുന്നു. നക്ഷത്രങ്ങളുടെ ഭ്രമണവും സ്ഥൂലപദാർത്ഥങ്ങളുടെ പരിവർത്തനങ്ങളും മാത്രം പരിശോധിച്ചിരുന്ന കാലത്തോളം ജ്ഞാനസമ്പാദനത്തിന്റെ ഈ ഉപകരണങ്ങളും സത്ഫലങ്ങളും തൃപ്തികരങ്ങളുമായി അനുഭവപ്പെട്ടു. പക്ഷേ, പരമാണുലോകത്തിലേക്കു കടന്നപ്പോൾ അവ തീരെ അപര്യാപ്തങ്ങളായിത്തീർന്നിരിക്കുകയാണു്. അസംഖ്യം പരമാണുക്കൾ ചേർന്നു് സ്ഥൂലപദാർത്ഥങ്ങൾ ഉണ്ടാകുമ്പോൾ അവയുടെ പ്രവർത്തനങ്ങളിലും പരിവർത്തനങ്ങളിലും പൗർവ്വാപര്യം, കാര്യകാരണബന്ധം തുടങ്ങിയ ലക്ഷണങ്ങൾ കാണുമാറാകുന്നു. പക്ഷേ, ഓരോ പരമാണുവിന്റെയും അത്യന്തസൂക്ഷ്മമായ പ്രവർത്തനമണ്ഡലത്തിൽ സാധാരണ ലോകത്തിന്റെ ഈ സ്വഭാവങ്ങൾ ഇല്ലാതാകുന്നു. പരമാണുലോകത്തിലെ പ്രകൃതിനിയമങ്ങൾ പാടെ ഭിന്നങ്ങളാണെന്നാണു് കരുതേണ്ടതു്. അവയ്ക്കു ഗണിതപരമായ നിർവ്വചനം നല്കുന്നതുവരെ ഇപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ നീങ്ങുകയില്ല. ഉദാഹരണത്തിനു് പ്രോട്ടോൺ ഇലക്ട്രോണിനേക്കാൾ 1836 ഇരട്ടിഭാരമുള്ളതായിരിക്കുന്നതിന്റെ കാരണമെന്തെന്നു് ഇനിയും മനസ്സിലായിട്ടില്ല. മനസ്സിലാകണമെങ്കിൽ ഈ നിയമങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

ആധുനികശാസ്ത്രത്തിന്റെ പരീക്ഷണങ്ങളും അതിസൂക്ഷ്മമായ അളവുകളും ഗണിതവിദ്യകളും ഇല്ലാതെതന്നെ യുക്തിവിചാരത്തിന്റെയും 'സാംഖ്യവാദ'ത്തിന്റെയും പരിമിതികൾ മനസ്സിലാക്കാവുന്നതാണു്. യുക്തിക്കു യോജിച്ച സങ്കല്പങ്ങൾക്കു മാത്രമേ സാധുത്വമുള്ള എന്ന വിശ്വാസം മനുഷ്യചിന്തയുടെ അടിസ്ഥാനത്തിൽ നിന്നിരിക്കുകയാണു്. കാലം എന്നു പറഞ്ഞാൽ, കാര്യകാരണബന്ധത്തിനു് ആസ്പദമായ അനുഭൂതിവിശേഷം എന്നു

Digitized by Kerala Sahitya Akademi

മാത്രമേ നാം അത്ഥമാക്കുന്നുള്ളൂ. അനുഭൂതിയുടെ ഈ ഭാഗത്തിനു് അമിതപ്രാധാന്യമല്ല, സർവ്വപ്രാധാന്യംതന്നെ കിട്ടിയതു് അധുനാതനകാലത്തു മാത്രമാണെന്നു പറഞ്ഞുവല്ലോ. അതുതന്നെയും ശാസ്ത്രത്തിന്റെ ഏറ്റവും പുതിയ ഗവേഷണങ്ങളിൽ ചോദ്യംചെയ്യപ്പെട്ടിരിക്കുന്നതായും നാം കണ്ടു. കാലത്തിലൂടെ പുറകോട്ടു പോകുന്ന അനുഭവം പരമാണുക്കളുടെ പ്രതിഭാസങ്ങളിൽ മാത്രമല്ല ഉണ്ടാകുന്നതു്. ഒരു സിനിമാഫിലിം പുറകോട്ടു് ഓടിച്ചു പ്രദർശിപ്പിച്ചാൽ ഉണ്ടാകുന്ന അനുഭവം ഓർത്തുനോക്കുക. തീയിൽനിന്നു തീപ്പെട്ടിക്കോലുരയ്ക്കുന്നതിലേക്കുള്ള സംഭവഗതി, ഫലത്തിൽനിന്നു ഹേതുവിലേക്കുള്ള പരിവർത്തനം, കാലത്തിന്റെ പിന്നോട്ടുള്ള പോക്കു് മനുഷ്യചിത്തത്തിനു ചിലപ്പോഴെങ്കിലും അനുഭവപ്പെടാവുള്ളതാണു്. പക്ഷേ, അതൊരു മിഥ്യയോ ഭ്രമമോ മാത്രമാണെന്നാണു് ആധുനികമനുഷ്യൻ വിശ്വസിക്കുന്നതു്. ഇതുപോലെയുക്തിക്കു പേരാത്ത അനുഭൂതികളെയും മനശ്ശക്തികളെയും അവഗണിക്കുകയും അടിച്ചമർത്തുകയും ചെയ്തതുമൂലം അവയെക്കുറിച്ചുള്ള ബോധംപോലും നമ്മുടെ മനസ്സിൽനിന്നു മാഞ്ഞിരിക്കുകയാണു്.

അനുഭൂതിയെ സമഗ്രമായും സമ്പൂർണ്ണമായും വീക്ഷിക്കാതെ, സംഖ്യകൾക്കു വിധേയമാക്കി വിശകലനംചെയ്തു് പ്രപഞ്ചത്തിന്റെ പ്രതിഭാസങ്ങളെ മനസ്സിലാക്കുവാൻ ശ്രമിച്ചതിന്റെ പ്രയാസങ്ങളും ശാസ്ത്രം അഭിമുഖീകരിക്കുന്നുണ്ടു്. സ്ഥിതിവിവരക്കണക്കുകളെ (Statistics) ആധാരമാക്കിയുള്ള ഇന്നത്തെ ചിന്താഗതിയുടെ കാരണം ഇതാകുന്നു. പ്രതിഭാസങ്ങളെ ഓരോന്നായി എടുത്തുനോക്കിയതുകൊണ്ടു പ്രകൃതിനിയമങ്ങളും കണ്ടുപിടിക്കുവാൻ സാധ്യമല്ലെന്നും അവയെ ആകെക്കൂടി ഒരു സംഘമായോ, സമൂഹമായോ പരിഗണിക്കണമെന്നുമാണു് ഇന്നത്തെ അഭിപ്രായം. ഊർജ്ജതന്ത്രത്തിലും പരമാണുശാസ്ത്രത്തിലും മാത്രമല്ല, ജീവശാസ്ത്രത്തിലും സമുദായശാസ്ത്രത്തിലും സാമ്പത്തികവികസനത്തിലും എല്ലാം ഈ മനോഭാവം വന്നിട്ടുണ്ടു്. വ്യക്തിഭാവങ്ങളെ ആസ്പദമാക്കി നി

Digitized by Kerala Sahitya Akademi

വ്യവനങ്ങളും പ്രവചനങ്ങളും നടത്തുന്നതു ശരിയല്ലെന്നും അബദ്ധമാണെന്നും കണ്ടിരിക്കുന്നു. ആദ്യം ആരാണു കളിക്കേണ്ടതെന്നു നിശ്ചയിക്കുവാൻ കുട്ടികൾ ഇലയിട്ടു നോക്കാറുണ്ടല്ലോ. അകമോ പുറമോ വരാൻപോകുന്നതെന്നു പ്രവചിക്കുവാൻ സാദ്ധ്യമല്ല. പക്ഷേ, ആയിരം തവണ ഇലയിട്ടുനോക്കിയാൽ അഞ്ഞൂറുതവണ അകവും അത്രയുംതന്നെ പുറവും വീഴുമെന്നു് ഏറെക്കുറെ നിശ്ചയമായിത്തന്നെ പറയാവുന്നതാണു്. പരീക്ഷണത്തിലും ഈ പ്രവചനം ശരിയാണെന്നു കാണാം. ഇതാണു് സ്ഥിതിവിവരനിയമം. പ്രപഞ്ചത്തെക്കുറിച്ചു് ഇത്തരത്തിലുള്ള ഉപാത്തതത്ത്വങ്ങൾ മാത്രമേ കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ എന്ന പ്രമാണം ആധുനികശാസ്ത്രം അംഗീകരിച്ചിരിക്കുകയാണു്. ഇതു വ്യക്തിവീക്ഷണത്തിലും സംഖ്യകളെ മുൻനിർത്തിയുള്ള അപഗ്രഥനത്തിലുംനിന്നുള്ള ഒരു പിൻവാങ്ങലാണെന്നു പറയാതെ തരമില്ല. അതിൽ ജ്ഞാനസമ്പാദനമാർഗ്ഗത്തെയും ജ്ഞാനത്തിന്റെ സ്വഭാവത്തെയുംകുറിച്ചുള്ള വിപ്ലവകരമായ ഒരു മാറ്റം അന്തർഭവിച്ചിരിക്കുന്നു. സംഖ്യകൾ കണ്ടുപിടിച്ചു് അഖണ്ഡമായ അനുഭൂതികളെ വിശ്ലേഷണംചെയ്തതു് ശരിയായില്ലെന്നു പരോക്ഷമായെങ്കിലും അതു സമ്മതിക്കുകയുംചെയ്യുന്നു.

മനുഷ്യപരിണാമത്തിൽ നാം മനഃപൂർവ്വം വരുത്തിവച്ച ഇത്തരത്തിലുള്ള വൈകല്യങ്ങളെ നിർമ്മാർജ്ജനംചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളാണു് നാം അന്വേഷിക്കേണ്ടതു്. കാലം നമ്മുടെ മനശ്ശക്തികളുടെമേൽ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ദുരധികാരത്തെ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ജീവിതം എന്നു പറഞ്ഞാൽ, കാര്യകാരണബന്ധത്തിലൂടെ, ഒരു ചൊവ്വിനു മാത്രം സഞ്ചാരസ്വാതന്ത്ര്യമുള്ളതായി, നൂൽപ്പാലംപോലെ നീണ്ടുപോകുന്ന അനുഭൂതിപരമ്പരയാണെന്ന (അനുക്തസിദ്ധമായിത്തീർന്നിരിക്കുന്ന) വിശ്വാസം പരിത്യജിക്കുകതന്നെ വേണം. നമു

Digitized by Kerala Sahitya Akademi

ക്കുണ്ടാകുന്ന അനുഭവങ്ങളിൽ ഒരു വിഭാഗത്തിനു മാത്രം യോജിച്ച സങ്കല്പമാണതു്. പക്ഷേ, വേറെയും അനുഭവങ്ങളുണ്ടു്; അവയ്ക്കും അത്രതന്നെ സാധുതയുണ്ടു്. അതൊന്നും നാം പുഷ്പിപ്പെടുത്തിയിട്ടില്ലെന്നേയുള്ളു. ഈ കുറവു പരിഹരിക്കണം. ആത്മബോധത്തെ വിച്ഛിന്നമാക്കുന്ന വീക്ഷണഗതി ഉപേക്ഷിക്കണം. ചിത്തസത്വത്തിന്റെ സാകല്യത്തെയുള്ള സാധ്യതകളെ സാക്ഷാൽക്കരിക്കണം. അതാണു് മനുഷ്യവർഗ്ഗത്തിന്റെ ഭാവി. മനുഷ്യജന്മത്തിന്റെ മാഹാത്മ്യം തെളിയിക്കുവാനുള്ള മാർഗ്ഗവും അതാകുന്നു.

Digitized by Kerala Sahitya Akademi

അർത്ഥവും സത്യവും

1945—ൽ ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റംബോംബിട്ടതു് ഒരു തെറ്റിദ്ധാരണയുടെ ഫലമായിട്ടായിരുന്നു എന്നു് പിൽക്കാലത്തു തെളിയുകയുണ്ടായി. ജപ്പാൻസൈന്യവും ഗവണ്മെന്റും, ഈ ബ്രഹ്മാസ്ത്രപ്രയോഗത്തിനു് എത്രയോ മുമ്പുതന്നെ, തങ്ങൾക്കു ജയിക്കുവാൻ സാധ്യമല്ലെന്നും കീഴടങ്ങുകയേ ഗതിയുള്ളൂ എന്നും മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. അയിടയ്ക്കാണു പോട്സ്ഡാം സമ്മേളനം നടന്നതു്. അവിടെവെച്ചു സഖ്യകക്ഷികൾ ജപ്പാൻസൈന്യം കീഴടങ്ങണമെന്ന അന്ത്യശാസനം പ്രഖ്യാപിച്ചു. ഇതിനു ജപ്പാൻഗവണ്മെന്റു് ജപ്പാൻഭാഷയിൽ നല്കിയ മറുപടിയിൽ 'മോക്കുസാറ്റ്സു' എന്നൊരു പദമുണ്ടായിരുന്നു. പ്രസ്തുത പദത്തെ Ignore എന്നാണു് ഡൊമൈ വാർത്താവിതരണസംഘം ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയതു്. അന്ത്യശാസനം വിഗണിച്ചിരിക്കുന്നു ('പോടാ പോ') എന്നർത്ഥം വരുന്ന, ഇംഗ്ലീഷിലുള്ള മറുപടി അമേരിക്കൻ സൈന്യാധിപന്മാരെ കോപാവിഷ്ടരാക്കി; ആറ്റംബോംബിടുവാൻ അവർ ആജ്ഞയും കൊടുത്തു. അങ്ങനെയാണു് അറുതിയായ ആറ്റംബോംബു് ജപ്പാൻകാരുടെ തലയിൽ വീഴുവാൻ ഇടയായതു്. മറുപടിയിൽ ഉൾക്കൊണ്ടിരുന്ന മോക്കുസാറ്റ്സു എന്ന പദത്തിന്റെ ശരിയായ അർത്ഥം വിഗണിച്ചിരിക്കുന്നു എന്നല്ലെന്നും Withholding Comment—Pending Decision (അഭിപ്രായം പറയുന്നില്ല—ആലോചിക്കുന്നതേയുള്ളൂ) എന്നാണെന്നും യുദ്ധത്തിനുശേഷമേ മനസ്സിലായുള്ളൂ അപ്പോഴേക്കു് അനർത്ഥം വരാനുള്ളതെല്ലാം വന്നുകഴിഞ്ഞു എന്നു പറയേണ്ടതില്ലല്ലോ.

ഇന്നത്തെ ആഗോളരാഷ്ട്രീയത്തിൽ അന്യജനങ്ങളുടെ ആശയഗതിയും ആഖ്യാനരീതിയും ഭാഷാപ്രയോഗങ്ങളും ശരിയായി മനസ്സിലാക്കേണ്ടതു് എത്രമേൽ ആവ

Digitized by Kerala Sahitya Akademi

ശ്യമാണെന്നു കാണിക്കുവാനാണു് ഈ ചരിത്രശകലം ഉദ്ധരിച്ചതു്. മനുഷ്യക്കു് അന്യോന്യം ആശയവിനിമയം ചെയ്യാനുള്ള ഉപകരണം ഭാഷ മാത്രമാണു്. പക്ഷേ, അതു വെറുമൊരു പുറംചട്ടയോ വാഹനമോ മാത്രമാണെന്നും, അതു വഹിക്കുന്ന ആശയവും അർത്ഥവും എല്ലാ മനുഷ്യക്കും തുല്യമാണെന്നും ഒരു ധാരണയുണ്ടു്. എത്രയോ നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ഒരു വിശ്വാസമാണിതു്. നവോത്ഥാനകാലത്തും അതിനുശേഷവും, കച്ചവടത്തിനും കവർച്ചയ്ക്കും രാഷ്ട്രീയമേധാവിത്വത്തിനുവേണ്ടി അന്യഭൂഖണ്ഡങ്ങളിലേക്കു സാഹസയാത്ര പുറപ്പെട്ട യൂറോപ്യൻ ജനങ്ങൾക്കു് ഇക്കാര്യത്തിൽ എന്തെങ്കിലും സംശയം ഉണ്ടായിരുന്നതായി തോന്നുന്നില്ല. ഇന്ത്യക്കാരുടെയും ചൈനക്കാരുടെയും അമേരിക്കയിലെ ആദിമനിവാസികളുടെയും ആഫ്രിക്കയിലെ കാപ്പിരികളുടെയും എന്നുവേണ്ട, ഏതു രാജ്യക്കാരുടെയും ആശയഗതി പരിഭാഷയിലൂടെ തങ്ങൾക്കു മനസ്സിലാകുമെന്നും അവർക്കു് ഉറപ്പുണ്ടായിരുന്നു. തങ്ങൾ മനസ്സിലാക്കിയ വസ്തുതകൾ വെച്ചുകൊണ്ടു തങ്ങൾക്കു യുക്തമെന്നു തോന്നുന്ന രീതിയിൽ പെരുമാറുന്നതിലും അവർക്കു് അനൗചിത്യം തോന്നിയില്ല. വാസ്കോ ഡ ഗാമ കടലിൽവെച്ചുണ്ടായ ഒരു ഏറുമുട്ടലിൽ തടവുകാരനായി പിടിച്ച ഒരു അറബിയുടെ സഹായത്തോടുകൂടിയാണു് സാമൂതിരിയുമായി സംഭാഷണം നടത്തിയതെന്നു പറയുന്നു. അവന്നു മലയാളഭാഷ എത്രമാത്രം വശമുണ്ടായിരുന്നു എന്നു് ആരറിഞ്ഞു. മെക്സിക്കോയിൽ ചെന്ന കോർട്ടെസ് എന്ന പരാക്രമി ഒരു ആസ്ടെക്കുതരുണിയെ വശീകരിച്ചു് അവളെ സ്പാനിഷ് ഭാഷ പഠിപ്പിച്ചു് ദ്വിഭാഷിയായി ഉപയോഗിച്ചു.

തെക്കെ അമേരിക്കയിലെ പെറുരാജ്യം കീഴടക്കിയ പിസാറോ എന്ന സ്പാനിഷ് പടയാളി അവിടെ എത്തിയപ്പോഴുണ്ടായ ഒരു സംഭവം ഈ സന്ദർഭത്തിൽ ഓർമ്മവരുന്നു. അയാളും അയാളെ അതിഥിയെന്ന കരുതി ഉപചാരപൂർവം സ്വീകരിച്ച അറാഹ്വാല്പാ എന്ന ചക്രവർത്തിയും തമ്മിലുണ്ടായ അഭിമുഖസന്ദർശനത്തിൽ, സ്പെയിനിൽ

Digitized by Kerala Sahitya Akademi

നിന്നു കൂടെവന്ന ഒരു വൈദികനാണു് ആദ്യം സംസാരിച്ചതു്. അയാൾ വിശുദ്ധ വേദപുസ്തകം ഉയർത്തിപ്പിടിച്ചുകൊണ്ടു് ഗംഭീരമായ ഒരു പ്രസംഗം നടത്തി. തജ്ജമയുള്ള ഏറ്റവും വിടകം തീരെ അപര്യാപ്തമായിരുന്നു. എഴുത്തു് എന്നാൽ എന്തെന്നറിയാത്ത ഒരു സംസ്കാരത്തിന്റെ സന്താനമായ അറാഹ്വാല്ലാ കാര്യമറിയാതെ കുഴങ്ങി. അല്പം കഴിഞ്ഞു പ്രസംഗക്കാരന്റെ കൈയിലിരിക്കുന്ന സാധനമെന്തെന്നു വാങ്ങിച്ചു നോക്കി. അതു് എന്താണെന്നു മനസ്സിലാകാതെ താഴെയിട്ടു. ഇതിൽ രോഷാകുലനായ വൈദികൻ എന്തിനും തയ്യാറായി വന്നിരുന്ന പടയാളികളോടു് യുദ്ധം തുടങ്ങുവാൻ ആജ്ഞ കൊടുത്തു. ആതിഥേയൻ തന്റെ മതത്തെയും, തന്റെ പ്രസംഗത്തെയും വിശുദ്ധവേദപുസ്തകത്തെയും 'അവഹേളിച്ചതു്' അയാൾക്കു സഹിച്ചില്ല. പിന്നത്തെ പ്രഭാഷണമെല്ലാം രോഷം പിരങ്കിയുംകൊണ്ടായിരുന്നു. തെറ്റിദ്ധാരണ എത്ര ഭയങ്കരമാകാമെന്നു് ആലോചിച്ചുനോക്കുക!

വാചകഘടനയിലും വ്യാകരണത്തിലും മറ്റും ഇൻഡോയൂറോപ്യൻ ഭാഷകളും തമ്മിലുള്ള സാദൃശ്യങ്ങളെ മുൻനിർത്തി എല്ലാ ഭാഷകളും സമാനസ്വഭാവങ്ങളാണെന്നും എല്ലാ മനുഷ്യരും ഒരുപോലെയാണു് ചിന്തിക്കുന്നതെന്നും, ഭാഷാശാസ്ത്രജ്ഞന്മാരല്ലാത്തവരും, പണ്ഡിതന്മാർപോലെയും വിചാരിക്കാറുണ്ടു്. ഈ വിചാരം എത്ര അബദ്ധമാണെന്നു് അറിയണമെങ്കിൽ ഇംഗ്ലീഷിലെങ്കിലും ഉച്ചരിക്കപ്പെടാത്തവയും അവയുമായി ഒരു സമ്പർക്കവും ഉണ്ടായിട്ടില്ലാത്തവയുമായ 'നവാഹോ, നൂട്കാ, നാം, തുടങ്ങിയ ഭാഷകൾ പഠിക്കണ'മെന്നു് ഒരു നരവംശശാസ്ത്രജ്ഞൻ പറഞ്ഞതോർക്കുന്നു. 'ഹോപ്പി ഇന്ത്യന്മാരുടെ ഭാഷയിൽ ലിയാസതക എന്ന പദത്തിനു പക്ഷികളെഴികെയുള്ള പറക്കുന്ന എല്ലാ സാധനങ്ങളും എന്നാണേത്രെ അർത്ഥം.' തുമ്പിയും പൂമ്പാറ്റയും നരിച്ചീറും അപ്പൂപ്പൻതാടിയും ആകാശവിമാനവും മൈദാമാവും എല്ലാം അതിൽ ഉൾപ്പെട്ടും. പക്ഷേ, പക്ഷിമാത്രം ഉൾപ്പെടുകയില്ല. അതിനു വേറെ പദമുണ്ടു്. ആയുഷ്കാലമത്ര

Digitized by Kerala Sahitya Akademi

യും ഹോപ്പിഭാഷയും ഇംഗ്ലീഷുഭാഷയും മാത്രം തമ്മിലുള്ള കാര്യം ചെയ്യുശീലിച്ച രണ്ടാളുകൾ ഒരേ ബാഹ്യലോകത്തെത്തന്നെയാണു് കാണുന്നതെങ്കിലും രണ്ടുവിധത്തിലാണു കാണുന്നതു്. പരിഭാഷകന്റെ സഹായം ലഭിച്ചാലും അവർക്കു് അന്യോന്യമുള്ള ആശയവിനിമയം അതിമാത്രം ഉഷ്ടരമാണു്.

ഭാഷകൾക്കു തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ചു് ആധുനികകാലത്തു വളരെയധികം ഗവേഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ടു്. ഇവയുടെ ഫലം ആരെയും അമ്പരപ്പിക്കുന്നതാണു്. വാക്കുകളുടെ അർത്ഥത്തിലും വാക്യങ്ങളുടെ ഘടനയിലും മാത്രമല്ല, വ്യാകരണത്തിന്റെ അടിസ്ഥാനനിയമങ്ങളിലും ശബ്ദങ്ങളുടെ പ്രയോഗത്തിലും അവയ്ക്കു നല്കുന്ന മൂല്യത്തിലും എന്നുവേണ്ട, സ്വപ്നത്തിൽപ്പോലും വിചാരിക്കാത്ത ഭാവങ്ങളിൽപ്പോലും ഭാഷകൾ വ്യത്യാസപ്പെട്ടിരിക്കുന്നതായിട്ടാണു കാണുന്നതു്. തെക്കേ ആഫ്രിക്കയിലെ ഹോട്ടെൻടോട്ടു് ജാതിക്കാരുടെ ഭാഷയിൽ സ്വരങ്ങളും വ്യഞ്ജനങ്ങളും കൂടാതെ മറെറാരുകൂട്ടം ശബ്ദങ്ങളും ഉണ്ടത്രേ. ഇവ വണ്ടിക്കാളയ്ക്കു വേഗം നടത്തുവാനും പൂച്ചയെ വിളിക്കാനും മറും ഉപയോഗിക്കുന്ന ശബ്ദങ്ങൾപോലെയാണു് ഉച്ചരിക്കുന്നതു്. പക്ഷേ, ഓരോന്നിനും സുവ്യക്തമായ അക്ഷരങ്ങളുടെ സ്ഥാനമുണ്ടു്. വടക്കെഅമേരിക്കയിലെ കൊമാഞ്ചി ഇന്ത്യന്മാരുടെ ഭാഷയിൽ ചില അക്ഷരങ്ങൾ തന്ത്രികകയേ പാടുള്ളു; ചിലതു മൂക്കുകൊണ്ടു മാത്രം ഉച്ചരിക്കണം. ചീനഭാഷയുടെ പ്രത്യേകതകൾ പ്രസിദ്ധമാണല്ലോ. നാം അക്ഷരങ്ങളെന്നും വർണ്ണങ്ങളെന്നും മറും വ്യവഹരിക്കുന്ന ധാതുക്കളല്ല അതിൽ ഉപയോഗിക്കുന്നതു്. ചീനഭാഷയുടെ വിഗോത്രജമായ ഈ വൈചിത്ര്യങ്ങൾ മൂലം കമ്മ്യൂണിസത്തിനു തന്നെ ആ രാജ്യത്തു സാരമായ വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നു് ജവാഹർലാൽ നെഹ്റു ഈയിടെ പറയുകയുണ്ടായി (1957 ജൂലായ്). റഷ്യയിലും യൂറോപ്പിലും പ്രചരിക്കുന്ന ആശയങ്ങൾ അതേപടി ചീനഭാഷയിൽ പകർത്തുവാൻ സാദ്ധ്യമല്ല. ചൈനയിലെ നേതാക്കന്മാരിൽ

Digitized by Kerala Sahitya Akademi

പലർക്കും സ്വന്തം ഭാഷയല്ലാതെ മറ്റൊന്നും അറിഞ്ഞുകൂടാ. ഇക്കാരണത്താൽ റഷ്യൻ കമ്മ്യൂണിസത്തിന്റെ അനുഭൂതികളല്ല അവർക്ക് കിട്ടിയിട്ടുള്ളതു് എന്നാണു് അദ്ദേഹം സൂചിപ്പിച്ചതു്.

ഭാഷയാണു് മനുഷ്യന്റെ ഏറ്റവും വലിയ നേട്ടമെന്നു പറയാറുണ്ടു്. മനുഷ്യവർഗ്ഗത്തിന്റെ ഉൽക്കർഷത്തിൽ അതു വഹിച്ചിട്ടുള്ള പങ്കു് അതുല്യമാണെന്നുള്ളതിൽ സംശയമില്ല. ഭിന്നജനങ്ങൾ തമ്മിലുള്ള സൗഹൃദത്തിനു മാത്രമല്ല, എല്ലാവരും കൊതിക്കുന്ന ഏകലോകത്തിന്റെ സൃഷ്ടിക്കും ഉതകുവാൻപോകുന്ന ഉപാധിയും അതാകുന്നു. പക്ഷേ, അല്പമൊന്നു് അടുത്തുചെന്നു പരിശോധിക്കുമ്പോൾ ഭാഷ മനുഷ്യവർഗ്ഗത്തിന്റെ മാനസികഘടനയിൽ അത്യഗാധങ്ങളും ഏറക്കുറെ ദുസ്സൂചങ്ങളുമായ അകൽച്ചകളും ഉണ്ടാക്കിയിട്ടുണ്ടെന്നും കാണാം. എല്ലാ ഭാഷകൾക്കും ശബ്ദം, അർത്ഥം, ഘടന എന്നീ ലക്ഷണങ്ങളും ഉണ്ടെന്നാണു് ശാസ്ത്രജ്ഞന്മാർ പറയുന്നതു്. ഇവയോരോന്നും പ്രത്യേകം പ്രത്യേകം പരിശോധിച്ചാൽ മേല്പറഞ്ഞ വസ്തുത വെളിപ്പെടുന്നതാണു്. എല്ലാ മനുഷ്യരും ഒരേതരം ശബ്ദങ്ങളല്ല ഉച്ചരിക്കുന്നതു്. അവയുടെ സാജാത്യമല്ല വൈജാത്യമാണു് കൂടുതൽ പ്രകടമായിരിക്കുന്നതു്. അർത്ഥത്തിന്റെ കാര്യം ഇതിലും കഷ്ടമാണു്. എല്ലാ മനുഷ്യരുടേയും ഇന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുന്ന പ്രപഞ്ചം ഒന്നുതന്നെ ആണെന്നാണു നമ്മുടെ വിശ്വാസം. ആയിരിക്കാം. പക്ഷേ, ഈ പ്രപഞ്ചത്തെ വാക്കുകളിലൂടെ ഓരോ മനുഷ്യസമുദായവും മനസ്സിലാക്കുന്നതു് ഓരോ വിധത്തിലാണു്. വാക്യഘടനയുടെയും വ്യാകരണത്തിന്റെയും സവിശേഷതകളാകട്ടെ, സമുദായങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയുംചെയ്യുന്ന രഹസ്യജ്ഞാനങ്ങൾക്കു മുഴുവനും അടിസ്ഥാനഭൂതമായി നില്ക്കുകയുംചെയ്യുന്നു. ആരും അറിയാതെ നടക്കുന്നതും വമ്പിച്ച ജനസമൂഹങ്ങളെ ഒന്നടങ്കം ബാധിക്കുന്നതുമായ ഈ ചിന്താനിയന്ത്രണം നാം അറിയുന്നില്ലെന്നേയുള്ളൂ. വാസ്തവത്തിൽ ഓരോ ഭാഷാക്കാരുടെയും

Digitized by Kerala Sahitya Akademi

അനുഭൂതിമണ്ഡലം—സത്താചിത്രം, പ്രപഞ്ചബാധം—ഓരോന്നാണു്. ഒരു ചെറിയ ഉദാഹരണമെടുക്കാം.

'എനിക്കു വിശക്കുന്നു' എന്ന മലയാളവാക്യം നോക്കുക. ഇതു് ഇംഗ്ലീഷിലേക്കു തർജ്ജമചെയ്യാൻ പറഞ്ഞാൽ ആ ഭാഷ അല്പമെങ്കിലും വശമുള്ളവർ ഉടനെ പറയും, 'I am hungry'. നമുക്കു് ഈ രണ്ടു പ്രസ്താവനകളേയും ഒന്നു പരിശോധിക്കാം. ഇതു രണ്ടും ഒരേ അർത്ഥമാണോ ഉൾക്കൊള്ളുന്നതു്? എനിക്കു വിശക്കുന്നു എന്നതിന്റെ നേർ തർജ്ജമ വേണമെങ്കിൽ 'To me hungrying occurs' (ഇംഗ്ലീഷിനോടു കാണിച്ചിരിക്കുന്ന കടുംകൈ പൊറുക്കുക) എന്നു പറയണം. അതിന്റെ പകരം 'ഞാൻ വിശപ്പുള്ളതാണു്" (I am hungry) എന്നു പറയുന്നതു ശരിയല്ല. ഇതുമെത്തുമ്പോൾ തർക്കമാകും:

പൂർവ്വപക്ഷം: "അതിനെന്താ? കാര്യം ഒന്നുതന്നെയല്ലേ? പറയുന്ന രീതിക്കല്ലേ വ്യത്യാസമുള്ളു?"

സമാധാനം: "കാര്യം ഒന്നാകുന്നതെങ്ങനെ? പറച്ചിലിന്റെയും രീതിയുടെയും എല്ലാം ആവശ്യം കാര്യം മറ്റൊരാളെ ധരിപ്പിക്കുകയാണല്ലോ. അതുകൊണ്ടു്, എന്തു കാര്യമാണു ധരിപ്പിക്കുന്നതു് എന്നാണു നോക്കേണ്ടതു്. അവിടെയാണു കുഴപ്പവും. അതൊന്നു പരിശോധിക്കാം. 'എനിക്കു വിശക്കുന്നു' എന്നാണല്ലോ? വിഗ്രഹിച്ചു നോക്കാം:

എനിക്കു്: അതായതു് ഞാൻ എന്ന ഉണ്മയില്ലേ? (അതാണല്ലോ എല്ലാവർക്കും അറിയാവുന്നതു്) അതിനു്, എന്നുവെച്ചാൽ, ചതുർത്ഥീവിഭക്ത്യന്തപ്രഥമപുരുഷസർവ്വനാമം ഏകവചനം (സംസ്കൃതമായിപ്പായി, ക്ഷമിക്കണം); ഞാനിനു്, അല്ല, ഞാനുക്കു്—തെറ്റി, എനക്കു് (അതു തമിഴായി, കുഴപ്പംപിടിച്ചതെന്നു) പോകട്ടെ, എനിക്കുതന്നെ. മനസിലായില്ലേ? ഞാൻ എന്ന ഉണ്മയ്ക്കു്, മറ്റൊന്നിനുമല്ല എന്നർത്ഥം.

വിശക്കു: അതായതു വിശക്കുക എന്നൊരു അവസ്ഥയില്ലേ? വെളിയിലിരിക്കുന്ന ചില സാധനങ്ങൾ ശരീ

Digitized by Kerala Sahitya Akademi

രത്തിന്റെ ഉള്ളിലാക്കണം എന്ന ആഗ്രഹം തോന്നുക. വിശക്കുക എന്നു പറഞ്ഞാൽ ആഗ്രഹമല്ല, ആഗ്രഹമുള്ള അവസ്ഥ അതാണു് 'വിശക്കു' എന്ന ഈ അക്ഷരത്രയം സൂചിപ്പിക്കുന്നതു്. 'എനിക്കു് വിശക്കുക എന്ന അവസ്ഥ' എന്നു മാത്രം പറഞ്ഞതുകൊണ്ടു വിവക്ഷിതം മുഴുവനുമായില്ല. അതെന്തോ എങ്ങും തൊടാതെ ത്രിശങ്കുസ്വർഗ്ഗത്തിൽ, ഒരു പൂണ്ണതയുമില്ലാതെ, പരസ്പരബന്ധമില്ലാതെ, നില്ക്കുന്നതായുള്ള മുഴുമിപ്പിക്കാനും ബന്ധമുണ്ടാക്കാനും വേണ്ടിയുള്ളതാണു് അടുത്ത അക്ഷരം.

ന്നു: എന്നു പറഞ്ഞാൽ വിശക്കുക എന്ന അവസ്ഥ സംഭവിക്കുന്നു എന്നർത്ഥം. എത്ര നേരമായി അതു സംഭവിക്കാൻ തുടങ്ങിയിട്ടെന്നോ എത്രനേരം തുടരുമെന്നോ ഒന്നും ഇതിൽനിന്നു വ്യക്തമല്ല സംഭവിക്കുന്നു എന്നു മാത്രം. ഇതിൽ കുഴപ്പമുണ്ടെന്നും അവ്യക്തതയുണ്ടെന്നും സമ്മതിക്കുന്നു. കാലചക്രം തിരിയുന്നു, തല നരയ്ക്കുന്നു, ഞാൻ പോകുന്നു, നക്ഷത്രം മിന്നുന്നു, എന്നീ പ്രയോഗങ്ങളിലുള്ള 'ന്നു' ഇതിൽനിന്നെല്ലാം വളരെ ഭിന്നമാണു്; ശരിതന്നെ. പക്ഷേ, ഞാൻ എന്ന ഉണ്മയും വിശക്കുക എന്ന അവസ്ഥയും തമ്മിൽ ഒരു ബന്ധം ഉണ്ടാക്കുകയാണു് എന്റെ ഉദ്ദേശം. അതു സാധിച്ചില്ലാ. അതിനുള്ളതെങ്കിലും ആ അനുഭൂതിക്കു് ഒരു ആഖ്യാനം നല്കുവാൻ സാധിച്ചതുതന്നെ ഭാഗ്യം. എന്റെ അനുഭൂതി പൂണ്ണമായി പകർന്നുതരുവാൻ സാധിച്ചില്ല അതു് ആക്കെക്കിലും കഴിയുമോ, എന്തോ? ഏതായാലും നിങ്ങൾ ഇംഗ്ലീഷിൽ ചെയ്ത പ്രസ്താവന ഇതിൽനിന്നു തികച്ചും ഭിന്നമാണെന്നും ഇതിനേക്കാൾ അപൂണ്ണമാണെന്നും ഉള്ളതിൽ എനിക്കു സംശയമില്ല.

പൂർവ്വപക്ഷം: അതെങ്ങനെയാണു്. ആ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നതും ഈ അർത്ഥംതന്നെ അല്ലേ?

സമാധാനം: അല്ല. നമുക്കു് അതുമൊന്നു പരിശോധിച്ചു നോക്കാം. 'ഞാൻ വിശപ്പുള്ളതു് ആണു്' എന്നല്ലെ? വിഗ്രഹിക്കാം;

Digitized by Kerala Sahitya Akademi

ഞാൻ: അതിൽ സംശയമില്ല. മനസ്സിലായി.

വിശപ്പുള്ളതു്: അതായതു്, വിശക്കുക എന്ന അവസ്ഥയ്ക്കു വിധേയമായതു്; വിധേയമാകുന്നതു്. പക്ഷേ, ഇതിൽ ഞാൻ മാത്രമല്ല പലതും ചേരുമല്ലോ. പട്ടിയും പൂച്ചയും കഴുതയും എല്ലാം വിശക്കുക എന്ന അവസ്ഥയ്ക്കു വിധേയമാകുന്നവയാണു്. അവയും വെളിയിലുള്ള പദാർത്ഥങ്ങളെ ഉള്ളിലാക്കണമെന്നു് ആഗ്രഹിക്കുന്നതായി കാണാം.

ആണു്: എന്നു പറഞ്ഞാൽ ആകുന്നു എന്ന സാധാരണ അർത്ഥം ഇതു രണ്ടിനും തമ്മിൽ അല്പം വ്യത്യാസമുണ്ടു്. to be എന്നും to become എന്നും ഉള്ള പദങ്ങൾക്കു തമ്മിലുള്ള വ്യത്യാസം. അതു പോകട്ടെ. തൽക്കാലം അതിലേക്കു കടക്കുന്നില്ല. ഈ വാക്കാണു് 'ഞാൻ' 'വിശപ്പുള്ളതു്" എന്നിവയെ ബന്ധിപ്പിക്കുന്നതു്; രണ്ടും സമാനാർത്ഥങ്ങളാണെന്നു സമർത്ഥിക്കുന്നതു്; സ്ഥാപിക്കുന്നതു്.

നിങ്ങളുടെ പ്രസ്താവനയെ വിഗ്രഹിച്ചാൽ കിട്ടുന്ന വിവക്ഷിതം ഇതാണു്. ഇതും ഞാൻ പറഞ്ഞതും ഒന്നുതന്നെ ആണെന്നു പറഞ്ഞാൽ എങ്ങനെയാണു് സമ്മതിക്കുക? നിങ്ങളുടെ പ്രസ്താവനയുടെ അർത്ഥം ഞാൻ പട്ടിയാണു് എന്നു് ആരെങ്കിലും ഗ്രഹിക്കുമെങ്കിൽ അവരെ കുറ്റം പറയാമോ?

പൂർവ്വപക്ഷം: നിൽക്കണം. ഇതു വെറും കുതർക്കമാണു്. വെളിയിലിരിക്കുന്ന പദാർത്ഥങ്ങൾ ഉള്ളിലാക്കണമെങ്കിൽ അങ്ങനെ ചെയ്യണം. അപ്പോൾ ഈ സംശയമെല്ലാം തീരും.

സമാധാനം: തീരുകയില്ല. എന്റെ സിഗറ്റും തീപ്പെട്ടിയുമാണു് വെളിയിലിരിക്കുന്നതു്. അതു രണ്ടും എടുത്തു ഞാനിതാ കീശയിലാക്കുന്നു. സംശയം തീർന്നില്ലല്ലോ?

പൂർവ്വപക്ഷം: നമസ്കാരം; പിന്നെക്കാണാം."

ഈ തർക്കം വല്ലവിധവും അവസാനിപ്പിച്ചു. എങ്കിലും മനുഷ്യന്റെ ഏറ്റവും വലിയ നേട്ടമായിക്കരുതുന്ന

Digitized by Kerala Sahitya Akademi

ഭാഷയിൽ അന്തർലീനമായിരിക്കുന്ന പരാധീനതകളെയാണു് അതു വെളിപ്പെടുത്തുന്നതു്. ഓരോ ഭാഷയും ഓരോ പ്രപഞ്ചചിത്രത്തെ നിർമ്മിക്കുന്നു. ഈ ചിത്രം പ്രസ്തുത ഭാഷ സംസാരിക്കുന്നവരുടെ ചിന്താസരണിയിൽ മായാത്ത പതിയുകയും ചെയ്യുന്നു. പരമ്പരാഗതമായി, എത്രയോ തലമുറകളിലൂടെ സംഭവിക്കുന്ന ഒരു പ്രതിഭാസമാണിതു്. ഈ ചിന്താനിയന്ത്രണം ശൈശവംമുതല്ക്കുതന്നെ ആരംഭിക്കുന്നു. തനിക്കു ചുറ്റുപാടും ഉള്ളവക്കും ചിരപരിചിതമായ ചിത്രമായതുകൊണ്ടു് അതാണു് ശരിയായിട്ടുള്ളതെന്നു നാം വിശ്വസിക്കുകയും ചെയ്യുന്നു. നൂതനമായ അനുഭൂതികളെ മനസ്സിലുള്ള മുശയിൽ ഞെരുക്കിക്കൊള്ളിക്കുവാനോ ഉരുക്കി ഒഴിക്കുവാനോ ആണു് നാം ശ്രമിക്കുന്നതു്. ഈ ശ്രമത്തിൽ വിജയം ലഭിച്ചാൽ കാര്യം മനസ്സിലായി എന്നു പറഞ്ഞു നാം തൃപ്തിപ്പെടുന്നു. സാധാരണചിന്തയും ദൈനന്ദിനാനുഭൂതികളും മാത്രമല്ല, പ്രസിദ്ധമായ തത്ത്വമീമാംസകന്മാരുപോലും, യഥാർത്ഥത്തിൽ, ഭാഷയിലും വ്യാകരണത്തിലും ഓരോ സമുദായവും പണ്ടുപണ്ടേ ഒളിച്ചുവെച്ചിട്ടുള്ള കൃത്രിമമായ പ്രപഞ്ചചിത്രങ്ങളെ വീണ്ടെടുക്കുകമാത്രമാണു് ചെയ്യുന്നതു്. നിഷ്പക്ഷമെന്നും വസ്തുനിഷ്ഠമെന്നും, നിരീക്ഷകനെ ആശ്രയിക്കാത്തതെന്നും പറയുന്ന ശാസ്ത്രജ്ഞാനത്തിൽപ്പോലും ഇങ്ങനെയൊരു പരാധീനത ഉള്ളതായി പറയുന്നു. ഐൻസ്റ്റൈൻ ആപേക്ഷികതാവാദം ഉന്നയിച്ചപ്പോൾ തന്റെ ഉപദർശനത്തെ $E=mc^2$ എന്ന ഗണിതസൂത്രത്തിലൂടെയാണു് ആഖ്യാനംചെയ്തതു്. (അതായതു് ഊർജ്ജം=പിണ്ഡം × പ്രകാശവേഗത്തിന്റെ ദ്വിവർഗ്ഗം) ഇതിന്റെ അർത്ഥം, പ്രപഞ്ചം ഒരു ക്രിയ (രൂപല, ജോലി, ഊർജ്ജം) യാണെന്നും അതു് ഒരു നാമരൂപത്തെ (പിണ്ഡം, വസ്തു) ക്രിയാവിശേഷണവർഗ്ഗം (വെളിച്ചം എത്രവേഗം സഞ്ചരിക്കുന്നു എന്നതിനെ അളന്നുകൊണ്ടുതന്നെ ഗ്രഹിച്ചതു്) കൊണ്ടു് ഗ്രഹിക്കുന്നതിനു സമമാണെന്നും ആണു്. ഈ ഉപദർശനമാണു് ഒടുവിൽ ആറ്റംബോംബിന്റെ നിർമ്മാണത്തിനു വഴിതെളിച്ചതു്. അതു യുക്തിയുടേയും ശാസ്ത്രീയചിന്ത

Digitized by Kerala Sahitya Akademi

യുടെയും മഹാവിജയമായി കരുതപ്പെടുന്നു. അരിസ്റ്റോട്ടിലിന്റെ കാലം മുതല്ക്കാണ് ഈ പ്രപഞ്ചവീക്ഷണം പ്രബലപ്പെട്ടതു്. അദ്ദേഹമാണു യുക്തിവാദത്തിന്റെ ജനയിതാവു്. പാശ്ചാത്യഭാഷകളുടെ സ്വഭാവവിശേഷങ്ങളും ഈ വീക്ഷണഗതിക്കു് അടിസ്ഥാനഭൂതമായി നില്ക്കുന്നു. നാമവും ക്രിയയും അവയുടെ നിയതസ്വഭാവങ്ങളുമാണു്. പ്രപഞ്ചത്തെ കാര്യകാരണബന്ധത്തിന്റെ പടുക്കുട്ടിൽ കാണുവാനുള്ള പ്രവണത ഇതിന്റെ ഫലമാകുന്നു. തുടർന്നു വരുന്ന രണ്ടു് അനുഭൂതികളിൽ ആദ്യത്തേതു രണ്ടാമത്തേതിന്റെ കാരണമാണെന്ന സങ്കല്പം, വാസ്തവത്തിൽ, വ്യാകരണപരിചയത്തിൽനിന്നു ജനിക്കുന്നതാണു്.

ഈ വീക്ഷണഗതി ബാഹ്യലോകത്തെ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ അത്ഭുതകരമായ വൈദഗ്ധ്യം നല്കുമെന്നുള്ളതിൽ സംശയമില്ല. (ആറ്റംബോംബിന്റെ നിർമ്മാണം അതാണല്ലോ തെളിയിക്കുന്നതു്.) പക്ഷേ, അതിൽനിന്നു് യഥാർത്ഥമായ ജ്ഞാനം ലഭിക്കുമെന്നു പറഞ്ഞുകൂടാ. അർത്ഥവും സത്യവും ഒന്നല്ല. ഒന്നാണെന്നാണു് സാധാരണ ധാരണ. ഇതൊരു മിഥ്യയാണു്. ഭാഷകളുടെ സ്വഭാവവിശേഷങ്ങൾമൂലം അറിയാതെ മനസ്സിൽ പതിഞ്ഞുപോകുന്ന വീക്ഷണഗതികളും വ്യാഖ്യാനരീതികളും മനുഷ്യന്റെ ചേതനയെ സത്യത്തിന്റെ സന്നിധിയിൽനിന്നു് ബഹുദൂരം അകറ്റിക്കൊണ്ടുപോകുന്നു. മനുഷ്യരാശിയെ മഹാദുഃഖങ്ങളിൽ ആഴ്ത്തുന്ന അഭിപ്രായഭേദങ്ങളും മതകലഹങ്ങളും ഘോരയുദ്ധങ്ങളും എല്ലാം ഈ തെറ്റിദ്ധാരണകളുടെ ഫലമല്ലാതെ മറ്റെന്താണു്? എണ്ണമറ്റ തലമുറകളിലെ സഞ്ചിതപരിചയം നമുക്കൊരു ഭാരമായിത്തീർന്നിരിക്കുന്നു. "ചിരബന്ധനമാർന്ന പക്ഷി തൻ ചിറകിൻ ശക്തി മറന്നുപോയിടാം." എന്നു പറഞ്ഞതുപോലെയാണു് നമ്മുടെ അനുഭവം. വല്ലപ്പോഴും വല്ല വിധവും, ഈ മൂടുപടത്തിന്റെ വെളിയിലേക്കൊന്നു നോക്കുവാൻ സാധിക്കുമ്പോഴാണു് നമ്മുടെ നിലയെപ്പറ്റി അന്ധാളിച്ചുപോകുന്നതു്. അഖണ്ഡവും അത്ഭുതകരവും അനന്തവുമായ പ്രപഞ്ചമെവിടെ, നമ്മുടെ കാരാഗൃഹമെ

Digitized by Kerala Sahitya Akademi

വിടെ, ആ അനുഭൂതിയുടെ തീക്ഷ്ണത താങ്ങുവാൻപോലും നമുക്കു ശക്തിയില്ലെന്നു തോന്നിപ്പോകുന്നു. അതിന്റെ പ്രകാശം നമ്മെ അന്ധരാക്കുമോ? അതു നമ്മെ ദഹിപ്പിച്ചുകളയുമോ?

എന്തൊരു വൈരുദ്ധ്യമാണെന്നു് ആലോചിച്ചുനോക്കുക! ഭാഷയാണു് ഈ ഇരുകാലിപ്പശുവിനെ മനുഷ്യനാക്കിയതു്; സംശയമില്ല. പക്ഷേ, അതിസമർത്ഥമായ ഈ ഉപകരണം മനുഷ്യനെ യഥാർത്ഥമായ ജ്ഞാനത്തിൽനിന്നു്, പരമമായ സത്യത്തിൽനിന്നു്, അകറ്റി നിർത്തുകയും ചെയ്യുന്നു. ഭാഷ പൊരും സങ്കേത(ചിഹ്ന)മാണെന്നും, സങ്കേതം സത്തയല്ല, അതിന്റെ പ്രതിനിധിമാത്രമാണെന്നും ഉള്ള വസ്തുത ഗ്രഹിച്ചാൽ മാത്രമേ ഇതു വ്യക്തമാവുകയുള്ളു. സങ്കേതങ്ങൾ കൃത്രിമസൃഷ്ടികളാണു്. വലിയ വലിയ സമുദായങ്ങൾ തങ്ങളുടെ അനുഭൂതികളെ അന്യോന്യം ധരിപ്പിക്കുന്നതിനുവേണ്ടി ദീർഘകാലം കൊണ്ടു പുഷ്ടിപ്പെടുത്തിയിട്ടുള്ള അതിസങ്കീർണ്ണമായ സങ്കേതജാലമാണു് ഭാഷകൾ. അവയുമായി പരിചയം നേടിയ മനുഷ്യർക്കു് അവ അതിമാത്രം ഉപയോഗപ്രദമാണു്. പക്ഷേ, ദീർഘകാലത്തെ പരിചയംകൊണ്ടു് ഈ സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന (അഥവാ അവ പ്രാതിനിധ്യം വഹിക്കുന്ന) ഭാവങ്ങളാണു് സത്യമെന്നും, അവ മാത്രമാണു് സത്യമെന്നും മനുഷ്യൻ വിശ്വസിച്ചുപോകുന്നു. ഭാഷപോലെയുള്ള സങ്കേതസമ്പ്രദായങ്ങൾ വേറെയുമുണ്ടു്. ചിലതു് ദൈനന്ദിനാനുഭൂതികളെയല്ല, പ്രപഞ്ചത്തെ മുഴുവനുംകൂടി സമഗ്രമായി കൈകാര്യംചെയ്യാൻ ശ്രമിക്കുന്നതായും കാണാം.

ധർമ്മരാജാ എന്ന ആഖ്യായികയിൽ സി. വി. രാമൻപിള്ള പവതിക്കൊച്ചി എന്ന കഥാപാത്രത്തെക്കുറിച്ചു പറയുമ്പോൾ പറയുന്നതു നോക്കുക: "അവരുടെ മതപ്രകാരം ബ്രഹ്മാണ്ഡം നേത്രഗോചരമല്ലാതുള്ള ബഹുവിധ യക്ഷയക്ഷീഭൂതപ്രേതാദികൾ ഇടതിങ്ങി സഞ്ചരിക്കുന്ന ഒരു 'താലയാവട്ട' മായിരുന്നു. (താലയാവട്ടം തെക്കൻ തിരുവിതാംകൂറിലെ ഇരണിയൽ താലൂക്കിലുള്ള വൃക്ഷശൂന്യ

Digitized by Kerala Sahitya Akademi

വും ഭയങ്കരവുമായ ഒരു വിസ്ഫീൺമരുഭൂമിയാണു്. ഈ സ്ഥലത്തുവെച്ചു ചില മരണശിക്ഷകളും ആസുരമായവിധത്തിൽ നടത്തപ്പെട്ടിട്ടുള്ളതുകൊണ്ടു് അതിനു കപ്രസിദ്ധിയും ജനവർജ്യതയും സിദ്ധിച്ചിരുന്നു.) ഈ പിശാചസംഹതിക്കിടയിൽ പീഡാരഹിതമായുള്ള വാസത്തിനു് ആ സ്ത്രീയുടെ പണിയായുധമായ മാജ്ജനിയെ സുദർശനചക്രത്തിനോടു തുല്യമായ വിശിഷ്ടരക്ഷാസൂത്രമായി അവർ ഗണിച്ചുവന്നിരുന്നു. ഇതിനും പുറമെ ദുർമ്മന്ത്രവാദികൾക്കു് ഉപദേശയോഗ്യമല്ലാത്തുള്ള ചില മന്ത്രങ്ങളും ആ സ്ത്രീക്കു് വശമായിരുന്നു. അക്ഷരജ്ഞാനശൂന്യയായ ആ മന്ത്രവാദിനിയുടെ മാന്ത്രികപ്രയോഗങ്ങളിൽ ഓം സ്വാഹ ഹ്രീം ക്ലീം എന്നുള്ള പ്രണവാദിധ്വനികളും അടങ്ങിയിരുന്നുവെന്നു് ആ ഭോഗങ്ങളുടെ ഗ്രഹ്യമായ ഉച്ചാരണത്തിൽനിന്നു് അവളുടെ സഹായാപേക്ഷകരായ ജനങ്ങളും അറിഞ്ഞിരുന്നു. സകല കർമ്മങ്ങൾക്കും ഈ സ്ത്രീക്കു് പ്രത്യേക മന്ത്രങ്ങളും ഉണ്ടായിരുന്നതു കൂടാതെ കൊതി ഒഴിക്കാനും ഉള്ളതെഴുന്നാനും കടൽപിണക്കുകളും തീർക്കാനും ഇവർ ധനന്തരി ആയിരുന്നു. പ്രതിഫലസ്വീകാരത്താൽ തന്റെ മന്ത്രശക്തി ഹനിക്കപ്പെടുമെന്നു് ഈ പണ്ഡിതർ സിദ്ധാന്തിച്ചിരുന്നതിനാൽ അവരുടെ ഈ ചികിത്സകളെ അപേക്ഷിച്ചു ആതുരചക്രം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരുന്നു"

പവതിക്കൊച്ചിയുടെ ഈ പ്രപഞ്ചവീക്ഷണം മറ്റാരും സ്വീകരിച്ചില്ല. അവരുടെ സഹായത്താൽ കടൽപിണക്കം തീർന്നവരൊഴികെ മറ്റാർക്കും ഈ സങ്കേതചിത്രം പ്രയോഗക്ഷമമോ ഉപയോഗപ്രദമോ ആണെന്നു ബോദ്ധ്യമായതുമില്ല. ഇക്കാരണത്താൽ അതു് അന്ധവിശ്വാസമോ, വെറും ഭ്രാന്തോ, ആണെന്നു കരുതപ്പെടുന്നു. നേരെ മറിച്ചു് $E=mc^2$ എന്ന ഐൻസ്റ്റൈന്റെ ഉപദേശം നോക്കുക. അതും ഒരു പ്രപഞ്ചവീക്ഷണമാണു്. സങ്കേതസ്വരൂപമാണെന്നു് പ്രത്യേകിച്ചു പറയേണ്ടതുമില്ല. പക്ഷേ, അദ്ദേഹത്തെപ്പോലെയുള്ള ശാസ്ത്രജ്ഞന്മാർക്കു് അതു മനസ്സിലാവും. അതു് പ്രയോഗക്ഷമമാണെന്നു ഹിരോഷിമ

Digitized by Kerala Sahitya Akademi

യിലും നാഗസാക്കിയിലും തെളിയിക്കപ്പെട്ടകയുംചെയ്തു. ഇക്കാരണത്താൽ സങ്കേതങ്ങളെ ഉപയോഗിച്ചുള്ള ഈ പ്രപഞ്ചവീക്ഷണം സത്യമാണെന്നു നാം കരുതുന്നു. എന്നാലും കിലും പ്രയോഗക്ഷമതാവാദം എന്നു തെളിവു് തൽക്കാലം മാറ്റിനിർത്തിയിട്ടു് സത്യദർശനം എന്ന ഭാവത്തിൽ ഈ പ്രസ്താവനയെ നമുക്കൊന്നു പരിശോധിക്കാം. അതിൽ C എന്ന ചിഹ്നം വെളിച്ചത്തിന്റെ വേഗത്തെയാണു സൂചിപ്പിക്കുന്നതു് (സെക്കൻഡിൽ 299,796 കിലോമീറ്റർ) ഇതാണു് ഭൗതികസന്തകങ്ങൾക്കു സഞ്ചരിക്കാവുന്ന വേഗത്തിന്റെ പരമാവധിയെന്നു് ഐൻസ്റ്റൈൻ സമർത്ഥിക്കുകയുണ്ടായി. ഇതോടുകൂടിയാണു് വെളിച്ചത്തിന്റെ ഗതിവേഗം പരമമായ സത്യത്തിന്റെ സ്വഭാവമാണെന്നുതന്നെ ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചു. അതിനേക്കാൾ കൂടിയവേഗത്തിലുള്ള ചലനം സാദ്ധ്യമല്ല. ശക്തിയും വസ്തുവും ചലനവും മാത്രമായി അപഗ്രഥിക്കപ്പെട്ട ഈ പ്രപഞ്ചത്തിൽ ചലനത്തിനു് അങ്ങനെ അതിരിട്ടു. പക്ഷേ, പില്ക്കാലത്തു് ബ്രിഡ്ജ്മാൻ എന്ന ശാസ്ത്രജ്ഞൻ ഈ പരിധിനിർണ്ണയം പ്രപഞ്ചത്തിന്റെ സ്വഭാവമല്ലെന്നും നാം സ്വീകരിക്കുന്ന വീക്ഷണസമ്പ്രദായത്തിൽ അന്തർലീനമാണെന്നും തെളിയിക്കുകയുണ്ടായി. അതു് അളക്കപ്പെടുന്ന സത്തയുടെ സ്വഭാവമല്ല, അളവുകോലിന്റെ പരിമിതിയാണു്. ശാസ്ത്രീയമായിട്ടല്ലെന്നു മറ്റൊരു രീതിയിൽ വീക്ഷിച്ചാൽ ചലനവേഗം അപരിമിതമായിത്തീരുന്നതു് എങ്ങനെയെന്നു് അദ്ദേഹം കാണിച്ചു. എന്നു മാത്രമല്ല, നിരീക്ഷണരീതി (അതായതു് മാനദണ്ഡം, സാങ്കേതികസമ്പ്രദായം) വ്യത്യാസപ്പെടുത്തിയാൽ സെക്കൻഡിൽ 299,796 കിലോമീറ്ററല്ല അനന്തതവരെയുള്ള ഏതു വേഗവും പ്രപഞ്ചത്തിന്റെ സ്വഭാവമായി കാണിക്കാമെന്നും അദ്ദേഹം തെളിയിച്ചു.

ഇങ്ങനെ നോക്കിയാൽ താത്ത്വികമായ ഭാവത്തിൽ പവതിക്കൊച്ചിയുടെ പ്രപഞ്ചവീക്ഷണവും ഐൻസ്റ്റൈന്റെ പ്രപഞ്ചവീക്ഷണവും ഒരേ നിലയിലാണെന്നു പറയേണ്ടിയിരിക്കുന്നു. അവയ്ക്കു തമ്മിലുള്ള വ്യത്യാസം

Digitized by Kerala Sahitya Akademi

ഒന്നു് പ്രയോഗക്ഷമമല്ലെന്നും മറ്റതു പ്രയോഗക്ഷമമാണെന്നു ഉള്ളതാണു്. ഇതു കൂടാതെ വേറെയും ചില വ്യത്യാസങ്ങളുണ്ടെന്നു് ബർട്രൻഡ് റസ്സലിനെപ്പോലെയുള്ള നവീന യുക്തിവാദികളും പറഞ്ഞേക്കും. അരിസ്റ്റോട്ടിലിന്റെ കാലത്തിനുശേഷം രണ്ടായിരത്തിമുന്നൂറു കൊല്ലങ്ങളും കഴിഞ്ഞു് ഇക്കൂട്ടർ യുക്തിയുടെയും അനുമാനത്തിന്റെയും അടിസ്ഥാനങ്ങളെത്തന്നെ ഇളക്കി ഉറപ്പില്ലായ്മയിലാക്കുകയാണു്. അപഗ്രഥനാത്മകമായ ഈ പുതിയ തത്ത്വജ്ഞാനം ഇന്നു വളരെയധികം പ്രസിദ്ധി നേടിയിട്ടുണ്ടു്. വ്യാകരണനിയമങ്ങളുടെയും ഭാഷാശീലങ്ങളുടെയും ഫലമായി പ്രപഞ്ചജ്ഞാനത്തിൽ വന്നുകൂടുന്ന അപഭ്രംശങ്ങളെ നിവാരണംചെയ്യുവാനാണു് അവർ യത്നിക്കുന്നതു്. അർത്ഥവും സത്യവും തമ്മിലുള്ള വ്യത്യാസത്തെയും നിഗമനങ്ങളിൽ ഉണ്ടാകുന്ന പാകപ്പിഴകളെയും, മനുഷ്യചിന്തയുടെ പരിമിതികളെയും എല്ലാം അവർ ചൂണ്ടിക്കാണിക്കുന്നുണ്ടു്. പക്ഷേ, ഇവരുടെ പുതിയ തത്ത്വമീമാംസയിലും ആണിക്കല്ലായി നില്ക്കുന്നതു പ്രയോഗക്ഷമതാവാദം എന്ന സങ്കല്പംതന്നെയാണു്. ഇതിൽനിന്നു് ഏതു് ഉപദേശവും ആറ്റംബോംബുപോലെയുള്ള ആയുധങ്ങളും നിർമ്മിക്കുന്നതിനു് ഉപകരിച്ചാൽ മാത്രമേ സാധുവാകുകയുള്ളൂ എന്നു് ഇവർ വാദിക്കുന്നതായി ധരിക്കരുതു്. ഏതെങ്കിലും ഒരു അനുഭൂതിയെപ്പറ്റിയുള്ള നിർവചനം സാധുവാകണമെങ്കിൽ, അതിൽ പ്രസ്തുത അനുഭൂതി ലഭിക്കുന്നതിനു് എന്തു ചെയ്യണം എന്നുള്ള പ്രായോഗികനിർദ്ദേശം അടങ്ങിയിരിക്കണം എന്നാണു് അവരുടെ വാദം. ഇതാണു് ശാസ്ത്രജ്ഞന്മാരുടെ സമ്പ്രദായം.

ഇങ്ങനെ വ്യാകരണത്തിൽനിന്നു യുക്തിയിലേക്കും, യുക്തിയിൽനിന്നു് അർത്ഥവും സത്യവും തമ്മിലുള്ള ബന്ധത്തിലേക്കും, അതിൽനിന്നു മനുഷ്യന്റെ ചിത്തസത്വവും പ്രപഞ്ചവും തമ്മിലുള്ള ആഘാതപ്രത്യാഘാതങ്ങളുടെ ഫലമായ അനുഭൂതികളിലേക്കും ഈ പുതിയ അപഗ്രഥനം നീണ്ടുപോകുന്നു. ഇതിന്റെ ഫലമായി പ്രപഞ്ചത്തെപ്പറ്റി പ്രയോഗസാധുത്വമുള്ള ജ്ഞാനം ലഭിക്കുമെന്നു മാത്രം

Digitized by Kerala Sahitya Akademi

മല്ല അവർ പറയുന്നതു്. അതു മാത്രമേ ലഭ്യമായുള്ളൂ എന്നും അങ്ങനെ ലഭിക്കുന്നതല്ലാതെ മറ്റൊരു ജ്ഞാനവും ഇല്ലെന്നുംകൂടി വാദിക്കുന്നു. ഈ അപഗ്രഥനങ്ങളിൽനിന്നു മനുഷ്യമസ്തിഷ്കത്തിന്റെ പ്രവർത്തനരീതിയും അവർ മനസ്സിലാക്കിയിട്ടുണ്ടു്. അടുത്തകാലത്തു നിർമ്മിക്കപ്പെട്ടിട്ടുള്ള യന്ത്രമസ്തിഷ്കങ്ങൾ ഈ നിരീക്ഷണങ്ങളുടെ പ്രായോഗികഫലമാണെന്നു പറയാവുന്നതാണു്. കണക്കുകൂട്ടുക, സന്ദർഭത്തിനനുസരിച്ചു പ്രവർത്തിക്കുക, നേരത്തെ ലഭിച്ച വിവരങ്ങൾ ഓർമ്മവെക്കുക എന്നിത്യാദികാര്യങ്ങൾ അവ അതിസമർത്ഥമായി നിർവ്വഹിക്കുന്നതായി കാണുന്നു. അതിവിപുലമായ ഈ ആധുനികനിരീക്ഷണങ്ങളുടെ രത്നച്ചുരുക്കം, ഒരു നിരീക്ഷകന്റെ വാക്കുകളിൽ, ഇതാണു്:

"പുറമേ പാടുനിന്നു ലഭിക്കുന്ന എണ്ണമറ്റ പ്രചോദനങ്ങളിൽ ചിലതിനെമാത്രം തിരഞ്ഞെടുക്കുക എന്നതിലാണു് മനുഷ്യന്റെ അനുഭൂതി സ്ഥിതിചെയ്യുന്നതു്. മനുഷ്യന്റെ ചേഷ്ടകളാകട്ടെ, ഈ അനുഭൂതികളെ ചില പ്രത്യേക രീതികളിലും മാതൃകകളിലും സംഘടിപ്പിക്കുന്നതിലും സ്ഥിതിചെയ്യുന്നു. തിരഞ്ഞെടുക്കുന്നതിന്റെയും സംഘടിപ്പിക്കുന്നതിന്റെയും രീതികൾ രണ്ടിനും ഭാഷയുടെ ഘടനയോടും ഭാഷാശീലങ്ങളോടും നിഷ്കൃഷ്ടമായ ബന്ധമുണ്ടെന്നു വിചാരിക്കുന്നതിനു പ്രബലമായ തെളിവുണ്ടു്."

ഭാഷയ്ക്കു മനുഷ്യന്റെ ചിത്തസത്വത്തിന്മേലുള്ള അടിസ്ഥാനപരമായ ആധിപത്യം അത്ര പുതിയ കണ്ടുപിടുത്തമൊന്നുമല്ല. മലയാളിക്കു ഭ്രാന്തു പിടിച്ചാലും മലയാളമേ സംസാരിക്കൂ എന്നതു് എല്ലാവർക്കും അറിയാവുന്ന പരമാർത്ഥമാണു്. മറ്റു ഭാഷകളും പഠിച്ചവരുടെ കഥയും ഇതുതന്നെ. ചിത്തവൃത്തികൾക്കു പ്രകടമായ ശൈഥില്യം സംഭവിക്കുമ്പോഴും മനുഷ്യൻ ഭാഷ മറക്കുന്നില്ല.

ഈ പുതിയ ഉപദേശങ്ങളെ ആസ്പദമാക്കിത്തന്നെ, ഇവയെക്കുറിച്ചു ചില സംശയങ്ങളും ഉന്നയിക്കാവുന്നതാണെന്നു് എനിക്കു തോന്നുന്നു. പാശ്ചാത്യരുടെ ഈ നിഗമനങ്ങളും, അവരുപയോഗിക്കുന്ന ഭാഷകളുടെ ഘടനയുടെ

Digitized by Kerala Sahitya Akademi

യും, അവരുടെ ഭാഷാശീലങ്ങളുടെയും ഫലമാണെന്നു വിചാരിച്ചുകൂടേ? സ്വന്തം മസ്തിഷ്കങ്ങളെ അഴിച്ചുപണിയുവാൻ ആക്കം കഴിഞ്ഞിട്ടില്ലല്ലോ. ഏതു നിരീക്ഷകനും മസ്തിഷ്കത്തിൽ സ്വന്തം സംസ്കാരത്തിന്റെ വടിവുകൊണ്ടുറച്ചമുദ്രിതങ്ങളായി ഇരിപ്പുണ്ടെന്നു തീർച്ചയാണു്. പാശ്ചാത്യചിന്തകന്മാർക്കു സാധാരണ ഭാഷയുടെ മാത്രമല്ല, ഏറെക്കുറെ സാർവ്വലൗകികമെന്നു പറയാവുന്ന ശാസ്ത്രീയസങ്കേതങ്ങളുടെയും (അതും ഒരു ഭാഷയാണെന്നു നാം കണ്ടുവല്ലോ) പരിചയം ലഭിച്ചിട്ടുണ്ടു്. ഇങ്ങനെ രണ്ടു് അരിപ്പുകളിൽ പോർത്തിയെടുത്തതോ, വാർക്കുകയും ഉടച്ചുവാർക്കുകയും ചെയ്തതോ ആയ അനുഭൂതികളും നിഗമനങ്ങളുമാണു് അവർ പ്രഖ്യാപിക്കുന്നതു്. അവരുടെ അഭിപ്രായത്തിൽ, മനുഷ്യചിത്തം പുറുപാടുംനിന്നു വരുന്ന എണ്ണമറ്റ പ്രചോദനങ്ങളിൽ ചിലതിനെമാത്രം നിർധരിക്കുന്നു; തിരഞ്ഞെടുക്കുന്നു. സ്വന്തം സംസ്കാരത്തിന്റെ ശീലമനുസരിച്ചാണു് ഈ നിർധാരണം നടക്കുന്നതു്. അപ്പോൾ ബാഹ്യലോകത്തിൽത്തന്നെ നാം അറിയാതെ പോകുന്ന എത്രയോ പ്രചോദനങ്ങളും ഉണ്ടെന്നു സിദ്ധിക്കുന്നു. തിരഞ്ഞെടുത്ത പ്രചോദനങ്ങളുടെത്തന്നെ സ്വന്തം സങ്കേതമനുസരിച്ചാണു കൂട്ടിയിണക്കുന്നതെന്നും സമർത്ഥിച്ചിട്ടുണ്ടു്. ഒരു ചൊണ്ടു്, മറുതരം കൂട്ടിയിണക്കലും സാദ്ധ്യമാണെന്നു വരുന്നു. ഇങ്ങനെ രണ്ടുപ്രാവശ്യം നടക്കുന്ന നിർധാരണത്തിന്റെ ഫലമായ നിഗമനങ്ങൾക്കു മാത്രമേ സാധുത്വമുള്ളൂ എന്ന വാദം ശരിയല്ല. ഭാഷയുടെ കാര്യത്തിലും അനുഭൂതിയുടെ കാര്യത്തിലും വേറെയും സാധ്യതകളുണ്ടു്. പവതിക്കൊച്ചിയുടെ അനുഭൂതികൾക്കും ഭാഷകൾക്കും (പുരുക്കിപ്പറഞ്ഞാൽ അവരുടെ പ്രപഞ്ചവീക്ഷണത്തിനു്) സത്യത്തിന്റെ മുമ്പിൽ (സങ്കേതങ്ങളുടെ മുമ്പിലല്ല) സാധുത്വമില്ലെന്നു് ആരു കണ്ടു?

മറെറാരു ദൗർബല്യവും ഈ നിഗമനത്തിൽ അന്തർഭവിച്ചിട്ടുണ്ടു്. പുറുപാടുംനിന്നു വരുന്ന പ്രചോദനങ്ങളെ മാത്രമേ അതു പരിഗണിക്കുന്നുള്ളൂ. അവയിൽനിന്നു ചിലതിനെ തിരഞ്ഞെടുക്കുകയും കൂട്ടിയിണക്കുകയും ചെയ്യു

Digitized by Kerala Sahitya Akademi

ന്ന കാര്യം മാത്രമെ പറയുന്നുള്ളൂ. ഇങ്ങനെയുള്ള പ്രചോദനങ്ങളും മാത്രമെ മനുഷ്യചിത്തത്തെ ബാധിക്കുന്നുള്ളോ? ഉള്ളിൽത്തന്നെ ഉണ്ടാകുന്ന പ്രചോദനങ്ങളില്ലേ? ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു്. സവ്സാധാരണമായ വിശപ്പുതന്നെയും ഇങ്ങനെയുള്ളതാണെന്നു പറയേണ്ടിയിരിക്കുന്നു. ഇതു കൂടാതെ അതിസൂക്ഷ്മങ്ങളും അരൂപങ്ങളുമായ എന്തെല്ലാം പ്രചോദനങ്ങളാണു് മനുഷ്യരുടെ അന്തരംഗത്തിൽ ഉളവാകുന്നതു്? ഇവയും അനുഭൂതികളായിത്തീരുന്നുണ്ടു്. ജന്തുക്കളുടെ ചേഷ്ടകളെക്കുറിച്ചു് അതിവിപുലമായ ഗവേഷണങ്ങളും നടത്തിയ പാവ്ലോവ് എന്ന മഹാശാസ്ത്രജ്ഞൻ, പട്ടിയുടെ ചേഷ്ടകളെല്ലാം പുറമെനിന്നു ചെല്ലുന്ന പ്രചോദനങ്ങളുടെ നേർക്കുള്ള പ്രതികരണങ്ങളാണെന്നു സമർത്ഥിക്കുകയുണ്ടായി. എങ്കിലും അങ്ങേയറ്റംവരെ അപഗ്രഥിച്ചു നോക്കിയപ്പോൾ, ഒരു പട്ടിയുടെയും മറ്റൊരു പട്ടിയുടെയും പ്രതികരണങ്ങളും തമ്മിൽ അതിപ്രധാനമായ ചില വ്യത്യാസങ്ങളുണ്ടെന്നു് അദ്ദേഹം കണ്ടു. എന്നല്ല, പ്രസ്തുത വ്യത്യാസത്തിന്റെ കാരണം നൈസർഗികമാണെന്നു സമ്മതിക്കേണ്ടതായും വന്നു. ഇതിന്റെ അർത്ഥം നൈസർഗികമായ, ഉള്ളിൽത്തന്നെ ഉണ്ടാകുന്ന, പ്രചോദനങ്ങളും ഉണ്ടെന്നാണല്ലോ. പക്ഷേ, ഈ വസ്തുത പുതിയ തത്ത്വജ്ഞാനത്തിന്റെ ഉപജ്ഞാതാക്കളും അംഗീകരിക്കുന്നതായി തോന്നുന്നില്ല.

ഏതെങ്കിലുംതരത്തിലുള്ള സങ്കേതങ്ങളെ ആശ്രയിക്കാത്ത അനുഭൂതികളും ജ്ഞാനവും ഇല്ലെന്നുള്ള സങ്കല്പവും തെറ്റാണെന്നു പറയേണ്ടിയിരിക്കുന്നു. ബാഹ്യപ്രചോദനങ്ങളെ നിഷ്കരിച്ചു ലഭിക്കുന്ന അനുഭൂതികളെക്കാളും ആഴത്തിലുള്ളവയും, സങ്കേതങ്ങളെ കൂട്ടിയിണക്കിക്കിട്ടുന്ന അറിവിനേക്കാളും അടുത്തു നില്ക്കുന്നതുമായ മാനസികഭാവങ്ങളുണ്ടു്. ഇവയെപ്പറ്റിയാണും തെളിവുള്ളതോ, തെളിയിക്കപ്പെടാവുന്നതോ അല്ലെന്നു പറഞ്ഞു നിഷേധിക്കുകയാണു് പാശ്ചാത്യചിന്തകന്മാർ ചെയ്യുന്നതു്. തത്ത്വമീമാംസകളെ വെറുക്കുന്നു എന്നു് അഭിമാനിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ സമ്പ്രദായം ഇതിലും വിചിത്രമാണു്. ബുദ്ധിശക്തി

Digitized by Kerala Sahitya Akademi

യേയും യുക്തിവൈഭവത്തേയും പ്രകീർത്തിക്കുന്ന ഇക്കൂട്ടർ ജന്തുക്കളും പ്രദർശിപ്പിക്കുന്ന വാസനാവിശേഷങ്ങളും വെറും യാന്ത്രികോപഷ്ടകളാണെന്നാണു പറയാറുള്ളതു്. ഷഡ്പദങ്ങളുടെ സങ്കീർണ്ണമായ ജീവിതവൃത്തികളും പക്ഷികളും പ്രദർശിപ്പിക്കുന്ന പ്രക്രിയാവിശേഷങ്ങളും മറ്റും 'വാസനാമാത്ര'ങ്ങളാണെന്നു പറഞ്ഞാൽ അവക്കു തൃപ്തികരമായ വ്യാഖ്യാനമായി. തേനീച്ചയുടെ ജീവിതത്തെപ്പറ്റി അതിമനോഹരമായ ഒരു ഗ്രന്ഥം രചിച്ച മോറിസ് മാറ്റർലിങ്ക് എന്ന ബെൽജിയൻ കവി ഈ ശ്രദ്ധഗതിയെ കഠിനമായി ആക്ഷേപിച്ചിട്ടുള്ളതു് ഓർമ്മയിൽ വരുന്നു. ബുദ്ധിയേപ്പറ്റിയും യുക്തിയേപ്പറ്റിയും ഇങ്ങനെ ലഘുവാക്കിപ്പറഞ്ഞെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു എന്നും, ക്ഷുദ്രജീവികളെന്നു കരുതുന്ന പ്രാണികളും പഠിക്കാതെയും പഠിപ്പിക്കാതെയും ചെയ്യുന്ന ഈ ചേഷ്ടാവിശേഷങ്ങളെപ്പോലെ ദുർഗ്രഹവും അത്ഭുതകരവുമായ പ്രതിഭാസങ്ങളും ജീവലോകത്തിൽ വേറെയില്ലെന്നും അദ്ദേഹം എഴുതുകയുണ്ടായി. ഒരു കവിയുടെ ഉൾക്കാഴ്ചയിൽനിന്നുളവായ ഈ വിമർശനത്തിന്റെ ഗൗരവം ജീവശാസ്ത്രജ്ഞന്മാർ അല്പാല്പമായി മനസ്സിലാക്കിത്തുടങ്ങിയിട്ടേയുള്ളു.

പോൾ ഫ്രിഷ് എന്ന ആസ്ട്രിയൻ ജന്തുശാസ്ത്രജ്ഞൻ നാല്പതിൽപരം വർഷത്തെ ശ്രമാവഹമായ ഗവേഷണത്തിനുശേഷം തേനീച്ചകൾക്കു് പരസ്പരം ആശയവിനിമയം ചെയ്യുവാൻ കഴിയുമെന്നും അവയ്ക്കും ഒരുതരം ഭാഷയുണ്ടെന്നും തെളിയിക്കുകയുണ്ടായി. ഈ ഭാഷയ്ക്കു് ശബ്ദമില്ല. സ്പർശവും ഘ്രാണവുംമുഖേനയാണു് അതിന്റെ ഗ്രഹണം നടക്കുന്നതു്. ചലനങ്ങളിലും നൃത്തങ്ങളിലുംകൂടി അതു് ആഖ്യാനംചെയ്യപ്പെടുന്നു ഇവയാണു് അതിന്റെ 'പദങ്ങൾ'. അതിവിചിത്രമായ ഈ ഭാഷയിലൂടെ ഈ പ്രാണികൾ തങ്ങളുടെ ജീവിതത്തിനു് അതിമാത്രം അർത്ഥവത്തായ വസ്തുതകൾ അന്യോന്യം ധരിപ്പിക്കുന്നതു കാണുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും. പുറത്തുപോയി തേൻ ശേഖരിച്ചു കൊണ്ടുവരുന്ന ആദ്യത്തെ തേനീച്ച കൂട്ടുകാരെ തനിക്കുണ്ടായ നേട്ടത്തിന്റെ സാദരിയിച്ചശേഷം,

Digitized by Kerala Sahitya Akademi

എത്ര ദിക്കിൽ, എത്ര ദൂരത്തുനിന്നു്, എത്രജാതി പൂക്കളിലാണു് അതു കിട്ടുന്നതെന്നു് അവരെ ധരിപ്പിക്കുന്നു. ഈ വിവരം 'ഗ്രഹിച്ച' മാറുതേനീച്ചകൾ അതു കൃത്യമായി 'ഓർമ്മിച്ചു'കൊണ്ടു് പ്രസ്തുത സ്ഥാനത്തേക്കു പറന്നുപോകുന്നു. വഴിയും ദൂരവും ലക്ഷ്യവും എന്നുവേണ്ട, സമയംപോലും അറിയുവാൻ അവയ്ക്കു കഴിവുണ്ടു്. ഇതെല്ലാം തെളിയിക്കുന്നതിനുവേണ്ടി വോൺ ഫ്രിഷ് നടത്തിയിട്ടുള്ള പരീക്ഷണങ്ങളുടെ വിവരണം യക്ഷികഥകളെക്കാളും രസാവഹമാണു്. തേനീച്ചയുടെ ഭാഷയ്ക്കു് പ്രാദേശികഭേദങ്ങളുണ്ടെന്നുകൂടി അദ്ദേഹം തെളിയിച്ചിട്ടുണ്ടു്. പ്രാണിശാസ്ത്രത്തിലേക്കു് അത്ഭുതകരമായ വെളിച്ചം വീശുന്ന ഈ ഗവേഷണങ്ങളെപ്പോലും പ്രസ്തുത വിഷയത്തിന്റെ ഉപരിതലത്തെ മാത്രമേ സ്പർശിച്ചിട്ടുള്ളു എന്നാണു് വോൺ ഫ്രിഷ്തന്നെ പറയുന്നതു്. എന്നുവരികിലും 'വാസനാമാത്ര'ങ്ങളെന്നു പറഞ്ഞു പ്രാണിശാസ്ത്രകാരന്മാർ നിസ്സാരമായിക്കരുതുന്നതു് എത്ര അബദ്ധമാണെന്നു് അവ തെളിയിക്കുന്നു.

ഇന്ദ്രിയബോധത്തെ ആശ്രയിച്ചു്, വിഷയങ്ങളെ കൈകാര്യംചെയ്യുന്നതിനുവേണ്ടി കൃത്രിമമായി നിർമ്മിച്ച സങ്കേതങ്ങളെ ഉപായമാക്കി, പ്രപഞ്ചസത്തയെ അറിയുവാൻ ശ്രമിക്കുന്നതു വ്യർത്ഥമാണു്. ബാഹ്യലോകത്തെ നിയന്ത്രണാധീനമാക്കുന്നതിനും, ആകാശവിമാനവും ആറ്റംബോംബും നിർമ്മിക്കുന്നതിനും, ജീവചൈതന്യത്തെ എല്ലാവിധത്തിലും പരാധീനമാക്കുന്നതിനും അതു സഹായിക്കുമെന്നുള്ളതിൽ സംശയമില്ല. പക്ഷേ, യഥാർത്ഥമായ ജ്ഞാനവും സത്യത്തിന്റെ സമഗ്രദർശനവും തജ്ജന്യമായ ശാന്തിയും മുക്തിയും നാം വഴിക്കുതന്നെ അന്വേഷിക്കേണ്ടിയിരിക്കുന്നു. വിഷയങ്ങളിൽനിന്നു് ഇന്ദ്രിയങ്ങളെ പ്രത്യാഹരിക്കുകയും, സത്യത്തെ മറയ്ക്കുന്ന സങ്കേതജടിലമായ മുഖാവരണം മാറിക്കളയുകയും, ഉള്ളിൽത്തന്നെ ഉളവാകുന്ന അനുഭൂതികളുടെ അത്ഭുതമണ്ഡലത്തിൽ അവധാനപൂർവ്വം അന്വേഷണം നടത്തുകയുമാണു് അതിനുള്ള മാർഗ്ഗം. ഇതു് ആത്മജ്ഞാനത്തിലേക്കു നയിക്കുന്നു.

Digitized by Kerala Sahitya Akademi

അക്കാനലാടിവെളിവൊക്കെ ഗ്രഹിക്കുമൊരു
കണ്ണിനുകണ്ണു മനമാകുന്ന കണ്ണതിനു
കണ്ണായിരുന്ന പൊരുളം താനെന്നറിയുമള-
വാനന്ദമുറ്റു ഹരിനാമായണായ നമഃ
(ഹരിനാമകീർത്തനം)

ഈ ആത്മജ്ഞാനംതന്നെയാണു് യഥാർത്ഥമായ ജ്ഞാനം; സത്യത്തിന്റെ സമ്പൂർണ്ണമായ സാക്ഷാൽക്കാരം; പ്രപഞ്ചസത്തയുടെ അപ്രതിഹതമായ അവധാരണം. സങ്കേതങ്ങളെ കൈകാര്യംചെയ്യുന്നതിനുള്ള സൗകര്യത്തിനുവേണ്ടി, യുക്തിയുടെ പേരിൽ, തിരിച്ചുമറിച്ചുഴറുമ്പോഴുണ്ടാകുന്ന അലാതചക്രത്തിന്റെ രീതിയിൽ, ബുദ്ധികൗശലം അനുഭൂതികളുടെമേൽ ആരോപിക്കുന്ന പൂർവ്വാപരഭ്രാന്തിയിലും കാര്യകാരണഭ്രമത്തിലുംനിന്നുള്ള മോചനവും ഇതുകൊണ്ടുമാത്രമേ ലഭിക്കുകയുള്ളു.

വെളിയിലിരിക്കുന്ന പ്രപഞ്ചമത്തെ ഉള്ളിൽ കാണുന്നതെങ്ങനെ എന്നൊരു ചോദ്യം ഇവിടെ ഉദിച്ചേക്കാം. വെളിയിലിരിക്കുന്നു എന്നു് ആരു പറഞ്ഞു? നാം കാണുന്നതും കേൾക്കുന്നതും എന്നല്ല, അറിയുന്നതു സമസ്തവും ഉള്ളിലാണു്. അറിയുന്നതു് ഉള്ളിലാണെങ്കിലും അറിയപ്പെടുന്നതു് (അറിയുന്നതു് അറിവിന്റെ വിഷയം) വെളിയിലാണെന്നു പിന്നെയും പൂർവ്വപക്ഷം ഉണ്ടാകാം. സ്ഥലകാലങ്ങളെന്ന ഭ്രാന്തികളും അവയെ ആധാരമാക്കി നിർമ്മിച്ച സങ്കേതങ്ങളും ജനിപ്പിക്കുന്ന മിഥ്യയാണിതു്. സ്വപ്നത്തിൽ നാം കിടക്കുന്നിടത്തുനിന്നിളകാതെ, കണ്ണു് ഒന്നു തുറക്കുകപോലും ചെയ്യാതെ, ദൂരയാത്ര ചെയ്യുകയും നേരംപുലരുന്നതും കാണുകയും ചെയ്യാറുണ്ടു്. അവിടെ ദൂരം കിടക്കുന്നതും നേരം പോകുന്നതും അതിമഹത്തായ പ്രപഞ്ചം വ്യാപിച്ചുനില്ക്കുന്നതും എല്ലാം അവനവന്റെ അന്തരംഗത്തിലാണു്; അനുഭൂതിയുടെ അന്തർഭാഗത്താണു്. ജാഗ്രത്തിലെ ദൂരവും നേരവും പ്രപഞ്ചംതന്നെയും ഇതിൽനിന്നു ഭിന്നമല്ല. കുറച്ചുകൂടി തെളിഞ്ഞുകാണുന്ന ഒരു സ്വപ്നമല്ലാതെ മറ്റെന്താണു് ഈ ജീവിതം? ബുദ്ധി

Digitized by Kerala Sahitya Akademi

യും യുക്തിയും മറ്റെന്തൊക്കെപ്പറഞ്ഞാലും എങ്ങനെയൊക്കെ വിശ്വസിപ്പിച്ചാലും, സത്യത്തിന്റെ സന്നിധിയിൽ ഇതെല്ലാം മിഥ്യകളാണ്. ആ സത്യത്തെ ആത്മജ്ഞാനത്തിലൂടെ അവനവന്റെ ഉള്ളിലാണ് കണ്ടെത്തുന്നത്. ഒരു പക്ഷേ, സത്യത്തിന്റെ സന്നിധിയിൽ സത്യം മാത്രം ശേഷിക്കുന്നതുകൊണ്ടും, അവനവൻ എന്ന ഭ്രാന്തിതന്നെയും അസ്തമിക്കുന്നതുകൊണ്ടും ഉള്ളിലോ വെളിയിലോ എന്ന ചോദ്യംതന്നെ കഥയില്ലായ്മയായിത്തീരുന്നു.

പ്രപഞ്ചം ഉള്ളിലാണെന്ന വാദം അംഗീകരിക്കുന്നകാര്യത്തിൽ ഏറ്റവും വലിയ പ്രതിബന്ധം ആധുനിക ശാസ്ത്രവും അതിന്റെ നേട്ടങ്ങളുമാണെന്നു പറയാറുണ്ട്. നിരീക്ഷകനെ ആശ്രയിക്കാത്തതും മനസ്സിനു വെളിയിലുള്ളതുമായ ഒരു സത്തയെ (പ്രകൃതിയെ) ആണ് ശാസ്ത്രം കൈകാര്യംചെയ്യുന്നത്. അതു് ഓരോ മനുഷ്യന്റെയും ഉള്ളിലുള്ള ഒരു സ്വകാര്യലോകമല്ല. എല്ലാ മനുഷ്യർക്കും (ഒരുപക്ഷേ, എല്ലാ ജന്തുക്കൾക്കും) ഒരുപോലെ ഗോചരീഭവിക്കുന്ന ഒരു പൊതുലോകമാണ്. എല്ലാവർക്കും പൊതുവെയുള്ളതു് ഒരുത്തന്റെയും ഉള്ളിലല്ലെന്നു പറയേണ്ടതില്ലല്ലോ. ഈ ലോകം ഒരു മിഥ്യയല്ലെന്നുള്ളതിനു ശാസ്ത്രത്തിന്റെ വമ്പിച്ച നേട്ടങ്ങൾ ഒന്നാംതരം തെളിവാണ്. അതിനെ ഏതെല്ലാം വിധത്തിലാണു ശാസ്ത്രം നിയന്ത്രിക്കുന്നതു്? നീറുന്നതു്? മാറുന്നതു്? ഈ നേട്ടങ്ങളെ ആരാണു നിഷേധിക്കുക? നിഷേധിക്കുന്നവൻ മൂഢനാണ്; തന്നെത്തന്നെ വിശ്വസിക്കാത്തവനാണ്.

ഈ പ്രഖ്യാപനങ്ങൾക്കു മറുപടിയില്ലെന്നു തോന്നിയേക്കാം. പത്തുമുന്നൂറു കൊല്ലമായി അറിവുള്ളവരെല്ലാം മറ്റൊരു ചോദ്യമില്ലാതെ ഇക്കാര്യം അംഗീകരിച്ചിരിക്കുകയാണ്. എങ്കിലും കഴിഞ്ഞ അമ്പതുകൊല്ലത്തിനിടയ്ക്കു് ഈ വിശ്വാസത്തിനു് ഇളക്കം തട്ടിയിരിക്കുന്നു. മറ്റാരുമല്ല, ശാസ്ത്രജ്ഞന്മാർതന്നെയാണ് ഇതിന്റെ കാരണക്കാർ. ബാഹ്യമെന്നും നിരീക്ഷകനെ ആശ്രയിക്കാത്തതെന്നും കരുതിയിരുന്ന പ്രകൃതിയിലേക്കു കൂടുതൽ

Digitized by Kerala Sahitya Akademi

കൂടുതൽ കടന്നുചെന്നപ്പോൾ, തങ്ങളുടെ രൂപംതന്നെയല്ലേ അവിടെ പ്രത്യക്ഷപ്പെടുന്നതെന്ന് അവർ സംശയിച്ചുതുടങ്ങിയിരിക്കണം. ഭൗതികവസ്തുവിന്റെ സൂക്ഷ്മഘടകമായ ആറ്റത്തിന്റെ അകത്തു കടന്ന് അപഗ്രഥനം നടത്തുന്ന ആധുനികശാസ്ത്രജ്ഞന്മാർ ആദ്യം അതു കുറെക്കൂടി സൂക്ഷ്മമായ പരമാണുക്കളുടെ ഒരു സൗരയൂഥമാണെന്ന് ഊഹിച്ചു. പക്ഷേ, കുറെക്കഴിഞ്ഞു പരമാണുക്കളെ നിഷ്കൃഷ്ടമായി പരിശോധിച്ചപ്പോൾ ഇതത്ര ശരിയല്ലെന്നു കണ്ടു. അവയുടെ ദാർഢ്യംതന്നെ മിഥ്യയാണെന്നു തോന്നി. ഒടുവിൽ പരമാണുക്കളെ എന്ന സങ്കല്പംതന്നെ ഉപേക്ഷിച്ചു. ഭൗതികവസ്തു അതിന്റെ പരമസത്യരൂപത്തിൽ തരംഗസമൂഹങ്ങളാണെന്നു സമർത്ഥിച്ചു. എന്തിന്റെ തരംഗങ്ങളാ? എവിടെയുണ്ടാകുന്നവ? ഈ പ്രാഥമികങ്ങളാണ് ഏറ്റവും വലിയ ഞെട്ടലുണ്ടാക്കിയതു്. അവ 'സംഭാവ്യത'യുടെ തരംഗങ്ങളാണെന്നു സമ്മതിക്കേണ്ടിവന്നു. സംഭാവ്യതയുടെ തരംഗങ്ങളോ? കൊള്ളാം, നീറ്റി നീറ്റി മാറുമാത്രം ശേഷിപ്പിക്കുന്ന വിദ്യയാണല്ലോ ഇതു്? എന്നു സാധാരണക്കാർ അതിശയിച്ചുപോകും. സംഭാവ്യത (Probability)യെക്കുറിച്ചുള്ള ബോധം അവനവന്റെ ഉള്ളിലല്ലേ? അപ്പോൾ പ്രകൃതി—ബാഹ്യലോകം—എവിടെപ്പോയി? കുറച്ചുപേർക്കു മാത്രം മനസ്സിലാകുന്ന ഗണിതസൂത്രങ്ങളിലാണ് ഈ നിരീക്ഷണഫലങ്ങളും ആഖ്യാനംചെയ്യപ്പെട്ടിരിക്കുന്നതെന്നുള്ളതു ശരിതന്നെ. ബർട്രൻഡ് റസ്സൽ പറഞ്ഞതുപോലെ, എങ്ങും തൊടാതെ, വിവക്ഷിക്കുന്നതിലധികം പറയരുതെന്നു കരുതിസ്വീകരിച്ചിരിക്കുന്ന ഒരു ആഖ്യാനരീതിയാണ് ഇതെന്നും സമ്മതിക്കണം. പക്ഷേ, നീളവും വീതിയും ഭാരവും ദൂരവും നേരവും എല്ലാമുള്ള ഘനഗംഭീരമായ ഭൗതികലോകം മൃഗതൃഷ്ണപോലെ മാഞ്ഞുപോയി എന്ന വസ്തുത അംഗീകരിക്കാതെ തരമില്ല എന്നാണു വന്നിരിക്കുന്നതു്.

'മന്ത്രംകൊണ്ടുണ്ടോ മാങ്ങാ വീഴാറു്?' 'നിത്തം മൂന്നുനേരം ചോറു വിളമ്പിണ മന്ത്രമുണ്ടോ സഞ്ചിയിലു്?' 'ആയിരം വാക്കു പറഞ്ഞാൽ അരക്കാശു തുണ്ട്

Digitized by Kerala Sahitya Akademi

മോ?' എന്നൊക്കെയുള്ള പരിഹാസോക്തികൾപോലെ, 'ഗണിതസൂത്രങ്ങൾകൊണ്ട് ഗന്ധകം നിർമ്മിക്കാമോ' എന്നു് ഈ ശാസ്ത്രജ്ഞന്മാരോടും ചോദിക്കാവുന്നതാണു്. അതിനുള്ള ഉത്തരമാണു് 1945 മുതല്ലു് അവർ നല്കിക്കൊണ്ടിരിക്കുന്നതു്. ഗന്ധകം നിർമ്മിക്കുകമാത്രമല്ല ഗന്ധമാദനപർവ്വതത്തെപ്പോലും ഭസ്മമാക്കുവാൻ കഴിവുള്ള ഭീകരശക്തികളെ ഞൊടിച്ചുപിടിപ്പാനും തങ്ങൾക്കു കഴിയുമെന്നും അവർ കാണിച്ചുതന്നു.

ഭൗതികലോകത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചു് മാക്സ്ബോൺ എന്ന പ്രസിദ്ധശാസ്ത്രജ്ഞൻ അടുത്ത കാലത്തെഴുതിയ ഒരു ഖണ്ഡിക ഉദ്ധരിക്കാം:

"നമ്മെ ആശ്രയിക്കാത്തവയും മാറ്റമില്ലാത്തവയുമായ നിയമങ്ങൾക്കു വിധേയമായി പ്രത്യക്ഷീഭവിക്കുന്ന ഒരു ബാഹ്യഭൗതികലോകം ഉണ്ടെന്നാണു് എന്റെ തലമുറ (ഇതിൽ ഐൻസ്റ്റൈൻ, നീൽസ്ബോർ എന്നിവരും ഉൾപ്പെടുന്നു.) പഠിച്ചതു്. ഒരു പ്രേക്ഷകസദസ്സു് നാടകം കാണുന്നതുപോലെയാണു് നാം അതിനെ ദർശിക്കുന്നതു്. ശാസ്ത്രീയനിരീക്ഷകനും അയാളുടെ നിരീക്ഷണവിഷയവും തമ്മിലുള്ള ബന്ധം ഇതായിരിക്കണമെന്നു് ഐൻസ്റ്റൈൻ ഇപ്പോഴും* വിശ്വസിക്കുന്നു. പക്ഷേ, ആറ്റം ഗവേഷണത്തിൽനിന്നു ലഭിച്ച അനുഭവത്തെ കാണ്മാൻ മെക്കാനിക്കു് മറ്റൊരു വിധത്തിലാണു് വ്യാഖ്യാനിക്കുന്നതു്. അതിന്റെ അഭിപ്രായത്തിൽ, ഭൗതികപ്രതിഭാസങ്ങളുടെ നിരീക്ഷകനെ നാടകം കാണുന്ന സദസ്സിനോടല്ല, പന്തുകളി കാണുന്ന ജനക്കൂട്ടത്തോടു് ഉപമിക്കാം. അവിടെ, കാണുക എന്നതിനോടൊപ്പം നടക്കുന്ന കൈയടിയും കൂക്കുവിളിയും എല്ലാം കാണപ്പെടുന്ന സംഭവത്തെ സാരമായി ബാധിക്കുന്നുണ്ടു്. വാസ്തവത്തിൽ ജീവിതംതന്നെയാണു് കുറെക്കൂടി നല്ല ഉപമ. അവിടെ പ്രേക്ഷകന്മാരും നടന്മാരും ഒരേ ആളുകൾതന്നെയാണു്.

* 1955–ൽ ഐൻസ്റ്റൈൻ മരിക്കുന്നതിനുമുമ്പാണു് ഇതെഴുതിയതു്.

Digitized by Kerala Sahitya Akademi

ഗവേഷണത്തിനുള്ള ഉപകരണങ്ങളെ വിഭാവനംചെയ്ത് നിരീക്ഷണം നടത്തുന്ന പ്രവൃത്തിതന്നെയാണ് ഗവേഷണത്തിൽനിന്നു ലഭിക്കുന്ന ജ്ഞാനത്തിന്റെ മൗലികഭാവങ്ങളെ നിർണ്ണയിക്കുന്നത്. അതുകൊണ്ടു പഴയ ഭൗതികശാസ്ത്രത്തിൽ സങ്കല്പിച്ചിരുന്നതുപോലെ ബാഹ്യനിഷ്ഠമായ ഒരു പ്രതിഭാസസന്ദർഭം ഇല്ലെന്നു തെളിഞ്ഞിരിക്കുന്നു. ഐൻസ്റ്റൈൻ മാത്രമല്ല, കോപ്പൻഹേഗൻ സ്കൂളിന്റെ വ്യാഖ്യാനങ്ങളെ എതിർക്കാത്തവർകൂടി, ഈ നിലയിൽ ബാഹ്യനിഷ്ഠമായ ഒരു ഭൗതികലോകം ഇല്ലെന്നുള്ള നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ഇതിൽ കാച്ചിക്കുറുക്കിയ പരമാർത്ഥമുണ്ട്. എങ്കിലും ഈ നിഗമനം നിർഭാഗ്യകരമാണെന്നു ഞാൻ കരുതുന്നു. എന്തെന്നാൽ ബാഹ്യലോകം എന്നു പറയുമ്പോൾ എന്താണു നമ്മുടെ വിവക്ഷ? ഇതു സാധാരണമനുഷ്യൻ ചോദ്യം ചെയ്യാത്തതും, ശാസ്ത്രജ്ഞന്റെ ആവിർഭാവത്തിനു മുമ്പുതന്നെ നിലവിലിരിക്കുന്നതുമായ ആശയമാണ്. അവൻ ഒരു പട്ടിയെക്കാണുന്നു എന്നു വിചാരിക്കുക. അതു കാൽച്ചുവട്ടിൽ ഇരുന്നാലും, നാലു പുറവും ഓടിക്കളിച്ചാലും, ഓടി ഓടി അങ്ങു് അകലെ വെറുമൊരു പൊട്ടുപോലെ ആയാലും അവൻ പട്ടിയെക്കാണുന്നു. അസംഖ്യങ്ങളും വളരെ വ്യത്യസ്തങ്ങളുമായ ഈ ഇന്ദ്രിയബോധങ്ങളെല്ലാം അവന്റെ മനസ്സിൽ പട്ടി എന്ന മറ്റൊരു സങ്കല്പത്തിൽ, അബോധമായ ഒരു പ്രക്രിയമൂലം, സംയോജിക്കുകയാണു് ചെയ്യുന്നതു് ഞാൻ ഇതു് ഇങ്ങനെ വ്യാഖ്യാനിക്കും: മനസ്സു്, അബോധമായ രീതിയിൽ, ബോധത്തിനുള്ളിൽ സ്ഥിരഭാവങ്ങളെ സൃഷ്ടിക്കുന്നു. ഇവയെയാണു് സാധാരണമനുഷ്യൻ യഥാർത്ഥത്തിലുള്ള ഭൗതികവസ്തുക്കളെന്നു വിളിക്കുന്നതു്. ശാസ്ത്രം ചെയ്യുന്നതും ഇതുതന്നെ ആണെന്നു ഞാൻ വിചാരിക്കുന്നു. ഒരു വ്യത്യാസമേയുള്ളു; ബോധത്തിന്റെ മറ്റൊരു തലത്തിലാണു് അതിന്റെ സംയോജനം നടക്കുന്നതു്. എന്തെന്നാൽ ശാസ്ത്രീയഗവേഷണത്തിൽ വളരെയധികം ബൃഹത്കരണവിദ്യകൾ അനുഭവിക്കുന്നുണ്ടു്. പെരുതിനെ വലുതാക്കുകയും മങ്ങിയതിനെ മുഴുപ്പിക്കുകയുംമറ്റു

Digitized by Kerala Sahitya Akademi

മാണാല്ലോ നിരീക്ഷണത്തിന്റേയും സൂക്ഷ്മാപനത്തിന്റേയും രഹസ്യം.''

ഐൻസ്റ്റൈൻ പുലർത്തിപ്പോന്നതായിപ്പറയുന്ന എതിരഭിപ്രായത്തിന്റെ കാര്യത്തെക്കുറിച്ചുകൂടി ഒരു വാക്കു പറയട്ടെ. ആറ്റംഗവേഷണത്തിന്റെ ഒരു വിഭാഗമായ കാണ്ടം മെക്കാനിക്സ്, പദാർത്ഥസ്വരൂപത്തെപ്പറ്റി വിപ്ലവകരമായ പല തത്ത്വങ്ങളും ആവിഷ്കരിക്കപ്പെടുകയുണ്ടായി. അതിലൊന്ന് ജ്ഞാനത്തിന്റെ ദ്വന്ദ്വഭാവത്തെക്കുറിച്ചുള്ളതാണ്. പരമാണുക്കളുടെ സ്ഥാനവും ഗതിവേഗവും ഒന്നിച്ചു നിർണ്ണയിക്കുക സാദ്ധ്യമല്ലെന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞുവല്ലോ. (''ചാണ്ടി മുറുകുമ്പോൾ തൊമ്മൻ അയയും'') ഇതു നമ്മുടെ കഴിവുകേടല്ല ജ്ഞാനത്തിന്റെ പരിമിതിയാണെന്നാണ് ആറ്റം ശാസ്ത്രജ്ഞന്മാർ വാദിക്കുന്നത്. ദ്വന്ദ്വഭാവങ്ങളിൽ ഏതെങ്കിലും ഒന്നല്ലാതെ, രണ്ടും ഒരുമിച്ച് അറിയുക സാധ്യമല്ല. പക്ഷേ, രണ്ടും സത്യമാണ്. ഒന്നു മറ്റതിനെ പൂരിപ്പിക്കുന്നു. ഐൻസ്റ്റൈൻ തന്റെ മരണംവരെ ഈ വീക്ഷണഗതിയോട് അനുകൂലിച്ചില്ല. പൂരകമായ ജ്ഞാനമല്ല, പൂർണ്ണമായ ജ്ഞാനംതന്നെ ലഭിക്കണമെന്നും, ശ്രമിച്ചാൽ ലഭിക്കുമെന്നും അദ്ദേഹം വാദിച്ചു. അതാണ് മനുഷ്യബുദ്ധിക്കു യോജിച്ചതെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. ഭാഗികജ്ഞാനംകൊണ്ടു തൃപ്തിപ്പെട്ടുവാൻ അദ്ദേഹം വിസമ്മതിച്ചു. 1933-ൽ നാത്സിഭരണത്തോട് പിണങ്ങി ജർമ്മനിയോട് യാത്രപറഞ്ഞു അമേരിക്കയിൽ പോയി താമസമാക്കിയതിനുശേഷമുള്ള കാലമത്രയും ഈ മഹാശാസ്ത്രജ്ഞൻ പൂർണ്ണജ്ഞാനം നേടുന്നതിനുവേണ്ടിയുള്ള തീവ്രയത്നത്തിലാണ് ഏർപ്പെട്ടിരുന്നത്. അദ്ദേഹം അതിൽ വിജയിച്ചു എന്നു തോന്നുന്നില്ല.

ഐൻസ്റ്റൈൻ ഉന്നയിച്ച ആക്ഷേപത്തിന് കാണ്ടം മെക്കാനിക്സുകാർ നല്കിയ മറുപടി രസകരമാണ്. പ്രപഞ്ചത്തിനു നിശ്ചലമായ ഒരു പശ്ചാത്തലം ഇല്ലെന്നും, അഥവാ ഉണ്ടെങ്കിൽത്തന്നെ അതു് അറിയുവാൻ സാദ്ധ്യമല്ലെന്നും ഉള്ള ആപേക്ഷികതാവാദത്തിന്റെ നിഗമനവും

Digitized by Kerala Sahitya Akademi

ബുദ്ധിക്കു യോജിച്ചതല്ലെന്നു് അവർ ചൂണ്ടിക്കാണിച്ചു. എല്ലാം ആപേക്ഷികമാണു്, കേവലഭാവം ഒന്നിനുമില്ല എന്നാണല്ലോ പ്രസ്തുതവാദംമുഖേന ഐൻസ്റ്റൈൻ സമർത്ഥിച്ചതു്. ഇതും തീരെ തൃപ്തികരമല്ലെന്നാണു് എതിർവാദം. മനസ്സിനു് എവിടെയെങ്കിലും അടിയുറപ്പു കിട്ടേണ്ടതു് അത്യാവശ്യമാണു്. പക്ഷേ, അടിയുറപ്പെന്നും പശ്ചാത്തലമെന്നും ഉള്ള സങ്കല്പങ്ങളെ താത്ത്വികമായി നിഷേധിക്കുകയാണു് ഐൻസ്റ്റൈൻ ചെയ്തതു്. ഈ ആക്ഷേപപ്രത്യാക്ഷേപങ്ങൾ ഇന്നും നടന്നുകൊണ്ടിരിക്കുകയാണു്.

ലോകഗതി വിചിത്രമെന്നേ പറയാനുള്ളൂ. ഒരു വശത്തു് ആറ്റംബോംബുകൾ പൊട്ടുന്നു; മറുവശത്തു് ആറ്റം എന്നു പറയുന്നതു് 'സ്വപ്നമോ മായയോ മനോവിഭ്രാന്തിയോ' എന്ന സംശയം തലപൊക്കുന്നു. ഒരേ മസ്തിഷ്കങ്ങൾ തന്നെയാണു് ഇതു രണ്ടും (ബോംബും സംശയവും) നിർമ്മിക്കുന്നതു്. വാസ്തവത്തിൽ പ്രപഞ്ചമെന്നും ജീവിതമെന്നും പറയുന്ന ഈ മധുരസ്വപ്നത്തെ ആധുനികശാസ്ത്രം ഒരു പേക്കിനാവാക്കി മാറ്റുകയല്ലെന്നു് ആരു കണ്ടു? ഐൻസ്റ്റൈനെപ്പോലുള്ള ശാസ്ത്രജ്ഞന്മാർക്കുപോലും അങ്ങേയറ്റത്തെത്തുമ്പോൾ മനസ്സിന്റെ പ്രതീക്ഷകളെ തൃപ്തിപ്പെടുത്തുന്നുവോ എന്നതാണു് ഏതു സിദ്ധാന്തത്തിന്റെയും പ്രമാണമായിത്തീരുന്നതു്. അഖണ്ഡമെന്നതുപോലെ അടിയുറപ്പുള്ളതുമായ ഒരു സത്യദർശനത്തിനുവേണ്ടി അവർ കൊതിക്കുന്നു. അതു മാത്രമേ തത്ത്വജിജ്ഞാസയ്ക്കു് സമാധാനംനല്കുകയുള്ളൂ.

ഇങ്ങനെ ആധുനികശാസ്ത്രത്തിന്റെ വിസ്മയാവഹമായ വസ്തുനിരീക്ഷണവും, ഒടുവിൽ പ്രപഞ്ചം സ്വപ്നതുല്യമാണെന്ന വാദത്തെ ബലപ്പെടുത്തുകയാണു ചെയ്യുന്നതു്. അരിസ്റ്റോട്ടിൽമുതൽ ഐൻസ്റ്റൈൻവരെ നീണ്ടുകിടക്കുന്ന ഈ മഹായത്നം, ഈ വിഷയത്തെ സംബന്ധിച്ചിടത്തോളമെങ്കിലും, ഒരുതരം ശിരോവേഷ്ടനപ്രാണായാമമായിട്ടില്ലേ എന്നുകൂടി തോന്നിപ്പോകുന്നു. എന്തായാലും സത്യം ഇപ്പോഴും സങ്കേതങ്ങളാൽ ആച്ഛാദിതമായി,

Digitized by Kerala Sahitya Akademi

അല്പാല്പദൃശ്യമായി, ബോധത്തിനു പിടികൊടുക്കാതെ, മനസ്സിനു സംതൃപ്തിനല്കാതെ അവച്ഛിന്നമായിത്തന്നെ നില്ക്കുന്നു. അതിന്റെ സന്നിധിയിലേക്കുള്ള തീർത്ഥാടനം പഴയതും പുതിയതുമായ സങ്കേതജാലങ്ങളുടെ രാവണൻ കോട്ടകളിൽ കുടുങ്ങിക്കിടക്കുന്നതേയുള്ളു. അനാദികാലം മുതല്ക്കു് ഓരോ മനുഷ്യനും തന്റെ ശീലവും സിദ്ധിയും അനുസരിച്ചു് അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഈ അത്ഭുത വസ്തു അവനവന്റെ ഉള്ളിൽത്തന്നെ ഉണ്ടെന്നുള്ളതാണു് ഏറ്റവും വിചിത്രമായിരിക്കുന്നതു്. തികച്ചും വസ്തുനിഷ്ഠമെന്നു കരുതിയിരുന്ന ശാസ്ത്രജ്ഞന്മാരുടെ തത്ത്വജിജ്ഞാസപോലും ഇങ്ങനെയൊരു നിഗമനത്തിൽ എത്തിയിരിക്കുന്നതുകൊണ്ടു് ഇതേപ്പറ്റി സംശയിക്കാനില്ല. പരമമായ സത്യത്തെ പ്രാപിക്കുവാനുള്ള മാർഗ്ഗം ആത്മജ്ഞാനമല്ലാതെ മറ്റൊന്നുമല്ല. മുക്തിയുടെ മാർഗ്ഗവും അതുതന്നെയാകുന്നു. എന്തെന്നാൽ സത്യത്തെ കണ്ടെത്തുന്നതുതന്നെയാണു മുക്തി. സകല യത്നങ്ങളിൽനിന്നുമുള്ള വിശ്രാന്തിയും, എല്ലാ ബന്ധങ്ങളുടെയും വിച്ഛേദവും അതോടെ സാദ്ധ്യമാകുന്നു. പിന്നെയെന്തു"? എന്ന ചിന്തയ്ക്കു് ഇടമില്ലാത്ത അനുഭൂതിയാണതു്. മനുഷ്യന്റെ ചേതന അഭംഗുരമായ സംതൃപ്തിയിൽ ലയിക്കുകയും ശാശ്വതശാന്തിയുടെ വിളനിലമാവുകയുംചെയ്യുന്ന അത്യത്ഭുതകരമായ അവസ്ഥാവിശേഷം.

'കത്തുന്ന പൊന്മണിവിളക്കുപോലെ ഹൃദി നില്ക്കുന്ന' ആ പരമസത്യത്തെ കണ്ടെത്തിയ ഒരു സംസ്കാരത്തിന്റെ പിൻതുടച്ചുക്കാരും അനന്തരാവകാശികളുമായ ഭാരതീയർ തങ്ങളുടെ പുനഃപാരമ്പര്യങ്ങളുടെനേർക്കു കണ്ണു തുറക്കുവാൻ സംഗതിയാകട്ടെ എന്നും, അങ്ങനെ മഹാദുഃഖങ്ങളിൽ മുങ്ങിക്കിടക്കുന്ന മനുഷ്യരാശിക്കു മാർഗ്ഗദർശികളായിത്തീരട്ടെ എന്നും പ്രാർത്ഥിക്കുന്നു.

★

Digitized by Kerala Sahitya Akademi

സംസ്കാരലോചനം

ഡോ. കെ. ഭാസ്കരൻനായർ

സംസ്കാരത്തിന്റെ മാതൃകകൾ, ഇന്നത്തെ ആദർശങ്ങൾ, സ്വാതന്ത്ര്യം ജനപ്രഭുത്വം സമത്വം, വിദ്യാഭ്യാസവും പാരമ്പര്യവും, നമുക്കു വരേണ്ട നവോത്ഥാനം, മനുഷ്യവർഗ്ഗത്തിന്റെ പരിണാമം, അർത്ഥവും സത്യവും എന്നിങ്ങനെ ഏഴു പ്രൗഢനിബന്ധങ്ങളാണ് ഈ കൃതിയുടെ ഉള്ളടക്കം. 1947-ൽ രാഷ്ട്രീയസ്വാതന്ത്ര്യം കിട്ടിയെങ്കിലും തുടർന്നും ഭാരതീയരുടെ ആത്മാവു് അടിമത്തം അനുഭവിക്കേണ്ടിവന്ന കഥ ഗ്രന്ഥകാരൻ വിശദമായി പറയുന്ന ഈ കൃതിയിൽ. ആശയങ്ങളുടെയും ആദർശങ്ങളുടെയും കാര്യത്തിൽ അന്യരാജ്യക്കാരുടെ അടിമകളായി പാശ്ചാത്യസംസ്കാരത്തിനു കടപ്പെട്ടു കഴിയുന്ന ഒരു ജനതയെ നമുക്കിതിൽ കണ്ടുമുട്ടാം. ദുഃഖങ്ങളെ ദൂരീകരിക്കുന്നതിൽ സംസ്കാരത്തിനാണ് ഏറ്റവും വലിയ പങ്കു വഹിക്കാനുള്ളതെന്നും, അതിൽ ആത്മാർത്ഥവും അടിയന്തരവുമായ ശ്രദ്ധപതിപ്പിക്കേണ്ടതു് ഓരോ ഭാരതീയന്റെയും കടമയാണെന്നും ഉൽബോധിപ്പിക്കുന്ന ഈ കൃതിയിലൂടെ കടന്നുപോവുക സവിശേഷമായ ഒരനുഭവമാണ്. തെളിഞ്ഞ ചിന്തയുടെ സദ്ഫലങ്ങളാണ് മൗലികതയുള്ള ഈ ലേഖനങ്ങൾ.

വില 16·00

നാഷനൽ ബുക്ക്സ്റ്റാൾ

Digitized by Kerala Sahitya Akademi